ISSN : 2393-9222

PEER REVIEWED JOURNAL

# പ്രാചീനകൈരളി

വാല്യം 44 ലക്കം 1 & 2 ജനുവരി - ഡിസംബർ 2021

## മിഷണറിആഖ്യാനപ്പതിപ്പ്

# പ്രാചീനകൈരളി

(Peer Reviewed Journal)

വാല്യം 44 ലക്കം 1& 2 ജനുവരി – ഡിസംബർ 2021

## മിഷണറിആഖ്യാനപ്പതിപ്പ്

ചീഫ് എഡിറ്റർ

**ഡോ. രജനി ആർ.എസ്.**

എഡിറ്റർ

**ഡോ. നൗഷാദ് എസ്.**

**ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &**

**മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി**

കേരളസർവകലാശാല

കാര്യവട്ടം

**Prachinakairali**
**(Peer Reviewed Journal)**
(Yearly Journal in Malayalam)

Oriental Research Institute
and Manuscripts Library
University of Kerala

Chief Editor
**Dr. Rejani R.S.**

Editor
**Dr. Naushad S.**
University of Kerala

Editorial Board
**Prof. (Dr.) R.B. Sreekala**
University of Kerala
**Dr. M. Sainaba**
University of Kerala
**Dr. J.P. Prajith**
University of Kerala

Edited, Printed and Published by
**Dr. Rejani R.S.**
Asst. Professor & Head, ORI and Mss Library
on behalf of the University of Kerala

Cover Design
S.dot, Kariavattom

At Prasanth Printers
Ambalathinkara,
Kazhakuttom, Trivandrum

Annual Subscription Rs. 50/-

## ഉള്ളടക്കം

| | | പേജ് നമ്പർ |
|---|---|---|
| 1. | പനയോലയിലെ കഥാചിത്രങ്ങളുമായി ചിത്രരാമായണം<br>**ഡോ.എസ്.നസീബ്** | 1-10 |
| 2. | ഉത്തരാസ്വയംവരം പാഠകം (ഭാഷാഗദ്യം) പാഠവും പഠനവും<br>**ഡോ. ആർ.ബി. ശ്രീകല** | 11-27 |
| 3. | അപസർപ്പക കഥകളിലെ 'അന്വേഷണയുക്തി' (ഉളിപിടിച്ച കൈ എന്ന കഥയെ ആസ്പദമാക്കി)<br>**ഡോ. സുഷമകുമാരി കെ.എസ്.** | 28-36 |
| 4. | [illegible]: ചരിത്രം, ഭാഷ, ദർശനം<br>**ഡോ. എമ്മാനുവൽ ആട്ടേൽ** | 37-53 |
| 5. | *ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക (Gramatica Grandonica)*<br>അർണ്ണോസ് പാതിരിയുടെ സംസ്കൃതവ്യാകരണഗ്രന്ഥം- ഒരാമുഖപഠനം<br>**ഡോ. ഷീബ സി.വി.** | 54-62 |
| 6. | ഡോ. ഹെർമൻ ഗുണ്ടർട്ട് കേരളീയ ലിഖിത പഠനത്തിന്റെ മാർഗദർശി<br>**ഡോ. അരുൺ മോഹൻ പി** | 63-73 |
| 7. | സ്ഥലനാമപഠനങ്ങളും ഗുണ്ടർട്ടുവിചാരവും<br>**റ്റോംസ് ജോസഫ്** | 74-85 |
| 8. | 'പഴഞ്ചൊൽമാല'യിലെ ദേശിരൂപങ്ങൾ<br>**മാനസ അശോക്. എം** | 86-99 |
| 9. | മലയാളഗദ്യഭാഷാചരിത്രത്തിൽ തലശ്ശേരിരേഖകളുടെ സ്ഥാനം<br>**അഞ്ജു മാത്യൂസ്** | 100-108 |
| 10. | മിഷണറിമാരുടെ വിദ്യാഭ്യാസപരിശ്രമങ്ങൾ ആദ്യകാല നോവലുകളെ ആധാരമാക്കിയുള്ള അന്വേഷണം<br>**ഡോ. സെലിൻ എസ്.എൽ.** | 109-121 |
| 11. | ആധുനികമലയാള ഗദ്യവും ജോർജ്ജ് മാത്തനും<br>**ഡോ. സുധാ മേരി തോമസ്** | 122-138 |

12. എഴുത്ത്'ച്ച'ന്റെ ചതുരന്ത്യവീഥിയിൽ
**ഡോ.എം.ആർ.ഷെല്ലി** 139-161

13. അധികാരസങ്കൽപം: ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ
**റ്റോജിൻ ബാബു** 162-170

14. മിഷണറി ഗദ്യം
സംക്ഷേപവേദാർഥം, ഉദയംപേരൂർ സുനഹദോസ്, ജ്ഞാനമുത്തുമാല
**ദീപാനാരായണൻ** 171-187

15. ബെഞ്ചമിൻ ബെയ്ലിയുടെ ഭാഷാസംഭാവനകൾ
**രേണു വി. ആർ.** 188-198

16. അളവ്-അക്ക പരാമർശങ്ങൾ
കേരളത്തിലെ തെക്കൻ കഥാഗാനങ്ങളിൽ
**ജെ. ഉണ്ണിക്കൃഷ്ണൻ** 199-209

17. സേതുമാഹാത്മ്യം: കിളിപാടാത്ത കിളിപ്പാട്ട്
**വിനോദ്** 210-219

18. മുകിലൻ-നിധിജ്ഞാനത്തിന്റെ അധോനിലവറ
**ഡോ.സേതുലക്ഷ്മി എം.എസ്.** 220-226

19. മലയാളത്തിലെ ജീവചരിത്രനോവലുകൾ
അകവും പുറവും
**സി.വി. സുരേഷ്കുമാർ** 227-234

20. നാടൻപാട്ടുകൾ : സംസ്കാരത്തിന്റെ വൈവിധ്യങ്ങൾ
**ഡോ. ദീപ എസ്.എസ്.** 235-240

21. *'ചിതലു തിന്ന ഏടുക'ളിലെ ചരിത്രപരിചരണം*
**ആശ ആർ.പി.** 241-251


## Statement about the ownership and other particulars of the Prachinakairali

(Form IV (See Rule 8)


| | | |
|---|---|---|
| Place of Publication | : | Kariavattom<br>Thiruvananthapuram |
| Periodicity of Publication | : | Yearly |
| Printer, Publisher and Editor | : | Dr. Rejani R.S. |
| Nationality | : | Indian |
| Address | : | Asst. Professor and Head<br>Oriental Research Institute<br>and Manuscripts Library<br>Kariavattom |
| Name and address of individuals who own the newspaper and partners or Shareholders holding more than one percent of the total capital | : | University of Kerala<br>Thiruvananthapuram |

I Dr.Rejani R.S. hereby declare that the particulars given above are true to the best of my knowledge and belief.

Sd/-
**Dr. Rejani R.S.**

Kariavattom
31.12.2021

# പനയോലയിലെ കഥാചിത്രങ്ങളുമായി ചിത്രരാമായണം

**ഡോ.എസ്.നസീബ്**

**പ്രബ ന്ധ സം ഗ്രഹം**

കേരളസർവ്വകലാശാലയുടെ കൈയെഴുത്ത് രേഖാലയം (Oriental Research Institute & Manuscripts Library) പ്രസിദ്ധീകരിച്ച ചിത്രരാമായണത്തെ പരിചയപ്പെടുത്തുന്ന ലേഖനം

**താക്കോൽവാക്കുകൾ**

രാമായണം - മൂന്നൂറ് രാമായണങ്ങൾ - കാമിൽ ബുൽക്കെ - ചിത്രരാമായണം - ജൈനരാമായണം

## ആമുഖം

മഹത്വം എന്നത് കർമ്മമാണ്, ജന്മമല്ലെന്ന സന്ദേശമാണ് രാമായണം പകരുന്നത്. ജീവിതത്തിന്റെ സമാധാനം ത്യാഗത്തിലും ക്ഷമയിലുമാണെന്നും മൂല്യബോധവും





ലക്ഷ്യബോധവുമുള്ളതും ന്യായവും നിഷ്പക്ഷവുമായ ചെറുതും വലുതുമായ കർമ്മങ്ങൾ ഓരോന്നും വ്യാകുലത ഇല്ലാതെ നടപ്പാക്കുന്ന നീതിയാണ് ധാർമ്മികതയെന്നും രാമായണം സ്ഥാപിക്കുന്നു. സമർപ്പണത്തിന്റെയും സ്നേഹഭാവങ്ങ ളുടെയും മഹത്തായ സന്ദേശങ്ങളാണ് അത് ലോകത്തിനു മുന്നിൽ വയ്ക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഇന്ത്യൻ സംസ്കാരത്തിന്റെ നെടുംതൂണുകളിലൊന്നായി രാമായണം മാറുന്നത്. മനുഷ്യനും പ്രകൃതിയും മറ്റുചരാചരങ്ങളും ഒത്തുചേരുന്ന ആഖ്യാന പാരമ്പര്യ ത്തിന്റെ പ്രഭവസ്ഥാനമായ രാമായണത്തിൽ പ്രകൃതിതന്നെ ഒരു കഥാപാത്രമാണ്. രാമന്റെയും സീതയുടെയും ലക്ഷ്മണന്റെയും വനജീവിതം അപചയനാഗരികതയിൽ മനുഷ്യൻ പ്രകൃതിയോട് ബന്ധം സ്ഥാപിക്കുന്ന ആഖ്യാനസവിശേഷതയുടെ ഉദാഹരണമാണ്. ഉഴവു ചാലിൽ നിന്ന് കിട്ടിയ സീത പ്രകൃതി തന്നെയാണ്. ഈ ഭൂമിപുത്രിയുടെ ആഹ്ലാദവും വേദനയും തീവ്രതയോടെ പതഞ്ഞൊഴു കിയത് വനാന്തരങ്ങളിലാണെന്നു കാണണം. ജീവിതം

ഒറ്റയാൾ പോരാട്ടമല്ലെന്നും പൂർണ്ണതയെന്നത് ഒത്തുചേരാലാണെന്നും സീതചേരുമ്പോഴേ രാമനുള്ളൂവെന്നും വ്യക്തമാക്കുന്നു. സമൂഹനന്മയ്ക്കുതകുന്ന ലളിതവും ഗഹനവുമായ ജീവിതചിന്തകളുടെ സമ്യക്കായ സംക്ഷിപ്തതകൂടിയാണ് രാമായണം. ഒന്നും അമിതമാകരുതെന്നും അമിതമാകുന്നതെന്തും സർവ്വനാശത്തിന്റെ വഴിയാണെന്നും ഇതിഹാസം ഓർമപ്പെടുത്തുന്നത് നോക്കുക. നിലയില്ലാത്ത ധാർഷ്ട്യത്താൽ ദുരോധനനും ശ്രദ്ധയില്ലാത്ത ദാനംകൊണ്ട് കർണനും അധികകാമ ത്താൽ രാവണനും പൊളിയുകയാണ്. ജീവിച്ചു തീരേണ്ടത് ധാർമ്മികതയിലും നന്മയിലുമാണെന്ന് കൃത്യതയോടെ വ്യക്തമാക്കിയ ഈ ജീവിതകാവ്യങ്ങൾ ധാർമ്മികതയുടെ സർഗ്ഗമാപിനിയായും മാറുന്നു.

പല കാലങ്ങളിലും ദേശങ്ങളിലുമായി നിരവധി രീതിഭാവ ങ്ങളിൽ രാമായണത്തെ കാണുന്നുണ്ട്. ആദ്യമായിത് എപ്പോഴാണ് ഉണ്ടായതെന്ന് വ്യക്തമല്ല;വാമൊഴിയായി കൈമാറ്റംചെയ്യപ്പെട്ടെ തെന്നു മാത്രമാണറിവ്. എന്നാൽ രാമന്റെ കഥ ഇന്ത്യയിലും തെക്കുകിഴക്കൻ ഏഷ്യയിലും പ്രചരിച്ചിരുന്നു.





പ്രധാന ഇന്ത്യൻ ഭാഷകൾക്കൊപ്പം ചൈനീസ്, തായ്, ടിബറ്റൻ, ലാവോഷ്യൻ, കംബോഡിയൻ ,മലേഷ്യൻ, ജാവനീസ് തുടങ്ങിയ ഭാഷകളിലും വിയറ്റ്നാം, ബാലി തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ പോലും എണ്ണമറ്റ വാമൊഴി രൂപങ്ങളായി രാമായണം ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻകവിയും നിരൂപകനുമായ എ.കെ. രാമാനുജത്തിന്റെ വിഖ്യാതപ്രബന്ധം മുന്നൂറു രാമായണങ്ങൾ അവസാനിക്കുന്നത് രാമായണവുമായി ബന്ധപ്പെട്ട ഒരു നാടോടിക്കഥയോടെയാണ്.

ഒരാൾ രാമായണ കഥ കേട്ടുകൊണ്ടിരിക്കുന്നു. കഥയിൽ ഹനുമാന്റെ കൈയിൽ നിന്ന് മുദ്രമോതിരം കടലിൽ വീഴുന്നു. പെട്ടെന്ന് കേൾവിക്കാരൻ കടലിലേക്ക് ഊളിയിടുകയും മോതിരം കണ്ടെത്തി ഹനുമാനെ ഏൽപിക്കുകയും ചെയ്യുന്നു (2015:68). ഒരു ഇഷ്ടകഥ നിങ്ങൾ കേൾക്കുകയാണെങ്കിൽ, പ്രത്യേകിച്ച് രാമായണം, നിങ്ങൾക്ക് അതിലേക്കിറങ്ങാനും കഥാപാത്രങ്ങളാകാനും കഴിയുമെന്നാണ് എ.കെ. രാമാനുജൻ ഉദ്ധരിക്കുന്ന നാടോടിക്കഥ ഉദാഹരിക്കുന്നത്.

ഓരോ വായനയിലും രാമായണം പുതിയൊരു കഥയായി മാറുന്നത് ആ ഇതിഹാസത്തിന്റെ സവിശേഷത കൊണ്ടുതന്നെയാണ്. കുമാരവ്യാസൻ എന്ന കന്നടകവി, താൻ സാഹിത്യരചനയ്ക്ക് മഹാഭാരതം തെരഞ്ഞെടുക്കുന്നതിന് കാരണമായി, ഭൂമിയെ താങ്ങിനിർത്തുന്ന പ്രാപഞ്ചികസർപ്പം രാമായണകവികളുടെ ഭാരത്താൽ ഞെരുങ്ങുന്നുവെന്ന് പറയുന്നുണ്ട്. ഈ പ്രസ്താവന അതിന്റെ അലങ്കാരപ്രയോഗത്താൽ അതിശയോക്തിപരമാകുന്നു വെങ്കിലും നൂണ്ടാറ്റുകൾക്ക് മുമ്പേ തന്നെ രാമായണം ഇന്ത്യൻ മനസ്സിനെ ആഴത്തിൽ സ്വാധീനിച്ചിട്ടുണ്ട് എന്നതിന്റെ തെളിവാണത്. അതുകൊണ്ടാണ് ചുവർച്ചിത്രങ്ങൾക്കും പാവകളികൾക്കും മുഖാവരണ കലകൾക്കും നിഴൽനാടകങ്ങൾക്കും ഒക്കെയായി രാമകഥ ആഖ്യാനം ചെയ്യപ്പെടുന്നതും. മുന്നൂറോളം രാമകഥാഖ്യാനങ്ങളെയാണ് കാമിൽ ബുൽക്കെ എണ്ണത്തിട്ടപ്പെടുത്തുന്നത്. രാവണനെ ജൈനമതക്കാർ അനുകമ്പയുള്ള ശ്രേഷ്ഠ കഥാപാത്രമായാണ് അവതരിപ്പിക്കുന്നത്. രാമനും സീതയും ലോകത്തെ ത്യജിക്കുന്ന





സന്യാസിയും സന്യാസിനിയുമായി അവസാനിക്കുന്നു. ഉത്തരേന്ത്യൻ രാമായണങ്ങൾ രാമന്റെയും സീതയുടെയും വിവാഹത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതിന് മുമ്പും ശേഷവുമുള്ള മിക്ക സംഭവങ്ങളും കാര്യമായി ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. ബംഗാളി എഴുത്തുകാരനായ മൈക്കൽ മധുസൂദൻ ദത്ത് നീണ്ട ആഖ്യാന കാവ്യത്തിൽ രാവണനെ രാമനേക്കാൾ ഉയർത്തുന്നുണ്ട്. മഹാരാഷ്ട്രയിലെ പിന്നോക്ക വിഭാഗങ്ങൾക്ക് തങ്ങളുടെ നായകന്മാരിൽ പ്രമുഖനാണ് രാവണൻ. ദക്ഷിണേന്ത്യൻ ആക്ടിവിസ്റ്റ് ഇ.വി.രാമസാമി ഉത്തരേന്ത്യൻ സവർണ്ണ മേധാവിത്വത്തിന്റെ അടയാളമായും ഇതിനെ കാണുന്നു. ടെലിവിഷൻ സംപ്രേക്ഷണം ചെയ്ത രാമായണം കൂടുതൽ ഏകീകൃതമായ ആധുനിക യുഗത്തിന്-ഇന്ത്യയുടെ അതിമോഹവും രാഷ്ട്രീയമായി വലതുപക്ഷ മധ്യവർഗത്തിന് എളുപ്പത്തിൽ ഉപയോഗിക്കാവുന്നതുമായ ഒരു പാൻ-ഇന്ത്യൻ പതിപ്പ് സൃഷ്ടിക്കാനുള്ള ശ്രമമാണെന്നാണ് പ്രശസ്ത ചരിത്രകാരി റൊമിലാ ഥാപ്പർ കാണുന്നത്. ഇത്തരത്തിൽ ഭിന്നരൂപ ആഖ്യാനമെന്ന പ്രത്യേകതയുള്ള ഈ പുരാതന

ഇതിഹാസത്തിൽ ഏഴ് കാണ്ഡങ്ങളിലായി ഏകദേശം 24,000 ശ്ലോകങ്ങളുണ്ടെന്ന് കണക്കാക്കുന്നു.

ഇന്ത്യൻ ഭാഷകളിലെ രാമായണപതിപ്പുകളിൽ തമിഴിലെ കമ്പരാമായണം (ഏകദേശം 11-12 നൂറ്റാണ്ട്), തെലുങ്കിലെ ഗോണ ബുദ്ധ റെഡ്ഡിയുടെ രംഗനാഥ രാമായണം (ഏകദേശം 13-ആം നൂറ്റാണ്ട്), മാധവ കന്ദലിയുടെ ആസാമീസിലെ സപ്തകാണ്ഡ രാമായണം (ഏകദേശം 14-ആം നൂറ്റാണ്ട്), കൃത്തിബാസ് ഓജയുടെ രാമായണം ബംഗാളിയിൽ ശ്രീരാമൻ പാഞ്ചാലി (ഏകദേശം 15-ആം നൂറ്റാണ്ട്), സരള ദാസിന്റെ വിലങ്ക രാമായണം (സി. 15-ആം നൂറ്റാണ്ട്) ബലരാമദാസിന്റെ ജഗമോഹന രാമായണം (ദണ്ഡി രാമായണം എന്നും അറിയപ്പെടുന്നു) (പതിനാറാം നൂറ്റാണ്ട്) ഒഡിയയിൽ, മറാത്തിയിൽ സന്ത് ഏകനാഥിന്റെ ഭാവാർത് രാമായണം (16-ആം നൂറ്റാണ്ട്), തുളസീദാസിന്റെ രാമചരിതമാനസ് (ഏകദേശം 16-ആം നൂറ്റാണ്ട്), (ഹിന്ദിയുടെ കിഴക്കൻ രൂപമാണിതിലെ ഭാഷ), മലയാളത്തിൽ തുഞ്ചത്ത് എഴുത്തച്ഛന്റെ





അദ്ധ്യാത്മരാമായണം കിളിപ്പാട്ട് എന്നിവ ശ്രദ്ധേയം.

ഒരു കൃതിക്കുള്ളിൽ അതേ കൃതി വായിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്ന ആഖ്യാനതന്ത്രവും രാമായണത്തി നവകാശപ്പെടാം. ഉത്തരരാമചരിതത്തിൽ വാല്മീകി ലവകുശന്മാരെ ക്കൊണ്ട് രാമായണകഥ പാടിപ്പിക്കുന്നുണ്ടല്ലോ? ഭവഭൂതിയുടെ ഉത്തരരാമചരിതം നാടകത്തിൽ അയോധ്യാധിപരായ സീതാ രാമൻന്മാരുടെ മുന്നിലേക്ക് പൂർവ്വരാമായണകഥ ഒരു ചിത്രകാരൻ ചിത്രരൂപത്തിൽ എത്തിക്കുന്നുവെന്നും പറയുന്നുണ്ട്. ഹേമചന്ദ്രന്റെ ജൈനരാമായണത്തിൽ സീത, രാവണന്റെ പാദങ്ങളുടെ ചിത്രവും കൃത്തിവാസ രാമായണത്തിൽ സീത രാവണചിത്രം തറയിൽ വരയ്ക്കുന്നതായും വിവരിക്കുന്നുണ്ട് (1978:658).

രാമായണത്തിന്റെ ഓരോ ആവിഷ്കാരവും ഓരോ ദേശത്തിന്റെകൂടി വ്യാഖ്യാനമായിത്തീരുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. കേരളത്തിനും രാമായണവ്യാഖ്യാനത്തിന്

തദ്ദേശപാരമ്പര്യമുണ്ട്. ഇതിന്റെ മഹത്തായ സാക്ഷ്യമാണ് കേരളസർവ്വകലാശാലയുടെ കൈയെഴുത്ത് രേഖാലയം (Oriental Research Institute & Manuscripts Library) 1997ൽ പ്രസിദ്ധീകരിച്ച ചിത്രരാമായണം (Ramayana - In Palm Leaf). സംസ്കൃതപണ്ഡിതനും പ്രൊഫസറുമായിരുന്ന ഡോ.കെ.വിജയനാണ് എഡിറ്റർ.

**ചിത്രരാമായണം: സാമാന്യവിവരങ്ങൾ**

98 പനയോലകളിൽ ഒരു വശത്തായി മാത്രം ശരാശരി നാലു ചിത്രങ്ങൾ എന്ന നിലയിൽ രേഖപ്പെടുത്തിയ രാമായണകഥയുടെ കേരളത്തിലുണ്ടായ ആദ്യത്തെ മനോഹരമായ ചിത്രാവിഷ്ക്കാരമാണ് ചിത്രരാമായണമെന്ന് കരുതുന്നു. ഓരോ ഇലയ്ക്കും 34 cm നീളവും 5 cm വീതിയുമുണ്ട്. 1934 ൽ 10 ബ്രിട്ടീഷ് പൗണ്ട് നൽകിയാണ് ചിത്രരാമായണ പനയോലക്കെട്ട് ഗ്രന്ഥശാലയിലേക്കെത്തിച്ചത്.

രാമന്റെയും സഹോദരരുടെയും ജനനം മുതൽ യുദ്ധകാണ്ഡം വരെയുള്ള കഥകളാണ് പനയോലകളിൽ ആലേഖനം ചെയ്തിരി ക്കുന്നത്. ബാലകാണ്ഡം (10), അയോധ്യാകാണ്ഡം (7), ആരണ്യകാണ്ഡം (18), കിഷ്കിന്ധാകാണ്ഡം(8),





സുന്ദരകാണ്ഡം(12), യുദ്ധകാണ്ഡം(43) എന്നീ ഭാഗങ്ങളിൽ നിന്നുള്ള പ്രമേയങ്ങൾ സ്വീകരിച്ച 318 ചിത്രങ്ങളാണ് ചിത്രരാമായണഗ്രന്ഥത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയ്ക്കടുത്തുള്ള കോഴിമുക്കിൽ നിന്നാണ് ചിത്രരാമായണം ലഭ്യമായത്. ചിത്രകാരൻ കോഴിമുക്കിൽത്തന്നെയുള്ള കായസ്ഥ ബ്രാഹ്മണ കുടുംബത്തിൽപ്പെട്ട ഒരാളാകാനാണ് സാധ്യത. വിവിധരേഖകളെ അടിസ്ഥാനമാക്കി ചിത്രരാമായണം പൂർത്തിയായ കാലം 1453 ജനുവരി 20 ആണെന്ന് എഡിറ്ററായ ഡോ.കെ.വിജയൻ അനുമാനിക്കുന്നു.

**വരകളിലെ രാമകഥ**

രാമനെ അവതാരപുരുഷനായി കാണുന്ന അദ്ധ്യാത്മരാമായണമാണ് ചിത്രകാരൻ കഥപറച്ചിലിന് മുഖ്യമായി അവലംബമാക്കിയിരി ക്കുന്നത്. രാമാനന്ദന്റെ അദ്ധ്യാത്മരാമായണത്തിന് മലയാളദേശത്ത് ലഭ്യമായതുപോലൊരു സ്വീകാര്യത, (അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലൂടെയും

പഠനങ്ങളിലൂടെയും) ഇന്ത്യയിലെ മറ്റൊരു ദേശത്തും കിട്ടിയിട്ടുണ്ടാവില്ല എന്നത് വസ്തുതയാണ്. അതുകൊണ്ട് തന്നെ കേരളദേശത്തിലെ രാമകഥയുടെ പാരമ്പര്യം വരകളിലും വാക്കുകളിലും അദ്ധ്യാത്മരാമായണത്തെ ഉപജീവിക്കുന്നു എന്നു സാമാന്യമായി പറയാം. ചിത്രരാമായണത്തിലെ ചില ചിത്രങ്ങൾ ക്കെങ്കിലും വാൽമീകിരാമായണവും അടിസ്ഥാനമാകുന്നുണ്ട്. (ഖരൻ, രാമവധത്തിനായി 14000 സൈനികരെ അയയ്ക്കുന്നുവെന്ന് അദ്ധ്യാത്മരാമായണകാരൻ; വാൽമീകി, 14 പേരെക്കുറിച്ചേ പറയുന്നുള്ളൂ. ചിത്രകാരൻ വാൽമീകിയെയാണ് ഇവിടെ അവലംബിക്കുന്നത്. പനയോല എന്ന രചനാമാധ്യമമാണ് ഇതിലെ തെരഞ്ഞെടുപ്പിന്റെ ഔചിത്യത്തിന് നിദാനമാകുന്നതെന്ന് എഡിറ്റർ.) യുദ്ധകാണ്ഡത്തിൽ നിന്നാണ് ചിത്രങ്ങൾക്കാധാരമായ പ്രമേയങ്ങൾ കൂടുതൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. രേഖാചിത്രങ്ങൾക്ക് കൂടുതൽ മിഴിവ് നൽകാനാകുന്നത് യുദ്ധരംഗങ്ങൾക്കാണ് എന്നതാകണം കാരണം. മലയാളത്തിലെ ആദ്യ രാമകഥയും (രാമചരിതം) യുദ്ധകാണ്ഡ മാണെന്ന വസ്തുതയും ഇവിടെ





ചേർത്തുവായിക്കണം. നാട്ടുരാജ്യങ്ങൾ തമ്മിലുള്ള കലാപങ്ങൾ സുലഭമായിരുന്ന ഒരു കാലഘട്ടത്തിന്റെ കണ്ണാടി കൂടിയായും രാമചരിതം മാറുന്നുണ്ട്.

അദ്ധ്യാത്മരാമായണത്തെയും വാൽമീകിരാമായണത്തെയും അടിസ്ഥാനമാക്കുമ്പോഴും സ്വന്തമായൊരു രാമായണവ്യാഖ്യാന ത്തിനും ചിത്രരാമായണകാരൻ തയ്യാറാകുന്നുണ്ട് പുത്രസൗഭാഗ്യ ത്തിനായി അഗ്നി, ദശരഥപത്നിമാർക്ക് പായസം നൽകുന്നുവെന്ന് വാൽമീകിയും രാമാനന്ദനും പറയുമ്പോൾ ചിത്രരാമായണത്തിൽ ഗോളാകൃതിയിലുള്ള രണ്ട്പലഹാരമാണ് കൈമാറുന്നത്.(ചിത്രം 3). താടകാവധത്തിന് പുറപ്പെടുന്ന രാമന് ബല, അതിബല മന്ത്രങ്ങൾ വിശ്വാമിത്രൻ നൽകുന്നുണ്ട്. ഈ സന്ദർഭത്തിൽ രാമായണകാവ്യ ങ്ങളിൽ ലക്ഷ്മണസാന്നിധ്യം ഇല്ലെങ്കിലും ചിത്രരാമായണത്തിൽ ലക്ഷ്മണനെയും അരികിൽ കാണാം. (ചിത്രം 12). ഇത് രാമകഥയ്ക്ക് ചിത്രരാമായണം നൽകുന്ന വ്യാഖ്യാനമാണ്. രാമനോടൊപ്പം തന്നെ ലക്ഷ്മണനും തുല്യപ്രാധാന്യം ചിത്രകാരൻ നൽകുന്നുണ്ട്.


വനവാസയാത്ര മുതൽ രാമനും ലക്ഷ്മണനും ചിത്രകാരൻ നൽകുന്നത് ഒരേ വേഷവിധാനങ്ങളാണ് (ചിത്രങ്ങളിൽ ഇതര പാത്രങ്ങളിൽ നിന്ന് ഇവരെ വേർ തിരിച്ചറിയാനായിരിക്കണം ഈ സങ്കേതം സ്വീകരിച്ചിരിക്കുന്നത്). യുദ്ധരംഗങ്ങളുടെ ചലനാത്മകത സമ്പൂർണ്ണ മായി സംവഹിക്കാൻ രാമായണചിത്രങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഹനുമാന്റെ വാലിലെ തീ, ലങ്കയെ കത്തിക്കുമ്പോൾ അതിൽ രാക്ഷസന്മാരും മൃഗങ്ങളുമൊക്കെ കത്തിയെരിയുന്നതിന്റെ ചിത്രം, ചിത്രത്തിന്റെ ധ്വനനശേഷികൊണ്ടു തന്നെ ഗംഭീരമാണെന്ന് പറയാം.

ചിത്രരാമായണത്തിലെ ശരീരഭാഷ, അവരുടെ ആടയാഭരണകേശാല ങ്കാരങ്ങൾ രേഖാചിത്രങ്ങളുടെ സവിശേഷത, കഥാപാത്രങ്ങളുടെ എന്നിവയൊക്കെ മുൻനിർത്തി കേരളത്തിന്റെ ദൃശ്യകലാപാരമ്പര്യ ത്തിന് സവിശേഷമായൊരു ചരിത്രം, നിർമ്മിക്കാവുന്നതാണ്. ചിത്രരാമായണരചനയ്ക്ക് കൂത്ത്, കൂടിയാട്ടം, കഥകളി എന്നിവയുമായുള്ള ബന്ധം ചിലരെങ്കിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ത്യൻ ചിത്രകലാ പഠനത്തിന് കേരളസർവ്വകലാശാല





നൽകുന്ന മികച്ചൊരു ഉപാദാനസാമഗ്രിയായി ചിത്രരാമായണം മാറുന്നുവെന്നതും അഭിമാന കരമാണ്. ചിത്രരാമായണത്തിന്റെ സംക്ഷിപ്തമായ ആമുഖപഠനം തയ്യാറാക്കിയിരിക്കുന്നതും എഡിറ്റർ തന്നെയാണ്.








## ഗ്രന്ഥസൂചി

1. എ.കെ.രാമാനുജൻ, മുന്നൂറ് രാമായണങ്ങൾ- അഞ്ച് ഉദാഹരണ ങ്ങളും തർജ്ജമയെ സംബന്ധിച്ച് മൂന്ന് വിചാരങ്ങളും (വിവ. പി. എൻ. ഗോപീകൃഷ്ണൻ), ഇൻസൈറ്റ് പബ്ലിക്ക, 2015
2. ഫാദർ കാമിൽ ബുൽക്കെ, രാമകഥ (വിവ. അഭയദേവ്), കേരള സാഹിത്യ അക്കാഡമി, 1999
3. Dr.K.Vijayan (Editor), RAMAYANA IN PALM LEAF PICTURES (CITRARAMAYANA), Oriental Research Institute & Manuscripts Library, University of Kerala,1997.

**ഡോ. എസ്. നസീബ്**
അസിസ്റ്റന്റ് പ്രൊഫസർ (മലയാളം)
SDE, കേരളസർവ്വകലാശാല

# ഉത്തരാസ്വയംവരം പാഠകം (ഭാഷാഗദ്യം)

## പാഠവും പഠനവും

**ഡോ. ആർ.ബി. ശ്രീകല**

**പ്രബന്ധസംഗ്രഹം**

നമ്പ്യാന്മാർ അവതരിപ്പിച്ചിരുന്ന പുരാണകഥാകഥനമാണ് പാഠകം എന്ന കലാരൂപം. ഇന്നത്തെ കഥാപ്രസംഗകലയുടെ പൂർവ്വരൂപമായി ഇതിനെ കാണാറു ്. കൂത്തിന്റെ സ്വാധീനവും സമാനതയും ഇതിൽ പലേടത്തും കാണാമെങ്കിലും അവതരണത്തിൽ ര ുകലകളും തമ്മിൽ വ്യത്യാസമു ്. പാഠകത്തിലെ ഭാഷാരീതി അന്നത്തെ ഉത്കൃഷ്ഠ വ്യവഹാരഭാഷയുടെ മാതൃകയായി പണ്ഡിതന്മാർ ചൂ ിക്കാട്ടിയിട്ടു ്. പ്രാചീനഗദ്യവികാസചരിത്രത്തിൽ പാഠകങ്ങളിലെ ഭാഷ നിർണ്ണായകസ്ഥാനം വഹിക്കുന്നു. ഉത്തരാസ്വയംവരം പാഠകം (ഭാഷാഗദ്യം) എന്ന താളിയോലഗ്രന്ഥം വിശദമായ ആമുഖത്തോടെ എഡിറ്റു ചെയ്ത് അവതരിപ്പിക്കുന്നു. മധ്യകാലഘട്ടത്തിലെ വ്യവഹാര ഭാഷയിൽ എഴുതിയിട്ടുള്ള ഈ ഗ്രന്ഥം നമ്മുടെ പാഠകസാഹിത്യത്തിലും ഭാഷാഗദ്യവികാസചരിത്രത്തിലും പ്രസക്തമായ കൃതിയാണ്.

**താക്കോൽ വാക്കുകൾ**

കൂത്ത്, പാഠകം, നീചരാജഭാഷ, വ്യവഹാരഭാഷ, ഭാഷാഗദ്യം, നമ്പ്യാന്തമിഴ്, പാത്രചരിതം, ഉത്തരാസ്വയംവരം, അജ്ഞാതവാസം.

പുരാണ കഥാകഥനം നടത്തിയിരുന്ന കൂത്തിനും കൂടിയാട്ടത്തിനും പുറമേ നമ്പ്യാന്മാർ ജനസാമാന്യത്തെ ഉദ്ദേശിച്ച് പുരാണകഥകൾ ലളിതമായും സരസമായും വ്യവഹാര ഭാഷയിൽ അവതരിപ്പിക്കുന്ന ഒരു കലാരൂപം പതിനാലാം ശതകത്തിന്റെ തുടക്കത്തിൽ ആവിർഭവിച്ചതായി മനസ്സിലാക്കാം. ഏറെ പ്രചാരം സിദ്ധിച്ച ശ്രദ്ധേയമായ ഈ കലാരൂപമാണ് പാഠകം. ഇന്നത്തെ കഥാപ്രസംഗത്തിന്റെ പൂർവ്വരൂപമായി ഇതിനെ കണക്കാക്കുന്നു. പുരാണേതിഹാസങ്ങളിലെ കഥാസന്ദർഭങ്ങളെ ആസ്പദമാക്കി ചാക്യാന്മാർ കൂത്തി





നുവേണ്ടി ചെയ്യുന്ന കഥാകഥനരീതിയെ അനുകരിച്ച് നമ്പ്യാന്മാർ പുരാണകഥാകഥനം നടത്തുന്നതാണ് പാഠകം എന്ന കലാരൂപം.

ലീലാതിലകം ഒന്നാംശില്പത്തിൽ മാർദ്ദംഗികന്മാരുടെ തമിഴ് എന്ന ഭാഷാരീതിയെപ്പറ്റി പറയുന്നുണ്ട്. ഇതിനെ നമ്പ്യാന്തമിഴ് എന്നും വ്യവഹരിക്കുന്നു. നമ്പ്യാന്തമിഴ് ഉത്കൃഷ്ഠ വ്യവഹാരഭാഷയ്ക്ക് ഉദാഹരണമാണെന്ന് ലീലാതിലകകാരൻ ചൂണ്ടിക്കാട്ടുന്നു. (പുറം 84-85) പുരാണകഥാകഥനത്തിന് അന്ന് ഉപയോഗിച്ചുവന്ന വ്യവഹാരഭാഷ അന്നത്തെ ഉത്കൃഷ്ഠ വ്യവഹാരഭാഷയുടെ മാതൃകയായി കണക്കാക്കാം. നമ്പ്യാന്തമിഴും ആലത്തൂർ മണിപ്രവാളവും മണിപ്രവാളമാണോ എന്ന പരിശോധനയിൽ അതിലെ സംസ്കൃതം വിഭക്ത്യന്തമല്ലാത്തതിനാൽ ലീലാതിലകകാരൻ നമ്പ്യാന്തമിഴിനെ മണിപ്രവാളമായി പരിഗണിക്കുന്നില്ല. നമ്പ്യാന്മാർ കഥാകഥനത്തിനുപയോഗിച്ചിരുന്ന വിശേഷ വ്യവഹാര ഭാഷ സംസ്കൃതപദങ്ങൾ കൂടുതലായി ചേർത്ത നീചരാജഭാഷയാണ്. എന്നാൽ ചാക്യാർകൂത്തിലെ ഭാഷയെപ്പോലെ സംസ്കൃതശ്ലോകങ്ങൾ ധാരാളമായി ഉൾക്കൊള്ളിക്കുന്ന ഒരു ഭാഷാരീതിയല്ല പാഠകത്തിലുള്ളത്. പ്രൊഫ. സി.എൽ. ആന്റണി ഇത് ചൂിക്കാട്ടുന്നുണ്ട്, ''സംസ്കൃതവും നീചരാജഭാഷയും ചാക്യാർകൂത്തുവഴി സമ്മേളിച്ച് രൂപമെടുത്ത മിശ്രസാഹിത്യഭാഷയെ സമർത്ഥമായി സാധാരണീകരിക്കാൻ നമ്പ്യാന്മാരുടെ പാഠകത്തിനു കഴിഞ്ഞു''. (സി.എൽ. ആന്റണി, ഭാഷാഗദ്യം, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 622).

പതിനാലാം നൂറ്റാണ്ടിന്റെ മധ്യഘട്ടം മുതൽ പതിനേഴാം നൂറ്റാണ്ടിന്റെ തുടക്കം വരെ ഭാഷാഗദ്യരചനയ്ക്ക് നമ്പ്യാന്തമിഴ് ഉപയോഗിച്ചിരുന്നു. ''എ.ഡി. 14 മുതൽ 17-ാം നൂറ്റാണ്ടുവരെയുള്ള ഭാഷാസംക്രമകാലത്തെ ഗദ്യകൃതികളിൽ നമ്പ്യാന്തമിഴിന്റെ വിവിധ രൂപങ്ങളാണ് കാണുന്നത്''. (സി.എൽ. ആന്റണി, ഭാഷാഗദ്യം, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, പുറം 623) ബ്രഹ്മാണ്ഡപുരാണത്തിലെ ഭാഷയിൽ നമ്പ്യാന്തമിഴിന്റെ സവിശേഷതകൾ കാണുന്നുണ്ട്. എ.ഡി. 14-ാം നൂറ്റാുമുതൽ ആധുനിക ഗദ്യഭാഷ രൂപപ്പെടുന്നതുവരെ ഈ ഭാഷാരീതി 'തമിഴെ'ന്ന പേരിലും അറിയപ്പെട്ടിരുന്നു

എന്നും എ.ഡി. 14-ാം നൂറ്റാലെ ശാസനങ്ങളിൽ ഈ ഭാഷാരീതി കാണാം എന്നും അദ്ദേഹം നിരീക്ഷിക്കുന്നുണ്ട്.

കൂത്തും കൂടിയാട്ടവും പോലെ ക്ഷേത്രത്തിനകത്തുവച്ചു മാത്രമല്ല, പുറത്ത് സാധാരണ ജനങ്ങളുടെ മുന്നിലും പാഠകം നട ത്താറുണ്ട്. ചാക്യാരെപ്പോലെ പീഠത്തിലിരുന്നല്ല നിന്നുകൊണ്ടാണ് നമ്പ്യാർ കഥപറയുന്നത്. പ്രത്യേക വാദ്യവിശേഷങ്ങളൊന്നുമില്ല. പുരാണകഥാഖ്യാനമാണ് നമ്പ്യാരും നടത്തുന്നത് എന്നതൊഴി ച്ചാൽ കൂത്തിന്റെ സാങ്കേതികത പാഠകത്തിലില്ല. കുറിയിട്ട് തല യിൽ ചുവന്ന മുടി വച്ച് കഴുത്തിൽ മാലയിട്ട് മുണ്ടിനുമീതെ പട്ടുചു റ്റിയുള്ള വേഷമാണ് നമ്പ്യാർ ധരിക്കുന്നത്. കൂത്തിനുപയോഗി ക്കുന്ന പ്രബന്ധങ്ങളിലെ സംസ്കൃതശ്ലോകങ്ങൾ പൊതുവേ പാഠക ങ്ങളിലും കാണാറുണ്ടെങ്കിലും ആവിഷ്ക്കാരരീതിയിലുള്ള വ്യത്യാ സങ്ങൾ രണ്ടു കലാരൂപങ്ങളെയും തനിമയുള്ളതാക്കുന്നു.

കേരള സർവ്വകലാശാല ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ നിന്ന് ഡോ. എൻ. സാം എഡിറ്റു ചെയ്ത 'പാഠക കഥാമാലിക' എന്ന പ്രബന്ധസമാഹാരം 2000-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാരതപ്രബന്ധത്തിലെയും രാമാ യണ പ്രബന്ധത്തിലേയും പാഠകങ്ങളാണ് ഇതിൽ ചേർത്തിട്ടുള്ളത്. അവയിലെല്ലാം ശ്ലോകങ്ങളും വ്യാഖ്യാനങ്ങളുമായാണ് കഥാകഥനം നടത്തിയിട്ടുള്ളത്. പ്രസ്തുത ലൈബ്രറിയിലെ അപ്രകാശിതമായ ഒരു പാഠകസാഹിത്യകൃതിയാണ് താളിയോലയിലുള്ള 'പാത്രച രിതം പാഠകം'. 'പാത്രചരിതം' എന്ന പേരിൽ തിരുവാതിരപ്പാട്ട്, കൂത്ത് തുടങ്ങിയ സാഹിത്യശാഖകളിലുള്ള ഗ്രന്ഥങ്ങൾ ഇവിടുണ്ട്. രജിസ്റ്റർ നമ്പർ സി. 2296 എന്ന നമ്പരിലുള്ള പാത്രചരിതം പാഠകം എന്ന താളിയോലഗ്രന്ഥം പൂർണ്ണമാണ്. (ഗ്ര. സ. 140) മഹാഭാരത കഥാസന്ദർഭങ്ങളെ ആസ്പദമാക്കി രചിച്ച രണ്ടു ഗ്രന്ഥങ്ങളാണ് ഇതിലുള്ളത്. പാഞ്ചാലിയുടെ അക്ഷയപാത്രകഥയാണ് ഇതിലെ ആദ്യകൃതിയായ പാത്രചരിതത്തിലുള്ളത്. പാണ്ഡവരുടെ അജ്ഞാ തവാസകാലത്ത് അഭിമന്യുവും ഉത്തരയും തമ്മിൽ നടന്ന വിവാഹ ത്തിന്റെ കഥ പറയുന്ന 'ഉത്തരാസ്വയംവര'മാണ് രണ്ടാം ഭാഗത്തുള്ള ത്. ഇത് വളരെ ചെറിയ ഗ്രന്ഥമാണ്. ഈ രണ്ടു കൃതികളും ഡോ.





എൻ. സാമിന്റെ പാഠകകഥാമാലികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രന്ഥകർത്താവ്, കാലം എന്നിവ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പതിനാലാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനും ഇടയിലാണ് പാഠകകൃതികളെല്ലാം ഉണ്ടായത് എന്നതിനാൽ ഈ കൃതിയുടെ കാലവും ഇതിനിടയിൽത്തന്നെയായിരിക്കാം.

'ഉത്തരാസ്വയംവരം പാഠകം (ഭാഷാഗദ്യം)' എന്ന ഗ്രന്ഥ മാണ് ഇവിടെ എഡിറ്റുചെയ്ത് പ്രസിദ്ധീകരിക്കുന്നത്. മഹാഭാരത ത്തിലെ ഒരു പ്രധാന കഥാസന്ദർഭമായ ഉത്തരാസ്വയംവരമാണ് ഈ ചെറിയ പ്രബന്ധത്തിലെ പ്രമേയം. ഈ പ്രബന്ധം കൂത്തിനുവേണ്ടി ചാക്യാരും പാഠകത്തിനുവേണ്ടി നമ്പ്യാരും സാഹിത്യമായി ഉപയോ ഗിക്കാറുണ്ട്. ഇവ തമ്മിലുള്ള വ്യത്യാസം അവതരണരീതിയിൽ മാത്രമാണ്. കൂത്തിന് മിഴാവിന്റെ അകമ്പടിയുണ്ടാവുമ്പോൾ പാഠക ത്തിന് സഹായകവാദ്യങ്ങളൊന്നുമില്ല.

**കഥാ സം ഗ്ര ഹം**

കൗരവരുമായി കള്ളച്ചൂതിൽ പരാജിതരായ പാണ്ഡവർ ഭാര്യയോടും അമ്മയോടുമൊപ്പം പന്ത്രണ്ടു സംവത്സരം വനവാ സവും ഒരു വർഷം അജ്ഞാതവാസവും പൂർത്തിയാക്കണമെന്ന നിബന്ധനപ്രകാരം വിജയകരമായി പൂർത്തിയാക്കിയ പന്ത്ര ണ്ടുവർഷത്തെ വനവാസത്തിനുശേഷം ഒരുവർഷം അജ്ഞാതവാ സത്തിനായി വിരാടരാജധാനിയിൽ പ്രച്ഛന്നവേഷത്തിൽ പ്രവേശി ക്കുകയാണ്. അജ്ഞാതവാസക്കാലത്ത് തിരിച്ചറിയപ്പെട്ടാൽ വീ ണ്ടും പതിമൂന്ന് വർഷക്കാലം ഇതു തന്നെ ചെയ്യേണ്ടിവരും എന്ന തിനാൽ ആരാലും തിരിച്ചറിയപ്പെടാത്തവിധത്തിൽ പലരൂപത്തിൽ പലജോലികൾ ചെയ്ത് വിരാടരാജധാനിയിൽ പാണ്ഡവർ താമസി ക്കുന്നു. വനവാസകഥ പറഞ്ഞുകൊണ്ടാണ് പാഠകം ആരംഭിക്കുന്ന ത്. വനവാസകാലത്ത് അനുഭവിച്ച ദുരിതങ്ങളും ദുര്യോധനൻ ആ സമയത്ത് നടപ്പിലാക്കാൻ ശ്രമിച്ച ചതികളും ചുരുക്കിപ്പറയുന്നു.

അജ്ഞാതവാസക്കാലത്ത് ദുര്യോധനൻ പാണ്ഡവരെ കണ്ടു പിടിക്കാൻ പരമാവധി ശ്രമിച്ചിട്ടും നടന്നില്ല. ഒടുവിൽ വിരാടരാജധാ നിയിൽ അവർ ഉണ്ടോ എന്നറിയാൻ വിരാടരാജാവിന്റെ ഗോധ

നത്തെ അപഹരിക്കുന്നു. വിരാടപുത്രനായ ഉത്തരൻ ഗോക്കളെ വീണ്ടെടുക്കാൻ ബൃഹന്ദള എന്ന നപുംസകവേഷധാരിയായ അർജ്ജുനൻ തെളിക്കുന്ന തേരിലേറിച്ചെല്ലുമ്പോൾ കൗരവരെ കണ്ട് ഭയന്നോടുകയും ഒടുവിൽ അർജ്ജുനൻ ആയുധമെടുത്ത് കൗരവപക്ഷത്തെ തോൽപ്പിച്ച് ഗോക്കളെ വീണ്ടെടുക്കുകയും ചെയ്യുന്നു. ജയിച്ചുവരുന്ന മകനെ കണ്ട് വിരാടരാജാവ് സന്തോഷിക്കുമ്പോൾ സന്യാസിവേഷധാരിയായ യുധിഷ്ഠിരൻ ഉത്തരന്റെ തേരാളിയാണ് ശത്രുക്കളെ തോൽപ്പിച്ച് പശുക്കളെ വീണ്ടെടുത്തതെന്ന് പറയുന്നു. അതുകേട്ട് കോപിഷ്ഠനായി രാജാവ് അക്ഷക്രീഡാസാധനം സന്ന്യാസിക്കുനേരെ എറിഞ്ഞു. സന്ന്യാസിയുടെ ദേഹത്ത് ചോര പൊടിഞ്ഞതുകണ്ട സൈരന്ധ്രിയായ പാഞ്ചാലി ഉത്തരീയം കൊണ്ട് ചോര തുടച്ചു. ജ്യേഷ്ഠൻ മുറിവേറ്റതുകണ്ട് അർജ്ജുനനു കോപം വരികയും പാണ്ഡവരുടെ യഥാർത്ഥ സ്വത്വം അവിടെ വെളിപ്പെടുകയും ചെയ്യുന്നു.  പാണ്ഡവരാണ് ഇത്രകാലവും തന്റെ ആശ്രിതരായി വർത്തിച്ചതെന്നറിയുന്ന വിരാടരാജാവ് താൻ അവരെക്കൊണ്ടു പലവിധ ജോലികൾ ചെയ്യിച്ചതോർത്ത് പശ്ചാത്തപിക്കുന്നു പകരം സ്വപുത്രിയായ ഉത്തരയെ അർജ്ജുനപുത്രനായ അഭിമന്യുവിനെക്കൊണ്ട് വിവാഹം കഴിപ്പിക്കുകയാണ്. വിവാഹാനന്തരം എല്ലാവരും സന്തോഷപൂർവ്വം കുറേനാൾ കൂടി വിരാടരാജധാനിയിൽ അധിവസിച്ചശേഷമാണ് അവിടെനിന്ന് പോകുന്നത്.

''ഈ വണ്ണം സോമവംശ ശ്രേഷ്ഠനാകിയ യുധിഷ്ഠിരൻ ബലിഷ്ഠന്മാരായി വരിഷ്ഠന്മാരായിരിക്കുന്ന കനിഷ്ഠന്മാരൊടുകൂടെ സമയസമുദ്രതരണം ചൈത തദവസാനത്തുങ്കൽ പുത്രനേക്കൊണ്ടു കുലവൃദ്ധികരമായിട്ടുള്ള വിവാഹവും ചൈയ്യിപ്പിച്ച സകല ബന്ധുസമേതനായിട്ട സന്തോഷത്തോടു കൂടെ മാത്സ്യപുരീങ്കൽ അധിവസിച്ചു.'' ഇപ്രകാരമാണ് പ്രബന്ധം അവസാനിക്കുന്നത്.

ഗദ്യപദ്യങ്ങൾ ഇടകലർത്തി രചിക്കുന്ന ചമ്പുക്കളുടെ സ്വഭാവമാണ് ഇതിൽ കാണുന്നത്. പരമ്പരാഗത കഥാഖ്യാനശൈലി രൂപപ്പെടുന്നതിൽ പാഠകങ്ങൾ വലിയ പങ്കുവഹിച്ചിട്ടുന്നെതിൽ തർക്കമി





ല്ല. മിക്കവാറും പാഠകങ്ങളുടെ തുടക്കം പരമ്പരാഗതമായി കഥപറയുന്ന രീതിയിലുള്ള സവിശേഷ ശൈലിയിലാണ്.

പാത്രചരിതം പാഠകത്തിന്റെ തുടക്കം നോക്കൂ, ''എങ്കിലോ പണ്ട രാജകുലതിലകനായിരിക്കുന്ന രാജാവ ധർമ്മപുത്രര വ്യാജമായുള്ള ചൂതുങ്കൽ പരാജിതനായിട്ട അനുജന്മാരോടും കൂടെ വനപ്രദേശത്തെ പ്രാപിച്ച.....''

ഉത്തരാസ്വയംവര പാഠകത്തിന്റെ തുടക്കം നോക്കൂ...., ''എങ്കിലോ പണ്ട സോമവംശാലങ്കാരഭൂതന്മാരായിരിക്കുന്ന പാണ്ഡവന്മാർ വനവാസാവസാനത്തിങ്കൽ സഹവാസസമ്മുത്സുകന്മാരായിരിക്കുന്ന....''

വിരാമമില്ലാതെ നീണ്ടു നീണ്ടു പോകുന്ന വാക്യങ്ങൾ പാഠകഭാഷാഗദ്യത്തിന്റെ സവിശേഷതയാണ്. ഇടയ്ക്ക് സംസ്കൃതപദസംഹിതകളോ വാക്യങ്ങളോ ശ്ലോകങ്ങളോ ചേർത്ത് അന്വയിച്ച് അർത്ഥം തുടർച്ചയായി പറഞ്ഞുപോകും. കൂത്തിലേതുപോലെ പ്രേക്ഷകരുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പാക്കുന്നതരത്തിലാണ് കഥാവതരണം നടത്തുന്നത്.

ഉദാ: ''മഹാരാജാവ ധർമ്മപുത്രര സമയജലനിധിംതിത്വാ'' എന്ന സംസ്കൃത ഭാഗത്തിന്റെ വ്യാഖ്യാനത്തിൽ പ്രേക്ഷകരോടു ചോദിക്കുന്ന രീതിയിൽ ''സമുദ്രം എങ്ങനെ ഉള്ളതാണ ദുസ്തരം ദുസ്തരമായിരിപ്പോന്നതാണ'' എന്നു പറയുന്നതു ശ്രദ്ധിക്കുക. ഇതുപോലെ പ്രേക്ഷകരോടു ചോദ്യം ചോദിക്കുന്നതരത്തിൽ കഥാഖ്യാനത്തിൽ ഇടയ്ക്കിടെ കാണാം.

പൊതുവെ വ്യവഹാര ഭാഷയുടെ അകൃത്രിമത്വവും അനൗപചാരികതയും എല്ലാപാഠകങ്ങളിലുമുള്ളതുപോലെ ഉത്തരാസ്വയംവരത്തിലുമുണ്ട്. ശ്രോതാക്കളെ രസിപ്പിക്കുന്നതോടൊപ്പം അയത്നലളിതമായി കഥപറയുന്നതിനിടയിൽ സാമൂഹിക വിമർശനവും ഫലിത പരിഹാസങ്ങളും നമ്പ്യാർ നടത്തുന്ന രീതിയാവാം പിൽക്കാലത്ത് കുഞ്ചൻനമ്പ്യാരുടെ തുള്ളൽക്കൃതികളിൽ കാണുന്ന ആക്ഷേപഹാസ്യ സ്വഭാവത്തിന് മാതൃകയായിത്തീർന്നത്.

**ഭാഷാ പ ര മായ ചില സവി ശേ ഷ ത കൾ**

പതിനാലാം നൂറ്റാണ്ടിനും പതിനേഴാം നൂറ്റാണ്ടിനുമിടയിൽ വികസിച്ചു വന്ന വ്യവഹാര ഗദ്യഭാഷയുടെ സ്വഭാവമാണ് കൂത്ത് പാഠകം തുടങ്ങിയ കലാരൂപങ്ങളുടെ ഭാഷയിൽ കാണുന്നത്. പ്രൊഫ. സി.എൽ. ആന്റണി ചൂണ്ടിക്കാട്ടിയതുപോലെ സംസ്കൃതവും നീചരാജഭാഷയും ചാക്യാർകൂത്തുവഴി സമ്മേളിച്ചു രൂപം കൊണ്ട വ്യവഹാരഭാഷയുടെ മാതൃകയാണ് ഉത്തരാസ്വയംവരം പാഠകത്തിലും കാണാൻ കഴിയുന്നത്.

''സഗർഭ്യന്മാരോടുകൂടെ ദുസ്തരമായിരിക്കുന്ന സമയമാകുന്ന ജലനിധിയെ സാധുവാകും വണ്ണം തരണം ചെയ്തു രാജാവെ അവരുടെ അവസ്ഥ വിചാരിയ്ക്കുമ്പോൾ സമയാനുഷ്ഠാനത്തെക്കുറിച്ചു അത്ര താല്പർയ്യമില്ല ഭീമാദികൾക്കജ്യേഷ്ഠന്റെ ശുദ്ധത കൊണ്ടാണ് ഇങ്ങനെ വന്നത്'' എന്നിങ്ങനെ സംസ്കൃതജഡിലമായി നീണ്ടുനീണ്ടു പോകുന്ന വാക്യങ്ങളാണ് ഇതിലുള്ളത്. സംസ്കൃതപദങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഭാഷയോടുചേർന്ന് അയത്നലളിതമായ ഒരു ശൈലിയാണ് ആഖ്യാനത്തിലുടനീളം കാണുന്നത്. നമ്പ്യാന്തമിഴിന്റെ സ്വഭാവമാണ് ഇതിലെ ഭാഷയിലുള്ളത്. ചില സവിശേഷതകൾ പരിശോധിക്കാം:

1. സംസ്കൃതപദങ്ങൾ തത്സമമായിത്തന്നെ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

   ഉദാ : ദുസ്തരം, ജലനിധി, സംവൽസരം, അജ്ഞാതവാസം, അർദ്ധരാജ്യം, സമയാനുഷ്ഠാനം, സാധു

   തൽഭവരൂപങ്ങൾ വളരെ കുറവാണ്.

2. ഭാഷാഗദ്യത്തിനിടയിൽ സംസ്കൃതപദ്യശകലങ്ങളും പദസഞ്ചയങ്ങളും വരികളും ഇടയ്ക്കിടെ ചേർത്ത് അന്വയാർത്ഥം പറഞ്ഞുപോകുന്ന രീതി കാണാം.

   ഉദാ : ''സാകംരാജാശമനസുത: രാജാ മാത്സ്യപുര്യാം ന്യവാസീൽ''

''സമയജലനിധിം തിത്വാ''

''നിതാന്തഭാസമാന:''

''തമസ്സ: വക്ത്രരസ്ഥാൻ നിർമ്മുക്ത: വിധു:''

''ഉത്തരായാ പാണീം പാർത്ഥാത്മജേന ഗ്രാഹവാൻ''

3. ഇന്നു പ്രചാരത്തിലില്ലാത്ത പല പദങ്ങളും പ്രയോഗങ്ങളും ഇതിലുണ്ട്.

ഉദാ : നിയോഗിപ്പൂതും, അയ്വരും, ഇനിയ്ക്ക, നുമ്പില ത്തെ, വിചാരിയാ, പുത്രനേക്കായിലും

4. കേരളപാണിനി പിൽക്കാലത്തു പറഞ്ഞ ആറുഭാഷാനയ ങ്ങളും ഏതാണ്ട് പൂർണ്ണമായിത്തന്നെ ഇതിൽ സംഭവിച്ചുക ഴിഞ്ഞിരിക്കുന്നു.

5. ചൈത, ചൈയയിച്ച എന്നിങ്ങനെയാണ് 'ചെയ്ത', 'ചെയ്യിച്ച' എന്നീ രൂപങ്ങൾ കാണുന്നത്. അതുപോലെ തന്നെ 'യ'കാരത്തിന്റെ ഇരട്ടിപ്പുവരുന്നിടത്തെല്ലാം (യ്യ) സാധാരണ വട്ടെഴുത്തിൽ ഇരട്ടിപ്പിന്ന് രണ്ടു ലിപികൾ ചേർത്തുവയ്ക്കുന്നതുപോലെ 'യയ' എന്നാണ് കാണുന്നത്.

ഉദാ : 'ചെയയിച്ചു, തൃക്കയയകൊണ്ട

6. പ്രതിഗ്രാഹികാവിഭക്തിക്ക് ഹ്രസ്വ 'എ'കാരം വേണ്ടിട ത്തെല്ലാം 'ഏ'കാരമാണ് കാണുന്നത്.

ഉദാ : പുത്രനേക്ക, നുമ്പിലത്തേക്കായിലും

7. സംവൃതോകാരവും 'ഉ'കാരവും വേണ്ടിടത്തെല്ലാം 'അ'കാര മാണ് സാർവ്വത്രികമായി പ്രയോഗിച്ചുകാണുന്നത്.

ഉദാ : പണ്ട് – പണ്ട

ഹേതുവായിട്ട് – ഹേതുവായിട്ട

ഓരോന്നുകൊണ്ടു – ഓരോന്നകൊണ്ട

കോപിച്ചു – കോപിച്ച





8. പദാന്ത്യത്തിലെ 'ർ' എന്ന ചില്ല് 'ര' ആയിട്ടാണ് പൊതുവേ കാണുന്നത്.

ഉദാ : ധർമ്മപുത്രർ – ധർമ്മപുത്രര

സന്യാസിമാർ – സന്യാസിമാര

ബ്രാഹ്മണർ – ബ്രാഹ്മണര

9. വ്യഞ്ജനശബ്ദങ്ങളുടെ ആവർത്തിച്ചുള്ള ഉപയോഗത്തി ലൂടെ ശബ്ദഭംഗി വരുത്താനുള്ള ശ്രമം പലേടത്തുമുണ്ട്.

ഉദാ : ''സോമവംശ ശ്രേഷ്ഠനാകിയ യുധിഷ്ഠിരൻ ബലി ഷ്ഠന്മാരായി വരിഷ്ഠന്മാരായിരിക്കുന്ന കനിഷ്ഠന്മാരൊടു കൂടെ''

**ഉത്ത രാ സ്വ യം വരം പാഠകം (ഭാഷാ ഗ ദ്യം)**

ഹരിഃ

എങ്കിലോ പണ്ട സോമവംശാലംകാര ഭൂതന്മാരായിരിക്കുന്ന പാണ്ഡവന്മാർ വനവാസാവസാനത്തിങ്കൽ സഹവാസ സമുത്സുക ന്മാരായിരിയ്ക്കുന്ന സന്ന്യാസിമാരെയും ബ്രാഹ്മരെയും സംവത്സരം സസുഖമാകുംവണ്ണം അധിവസിപ്പിപ്പാനായികൊണ്ട ദ്വാരകാപതിങ്ക ലെയ്ക്കനിയോഗിപ്പൂതും ചൈത വിശ്വലോക വിജ്ഞാതവിക്രമന്മാ രെങ്കിലും അജ്ഞാതവാസത്തിന്നായികൊണ്ട പരിഗൃഹീതവേഷാ ന്തരന്മാരായിട്ട പാഞ്ചാലിയോടുംകൂടെ വിരാടപുരിയെ പ്രാപിച്ച അധിവസിച്ച വിധിബല വൈഭവം ഹേതുവായിട്ട വിധിയ്ക്കു തക്ക വണ്ണം സമനുഷ്ഠിത സമന്മാരാവൂതും ചൈത തദനന്തരം തദവസാ നത്തിങ്കൽ മഹാരാജാവ ധർമ്മപുത്രര ആകട്ടേ

*സാകം രാജാ ശമ ന സൂത: രാജാ മാത്സ്യ പര്യാം ന്യവാ സീ□*

ശമനസുതനായിരിയ്ക്കുന്ന രാജാവ മാത്സ്യപുരീങ്കൽ നിവ സിച്ച സകല രാജസർവ്വ ഭൌമനായിരിക്കുന്ന മഹാരാജാവ ധർമ്മ പുത്രര വിരാട രാജാവിന്റെ രാജധാനീങ്കൽ സുഖമായിട്ട ഇരുന്നു. അത്ര നാളും ശത്രുക്കൾ ചൈതിരിയ്ക്കുന്ന ദുർവ്യാപാരം കൊണ്ട

ദു:ഖത്തോടു കൂടെ ഇരുന്നൂ അപ്പോൾ അതുകൊണ്ടുള്ള അസഹ്യത തീർന്നപ്പോൾ സൌഖ്യമായിട്ടവശായി അതിനുതക്കവണ്ണം ആർക്കും സാധിയാതെ കുള്ളതാണ ദുർയ്യോധനാദികൾ ചൈത ഇത പോലെ ഉള്ള സമയം പണ്ട ഒരുത്തൻ സാധിച്ചിട്ടും ഇല്ല ഇനി ആർക്കും സാധിയ്ക്കയും ഇല്ല അതിനുമാത്രം വിഷമത ഉണ്ട അതിനെ സാധിച്ചു മഹാ രാജാവ ധർമ്മപുത്രര *സമയ ജല നിധിം തിത്വാ* സമയമാകുന്ന ജലനിധിയെ തരണം ചൈതിട്ടാണ സുഖമായിട്ട ഇരുന്നത പാണ്ഡവന്മാരുടെ സമയവും സമുദ്രവും ഏതും ഭേദമില്ല സമുദ്രതരണത്തെയെയുന്ന വന്ന സമയം കഴിക്കാനും പരാധീനമില്ല. സമുദ്രം എങ്ങിനെ ഉള്ളതാണ ദുസ്തരം ദുസ്തരമായിരിപ്പോന്നതാണ. സമുദ്രം മറുകരകേറുക ആർക്കും സാധിക്കുന്നതല്ല അപാരത അഗാധത അപരിച്ഛേദ്യത ദുഷ്ട സത്വ സമ്പൂർണ്ണത ഇങ്ങനെ ഓരോന്ന കൊണ്ട അലംഘനീയമാകുന്നതു. സമുദ്രം പാണ്ഡവരുടെ സമയവും അലംഘനീയന്തന്നെ ദുസ്തരം അതും ദുസ്തരമാകുന്നത് അവർ പന്ത്രണ്ടു സംവത്സരം വനവാസവും ഒരു സംവത്സരം അജ്ഞാത വാസവും ചൈക എന്ന അന്യോന്യം സമയം ചൈതിട്ടാണ ഒടുക്കം ചൂതു പുരുതത ശകുനിയുടെ വ്യാജം കൊണ്ട രാജാവ പരാജിതനാകുകയും ചെയ്തു. അപ്രകാരം സമയം കല്പിച്ചതും ശകുനിയുടെ കൗശലം തന്നെ പന്ത്രണ്ടു സംവത്സരം മുഴുവൻ വനവാസം എന്നു വെച്ചത് മഞ്ഞ മഴക്കാലം വൈല ഈ വക കൊണ്ടെങ്കിലും ദുഷ്ടമൃഗങ്ങൾ കൊന്നു തിന്നിട്ട് എങ്കിലും ഭക്ഷണത്തിനു ഇല്ലാത്ത കണ്ട ഫലമൂലാദികൾ തിന്നിട്ടും കലുഷ ജലപാനം കൊണ്ടും മഹാവ്യാധികൾ ബാധിച്ചിട്ട് എങ്കിലും വല്ല പ്രകാരവും മരണം വരണം അതിനായിട്ടാണു വനവാസത്തിനു കാലതാമസം കല്പിച്ചത് എന്നിയെ തന്നെ വനവാസം മുഴുവൻ കഴിഞ്ഞാലും രാജ്യപ്രാപ്തി വരരുത അതിനാണ പതിമൂന്നാമത്തെ സംവത്സരം അജ്ഞാതവാസം എന്നു വച്ചത് അതും ഓരോരുത്തരും ഓരോരോ ദിക്കിൽ ഇരുന്നാൽപോരാ ഭാര്യയോടും കൂടെ ആയ്വരും ഒരു സംവത്സരം മുഴുവൻ ഉരു ഭവനത്തിൽ ഇരിക്കണം. ഇങ്ങിനെ പതിമൂന്നു സംവത്സരങ്ങൾ കഴിഞ്ഞാൽ പിന്നെ പത്തെപ്പോലെ അർദ്ധരാജ്യവും അനുഭവിച്ച ഇന്ദ്രപ്രസ്ഥത്തിങ്കൽ അധിവസിക്ക അജ്ഞാത വാസത്തിങ്കൽ



*ഉത്തരാസ്വയംവരം പാഠകം....* *പ്രാചീ ന*
*കൈ രളി*

അവരിൽ ഒരുത്തനെങ്കിലും അന്യനാൽ വിജ്ഞാതനായി എങ്കിൽ പിന്നെയും ആദിയെ വനവാസവും അജ്ഞാതവാസവും അതിലും അറിഞ്ഞാൽ പിന്നെയും തഥൈവ എന്നതുകൊണ്ടു സമയാവസാനം വരുന്നതിനുമുമ്പോ ചരമകാലം വന്നുകഴിയും ഇങ്ങിനെ വിചാരിച്ചിട്ടാണ സമയം കല്പ്പിച്ചിരിക്കുന്നത് എന്നതു കൊണ്ടു സമയവും സമുദ്രവും രണ്ടു ദുസ്തരങ്ങൾ തന്നെ ഈ വണ്ണമുള്ള സമയത്തെ സാധിച്ചു രാജാവ, എന്നാൽ ഒരുതരത്തിൽ പണിപ്പെട്ട കഴിച്ച എന്നോ അതല്ല സാധുതീർത്വാ സാധുവാകുംവണ്ണം ചെയ്തു സമയാനുഷ്ഠാനം സർവ്വലോക സമ്മതം വന്നു ശത്രുക്കളും വഴിപോലെ ബോധിച്ചു കുറ്റംപറയാൻ ഒരു വഴി ഇല്ല വിചാരിച്ചാൽ എന്നാൽ രാജാവിന്റെ വിവേകാദി വിശിഷ്ട ഗുണങ്ങളെക്കൊണ്ട അദ്ദേഹത്തിന് സാധിച്ചു അതകൊണ്ട തന്നെ മതിയായില്ലല്ലോ. പിന്നെയും നാലാളുകൾ ഉള്ളതിൽ ചിലർക്ക നല്ലവണ്ണം സാധിക്കാഞ്ഞാൽ രാജാവ സാധിച്ചതും പാഴിലായല്ലോ എന്നു തോന്നാൻ ഇല്ല.

*സഗ ർഭ്യൈസ്സാകം ദുസ്തരം സമയ ജലനിധിം സാധു തീർത്വാ.*

സഗർഭ്യന്മാരോടുകൂടെ ദുസ്തരമായിരിക്കുന്ന സമയമാകുന്ന ജലനിധിയെ സാധുവാകും വണ്ണം തരണം ചൈതു രാജാവ അവരുടെ അവസ്ഥ വിചാരിയ്ക്കുംമ്പോൾ സമയാനുഷ്ഠാനത്തെക്കുറിച്ച അത്ര താല്പർയ്യമില്ല ഭീമാദികൾക്കജ്യേഷ്ഠന്റെ ശുദ്ധത കൊണ്ടാണ ഇങ്ങനെ വന്നത കപടനിധികളായ കൌരവന്മാരോട കഠിനകർമ്മമല്ലാതെ ഇ വിധമല്ല വേത ഇങ്ങനെ ഓരോന്നു പറഞ്ഞു ചില സമയങ്ങളിൽ കോപിച്ച ആയുധ പാണികളായിട്ട പുറപ്പെടും അപ്പോൾ ഒക്കെയും താൻ ചെന്നു നല്ല വാക്കുകളെ പറഞ്ഞു ബോധിപ്പിച്ച കോപത്തെശമിപ്പിച്ച. സത്യരക്ഷ രാജക്കർക്ക വിശേഷിച്ചും കുലധർമ്മമായിട്ടുള്ളതാണ ജ്യേഷ്ഠന്റെ കല്പന കൂടാതെ പോക യോഗ്യമല്ല എന്നു വച്ച അവരും രാജാവിനെ പോലെ സത്യരക്ഷാ തൽപരന്മായിട്ട സമീപത്തിങ്കൽ ഇരിയ്ക്ക. ഈ വണ്ണം അനുജന്മാർക്കും സമയത്തിനുഭേദം വരാതെ അവരോടും കൂടെ ധർമ്മപുത്രര സമയസമുദ്രത്തെ സമ്യക്കാകും വണ്ണം തരണം ചൈതു. എന്ന

തിന്റെ ശേഷം *നിതാന്ത്യഭാസ മാന:* ഏറ്റവും ഭാസമാനനായി രാജവ അത്രനാളും സമയത്തെ വിചാരിച്ച വിമനസ്സായിട്ടവശനായി രുന്ന അജ്ഞാതവാസം തുടങ്ങിയപ്പോൾ തന്നെ വിഷാദവും ഏറി ക്കഴിഞ്ഞു ഇത കഴിയുന്നതിനിടക്ക ആരാനും അറിഞ്ഞു എങ്കിൽ ഇനിയും ആദിയെ വേണമെല്ലാം. ഈശ്വരാ അതിനു സംഗതി വരു ത്തരുതെ എന്നു വിചാരിച്ച മനസ്സിൽ സുഖമില്ലായ്മകൊ ശരീരശോ ഭയും കൊറഞ്ഞിരുന്നു പതിമൂന്നാമത്തേ സംവത്സരം കഴിഞ്ഞ പ്പോൾ തന്നെ കൃതകൃത്യത കൊണ്ട കൃതാർത്ഥനായി ഉടനേ ശരീര ശോഭയും വർദ്ധിച്ചു വശായി അത ലോക സ്വഭാവം തന്നെ മനഃശ രീരങ്ങളുടെ സുഖദുഃഖങ്ങൾ അന്യോന്യാശ്രയങ്ങളായിട്ടുള്ളതാണു എന്നതു കൊണ്ടു രാജാവിനു മുമ്പിലത്തേക്കായിലും ശോഭിച്ചു വശായി

*തമസ്സഃ വക്ത്ര ര ന്ധ്രാ□ നിർമ്മുക്തഃ വിധുഃ*

തമസ്സിന്റെ വക്ത്രരന്ധ്രത്തിങ്കൽ നിന്ന നിർമ്മുക്തനായിരി ക്കുന്ന വിധു എന്ന പോലെ ഏറ്റവും ശോഭിച്ചു പൂർവ്വം രാഹു ഗ്രസ്തനായി പശ്ചാൽ മുക്തനാകിയ പാർവ്വണേന്ദു യാതൊരു പ്രകാരമാണ ശോഭിയ്ക്കുന്നത അപ്രകാരം രാജാവിന്റെ ശോഭ ചന്ദ്രനെ സകല കലാപരിപൂർണ്ണനായിട്ട കാണുമ്പോൾ രാഹു പൂർവ്വം വൈരം നിമിത്തമായിട്ട ചെന്ന ഗ്രഹിച്ചു കാണാണ്ടാക്കുക യാണ അപ്പോൾ വിശിഷ്ട ലോകങ്ങൾക്ക തുഷ്ടികരനായിരി യ്ക്കുന്ന ഞാൻ ദുഷ്ട നാഗത്താൽ ദഷ്ടനായല്ലോ കഷ്ടം എന്നു വിചാരിച്ച ചന്ദ്രന ദുഃഖം പൂർണ്ണചന്ദ്രോദയം കൊണ്ട താപശാന്തി വരിക ഹേതുവായിട്ടസന്തോഷം വത്തുക്കളായിരിയ്ക്കുന്ന സത്തു ക്കൾ ചന്ദ്രമണ്ഡ(ല)വും ഭൂമണ്ഡലവും തമസ്സിനാൽ ഗ്രസ്തനായ സമയത്തിങ്കൽ ഇങ്ങിനെ വന്നത ഏറ്റവും കഷ്ടം എന്ന നിരൂപിച്ച പലരും സന്താപസഹിതന്മാരായിട്ട തീരുക ഇങ്ങിനെ ഇരിയ്ക്കുന്ന സമയത്തിങ്കൽ ജ്യോതിശാസ്ത്രങ്ങളാൽ നിയമിച്ചിരിയ്ക്കുന്ന ഗ്രഹ ണകാലം കഴിയുംമ്പോൾ *വക്ത്ര ര ന്ധ്രാൻ നിർമുക്തഃ* രാഹുന്റെ വദനദ്വാരത്തിങ്കൽ നിന്ന ബഹിർഭാഗത്തെ പ്രാപിച്ച കഴിയും ചന്ദ്രൻ ആ സമയത്തിങ്കൽ നുമ്പിലിത്തെക്കായിലും പ്രകാശമുാകും സജ്ജ നങ്ങൾക്കു സന്തോഷവും വർദ്ധിക്കും അതുപോലെ തന്നെ രാജാ





വിന്റെ അവസ്ഥ രാജസൂയം കൊണ്ടുള്ള അഭ്യുദയത്തോടുകൂടെ രാജധാനീങ്കൽ രാജസാർവ്വ ഭൌമനായിട്ട അധിവസിയ്ക്ക സകല ജനങ്ങളും സന്തുഷ്ടന്മാരായിട്ട ഇരിയ്ക്കുന്ന കാലത്താണ ദുരാ ത്മാക്കളാകിയ ദുർയ്യോധനാദികളുടെ ദുർവ്യാപാരം ഹേതുവായിട്ട ദ്യുതത്തിങ്കൽ തോറ്റ ഏറ്റവും പരവശനായത അപ്പോൾ ഇനിയ്ക്ക. ഈ വണ്ണം അനുഭവിച്ചല്ലോ കഷ്ടം എന്നുള്ള വിഷാദം രാജാവിന ഇദ്ദേഹത്തിനിപ്രകാരം വന്നത മറ്റുള്ളവരുടെ ഭാഗ്യവിശേഷം തന്നെ എന്ന നിരൂപിച്ച മഹാജനങ്ങൾക്ക ദുഖം ഇങ്ങനെ പതിമ്മൂന്നു സംവത്സരങ്ങൾ കഴിഞ്ഞപ്പോൾ സമയാവസാനം വന്നു. അപ്പോൾ മനോദുഖവും പോയിട്ട ഉടനേ സുഖമായിന്നത ഹേതുവായിട്ട പണ്ടേക്കായിലും ശരീരശോഭയും വർദ്ധിച്ച. തൽക്കാരണമായിട്ട മമത ഉള്ളവരും പ്രസാദിച്ച. ഈ വണ്ണം ഒരു വിഘ്നം കൂടാതെ സമയകാലം കഴികകൊണ്ട സുഖമുണ്ടായിന്നത എന്നതന്നെ അല്ല പിന്നെയും ആ രാജധാനിയിങ്കൽ സുഖമായിട്ട ഇരിപ്പാനുള്ള സംഗ തിയും ദൈവഗത്യാ ലഭിച്ചു. എന്താണ എന്നല്ലേ,

*ഉത്ത രായാ പാണീം പാർത്ഥാ ത്മ ജേന ഗ്രാഹ യൻ*

ഉത്തരയുടെ പാണിയെ പാർത്ഥാത്മജനെകൊണ്ടഗ്രാഹയ ന്നാകയും ചൈതു. വിരാടരാജാവിന്റെ പുത്രി ആയിട്ട ഉത്തര എന്ന നാമത്തോടുകൂടി ഇരിയ്ക്കുന്ന ഉത്തമ കന്യകയെ അർജ്ജുനന്റെ പുത്രനാകിയ അഭിമന്യുനെകൊണ്ട വിവാഹം ചെയയിച്ചു രാജാവ അമംഗലങ്ങൾ ഒക്കെ നശിച്ചു എന്നു തന്നെ അല്ല മംഗലകർമ്മ ത്തേയും ചൈതു. അതിന എന്തൊരു സംഗതി എന്നല്ലേ. ദുർയ്യോധ നാദികൾ പാണ്ഡവരുടെ അജ്ഞാതവാസജിജ്ഞാസുക്കളായി അസ്തിനപുരത്തുങ്കൽ അധിവസിയ്ക്കുംമ്പോൾ പതിമൂന്നാമത്തെ സംവത്സരത്തിൽ പാണ്ഡവന്മാരുടെ കഥ പലവിധങ്ങ അന്വേഷി ച്ചിട്ടും കേൾപ്പാനില്ല. ഇപ്പോൾ ദൈവഗത്യാ കീചകവധം കൊണ്ട സൂചിതമായി. വിരാടരാജധാനീങ്കലാണ അജ്ഞാതവാസം എന്ന അതിന്റെ പരമാർത്ഥം അറിവാനായിക്കൊണ്ട മാത്സര്യ്യം ഹേതു വായിട്ട മാത്സ്യരാജാവിന്റെ ഗോധനത്തെ ദുർയ്യോധനാദികൾ അപ ഹരിച്ച സമയത്തിങ്കൽ വിരാട രാജാവ സൈന്യങ്ങളോടും കൂടെ ദക്ഷിണഗോപുര ദ്വാരത്തിങ്കൽ യുദ്ധത്തിന്ന പോയിരിയ്ക്കകൊണ്ട തൽപുത്രനായുള്ള ഉത്തരൻ നപുംസകത്തെ അവലംബിച്ചിരിക്ക

അർജ്ജുനനെ കൊണ്ട സാരഥ്യവും ചെയ്യിപ്പിച്ച സാമർത്ഥ്യവും നടിച്ച ചെന്നപ്പോൾ ഭീഷ്മദ്രോണാദി മഹാരഥന്മാരെയും കുരുരാജാക്കന്മാരെയും സന്നദ്ധന്മാരായിട്ടക ഖിന്നത്ത്വം കൊണ്ട പിന്നാക്കം പോവാനായിട്ട ഭാവിച്ചതിന്റെ ശേഷം ജന്യവൈഭവം കൊണ്ട രാജന്ന്യമാന്ന്യനായ അർജ്ജുനൻ അന്യന്മാരാൽ അലഭ്യമായുള്ള അസ്ത്രം വേഗേന പ്രയോഗിച്ചു. അവർക്ക മാനഹാനിയെ ചൈത പശുക്കളെ രക്ഷിച്ച ഉത്തരനോടു കൂടെ രഥാരൂഢനായിട്ട രാജധാനീങ്കലെയ്ക്ക വരുംമ്പോൾ രാജാവ സന്ന്യാസിവേഷധാരിയാകിയ ധർമ്മപുത്രരും ഒന്നിച്ച ചൂതും പൊരുത ഇരിയ്ക്കുംമ്പൊൾ പുത്രന്റെ വരവുകണ്ട എത്രയും പ്രസാദിച്ച അല്ലേയോ യതീശ്വരനായുള്ളോവേ കാലും ഇതല്ലോ എന്റെ പുത്രൻ ചൌർയ്യം ചൈത കൌരന്മാരെ ജയിച്ച ശൌർയ്യവാനായിട്ട വരുന്നത ഇപ്രകാരം കേട്ട സമയത്തിങ്കൽ സത്യവാനായുള്ള ധർമ്മപുത്രര ശത്രുക്കളെ ജയിച്ചത അങ്ങേ പുത്രനല്ല തേരുംമേൽ മറ്റൊരാളെകൂടെ കാണുന്നില്ലെ അവനാണ ജയിച്ച ഗോരക്ഷ ചൈത എന്ന സന്ന്യാസിയുടെ വാക്ക കേട്ട സമയത്തിൽ രാജാവ കോപിച്ച ഇത്രനാളും ഇദ്ദേഹത്തെ സുഖമായിട്ട ഇവിടെ ഇരിത്തി രക്ഷിച്ചിട്ട എന്റെ പുത്രനേക്കായിലും ഈ നപുംസകത്തെക്കുറിച്ച മമതയുള്ളത പക്ഷപാതം തന്നെ സന്ന്യാസനിമാർക്ക ഭോഷ്ക പറക യോഗ്യമല്ല എന്നു പറഞ്ഞ സന്ന്യാസിയുടെ വക്ഷസ്സങ്കൽ അക്ഷക്രീഡാസാധനം കൊണ്ട എറിഞ്ഞു അപ്പോൾ മുറിഞ്ഞ ചോര പുറപ്പെട്ടത കണ്ട സൈരന്ധ്രിവേഷധാരിണിയാകിയ ദ്രൌപദി സന്ന്യാസിമാരുടെ ചോരനിലത്തു വീണാൽ അവിടം നശിച്ചുപോം എന്ന പറഞ്ഞ ഉത്തരീയം കൊണ്ട തടുത്തു ഉടനേ ഉത്തരനും അർജുനനും സമീപത്തങ്കൽ ചെന്ന പരമാർത്ഥം അറിഞ്ഞതിന്റെ ശേഷം കൃതപ്രതിജ്ഞനാകിയ അർജ്ജുനൻ കോപിച്ച അതു ഹേതുവായിട്ട പാണ്ഡവൻമാരാണ ഇവരവേഷപ്രച്ഛന്നന്മാരായിട്ട അജ്ഞാത വാസത്തിനു വന്നിരിയ്ക്കയാണ ചൈതത എന്നുള്ള പരമാർത്ഥം വിരാട രാജാവ ഗ്രഹിച്ചവശായി കഷ്ടം ഇത്രനാളും ഇവരെക്കൊണ്ട എന്തെല്ലാം ചെയയിച്ചു. ഇപ്പോൾ ധർമ്മപുത്രര പറഞ്ഞ സത്യത്തെ വിചാരിയാ പുത്രസ്നേഹം കൊണ്ട് ഇങ്ങിനെ ഒരു അപരാധവും സംഗതി വന്നല്ലോ ഇനിയ്ക്ക സംപത്തിന്നു താൽപര്യമില്ലാത്ത ഇവരെ അതു കൊണ്ട് വിജയൻ വിവാഹം ചൈക ഇല്ല എന്നാൽ തൽപുത്രനാകിയ അഭി





മന്ന്യൂന്ന കൊടുക്ക എന്നാൽ ഇവര പ്രസാദിയ്ക്കും ഒരു സംബന്ധവും ഉായല്ലോ അതു മാത്രവും അല്ല അഭിമന്യു ഭഗവൽ ഭാഗനേയനാകകൊണ്ട തന്തിരുവടിയും പ്രസാദിക്കും വിവാഹത്തിന ഇവിടെ എഴുന്നള്ളുകയും ചെയ്യും ഇപ്രകാരം നിശ്ചയിച്ച ധർമ്മപുത്രരെ ബോധിപ്പിച്ച അതു കേട്ട മഹാരാജാവും പ്രസാദിച്ച ഇങ്ങിനെ നിശ്ചയിച്ച കഥ ദ്വാരവതിങ്കലെയ്ക്ക ആള അയച്ച ഭഗവാനെ ബോധിപ്പിച്ചപ്പോൾ ഇത നന്നായി എന്ന അരുളിചൈതു ബലഭദ്ര സാത്യകി സുഭദ്ര അഭിമന്യു വനവാസം കഴിയോളം ഒന്നിച്ച പാർത്തിരുന്ന സന്ന്യാസിമാര ബ്രാഹ്മണര ഇവരെല്ലാവരോടും കൂടെ ഭഗവാനെഴുന്നള്ളിയപ്പോൾ തന്നെ ദ്രുപദരാജാവും വന്നു കഴിഞ്ഞു എന്നതിന്റെ ശേഷം സുമുഹൂർത്ത സമയത്തിങ്കൽ അഭിമന്യുനെക്കൊണ്ട ഉത്തരയുടെ വിവാഹവും വിധിവത്താകും വണ്ണം ചെയയിച്ചു. ഇങ്ങിനെ വിരാട രാജാവുമായി ഒരു സംബന്ധവും കൂടെ ഉണ്ടാകകൊണ്ട് അധിവസിപ്പാൻ ഏറ്റവും സുഖമായിട്ടതീർന്നു വിശേഷിച്ചും വിരാട രാജാവിനു പ്രസാദവും ആദരവും ഏററമുണ്ടായി വിവാഹം കഴിഞ്ഞപ്പോൾ തന്നെ പുത്രിയ്ക്ക ആഭിജാത്യാദിഗുണവിശിഷ്ടനായി അനുരൂപനായ വരനേ ലഭിച്ചത ഭാഗ്യം തന്നെ എന്നു വിചാരിച്ച പാണ്ഡവന്മാരിൽ സ്നേഹബഹുമാനാദികൾ വർദ്ധിച്ചു കഴിഞ്ഞു. അതിനു മാത്രം അഭിജാത വിക്രമനാണ അഭിമന്യു അൽഭുത ഭുജമഹസാ അത്ഭുതമായിരിയ്ക്കുന്ന ഭുജമഹസ്സോടു കൂടി ആളാണ പാർത്ഥാത്മജൻ അഭിമന്ന്യൂൻരെ പരാക്രമാദി ഗുണങ്ങളെ കേട്ട പല രാജാക്കന്മാരും പ്രശംസിക്കുന്നു. വിചാരിച്ചാൽ അതിനു സംഗതി ഉല്ലോ വിശ്വോൽകൃഷ്ടനാകിയ വിജയന്റെ പുത്രനാണ സുഭദ്രയാണ പ്രസവിച്ചത അതുകൊ തന്നെ വിശേഷം പിന്നെ എന്റെ ഭാഗിനേയനാകകൊ ഇവനേപ്പോലെ മറ്റൊരു രാജകുമാരൻ ഇല്ല എന്നു വരണം എന്ന വിചാരിച്ച സകലകലകൾക്കും ഉൽപത്തി സ്ഥാനമാകിയ ഭഗവാൻ തന്നെ സർവ്വ വിദ്യകളുടെയും സാരങ്ങൾ ഒക്കെയും ഉപദേശിച്ചിരിയ്ക്കുന്നു. പണ്ട രാജസൂയം കഴിഞ്ഞ ഭഗവാൻ എഴുന്നള്ളുമ്പോൾ ഭഗവൽ ഭാർയ്യമാരോടും കൂടെ ബാലനായ അഭിമന്ന്യൂനെയും കൊണ്ടു സുഭദ്രദ്വാരവതിങ്കലെയ്ക്ക പോയിരിയ്ക്കുന്നു. അതുകൊണ്ടു പിന്നെ പാണ്ഡവന്മാർക്കു ഒണ്ടായ അസഹ്യതകൾക്ക ഒന്നിനും സുഭദ്ര കൂടെ ഇല്ല ആ ദ്വാരവാതിങ്കൽ ഇരിയ്ക്കുമ്പോൾ അഭിമന്യു ക്രമേണ വളർന്ന

വിദ്യാഭ്യാസകാലം വന്നതിന്റെ ശേഷം അച്ഛൻ സമീപത്തങ്കൽ ഇല്ലായ്കകൊണ്ട അഭ്യാസത്തിന കുറവ വരരുത എന്നുറച്ചഭഗവാൻ തന്റെ പുത്രന്മാരെയും അഭിമന്യുന ചോറും കൊടുത്ത പള്ളിക്കട്ടുന്മേൽ തൃക്കയയകൊണ്ട എടുത്തിതങ്ങ വഴിപോലെ ലാളിയ്ക്ക. ഈശ്വരാനുഗ്രഹം കൊണ്ട ഇനിയ്ക്ക പുത്രന്മാര മററുള്ളവരെക്കായിലും ഏറെ ഭാഗിനേയനായിട്ട ഒരു ഉണ്ണിയെ ഒള്ളു. അവൻ അത്യുൽകൃഷ്ടനായിട്ട തീരണം എന്നു വച്ച അന്നന്നു പഠിച്ച വിദ്യകളെ ഒക്കെയും ഭഗവാൻ താനെ തന്നെ ചോദിയ്ക്കുന്ന സമയത്തിങ്കൽ അതിബുദ്ധിമാനായിരിക്കുന്ന അഭിമന്യു പ്രസംഗഭേദം വരാതെ പഠിപ്പിയ്ക്കുന്നതുപോലെ പറയുന്നതു കേട്ട പ്രസാദിച്ച മറ്റാരും ഗ്രഹിയാതെ ഉള്ള ദിവ്യാസ്ത്രാദികളുടെ സാരപ്രയോഗാദികൾ ഒക്കെയും സ്വാമി തന്നെ ഉപദേശിയ്ക്കകൊണ്ട ഭൂമിങ്കൽ ഇതുപോലെ മറ്റൊരുത്തൻ ഇല്ല. പിന്നെയും വിശേഷമുണ്ട *അ□ഭൂത ഭുജ മ ഹസാ* ഭുജത്തിന്റെ മഹസ്സ അൽഭുതം തന്നെ അഭിമന്ന്യൂന്റെ ബാഹുക്കൾക്ക പരാക്രമന്തന്നെ അതിവിശേഷമായിട്ടുള്ളത തേജോലക്ഷണാദി ഗുണങ്ങളുടെയും പൂർണ്ണതവഴിപോലെ അതുവഴിപോലെ വിചാരിക്കുംമ്പോൾ അറിയാം മഹാഭാരതം യുദ്ധത്തിങ്കൽ ആസകലം നശിച്ചു കഴിഞ്ഞിട്ട അഭിമന്യുന്റെ കയയകൊണ്ട പാണിഗ്രഹണം ചൈത ഉത്തര പ്രസവിച്ച തൽ പുത്ര പൌത്ര പരംപരയായിട്ടാണ ഭാവിനിയാകിയ വംശവൃത്തി അവ്വണ്ണമേല്ലാമിരിയ്ക്കുന്ന അഭിമന്യു ഉത്തരയെ വിവാഹം ചൈതതിന്റെ ശേഷം രാജാവ

*ബന്ധു വർഗ്ഗൈ സ്സഹ സന്തു ഷ്ഠ്യൻ മാത്സ്യ പുര്യാം ന്യവാ ത്സീ□.*

ആ വിവാഹത്തിന്നായിക്കൊണ്ട എത്തി ഇരിയ്ക്കുന്ന ബന്ധുജനങ്ങളെ കണ്ട് സന്തോഷിച്ച ധർമ്മപുത്രർ പറഞ്ഞു ഞങ്ങൾ കുറഞ്ഞൊരു കാലമായി സുഹൃത്തുകളോടു വേറുപെട്ട വിപത്തുകളെ അനുഭവിച്ച ഇരിയ്ക്കുന്ന ഇപ്പോൾ ഇങ്ങിനെ സംഗതി വരികകൊണ്ട ഇതിനായിട്ട വന്നിരിക്കുന്ന ആളുകൾ ഇനി ഏതാനും ചില ദിവസങ്ങൾ ഒന്നിച്ചിരിയ്ക്കാതെ വേറുപിരിക ഇനിയ്ക്കു ഒട്ടും പ്രസാദമില്ല. അതുമാത്രവുമല്ല പലതും വിചാരിച്ച നിശ്ചയിയ്ക്കാൻ ഉടനേ പോക ഉചിതമല്ല എന്നെന്റെ മതം





ഇപ്രകാരം പറഞ്ഞതുകേട്ട എല്ലാവരും ഒരുപോലെ അനുവദിച്ച അധിവസിച്ചും ഈ വണ്ണം സോമവംശ ശ്രേഷ്ഠനാകിയ യുധിഷ്ഠിരൻ ബലിഷ്ഠന്മാരായി വരിഷ്ഠന്മാരായിരിക്കുന്ന കനിഷ്ഠന്മാരൊടുകൂടെ സമയ സമുദ്ര തരണം ചൈത തദവസാനത്തുങ്കൽ പുത്രനേക്കൊണ്ട കുലവൃദ്ധികരമായിട്ടുള്ള വിവാഹവും ചൈയ്യിപ്പിച്ച സകല ബന്ധുസമേതനായിട്ട സന്തോഷത്തോടു കൂടെ മാത്സ്യപുരീങ്കൽ അധിവസിച്ചു.

ശുഭം

***ആധാര ഗ്രന്ഥങ്ങൾ***


1. പാത്രചരിതം പാഠകം, താളിയോല, രജി. നം. സി. 2296, ഗ്ര. സം. 140, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരളസർവ്വകലാശാല
2. സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ജോർജ്ജ് കെ.എം. (ജന. എഡി.), സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1958
3. പാഠകകഥാമാലിക, സാം എൻ (ഡോ.), എഡിറ്റർ, ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, കേരളസർവ്വകലാശാല, 2000
4. ലീലാതിലകം, കുഞ്ഞൻപിള്ള ശൂരനാട്ട് (വ്യാഖ്യാ), മൂന്നാം പതിപ്പ്, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011)



**ഡോ. ആർ.ബി. ശ്രീകല**
പ്രൊഫസർ,
ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് &
മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി
കേരളസർവകലാശാല, കാര്യവട്ടം,

# അപ സർപ്പക കഥ ക ളിലെ 'അന്വേ ഷ ണ യുക്തി'

### (ഉളിപിടിച്ച കൈ എന്ന കഥയെ ആസ്പ ദ മാ ക്കി)

**ഡോ. സുഷമകുമാരി കെ.എസ്.**


**പ്രബ ന്ധ സം ഗ്രഹം**

മലയാളത്തിലെ ആദ്യകാല കഥയായ 'ഉളിപിടിച്ച കൈ'യിലെ അന്വേഷണയുക്തി എന്ത്, എന്ന് വിശദമാക്കുന്ന പ്രബന്ധം. 'യുക്തി'യുടെ പ്രശ്നവൽക്കരണത്തിലാണ് പ്രബന്ധത്തിന്റെ ഊന്നൽ. ആദ്യകാല കഥകളുടെ പൊതുസ്വഭാവത്തിന്റെ വിശദീകരണമായും മാറുന്നു, ഇത്.



താക്കോൽവാക്കുകൾ

ഉളി പിടിച്ച കൈ, ഷെർലക് ഹോംസ്, അനുമേയയുക്തി, പ്രാമാണിക യുക്തി, സംഖ്യാശാസ്ത്രം.


അപസർപ്പകകഥകളിലെ അന്വേഷണയുക്തിയുടെ വേരന്വേഷിച്ചുപോയാൽ തീർച്ചയായും അത് എത്തിനിൽക്കുക ഷെർലക്ഹോംസ് കഥാകാരനായ ആർതർ കോനൽ ഡോയലിലാണ്. അനുവാചകരെ ആകാംക്ഷയുടെയും അത്ഭുതത്തിന്റേയും മുൾമുനയിൽ നിർത്തി വായനയുടെ ലോകത്തേക്ക് ബലമായി പിടിച്ചുവലിക്കുന്ന ഈ കഥകൾ വ്യത്യസ്ത നാടുകളിലെ കഥാകാരന്മാരെ സ്വാധീനിച്ചിട്ടുണ്ട്. മലയാളത്തിലെ ആദ്യകാല ചെറുകഥാകൃത്തുക്കളിൽ പലരും ഡോയലിന്റെ കഥകളെ അനുകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയമായൊരു കഥയാണ് അമ്പാടി നാരായണപ്പൊതുവാളിന്റെ 'ഉളിപിടിച്ച കൈ' (രസികരഞ്ജിനി, 1906). ഷെർലക്ഹോംസ് പരമ്പരയിലെ 'The Norwood builder'എന്ന കഥയെ അനുകരിച്ചാണ് ഈ കഥ എഴുതിയിട്ടുള്ളതെന്ന് കെ.എസ്.





രവികുമാർ 'ആദ്യകാല കഥകൾ' എന്ന ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. ഇംഗ്ലീഷിലെ കഥകൾ എടുത്തുവച്ച് പാത്രങ്ങളുടെയും സ്ഥലങ്ങളുടെയും പേര് മാറ്റി 'കഥയെഴുതുന്ന' സമ്പ്രദായത്തെപ്പറ്റി മൂർക്കോത്തുകുമാരനും സൂചിപ്പിക്കുന്നുണ്ട്. എന്തായാലും ഷെർലക്ഹോംസ് കഥകളുടെ പ്രത്യക്ഷാനുകരണം എന്ന് പറയാൻ കഴിയുന്ന കഥയാണ് പൊതുവാളിന്റെ കഥയെങ്കിലും ഡോയൽ അവതരിപ്പിക്കാൻ ശ്രമിക്കുന്ന അന്വേഷണയുക്തി എത്രമാത്രം കഥാകാരൻ സ്വന്തം കഥയിൽ കൊണ്ടുവരാൻ ശ്രമിച്ചു എന്നുള്ളത് അന്വേഷണ വിധേയമാക്കാവുന്നതാണ്.

മനുഷ്യന് രണ്ടുതരം യുക്തികളാണ് ഉള്ളത്. അനുമേയയുക്തിയും (deductive reasoning) പ്രാമാണികയുക്തിയും (Indective reasoning). ഒരു വ്യക്തി ഗവേഷണാത്മകമായി പിൻതുടരുന്ന യുക്തിയാണ് അനുമേയയുക്തി. ഒരു പരികല്പന(hypothesis)യിൽ നിന്നാണ് ഇത് ആരംഭിക്കുന്നത്. വസ്തുതകൾ പരിശോധിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. ഗണിതശാസ്ത്രത്തിൽ ഉപയോഗിക്കുന്ന യുക്തി കൂടിയാണിത്. (മ=യ, യ=ര അതുകൊണ്ട് മ=ര എന്ന ശാസ്ത്രയുക്തി). ആധുനിക ഗവേഷണപദ്ധതി പിൻതുടരുന്നതും ഈ യുക്തി തന്നെ. ഒരു സിദ്ധാന്തത്തിന്റെ പിൻബലത്തിൽ ആരംഭിക്കുകയും അന്വേഷണാത്മകമായ യാത്രയ്ക്കൊടുവിൽ ഒരു നിഗമനത്തിൽ എത്തിച്ചേരുകയുമാണ് ഇവിടെ സംഭവിക്കുന്നത്.

എന്നാൽ പ്രാമാണികയുക്തിയാകട്ടെ നിഗമനങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. നിഗമനത്തിലൂടെ സാമാന്യവത്ക്കരണവും സിദ്ധാന്തവത്ക്കരണവും സാധ്യമാക്കുന്നു. പ്രാമാണികയുക്തി ഉപയോഗിക്കുമ്പോൾ ആദ്യംതന്നെ ഒരു നിഗമനത്തിൽ എത്തുകയാണ് ചെയ്യുന്നത്. ആ നിഗമനത്തെ യാഥാർത്ഥ്യവത്ക്കരിക്കാനുള്ള ശ്രമമാണ് പിന്നീട് നടക്കുന്നത്. ഈ രണ്ട് യുക്തികളേയും ഒരു ഫണലിനെ (ചോർപ്പ്/വച്ചൂറ്റി) അടിസ്ഥാനപ്പെടുത്തി വിശദീകരിക്കുവാൻ സാധിക്കും. സാധാരണ ഒരു ഫണൽ ഉപയോഗിക്കുമ്പോൾ മുകൾഭാഗം വ്യാസമുള്ളതും അടിഭാഗം ഇടുങ്ങിയതുമായിട്ടായിരിക്കും കാണപ്പെടുന്നത്. ഫണലിനെ കമഴ്ത്തി വയ്ക്കുമ്പോ

ഴാകട്ടെ മുകൾഭാഗം ഇടുങ്ങിയതും താഴ്ഭാഗം വ്യാസമുള്ളതുമായിരിക്കും. അതുപോലെ തന്നെയാണ് അനുമേയയുക്തിയും പ്രാമാണികയുക്തിയും പ്രവർത്തിക്കുന്നതും. അനുമേയയുക്തി സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേക്ക് വരുമ്പോൾ പ്രാമാണികയുക്തി സൂക്ഷ്മത്തിൽനിന്നും സ്ഥൂലത്തിലേക്കാണ് സഞ്ചരിക്കുന്നത്. ഗവേഷണത്തിൽ വിശാലമായ അറിവിൽ നിന്ന് സൂക്ഷ്മവും അനന്യവുമായ അറിവിലേക്കാണല്ലോ പോകുന്നത്. അതിനാൽ അവിടെ പ്രവർത്തിക്കുന്നത് അനുമേയയുക്തിയാണ്. എന്നാൽ കുറ്റാന്വേഷണ സംരംഭങ്ങളിൽ സൂക്ഷ്മത്തിൽനിന്ന് സ്ഥൂലത്തിലേക്കാണ് പോകുന്നത്. അതുകൊണ്ട് അവിടെ പ്രാമാണികയുക്തിയാണ് പ്രവർത്തിക്കുന്നത്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുമാണ് ഷെർലക്ഹോംസ് കൃതികൾ രചിക്കപ്പെട്ടിട്ടുള്ളത്. യുക്തിചിന്ത, ചരിത്രാവബോധം എന്നിവയ്ക്ക് അപസർപ്പക സാഹിത്യത്തിൽ സ്ഥാനം നൽകിയത് ഷെർലക് ഹോംസ് പരമ്പരകളുടെ രചയിതാവായ ആർതർ കോനൽ ഡോയൽ ആണ്. ഷെർലക് ഹോംസിന്റെ കുറ്റാന്വേഷണ പരമ്പരകളിൽ പ്രാമാണികയുക്തിയാണ് ഡോയൽ ഉപയോഗിച്ചിരിക്കുന്നത്. ചില ഊഹങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലാണ് കഥാനായകൻ അന്വേഷണം ആരംഭിക്കുന്നത്. കുറ്റവാളി അവശേഷിപ്പിച്ച വിരലടയാളങ്ങൾ, വിവിധ സ്ഥലങ്ങളിലെ മണ്ണ്, പൊടി, കാല്പാടുകൾ, പാദരക്ഷകളുടെയും വണ്ടിച്ചക്രങ്ങളുടെയും പാടുകൾ മുറിവുകളുടെ ആകൃതി, സ്ഥാനം തുടങ്ങി ധാരാളം ഘടകങ്ങൾ നിഗമനങ്ങളിലും ഊഹങ്ങളിലും എത്തിച്ചേരാൻ നായകനെ സഹായിക്കുന്നു. ഈ നിഗമനങ്ങളിലൂടെ സാമാന്യവത്ക്കരണത്തിൽ എത്തിച്ചേരുകയാണ് അയാൾ. അങ്ങനെ ചെറിയ തെളിവുകളിലൂടെ കുറ്റം ചെയ്ത വ്യക്തിയുടെ സ്വത്വം കണ്ടെത്താൻ കഴിയുന്നു. ഇത് ശാസ്ത്രീയരീതിയുടെയും യുക്തിയുടെയും അടിസ്ഥാനത്തിലാണ് സാധ്യമാകുന്നത്. ഷെർലക്ഹോംസ് സ്വീകരിച്ച വിശകലനോപാധികൾ ആധുനിക കുറ്റാന്വേഷണശാസ്ത്രത്തിന്റെയും ഉപാധികളാകുന്നത് അതുകൊണ്ടാണ്.





ഒരു കുറ്റം തെളിയിക്കാൻ നിരവധി രേഖകൾ (data) കുറ്റാന്വേഷകന് ആവശ്യമാണ്. വിശ്വസനീയ രേഖകൾക്കനുസരിച്ച് നിഗമനങ്ങൾ ശക്തമാകുന്നു. സംഭവ്യത (probabilty), സാദൃശ്യം (Analogy), കാര്യകാരണ നിഗമനങ്ങൾ (Casual inference), സാംഖ്യാശാസ്ത്രയുക്തി (statistical reasoning), പ്രവചനങ്ങൾ (prediction), സാമാന്യവത്ക്കരണം (generalization) തുടങ്ങി ധാരാളം ഘടകങ്ങൾ പ്രാമാണികയുക്തിയുടെ അടിസ്ഥാനമായി വർത്തിക്കുന്നു.

ഷെർലക്ഹോംസ് സ്വീകരിച്ച പ്രാമാണികയുക്തി തന്നെയാണ് അമ്പാടി നാരായണപ്പൊതുവാൾ 'ഉളിപിടിച്ച കൈ' എന്ന തന്റെ കഥയിൽ സ്വീകരിച്ചിരിക്കുന്നത്. മൂത്താശാരി പറങ്ങോടന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണമാണ് കഥയുടെ കേന്ദ്രം. പറങ്ങോടനെ പുരകത്തിച്ച് കൊന്നത് ആശാരിച്ചെറുക്കനായ കോപ്പനാണെന്ന് കരുതി കൊത്തുവാൾ മമ്മതുഖാനും കൂട്ടാളികളും അവനെപ്പിടിക്കാൻ നടക്കുന്നു. കോപ്പൻ, പ്രായാധിക്യം കൊണ്ട് കൊത്തുവാൾപ്പണിയിൽനിന്നും വിരമിച്ച ഉക്കണ്ടക്കുറുപ്പിനെ ശരണം പ്രാപിക്കുന്നു. പറങ്ങോടന്റെ പുര കത്തി അയാളെ കാണാതായെങ്കിലും ജഡം കണ്ടെത്താനായില്ല. കൊലപാതകവുമായി ബന്ധപ്പെട്ട് പുതിയ കൊത്തുവാൾ മമ്മതുഖാനും ഉക്കണ്ടക്കുറുപ്പും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാവുകയും രണ്ടുപേരും തങ്ങളുടേതായ രീതിയിൽ അന്വേഷണം ആരംഭിക്കുകയും ചെയ്യുന്നു. ഒടുവിൽ ഉക്കണ്ടക്കുറുപ്പിന്റെ അന്വേഷണത്തിൽ പറങ്ങോടൻ മരിച്ചിട്ടില്ലായെന്നും കോപ്പനെ കുടുക്കാൻവേണ്ടി അയാൾ നടത്തിയ തന്ത്രപരമായ കളിയായിരുന്നു ഇതെല്ലാമെന്നും കണ്ടെത്തുന്നു.

ഉക്കണ്ടക്കുറുപ്പാണ് നായകസ്ഥാനത്ത് നിൽക്കുന്നത്. രാജഭരണകാലത്ത് പോലീസിന് തുല്യ സ്ഥാനമുള്ള കുറ്റാന്വേഷകനായ 'കൊത്തുവാൾ' പദവിയിൽനിന്ന് വിരമിച്ച അയാൾ തന്ത്രപരമായ അന്വേഷണബുദ്ധിയുടെ ഉടമയാണ്. കാര്യകാരണബന്ധിതമായ

ചില നിഗമനങ്ങളുടെയും കണക്കുകൂട്ടലുകളുടെയും പിൻബലത്തിലാണ് അയാൾ കേസ് അന്വേഷിക്കുന്നതും ഒടുവിൽ സത്യം കണ്ടെത്തുന്നതും. കഥയുടെ ആരംഭത്തിൽത്തന്നെ ആ കാലഘട്ടത്തിന്റെ കേസന്വേഷണത്തിന്റെ പ്രത്യേകതകളെപ്പറ്റിയും, ഷെർലക്ഹോംസ് ബുദ്ധി സത്യം കണ്ടെത്തുന്നതിന് എത്രമാത്രം സഹായിക്കുമെന്നതിനെപ്പറ്റിയും കഥാകാരൻ വ്യക്തമായ ധാരണ തരുന്നുണ്ട്. 'പോലീസും മജിസ്ട്രേട്ടും അക്കാലത്തില്ല. കയറും മുളകും കുറ്റം തുമ്പുണ്ടാക്കാനുള്ള ഉപകരണങ്ങളാണെന്നാരും വിചാരിച്ചിരുന്നതുമില്ല. കോർട്ടിലേപ്പിക്കലും കൂട്ടിക്കേറ്റി വിസ്തരിക്കലും അന്ന് തുടങ്ങിയിട്ടില്ല. 'പിങ്കെട്ടും എടക്കുഴവയും' തച്ചുശാസ്ത്രത്തിലെ സംജ്ഞകളെന്നല്ലാതെ ഭേദ്യവകുപ്പിലെ പ്രയോഗവിശേഷങ്ങളാണെന്ന് ജനങ്ങൾക്കറിവായിത്തുടങ്ങിയതും അന്നുമുതൽക്കല്ല. ഊടും ചോടും പിടിച്ച് കുറ്റം തുമ്പുണ്ടാക്കുന്നതിന് കയ്യൂക്കിനെക്കാൾ, നല്ലത് നെഞ്ചൂക്കും തന്മിടുക്കുമാണെന്ന് പരസ്യബോധ്യം വരുത്തി പരോപദ്രവം കൂടാതെ വളരെക്കാലം പോലീസുകാരും അന്വേഷിച്ചുവന്ന ഉക്കണ്ടക്കുറുപ്പ് എന്നിങ്ങനെ കുറ്റാന്വേഷകന്റെ മിടുക്കിനെ അവതരിപ്പിച്ചുകൊണ്ടാണ് കഥയുടെ ആരംഭം.

കയ്യൂക്കിനെക്കാൾ നെഞ്ചൂക്കിനും തന്മിടുക്കിനും പ്രാധാന്യം കൊടുക്കുന്ന ഉക്കണ്ടക്കുറുപ്പ് കുശാഗ്രബുദ്ധിയായ കുറ്റാന്വേഷകനാണ്. പുതിയ കൊത്തുവാൾ മമ്മതുഖാൻ പട്ടാണിയാകട്ടെ കയ്യൂക്കിന് പ്രാധാന്യം കൊടുക്കുന്നവനുമാണ്. രണ്ടുപേരുടെയും അന്വേഷണത്വരയിലുള്ള ആ വ്യത്യാസമാണ് കഥയെ ഡിക്ടറ്റീവ് സ്വഭാവമുള്ളതാക്കുന്നത്. പ്രാമാണികയുക്തിയുടെ അടിസ്ഥാനഘടകങ്ങൾ ആസ്പദമാക്കിയാണ് ഉക്കണ്ടക്കുറുപ്പ് കോപ്പൻ അല്ല കൊലപാതകം ചെയ്തത് എന്ന നിഗമനത്തിൽ എത്തുന്നത്. കാര്യകാരണബന്ധത്തെ (casual inferrence) അടിസ്ഥാനമാക്കിയുള്ള മുൻവിധിയോടുകൂടിയ സമീപനം അദ്ദേഹത്തിന്റെ അന്വേഷണം എളുപ്പമുള്ളതാക്കിത്തീർക്കുന്നു. കോപ്പനെ ആദ്യം കാണുന്ന മാത്രയിൽത്തന്നെ അവനല്ല കൃത്യം നടത്തിയതെന്ന ദീർഘവീക്ഷണത്തോടെയുള്ള പ്രവചനം (prediction) ഉക്കണ്ടക്കുറിപ്പിലെ കുറ്റാന്വേഷകനെ ഷെർലക് ഹോംസിന് സമാനനാക്കുന്നു.





കുറുപ്പും കോപ്പനും തമ്മിലുള്ള ആദ്യസമാഗമത്തിൽത്തന്നെ സാമാന്യവത്ക്കരണ (Generalization) ത്തിന്റെയും കാര്യകാരണബന്ധത്തിന്റെയും (casual inferrence) അടിസ്ഥാനത്തിലുള്ള നിരീക്ഷണം കുറുപ്പ് നടത്തുന്നുണ്ട്. ''ആപത്ത് നേരിട്ടിട്ടുണ്ടെന്ന് കണ്ടാലറിയാം. നീ ചോറ്റാനിക്കര കിഴക്കേക്കുന്നിൽക്കൂടിയാണ് വരുന്നതെന്നും മനസ്സിലായി. വായുക്ഷോഭത്തിന്റെ ഉപദ്രവമുള്ളവനും എടുത്തുകൈ സ്വാധീനമുള്ളവനുമാണെന്നും ഞാൻ ധരിച്ചു.'' ഇതൊക്കെ കുറുപ്പിന് ജ്യോതിഷം വശമുള്ളതുകൊണ്ട് മനസ്സിലാക്കിയതാണെന്ന കോപ്പന്റെ അഭിപ്രായത്തിന് ജ്യോതിഷമറിയില്ലെന്നും നിന്റെ സമ്പ്രദായം കണ്ട് മനസ്സിലാക്കിയതാണെന്നും കുറുപ്പ് മറുപടി പറയുന്നുണ്ട്. കോപ്പന്റെ കാലിൽ പുരണ്ട മണ്ണുകണ്ടാണ് വരുന്ന സ്ഥലം കുറുപ്പിന് പറയാൻ സാധിച്ചത്.

സംഭവ്യതയുടെ (probability) അടിസ്ഥാനത്തിലാണ് പറങ്ങോടൻ കൊല്ലപ്പെട്ടിട്ടില്ല എന്ന നിഗമനത്തിൽ കുറുപ്പ് എത്തിച്ചേരുന്നത്. മമ്മതുഖാന്റെ നിഗമനങ്ങൾ പക്ഷേ വെറും നിരീക്ഷണങ്ങൾ മാത്രമാണ്. 'പണിപ്പുര കത്തുമ്പോൾ ശവം കരിഞ്ഞ നാറ്റം പൊന്തുന്നവരായിരുന്നു എന്ന് ജനങ്ങൾ പറഞ്ഞതിനെമാത്രം വിശ്വസിച്ചല്ല ഈ സംഗതി തീർച്ചപ്പെടുത്തിയത്. അവൻ കിടന്നിരുന്ന മുറി പരിശോധിച്ചപ്പോൾ അവിടെ ചോരത്തുള്ളികൾ കിടക്കുന്നത് കണ്ടു. ഒരു ഘനമുള്ള സാധനം (പറങ്ങോടന്റെ ശവം തന്നെ) വലിച്ചുകൊണ്ടുപോയ പാട് പണിപ്പുരവരെ ധാരാളം തെളിഞ്ഞുകിടപ്പുണ്ട്. കത്തി ദ്രവിച്ച ചാരത്തിൽനിന്നുതന്നെ കരിഞ്ഞ മാംസഖണ്ഡങ്ങളും കിട്ടി. പറങ്ങോടന്റെ കൈയിൽ കിടന്നിരുന്ന ഒരു ഇരുമ്പുവളയും പിന്നീട് പരിശോധിച്ചപ്പോൾ ആ ചാരത്തിൽ കിടപ്പുണ്ടായിരുന്നു. പറങ്ങോടനെ ദഹിപ്പിച്ചു എന്നുള്ളത് ഇതിലധികം തെളിവ് വേണമെന്നില്ല.' (ആദ്യകാല കഥകൾ, പേജ് 256). അയാളുടെ ഈ നിഗമനങ്ങൾ പക്ഷേ കോപ്പനാണ് കൊല ചെയ്തത് എന്ന വസ്തുതയിൽ എത്തിച്ചേരുന്നില്ല. ആകെയുള്ളത് കോപ്പൻ തലേദിവസം പറങ്ങോടന്റെ ഗൃഹം സന്ദർശിച്ചു എന്നത് മാത്രമാണ്. ആദ്യദിവസത്തെ അന്വേഷണത്തിൽ കിട്ടാത്ത കോപ്പന്റെ ഉളി അടുത്തദി

വസം പറങ്ങോടന്റെ വീട്ടിൽനിന്ന് കണ്ടെടുക്കുന്നതോടെ കോപ്പൻ തന്നെയാണ് പ്രതിയെന്ന് മമ്മത്ഖാൻ ഉറപ്പിക്കുകയും ചെയ്യുന്നു.

ഉക്കണ്ടക്കുറുപ്പിന്റെ പ്രാമാണികയുക്തി പ്രവർത്തിക്കുന്നത് മറ്റൊരുതരത്തിലാണ്. അയാൾ കോപ്പന്റെ വീട് സന്ദർശിക്കുകയും കോപ്പന്റെ മാതാപിതാക്കളും പറങ്ങോടനും തമ്മിലുള്ള ശത്രുത മനസ്സിലാക്കുകയും ചെയ്യുന്നു. കോപ്പനെയും മാതാപിതാക്കളെയും അപകടപ്പെടുത്താൻ പറങ്ങോടൻ തക്കം പാർത്തിരിക്കുകയാണെന്നും അയാൾ തിരിച്ചറിയുന്നു. തന്ത്രപരമായി കോപ്പനെ വീഴ്ത്താനാണ് തലേദിവസം വീട്ടിലേക്ക് വിളിച്ചതെന്നും അയാളുടെ മുതലുകളുടെ അവകാശിയാക്കി കോപ്പനെ നിശ്ചയിച്ച് കള്ള പ്രമാണം ചമച്ചതെന്നും ഉക്കണ്ടക്കുറുപ്പ് കണ്ടെത്തുന്നു. പറങ്ങോടന്റെ ഗൃഹം സന്ദർശിച്ച കുറുപ്പ്, തലേദിവസം കാണാതിരുന്ന കോപ്പന്റെ ഉളി എങ്ങനെ പിറ്റേദിവസം അവിടെയെത്തി എന്ന് കാര്യകാരണനിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുന്നു. അങ്ങനെ എത്തിച്ചേർന്ന നിഗമനത്തിലൂടെ യഥാർത്ഥ കുറ്റവാളിയെ കണ്ടെത്താൻ അയാൾക്ക് നിഷ്പ്രയാസം സാധിക്കുകയും ചെയ്യുന്നു.

ഉളിപിടിച്ച കോപ്പന്റെ കൈയാണ് എല്ലാത്തിനും തെളിവെന്ന മമ്മതുഖാന്റെ വാദത്തെ ഖണ്ഡിച്ചുകൊണ്ട് കുറുപ്പ് തന്റെ നിഗമനങ്ങൾ സാമാന്യവത്ക്കരണ(generalisation)ത്തിലൂടെ അവതരിപ്പിക്കുന്നു. സാംഖ്യാശാസ്ത്രയുക്തി (statistical reasoning) ആണ് ഇവിടെ അതിന് അയാളെ സഹായിക്കുന്നത്. കുറുപ്പിന്റെ വാക്കുകളിലൂടെ കഥാകാരൻ തന്റെ ഷെർലക് ബുദ്ധി ഇങ്ങനെ അവതരിപ്പിക്കുന്നു. 'ഉളി പിടിച്ച കൈ മതിയായ തെളിവാണെന്ന് നിങ്ങൾ (മമ്മതുഖാൻ) പറഞ്ഞു. ഞാനും സമ്മതിച്ചില്ലെ? എന്റെ സമ്മതം മറ്റൊരു വഴിക്കായിരുന്നു. ഇന്നലെ സന്ധ്യയ്ക്ക് ആ ഉളി അവിടെ ഉണ്ടായിരുന്നില്ലെന്ന് എനിക്ക് നിശ്ചയമുണ്ട് (സംഭവ്യത). കോപ്പൻ എടവ്നാണെന്നും ഞാൻ അവനെ കണ്ടപ്പോൾ എനിക്കു തോന്നി. അവൻ മുഴക്കോൽ വലതുകൈയിലാണ് പിടിച്ചിരുന്നത്. സംസാരത്തിനിടയ്ക്കുള്ള കയ്യാംഗ്യംകൊണ്ട് എന്റെ സംശയവും





തീർന്നു. കോപ്പന് ആറു വിരലുള്ളത് വലത്തു കൈപ്പത്തിമേലല്ലേ. അസ്വാധീനമായ കൈകൊണ്ട് ഒരുവനെ കുത്തിക്കൊല്ലില്ലെന്നു വിചാരിക്കരുതോ (കാര്യകാരണനിഗമനങ്ങൾ) ഉളിയിൽ പതിച്ചിട്ടുള്ള കൈയ്പ്പടം കൃത്രിമമാണെന്ന് തീർച്ചപ്പെടുത്തി. ഈ പണി പറ്റിച്ച താരാണെന്നാലോചിച്ചു ഈ പുരയുടെ പുറത്തേക്കുള്ള വാതിൽ മാത്രമേ തുറന്നിട്ടുണ്ടായിരുന്നുള്ളൂ എന്നും പാറാവുകാർ രാത്രി ഉറങ്ങിയിട്ടില്ലെന്നും തീർച്ച പറയുന്നുണ്ട്. അതുകൊണ്ട് ഉളി പുറത്തുനിന്നും വന്നതല്ലെന്ന് നിശ്ചയിച്ചു. ആശാരിച്ചിക്ക് ഉളിയിരുന്ന സ്ഥലം എത്തില്ല. ആകപ്പാടെ വീടിനുള്ളിൽ കള്ളനുണ്ടെന്ന് നിശ്ചയിച്ചു. പിന്നെ സ്ഥലം കണ്ടുപിടിക്കാനുള്ള ശ്രമമായി. പുരയുടെ ദീർഘവിസ്താരവും മുറികളുടെ ദീർഘവിസ്താരവും കൂടി നോക്കിയപ്പോൾ വീതിയിൽ ഒരു കോൽ ഉള്ള് കുറവായിക്കണ്ടു (സാംഖ്യാശാസ്ത്രയുക്തി). സൂക്ഷ്മമായി നോക്കിയപ്പോൾ രണ്ട് ഭിത്തികളുടെ നടുക്ക് ഒരു ചെറിയ മുറിയാണെന്ന് മനസ്സിലായി. വായു സഞ്ചാരത്തിന് പഴുതില്ലെങ്കിൽ ആൾ അകത്തുകാണുമോ എന്ന് സംശയമായി. തട്ടിൻപുറത്ത് കയറിനോക്കിയപ്പോൾ ആ സംശയവും തീർന്നു' (ആദ്യകാലകഥകൾ, പേജ് 160). അങ്ങനെ പറങ്ങോടന്റെ കൊലപാതകം അവൻ സ്വയം തട്ടിക്കൂട്ടിയ തന്ത്രമായിരുന്നുവെന്ന് അയാളെ വീട്ടിനുള്ളിലെ രഹസ്യഅറയിൽ നിന്ന് പുകച്ച് പുറത്ത് ചാടിച്ച് കുറുപ്പ് കണ്ടെത്തുന്നു.

കഥയിങ്ങനെ കുറ്റാന്വേഷണ രഹസ്യം കണ്ടെത്തി അവസാനിക്കുന്നുണ്ടെങ്കിലും ആദ്യകാല കഥകളിൽ പൊതുവെ കാണുന്ന ബാലാരിഷ്ടതകൾ ഷെർലക് ഹോംസ് കഥകളുടെ കെട്ടുറപ്പും കാര്യകാരണബന്ധവും കഥയ്ക്ക് നൽകുന്നില്ലെന്ന് മാത്രമല്ല പല അസ്വാഭാവികതകളിലേക്കും സംശയങ്ങളിലേക്കും വായനക്കാരെ നയിക്കുന്നുമുണ്ട്. പല സൂചനകൾക്കും സംഭവങ്ങൾക്കും കാരണം കാണിക്കുവാനോ പൂർത്തീകരണം സാധ്യമാക്കാനോ കഥാകാരന് കഴിഞ്ഞിട്ടില്ല. കഥയിൽ പല ഭാഗത്തും അവ്യക്തതയും പരസ്പര പൊരുത്തമില്ലായ്മയും നിഴലിക്കുന്നുമുണ്ട്. മറ്റൊരു കഥയെ പൂർണ്ണമായും അനുകരിക്കാനുള്ള ശ്രമത്തിൽ മനഃപൂർവ്വമല്ലാതെ സംഭവിച്ചുപോയതാകാം ഇത്.

## ഗ്രന്ഥ സൂചി

1. ആദ്യകാലകഥകൾ, എഡി.കെ.എസ്.രവികുമാർ, കറന്റ് ബുക്സ്, കോട്ടയം, 1993
2. മലയാള ചെറുകഥാസാഹിത്യചരിത്രം, ഡോ.എം.എം.ബഷീർ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2002
3. മാധവൻ, കോമലേഴത്ത് കെ.ജി., കഥാപല്ലവങ്ങൾ, കോട്ടയം, വിദ്യാർത്ഥിമിത്രം ബുക്ക് ഡിപ്പോ, 1971
4. Mastermind: How to Think Like Sherlock Holmes by Maria Mastermind, Konnikova.“Canongate, UK, 2013.
6. A study in scarlet by Arthur Conan Doyle, Ward Lock & Co, UK, 1887.
7. Conan Doyle, Sir Arthur & Baring-Gould, William Stuart (1988). The annotated Sherlock Holmes: the four novels and the fifty-six short stories complete. Volumes =1&2. C.N. Potter. (OE 1967).

**ഡോ. സുഷമകുമാരി കെ. എ സ്.**
അസ്സോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
യൂണിവേഴ്സിറ്റി കോളേജ്
തിരുവനന്തപുരം
Ph: 9495817354
email:drsushamakumary@gmail.com

# ഞാന മു ത്തു മാല: ചരി ത്രം, ഭാഷ, ദർശനം

ഡോ. എമ്മാ നു വ□
ആട്ടേ□

**പ്രബ ന്ധ സം ഗ്രഹം**

ക്രിസ്തീയമതസംഹികകളുടെ നൂറ്റഞ്ച് മുത്തുകൾ കോർത്തിണക്കിയ അക്ഷരഹാരമാണ് ഞാനമുത്തുമാല ഞാനമുത്തുമാലയിലെ ഗദ്യത്തിന്റെ സവിശേഷതകളാണ് ലേഖനത്തിൽ പ്രതിപാദിക്കുന്നത്.

**താക്കോ□വാക്കു കൾ**

ഞാനമുത്തുമാല, അഴിയാതമുത്തുമാല, മിഷണറി മലയാളഗദ്യം, ആധുനികഗദ്യം, വർത്തമാനകാലഗദ്യം.

**ആമുഖം**

ഭാഷാഗദ്യത്തിന്റെ അടരുകളിൽ തനതിടം അടയാളപ്പെടുത്തിയ അപൂർവഗ്രന്ഥമാണ് പതിനെട്ടാംനൂറ്റാണ്ടിൽ വിരചിതമായ *ഞാന മു ത്തു മാല* അഥവാ *അഴി യാത മുത്തുമാല.* തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥാലയത്തിനു ശ്രീ എൻ.വി. ജോസഫുനൽകിയ താളിയോലപ്പകർപ്പ് ആധാരമാക്കി പണ്ഡിതനായ ശ്രീ ശൂരനാട്ടുകുഞ്ഞൻപിള്ള 1956-ൽ ഈ കൃതി മുദ്രണംചെയ്തു പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത പതിപ്പിന്റെ ഉപോദ്ഘാതകത്തിൽ ഇടയാറന്മുള ശ്രീ. കെ. എം. വർഗീസ് കൃതിയുടെ പ്രത്യേകതകളും പ്രാധാന്യവും ഊന്നിപ്പറയുന്നതായി കാണാം. പിന്നീടു പ്രൊഫ. സി. എൽ. ആന്റണി (1980) *ഞാന മു ത്തു മാലയി*ലെ ഭാഷയെപ്പറ്റി സാമാന്യപഠനം നടത്തിയിട്ടുണ്ട്. ചില ഭാഷാചരിത്രഗ്രന്ഥങ്ങൾ ഈ കൃതിയെപ്പറ്റി പരാമർശിക്കുന്നതായും കാണുന്നു. എങ്കിലും, ചരിത്രമൂല്യം സംവഹിക്കുന്ന,





ക്രിസ്തുമതസംബന്ധിയായ ഈ പ്രാചീനകൃതിക്കു വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലെന്നുള്ളതു വാസ്തവമത്രേ!. ഗ്രന്ഥത്തിന്റെ പ്രതികൾ ഇന്നു പഠിതാക്കൾക്കു ലഭ്യവുമല്ല. ഈയൊരു പശ്ചാത്തലത്തിൽജീവദ്ഭാഷയുടെ പ്രൗഢി തുടിക്കുന്ന, മലയാളത്തിന്റെ തനിമപേറുന്ന, ഈ ആദ്യകാല കൃതിയിൽ കാണുന്ന ഗദ്യത്തിന്റെസവിശേഷതകളെപ്പറ്റിപ്രതിപാദിക്കുന്നതു ഭാഷാചരിത്ര വിദ്യാർഥികൾക്ക് ഉപകരിക്കുമെന്നത് ഉറപ്പാണ്.

ക്രിസ്തീയമതതത്ത്വങ്ങളുടെ പ്രകാശനമാണു കൃതിയുടെ ഉദ്ദേശ്യം. ഗ്രന്ഥനാമത്തെപ്പറ്റിയും പ്രദിപാദ്യത്തെപ്പറ്റിയും ഒന്നാംഖണ്ഡത്തിന്റെ അവസാനം ഇപ്രകാരംരേഖപ്പെടുത്തിയിരിക്കുന്നു.

……..*ഈ ഞാന പു സ്ത ക മാ കു ന്നതു* ആത്മത്തിനു വലിയ ആഭരണമായിരിക്കുന്നതുകൊണ്ട് ഈ പുസ്തകത്തിനു അഴിയാതമുത്തുമാല എന്നു പേരായിരിക്കുന്നതുകൊണ്ട് ഓരോരോ വകുപ്പ ഓരോരോ മുത്താകെ എണ്ണിക്കൊണ്ട് അതിനു സമമായിരിക്കും. ഇങ്ങനെ കോർക്കുന്ന മുത്തുകളാകുന്ന ഉചിതവചനങ്ങളുള്ള പുസ്തകമാകുന്നത് ഞാനമുത്തുമാലയെന്നും ചൊല്ലുന്നത്.

അജ്ഞാതകർത്തൃകമാണ് ഈ പ്രാചീനഗ്രന്ഥം. കരിയാറ്റി ജോസഫ് മല്പാനാണ് ഇതു രചിച്ചതെന്ന് ഒരു സാമാന്യധാരണയുങ്കെിലും അതിന് ആന്തര/ബാഹ്യസാക്ഷ്യം ലഭ്യമല്ല. എന്നാൽ, ക്രൈസ്തവമതതത്ത്വങ്ങളിലും വേദഗ്രന്ഥത്തിലും നിഷ്ണാതനായ ഒരു ആത്മീയാചാര്യനാണു ഗ്രന്ഥകർത്താവ് എന്ന് ഉള്ളടക്കം നോക്കി തർക്കമില്ലാതെ ഉറപ്പിക്കാനാകും.

മിശിഹാ പിറന്നിട്ട് ആയിരത്തി എഴുന്നൂറ്റി എൺപത്തിനാലാം(1784) കാലം പെരിയകോവിൽ പാളയത്തിലിരുന്നു

തമിഴ്പ്പെടുത്തിയ പുസ്തകത്തിൽ **കണ്ട** *പേർപ്പ്* എന്നു ഗ്രന്ഥാരംഭത്തിൽ കൊടുത്തിട്ടുള്ളതു രചനാകാലം വ്യക്തമാക്കുന്നു. ഇതു പകർത്തി എഴുതിയതു കൊല്ലവർഷം 1023 ധനു മാസത്തിലാണെന്നു രേഖപ്പെടുത്തിയിരിക്കുന്നതും പരിഗണിക്കേതാണ്. കേരളത്തിലെ ക്രൈസ്തവരുടെ പ്രബലവിഭാഗമായ സുറിയാനികത്തോലിക്കരുടെ ആത്മീയസംസ്കൃതിയാണു രചനാപശ്ചാത്തലം.





**ഭാഷ**

മിഷണറിമലയാളത്തിന്റെ അകത്തളത്തുനിന്നാണു*ഞാന മു ത്തു മാ ല*യിലെ ഗദ്യം പഠനവിധേയമാക്കേണ്ടത്. പോർച്ചുഗീസുകാരനായ വാസ്കോഡിഗാമയുടെ ആഗമനത്തോടെ 1498-ൽ ആരംഭിച്ച പാശ്ചാത്യസംസർഗം മലയാളഭാഷയുടെ വികാസത്തിനു നിമിത്തമായി എന്നുപറയാം. മതപ്രചാരണാർഥം കേരളത്തിലെത്തിയ വിദേശമിഷണറിമാർ തങ്ങളുടെ രചനകളിലൂടെ ഭാഷയുടെ സർവതലങ്ങളും പരിവർത്തനപ്പെടുത്തി. അവരുടെ പാത പിൻതുടർന്ന കേരളക്കാരായ പാതിരിമാരും വിവിധങ്ങളായ ഭാഷാപോഷണോദ്യമങ്ങളിൽ ഏർപ്പെട്ടു. അങ്ങനെ, സ്വദേശീയരും വിദേശീയരുമായ പ്രേഷിതരുടെ രചനകളിലൂടെ ഉരുത്തിരിഞ്ഞ ഭാഷയാണു മിഷണറിമലയാളം. ഈ മിഷണറിമലയാളയുഗം ഏതാണ്ടു പതിനാറാംനൂറ്റാണ്ടുമുതൽ പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനംവരെ വ്യാപിച്ചു കിടക്കുന്നു. ഈ കാലഘട്ടത്തെ രണ്ടായി തിരിക്കാവുന്നതാണ്. മിഷനറിമലയാളഗദ്യത്തെ രണ്ടുഘട്ടങ്ങളായി തിരിച്ചു മൂല്യനിർധാരണത്തിനു മുതിരുകയായിരിക്കും ഭംഗി. ഏ. ഡി. പതിനാറുമുതൽ പതിനെട്ടുവരെയാണ് ഒന്നാംഘട്ടം. രണ്ടാംഘട്ടം പതിനെട്ടുമുതൽ പത്തൊമ്പതുവരെയും (സാമുവൽ ചന്ദനപ്പള്ളി, 1992: ഃഃ). ഒന്നാംഘട്ടത്തിൽ കത്തോലിക്കാമിഷണറിമാരുടെയും രണ്ടാംഘട്ടത്തിൽ പ്രൊട്ടസ്റ്റന്റുമിഷണറിമാരുടെയും ഭാഷാപരിപോഷണസംരംഭങ്ങൾക്കാണു പ്രാമുഖ്യം.

ഇവിടെ ഗദ്യഭാഷയുടെ പരിണാമചരിത്രത്തെപ്പറ്റി പ്രത്യേകം പരാമർശിക്കേണ്ടതാണ്. ആധുനികഗദ്യത്തിന്റെ രൂപീകരണത്തിൽ മിഷണറിമാർ വഹിച്ച പങ്കു നിസ്തുലമത്രേ! മതപരമായ ആശയസംവേദനത്തിന് അവർ പ്രധാനമായും ആശ്രയിച്ചതു സാധാരണക്കാരുടെ ഭാഷയാണ്. അതുവഴി ഗദ്യത്തിനു വ്യവഹാരഭാഷയുടെ സ്വാഭാവികതയും ലാളിത്യവും കൈവന്നു. അങ്ങനെ, ഗദ്യം പദ്യത്തിനൊപ്പം പ്രതിഷ്ഠനേടി. പാശ്ചാത്യമിഷണറിമാരുടെ ഭാഷാപഠനങ്ങളുടെ ശ്രമഫലമായി സംഭാഷണഗദ്യത്തിനു സാഹിത്യപദവിയും പഠനയോഗ്യതയും ഉണ്ടായി (സാം,1988: 27). ജീവത്ഭാഷയിലൂ

ന്നിയ മിഷണറിഗദ്യത്തിന്റെ മികവുറ്റ ശൈലിയാണു പതിനെട്ടാംനൂറ്റാണ്ടിൽ കേരളക്കാരായ പാതിരിമാർ രചിച്ച *വേദ തർക്ക*വും (1768) *ഞാന മു ത്തു മാ ല*യും (1784) *വർത്ത മാ ന പ്പുസ്ത കവും* (1785) പ്രസ്പഷ്ടമാക്കുന്നത്.

ബഹുമുഖമായ രാഷ്ട്രീയ/സാമൂഹികപ്രതിഭാസങ്ങളുടെ അനന്തരഫലമായി, പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടുകൂടിയാണു മലയാളത്തിന്റെ മാനനീകരണം ഏകദേശമായിട്ടെങ്കിലും നടന്നിട്ടുള്ളത്. ഭാഷയുടെ സാധാരണീകരണം സംഭവിക്കാതിരുന്നതിനാൽ അതിനുമുമ്പു വിരചിതമായ കൃതികളിൽ രചയിതാക്കളുടെ പ്രാദേശികവും സാമൂഹികവും സംസ്കാരികവുമായ ഘടകങ്ങൾ കൂടുതൽ സ്വാധീനം ചെലുത്തുന്നതായി കാണാം. പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിനുമുമ്പുള്ള ഭാഷാഗദ്യകൃതികളിൽ അവ മുളയെടുത്ത സ്ഥലത്തിന്റെയും സമുദായത്തിന്റെയും ഭാഷാപരമായ സവിശേഷതകൾ വലിയതോതിൽ കാണുമെന്നർഥം (സി. എൽ. ആന്റണി,1980:127). *ഞാന മു ത്തു മാ ല*യിലെ ഗദ്യം അപഗ്രഥിക്കേണ്ടത് ഇക്കാര്യം മുന്നിൽക്കണ്ടാവണം.

മിഷണറിമലയാളത്തിന്റെ മൊഴിച്ചാലിൽ രൂപപ്പെടുത്തിയതാണു *ഞാന മു ത്തു മാല*യെന്നു വ്യക്തമായല്ലോ. ഗ്രന്ഥത്തിലെ വർണമാലയും ലിപിവ്യവസ്ഥയും മലയാളത്തിന്റെതുതന്നെയാണെന്ന് ഓർമിക്കേണ്ടതുണ്ട്. ഇതു മിഷണറിമലയാളത്തിന്റെ പൊതുസ്വഭാവമാണ് (പ്രഭാകരവാരിയർ, 2004: 129).താഴെക്കാണുന്ന സവിശേഷതകൾ *ഞാനമുത്തുമാല*യിലെ ഭാഷയിൽ പ്രകടമാണ്:

1. അനുകൂലനപ്രക്രിയ

സംഭാഷണഭാഷയുടെ ലിഖിതരൂപമാണു മിഷണറിഗദ്യമെന്നുസൂചിപ്പിച്ചതാണല്ലോ. സംസാരഭാഷയുടെ അരങ്ങിലേയ്ക്കു പദങ്ങൾ കൊണ്ടുവരുന്നതു വർണതലങ്ങളിലുള്ള അനുകൂലനപ്രക്രിയയിലൂടെയാണ്.





*ഞാനമുത്തുമാല*യിലും ഇതു പ്രകടമത്രേ. ഇവിടെ ഗ്രന്ഥകർത്താവിന്റെ സാമുദായികവും പ്രാദേശികവും കാലികവുമായ ഘടകങ്ങൾ സ്വാധീനിച്ചിട്ടുണ്ടാവാം.

1.1. ഭാഷാപരമായ അനുകൂലനവ്യവഹാരത്തിൽ ആദ്യം സൂചിപ്പിക്കുന്നതു സ്വരവികാരത്തിന്റെ കാര്യമാണ്. മാതൃകകൾമാത്രമാണു താഴെ നൽകുന്നത്.

മനസ്സുണ്ടെങ്കിൽ - മനസ്സുണ്ടങ്കിൽ

ഇരക്കം - എരക്കം

ബലം - വെ(ബ)ലം

എളിമ - എളുമ

നിപുണത - നിപിണിത

നുകം - നൊകം

പൈശുന്യം - പൈശിന്യം

പരീക്ഷ - പരുക്ഷ

തലയണ - തലയിണ

പലപ്പോഴും - പലപ്പഴും

ചെയ്തതിനാൽ - ചൈതതിനാൽ

എനിക്ക് - ഇനിക്ക്

കൊലക്കാരൻ - കുലക്കാരൻ

ദാരിദ്ര്യം - ദാരദ്ര്യം

1.2. വ്യഞ്ജനവികാരം

വ്യഞ്ജനവികാരത്തിനു വിധേയമായ പദങ്ങളുടെ ബാഹുല്യം *ഞാന മു ത്തു മാ ല*യിലുണ്ട്. അങ്ങനെ, സംസാരഭാഷയിലെ ചില ദുഷിച്ച രൂപങ്ങൾതന്നെ ഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്നു, പദാദിമധ്യാന്തങ്ങളിൽ ഈ പ്രതിഭാസം ദൃശ്യമാണ്.

ഉദാ: വിവേകി - വിവേഗി

നന്ദി - നന്നി

സങ്കേതം - സംഗേതം

ബെലം - വെലം

ഉതകും - ഉദവും

ഭയം - പയം

ശരി - ചരി

ശമ്പളം - ചമ്പളം

അസ്ഥികൾ -അസ്തികൾ

അഭയമായി - അവയമായി

തിട്ടതി -ദിഷ്ടതി

കാതം -കാസം

ഇതിൽ *ദി ഷ് ട തി, കാസം* ഇവ സംസ്കൃതീകരണപ്രവണതയുടെ അടയാളമായി കാണാവുന്നതാണ്.

1.3. വർണലോപം - സ്വരവ്യഞ്ജനങ്ങൾക്കു ലോപം സംഭവിച്ച ധാരാളം പദങ്ങൾ കൃതിയിൽ കൊടുത്തിരിക്കുന്നു.

ഉദാ: കരയുകയും - കരകയും

മുഖാന്തരം - മുഖാന്ത്രം

പറയുകയും - പറകയും

ദയവ് - ദ്യാവ്

ചുറുക്ക്- ചുർക്ക്

പ്രായശ്ചിത്തം - പ്രാച്യത്തം

ജ്ഞാനം - ഞാനം

സ്ലീവായുടെ - സ്ലീവാടെ

ബാവായുടെയും - ബാവാടയും





അറയ്ക്കുന്നതും - അറക്കുന്നതും

ഐകമത്യം - അയ്മോദ്യം

1.4. വർണാഗമം - സ്വരാഗമംകൊണ്ടും വ്യഞ്ജനാഗമം കൊണ്ടും ശ്രദ്ധേയമായ പല പദങ്ങളും കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉദാ: വൈരാഗ്യം - വയിരാഗ്യം

വർഷം -വരിഷം

മാതൃക - മാദിരിക

തീവ്രം - തീവിരം

പർവതം - പറുവതം

സംശയം - സമുശയം

അന്യായം - അന്ന്യായം

ദോഷം - ദോഷമ

1.5. വ്യഞ്ജനസവർണനമുള്ള പദങ്ങളും കാണുന്നുണ്ട്.

ഉദാ: ദുസ്വഭാവം - ദുസ്സുഭാവം

1.6. സന്ധിവേണ്ടിടത്ത് അതില്ലാത്ത പദങ്ങൾ

ഉദാ: പഞ്ച ഇന്ദ്രിയങ്ങൾ

1.7. സംസ്കൃതരീതിയനുസരിച്ച് *ത്വം* ചേർന്ന രൂപങ്ങൾ

ഉദാ: ദോഷത്വം

2. പദാവലി

ആധുനികഗദ്യത്തിൽ കാണുന്ന സംസ്കൃതതത്സമങ്ങളും തദ്ഭവങ്ങളും, ദ്രാവിഡരൂപങ്ങളും *ഞാന മു ത്തു മാ ല*യിൽ പ്രയോഗിച്ചുകാണുന്നു. സുറിയാനി, ഗ്രീക്ക് തുടങ്ങിയ അഭാരതീയഭാഷകളിൽനിന്നു തത്സമങ്ങളായും തദ്ഭവങ്ങളായും സ്വീകരിച്ചിട്ടുള്ള പദങ്ങൾകൊണ്ടു സമ്പന്നമാണു ഗ്രന്ഥം. സംജ്ഞാനാമങ്ങൾ ഉൾപ്പെടെയുള്ള അവ

സുറിയാനിക്രൈസ്തവരുടെ മതപശ്ചാത്തലത്തിൽ പ്രയോഗക്ഷമമായിട്ടുള്ളതാണ്.

ഉദാ: ഈശോമിശിഹാ, മറിയ്ത്തുമ്മാ, ഈനാസിയോസ, സ്ലീവാ, ശ്ലീഹാ, ബാവാ, റൂഹാദ്ക്കുദശാ, കുമ്പസ്സാരം, മല്പാൻ, ആഗസ്തീനോസ, മാമ്മോദീസ, വറുഗീസ്, ഈറാനിമ്മോസ, ശ്ലേമ്മോൻ, ദാവീദ്, നിവ്യാ, ബൊനവെന്തുര, സ്വർണ്ണോസ്, ബെസ്പ്യക്കാനാ, റേശു, ആമേൻ തുടങ്ങിയവ ഉദാഹരണങ്ങളായി എടുത്തുപറയാം. അതുപോലെതന്നെ, സുറിയാനിക്രൈസ്തവപരിസരവുമായി ബന്ധമുള്ള നസ്രാണികൾ, ചാപദോഷം, ചൈത്താൻ, തേറി, കാവ്യർ, പട്ടാംഗ, തെറ്റം, ആസ്തപ്പാടുകൂട്ടുക, ഒപ്പാരി, ആത്മം, ഉടയതമ്പുരാൻ, പ്രാച്യത്വം, എരിവ്, ശുദ്ധമാന, ഉതപ്പ്, ഉത്തരിക്കുക, പടാർഥ, ഇരപ്പുകൾ, നികളം, കന്യവ്രതം, ഉപവി, അയ്മോദ്യം, പാപദോഷം, പട്ടക്കാരൻ മുതലായ പദങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നു ലുപ്തപ്രചാരങ്ങളായിരിക്കുന്ന പദവലിയും ഗ്രന്ഥത്തിലുണ്ട്. ഉദാ: പോക്കുക, കൂടുക, ചിലവറുക്കുക, ധർമനടക്ക, ദ്യാവ്, എരക്കം, ഉറുതി, തിവിരം, ഏറ്റക്കുറവ്, ഊഷ്യം, എകരപ്പെട്ട, കർത്തൻ, മുഷ്കരത്വം, യോഗ്യം, യാവന, തഴങ്ങുക, തപ്പിപ്പോകുക, ദൂഷണിക്കുക, എഴുത്തുപെടുക, ബുദ്ധിചൊല്ലുക, അശരപ്പാടുക.

3. നാമരൂപങ്ങൾ

വർത്തമാനകാലഗദ്യത്തിൽ പ്രയോഗിക്കുന്ന നാമരൂപങ്ങൾതന്നെയാണ് *ഞാന മു ത്തുമാ ല*യിലുള്ളത്. എന്നാൽ സുറിയാനി, ഗ്രീക്ക് തുടങ്ങിയ ഭാഷകളിൽനിന്ന് ആദാനം ചെയ്ത നാമപദങ്ങളുടെ കാര്യം എടുത്തുപറയേണ്ടതാണ്. അത്തരം പദങ്ങളെപ്പറ്റി മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. കൃതിയിലെ സർവനാമ / സംഖ്യാനാമരൂപങ്ങളും ഇന്നത്തേതിൽനിന്നു ഭിന്നമല്ല.

4. പ്രത്യയങ്ങൾ

നാമപദങ്ങളോടു പ്രത്യയങ്ങൾ ചേരുമ്പോൾ ചില സവിശേഷതകൾ കാണുന്നു.

4.1. ബഹുവചനപ്രത്യയത്തിന്റെ കാര്യം ആദ്യം പറയട്ടെ.





4.1.1. ഏതാനും പരകീയപദങ്ങളോടു മലയാളത്തിലെ ബഹുവചനപ്രത്യയരൂപമായ *മാർ* ചേർന്നിരിക്കുന്നു ഉദാ: മല്പാൻമാർ, ശ്ലീഹൻമാർ

4.1.2. ബഹുവചനപ്രത്യയത്തിന്റെ ആവർത്തനം വേറൊരു പ്രത്യേകതയായി പറയാം. ഉദാ: ഭാഗ്യകാരർ, വിശ്വാസക്കാരർ, ശേഷക്കാരർ, പട്ടക്കാരർ. ഇതു പ്രാചീനമലയാളത്തിന്റെ, പ്രത്യേകിച്ചു മിഷണറിമലയാളത്തിന്റെ സ്വഭാവമാണ്. *ബഹു വ ചനത്തിന്ഇര ട്ടക്ക റി കൾഉപയോഗിക്കുന്നപതിവ് പൊതുവേ പഴ യ മ ല യാ ളത്തിലു* (സക്കറിയ, 1994 86).

4.2. *ഞാന മു ത്തു മാ ല* യിലെ ചില വിഭക്തിപ്രത്യയങ്ങളെപ്പറ്റി പരാമർശിക്കേണ്ടതുണ്ട്.

4.2.1. അംഗഭംഗത്തിനു വിധേയമായ സംബന്ധികാപ്രത്യയം പദങ്ങളോടു ഘടിപ്പിച്ചിരിക്കുന്നു.

ഉദാ: സ്ലീവാടെ, ബാവാടയും

– ഇതു സംഭാഷണഭാഷയുടെ രീതിയാണ്.

4.2.2. *ന്വ്യ* എന്ന സുറിയാനിപദത്തോടു സംയോജികാപ്രത്യയമായ *ഓടു* ചേർത്തു പ്രയോഗിച്ചിരിക്കുന്നു. – ന്വ്യയോട്

4.2.3. ആധാരികാപ്രത്യയമായ  – നു പകരം *ഏ*കാരം നിബന്ധിച്ചിരിക്കുന്നതു കാണാം. ഉദാ: ഭൂമിക്കുള്ളേഇതു തമിഴിന്റെ സ്വാധീനമാണ്.

4.2.4. ആധാരികാപ്രത്യയമായി *മേ* സുലഭമായി ഉപയോഗിച്ചിട്ടുണ്ട്. ഉദാ: കുരിശുമ്മേൽ, ഇതുമ്മേൽ.

4.2.5. അന്യഭാഷാപദമായ *ബെസ്പ്യക്കാന* എന്നതിനോട് ആധാരികാപ്രത്യയമായ  ഘടിപ്പിരിക്കുന്നു. – ബെസ്പ്യക്കാനയിൽ

5. ഭേദകങ്ങൾ – സവിശേഷതയാർന്ന ചില ഭേദകപ്രയോഗങ്ങളെപ്പറ്റിയാണ് ഇവിടെ പറയുന്നത്.

5.1. ഭാഷാപദങ്ങളോടും അന്യഭാഷാപദങ്ങളോടും *ആന* ചേർത്തുള്ള ഭേദകങ്ങൾ

ഉദാ: ശുദ്ധമാനസ്ലീവാ, ശുദ്ധമാനപള്ളി

ഇതു തമിഴിലെ രീതിയാണ്. മിഷണറിമലയാളത്തിൽ ഇത്തരം പ്രയോഗം ഏറെയുണ്ട്.

5.2. സുറിയാനിയിലെ *മാർ/മർത്താ* എന്നീ ഭേദകങ്ങൾ നാമ ങ്ങൾക്കു മുമ്പു നൽകുന്നു. ഉദാ: മാർ അഗസ്തീനോസ, മർത്തമറിയത്തുമ്മ. *മാർ* പുല്ലിംഗരൂപവും *മർത്ത* അതിന്റെ സ്ത്രീലിംഗരൂപവുമത്രേ.

6 ക്രിയകൾ – *ഞാന മു ത്തു മാ ല*യിലെ ക്രിയാരൂപങ്ങ ളെപ്പറ്റി ഏതാനും കാര്യങ്ങൾ എടുത്തുപറയാനുണ്ട്.

6.1. ഗ്രന്ഥത്തിലെ ക്രിയാപദങ്ങൾക്കും അവയുടെ കാലപ്രത്യ യങ്ങൾക്കും ഇന്നത്തേതിൽനിന്നും അധികം ഭേദമില്ലാ യെന്നു സാമാന്യമായി സൂചിപ്പിക്കാം.

6.2. എന്നാൽ, ഇന്നു ലുപ്തപ്രചാരമായിരിക്കുന്ന അനേകം ക്രിയാപദങ്ങൾ ഗ്രന്ഥകാരൻ ഉപയോഗിച്ചിരിക്കുന്നു എന്നത് ഒരു പ്രത്യേകതയാണ്. ഉറുതിപ്പെടുക, ബുദ്ധി ചൊല്ലുക, തപ്പിപ്പോകുക, ചിലവറുക്കുക, നാണപ്പെടുക തുടങ്ങിയ പദങ്ങൾ ഉദാഹരണങ്ങളാണ്.

6.3. സുറിയാനിക്രൈസ്തവരുടെ ആദ്ധ്യാത്മികപശ്ചാത്തല ത്തിൽ പ്രത്യേക പ്രസക്തിയുള്ള തേറുക, ഉത്തരിക്കുക, മ റുത്തുപിഴയാക്കുക, ആസ്തപ്പാടുകൂട്ടുക, കുമ്പസാരിക്കു ക, തുടങ്ങിയവ കൃതിയിൽ ധാരാളമായി പ്രയോഗിച്ചിട്ടു ണ്ട്.

6.4. പ്രാചീനസ്വഭാവം പുലർത്തുന്ന *ദൂ ഷ ണി ക്കുക* എന്ന ക്രിയാരൂപവും കാണുന്നു.

6.5. വ്യവഹാരഗദ്യത്തിന്റെ തനിമ പ്രകടിപ്പിക്കുന്ന *ഉടു പ്പാൻ, പൊ റു പ്പാൻ* തുടങ്ങിയ രൂപങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

6.6. പുരുഷഭേദനിരാസമാണു ഞാനമുത്തുമാലയിലെ ക്രിയക ളുടെ സാമാന്യസ്വഭാവമെന്നു പറയാവുന്നതാണ്.





എന്നാൽ ഉത്തമപുരുഷൈകവചനമായ *ഏൻ* ചേർന്ന ഏതാനും രൂപങ്ങൾ ഗ്രന്ഥത്തിൽ കൊടുത്തിട്ടുണ്ട്. ഉദാ: ഓടിവന്നേൻ, ശരണപ്പെടുന്നേൻ, ദുഃഖിക്കുന്നേൻ, സങ്കടപ്പ ടുന്നേൻ. ഇത്തരം ക്രിയാരൂപങ്ങൾ കൊടുത്തിട്ടു ള്ള**തു** ചില പ്രാർഥനകളുടെ ഭാഗമായിമാത്രമാണ്.

6.7. കർമണിപ്രയോഗത്തിന്റെ വ്യാപകമായ പ്രയോഗം ദൃശ്യമാണ്. ഉദാ: ജനിക്കപ്പെട്ട, ശിക്ഷിക്കപ്പെടുക, നിന്ദിക്ക പ്പെട്ട്. അന്യഭാഷാബന്ധത്തിലൂടെയാണ് കർമണിപ്രയോ ഗം മലയാളത്തിലേയ്ക്കു സംക്രമിച്ചതെന്ന് എ. ആർ. രാജ രാജവർമ പ്രസ്താവിക്കുന്നു (1990:161). മിഷണറിഗദ്യ ത്തിൽ ഇതു വേണ്ടുവോളമുണ്ട്.

6.8. *വരിക* എന്ന ക്രിയാപദത്തിന്റെ *വരാ* എന്ന നിഷേധരൂപം കൊണ്ടാണു ചില വാക്യങ്ങൾ അവസാനിക്കുന്നത്. അവിടെ പ്രാചീനത നിഴലിക്കുന്നു.

ഉദാ: എവിടെ അടിച്ചാലും ആവഴിക്കുപോയാൽ യോഗ്യം വരാ.

അപ്പന്റെമേൽ ഭക്തിയായിരിപ്പാൻ ന്യായം വേറെ പ്രകാരം വരാ.

6.9. *വിചാ രി ക്കുക* എന്ന ക്രിയയുടെ നിഷേധരൂപമായി *വി ചാ രി രാതെ* എന്ന പദം ഉപയോഗിച്ചുകാണു ന്നു. ഇതും പ്രാചീനരീതിയത്രേ!

6.10. *തിരി യുക* എന്ന രൂപത്തിന്റെ നിഷേധമായ *തിരിയാ* എന്ന പ്രയോഗവും പഴമയുടെ അടയാളമാണ്.

ഉദാ: പകക്കാരനായിരിക്കുന്ന നീ ന്യായമുള്ള ശിക്ഷ ചെയ്വാൻ തിരിയാ

6.11. *ആവുക* എന്ന ക്രിയയുടെ അവധാരകഭാവിരൂപമായ *ആവൂ* എന്നതിൽ പല വാക്യങ്ങളും അവസാനിക്കുന്നു. ഇതു പ്രാചീനമായപ്രത്യേകതയാണ്.

ഉദാ:– ദോഷം കൂടാതിരിപ്പാൻ വചനങ്ങൾ എത്രയും ചുരുക്കു കയേയാവൂ.

– അതായത് എളിമയോടുകൂടയും തേറ്റത്തോടുകൂടയും പോരായെന്നു വിചാരിച്ചു മരിപ്പോളം ദുഖിച്ചുകരഞ്ഞുസങ്കട പ്പെട്ട ദോഷത്തിന്നായി ചെയ്യുന്ന പ്രാചിത്വം ആയിസ്സു വേറിട്ട തിന്റെശേഷം നിറുത്തുകേയാവൂ.

6.12. *ഞാന മു ത്തു മാ ല*യിലെ വിധായകാനുജ്ഞാ യകപ്രകാരങ്ങളിലുള്ള ക്രിയാരൂപങ്ങൾ സവിശേഷശ്രദ്ധയാ കർഷിക്കുന്നു. വിധായകാനുജ്ഞായകങ്ങളിൽ അനുപ്രയോഗ ധാതുവിനെ പ്രാക്പ്രയോഗധാതുവിൽനിന്നു വേർതിരിച്ചു സ്വതന്ത്രമായി പ്രയോഗിക്കാം എന്ന് ഏ. ആർ. രാജരാജവർമ (1990:197) അഭിപ്രായപ്പെടുന്നു. അനുപ്രയോഗധാതുവിനെ പ്രാക്പ്രയോഗധാതുവിൽനിന്നു സ്വതന്ത്രമാക്കുമ്പോൾ പ്രാക്പ്രയോഗധാതുവിനോട് *ഉം* എന്ന നിപാതം സമുച്ച യാർഥം ദ്യോതിപ്പിക്കാതെ പ്രയോഗിക്കുന്ന പ്രവണതയാണു ഗ്രന്ഥത്തിൽ കൂടുതലും കാണുന്നത്.

ഉദാ: നടത്തുകയും വേണം, അന്വേഷിക്കയും വേണ്ട

അനുഭവിക്കയുമാം, അറിയുകയുമാം

മിഷണറിഗദ്യകൃതികളിൽ ഇത്തരം രൂപങ്ങളുടെ സുല ഭതയുണ്ട്. എന്നാൽ, *ഞാന മു ത്തു മാ ല*യിലെ വിധാ യകക്രിയാരൂപങ്ങൾക്ക് കൂടുതലും ഉപദേശത്തിന്റെ പ്രതീതി യാണുള്ളതെന്നു സൂക്ഷ്മവിശകലനത്തിൽ മനസ്സിലാകും.ആ ത്മീയോപദേശമാണല്ലോ ഗ്രന്ഥത്തിന്റെ ലക്ഷ്യം.

7. ചില സവിശേഷപ്രയോഗങ്ങൾ: ഞാനമുത്തുമാലയിൽ കാണുന്ന ചില പ്രത്യേകപ്രയോഗങ്ങൾ ഇവിടെ ഉദ്ധരിക്കു ന്നു. അവയിൽ അധികവും സുറിയാനിക്രൈസ്തവപരിസ രത്തു പ്രചാരത്തിലിരുന്നവയാണ്.

ഉദാ: എല്ലാവസ്തുക്കൾ ഒക്കെക്കാളും (എല്ലാ വസ്തു ക്കളെയുംകാൾ), സർവതും വശമാകുന്ന (സർവശക്തനാകു ന്ന), ആകാത്ത ഇഷ്ടം (കൊള്ളരുതാത്ത ആഗ്രഹം), ആകമാ നത്തിനുടെ (എല്ലാറ്റിന്റെയും), കണക്കു കേൾക്കുന്ന നാൾ (അന്ത്യവിധിയുടെ ദിനം), കുരിശിന്റെ ഭാഷയ്ക്ക് (കുരിശിന്റെ ആകൃതിയിൽ) ആകാത്ത വചനങ്ങൾ (ചീത്തവാക്കുകൾ),





സർവത്തിനും വല്ലഭനായിരിക്കുന്ന (സർവശക്തിയുള്ള), ദൈവൻബാവ (പിതാവായ ദൈവം).

8. വാക്യരീതി- *ഞാന മു ത്തു മാ ല*യിലെ വാക്യതല ത്തെപ്പറ്റിയാണ് ഇനി പ്രതിപാദിക്കാനുള്ളത്.ദ്രാവിഡഭാഷ കളുടെ വാക്യഘടനയനുസരിച്ചുതന്നെയാണു ഗ്രന്ഥ ത്തിലെ വാക്യങ്ങളെല്ലാംതന്നെ രൂപപ്പെടുത്തിയിരിക്കുന്ന ത്. ദ്രാവിഡവാക്യഘടനയെപ്പറ്റി ഡോ. റോബർട്ട് കാൽഡ്വൽ (1973:53–54) പ്രസ്താവിക്കുന്നതു നോക്കുക: *ദ്രാവി ഡ ഗോ ത്ര ത്തിലും സിഥി യൻഭാ ഷ ക ളിലും നിയ ന്ത്രി ത ശ ബ്ദ മാ യി രിക്കും മുൻപി□ വരി ക. ഇതിന്റെ ഫല മായി നിർദ്ദേ ശി കാ വി ഭ ക്തി യി ലുള്ള പദം വാക്യ ത്തിന്റെ ആരം ഭ ത്തിലേ വരൂ ഈ ഭാഷ ക ളി□, ഒരു പൂർണ ക്രിയ വാക്യാ ന്ത ത്തിലും. വിശേ ഷ ണ ശബ്ദം വിശേ ഷ്യ ത്തിനു മുൻപി□ വരും; നാമ വി ശേഷണം ആദ്യം, പിന്നെ നാമം, ക്രിയാ വി ശേ ഷണം ആദ്യം, പിന്നെ ക്രിയ. ക്രിയയ്ക്കു മുൻപു വരുന്ന വിശേ ഷ ണവും അതിന്റെ വിശേ ഷ ണവുംഅതിന്നു വിധേ യ മായി വരുന്ന പദ ങ്ങളും, ഒന്നിനൊന്നു മുൻപു മുൻപായി പ്രയോ ഗി ക്ക ണ മെ ന്നാണു നിയ മം.* കാൽഡ്വൽ എടുത്തു പറയുന്ന വാക്യഘടനാതത്ത്വങ്ങൾ പാലിച്ചുകൊുള്ള വാക്യങ്ങളാണു കൃതിയിലുള്ളതെന്നു സാമാന്യമായ് പറ യാം. ആഖ്യ, കർമം, ആഖ്യാനം എന്ന ക്രമം സ്വീകരിച്ചിരി ക്കുന്നവയാണു വാക്യങ്ങളെന്നു ചുരുക്കം.

8.1. എന്നാൽ, കൃഷ്ണഗാഥയിലുംമറ്റും കാണുന്നതുപോലെ യുള്ള പ്രാചീനപ്രയോഗമായ ഞായം ചേർത്തുള്ള ചില വാക്യങ്ങൾ ഗ്രന്ഥത്തിലുണ്ട്.

ഉദാ: തമ്പുരാന്റെമേൽ വലിയ ഉപവിയുള്ളവർക്കു അല്പദോ ഷങ്ങളും.............ഈവണ്ണം ചൈയ്തൂ ഞായം.

8.2. വികല്പനിപാതത്തിനുപകരം എങ്കിലും എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്.

ഉദാ:ജ്യേഷ്ഠനനുജൻമാർക്കെങ്കിലും അവരുടെ കെട്ടിയവൾ മക്കൾക്ക് എങ്കിലും അവരുടെ ബഹുമാനത്തിനെങ്കിലും ചേതം വരുത്താതെയിരിക്കണം.

8.3. ധാരാളം ആപേക്ഷികവാക്യങ്ങൾ ഗ്രന്ഥത്തിലുള്ളതും മറ്റൊരു പ്രത്യേകതയാണ്.

ഉദാ:-യാതൊരു വസ്തുവേകാൽ ആകാത്ത വിചാരം വരുമെന്നാൽ ആ വണ്ണമുള്ള വസ്തുക്കളെ നോക്കാതിരിക്കയും വേണം.

-എപ്പോൾ മനസ്സിൽ വിചാരിക്കുന്നോ അപ്പോൾ താൻ ചെയ്യുന്ന നന്മപ്രവൃത്തികൾ......

പാശ്ചാത്യഭാഷകളുടെ സ്വാധീനംകൊാണ് ഇത്തരം പ്രയോഗങ്ങൾ മലയാളത്തിലേയ്ക്കു സംക്രമിച്ചത്.

8.4. ഇതുകൂടാതെ/ഇതുമാത്രമല്ല/ഇതല്ലാതെ തുടങ്ങിയ അർഥം സംവഹിക്കുന്ന ഇതെന്നിയേ എന്ന പ്രയോഗം കൊണ്ടു വാക്യങ്ങൾ ആരംഭിക്കുന്നതും പഴയ രീതിയാണ്.

ഉദാ:- ഇതെന്നിയേ ഈശോമിശിഹായും എന്ന തിരുനാമത്തെ ഭക്തിയോടുകൂടെ ചൊല്ലിക്കൊണ്ട് നന്മനിറഞ്ഞ മറിയവും കാക്കുന്ന മാലാകായുടെ നമസാകാരവും നമസ്കരിക്കയും വേണം.

8.5. മുൻവാക്യത്തിലെ ആശയത്തിന്റെ വിശദീകരണമായി തൊട്ടടുത്ത വാക്യം പലപ്പോഴും തുടങ്ങുന്നത് അതെന്തെന്നാൽ എന്നതുകൊണ്ടാണ്.

ഉദാ:- കാണ്മാൻ വഹിയാത്ത സമയമാകുന്ന മരണസമയത്തു തന്നെ അമ്പേഷിക്കയും കാണ്കയും കഴിയുന്നതല്ല. അതെന്തെന്നാൽ മരണം വരുന്ന സമയത്ത്. തമ്പുരാനു കണക്കുകൊടുക്കേണ്ടതിന്നു അപ്പോൾ വിചാരിച്ചാൽ കഴിയുമോ?





സമാനസമ്പ്രദായം മറുപ്രാചീനകൃതികളിലും കാണുന്നു. വർത്തമാനപുസ്തകത്തിൽനിന്ന് (1977: 182) ഒരുവാക്യം ഉദ്ധരിക്കട്ടെ:

അതെന്തെന്നാൽ ഇങ്ങനെചെയ്താൽ..........വരുവാൻ സംഗതി വരുകയും ചെയ്തു.

8.6. *ഇപ്ര കാരം/ഈവിധം* എന്ന അർഥമുള്ള *ഈവണ്ണം/ ഇതിൻവണ്ണം*എന്ന പദപ്രയോഗംകൊണ്ടു വാക്യങ്ങൾ തുടങ്ങുന്നത് അക്കാലരീതിയനുസരിച്ചാണ്.

ഉദാ: ഈവണ്ണം നമസ്ക്കാരം എത്തിക്കാത്തവന്റെ നടപ്പു എങ്ങിനെയെന്നാൽ ന്യായമില്ലാത ക്രമത്തിലായിരിക്കും.

8.7. *ഇതു കൊ* എന്ന അർഥം കിട്ടുന്ന *ഇതി നെ ക്കൊ* എന്ന പ്രയോഗത്തിൽ തുടങ്ങുന്ന അനേകം വാക്യങ്ങൾ കൃതിയിൽ കൊടുത്തിരിക്കുന്നു.

ഉദാ: ഇതിനെക്കൊണ്ടു നമ്മുടെ കർത്താവിന്റെ ശ്ലീഹൻമാർ പഠിപ്പിക്കുന്നു.

8.8. വാക്യഘടനയുടെ വിവിധത *ഞാ ന മു ത്തു മാലയെ* കൂടുതൽ ശ്രദ്ധേയമാക്കുന്നു. ഹ്രസ്വവാക്യങ്ങൾമുതൽ അതിദീർഘവാക്യങ്ങൾവരെ ഗ്രന്ഥത്തിലുണ്ട്.

ഉദാ:- എത്ര നാടുകൾ സഞ്ചരിച്ചു?

-അതെന്തെന്നാൽ തന്നെ ബഹുമാനത്തിനു പാത്രമല്ലെന്നും തമ്പുരാനെത്രേ സ്തുതികൾക്കും പൂജയ്ക്കും യോഗ്യമുള്ളവനെന്നും മാനുഷൻ തന്റെ ദോഷങ്ങളാൽ നിന്ദയ്ക്കും അപമാനത്തിന്നും പാത്രമായിരിക്കയുള്ളു.

-മധുരമായിരിക്കുന്ന ഈശോ അനാദിയാകുന്ന ബാവായ്ക്കു ഏകപുത്രനായിരിക്കുന്ന തന്റെ അറ്റമില്ലാത്ത മഹത്വം മാനുഷരൂപത്തിൽ മറച്ച് എളിമയെന്ന പുണ്യത്തെ പഠിപ്പിക്കുന്ന ദൈവികമല്പാനായിരിക്കുന്ന താൻ ഈ കാരണത്താൽ ഉന്നതമായിരിക്കുന്ന പരലോകത്തിൽനിന്നിറങ്ങി ഒരു തൊഴുക്കൂ

ട്ടിൽ പിറന്നതും ദോഷകാരനെപ്പോലെ വറുഗീസ് കയ്യേറ്റതും മാതാവിനാൽ ഓറശ്ലംപള്ളിയിൽ ബാവാ തമ്പുരാന്റെ തിരുമുൻപാകെ കാഴിച്ചവച്ചതും അടിമക്കാരനെപ്പോലെ ഒരു പ്രാവിനാൽ വീുകൊതും ബലമില്ലാത്തവനെപ്പോലെ എശിത്തദേശത്തിൽ വാങ്ങിപ്പാർത്തതും ദോഷകാരനെപ്പോലെ യോഹന്നാൻ മാന്ദാനാടെ കയ്യാൽ മാമ്മോദീസാ മുങ്ങിയതും ദാരിദ്ര്യരായിരിക്കുന്ന മാതാവിനെ തിരിഞ്ഞുകൊതും മാലാകാമാരാൽ സ്തുതിക്കപ്പടുന്ന താൻ ദരിദ്ര്യരായിരിക്കുന്ന ശ്ലീഹൻമാരോടുകൂടെ ദാരിദ്ര്യരയത്തിന്നൊത്തിരിക്കുന്ന വേഷത്തോടുകൂടെ ഇഹലോകത്തിൽ സഞ്ചരിച്ചതും സകലത്തിന്നും കർത്താവായിരിക്കുന്ന താൻ അല്പരായിരിക്കുന്ന മാനുഷരുടെ കാലുകളെ കഴുകിയതും തമ്പുരാനെപ്രതി ക്ഷമയോടുകൂടെ വ്യാപരിക്കേതിനു ഇപ്രകാരത്തിൽ പഠിപ്പിച്ചതും ഇത്രപ്രയത്നത്താൽ താൻ പഠിപ്പിച്ച പക്ഷത്തെ നാം മനസ്സിൽ ധരിച്ചു മറഞ്ഞിരിക്കുന്ന ഈ ദ്രവ്യമെന്ന എളിമയെ അനുഭവിച്ചവനായി തന്റെ അടിമകൾക്കുള്ളൈ എന്നെ വയ്ക്കേണമെന്നു വിചാരിച്ച് നിന്ദപ്പെടണമെന്നു മനസ്സുള്ളവനായി നിന്ദിക്കപ്പെടുന്ന സമയങ്ങളിൽ സന്തോഷത്തോടുകൂടെ എങ്കിലും ക്ഷമയോടുകൂടെ എങ്കിലും ഇരുന്നു തങ്ങളുടെ ഇടത്തിൽനിന്നു നികളത്തെ തള്ളിക്കളകയും ശേഷമുള്ളവർ വലിയവരെന്നും താൻ ദോഷകാരനെന്നും ക്ഷമയില്ലാത്തവനെന്നും വിചാരിച്ച് മനസ്സാലയും വാക്കിനാലയും നടക്കുന്നതിനാലയും നോക്കുന്ന കണ്കളാലയും എളിമയായിരിക്കതിന്നു തമ്പുരാനെ മനഗുണം ചെയ്യണമെന്നു തന്നോടു അപേക്ഷിക്കുന്നേൻ.

**ഉപ സം ഹാരം**

*ഞാ ന മു ത്തു മാ ല*യിലെ ഗദ്യത്തെപ്പറ്റിയുള്ള ഏകദേശവീക്ഷണംമാത്രമാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഗഹനങ്ങളായ ആത്മീയതത്ത്വങ്ങൾ വളരെ ലളിതമായ രീതിയിൽ ആവിഷ്കരിക്കാൻ പറ്റുംവിധം മലയാളഗദ്യത്തെ ഗ്രന്ഥകാരൻ ക്രമപ്പെടുത്തിയിരിക്കുന്നു. വ്യവഹാരഭാഷയുടെ ലിഖിതരൂപമായ ഞാനമുത്തുമാല മലയാലളഗദ്യവികാസചരിത്രത്തിലെ അനശ്വരമുദ്രയാണ്. പതിനെട്ടാംനൂറ്റാണ്ടിലെ മറ്റു





മിഷണറിഗ്രന്ഥങ്ങളോടു ചേർത്തുവെച്ച് ഈ കൃതിയും പഠനവിധേയമാക്കേണ്ടതാണ്.

## ഗ്രന്ഥസൂചി

. ആന്റണി,സി.എൽ, 1980: ഭാഷാപഠനങ്ങൾ. ലില്ലി ആന്റണി (പ്രസാ.). കോട്ടയം :നാഷണൽ ബുക്ക്സ്റ്റാൾ

കാൽഡ്വൽ,റോബർട്ട്, 1993: ദ്രാവിഡഭാഷാവ്യാകരണം----------– ഒന്നാം ഭാഗം (പരിഭാഷ, എസ്.കെ. നായർ). തിരുവനന്തപുരം:കേരളഭാഷm ഇൻസ്റ്റിറ്റ്യൂട്ട്.

തോമാക്കത്തനാർ പാറേമാക്കൽ 1977: വർത്തമാന,pസ്തകം,എറണാകുളം, ജനതm- ബുക്ക്സ്റ്റാൾ.

പ്രഭാകരവാരിയർ, കെ.എം. 2004: മലയാളം- മാറ്റവും വളർച്ചയും. ശൂകപുരം: വള്ളത്തോൾ വിദ്യാപീഠം.

രാജരാജവർമ്മ, എ).ആർ. 1990:- കേരളപാണിനീയം. കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ് (ഒന്നാം പതിപ്പ്,1895).

സാമുവൽചന്ദനപ്പള്ളി, 1969 : റവ.ജോർജ്മാത്തൻകൃതികളുംപഠനവും.ചന്ദനപ്പള്ളി:ഓറിയന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്.

സാം, എൻ. 1988: കേരളത്തിലെസാമൂഹികനവോത്ഥാനവും സാഹിത്യവും.കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.

സ്കറിയ സക്കറിയm(എഡി.). 1994 ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ.ഇടമറ്റം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്.

**ഡോ. എമ്മാ നു വ□ ആട്ടേ□**
പ്രിൻസിപ്പാൾ (റിട്ട.)
നിർമ്മലഗിരി കോളേജ്
കൂത്തുപറമ്പ്

# *ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക* (*Gramatica Grandonica*)

## അർണ്ണോസ് പാതിരിയുടെ സംസ്കൃതവ്യാകരണഗ്രന്ഥം– ഒരാമുഖപഠനം

**ഡോ. ഷീബ സി.വി.**

### ആമുഖം

ഒരു ജനതയുടെ സാസ്കാരികവും സാമൂഹികവുമായ ജീവിതമാണ് സർഗാത്മകസൃഷ്ടികളിൽ പ്രതിഫലിക്കുന്നത്. കൃതി യഥാർത്ഥത്തിൽ ഒരു വ്യക്തിയുടെ ക്രിയാത്മക വ്യാപാരമാണെങ്കിലും അതിൽ അതതു ഭാഷണസമൂഹത്തിന്റെ സാംസ്കാരിക ലക്ഷണങ്ങളു ായിരിക്കും. ആദികാവ്യമായ രാമായണവും, അധികാരത്തിന്റെയും ധർമ്മത്തിന്റെയും നിർധാരണമായ മഹാഭാരതവുംമുതലേ ഈ ബന്ധം വളരെ വ്യക്തമാണ്. ഇത്തരം ലക്ഷണങ്ങൾ ക ത്തുമ്പോഴും അവയെ ചരിത്രത്തിന്റെയും അധികാരത്തിന്റെയും അടയാളങ്ങളെന്ന നിലയിൽ വിശകലനം ചെയ്യുമ്പോഴുമാണ് അർഥാന്വേഷണം സംസ്കാരപഠനമാകുന്നത്. ഈ രീതി ഉപയോഗിച്ച് അർണ്ണോസ് പാതിരിയുടെ ***ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക*** എന്ന കൃതി പരിചയപ്പെടുത്തി ഗ്രന്ഥത്തിന്റെ സാമൂഹിക സാംസ്കാരിക പ്രസക്തി എന്താണെന്ന ആമുഖാന്വേഷണമാണ് ഈ ലേഖനം. പുസ്തകത്തിന്റെ പുറങ്ങൾ ലേഖനത്തിൽ ചേർക്കുന്നു.

**താക്കോൽവാക്കുകൾ**

**ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക, സംസ്കാരപഠനം, ഗോവൻകാറ്റലോഗ്, ലിപ്യന്തരണം.**

### സംസ്കാരം

ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്ന ഒരു പദമാണു സംസ്കാരം. മാനുഷികബന്ധങ്ങളെ പൂർണ്ണമായി ഇതിൽ നോക്കിക്കാണുന്നു. പതിനെട്ടാം നൂറ്റാ ുവരെ കൃഷിയുമായി ബന്ധപ്പെടുത്തിയാണ് ഈ പദം ഉപയോഗിച്ചിരുന്നത്. സമൂഹത്തിന്റെ നിലനില്പിനെ സൂചിപ്പിക്കുന്ന ഈ വാക്കു നിരവധി അർത്ഥപരിണാമ





ങ്ങൾക്കു കാലാക്രമത്തിൽ വിധേയമായി. ആഗസ്ത് കോംതെ (Auguste Comte 1798–1857), എമീൽ ഡർവൈ (Émile Durkheim 1858 –1917) തുടങ്ങി ടാൽകോട്ട് പാർസൺസ് (Talcott Parsons 1902–1979) വരെയുള്ള സാമൂഹിക ശാസ്ത്രജ്ഞർ ഉയർത്തി പിടിച്ച പരമ്പരാഗത സാമൂഹികശാസ്ത്രത്തിൽ സമൂഹത്തിലെ വ്യതിരിക്തമായ വിഭാഗങ്ങളെ ഒന്നിച്ചു ചേർക്കുന്ന ഒരു കണ്ണിയാണു സംസ്കാരം. അതായത്, എല്ലാവരും ഒരുപോലെ പങ്കുവെക്കുന്ന ചില അടിസ്ഥാനഗുണങ്ങളുടെ സംഘാതമായാണ് അവർ സംസ്കാരത്തെ കാണുന്നത്.

എന്താണു സംസ്കാരം എന്ന ചോദ്യത്തിനു റെയ്മ ് വില്യംസ് (Raymond Williams1921–1988) ഉത്തരം കൊടുക്കുന്നതു സമഗ്രമായ ജീവിതശൈലിയാണ് അതെന്നാണ് (culture is a whole way of life) എന്നാണ്. സംസ്കാരപഠനത്തിന്റെ ആദ്യകാല പ്രയോക്താക്കളിൽ പ്രധാനിയായ ഇ.പി. തോംസൺ (Edward Palmer Thompson 1924–1993) സംസ്കാരത്തെ *പോരാട്ടത്തിന്റെ സമഗ്രമായ ശൈലി (The whole way of struggle)* എന്നാണു നിർവ്വചിച്ചിരിക്കുന്നത്. ഈ ര ു നിരീക്ഷണങ്ങളും ചേർത്തു വെച്ചാൽ സാംസ്കാരികവും രാഷ്ട്രീയവുമായി ചേർന്നുപോകുന്ന ഒരു സംസ്കാര നിർവ്വചനം ലഭിക്കും.

സാമൂഹികശാസ്ത്രജ്ഞനായ അന്ദ്രേ ബട്യേലിന്റെ (Andre Beteille -1934)അഭിപ്രായത്തിൽ പരിഷ്കൃത മനുഷ്യനായി പരിഗണിക്കപ്പെടാൻ വേ ഏറ്റവും ചെറിയ അടിസ്ഥാന യോഗ്യത മറ്റൊരാളുടെ ഭാഷ മനസിലാക്കാനുള്ള കഴിവാണ്. ഇതു പ്രായോഗികമായി ബുദ്ധിമുട്ടാണെങ്കിലും അധികാരപ്രയോഗങ്ങളിലൂടെ ഈ മനസിലാക്കൽ പ്രക്രിയ എല്ലാ സമൂഹങ്ങളിലും നടക്കുന്നു ്. അസമത്വമുള്ള സാമൂഹിക വൈയക്തിക ബന്ധങ്ങൾ നിലനില്ക്കുന്ന സമൂഹത്തിൽ ഈ അധികാരപ്രയോഗത്തിന്റെ തീവ്രത വർദ്ധിക്കുന്നതായി ക ുവരുന്നു. മാത്രമല്ല ഇത്തരം സമൂഹങ്ങളിൽ അധികാരത്തിന് എതിരായ പ്രതിരോധതന്ത്രങ്ങൾ ശക്തമായി ഉയർന്നുവരുന്നതും ക ത്താൻ സാധിക്കും വാസ്തവത്തിൽ സംസ്കാരംതന്നെ വാക്കുകളുടെയും ചിഹ്നങ്ങളുടെയും അർഥത്തിനുവേ ി യുള്ള മത്സരമായി മാറുന്നതും ഇത്തരം അസമത്വങ്ങൾ നിറഞ്ഞ സമൂഹങ്ങളിലാണ്. ഇ.പി. തോംസണിന്റെ (Edward Palmer Thompson) പോരാട്ടത്തിന്റെ സമഗ്രമായ

ശൈലി (The whole way of struggle) എന്ന സംസ്കാര നിർവചനം സാർഥമാകുന്നതും ഇവിടെതന്നെ.

വ്യാപാരാവശ്യത്തിനായി കേരളത്തിൽ എത്തിച്ചേർന്ന വൈദേശികർ മലയാളഭാഷയ്ക്കും ചരിത്രത്തിനും പുത്തൻ ഉണർവ്വു പകർന്നു. പോർച്ചുഗീസുകാരും ഡച്ചുകാരും ഇംഗ്ലീഷുകാരും അവരുടെ മുഖ്യലക്ഷ്യമായ വാണിജ്യത്തോടൊപ്പം സാമൂഹിക-സാംസ്കാരികരംഗങ്ങളിലും ദൃഷ്ടി പതിപ്പിച്ചു. ഒരു ജനതയുടെ സാംസ്കാരിക മത വ്യവഹാരമണ്ഡലങ്ങൾ അറിയാൻ അവരുടെ ഭാഷ കൃത്യമായി പഠിക്കണമെന്ന് അറിയാമായിരുന്ന മിഷനറിമാർ മലയാളഭാഷയ്ക്കു വ്യാകരണങ്ങളും നിഘ ുക്കളും രചിക്കാൻ മുൻകൈ എടുത്തു. ഇത്തരം ആവശ്യത്തിനുവേ ി അർണ്ണോസ് പാതിരി രചിച്ച പ്രാമാണികഗ്രന്ഥമാണ് ലാറ്റിൻ ഭാഷയിൽ എഴുതിയ ***ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക*** എന്ന സംസ്കൃതവ്യാകരണം.

*"ഒരു ഭാഷ ശാസ്ത്രീയമായി ചിട്ടപ്പെടുത്തുക വഴി അതിന്റെ വളർച്ച ഉറപ്പിക്കുന്ന ഘടകങ്ങളാണ് വ്യാകരണം, നിഘ ു, വിജ്ഞാനകോശം തുടങ്ങിയവ. ഈ രംഗങ്ങളിൽ വിദേശമിഷണറിമാരുടെ സംഭാവന എത്രയോ വിലപ്പെട്ടതാണ്'' (കുര്യാസ് കുമ്പഴക്കുഴി, 2002: 2).*

ഇന്ത്യയിലെ മിഷനറിപ്രവർത്തനങ്ങളിലേർപ്പെട്ട ജെസ്യൂട്ട് വൈദികരുടെ പ്രവർത്തനങ്ങൾ അവർ രേഖപ്പെടുത്തിവെച്ചിരിക്കുന്ന ഔദ്യോഗിക രേഖയായ ഗോവൻ കാറ്റലോഗു പ്രകാരം അർണ്ണോസ് പാതിരി 1681-ൽ ജർമ്മനിയിലെ ഓസ്റ്റർ കാപ്ളെൻ എന്ന ചെറിയ പട്ടണത്തിലാണു ജനിച്ചത്. ജൊഹനാസ് ഏർണസ്തൂസ് ഹാങ്സൽഡൻ Johnan Ernst Hanxleden എന്നായിരുന്നു യഥാർത്ഥപേര്. 1699-ൽ അർണ്ണോസ് പാതിരി കേരളത്തിലെത്തി. പത്തുവർഷത്തോളം ഇദ്ദേഹം തൃശൂരുള്ള നമ്പൂതിരിമാരിൽനിന്നും സംസ്കൃതം അഭ്യസിക്കുകയു ായി. തുടർന്നു നിരവധി ഗ്രന്ഥങ്ങളും, മലയാളം - പോർട്ടുഗീസ് നിഘ ു, മലയാളം - പോർട്ടുഗീസ് വ്യാകരണഗ്രന്ഥം, മലയാളം - സംസ്കൃതനിഘ ു, ചതുരന്ത്യം, കൂതാശപ്പാന എന്നിവ രചിച്ചു. അർണ്ണോസ് പാതിരിയുടെ **ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക** എന്ന പേരിൽ അറിയപ്പെടുന്ന ഹസ്തലിഖിതസംസ്കൃത വ്യാകരണഗ്രന്ഥം 18-ാം നൂറ്റാ ിന്റെ ആദ്യപാദത്തിൽ അദ്ദേഹം എഴുതിയതാണ്.






*"അർണോസ് പാതിരിക്കുമുമ്പും ചില പാശ്ചാത്യമിഷനറിമാർ ഇന്ത്യയിലെത്തി സംസ്കൃതം പഠിച്ചിട്ടു ്. ഇറ്റാലിയൻ ജസ്യൂട്ട് വൈദികനായ റോബർട്ട് ഡി നോബലി (1577 - 1666) ജർമ്മൻ ജസ്യൂട്ട് ഹെന്റി റോത്ത് (1610-1668) എന്നിവരെ പ്രത്യേകം ഓർമ്മിക്കേ ിയിരിക്കുന്നു. ഉത്തരേന്ത്യയിലെ ബ്രാഹ്മണരോടു സംസ്കൃതത്തിൽ സംഭാഷണം ചെയ്യുകയും അക്ബർ ചക്രവർത്തിയുടെ രാജസദസിൽ മതസംവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്തിട്ടുള്ള പ്രതിഭാശാലിയാണു റോത്ത് (1610-1668) അദ്ദേഹം ലത്തീനിൽ ഒരു സംസ്കൃതവ്യാകരണഗ്രന്ഥം രചിക്കുകയും ചെയ്തു. എന്നാൽ അർണോസ് പാതിരിയോളം ഇക്കാര്യത്തിൽ പ്രവർത്തിക്കാൻ ഇവർക്കാർക്കും കഴിഞ്ഞിട്ടില്ല. സിദ്ധരൂപം, അമരകോശം, പാണിനീയം എന്നീ അടിസ്ഥാനഗ്രന്ഥങ്ങൾ ഉപജീവിച്ച് അദ്ദേഹം തയ്യാറാക്കിയ* ***ഗ്രന്ഥാമികവ്യാകരണം*** *തുടങ്ങിയ രചനകളുടെ മഹത്വം ആദ്യം ക റിഞ്ഞതും പാശ്ചാത്യലോകത്തിനു പരിചയപ്പെടുത്തിയതും പൗളിനോസ് പാതിരിയാണ്. സംസ്കൃതഭാഷ യൂറോപ്പിനു പരിചയപ്പെടുത്താൻ അർണ്ണോസ് പാതിരി ചെയ്ത പരിശ്രമത്തെ മനുഷ്യശക്തിക്കതീതമായ പ്രയത്നം (Work which exceeds human strength) എന്നാണ് പൗളിനോസ് വിശേഷിപ്പിക്കുന്നത്'' (കുര്യാസ് കുമ്പഴക്കുഴി, 2002: 18).*

പാശ്ചാത്യമിഷനറിമാരിൽ സംസ്കൃതം പഠിച്ച പ്രമുഖനാണ് അർണ്ണോസ് പാതിരി. ഇദ്ദേഹത്തിന്റെ സംസ്കൃതാഭിമുഖ്യം ഏറെ പ്രസിദ്ധമാണ്. ഇദ്ദേഹത്തിന്റെ പലകൃതികളിലും സംസ്കൃത സ്വാധീനം വളരെ വ്യക്തമാണ്. പാശ്ചാത്യരെ സംസ്കൃത ഭാഷ പഠിപ്പിക്കുന്നതിൽ ഒരുപരിധിവരെ ഇദ്ദേഹം വിജയിച്ചിട്ടുമു ്. പാശ്ചാത്യലോകത്തു സംസ്കൃതപഠനത്തിന് അവലംബമായി കരുതിയിരുന്നത് **ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക** എന്നപേരിൽ അറിയപ്പെടുന്ന അർണ്ണോസ് പാതിരിയുടെ ഈ സംസ്കൃതവ്യാകരണമായിരുന്നു. കേരളത്തിൽ വെച്ച് എഴുതിയ ഈ ഗ്രന്ഥത്തിന്റെ രചനാകാലം (1730-1732)കാലഘട്ടമാണെന്നു കരുതുന്നു. 1790 കളിൽ മറ്റൊരു ഇറ്റാലിയൻ മിഷനറിയായ പൗളിനോസ് പാതിരി ഈ കൃതി റോമിലേയ്ക്കു കൊ ുപോവുകയും അവിടെ പ്രൊപ്പഗാന്ത കോളേജിൽ സൂക്ഷിക്കുകയും ചെയ്തു. 18ാം നൂറ്റാ ിൽ രചിച്ച കൃതികളിൽ

അർണ്ണോസ് പാതിരിയുടെ ഈ വ്യാകരണകൃതിയെക്കുറിച്ചു നിരവധി പരാമർശങ്ങൾ ഉ ായിട്ടു ്. എന്നാൽ 1930 നൂറ്റാ േ ാടെ ഈ ഗ്രന്ഥം അപ്രത്യക്ഷമായി.

നഷ്ടപ്പെട്ടു എന്നു കരുതിയിരുന്ന Gramatica Grandonica എന്ന വ്യാകരണഗ്രന്ഥം 2010 –ൽ റോമിലെ കർമ്മലീത്താ ആശ്രമത്തിൽനിന്നു ലുവൈൻ സർവ്വകലാശാലയിലെ ഭാഷാശാസ്ത്ര-ചരിത്ര അധ്യാപകനായ ടൂൺ വാൻ ഹൽ Toon Van Hal ക െടുത്തു. ഇദ്ദേഹം ഈ കൈയെഴുത്തുപ്രതി ക്രിസ്റ്റോ വെയ്ൽ (Christophe Vielle) എന്ന ഭാഷാശാസ്ത്രജ്ഞന്റെ സഹായത്തോടെ ഗവേഷകർക്ക് ഉപകാരപ്രദമാകുംവിധം അനുബന്ധപഠനങ്ങളോടൊപ്പം 2013–ൽ പ്രസിദ്ധീകരിച്ചു. *Gramatica Grandonica The Sanskrit Grammer of Johnan Ernst Hanxleden SJ (1681-1732)* **എന്നാണ്** ടൂൺ വാൻ ഹൽ (Toon Van Hal) പ്രസിദ്ധീകരിച്ച അർണ്ണോസ്കൃതിക്ക് പേരിട്ടിരിക്കുന്നത്. ഗ്രന്ഥത്തിന്റെ ആദ്യപുറം ഇപ്രകാരമാണ്.




ഗ്രമാ റ്റിക്ക ഗ്രന്ഥോ നി ക്ക... പ്രാചീ ന
കൈ രളി

ടൂൺ വാൻ ഹൽ (Toon Van Hal), ക്രിസ്റ്റോ വെയ്ൽ (Christophe Vielle) എന്ന ഭാഷാശാസ്ത്രഗവേഷകർ പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിന് അവതാരികയും ആമുഖവും ഉൾപ്പെടെ നാലുഭാഗങ്ങളു ്. ടൂൺ വാൻ ഹൽ (Toon Van Hal), ക്രിസ്റ്റോ വെയ്ൽ (Christophe Vielle) എന്നിവർ ചേർന്നെഴുതിയ അവതാരികയിൽ ഈ പുസ്തകം ക െത്തിയതിനെക്കുറിച്ചും ഈ വ്യാകരണ ഗ്രന്ഥത്തിന്റെ ഘടനയെക്കുറിച്ചും ഈ ഗ്രന്ഥം ആധാരമാക്കിയുള്ള ഭാവിഗവേഷണപദ്ധതികളെക്കുറിച്ചും വിശദമാക്കുന്നു. ഈ കൃതിയുടെ പ്രസിദ്ധീകരണത്തിനാവശ്യമായ സഹായസഹകരണങ്ങൾ നല്കിയവരെപ്പറ്റിയും പ്രത്യേകിച്ച്, അർണ്ണോസ് പാതിരിയുടെ പ്രവർത്തനമേഖലയായ കേരളത്തിൽ വന്ന് ഇവർ പഠനം നടത്തിയ സമയത്തു സഹായിച്ച മലയാളികളെപ്പറ്റിയും പ്രത്യേകം നന്ദിയോടെ ഓർമ്മിക്കുന്നു ്.


(Introduction to the *editio princeps* of J.E Hanxleden's *Grammatica Grandonica)* എന്ന ര ാംഭാഗത്തിൽ, **ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക** എന്ന വ്യാകരണ ഗ്രന്ഥം ചിട്ടപ്പെടുത്തിയപ്പോൾ സ്വീകരിച്ച അടിസ്ഥാനതത്ത്വങ്ങൾ പരിചയപ്പെടുത്തുന്നു. ര ാംഭാഗത്തിൽ തന്നെ ആറു ഉപശീർഷകങ്ങളിലായി ഈ കൃതിയുടെ സ്വരൂപം വിവരിക്കുന്നു.

ആദ്യ ശീർഷകത്തിൽ കൊടുത്തിട്ടുള്ള പൊതു പശ്ചാത്തല വിവരണത്തിൽ (General Context) മിഷനറിമാരെ സംബന്ധിച്ചിടത്തോളം തികച്ചും വൈദേശികമായ ഭാരതീയഭാഷകൾ പഠിക്കാൻ അവരെടുക്കുന്ന പ്രയത്നങ്ങളെ രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നു വരുന്ന ഭാഗത്ത് അർണ്ണോസ് പാതിരിയുടെ ജീവിതവും പ്രവർത്തനങ്ങളും സാഹിത്യസംഭാവനങ്ങളും (Johann Ernst Hanxleden: life and works) വിവരിക്കുന്നു. Hanxleden's *Grammatica Grandonica* എന്ന ഉപശീർഷകത്തിൽ അർണ്ണോസ് പാതിരിയുടെ **ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക** എന്ന വ്യാകരണഗ്രന്ഥത്തെക്കുറിച്ച് വിശദമായ വിവരണവും ഗ്രന്ഥത്തിന്റെ പ്രത്യേകതകളും എടുത്തുപറയുന്നു. Editorial Principles എന്ന തലക്കെട്ടിൽ **ഗ്രമാറ്റിക്ക ഗ്രന്ഥോനിക്ക** എന്ന വ്യാകരണഗ്രന്ഥത്തിന്റെ സമാഹരണത്തിൽ സ്വീകരിച്ച അടിസ്ഥാനതത്വങ്ങ

ളെക്കുറിച്ച് വിശദമാക്കുന്നു. Forthcoming : the following steps in the research project എന്ന ഉപശീർഷകത്തിൽ ഈ ഗ്രന്ഥത്തെ സംബന്ധിച്ച വരുംകാല ഗവേഷണപ്രവർത്തനങ്ങൾ വ്യക്തമാക്കുന്നു. തുടർന്ന് ഗ്രന്ഥസൂചിയും നൽകിയിരിക്കുന്നു.

മൂന്നാംഭാഗത്തു താളിന്റെ ഇടതുവശത്തു ഗ്രന്ഥത്തിന്റെ ശരിപ്പകർപ്പും (Facing facsimile) വലതുവശത്തു മൂലരൂപത്തിന്റെ തനിപ്പകർപ്പും (Diplomatic edition) കൊടുത്തിട്ടു ് . യഥാർത്ഥകൈയെഴുത്തുപ്രതിയുടെ ഛായാപകർപ്പ് (Photographical Reproduction of the original Manuscript) തയ്യാറാക്കിയിരുക്കുന്നത് ജീൻ ക്ലൗഡെ മുള്ളർ (Jean Claude Muller) ആണ്.


മാതൃകയ്ക്കായി ഒരുപുറം കൊടുക്കുന്നു.



നാലാംഭാഗത്ത് ലത്തീനിൽ ലിപ്യന്തരണം (Transliterated) നടത്തിയ രൂപവും നല്കിയിരിക്കുന്നു. ഉദാഹരണത്തിന് ഒരുപുറത്തിന്റെ ഛായപകർപ്പ് താഴെ ചേർക്കുന്നു.







ഇടതുവശത്ത് മൂലരൂപത്തിന്റെ ഛായാപകർപ്പ് അതേപടിയും വലതുവശത്ത് മൂലകൃതിയുടെ അച്ചടി പതിപ്പും അതായത് സംസ്കൃതം മലയാളം ലിപിയിൽ നല്കിയിരിക്കുന്ന Diplomatic Edition നും ഉള്ളതും (leaving aside the photographical reproduction presented on the left side its transcibed in the right side Diplomatic Edition) അതോടൊപ്പം ലാറ്റിൻ ലിപ്യന്തരണവുമുള്ള ഈ ഗ്രന്ഥം സംസ്കൃതവ്യാകരണമേഖലയ്ക്ക് ഒരു മുതൽക്കൂട്ടാണ്. ഈ ഗ്രന്ഥം വൈജ്ഞാനികമേഖലയെ ഏറെ സമ്പുഷ്ടമാക്കുന്നു. സംസ്കാരപഠനമേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ നല്കാൻ ഈ കൃതിയെക്കുറിച്ചുള്ള പഠനങ്ങൾക്കു കഴിയും.

## ഗ്രന്ഥസൂചി


അർണ്ണോസ് പാതിരിയുടെ കാവ്യങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.

ഇളയിടം പി.സുനിൽ *സംസ്കാരവിമർശം:മാർക്സിസ്റ്റ് പാഠങ്ങൾ,*സംസ്കാരപഠനം ചരിത്രം, സിദ്ധാന്തംപ്രയോഗം,മലയാള പഠനസംഘം,വള്ളത്തോൾ വിദ്യാപീഠം,ശുകപുരം:2007

ഗോവിന്ദപ്പിള്ള പി. *സംസ്കാരിക പഠനം:പുതുമ,പഴമ,പ്രസക്തി,* സംസ്കാരപഠനം ചരിത്രം,സിദ്ധാന്തംപ്രയോഗം,മലയാള പഠനസംഘം,വള്ളത്തോൾ വിദ്യാപീഠം, ശുകപുരം:2007

മണവാളൻ പോൾ, കേരളസംസ്കാരവും ക്രൈസ്തവമിഷനറിമാരും, ഡി.സി.ബുക്സ്,കോട്ടയം 1990

രവീന്ദ്രൻ പി.പി.സംസ്കാര പഠനം ഒരു ആമുഖം, ഡി.സി.ബുക്സ് കോട്ടയം:2002

രാമകൃഷ്ണൻ *ഇ.വി.സാഹിത്യവും സംസ്കാരപഠനവും,* സംസ്കാരപഠനം ചരിത്രം,സിദ്ധാന്തംപ്രയോഗം,മലയാള പഠനസംഘം,വള്ളത്തോൾ വിദ്യാപീഠം,ശുകപുരം:2007.പു.200

Sociology: Essays on Approach and Method, Oxford University Press, 2002.

Antinomies of Society: Essays on Ideologies and Institutions, Oxford University Press, 2000.

Hanxleden, Johann Ernst. Grammatica Grandonica: The Sanskrit Grammar of Johann Ernst Hanxleden S.J. (1681–1732). Edited by Christophe Vielle and Toon Van Hal, Universitätsverlag Potsdam, 2013


* * * * *


**ഡോ. ഷീബ സി.വി.**
അസി.പ്രൊഫസർ
മലയാളവിഭാഗം
സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

# ഡോ. ഹെർമ്മൻ ഗു□ർട്ട്

## കേരളീയ ലിഖിത പഠനത്തിന്റെ മാർഗദർശി

ഡോ. അരുൺ മോഹൻ പി

**പ്രബന്ധസംഗ്രഹം**

കേരളത്തിൽ ലിഖിതവിജ്ഞാനീയത്തെ ഗുണ്ടർട്ടിന്റെ പഠനങ്ങൾ എപ്രകാരം പോഷിപ്പിക്കുന്നു എന്നന്വേഷിക്കുന്ന പ്രബന്ധം. ലിഖിതവിജ്ഞാനീയ സംബന്ധമായ ഗുണ്ടർട്ട് പഠനങ്ങളെ ക്രോഡീകരിക്കുകയും അവയുടെ വിശകലനം നിർവ്വഹിക്കുകയും ചെയ്യുന്നു.

താക്കോൽ വാക്കുകൾ

ഹെർമ്മൻ ഗുണ്ടർട്ട്, ലിഖിതവിജ്ഞാനീയം, Translation and analysis of the ancient document, engraved on copper in possessin of the Syrian Christian and Jews of Malabar, കേരളപ്പഴമ, FW എല്ലിസ്.

ലിഖിതവിജ്ഞാനീയം (Epigraphy) ഒരു സമൂഹത്തിന്റെ പ്രാചീന ലിപി പാരമ്പര്യം, ഭാഷാ വഴക്കങ്ങൾ, സാമൂഹികവും സാംസ്കാരികവുമായ ചരിത്രം എന്നിവയെ സംബന്ധിക്കുന്ന പഠനമേഖലയാണ്. ഇന്നും കേരളത്തിൽ ഏറ്റവും കുറഞ്ഞ വേഗതയിൽ സഞ്ചരിക്കുന്ന പഠനമേഖലയാണിത്. സി.ഇ. 1830-കൾ ഇന്ത്യൻ ലിഖിത വിജ്ഞാനീയത്തെ പരമ പ്രധാനമായ വഴിത്തിരിവുകളിലേക്ക് നയിക്കുകയുണ്ടായി. എല്ലാ ഇന്ത്യൻ ലിപികളുടെയും മാതൃലിപിയായ ബ്രാഹ്മിയുടെ അക്ഷരപ്പൂട്ടുകൾ തദ്ദേശീയരും വൈദേശികരുമായ പണ്ഡിതന്മാരുടെ കൂട്ടായ പരിശ്രമത്താൽ തുറക്കപ്പെട്ട കാലമാണിത്. ഈ പ്രവർത്തനത്തിന് നേതൃത്വം നല്കിയ ജെയിംസ് പ്രിൻസെപ്പെന്ന ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ ഉദ്യോഗസ്ഥൻ ഇന്ത്യൻ ലിഖിത വിജ്ഞാനീയത്തിൻറെ പിതാവെന്നും





അറിയപ്പെട്ടു. 1837-ലാണ് ഈ ഘട്ടം പൂർത്തിയാകുന്നത്. ഇതിന് തൊട്ടടുത്ത വർഷം ഡോ. ഹെർമ്മൻ ഗുണ്ടർട്ട് മിഷണറി പ്രവർത്തനാർത്ഥം തെക്കേ ഇന്ത്യയിലും പിന്നീട് കേരളത്തിലും എത്തി.

നേരത്തെ ബ്രാഹ്മി ലിപിയുടെ അവസ്ഥ പ്രതിപാദിച്ചു. ഇതായിരുന്നില്ല കേരളത്തിലെ ലിപി പഠനത്തിന്റെ അവസ്ഥ. ഒരുകാലത്ത് ദക്ഷിണേന്ത്യയിൽ മുഴുവനായും പ്രചാരമുണ്ടായിരുന്ന വട്ടെഴുത്ത് സി.ഇ. 1000 ആകുമ്പൊഴേക്ക് കേരളത്തിലേക്ക് ചുരുങ്ങി. ഇനിയൊരു അഞ്ചു നൂറ്റാണ്ടുകൾക്കു ശേഷമത് നിശിതമായ പരിണാമങ്ങൾക്ക് വിധേയപ്പെട്ട് കോലെഴുത്തായി. സി.ഇ. പതിനാറാം നൂറ്റാണ്ടു മുതൽക്കുള്ള കോലെഴുത്ത് രേഖകൾ ഈ ലിപിയുടെ അതിശീഘ്രഗതിയിലുള്ള പരിണാമത്തെയും തുടർന്നുള്ള പ്രാദേശികവും കാലപരവുമായ വ്യതിയാനങ്ങളെയും എടുത്തു കാണിക്കാൻ പര്യാപ്തമാണ്. ഏതാണ്ട് രണ്ട് വ്യത്യസ്ത ലിപികളേപ്പോലെ വട്ടെഴുത്തു പഴയരേഖകളും കോലെഴുത്ത് പുതിയ രേഖകളും കാണപ്പെട്ടു. ക്ഷേത്രങ്ങളും, വലിയ സ്വരൂപിത്തറവാടുകളും ജാതിക്കോയ്മയുടെ അധികാര കേന്ദ്രങ്ങൾ കൂടി ആയിരുന്നതിനാലും വലിയ അന്ധവിശ്വാസങ്ങളും ആചാര നിഷ്ഠയും നിമിത്തവും അവിടങ്ങളിലുള്ള അസംഖ്യം താളിയോല ഗ്രന്ഥങ്ങളും പരിമിതമെങ്കിലും പ്രസക്തങ്ങളായ ശിലാതാമ്ര ശാസനാദികളും പഠനവിധേയമാകാതെ കഴിഞ്ഞുപോന്നു.

ഈ ഘട്ടത്തിലാണ് ഡോ. ഹെർമ്മൻ ഗുണ്ടർട്ടിന്റെ പ്രവർത്തനങ്ങൾ പ്രസക്തമാകുന്നത്. വട്ടെഴുത്ത് വായന വിശ്വസനീയമായി ചെയ്യുന്നവരുടെ പരിമിതി പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടം മുതല്ക്കുതന്നെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. പതിനെട്ടാം നൂറ്റിന്റെ തുടക്കത്തിൽ രണ്ട്, മൂന്ന് ദശകങ്ങളിൽ ഡച്ച് പാതിരിയായ കാൻറർ വിഷ്ഷറുടെ 'Letters from Malabar', പത്തൊമ്പാതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്ലൌഡിയസ് ബുക്കാനന്റെ 'Christian Researches in Asia', എഫ്. ഡബ്ലിയു. എല്ലിസിന്റെ മരണത്തിന് തൊട്ടുമുമ്പത്തെ വർഷം സി. ഇ. 1818 മുതൽ അദ്ദേഹം പഠനം നടത്തി പ്രസിദ്ധീകരിക്കാൻ കഴിയാതെ

പോയതും പിന്നീട് സി.ഇ. 1844-ൽ ‘Madras Journal of Literature and Science’-ൽ പത്രാധിപരായ വാൾട്ടർ ഏലിയറ്റ് ആമുഖപഠന ത്തോടെ പ്രസിദ്ധീകരിച്ചതും, സി.എം.വിഷിന്റെ ‘The Oriental Christian Spectator’-ലെ പഠനവുമെല്ലാം ജൂത ശാസനത്തെ സംബന്ധിച്ചതായിരുന്നു. ഇവയിലെല്ലാം വലിയ ആശയക്കുഴപ്പ ങ്ങളും തെറ്റുകളും അധികവുമായിരുന്നു.

സി.ഇ. 1843ൽ മംഗലാപുരത്തു നിന്നും കേരളോല്പത്തിയും 1844ലെ ‘മദ്രാസ് ജേണൽ ഓഫ് ലിറ്ററേചർ ആന്റ് സയൻസി’ന്റെ ജൂൺ, ഡിസംബർ (വർഷത്തിൽ രണ്ടുതവണ മാത്രമായിരുന്നു പ്രസിദ്ധീകരണം) ലക്കങ്ങളിൽ കേരളത്തിൽ നിന്നും ലഭിച്ച മൂന്ന് താമ്രശാസനങ്ങളും അവയിലുൾപ്പെട്ട ജൂത ശാസനത്തിന്റെ ഹീബ്രു വിവർത്തനവും ഡോ. ഹെർമ്മൻ ഗുണ്ടർട്ട് പഠനം നടത്തി പ്രസിദ്ധീകരിച്ചു. ജൂണിലെ പഠനത്തിലെ അഞ്ചുവണ്ണത്തെ സംബന്ധിക്കുന്ന അവ്യക്തത ഡിസംബർ ലക്കമാകുമ്പോഴേക്കും പയ്യന്നൂർപാട്ടിന്റെ ഓലഗ്രന്ഥം കയ്യിൽ കിട്ടി വായിച്ചതിനാൽ പരിഹരിക്കുകയും ജൂതശാസന പഠനങ്ങൾക്കാകവേ പുതുവെളിച്ച മാകുകയും ചെയ്തു. സി.ഇ. 1848 മുതൽ അദ്ദേഹത്തിന്റെ തന്നെ മുഖ്യകാർമ്മികത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്ന പശ്ചിമോദയത്തിൽ ‘പുരാണ കേരളാക്ഷരങ്ങളെ’ന്ന പേരിൽ ഒരു പഠനം പ്രസിദ്ധീകരി ക്കുകയും വട്ടെഴുത്താദി പുരാതന ലിപികളുടെ പഠനത്തിന്റെ പ്രസക്തിയും പഠനത്തിന് രേഖകൾ വിട്ട് നല്കുന്നതിനും മറ്റും ഹൈന്ദവർക്ക് ജാത്യാലുള്ള അന്ധവിശ്വാസവും ആചാരനിഷ്ഠയും കലർന്ന അസൗകര്യവും എന്നാൽ ക്രിസ്ത്യാനികളും ജൂതരുമായ വർക്ക് ഇത്തരം രേഖകൾ പഠിക്കാനായി നല്കിയതിനാൽ ചരിത്രപരമായി ലഭിച്ച ഉത്കർഷവും ഗുണ്ടർട്ട് രേഖപ്പെടുത്തി. പുരാതനാക്ഷരങ്ങൾ പഠിപ്പിക്കുന്നതിനുതകുന്നൊരു ശ്രമവും ഇതേ ലേഖനത്തിൽ അദ്ദേഹം നിർവ്വഹിച്ചു. ഗുണ്ടർട്ട് ചൂണ്ടിക്കാട്ടിയ പരിമിതികളെ അതിജീവിക്കാൻ നമുക്കായത് പിന്നീട് തിരുവിതാംകൂറിൽ സർക്കാർ തന്നെ മുൻകൈയ്യെടുത്ത് പുരാവസ്തു വകുപ്പും





എപ്പിഗ്രാഫി പ്രസിദ്ധീകരണമായി ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസും പ്രസിദ്ധീകരിച്ചതു മുതൽക്കാണ്.

**മദ്രാസ് ജേണലിലെ ലിഖിത സംബന്ധിയായ പഠനങ്ങൾ**

ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ലിഖിത വിജ്ഞാനീയ പഠനത്തിൽ പ്രഥമഗണനനീയമായത് 'മദ്രാസ് ജേണൽ ഓഫ് ലിറ്ററേചർ ആന്റ് സയൻസി'ന്റെ സി. ഇ. 1844 ജൂൺ ലക്കത്തിലെ പഠനമാണ്. "Translation and analysis of the ancient documents engraved on copper in possession of the Syrian Christian and Jews of Malabar" എന്ന പേരിലാണീ പഠനം പ്രസിദ്ധീകരിച്ചത്. ഈ ലേഖനത്തിന്റെ സംക്ഷിപ്ത സംഗ്രഹം താഴെ നല്കുന്നു;

"കൊച്ചിയിലും കോട്ടയത്തുമായി സംരക്ഷിക്കപ്പെട്ടിരിക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെയും ജൂതരുടെയും കൈവശമുള്ള ചെപ്പേടുകൾ ഗൗരവപ്പെട്ട പഠനങ്ങൾക്ക് വിധേയമായിട്ടില്ല. എന്നിരിക്കിലും ഇവയുടെ പഠനത്തിലൂടെ ഈ ദേശത്തിന്റെ ഭൂതകാല അറിവുകളിലേക്ക് കടന്നുചെല്ലാനാകുമെന്ന പ്രത്യാശ ഗുണ്ടർട്ട് മുന്നോട്ട് വെക്കുന്നു. കോട്ടയത്ത് സൂക്ഷിച്ചിരുന്ന തരിസാപ്പള്ളി ചെപ്പേടും വീരരാഘവപ്പട്ടയവും പഠനാവശ്യത്തിന് ലഭ്യമാകുന്നതിൽ ബെഞ്ചമിൻ ബെയ്‌ലിയുടെ സഹായം അദ്ദേഹത്തിന് ലഭിച്ചു. തുടർന്ന് ലിഖിതങ്ങളുടെ സവിശേഷതകളിലേക്ക് പഠനം പ്രവേശിക്കുന്നു;

1. ഒരു ചെമ്പോലയുടെ ഇരുവശത്തും എഴുത്തുള്ളതും ഇരവി കോർത്തനന് പെരുമാളായ വീരരാഘവ ചക്രവർത്തി പ്രഭു സമ്മിതമായ അവകാശങ്ങളും മണിഗ്രാമ പദവിയും നല്കുന്ന ലിഖിതമാണ് ഗുണ്ടർട്ട് ആദ്യം എളുപ്പത്തിൽ പകർത്തിയത്. ഇതിനകത്ത് തമിഴക്ഷരങ്ങളും ആധുനിക മലയാളം അഥവാ ഗ്രന്ഥലിപിയുമാണുപയോഗിച്ചിട്ടുള്ളതെന്നും ഗുണ്ടർട്ട് നിരീക്ഷിക്കുന്നു. വട്ടെഴുത്തക്ഷര ക്രമത്തെ തമിഴക്ഷരമായാണീ പഠനത്തിൽ മുഴുവനും ഗുണ്ടർട്ട് പരിഗണിച്ചിട്ടുള്ളത്.
2. 5 തകിടുകളുള്ള മറ്റൊരു ചെമ്പോല ഗുണ്ടർട്ട് തുടർന്ന് പഠനവിധേയമാക്കി. ഇവയിൽ ചെറിയ ചെമ്പോലകളുടെ 7 വശങ്ങളിലായി തമിഴ് – മലയാളം അക്ഷരങ്ങൾ വ്യത്യസ്ത





എഴുത്തുകാർ പകർത്തിയിരിക്കുന്നു. ചെമ്പോലകളിൽ പൊട്ടലുള്ളതിനാൽ ചില അക്ഷരങ്ങൾ മുറിഞ്ഞുപോയിട്ടുണ്ട്. ചെമ്പോലകളിൽ അവശേഷിക്കുന്ന രണ്ടു വശങ്ങളിൽ അറിയാത്ത ഭാഷകളിൽ (അത് കൂഫിക് ആയിരിക്കാമെന്ന് ഗുണ്ടർട്ട് ഊഹിക്കുന്നു) എഴുത്ത്. അവയിൽ 4 കയ്യൊപ്പുകൾ ഹീബ്രുവിലാണ്. ഈ ലിഖിതത്തിനകത്ത് മരുവാൻ സപീർ ഈശോക്ക് ചെറിയൊരു ഭാഗം ഭൂമി വ്യത്യസ്ത ജാതികളിൽപ്പെട്ട മനുഷ്യരെയുൾപ്പെടെ തരിസാപ്പള്ളിക്കായി വിട്ടു നല്കിയിരിക്കുന്നു. ഈശോ തപിരായ് ആണ് പള്ളി പണിതത്. ഈ ദാനം സ്ഥാണു രവിയെന്ന ചക്രവർത്തിയുടെ കാലത്ത് അദ്ദേഹത്തിന്റെ സാമന്തനായ വേണാട്ടടികളാണ് അനുവദിച്ച് നല്കിയിരിക്കുന്നത്. അഞ്ചുവണ്ണം, മണിഗ്രാമം എന്നിവ ജൂത, ക്രിസ്തീയ വംശങ്ങൾക്ക് ഭൂമിയോടോ ആരാധനാലയങ്ങളോടോ ഒപ്പം അനുവദിച്ച് നല്കുന്നതാണ്. അഞ്ചുവണ്ണം, മണിഗ്രാമം എന്നിവ അനുവദിക്കുന്നതിനുള്ള അവകാശം പെരുമാളിനും ഭൂമിയുടെ അവകാശം അതതു മേഖലകളിലെ സാമന്തന്മാർക്കുമാണ്. നിലവിൽ പഠനം നടത്തുന്ന മൂന്ന് ലിഖിതങ്ങളിലും നവീനമായത് ഈ ലിഖിതമാണെന്നും ഗുണ്ടർട്ട് നിരീക്ഷിക്കുന്നു.

3. കൊച്ചിയിൽ റബ്ബി സാമുവൽ എന്ന ജൂതവ്യാപാരിയുടെ കൈവശമുള്ള ജൂത ശാസനം 2 ചെമ്പോലകളുടെ 3 വശങ്ങളിലായി മലയാളം – തമിഴക്ഷരങ്ങളിൽ തയ്യാറാക്കിയിരിക്കുന്നു. ഇതോടൊപ്പം ഈ ലിഖിതത്തിന്റെ ഹീബ്രു വിവർത്തനവുമുണ്ടായിരുന്നു. ഇത് പകർത്താനുള്ള അനുമതി റബ്ബി സാമുവൽ ഗുണ്ടർട്ടിനു നല്കി. നിലവിലുള്ള 3 ലിഖിതങ്ങളിലും ഏറ്റവും പഴക്കമുള്ളതും ഏറ്റവും മികച്ച രീതിയിൽ സംരക്ഷിക്കപ്പെടുന്നതും ജൂതശാസനമാണെന്ന് ഗുണ്ടർട്ട് നിരീക്ഷിക്കുന്നു. ഭാസ്കരരവിപെരുമാൾ ജോസഫ് റബ്ബാന് അഞ്ചുവണ്ണ സ്ഥാനം അനുവദിച്ച് നല്കുന്നതാണീ ലിഖിതത്തിന്റെ ഉള്ളടക്കം.

ഈവിധം ലിഖിതങ്ങളുടെ പ്രാഥമിക വിവരങ്ങൾ നല്കിയതിനു ശേഷം അവയുടെ ലിപ്യന്തരണ പാഠം നല്കിയിരിക്കുന്നു. ഇവിടെ

പ്രത്യേകം ശ്രദ്ധയർഹിക്കുന്ന കാര്യം ലിപ്യന്തരണത്തിൽ ഗുണ്ടർട്ട് ബഹു ലിപികളാണ് ഉപയോഗിച്ചത്. കേരളത്തിൽനിന്നും ലഭിച്ച വട്ടെഴുത്തു ലിഖിതങ്ങൾ ഏകലിപികളിലല്ല പൂർണമായും തയ്യാറാക്കിയിട്ടുള്ളത്. ദ്രാവിഡമായ വാക്കുകൾ വട്ടെഴുത്തിലും ദ്രാവിഡേതരമായവ ഗ്രന്ഥലിപിയിലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഗു ണ്ടർട്ട് 3 ലിഖിതങ്ങളുടെയും ലിപ്യന്തരണം നല്കിയപ്പോൾ വട്ടെഴുത്തക്ഷരങ്ങൾക്ക് തമിഴും ഗ്രന്ഥാക്ഷരങ്ങൾക്ക് മലയാളം ലിപിയുമാണ് ഉപയോഗിച്ചത്.

ലിഖിതങ്ങളുടെ ഉള്ളടക്കം പരിശോധിച്ച് ഗുണ്ടർട്ട് ചില നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നു. അതിലൊന്ന് വീരരാഘവപ്പട്ടയം നല്കിയ ചക്രവർത്തിയെയും സ്വീകരിച്ച ഇരവി കോർത്തനനെയും സംബന്ധിക്കുന്നതാണ്. 'വീരകേരളൻ' എന്നത് 1844-ലും കൊച്ചി രാജാക്കന്മാർ സ്ഥാനപ്പേരായി ഉപയോഗിക്കുന്നു; ഇരവി കോർത്തനൻ ഒരു നസ്രാണിയാണ്. ഗുണ്ടർട്ടിന്റെ ഈ നിരീക്ഷണത്തെ സംബന്ധിച്ച് പിന്നീട് ഭിന്നാഭിപ്രായങ്ങളുണ്ടായെങ്കിലും അവയിന്നും പ്രബലമായി നിലനില്ക്കുന്നു. എന്നിരിക്കിലും ഇരവി കോർത്തനന്റെ നസ്രാണിത്വത്തെക്കുറിച്ച്; അതിന്റെ സാധ്യതയെക്കുറിച്ച് ഗുണ്ടർട്ട് ചിന്തിക്കുന്നു. "ഇരവി കോർത്തനൻ ഒരു നസ്രാണി നാമമായിരി ക്കണം, എങ്കിലും ഞാൻ കണ്ട സിറിയൻ പുരോഹിതൻമാർ ഇങ്ങനെ ഒരു പേര് കേട്ടിട്ടില്ല; അവർക്കിത് വിശദീകരിക്കാനുമാ കുന്നില്ല. അത് പോർച്ചുഗീസുകാരുടെ ബലിയാർട്ടുകളുമായി (Baliartes) ബന്ധപ്പെട്ടതാകുമോ?" എന്ന സന്ദേഹത്തിലാണീ നിരീക്ഷണം ഗുണ്ടർട്ട് പൂർത്തീകരിക്കുന്നത്.

മഹോദയർപട്ടണം കൊടുങ്ങല്ലൂരിന്റെ പഴയ പേരാണെന്നും ഇന്നത്തെ കൊടുങ്ങല്ലൂർ തന്നെയാണെന്നതുമാണ് ഗുണ്ടർട്ടിന്റെ മറ്റൊരു നിരീക്ഷണം. ഇതിന് ബലം പകരാൻ കേരളോത്പത്തിയിൽ പെരുമാക്കന്മാരുടെ വാസസ്ഥാനം കൊടുങ്ങല്ലൂരാണെന്ന സൂചനയെ അദ്ദേഹമുപയോഗിക്കുന്നു. ഈ സ്ഥലം തീർച്ചയായും ഇന്നത്തെ തിരുവഞ്ചിക്കുളത്തിന് സമീപമുള്ള തുറമുഖമായിരിക്കുമെന്ന ഊഹവും ഗുണ്ടർട്ടിനുണ്ട്. അറേബ്യയുമായുള്ള കപ്പൽ ബന്ധത്തി





നുപയോഗിച്ച കേരളത്തിലെ 18 തുറമുഖങ്ങളിൽ മികച്ചതായിരുന്നു കൊടുങ്ങല്ലൂർ. തുടർന്ന് കോലത്തിരിയെ സംബന്ധിക്കുന്ന നിരീക്ഷണം കൂടി അവതരിപ്പിച്ച് വീരരാഘവപ്പട്ടയ സംബന്ധിയായ പഠനം ഗുണ്ടർട്ട് പൂർത്തിയാക്കുന്നു; "ഈ ശാസനകാലത്ത് കോലത്തിരി പെരുമാളുമായി അകൽച്ചയിലായിരുന്നു. അതിനാലാകാം കോലത്തിരിയെ സംബന്ധിക്കുന്ന പരാമർശം വീരരാഘവപ്പട്ടയത്തിനക ത്തില്ലാത്തത്."

സി.ഇ. 1844 ഡിസംബർ ലക്കത്തിലെ 'മദ്രാസ് ജേണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസി'നകത്ത് റബ്ബി സാമുവലിൽ നിന്നും കൈപ്പറ്റിയ ജൂതച്ചെപ്പേടിന്റെ ഹീബ്രു വിവർത്തനത്തെ ഗുണ്ടർട്ട് "Hebrew version of the Jewish Sasanam with translation into English; together with a notice of an ancient Malayalam Poem, called the Song or Legend of Payanur" പഠന വിധേയമാക്കി. പ്രസ്തുത വിവർത്തനം ചെപ്പേടിന്റെ ഉള്ളടക്ക ത്തോട് നീതി പുലർത്തുന്ന ഒന്നല്ലെന്ന് മനസ്സിലാക്കാൻ ഗുണ്ടർട്ടിന്റെ ഈ ശ്രമം സഹായകമായി. ഇതോടൊപ്പം പയ്യന്നൂർ പാട്ടിന്റെ താളിയോല ഗ്രന്ഥം പരിശോധിച്ചതിൽ നിന്നും 'അഞ്ചുവണ്ണം'കച്ചവട സംഘമാണെന്ന നിർണ്ണായക അറിവ് കണ്ടെ ത്താനും ഈ പഠനത്തോടൊപ്പം നല്കാനും ഗുണ്ടർട്ടിനായി. ഈവിധം തന്റെ നിരന്തരമായ പരിശ്രമത്താലും സാഹിത്യം, പ്രാചീനവും നവീനവുമായ രേഖകളുടെ പഠനം, ഭാഷാപഠനം എന്നിവയുടെ സഹായത്താലും കേരളീയ ലിഖിത വിജ്ഞാനീയ മേഖലയ്ക്ക് മുമ്പോട്ട് നീങ്ങാനുള്ള വഴി തെളിക്കാൻ ഗുണ്ടർട്ടി നായി. അതിന്റെ ഉത്തമോദാഹരണമാണ് 'പശ്ചിമോദയത്തി' നകത്ത് സി.ഇ. 1848-ൽ അദ്ദേഹം എഴുതിയ 'പുരാണ കേരളാക്ഷര ങ്ങളെ'ന്ന പഠനം.

**പുരാണ കേരളാക്ഷരങ്ങൾ**

ഭാഷ, സാഹിത്യം, വ്യാകരണം, അധ്യാപനം എന്നിവ പോലെ ഗുണ്ടർട്ടിന് അതീവ താത്പര്യമുള്ള മേഖലയാണ് ചരിത്രം. കെട്ടുകഥകൾക്കും ഐതിഹ്യങ്ങൾക്കും അതീതമായി രേഖകളെ ആധാരമാക്കി കേരള ചരിത്രം രചിക്കാൻ ഗുണ്ടർട്ട് അഭിനന്ദനീയമായ ശ്രമം നടത്തി. ഇതിന്റെ ഗുണഫലമാണ് 'പശ്ചിമോദയ'ത്തിൽ ഖണ്ഡശ്ശ: പ്രസിദ്ധീകരിച്ച 'കേരളപ്പഴമ'. സി.ഇ. 1498 മുതൽ 1531 വരെയുള്ള പോർച്ചുഗീസാവിഷ്ട കേരളത്തിന്റെ ചരിത്രം പാശ്ചാത്യരേഖകളുടെ സഹായത്തോടെ അദ്ദേഹം പൂർത്തിയാക്കി. എന്നാൽ യൂറോപ്യന്മാരുടെ വരവിന് മുമ്പുള്ള കേരളരാജ്യത്തിന്റെ ചരിത്രം രചിക്കാൻ കെട്ടുകഥകളോ ഐതിഹ്യങ്ങളോ അല്ല ആധികാരിക രേഖകൾ തന്നെ ആവശ്യമാണെന്ന ബോധ്യം ഗുണ്ടർട്ടിനുണ്ടായി. അത്തരത്തിലുള്ള താളിയോലകൾ, ചെപ്പേടുകൾ, ശിലാരേഖകൾ എന്നിവ കേരളത്തിലുണ്ടെങ്കിലും അവ വായിക്കാനറിയാവുന്ന തദ്ദേശീയരുടെ അഭാവവും താത്പര്യമില്ലായ്മയും അതോടൊപ്പം ക്ഷേത്രങ്ങളിലും മറ്റുമുള്ള രേഖകൾ അന്ധവിശ്വാസം നിമിത്തം പഠനാവശ്യത്തിനുപോലും ലഭിക്കാത്ത ദുരവസ്ഥയും 'പുരാണ കേരളാക്ഷരങ്ങളെ'ന്ന പേരിലൊരു ലേഖനം പ്രസിദ്ധീകരിക്കാൻ ഗുണ്ടർട്ടിനെ നിർബന്ധിോതനാക്കി. ഈ ലേഖനത്തെ കേരളത്തിലെ പ്രാചീനലിപികളുടെ പ്രായോഗിക പരിശീലനത്തിനുള്ള ഒന്നാമത്തെ പടവായിത്തന്നെ പരിഗണിക്കാം.

"ഈ രാജ്യത്തിന്റെ ചരിത്രം അറിവാൻ വളരെ വിഷമം ഉണ്ടു" എന്ന വാക്യത്തോടെയാണീ ലേഖനം ആരംഭിക്കുന്നത്. അതോടൊപ്പം തന്നെ കേരളോത്പത്തിയിലൂടെ പ്രബലവത്കരിക്കപ്പെട്ട ബ്രാഹ്മണാധിപത്യവും ദേവസ്വം, ബ്രഹ്മസ്വം എന്നിങ്ങനെയുള്ള ഭൂമിയുടെ തരംതിരിവുകളും എങ്ങനെയാണ് കേരളത്തിന്റെ ചരിത്ര രചനയെ പ്രതികൂലമായി ബാധിച്ചതെന്ന് ഗുണ്ടർട്ട് നിരീക്ഷിക്കുന്നു. ഗുണ്ടർട്ടിനെ സംബന്ധിച്ച് ചരിത്രം ആധികാരിക രേഖകളുടെ സഹായത്തോടെ എഴുതേണ്ട ഒന്നാണ്. സി.ഇ. 1498 ൽ പോർച്ചുഗീസുകാർ കേരളത്തിൽ പ്രവേശിച്ചതുമുതല്ക്കുള്ള





കാലത്തെ ചരിത്രമെഴുതുന്നതിന് ഈവിധം ആധികാരിക രേഖകൾ ലഭ്യമാണ്. എന്നാലതിനുമുമ്പുള്ള കാലത്തെ ചരിത്രം ആധികാരികമായി തയ്യാറാക്കാൻ ചെമ്പിലും കല്ലിലും തയ്യാറാക്കിയ ലിഖിത രേഖകൾ സഹായകമാണ്. എന്നാൽ ഇവ പഠനാവശ്യത്തിന് വേണ്ടത്ര ലഭ്യമല്ല. മാത്രവുമല്ല ചരിത്രമെന്ന പേരിൽ ഇവിടെ പ്രചരിക്കുന്ന പല കഥകളും വ്യാജമാണെന്നതിനാൽ ചരിത്ര രചനയ്ക്കവയെ ആശ്രയിക്കാനാകില്ലെന്ന ബോധ്യവും ഗുണ്ടർട്ടിനുണ്ട്.

കേരളോത്പത്തിയിലെ കെട്ടുകഥകൾ യഥാർത്ഥ ചരിത്രത്തെ വഴിതെറ്റിക്കാനിടയുണ്ടെന്ന തിരിച്ചറിവ് ഗുണ്ടർട്ടിനുണ്ട്. അദ്ദേഹത്തെ സംബന്ധിച്ച് കുറ്റമറ്റ രീതിയിൽ സി.ഇ. 1498 ന് മുമ്പുള്ള കാലത്തെ ചരിത്രം നിർമ്മിക്കാനുതകുന്ന രേഖകൾ ചെപ്പേടുകളും ശിലാശാസനങ്ങളുമാണ്. ഇവയെ പ്രമാണങ്ങളാക്കി ക്കൊണ്ട് ചരിത്രം രചിക്കാനാകും. അതിന് ഈ രേഖകളിലെ അറിവുകൾ പരസ്യമാകേണ്ടതുണ്ട്. എന്നാലിവയിലെ ഭൂരിഭാഗം രേഖകളും ബ്രാഹ്മണരുടെയും സമൂഹത്തിലെ പ്രതാപികളുടെയും കൈവശമായിരുന്നു. അവരാകട്ടെ ഈ രേഖകൾ രഹസ്യമായി സൂക്ഷിച്ചു പോന്നു. ഈ അവസ്ഥയുടെ ഗുണമില്ലായ്മയെ ഗുണ്ടർട്ട് വിമർശിക്കുന്നു. രഹസ്യമായി രേഖകൾ സൂക്ഷിക്കുന്നവരുടെ പൂർവ്വികർക്ക് അവ പരസ്യമാകുന്നതിൽ വിഷമമുണ്ടായിരുന്നില്ല; അവർ വലിയ ശിലകളിൽ കുറേപ്പേരറിയും വിധം പൊതുവിടങ്ങളിലാണ് ശാസനങ്ങൾ സ്ഥാപിച്ചത്. ഇതിൽ നിന്നും വ്യത്യസ്തമായി സുറിയാനി ക്രിസ്ത്യാനികളും ജൂതരും തങ്ങളുടെ കൈവശമുള്ള രേഖകൾ പഠനത്തിനായി നല്കുകയും ചരിത്രത്തിലവരുടെ സ്ഥാനത്തെ ഭദ്രമാക്കുകയും ചെയ്തു.

**ഗു□ർട്ടിന്റെ ലിഖിത പഠനങ്ങളുടെ നില**

കേരളത്തിലെ ആദ്യത്തെ പ്രാചീന ലിപി പഠിതാവായിരുന്നില്ല ഡോ. ഹെർമൻ ഗുണ്ടർട്ട്. അദ്ദേഹത്തിനുമുമ്പ് ക്ലൌഡിയസ് ബുക്കാനൻ(ക്രിസ്ത്യൻ റിസർച്ചസ് ഇൻ ഏഷ്യ), എഫ്.ഡബ്ലിയു. എല്ലിസ്, സി.എം.വിഷ് (ദി ഒറിയന്റൽ ക്രിസ്റ്റ്യൻ സ്പെക്റ്റേറ്റർ)

എന്നിവർ ജൂതശാസനത്തെ മുൻനിർത്തി പഠനമോ വിവർത്തനമോ നടത്തിയവരാണ്. ഇതിൽ എഫ്.ഡബ്ലിയു. എല്ലിസിന്റെ പഠനം പില്ക്കാല ലിഖിതവിജ്ഞാനീയ പഠിതാക്കൾക്ക് രീതിശാസ്ത്ര പരമായ മാതൃകയാണ്. സി.ഇ. 1819-ൽ അദ്ദേഹം മരണപ്പെട്ട തിനാലീ പഠനം കാൽനൂറ്റാണ്ടുകാലം അപ്രകാശിതമായി ത്തുടർന്നു. 1844-ൽ 'മദ്രാസ് ജേണൽ ഓഫ് ലിറ്ററേച്ചർ ആന്റ് സയൻസി'ന്റെ ഡിസംബർ ലക്കത്തിൽ പത്രാധിപരായിരുന്ന വാൾട്ടർ ഏലിയറ്റിന്റെ ആമുഖത്തോടെ "Analysis of the Copper Grant in Possession of the Jews of Cochin. By the late F. W. Ellis of the Madras Civil Service" എന്ന പേരിൽ ഈ പഠനം പ്രസിദ്ധീകൃതമായി.

ഗുണ്ടർട്ടിന്റെ ലിഖിത വിജ്ഞാനീയ പഠനങ്ങൾക്ക് രണ്ടു തലങ്ങളുണ്ട്. വീരരാഘവ ചക്രവർത്തിയുടെ ഭരണകാലത്തെ ചെപ്പേട്, കുലശേഖര രാജാക്കന്മാരായിരുന്ന സ്ഥാണുരവിയുടെ ഭരണകാലത്തെ തരിസാപ്പള്ളി ചെപ്പേട്, ഭാസ്കരരവിയുടെ ഭരണകാലത്തെ ജൂതച്ചെപ്പേട് എന്നിവ പഠനവിധേയമാക്കുകയും അവയിലെ ഭാഷ, ലിപി, ഉള്ളടക്കം എന്നിവയെ സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങളെ സംബന്ധിക്കുന്നതുമായ ഒന്നാം ഘട്ടം. ലിഖിതങ്ങളുടെ വിശദാംശങ്ങളിലേക്ക് ഗൌരവമായി പ്രവേശി ക്കാനും ഗുണ്ടർട്ടിന് കഴിഞ്ഞു. കേരളരാജ്യത്തിന്റെ വിശ്വാസയോ ഗ്യമായ ചരിത്രം തയ്യാറാക്കുന്നതിന് സി.ഇ. 1498-നു ശേഷം യൂറോപ്യന്മാരും മറ്റും നിർമ്മിച്ച് സംരക്ഷിച്ചുപോരുന്ന രേഖകൾക്ക് മുമ്പിലുള്ള കാലത്തെ പ്രമാണരേഖകളായി ഉപയോഗിക്കാവുന്ന ചെപ്പേടുകളും ശിലാശാസനങ്ങളുമാണ് ഉപയോഗിക്കേണ്ടതെന്നും അവ വായിക്കുന്നതിന് ഈ രാജ്യത്തെ പ്രാചീന ലിപികൾ വായിക്കാൻ പഠിക്കുകയാണ് ഉചിതമായ നടപടിയെന്നും കേരളീയരെ ഉദ്ബോധിപ്പിക്കുന്ന രണ്ടാംഘട്ടം എന്നിവയാണവ.

നമ്മുടെ ലിഖിത വിജ്ഞാനീയ മേഖല അതിസമ്പന്നമ ല്ലെങ്കിലും നിർണ്ണായക ചരിത്രമുഹൂർത്തങ്ങളെയും സംഭവങ്ങളെയും





അടയാളപ്പെടുത്തിയവ ലഭ്യമാണ്. കൊളോണിയൽ കാലത്ത് ഇവയെ സംബന്ധിക്കുന്ന പഠനങ്ങൾ സുശക്തമായി. എന്നിരിക്കിലും തുടർച്ചകളുള്ള ഒരു ചരിത്രനിർമ്മിതിക്കായി അവ സി.ഇ. 1950 വരെയെങ്കിലും ഉപയോഗിക്കപ്പെട്ടില്ല. ഒറ്റയൊറ്റയായ പഠനങ്ങളായിരുന്നു ഏറിയ കൂറും നടന്നത്. പിന്നീട് ഇളംകുളം കുഞ്ഞൻപിള്ള, എം.ജി.എസ്. നാരായണൻ, എ.സി.ശേഖർ, ഡോ.കെ. രത്നമ്മ എന്നിവർ അക്കാദമിക് പശ്ചാത്തലത്തിൽ കേരളീയ ലിഖിതങ്ങളെ പഠനവിധേയമാക്കി. അവയിലെ ചരിത്രം, ലിപി, ഭാഷ, സമൂഹം എന്നീ ഘടകങ്ങൾ അക്കാദമിക്ക് സമൂഹത്തിന് മുമ്പിൽ അനാവൃതമായി. ഇതിലേക്ക് കേരളത്തിലെ ലിഖിതവിജ്ഞാനികളെ നയിക്കാൻ പാകത്തിലുള്ള പശ്ചാത്തലമൊരുക്കാൻ തിരുവിതാം കൂറിൽ നിന്നും പ്രസിദ്ധീകരച്ച 'ട്രാവൻകൂർ ആർക്കിയോളജിക്കൽ സീരീസി'നും, കൊച്ചി രാജ്യത്തുനിന്നും പ്രസിദ്ധീകരിച്ച 'രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ബുള്ളറ്റിനു'മായി. ഗുണ്ടർട്ടിന്റെ ലിഖിത വിജ്ഞാനീയ പഠനങ്ങളാരംഭിച്ച് ഒരു നൂറ്റാണ്ട് പൂർത്തിയായതിനു ശേഷമാണ് ഈവിധം, അദ്ദേഹമാഗ്രഹിച്ച രീതിയിൽ നമ്മുടെ ലിഖിതങ്ങളെ പഠനവിധേയമാക്കാൻ നമുക്ക് സാധിച്ചതെന്നും ഈ പശ്ചാത്തലത്തിൽ ഓർക്കാവുന്നതാണ്.

**ഡോ. അരുൺ മോഹൻ പി**
അസിസ്റ്റൻറ് പ്രൊഫസർ, മലയാള വിഭാഗം
ആർ.ജി.എം. ഗവ. ആർട്സ് & സയൻസ് കോളേജ്, അട്ടപ്പാടി.
Mob: 9447642863, Email: drarunmohanp@gmail.com

# സ്ഥലനാമപഠനങ്ങളും ഗു□ർട്ടുവിചാരവും

റ്റോംസ് ജോസഫ്

**പ്രബ ന്ധ സം ഗ്രഹം**

ചരിത്രപരവും ഭൂമിശാസ്ത്ര പരവുമൊക്കെയായ സവിശേഷതകളടക്കം ദ്യോതിപ്പിക്കുന്ന സൂചകങ്ങളെന്ന നിലയിൽ സ്ഥലനാമങ്ങൾ ഏറെ പ്രാധാന്യ മർഹിക്കുന്നു.

നിരന്തരോപയോഗത്താൽ ചിരപരിചിതങ്ങളെങ്കിലും സ്ഥലനാമ പദങ്ങളുടെ സാംസ്കാരിക മൂല്യത്തെ തിരിച്ചറിയുന്ന പഠനങ്ങൾ വിരളമായേ മലയാളത്തിലു ണ്ടായിട്ടുള്ളു. ഗുണ്ടർട്ടു നിഘണ്ടു (1872) സ്ഥലനാമങ്ങളെ ഉൾപ്പെടുത്തുന്നതിൽ മാത്രമല്ല, പില്ക്കാല സ്ഥലനാമപഠനങ്ങൾ മുന്നോട്ടുവച്ച ദർശനങ്ങൾക്കിണ ങ്ങുന്ന സമീപനങ്ങളുടെ സ്വീകര ണം വഴിയും വിസ്മയം ജനിപ്പിക്കുന്നു.

**താക്കോ□ വാക്കു കൾ**

ഗുണ്ടർട്ട്, സ്ഥലനാമം, കോളനീകരണം, നിഘണ്ടു, കുറമ്പറനാട്, പറപ്പു നാട്, പറക്കാടു, ചിറയ്ക്കൽ, മഹാദേവർപട്ടണം, തലച്ചേരി.

## സ്ഥലനാമപഠനം ആധു നിക രീതി ശാസ്ത്രം

സ്ഥലനാമപഠനത്തിൽ സാമാന്യാംശങ്ങളെയും (generics) വിശേഷവാചികളെയും (specifics) വേർതിരിച്ചുള്ള പഠനരീതി ശാസ്ത്രം ധാരാളമായി ഉപയോഗിക്കാറുണ്ട്. ഇവയിലേത് പൂർവ്വോത്തരങ്ങളായി ഘടിക്കപ്പെട്ടാണ് ഓരോ സ്ഥലനാമവും രൂപപ്പെട്ടിരിക്കുന്നതെന്ന ഘടനാത്മക അന്വേഷണമാണിത്. ആധു നിക സ്ഥലനാമപഠനങ്ങളിൽ അധിവാസം അഥവാ കുടിപാർപ്പ്, വ്യതിരിക്തലക്ഷണം എന്നിവയെ മുൻനിർത്തി പൊതുവർഗീ





കരണം സാധ്യമാക്കാറുണ്ട്. അധിവാസജനതയുടെ ജീവിതശൈലി, ചരിത്രം, ജീവിതക്രമത്തെ നിർണയിക്കുന്ന ഭൗതികസാഹചര്യങ്ങൾ എന്നിവയിലൂന്നിയ അപഗ്രഥനമാണ് ഒന്നാം ഗണത്തിൽ നടക്കുക. അധിവാസഭൂമിയുടെ ജൈവ സവിശേഷതകൾ, കാലാവസ്ഥാദി ഘടകങ്ങൾ എന്നിവയെ മുൻനിർത്തിയുള്ള വിലയിരുത്തലാണ് രണ്ടാം ഗണത്തിലെ അപഗ്രഥനരീതിശാസ്ത്രം.

സ്ഥലനാമശേഖരണം, ഡോക്യുമെന്റേഷൻ, തിരിച്ചറിയൽ, വ്യാഖ്യാനം എന്നിങ്ങനെ നാലു ഘട്ടങ്ങളാണ് ഇന്നു സ്ഥല നാമപഠനങ്ങളിൽ പിന്തുടരുന്നത്. സ്ഥലനാമങ്ങളുടെ മൊഴിഭേദ ങ്ങളെ ശിലാലിഖിതങ്ങൾ, റവന്യുരേഖകൾ, സാഹിത്യ കൃതികൾ മുതലായവയിൽനിന്നും സമാഹരിക്കുന്നതു മുതൽ നാടൻ നിരുക്തികൾ, ഐതിഹ്യങ്ങൾ, നാട്ടറിവുകൾ തുടങ്ങിയവയെ മുൻനിർത്തി ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്നതുവരെ നീളുന്നു സ്ഥലനാമഗവേഷണം. ഈ രീതിശാസ്ത്രത്തിനിണങ്ങുന്ന സൂക്ഷ്മ വും ഗൗരവപൂർണ്ണവുമായ സമീപനമാണ് തന്റെ നിഘണ്ടു നിർമ്മാണത്തിനായി സ്ഥലനാമങ്ങളെ അപഗ്രഥിച്ച ഗുണ്ടർട്ടും സ്വീകരിച്ചിരിക്കുന്നത്.

## ഗു□ർട്ട് നിഘ□ു സാമാന്യാവലോകനം

കോളനിവത്കരണത്തിന്റെ പ്രത്യയശാസ്ത്രത്തെക്കുറിച്ചുള്ള ധാരണ ഉള്ളിൽ വച്ചുകൊണ്ടാവണം കോളനിവാഴ്ചക്കാലത്തെ ജ്ഞാനനിർമ്മിതികളെയും ഭാഷാ, സാംസ്കാരിക വ്യവഹാരങ്ങ ളെയും സമീപിക്കുവാൻ. ആധുനികതയുടെ ഘടനാവാദപരമായ സമീപനം ഭാഷയുടെ വ്യാകരണങ്ങൾക്ക് സവിശേഷസ്ഥാനം കല്പിച്ചുനല്കിയതുപോലെ കോളനീകരണത്തിന്റെ ഏകതാന യുക്തിയാവണം പ്രാദേശികഭേദങ്ങളെ അതിലംഘിച്ച് ഭാഷയുടെ മാനകീകരണം സാധ്യമാക്കാനുദ്യമിച്ചത്. വാണിജ്യവും മത പ്രചരണവും ലക്ഷ്യമിട്ടെത്തിയ വൈദേശികർ സംവേദനക്ഷമത ഉറപ്പാക്കാനാണ് തദ്ദേശീയഭാഷകളുടെ പഠനത്തിലേക്കു തിരി ഞ്ഞത്. വിവിധ സംസ്കാരങ്ങളിലേക്കും വ്യക്തികളിലേക്കുമുള്ള

വാതിലായി ഭാഷയെ തിരിച്ചറിഞ്ഞ മിഷണറിമാർ തങ്ങളെത്തിയ ഇടങ്ങളിലൊക്കെ ഭാഷാപഗ്രഥനങ്ങളാരംഭിച്ചു. ഭാരതത്തിലെ മലയാളമടക്കമുള്ള നിരവധി പ്രാദേശികഭാഷകൾക്ക് നിഘണ്ടുക്കളും വ്യാകരണങ്ങളും ഉൾപ്പെടുന്ന പ്രമാണഗ്രന്ഥങ്ങൾ കരഗതമാകാൻ ഇത്തരം മിഷണറിയിടപെടലുകൾ കാരണമായി.

മലയാളത്തിലെ ആദ്യനിഘണ്ടുവല്ല ഗുണ്ടർട്ടിന്റെത്. അദ്ദേഹത്തിനും മുമ്പേ അർണ്ണോസ് പാതിരിയും ആഞ്ചലോ ഫ്രാൻസിസും ബഞ്ചമിൻ ബെയ്ലിയുമൊക്കെ നിഘുക്കൾ നിർമ്മിച്ചുപയോഗത്തിലെത്തിച്ചിരുന്നു. എന്നാൽ അപഗ്രഥനത്തിലെ സൂക്ഷ്മതയും വിവരണത്തിലെ കൃത്യതയും ഉദ്ധരണികൾ പകരുന്ന ആധികാരി കതയും ഗുണ്ടർട്ട്നിഘണ്ടുവിനെ ശ്രദ്ധേയമാക്കി. ഭാരതീയ ഭാഷകളിലെ നിഘണ്ടുനിർമ്മാണശൈലി മാറ്റിമറിച്ച കൃതിയാണ് ഗുണ്ടർട്ട്നിഘണ്ടു. '...സഗോത്രഭാഷകളിൽ നിന്നുള്ള സമാന്തര പദങ്ങൾ, ധാതുനിർണയനം, പദനിഷ്പത്തി വിചാരം, ശബ്ദപരിണാമ നയങ്ങളെക്കുറിച്ചുള്ള സൂചന എന്നിങ്ങനെ എടുത്തുപറയാവുന്ന പല പുതുമകളും ഗുണ്ടർട്ട് നിഘണ്ടു പ്രചാരത്തിലാക്കി'. തനിക്കപരിചിതമായിരുന്ന രണ്ടു ഭാഷകൾ പഠിച്ചു സ്വന്തമാക്കിയാണ് ജർമ്മൻ മിഷണറിയായ ഗുണ്ടർട്ട് ആ ഭാഷകളിൽ ഒരു നിഘണ്ടു സാധ്യമാക്കിയത്. നിഘണ്ടുനിർമ്മാണത്തിന്റെ ശാസ്ത്രീയതകളെയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ശ്രമമായിരുന്നു ഗുണ്ടർട്ടിന്റെത്.

പദത്തിന്റെ അർത്ഥമെഴുത്ത് നിഘണ്ടുകാരന്റെ ഉൾക്കാഴ്ചയെയും സർഗാത്മകതയെയും ഒന്നിച്ചു പരീക്ഷിക്കുന്നു. ഭാഷയുടെ മർമ്മമറിഞ്ഞ, പ്രകരണബദ്ധതയെ വിശകലനം ചെയ്യാൻ കെല്പുള്ള ഒരാൾക്ക് പല അർത്ഥസാഹചര്യങ്ങളിൽ ഏതിനാണ് പ്രാധാന്യം കല്പിക്കേണ്ടതെന്നു തീരുമാനിക്കുക താരതമ്യേന എളുപ്പമായിരിക്കും. കേരളജനതയുടെ സംസ്കാരത്തെ അടുത്തു ദർശിച്ച ഗുണ്ടർട്ട് ഒരു തനിമലയാളിയുടെ വൈദഗ്ധ്യത്തോടെ അർത്ഥതിരഞ്ഞെടുപ്പിൽ മുന്നേറി. ഭാഷാചരിത്രത്തിന്റെ നിഗൂഢത





കൾ തെളിച്ചെടുക്കാനുള്ള ഗുണ്ടർട്ടിന്റെ ശ്രമങ്ങൾ പഴഞ്ചൊല്ലുകൾ, പഴയപാട്ടുകൾ, നാടോടിപദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ എന്നിവയെ നിഘണ്ടുവിന്റെ ഭാഗമാക്കി. ഭാഷാ പദത്തിന് ഇംഗ്ലീഷിൽ അർത്ഥം പറഞ്ഞും ഭാഷയിലെ ഉദ്ധരണികൾക്കൊണ്ട് ആ അർത്ഥത്തെ വിശദമാക്കിയും ഏകഭാഷാ, ദ്വിഭാഷാ നിഘണ്ടുക്കളുടെ നിർമാണപ്രക്രിയയുടെ സംയോജനം തന്റെ നിഘണ്ടു നിർമ്മിതിയിൽ സാധ്യമാക്കി, ഗുണ്ടർട്ട്.

നിഘണ്ടുക്കളുടെ മുന്മാതൃകകൾ, ലഭ്യമായിടത്തോളം സാഹിത്യ കൃതികൾ, സർക്കാർ രേഖകൾ, എഴുത്തുകുത്തുകൾ, വാമൊഴിരൂപങ്ങൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ തുടങ്ങി ലഭ്യമായ എല്ലാ ഭാഷാരൂപങ്ങളെയും പരിഗണിക്കുന്ന സമീപനമാണ് നിഘണ്ടുനിർമ്മാണത്തിന്റെ ദത്തസംഭരണത്തിൽ ഗുണ്ടർട്ട് പുലർത്തിയത്. തിരുനെൽവേലിയിൽനിന്ന് മലബാറിലെത്തി മലയാളഭാഷ പഠിച്ചു തുടങ്ങിയ കാലത്തുതന്നെ നിഘണ്ടുനിർമ്മാണമോഹവുമായി അദ്ദേഹം ഉപാദാനങ്ങൾ ശേഖരിച്ചു തുടങ്ങി. ഗുണ്ടർട്ടിന്റെ ജീവചരിത്രം ഉദ്ധരിച്ച് പി. ജെ. തോമസ് എഴുതുന്നു: ...ഡോക്ടർ ഗുണ്ടർട്ട് വൈകുന്നേരം ഉലാവാൻ പോകുന്ന അവസരത്തിൽ വല്ല ചെടിയോ ഇലയോ പുല്ലോ കൈയിൽ പിടിച്ചുകൊണ്ടിരിക്കുകയും വഴിയിൽ കാണുന്നവരോട് അവയുടെ പേർ ചോദിച്ചു മനസ്സിലാക്കുകയും ചെയ്തിരുന്നതായി അറിയുന്നു. തട്ടാൻ, ആശാരി, മൂശാരി, കൊല്ലൻ മുതലായവരുടെ പണിസ്ഥലങ്ങളിൽ പോയി അവരുടെ ആയുധങ്ങളുടെ പേര് ചോദിച്ചു മനസ്സിലാക്കിയിരുന്നു. ഉത്കൃഷ്ടാപകൃഷ്ടഭേദംകൂടാതെ വർണ,വർഗ,ലിംഗപരിഗണനകൾ സാരമാക്കാതെ ആവോളം വാമൊഴിരൂപങ്ങൾ ആവേദനംചെയ്തു, ഗുണ്ടർട്ട്. ദത്തശേഖരണത്തിനുപയോഗിച്ച ലിഖിതരേഖകളെ ക്കുറിച്ചുള്ള വിവരങ്ങൾ നിഘണ്ടുവിനോടു ചേർത്തിരിക്കുന്ന ചുരുക്കെഴുത്തു പട്ടികയിലുണ്ട്.

ചരിത്രകാരന്റെ സൂക്ഷ്മതയും ഭാഷാശാസ്ത്രജ്ഞന്റെ പ്രയോഗ,പ്രകരണജ്ഞാനവും പുലർത്തി ജ്ഞാനവ്യവഹാരങ്ങളിൽ

ഇടപെടുന്ന ഗുണ്ടർട്ട് തന്റെ നിഘണ്ടുവിൽ ചേർത്തിരിക്കുന്ന സ്ഥലനാമങ്ങളുടെ അർത്ഥ വിവരണത്തിൽ സ്വീകരിച്ചിരിക്കുന്ന സാംസ്കാരിക യുക്തികൾ വിലയിരുത്തേണ്ടതുണ്ട്. ഭാഷാപഠിതാവിന്റെ ആകാംക്ഷയും കൊളോണിയൽ ഭരണതാത്പര്യങ്ങളും മിഷണറിയുടെ ഉൾവലിവുകളുമെല്ലാം ഈ വിവരണങ്ങളുടെ പിന്നിൽ നിറയുന്നുണ്ട്.

**സ്ഥലനാമങ്ങളിലെ ചരിത്രവായനകൾ**

നിഘണ്ടുക്കളിലെ ലേഖകപാഠങ്ങളുടെ അർത്ഥവിവരണത്തിൽ അവയുടെ ചരിത്രപരതയെ തിരിച്ചറിഞ്ഞ് അടയാളപ്പെടുത്തുന്നു, ഗുണ്ടർട്ട്. വ്യത്യസ്തങ്ങളായ പദങ്ങളുടെ അർത്ഥനിർമ്മിതിയിൽ ഈ സമീപനം ദൃശ്യമാണെങ്കിലും സ്ഥലനാമങ്ങളുടെ അർത്ഥവിശകലനത്തിലാണ് ഈ പഠനം ശ്രദ്ധവയ്ക്കുന്നത്. സ്ഥലനാമങ്ങളുടെ അർത്ഥസൂചികയിൽ ദേശചരിത്രത്തിലേക്ക് ആവേശപൂർവ്വം നോട്ടം പായിക്കുന്നു, ഗുണ്ടർട്ട്. അങ്കമാലിയെന്ന നാമത്തിന് 2001-ൽ പ്രസിദ്ധീകൃതമായ ശബ്ദസാഗരം കാലടിക്കടുത്തുള്ള ഒരു സ്ഥലം, തുറസ്സായ സ്ഥലം, മറയില്ലാത്ത പരസ്യമായ സ്ഥലം എന്നീ അർത്ഥങ്ങളേ ചേർക്കുന്നുള്ളൂ. എന്നാൽ ഗുണ്ടർട്ട് നിഘണ്ടുവാകട്ടെ 'the old syrian bishop's seat' എന്ന ചരിത്രപരമായ അർത്ഥത്തെ കൂട്ടിച്ചേർക്കുന്നു. മഹാദേവർപട്ടണം, മഹോദയർപട്ടണം എന്നീ നാമപദങ്ങൾക്ക് കൊടുങ്ങല്ലൂർ എന്നയർത്ഥമാണ് ശബ്ദസാഗരത്തിലുള്ളത്. ഗുണ്ടർട്ട് നിഘണ്ടുവിൽ മഹോദേവർപട്ടണം, മകോതേയർപട്ടണം എന്നിവയ്ക്ക് കൊടുങ്ങല്ലൂർ എന്ന അർത്ഥത്തോടൊപ്പം 'the old capital of Keralam' എന്ന വിശദീകരണവും ചേർക്കുന്നു. 'a temple of Bhagavati' (മുക്കാൽവട്ടം) near Codungalur' എന്നർത്ഥം ചേർത്തിരിക്കുന്ന തിരുവഞ്ചിക്കുളം എന്ന





പദത്തിനൊപ്പവും 'ancient capital of Keralam' എന്ന വിവരണമുണ്ട്.

കൊളോണിയൽ യുക്തിബോധം ഗുണ്ടർട്ടിനെ കീഴ്പ്പെടുത്തിയെന്ന് ഉറപ്പിച്ചു പറയാനാവില്ലെങ്കിലും ആ ചിന്താധാര പിന്തുടരുന്നവരെ ലക്ഷ്യമിട്ടെഴുതിയ നിഘണ്ടുവായതിനാലാകണം സ്ഥലനാമങ്ങളുടെ അർത്ഥവിശദീകരണത്തിൽ ഭൂമിശാസ്ത്രസൂചനകളെക്കാൾ അധികാരബോധത്തിന്റെയും അധിനിവേശത്തിന്റെയും സൂചനകൾ ഏറിനില്ക്കുന്നത്. തലച്ചേരി/ തലശ്ശേരിയെക്കുറിച്ചുള്ള ഗുണ്ടർട്ടിന്റെ വിശദീകരണം ഇംഗ്ലീഷുകാരാൽ 1708-ൽ കൈയടക്കപ്പെട്ടു (occupied by the English in 1708) എന്നതിലൊതുങ്ങുന്നു. തലശ്ശേരിയെ വാണിജ്യനഗരമാക്കി മാറ്റിയ തുറമുഖത്തെ സംബന്ധിച്ച സൂചനകൾപോലും ചേർക്കാതെയാണ് ഈ വിശദീകരണമെന്നതും ശ്രദ്ധേയം. അഞ്ചുതെങ്ങിനെ പ്രതിപാദിക്കുമ്പോഴും 1694-ൽ ബ്രിട്ടീഷുകാർ കോട്ടകെട്ടിയതിന്റെ ചരിത്രസൂചന മാത്രമാണ് അർത്ഥമായി ചേർക്കുന്നത്. തിരുവിതാംകൂറിനാൽ 1763-ൽ പിടിച്ചെടുക്കപ്പെട്ട പ്രദേശമെന്നു പറവൂർ അല്ലെങ്കിൽ പറൂർ എന്ന സ്ഥലവും 1753ൽ കീഴ്പ്പെടുത്തപ്പെട്ട നാടായി തെക്കുങ്കൂറും അടയാളപ്പെടുത്തപ്പെടുന്നു. രാമന്തളിയെ തലശ്ശേരി രേഖകൾ ഉദ്ധരിച്ച് 'French fort on Mount Ggn A. D.' എന്നു വിവരിക്കുന്ന ഗുണ്ടർട്ട് ബേപ്പൂരിനു തെക്കുള്ള തുറമുഖമായ ചാലിയത്തെക്കുറിച്ച് 'taken from the Portuguese A. D. 1571' എന്ന വിശദീകരണം ചേർക്കുന്നു.

**അധികാരത്തിന്റെ സ്ഥലരാശികൾ**

രാഷ്ട്രീയാധികാരത്തോടു ബന്ധപ്പെടുത്തി സ്ഥലനാമങ്ങളെ രേഖപ്പെടുത്തുന്ന ശൈലിയും പലയിടങ്ങളിലും ഗുണ്ടർട്ട് അവലംബിക്കുന്നുണ്ട്. സസ്യജീവജാലങ്ങളെ സംബന്ധിച്ച വിശദീകരണങ്ങളിൽ ശാസ്ത്രീയനാമമടക്കം ചേർക്കുന്ന ഗുണ്ടർട്ട് സ്ഥലനാമങ്ങളുടെ കാര്യത്തിൽ ഭൂമിശാസ്ത്രപരമായ അംശങ്ങൾക്ക്

വലിയ പ്രാധാന്യം കല്പിക്കാത്തതിന്റെ യുക്തി ആരായേണ്ടതുണ്ട്. വാണിജ്യപരവും മതപരവുമായ ലക്ഷ്യങ്ങളോടെ കേരളത്തിലെത്തുന്ന വിദേശികളെത്തന്നെയാണ് ഗുണ്ടർട്ട് നിഘണ്ടു ലക്ഷ്യമിടുന്നത്. വാണിജ്യപരവും ഭരണ,മതപരവുമായ താത്പര്യമുള്ളവർക്കുള്ള വിശദീകരണങ്ങളിൽ സ്ഥലനാമങ്ങളെ ഭൂമിശാസ്ത്രസൂചനകളെക്കാൾ രാഷ്ട്രീയാധികാര സംബന്ധിയായി അവതരിപ്പിക്കുകയാകും ഉചിതമെന്ന ചിന്ത ഗുണ്ടർട്ടിനുണ്ടാകണം. വടകരയ്ക്കു തെക്കെന്ന ഭൂമിശാസ്ത്രസൂചന ചേർത്തിട്ടുണ്ടെങ്കിലും കോട്ടക്കൽ വിശദീകരിക്കപ്പെടുന്നത് കടൽക്കൊള്ളക്കാരുടെ കോട്ടയായാണ്. ഈ വിശദീകരണത്തിന്റെ തുടർച്ചയായി കോട്ടക്കൽ കുഞ്ഞാലിമരക്കാരെക്കുറിച്ച് 'the famous pirate +1600 A. D.' എന്നു രേഖപ്പെടുത്തുന്നു.

കുറുമ്പറനാടു, പറപ്പുനാടു, പെരുമ്പടപ്പു, ഓടനാടു, പുറക്കാടു, ചിറക്കൽ, പയ്യോർമല, നീലേശ്വരം, പുഴവായി, വെട്ടത്തുനാടു, പയ്യനാടു തുടങ്ങി ഗുണ്ടർട്ട് സ്വീകരിച്ചിരിക്കുന്ന ഒട്ടനവധി സ്ഥല നാമപദങ്ങളിൽ അധികാരവ്യവസ്ഥ, ദേശചരിത്രം, ഭരണാധിപൻ മുതലായ വിവരണങ്ങൾക്കൊപ്പം സേനാബലത്തെക്കുറിച്ചുള്ള വിശദപ്രതിപാദനങ്ങളും ചേർത്തിട്ടുണ്ട്. കുറുമ്പറനാടിന്റെ വിശദീ കരണം മാത്രം ഉദാഹരിക്കുന്നു: district east of Calicut, originally under the കുറുമ്പറാതിരി/ കുറുമ്പിയാതിരി of a Cshatriya family called ബന്ധുസ്വരൂപം of Tamuri whom he helped to expel the Portuguese. Under him 30000 Nayers of divine origin (ദേവജന്മം) in 1200 തറ or നായർവാഴ്ച, in 4 × 8 = 32 കുറുപ്പു and 4 ഇടവക, each with കോയ്മ authority; extent 36 കാതം, capital വാലുശേരി TR. വാലശ്ശേരി or ബാല്യശേരിക്കോട്ട KU. After the extinction of the dynasty in 1779 it passed under the rule of the Cottayagattu Raja. കോട്ടേത്തു കുറുമ്പ്രനാട്ടു





വീരവർമ്മ രാജാവവർകൾ TR. തലശ്ശേരി രേഖകളടക്കമുള്ള ഭരണരേഖകളെ ആധാരമാക്കിയ അർത്ഥനിർണയമാണിവയ്ക്കു നിദാനമെന്നു പറയാമെങ്കിലും അധികാരത്തിലൂന്നിയ ലോകവീക്ഷണം ഇതൊരു തരത്തിൽ കൊളോണിയൽ യുക്തിതന്നെയാണ് നിഘണ്ടുകർത്താ വിനെയും സ്വാധീനിക്കുന്നതായി കാണാം. പെരിയമുക്കിനെ ക്കുറിച്ചു പ്രതിപാദിക്കുന്നിടത്ത് രണ്ടു നമ്പിടികളുടെ കീഴിലായി ചോവര, പന്നിയൂർ കൂറുകളോട് ആഭിമുഖ്യം പുലർത്തുന്ന വിഭജിതമായൊരു സമൂഹത്തെക്കുറിച്ചുള്ള സൂചനകൾ വ്യക്തമാണ്. നെടുങ്ങനാടു/നെടുങ്ങനനാടിനെക്കുറിച്ചുള്ള വിവരണത്തിലും ഭരണപരമായി വിഭജിതരായിരിക്കുന്ന ജനതയെ കണ്ടെത്താനാകും.

**സ്ഥലനാമങ്ങളും സാഹിത്യവിചാരവും**

സ്ഥലനാമങ്ങളെ സാഹിത്യകൃതികളെ ഉപജീവിച്ച് വിശദീകരിക്കാനുള്ള ശ്രമങ്ങളിൽ ചരിത്രപരതയ്ക്കുതന്നെ ഊന്നലുണ്ടെങ്കിലും കൃത്യമായ സൂചനകളാണോയെന്നത് ഉറപ്പില്ല. കായങ്കുളത്തിന് (കായങ്കൊല്ലം എന്നും ചേർത്തിരിക്കുന്നു) തച്ചോളിപ്പാട്ടിൽ കാണുന്ന 'കായങ്കുളത്തു കണ്ണൻതമ്പുരാൻ' എന്ന വ്യക്തിസൂചന മാത്രമാണ് വിശദീകരണം. ഓടനാടു എന്ന പദത്തിന്റെ അർത്ഥം വിശദീകരിക്കുന്നിടത്ത് തലസ്ഥാനമായി കായങ്കുളത്തെ അടയാളപ്പെടുത്തുന്നുണ്ട്. നാടോടിവാങ്മയങ്ങളിലൂടെ പ്രഖ്യാതനായ കായങ്കുളം കൊച്ചുണ്ണിയെ സംബന്ധിച്ച പരാമർശങ്ങൾ ഗുണ്ടർട്ടുനിഘണ്ടുവിലില്ല. ഐതിഹ്യമാലയിലെ വിവരണം പരിഗണിച്ചാൽ കൊച്ചുണ്ണിയുടെ ജീവിതകാലം ഗുണ്ടർട്ടിന്റെ കേരളവാസത്തിനു സമാന്തരമാണ്.

പുറമല എന്ന പദത്തിനും തച്ചോളിപ്പാട്ടിൽ നിന്നുദ്ധരിച്ച 'പുറമലവാഴുന്ന തമ്പുരാൻ' എന്നു വിശദീകരണം കുറിക്കുന്ന ഗുണ്ടർട്ട് അതിന്റെ തുടർച്ചയായി 'with 18 കാര്യക്കാർ & 1000 Nayars" എന്നും രേഖപ്പെടുത്തുന്നു. കടത്തുവനാടുള്ള നാദാപുര

ത്തെക്കുറിച്ചുള്ള 'നാദാപുരത്തു നല്ലങ്ങാടി'യെന്ന സൂചന ഗുണ്ടർട്ട് കണ്ടെടുക്കുന്നതും തച്ചോളിപ്പാട്ടിൽ നിന്നുതന്നെയാണ്. പേരൂർ/ തൃശ്ശിവപേരൂർ എന്നതിന് 'Trichoor, Famous for its women' എന്നാണു വിശദീകരണം. പയ്യന്നൂർ പാട്ടിലെ 'പെൺചേരും പേരൂർ നഗരി' എന്ന ഉദ്ധരണിയാണ് ഈ വിശദീകരണത്തിന് ആധാരമായി നല്കുന്നത്. കൊടുങ്ങല്ലൂരിന് 'ഭാഷെക്കങ്ങഴകേറെയുള്ളതു കൊടു ങ്ങല്ലൂർ' എന്നും കോലത്തു നാടിനു 'ആണുങ്ങൾക്ക് അഴകേറ യുള്ളതു കോലത്തുനാട്ടിൽ' എന്നും വിവരണങ്ങൾ നല്കുന്നത് നാട്ടുപാട്ടുകളെ ആശ്രയിച്ചാണ്. കേരളവർമരാമായണത്തെ ആധാര മാക്കിയപ്പോൾ പമ്പ എന്ന പദത്തിന് 'a river in Orissa, Travancore. esp. Hampe near Tungabhadra' എന്നായി വിശദീകരണം. സ്ഥലനാമങ്ങളുടെ ഉൽപത്തിയെ സംബന്ധിച്ച പൗരാണികഭാവനകളെയും മിത്തുകളെയും ഗുണ്ടർട്ട് തള്ളി ക്കളയുന്നില്ല. കോഴിക്കോടിനു നല്കുന്ന Calicut, said to be given to the Samorin (ഏറനാടു) with the word ഇനി കോഴി കൂവുന്ന ദേശം Dp land to the extent, to which a cock is heard KU എന്ന വിശദീകരണം തന്നെ മികച്ച ഉദാഹരണം.

**മത, സാംസ്കാരിക സൂചനകൾ**

'സ്ഥലനാമങ്ങളിൽ പ്രായേണ എല്ലാറ്റിനും രണ്ടു ഭാഗങ്ങളു ള്ളതിൽ ഭൂപ്രകൃതി മുതലായ വൈശിഷ്ട്യത്തെക്കുറിക്കുന്ന ആദ്യ ഭാഗത്തിനാണ് അർത്ഥപരമായി കൂടുതൽ പ്രാധാന്യം കല്പിക്കേ ണ്ടത്' എന്നാണ് കെ. ഗോദവർമയുടെ പക്ഷം. എന്നാൽ സ്ഥല നാമങ്ങളുടെ അർത്ഥവിവരണത്തിൽ രാഷ്ട്രീയാധികാര ത്തിനും ചരിത്രത്തിനും നല്കിയ പ്രാമുഖ്യം മാറ്റിനിർത്തിയാൽ ഭൂപ്രകൃതി യെക്കാളുപരി സാംസ്കാരിക ഘടകങ്ങളിലാണ് ഗുണ്ടർട്ടിന്റെ ഊന്നൽ. ചോവരം & ചോവ്വൂർ എന്ന സ്ഥലനാമപദ ത്തിന്റെ വിശദീകരണം 'Sivapuram' ചോവരഗ്രാമം East of Ponnani with





കാശി ശിവലിംഗം' എന്നാണ്. ഭൂമിശാസ്ത്രപരമായ സൂചന ഉൾക്കൊള്ളുന്നുവെങ്കിലും ഭൂപ്രകൃതി യുടെ വിശദീകരണത്തിലല്ല സാംസ്കാരിക പ്രാധാന്യത്തെ വെളിവാക്കുന്നതിലാണു ഗുണ്ടർട്ടി ന്റെ ശ്രദ്ധ. തൃക്കിയൂർ നിഘണ്ടുവിൽ ഇടം നേടുന്നത് "Tunjattu Eluttaccan's birth place" എന്ന വിശേഷണത്തോടെയാണ്. തൃക്കണാമതിലകം, വെങ്ങനാടു, വെള്ളപ്പൻനാടു തുടങ്ങിയ സ്ഥലനാമങ്ങളോട് അനാചാരങ്ങളെന്ന മുഖക്കുറിയോടെ ചേർക്കു ന്ന വിശദീകരണങ്ങൾ വലിയ സാംസ്കാരിക സൂചകങ്ങളാണ്.

പന്നിയൂറിനു നല്കുന്ന 'a Brahman village East of തിരുനാവായി, South of വരാഹഗ്രാമം with a temple of Visnu as boar' എന്ന വിവരണവും പുതുപ്പട്ടണത്തിനു ചേർക്കുന്ന 'a place near Vadagara, Northern boundary of Kerala proper' എന്ന വിശദീകരണവും സാംസ്കാരികമായ അംശങ്ങൾതന്നെയാണ് ഗു ണ്ടർട്ടിനു പ്രധാനമെന്നതിനുള്ള തെളിവുകളാണ്. സ്ഥലനാമ വിവരണങ്ങളുടെ ഭാഗമായി ചേർക്കുന്ന ഇത്തരം ചില അതിർത്തി സൂചനകൾ വലിയ സാംസ്കാരിക പ്രാധാന്യമുള്ളവയാണ്. തുറ ശ്ശേരി 'boundary of different marriage customs' ആണെങ്കിൽ അതേ പുതുപട്ടണം പുഴയുടെ മറ്റൊരു പേരായ കോട്ടപ്പുഴയോടു ചേർത്ത് 'boundary of casterules' എന്ന വിശേഷണമാണുള്ളത്. ഇരുവിവരണങ്ങൾക്കും ബലമേകാൻ തലശ്ശേരി രേഖയിലെ പരാമർശങ്ങൾ ഉദാഹരിക്കുന്നു: തുറശ്ശേരിപ്പുഴെക്കു വടക്കേ ദിക്കുകളിൽ നടപ്പു, കോട്ടപ്പുഴെക്കു വടക്കേ ഉള്ള മ□യ്യാദ. കന്നെറ്റി, കീഴൂർ എന്നിവയോടു ചേർന്നും യഥാക്രമം the southern boundary of middle Kerala, Old boundary of north and south Malabar എന്നീ വിവരണങ്ങൾ ചേർത്തിരിക്കുന്നു. ദേശപര അതിർത്തികൾക്കപ്പുറം സാംസ്കാരിക ഭൂമിശാസ്ത്രത്തിന്റെ സാധ്യതകളിലേക്ക് നോട്ടങ്ങൾ വിശാലമാകാൻ ഈ സൂചനകളു

പകരിക്കും. ഗുരുവായൂർ എന്ന സ്ഥലനാമത്തിനാകട്ടെ ഭൂമിശാസ്ത്രപരമായ ഘടകങ്ങളേതുമില്ലാതെ 'the famous temple of Crshna' (ഗുരുവായൂരപ്പൻ), a വാതാലയം, much frequented by the sick" എന്ന വിശദീകരണമാണുള്ളത്.

മത, ജാതിപരമായ സൂചനകൾ ഉൾക്കൊള്ളുന്ന സ്ഥലനാമവിവരണങ്ങളും ഗുണ്ടർട്ടു നിഘണ്ടുവിലുണ്ട്. ചെങ്ങന്നൂർ, ഇരിങ്ങാടിക്കുട, പന്നിയൂർ, പെരിഞ്ചെല്ലൂർ, ആഴുവാഞ്ചേരി, പുതുക്കോട്ട തുടങ്ങിയ ദേശനാമവിവരണങ്ങൾ ബ്രാഹ്മണഗ്രാമങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നു. 'a Mapla town in Cheranadu' എന്നതാണു തിരുവൂരങ്ങാടിയുടെ വിശദീകരണം. അങ്കമാലിയും വരാപ്പുഴയും ക്രൈസ്തവ സഭാധ്യക്ഷന്മാരുടെ സ്ഥാനങ്ങളാണ്. കൊല്ലമെന്ന സ്ഥലനാമത്തിന് ഉപപദമായി ചേർത്തിരിക്കുന്ന കൊല്ലക്കാരൻ എന്ന പദത്തിന് 'a class of Roman Catholic fishermen" എന്ന വിശദീകരണം നല്കുന്ന ഗുണ്ടർട്ട്, വേഴമ്പർ എന്നതിനെ "a small colony of a Tamil caste (come from കാങ്കേയം & കരുവൂർ) എന്നും വിശദീകരിക്കുന്നു.

ഭൂമിശാസ്ത്രപരമായ സവിശേഷതകൾ മുൻനിർത്തുന്ന സ്ഥലനാമങ്ങളെ ഗുണ്ടർട്ട് പൂർണമായി ഒഴിവാക്കിയിട്ടില്ല. വെപ്പു എന്ന പദത്തിനു ഉപപദമായ പുതുവെപ്പിന് ' Veippu, Veipin near Cochi, a deposit formed in 1341' എന്ന വിശദീകരണം നല്കുന്ന അദ്ദേഹം വൈക്കം എന്ന പദത്തിന് 'what is laid down, deposit, alluvial ground N. pr. the island south of Cochi, refuge of Malabar fugitives in 1788' എന്ന വിവരണമാണു നല്കുന്നത്.

**താരതമ്യത്തിന്റെ അറിവിടങ്ങൾ**





മലയാളഭാഷയുടെ സഗോത്രഭാഷകൾ വ്യവഹാരത്തിലിരിക്കുന്ന സ്ഥലങ്ങളിലെ ദേശനാമങ്ങളോടു ചേർത്തുള്ള താരതമ്യപഠനം നിർവഹിക്കുന്നത് ദ്രാവിഡദേശത്തിനു പൊതുവെയുള്ള ബഹുവിധങ്ങളായ ലക്ഷണങ്ങളെയും ദേശഭേദംകൊണ്ട് ഒരേ പദത്തിനുതന്നെ വ്യവഹാരത്തിൽ വന്നുകൂടിയിട്ടുള്ള വർണവിപര്യയങ്ങളിൽ പ്രകാശിക്കുന്ന അതതു ഭാഷകളുടെ വാസനാഭേദങ്ങളെയും വെളിപ്പെടുത്തുന്നതിനു നല്ലപോലെ 'ഉപകരിക്കുമെന്ന നിരീക്ഷണം ശ്രദ്ധേയമാണ്. സഗോത്രഭാഷകളിൽ നിന്നുള്ള സമാന്തരപദങ്ങൾ, ധാതുനിർണയനം, പദനിഷ്പത്തിവിചാരം, ശബ്ദപരിണാമനയനിർമ്മാണ സാധ്യത തുടങ്ങിയ അന്വേഷണവഴികളിലൂടെ മുന്നേറിയ ഗുണ്ടർട്ടു നിഘണ്ടു ഈ അർത്ഥത്തിലും മികച്ചു നില്ക്കുന്നു. The province of Calicut, with the original chief place നെടിയിരിപ്പു എന്നർത്ഥം ചേർക്കപ്പെട്ട ഏറാടു, ഏറനാടു എന്നീ പദങ്ങൾ സഗോത്രഭാഷകളായ തമിഴിലും തെലുങ്കിലും കാള എന്നർത്ഥമുള്ള ഏറു എന്ന പദവുമായാണ് നിഷ്പത്തിപരമായി ഗുണ്ടർട്ട് കൂട്ടിയിണക്കിയിരിക്കുന്നത്. കേരള മാഹാത്മ്യത്തിൽ ഗോപാലർ എന്ന അർത്ഥമുള്ള ഏറാടിമാർ പദത്തിന് വേല family of the Calicut rulers, their palace called ആയമ്പാടി എന്ന വിശദീകരണംകൂടി ഗുണ്ടർട്ടുനിഘണ്ടുവിൽ കൈവരുന്നതിന്റെ ചരിത്ര, സാംസ്കാരിക പശ്ചാത്തലങ്ങൾ ആരായുന്നത് പുതിയ അറിവുകളെ തെളിച്ചെടുക്കലാകും.

**ഉപസംഹാരം**

സ്ഥലനാമങ്ങളെ വ്യത്യസ്തങ്ങളായ കാഴ്ചക്കോണുകളിലൂടെ വിലയിരുത്തുന്നത് അറിവിന്റെ അപനിർമ്മിതികൾ സാധ്യമാക്കും. തികച്ചും ശാസ്ത്രീയമായ രീതിശാസ്ത്രമുറകളെ സൂക്ഷ്മമായി പിന്തുടരുന്ന ഗവേഷകന്റെ മനോഭാവം സ്ഥലനാമങ്ങളുടെ അർത്ഥവിചാരത്തിൽ തന്റെ നിഘണ്ടു വിലുടനീളം ഗുണ്ടർട്ട് നിലനിർത്തി. ഊഹങ്ങളുടെ സമർത്ഥനമല്ല, നാട്ടുമൊഴികൾ മുതൽ സാഹിത്യ, സാഹിത്യേതര ലിഖിത രേഖകൾവരെ തെളിവുകളായി ചേർക്കുന്ന ശൈലിയാണ് നിഘണ്ടു നിർമ്മാണത്തിൽ ഗുർണ്ടട്ടിന്റേത്. സ്ഥലനാമങ്ങളുടെ കാര്യത്തിലും

ഈ ശൈലിയിൽ പുലർത്തിയ കണിശത ചരിത്ര, സാംസ്കാരിക വിവരങ്ങളിലേക്കുള്ള സൂചകങ്ങളായി അവയെ മാറ്റുന്നു. സ്ഥലവും ഇടവുമൊക്കെ പ്രാധാന്യത്തോടെ പരിഗണിക്കപ്പെടുന്ന പുതിയ സംസ്കാര പഠനങ്ങളുടെ വെളിച്ചത്തിൽ ഈ സൂചകങ്ങളെ വായിക്കാനായാൽ ഭാഷാപരവും ചരിത്രപരവും സാമൂഹികവുമായ അറിവിന്റെ വാർപ്പുമാതൃകകൾക്ക് ഇളക്കം തട്ടാം.

**റ്റോംസ് ജോസഫ്**
ഗവേഷക വിദ്യാർത്ഥി,
ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല,
കാലടി.

## ‘പഴ ഞ്ചൊ□മാല’യിലെ ദേശി രൂ പ ങ്ങൾ

**മാനസ അശോക്. എം**

**പ്രബ ന്ധ സം ഗ്രഹം**

ജാത്യധിഷ്ഠിത കേരളസമൂഹത്തിലെ ആചാരാനുഷ്ഠാനങ്ങളിലും മതവിശ്വാസ ത്തിലും ബൗദ്ധികമായി ഇടപെട്ടുകൊണ്ട്, ക്രിസ്തുമതത്തെ കേരളസംസ്കാരത്തിന്റെ ഭാഗമാക്കിത്തീർത്ത് മന:പരിവർത്തനം നടത്തുകയെന്നതായിരുന്നു ഹെർമ്മൻ ഗുണ്ടർട്ടിന്റെ ഉദ്ദേശ്യം. അതിനായി നാട്ടിൽ പ്രചാരമാർജിച്ച പുരാണേതിഹാസങ്ങൾ, പഴഞ്ചൊല്ലുകൾ, വാമൊഴിസാഹിത്യങ്ങൾ തുടങ്ങി വിശ്വാസപരവും ജീവിതാദർശ പരവുമായ മൂല്യവ്യവസ്ഥിതിയെ ഉപയോഗപ്പെടുത്തി. വജ്രസൂചി, നളചരിതസാരശോധന, പഴഞ്ചൊൽമാല തുടങ്ങിയ കൃതികൾ രചിക്കപ്പെടുന്നതിനുള്ള സാഹചര്യം അതായിരുന്നു. കേരളസമൂഹത്തിന്റെ സാംസ്കാരികസ്പന്ദനങ്ങളായ പഴഞ്ചൊല്ലുകളെ ക്രിസ്തുമതപ്രചാരണത്തിനായി എങ്ങനെ ഉപയോഗപ്പെടുത്താം എന്ന ചിന്തയാണ് പഴഞ്ചൊൽമാല എന്ന കൃതിയുടെ കാതൽ.

**താക്കോ□ വാക്കു കൾ**

ഹെർമ്മൻ ഗുണ്ടർച്ച്, പഴഞ്ചൊൽമാല, പഴഞ്ചൊല്ലുകൾ, ജീവിതവീക്ഷണം, പ്രകൃതി, തൊഴിൽ, ജാതിവ്യവസ്ഥ.

കേരളത്തിന്റെ തനതുസാംസ്കാരികമുദ്രകൾ പേറുന്ന പഴഞ്ചൊല്ലുകളടക്കമുള്ള നാടോടിസാഹിത്യരൂപങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം ആദ്യകാലങ്ങളിൽ ലഭിച്ചിരുന്നില്ല. ജാതിസമ്പ്രദായം ശക്തമായിരുന്ന കേരളീയസാഹചര്യത്തിൽ കല, സാഹിത്യം തുടങ്ങിയവയെല്ലാം ജാതിയാൽ ചുറ്റപ്പെട്ട അടഞ്ഞവ്യവസ്ഥയ്ക്കകത്തുമാത്രം നിലനിന്നവയായിരുന്നു. മതപ്രചരണാർത്ഥം എത്തിയ ക്രിസ്ത്യൻമിഷണറിമാരാണ് കേരളത്തിലെ നാടോടിവിജ്ഞാനീയ രൂപങ്ങളുടെ പ്രാധാന്യം ആദ്യമായി തിരിച്ചറിയുന്നത്. നാടൻ പാട്ടുകൾ, നാടോടിക്കഥകൾ, പഴഞ്ചൊല്ലുകൾ തുടങ്ങിയവയുടെ ആദ്യ ശേഖരണവും പ്രസിദ്ധീകരണവും ഇവരുടെ ശ്രമഫലമായിരുന്നു. മതപ്രചാരണത്തിനാവശ്യമായ സാമൂഹ്യപരിജ്ഞാനം നേടുക, മലയാളഭാഷാപഠനം സുഗമമാക്കുക എന്നീ ലക്ഷ്യ





പൂർത്തീകരണത്തിനുള്ള ആകരസാമഗ്രികളായാണ് അവർ നാടോടി വിജ്ഞാനീയത്തെ കണ്ടതെങ്കിലും കേരളത്തിന്റെ ഫോക്ക്ലോർ പഠനങ്ങൾക്ക് അതൊരു വഴിത്തിരിവായിരുന്നു.

1791–ൽ പൗളിനോസ് പാതിരിയാണ് ‘അടഗിയ മലബാറിക്ക’ എന്ന പേരിൽ കേരളത്തിലാദ്യമായി പഴഞ്ചൊല്ലുകൾ സമാഹരിക്കുന്നത്. പിന്നീട് ഗുണ്ടർട്ട് 1845–ൽ ’പഴഞ്ചൊൽമാല’, 1846–ൽ ’അറുനൂറുപഴഞ്ചൊൽ’, 1850ൽ ’ഒരായിരം പഴഞ്ചൊൽ’ എന്നിവ പ്രസിദ്ധീകരിച്ചു [രാഘവൻ പയ്യനാട്, 2006 :108]. ഇവയിൽ രചനാപരമായും രീതിശാസ്ത്രപരമായും വ്യത്യസ്തത പുലർത്തിയ കൃതിയാണ് ’പഴഞ്ചൊൽമാല’. ക്രിസ്തീയമൂല്യങ്ങളെ പഴഞ്ചൊല്ലുപയോഗിച്ച് വിശദീകരിക്കാനും വ്യാഖ്യാനിക്കാനുമാണ് ഗുർട്ടിന്റെ ശ്രമം. ‘ക്രിസ്തീയതക്കുമേൽ മലയാളപഴഞ്ചൊല്ലുകളുടെ പ്രയോഗം’ എന്ന് ഉദ്ദേശ്യലക്ഷ്യം ശീർഷകത്തിൽ തന്നെ വ്യക്തമാക്കുന്നു.

കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളുടെ സംഭാഷണ ഭാഷയിൽ നിറഞ്ഞുനിന്നിരുന്ന പഴഞ്ചൊല്ലുകളെ തന്റെ ആശയാവിഷ്കരണത്തിനുപയോഗിക്കാൻ ഗുണ്ടർട്ടിനെ പ്രേരിപ്പിച്ച ഘടകങ്ങൾ താഴെപറയുന്നവയാകാം.

- പഴഞ്ചൊല്ലുകളിലെ ഉദ്ബോധനാത്മകത.
- ഏതു സാധാരണക്കാർക്കും പ്രാപ്യമായ വാമൊഴിവഴക്കം.
- പഴഞ്ചൊല്ലുകളിലെ കലാസാഹിത്യ മൂല്യം.
- കേരളത്തിന്റെ സംസ്കാരത്തോടും ജനജീവിതത്തോടും ഭൂപ്രകൃതിയോടും ഇഴചേർന്നവ.

ഈ പൊതുസവിശേഷതകൾ പഴഞ്ചൊല്ലിനു നൽകുന്ന ജനകീയതയെ തന്റെ ലക്ഷ്യപ്രാപ്തിക്കായുള്ള ആകരമായി അദ്ദേഹം ഉപയോഗിച്ചു. പൊതുവെ ഒരു സംഭാഷണ സന്ദർഭത്തിൽ പ്രയോഗിക്കുന്ന, അവിടെമാത്രം അർത്ഥവിപുലതനേടുന്ന പഴഞ്ചൊല്ലുകളെ എടുത്ത് സന്ദർഭത്തിനുപരിയായ അർത്ഥമണ്ഡലത്തിലേക്ക് പ്രതിഷ്ഠിക്കുന്നു. കേരളീയജനതയുടെ ജ്ഞാനസിദ്ധാന്തത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് പുതിയൊരു ജ്ഞാനബോധവും ദൈവബോധവും അവതരിപ്പിക്കുകയാണ് ഗുണ്ടർട്ട്. തദ്ദേശീയമായ

മതസാംസ്കാരികമൂല്യങ്ങളെ ക്രിസ്തുമതദർശനവുമായി തുലനം ചെയ്യുന്ന ഒരു സാംസ്കാരികപ്രവർത്തനം കൂടിയാണ് ഇത്. പഴഞ്ചൊല്ലിന്റെ വാച്യവും വ്യംഗ്യവും ധ്വനിപരവുമായ അർത്ഥതല ങ്ങളിലേക്ക് കടന്നുചെല്ലുകയും അതിലുള്ളടങ്ങിയിരിക്കുന്ന ജീവിത സ്പന്ദനത്തെ കണ്ടെത്തുകയും ചെയ്യുന്നതിനൊപ്പം അവയുടെ സാഹിത്യപരവും ദാർശനികവുമായ മൂല്യങ്ങളെ അപഗ്രഥിക്കാൻ അനുവാചകന് അവസരമുണ്ടാക്കുന്നതുമാണ് ഈ ശ്രമം. അക്കാലം വരെ പഠനവിധേയമാകുകയോ, പഠിക്കപ്പെടേത് എന്ന ചിന്ത ഉയർത്തുകയോ ചെയ്യാതിരുന്ന ഒരു മേഖലയിലേക്ക് ക്രിസ്തീയത യിലധിഷ്ഠിതമെങ്കിലും പുതിയൊരു വിശകലനപാത തുറക്കുന്നു, ഗുണ്ടർട്ട്. ഏകശിലാത്മകമായ സുവിശേഷപ്രസംഗ ങ്ങളുടെ സ്ഥാനത്ത് ഒരു സാംസ്കാരിക കൊടുക്കൽവാങ്ങൽ ഇവിടെ പ്രാപ്തമാകുന്നു. അത് തികച്ചും ആധുനികമായ പൊതുമണ്ഡല ത്തിനുള്ളിൽ മാത്രം സാധ്യമാകുന്ന ഒന്നാണ്. ഇതിലൂടെ വ്യത്യസ്ത ജീവിതദർശനങ്ങളെ യുക്തിപൂർവ്വം വിശകലനവിധേയ മാക്കാൻ സാധാരണക്കാർക്ക് അവസരമൊരു ങ്ങുകയാണ്. ഒരു വ്യക്തിയുടെ ചിന്താതലത്തെ ഉദ്ദീപിപ്പിക്കുന്ന ബൗദ്ധികപ്രവർത്തന മാക്കി മതപ്രചാരണത്തെ മാറ്റാനാണ് ഗുണ്ടർട്ട് ശ്രമിച്ചത്. മതപരിവർത്തനത്തിനൊപ്പം മനുഷ്യമനസ്സിന്റെ ശാക്തീ കരണവും അദ്ദേഹം ലക്ഷ്യമിടുന്നു.

ഏതാണ്ട് എണ്ണൂറോളം പഴഞ്ചൊല്ലുകളാണ് ഗുണ്ടർട്ട് കൃതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ക്രൈസ്തവ ദൈവ സങ്കൽപ്പത്തേയും ജീവിതവീക്ഷണത്തേയും അവതരിപ്പിക്കാൻ ഇവയെ സമർത്ഥമായി വ്യാഖ്യാനിച്ചുപയോഗിച്ചിരിക്കുന്നു. പ്രയോഗസന്ദർഭത്തിൽ പരസ്പരബന്ധമില്ലാത്ത പഴഞ്ചൊല്ലുകളെ പ്പോലും തന്റെ ആശയവിശദീകരണത്തിനുതകുംവിധം വ്യാഖ്യാ നിച്ചുകാണുന്നു. സത്യവും അസത്യവും, പാപവും മരണവും, മോഹവും ഭയവും, നാവും ഭാഷയും, മൂഢന്മാരും അവരുടെ ക്രിയയും, ദൈവവും കാലവും, പണിയും കൂലിയും, ദാരിദ്ര്യവും ഭിക്ഷയും, കൃതഞ്ജനും കൃതഘ്നനും, വിവാഹവും കുടുംബവും, കുലവും വർണവും തുടങ്ങി പതിനെട്ട് ലഘു അധ്യായങ്ങളായി തിരിച്ചാണ് കൃതിയുടെ രചന. നേരിട്ടുള്ള സുവിശേഷങ്ങളും ബൈബിൾവചനങ്ങളും കൃതിയിൽ തുലോം കുറവാണ്. മറിച്ച്





മനുഷ്യജീവിതാവസ്ഥകളെ, സൂക്ഷ്മ സ്വഭാവങ്ങളെ വിശകലനം ചെയ്യുകയും ശരിയേത് എന്ന് കാട്ടിത്തരുകയുമാണ് ചെയ്യുന്നത്. മലയാളിയുടെ കുടുംബ,വിവാഹസങ്കല്പങ്ങളിലെ പോരായ്മകളെ യും ചാതുർവർണ്യത്തിന്റെ അബദ്ധജഡിലമായ ആചാരങ്ങളേയും വിമർശനവിധേയമാക്കുന്നുമുണ്ട്. കൃതിയുടെ അകക്കാമ്പായി വർത്തിക്കുന്നത് ക്രിസ്തീയമൂല്യബോധങ്ങൾ തന്നെ. 'അറിവില്ലാത്ത ജനങ്ങൾക്ക് പഴഞ്ചൊല്ലുതന്നെ ധർമ്മ ശാസ്ത്രം, പഠിക്കാത്തവർക്ക് ഗുരുവും ഓരൊ തെരുവീഥികളിൽ ഉറക്കെ വിളിച്ചു പഠിപ്പിക്കുന്ന ജ്ഞാനവും അതാകുന്നു.'(19) എന്ന് പഴഞ്ചൊല്ലിന്റെ സാമൂഹിക പ്രാധാന്യത്തെ എടുത്തുകാട്ടിക്കൊണ്ടാണ് കൃതി ആരംഭിക്കുന്നത്.

**പഴഞ്ചൊ□l□ പതിരു□ങ്കി□**

പശുവിൻ പാലും കൈക്കും' എന്ന പഴമൊഴി അതിനു അടിസ്ഥാനമായി നൽകുന്നു. പ്രാചീനകാലത്തെ ധർമ്മശാസ്ത്ര മെങ്കിലും പഴഞ്ചൊല്ലുകൾക്ക് ചില ദോഷങ്ങളുമുണ്ട്.പ്രധാനമായും മൂന്ന് ദോഷങ്ങളാണ് ഗുണ്ടർട്ട് സ്ഥാപിക്കുന്നത്.

1. ലോകനടപ്പിനെപറ്റി മാത്രം വർണിക്കുന്ന പഴമൊഴികളിൽ ദൈവസ്തുതിയില്ല.
2. ഗുണദോഷവിവേചനം നടത്തുന്ന പഴഞ്ചൊല്ലുകൾ ദോഷത്തെ പരിഹസിക്കുകമാത്രം ചെയ്യുന്നു, വെറുക്കുന്നില്ല. ഞാൻ കേമൻ മറ്റുള്ളവർ ബുദ്ധിശൂന്യർ എന്ന രീതിയിലാണ് ജനം പഴഞ്ചൊല്ലിനെ ഉപയോഗിക്കുന്നത്.
3. നേരും നേരുകേടുമേത് എന്ന് തിരിച്ചറിയുന്നെങ്കിലും മനുഷ്യൻ വീണ്ടും പാപംചെയ്യുന്നു. പഴഞ്ചൊല്ലുകൊണ്ട് വ്യക്തിയെ നന്നാക്കാനാവുന്നില്ല.

'ഇരുമ്പുപാര വിഴുങ്ങി ചുക്കുവെള്ളം കുടിച്ചാൽ ദഹനം വരുമോ' എന്ന പഴമൊഴിയിലൂടെ സത്യം കാട്ടിത്തരുന്ന ദൈവ വചനത്തോളം മേന്മ പഴമൊഴികൾക്കില്ലെന്നു സ്ഥാപിക്കുന്നു. ചുക്ക് ഒരൗഷധം തന്നെ. ഉദരസംബന്ധമായ നിസ്സാരപ്രശ്നങ്ങൾക്ക് അത് പ്രതിവിധി നൽകുന്നു. എന്നുവെച്ച് ഇരുമ്പുപാരപോലെ കനപ്പെട്ട ഒന്നു വിഴുങ്ങിയതു സുഖപ്പെടുത്താനുള്ള മറുമരുന്നല്ല ചുക്ക് എന്ന പോലെ, മനുഷ്യന്റെ തെറ്റുകൾ ചൂണ്ടിക്കാണി

ക്കാനല്ലാതെ അവയ്ക്കുള്ള പരിഹാരം കാട്ടിത്തരാനോ നന്മയിലേക്ക് നയിക്കാനോ പഴമൊഴികൾക്ക് പ്രാപ്തിപോരാ. ദൈവത്തെ ആശ്രയിക്കേണ്ടതിന്നു പകരം പഴഞ്ചൊല്ലുകൾ പറഞ്ഞതുകൊണ്ട് ഒരാളും നന്മയിലേക്ക് തിരികെവരുന്നില്ല എന്ന് ഗുണ്ടർട്ട് അതിനെ വ്യാഖ്യാനിക്കുന്നു. തുടർന്നുള്ള ലഘു അധ്യായങ്ങളിലൂടെ മനുഷ്യജീവിതത്തെക്കുറിച്ചും ധാർമ്മികവ്യവസ്ഥയെ കുറിച്ചുമുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു.

**മനുഷ്യപ്രകൃതി**

മനുഷ്യൻ അടിസ്ഥാനപരമായി സ്വാർത്ഥനാണ്. സ്വന്തം ആവശ്യങ്ങൾ നിറവേറ്റുന്നതിന് തടസ്സമാകുന്ന എല്ലാത്തിനെയും നശിപ്പിക്കുകയോ അകറ്റിനിർത്തുകയോ ചെയ്യുന്നതാണ് മനുഷ്യ പ്രകൃതം. ഇത്തരം പ്രാകൃതവാസനകളെ മതം, സദാചാരമൂല്യങ്ങൾ തുടങ്ങിയ നിർമ്മിത സാംസ്കാരിക ഘടകങ്ങൾകൊണ്ട് നിയന്ത്രിക്കാൻ ശ്രമിച്ചപ്പോഴാണ് മനുഷ്യൻ സാമൂഹ്യജീവിയായത്. പ്രാകൃതവാസനകളും സാംസ്കാരികമൂല്യങ്ങളും തമ്മിലുള്ള നിരന്തരസംഘർഷത്തിലേർപ്പെടുന്ന മനുഷ്യന്റ ജീവിതാവസ്ഥകളെ പ്രതിനിധീകരിക്കുകയും, അതിൽനിന്ന് നന്മതിന്മകളെ വിവേചിച്ചു കാണിക്കുകയും ചെയ്യുന്ന പഴഞ്ചൊല്ലുകളാണ് മനുഷ്യപ്രകൃതി പരമായ പഴഞ്ചൊല്ലുകൾ. ഇത്തരം നിരവധി പഴമൊഴികളെ ക്രിസ്തീയനീതിബോധത്തിന്റെ പശ്ചാത്തലത്തിൽ പുനർവിചിന്തനം ചെയ്യുന്നു് 'പഴഞ്ചൊൽമാല'യിൽ.

വിവരണാതീതമാണ് ഓരോ മനുഷ്യഹൃദയവും. മനുഷ്യന്റെ അകമെന്തെന്ന് പുറംമോടി കണ്ട് വിലയിരുത്തുക അസാധ്യം.

'ചക്കയാകുന്നു ചൂന്നു നൊക്കുവാൻ'

'അകത്തു കത്തിയും പുറത്തു പത്തിയും'

'ശ്വാവിന്റെ വാൽ പന്തീരാണ്ടുകുഴലിൽ ഇട്ടാലും നേരെ ആകില്ല'

തുടങ്ങിയ പഴമൊഴികളിലൂടെ പുറമെ ശാന്തമെങ്കിലും അകത്ത് ചുഴികളും മലരികളും നിറഞ്ഞ ഒരു പുഴ പോലെ മനുഷ്യഹൃദയം പിടിതരാത്ത ഒരു പ്രഹേളികയാണെന്നും 'ചാലിയന്റെ ഓടംപോലെ' മനുഷ്യമനസ്സും ചഞ്ചലമാണെന്നും ഗുണ്ടർട്ട്





പ്രസ്താവിക്കുന്നു. മനുഷ്യതൃഷ്ണയ്ക്ക് ഒരിക്കലും ശമനമുണ്ടാകുന്നില്ല. തൃഷ്ണകളുടെ പിന്നാലെ പാഞ്ഞ് ഓരോരോ പാപങ്ങളിൽ ചെന്നകപ്പെടുന്നു. സ്വന്തം കുറവുകൾ മനസ്സിലാക്കി പശ്ചാത്തപിക്കാൻ അവർ തയ്യാറാകുന്നില്ല.

'തന്റെ കണ്ണിൽ കൊൽ ഇരിക്കെ അന്യന്റെ കണ്ണിലെ കരടുനൊക്കരുത'

'കാക്കെക്കതമ്പിള്ള പൊമ്പിള്ള' എന്നീ പഴമൊഴികളിലൂടെ സ്വയം വിലയിരുത്താത്ത മനുഷ്യനെ കാട്ടിത്തരുന്നു.പാപത്തിന്റെ കൂലി പല വിധത്തിൽ മരണം തന്നെയാണെന്നും ഗുണ്ടർട്ട് കൂട്ടിച്ചേർക്കുന്നു്.

'ഉപ്പുതിന്നാൽ തണ്ണീർ കുടിക്കും'

'നീർനിന്നെടത്തൊളം ചെറുകെട്ടും '

'താന്താൻ കുഴിച്ചതിൽ താന്താൻ വീഴും'

'മലർന്നുകിടന്നു തുപ്പിയാൽ മാറത്തുവീഴും'

സ്വപ്രവൃത്തിയുടെ ഫലം മനുഷ്യൻ അനുഭവിച്ചേതീരൂ. വെള്ളം കെട്ടിനിന്നിടത്തോളം ചേറുംകെട്ടും എന്നപോലെ മനുഷ്യന്റെ ദുഷ്പ്രവൃത്തികളുടെ വ്യാപ്തി അനുസരിച്ചുള്ള ഫലം അവർ അനുഭവിക്കേതായും വരും.

മനസാ വാചാ കർമ്മണാ എന്നിങ്ങനെ മൂന്നുവിധത്തിലാണ് പാപങ്ങളെന്നദ്ദേഹം തുടർന്നു വിവരിക്കുന്നു. ഇതിൽ താരതമ്യേന വാഗ്ദോഷം ചെറുതെന്നുകരുതുന്നുവെങ്കിലും അതും വലിയ തെറ്റുതന്നെ. വാക്കുകൾ സൂക്ഷിച്ചുപയോഗിക്കേതിന്റെ പ്രാധാന്യം വിവരിക്കുന്നിടത്ത്,

'വറുത്താൽ കൊറിച്ചുപൊകും കാൽ പറഞ്ഞു പൊകും'

'കയ്യിൽനിന്നുവീണാൽഎടുക്കാംവായിൽനിന്നുവീണാൽ എടുത്തൂട'

'വായറിയാതെ പറഞ്ഞാൽ ചെവി അറിയാതെ കൊള്ളും'

'പു കഴിഞ്ഞതും പടയിൽ ചത്തതും പറയൊ'

'രണ്ടു തലയും കത്തിച്ചു നടുപിടിക്ക'

തുടങ്ങിയ പഴഞ്ചൊല്ലുകൾ ഉപയോഗപ്പെടുത്തുന്നു. കണ്ടതെല്ലാം പറഞ്ഞുനടക്കുന്ന മനുഷ്യപ്രകൃതി തെറ്റാണെന്നും വാക്കുകൾ ശ്രദ്ധാപൂർവ്വം പ്രയോഗിക്കേണമെന്നും ഗുണ്ടർട്ട്. പുകഴിഞ്ഞതും പടയിൽ ചത്തതും പറയൊ എന്ന പഴമൊഴിയിലൂടെ മുൻകാല സംഭവങ്ങളെ വീണ്ടും പറഞ്ഞ് കലഹിക്കുന്ന മനുഷ്യസ്വഭാവത്തെ കുറ്റപ്പെടുത്തുന്നു. ചങ്ങാതികളെ തമ്മിൽ കലഹിപ്പിക്കുന്ന ചിലരുടെ പരദൂഷണപ്രിയത്തെ ഹിന്ദുപുരാണ കഥാപാത്രമായ നാരദനോടുപമിച്ചാണ് ഗുണ്ടർട്ട് വിമർശിക്കുന്നത്. 'നാരദനെ പ്പൊലെ ഏഷണിക്കാർ പലരും ഒരൊന്നു മന്ത്രിച്ചു ചങ്ങാതികളെ ഭെദിപ്പിക്കും' (29) എന്നു പറഞ്ഞുകൊണ്ട് 'രണ്ടു തലയും കത്തിച്ചു നടുപിടിക്ക' എന്ന പഴമൊഴിയെ അതിനു വിശദീകരണമായി നൽകുന്നു. ശേഷം 'നാവു നിത്യം ശങ്കിക്കേണ്ടുന്ന ഒരായുധ മാകുന്നു' എന്നദ്ദേഹം നിഗമനത്തിലെത്തുന്നു.

മനുഷ്യൻ സത്യത്തിന്റെ വഴി തെരഞ്ഞെടുക്കേണ്ടതിന്റെ പ്രാധാന്യം കുതിയിലുടനീളം ഗുണ്ടർട്ട് സമർത്ഥിക്കുന്നു. മനുഷ്യർക്കാർക്കും അകവും പുറവും ഒക്കുന്നില്ല. സത്യത്തിന്റെ പാത ബുദ്ധിമുട്ടേറിയതാകയാൽ അതുപേക്ഷിച്ച് എളുപ്പമാർഗ്ഗങ്ങൾ തേടുന്നു. ഈ അസത്യമാർഗം ആത്യന്തികമായി ദു:ഖസാഗരത്തിങ്ക ലേക്കൊഴുകുന്നതാണെന്ന് അവർ അറിയുന്നില്ല. അത്തരത്തിൽ അസത്യവഴിയിൽ നീങ്ങുന്നവരുടെ അവസ്ഥ വിവരിക്കാനായി

'പൂളം കൊണ്ടു പാലം ഇട്ടാൽ കാലം കൊണ്ടറിയാം'

'രത്നം കളഞ്ഞുടൻ ചെങ്കൽ എടുക്ക'

'ഇരു തൊണിയിൽ കാൽവെച്ചാൽ നടുവിൽ കാണാം'

തുടങ്ങിയ പഴഞ്ചൊല്ലുകൾ ഉദാഹരിക്കുന്നു. അസത്യം പൂളം കൊണ്ടുള്ള പാലം പോലെയാണ്, വൈകാതെതന്നെ അതിന്റെ തകർച്ച സുനിശ്ചിതമാകുന്നു. അമൂല്യമായ രത്നം കളഞ്ഞ് ചെങ്കല്ലെടു ക്കുന്ന വിഡ്ഢികൾക്കു സമമാണ് ശാശ്വതമായ സത്യംവിട്ട് അസത്യത്തെ തേടിപോകുന്നവർ.ഇനി ഇരുപാതയിലും സഞ്ചരിക്കു ന്നവർക്കുാകുന്ന അധോ:ഗതി പറയാനായി ഇരു തോണിയിൽ കാൽവെച്ചാൽ രണ്ടും നഷ്ടമായി നടുക്കടലിൽ വീണുപോകും എന്ന തത്ത്വത്തെ ഓർമ്മിപ്പിക്കുന്നു.





മനുഷ്യരെല്ലാവരും പാപികളാകുന്നു, പാപത്തിന്റെ കൂലി മരണം, പശ്ചാത്താപം തന്നെ പ്രായശ്ചിത്തം തുടങ്ങിയ ക്രൈസ്തവദർശനങ്ങളെ ആധാരമാക്കിയാണ് പഴഞ്ചൊല്ലുകളെ വ്യാഖ്യാനിക്കുന്നതെങ്കിലും അതിനുമപ്പുറത്ത് പ്രതിജനഭിന്നമായ മനുഷ്യസ്വഭാവങ്ങളുടെ സൂക്ഷ്മപഠനവും തെറ്റുകളുടെ വിലയിരു ത്തലും കൃതി സാധ്യമാക്കുന്നു എന്നതാണു കാര്യം.

**സംസ്കാരവും ജീവിതവീക്ഷണവും**

ക്രൈസ്തവികതയിലധിഷ്ഠിതമെങ്കിലും ആധുനികമായൊരു ജീവിതവീക്ഷണവും സാംസ്കാരികബോധവുമാണ് ഗുണ്ടർട്ടിനെ നയിക്കുന്നത്. കേരളത്തിലെ സാംസ്കാരിക ജീവിതത്തെയും സദാചാര, നീതിബോധങ്ങളെയും വിലയിരുത്താനും വിമർശന വിധേയമാക്കാനും അദ്ദേഹം പഴമൊഴികളെ ഉപയോഗിച്ചു.

തൊഴിലിന്റെ പ്രാധാന്യത്തെക്കുറിച്ചും, പ്രവർത്തനമേഖലകളുടെ മഹത്വത്തെക്കുറിച്ചും പഴമൊഴികളെ ഉദാഹരിച്ചുകൊണ്ട് ഗുണ്ടർട്ട് വിശദീകരിക്കുന്നതു കാണാം. ഗുണ്ടർട്ട് ഉൾപ്പെടുന്ന ബാസൽമിഷന്റെ ദൈവശാസ്ത്രസങ്കൽപ്പത്തിന്റെ ഭാഗം തന്നെയായിരുന്നു തൊഴിലിന് അവർ നൽകിയ പ്രാധാന്യം. ഉത്തമനായ തൊഴിലാളിക്കേ ഉത്തമനായ വിശ്വാസിയാകാനാവൂ എന്ന കാൽവിനിസ്റ്റ് തിയോള ജിയായിരുന്നു ബാസൽമിഷൻ പിൻപറ്റിയിരുന്നത്. തൊഴിലിനെ ദൈവികതയുടെ ഭാഗമായി കാണുകയും അതിന്റെ മഹത്വത്തെ അംഗീകരിക്കുകയും ചെയ്ത ബാസൽമിഷൻ ക്രിസ്തുമാർഗ്ഗമാഗ്ര ഹിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധിയും ദൈവഭക്തിയും അളക്കാനായി മിഷൻഫാക്ടറികളിലേക്കയച്ച് അവർ നല്ല തൊഴിലാളികളാണോ എന്ന് ഉറപ്പുവരുത്തിയിരുന്നു.

ഏതു തൊഴിലിനും ദൈവത്തിനുമുന്നിൽ തുല്യമഹത്വവും പ്രസാദവുമാണുള്ളത്.' അണ്ണാക്കൊട്ടനും തന്നാൽ ആംവണ്ണം' പ്രവൃത്തിയെടുക്കേണം. പണിയെടുക്കാത്തവൻ തിന്നുകയുമരുത്.

'കയ്യാടി എങ്കിലെ വായാടും'

'ഇരുന്നുവൻ രുചി അറിയാ'

'കിളച്ചുവൻ രുചി അറിയും'

'എല്ലുമുറിയ പണിതാൽ പല്ലുമുറിയ തിന്നാം' എന്നീ പഴമൊഴികൾ നൽകിക്കൊണ്ട് ധനാഢ്യന്മാരും മറ്റുള്ളവരുടെ ഉപകാരത്തിനുതകുന്ന പ്രവൃത്തിചെയ്യേണം എന്ന് ഗുണ്ടർട്ട്. പ്രവൃത്തിയിലേർപ്പെടാത്ത ശാന്തിക്കാരൻ, മാരാൻ, മലയൻ, കണിശൻ തുടങ്ങിയ ജാതികളെ വ്യാജ സേവകരായാണ് ഗുണ്ടർട്ട് കണക്കാക്കുന്നത്.

ജാത്യധിഷ്ഠിത തൊഴിൽവിഭജനങ്ങളും അതിനനുസരിച്ച സാമൂഹ്യപദവിയും മാന്യതാസങ്കൽപ്പങ്ങളും നിലനിന്നിരുന്ന കേരളീയസമൂഹത്തിൽ അടിമജാതികൾക്ക് ജാതിസ്വത്വത്തിൽ നിന്നുള്ള മോചനം അസാധ്യമായിരുന്നു. സവർണരുടെ അധികാരത്തെ നിലനിർത്തുന്നതും ജാതിവ്യവസ്ഥയെ ഊട്ടിയുറപ്പിക്കുന്നതും കുലത്തൊഴിൽ സമ്പ്രദായമാണെന്നതിനാൽതന്നെ കേരളസമൂഹത്തിൽ തൊഴിൽ കേവലം ജീവനോപാധിമാത്രമായിരുന്നില്ല. ഇതു മനസ്സിലാക്കിത്തന്നെയാണ് തൊഴിലിനെ പറ്റിയുള്ള ചർച്ചയിൽ ഗുണ്ടർട്ട് ഏർപ്പെടുന്നതും.' പട്ടർ മുതലായ മടിയന്മാരെ വേല ചെയ്യിക്കാതെ തീറ്ററുത്' എന്നതാണ് ഗുണ്ടർട്ടിന്റെ നിലപാട്. പണികളിൽ നല്ലതു കൃഷിപ്പണിയാണെന്നും അതിന്നു ദൈവം വിശേഷിച്ചു അനുഗ്രഹം നൽകിയിരിക്കുന്നു എന്നും കൂടി അടിമജാതികൾക്കായി അദ്ദേഹം കൂട്ടിച്ചേർക്കുന്നു.

'യജമാനന്മാർ ആളുകളെ പണിക്ക ആക്കിയാൽ ജീവനില്ലാത്ത ആയുധങ്ങളെപൊലെ പ്രയോഗിക്കരുത, കുതിരകളെപൊലെ നിർബന്ധിക്കയും അരുത' (64) എന്നു പറഞ്ഞുകൊണ്ട് തൊഴിലാളികളോട് യജമാനന്മാർ പുലർത്തേ മര്യാദകളെ ഓർമ്മിപ്പിക്കുന്നു.

'വെല ഒപ്പം ഇല്ലെങ്കിലും വെയിൽ ഒപ്പം കൊണ്ടാൽ മതി'

യജമാനന്മാർ തൊഴിലാളികളുടെ അധ്വാനത്തിൽ പങ്കാളികളായില്ലെങ്കിലും അവർക്കൊപ്പം നിൽക്കാനുള്ള മനസ്സങ്കിലുമുണ്ടാകണം എന്നു സാരം. അടിമജാതികൾക്ക് തൊഴിൽസ്വാതന്ത്ര്യമോ വേലയ്ക്ക് കൂലിയോ ലഭിക്കാതിരുന്ന കാലഘട്ടത്തിലാണ് സമത്വത്തിലധിഷ്ഠിതമായ ജീവിതപശ്ചാത്തലം ഗുണ്ടർട്ട് വിഭാവനം ചെയ്യുന്നത്.





'കാര്യത്തിനു കഴുതക്കാലും പിടിക്കെണം' തുടങ്ങിയ പഴമൊഴികൾ സമൂഹത്തിനു നൽകുന്നത് തെറ്റായ സന്ദേശമാണെന്നും ഏതു സന്ദർഭത്തിലും മുഖസ്തുതി അരുത് എന്നും പറഞ്ഞുകൊണ്ട് പഴമൊഴികളിലൂടെ പ്രചരിക്കുന്ന അപക്വമായ കാഴ്ചപ്പാടുകളേയും ഗുണ്ടർട്ട് സൂചിപ്പിക്കുന്നു.

മനുഷ്യന്റെ ധനാർത്തിയെ കുറിച്ചും അതു വരുത്തിവയ്ക്കുന്ന വിനകളെ കുറിച്ചും 'പഴഞ്ചൊൽമാല' ചർച്ചചെയ്യുന്നുണ്ട്.

'പണത്തിനുമീതെ പരുന്തും പറക്കില്ല'

'മലയരികെ ഉറവു പണം അരികെ ഞായം'

'ഇഷ്ടം മുറിപ്പാൻ അർത്ഥം മഴു'

'അർത്ഥം അനർത്ഥം'

മനുഷ്യന്റ സ്നേഹബന്ധങ്ങൾക്കും ദയ, സഹാനുഭൂതി തുടങ്ങിയ മാനവികമൂല്യങ്ങൾക്കുമെല്ലാം തടസമാണ് പണം. മനുഷ്യ ജീവിതഗതിവിഗതികളെ ഓർമ്മപ്പെടുത്താൻ 'ശ്രീമാൻ സുഖിയൻ മുടിയൻ ഇരപ്പൻ' എന്ന പഴമൊഴി ചേർക്കുന്നു. ധനവാന്റെ വരുംതലമുറ സുഖലോലുപരായി മതിമറന്നു ജീവിക്കും, അവർ നേടിയതെല്ലാം മുടിക്കും, ശേഷം വരുന്ന തലമുറ ദരിദ്രരായ് മാറും. ധനത്തിൽ അഹങ്കരിക്കുന്നവർക്ക് ചാക്രികമായ ഈ അവസ്ഥ സുനിശ്ചിതമാണെന്നു സാരം. അർത്ഥം കുറഞ്ഞവരാണ് ജീവിത ത്തിൽ സുഖവും നിർഭയത്വവും ഏറിയ ഭാഗ്യവാന്മാർ എന്നും അദ്ദേഹം പറഞ്ഞു വയ്ക്കുന്നു 'പുരയില്ലാത്തവന്നുണ്ടാതീപ്പേടി'.

വിവാഹകുടുംബ സങ്കൽപ്പങ്ങളിലും സദാചാരമര്യാദകളിലും കേരളീയർ പുലർത്തുന്ന നീതിവ്യവസ്ഥകളെ തുടർന്ന് ഗുണ്ടർട്ട് ചർച്ചക്കെടുക്കുന്നുണ്ട്. കേരളത്തിൽ നിലനിൽക്കുന്ന സംബന്ധമടക്കമുള്ള വിവാഹരീതികളെ കടുത്തഭാഷയിൽതന്നെ വിമർശിക്കുന്നു. 'കല്യാണം മൃഗങ്ങളുടെ സംയോഗം പോലെയായിരിക്കുന്നു' എന്ന ആക്ഷേപം കുറിക്കുകൊള്ളുന്നതാണ്. 'അതിസുന്ദരിയെ കാൽ മുമ്പെ ആ മനപ്പൊരുത്തത്തിന്നു പകർച്ചവരും, അപ്പൊൾ

വ്യഭിചാരവും ഉപെക്ഷണവും അണയും. രണ്ടും ഒരു പൊലെ ദൊഷം എങ്കിലും ഓരൊ ആചാരവും അനാചാരവും ആക്രമിച്ചു വളരെ കാലം നടന്നുവരികയാൽ നാട്ടുകാരുടെ മനസ്സ് വഷളാക്കി യിരിക്കുന്നു.'(52) വ്യഭിചാരത്തിനു സമമായി ഗുണ്ടർട്ട് വിലയിരു ത്തു' സംബന്ധവിവാഹത്തിന്റെ അസംബന്ധങ്ങളെ പരിഹസിക്കാ നായി 'കളിയും ചിരിയും ഒപ്പരംതന്നെ കഞ്ഞിക്ക പൊകുമ്പൊൾ വെവ്വെറെ' എന്ന പഴമൊഴിയും ചേർക്കുന്നു. പിതൃസ്വത്ത്, മരണാനന്തരക്രിയകൾ തുടങ്ങി സ്വന്തം പിതാവിൽ യാതൊര വകാശാധികാരങ്ങളുമില്ലാതെ ജീവിക്കേണ്ടിവരുന്ന സംബന്ധ വിവാഹത്തിൽ ജനിക്കുന്ന കുട്ടികളുടെ ദുരവസ്ഥകൂടി പരോക്ഷ മായി വിമർശിക്കുകയാണിവിടെ.

ആധുനികമായ കുടുംബസദാചാര സങ്കൽപ്പത്തെയാണ് ഗുണ്ടർട്ട് ആധാരമാക്കുന്നത്. ഭാര്യാഭർത്താക്കന്മാർ കുട്ടികളുമൊത്ത് ഒരുമിച്ച് കുടുംബംനയിക്കുന്ന അണുകുടുംബസങ്കൽപ്പമാണത്. 'കെട്ടിയവനും കെട്ടിയവളും ഒരുമിച്ചു ഭക്ഷിക്കാഞ്ഞാൽ മലയാള ത്തിലെ വിവാഹവും കുടുംബവും ഊരും നാടും ഒരുനാളും നന്നാകയില്ല' എന്ന ഗുണ്ടർട്ടിന്റെ വാക്കുകളിൽ മൂല്യാധിഷ്ഠിതവും ലിംഗവിവേചനാതീതവും സമത്വപൂർണവുമായ കുടുംബവ്യവസ്ഥ യാണ് ഒരു നാടിന്റെയാകെ സാംസ്കാരിക ഈടുവയ്പ്പായി മാറുന്നത് എന്ന അർത്ഥവ്യാപ്തി കാണാം.

ക്രിസ്തീയതത്ത്വത്തിലടിയുറച്ച കുടുംബവിവാഹ സങ്കൽപ്പ ത്തിന്റെ മേന്മയെ പുകഴ്ത്താനും മിഷണറിയായ ഗുണ്ടർട്ട് മറക്കുന്നില്ല. വിവാഹം സ്വർഗ്ഗത്തിൽ വച്ചുനടക്കുന്നു എന്ന സങ്കൽപ്പമാണ് ക്രിസ്തീയതയിലുള്ളത്. മനപ്പൊരുത്തവും സ്നേഹവു മാണ് അവിടെ ബന്ധത്തിനാധാരം.

'കോരിക്ക വാരി ആക, ദൂരക്ക നാരി ആകാ' പാത്രത്തിൽ ശേഖരിച്ച ജലം മാത്രം കണ്ട് ജലത്തിന്റെ പരിശുദ്ധി നിശ്ചയിക്കാനാവില്ല; അടുത്തറിയാത്ത വ്യക്തിയെയും അതുപോലെതന്നെ ദൂരക്കാഴ്ച കൊണ്ട് മഹത്വം നിർണ്ണയിക്കാനാവില്ല എന്ന് സാരം.





ഇത്തരത്തിൽ തികച്ചും നവീനമായ ഒരു ജീവിതാദർശത്തെയാണ് കേരളീയർക്ക് ഗുണ്ടർട്ട് പരിചയപ്പെടുത്തുന്നത്.

**ജാതിവ്യവസ്ഥ**

പഴമൊഴികളെ ആയുധമാക്കി കേരളത്തിലെ ജാതിവ്യവസ്ഥ യേയും ദുരാചാരങ്ങളേയും കടുത്തഭാഷയിൽ ഗുണ്ടർട്ട് വിമർശിക്കു ന്നതു കാണാം. കേവലമായ ആക്ഷേപങ്ങൾക്കപ്പുറം കൃത്യമായ തെളിവുകളോടെ, സവർണജാതികളുടെ അഹന്തയും ജാതി മര്യാദപാലിക്കുന്നതിലെ ഇരട്ടത്താപ്പുകളും ശ്രദ്ധയോടെ വിലയിരു ത്തി തന്റെ അഭിപ്രായങ്ങളെ അവതരിപ്പിക്കുന്നു.

ചാതുർവർണ്യവ്യവസ്ഥയിൽ ദൈവത്തിന്റെ പ്രതിപുരുഷന്മാ രാണ് ബ്രാഹ്മണർ. ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു ജനിച്ച ഇവരുടെ കർത്തവ്യം പൂജാദികർമ്മങ്ങൾ മാത്രമാണ്. ഇവരെ സേവിക്കേണ്ട വരാണ് മറ്റു ജാതികൾ. അധ്വാനിച്ച് സമ്പത്തുണ്ടാക്കുന്നത് അടിമജാതികളും അത് അനുഭവിക്കുന്നത് ബ്രാഹ്മണരും എന്ന വ്യവസ്ഥ ദൈവകല്പിതമായി നിലനിന്നുപോന്നിടത്താണ് 'ഭൂദേവന്മാരും കൈക്കൊട്ടും മറ്റും എടുത്തു വിയർത്തു ഉണ്മാൻ സംഗതി വരും.നിങ്ങൾ അവരെ വെല ചെയ്യാൻ നിർബന്ധിക്കാതെ വെറുതെ തീറ്റുന്നത എന്തു' എന്ന് ഗുണ്ടർട്ട് ചോദ്യമുന്നയിക്കുന്നത്. അധ്വാനിക്കുന്നവരാണ് അതിന്റെ ഫലം സ്വീകരിക്കാൻ യോഗ്യർ. ദൈവം അവർക്കൊപ്പമാണുള്ളത്. ശാന്തിക്കാരൻ, മാരാർ, മലയൻ, കണിശൻ തുടങ്ങി ദൈവത്തിന്റെ ആശ്രിതരെന്ന വ്യാജേന സമൂഹത്തിൽ വിലസുന്നവരെ കള്ളജാതികളെന്നാണ് ഗുണ്ടർട്ട് ആക്ഷേപിക്കുന്നത്. അയിത്തമടക്കമുള്ള ദുരാചാരങ്ങളിൽപ്പെട്ട് ജീവിതം നരകപൂർണമായിത്തീർന്ന അടിമജാതികൾക്ക് ഇതൊരു പുത്തൻ ജീവിതവീക്ഷണമായിരുന്നു.

ജാതിചിന്ത അജ്ഞാനമാണെന്ന ബോധ്യം എല്ലാവർക്കു മണ്ടു്. എന്നാൽ മാനം വിചാരിച്ച് അതിനെ പിന്നെയും പിന്തുടരുകയാണ്. ജാതിമര്യാദകളെ രഹസ്യമായി ലംഘിക്കാം;

അത് പരസ്യമാകാതിരുന്നാൽ മതി എന്ന ഇരട്ടത്താപ്പാണ് കേരള സമൂഹത്തിൽ അരങ്ങേറുന്നത് – ഇതാണ് ഗുണ്ടർട്ടിന്റെ പക്ഷം.

'ചാട്ടത്തിൽ പിഴെച്ച കുരങ്ങുപോലെ' ഇത് അജ്ഞാനമെന്ന് എല്ലാവരും അറിഞ്ഞിട്ടും ഈ മൗഢ്യത്തിൽ മിക്കവാറും മുറുക്കകെട്ടികിടക്കുന്നു. കുടിക്കുന്ന വെള്ളവും വെക്കും കലവും കല്ലെറിഞ്ഞുതീണ്ടിയതും മറ്റും എത്രയും സൂക്ഷിച്ചു പ്രമാണിക്കുന്നു. സ്നെഹവും ദയയും ദെവകടാക്ഷവും കൂട്ടാക്കുന്നില്ല.' (59)

'കടു ചൊരുന്നതു കാണും ആന ചൊരുന്നതു കാണാ'

തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങി കാര്യങ്ങളിൽ അതീവ ശ്രദ്ധ പുലർത്തുന്ന, അതു പാലിക്കാത്തത് വലിയ ആചാര ലംഘനമായി കാണുന്ന സവർണർക്ക് ഇതേ അടിമജാതികളുടെ അധ്വാനഫലം അനുഭവിക്കുന്നതിലോ അവരുടെ സ്ത്രീകളെ പ്രാപിക്കുന്നതിലോ അയിത്തചിന്ത വരുന്നില്ല എന്നത് ശ്രദ്ധേയമാണ്. ഇതുതന്നെയാണ്, ആന ചോരുന്നത് അറിയാത്തവർ കടുക് ചോരുന്നതിൽ സൂക്ഷ്മത കാണിക്കുന്നു എന്ന പരിഹാസം കൊണ്ടുദ്ദേശിക്കുന്നത്.

'കെട്ടീട്ട പട്ടിക്ക് കുപ്പ എല്ലാം ചൊറു' എന്ന പഴമൊഴിപോലെ ചാതുർവർണ്യമെന്ന ഇരുളടഞ്ഞവ്യവസ്ഥയിൽ ജീവിക്കുന്ന കേരളീയ ജനത കെട്ടിയിട്ട പട്ടിക്കു സമമാണ്. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനല്ലാതെ നല്ലതുതേടി പോകാനതിനാകുന്നില്ല. ചോറെന്നുകരുതി അത് കുപ്പയെ സ്വീകരിക്കുന്നു. ജാതിവ്യവസ്ഥയുടെ ദുരാചാരങ്ങൾ നിറഞ്ഞ കേരളീയസമൂഹത്തിന്റെയും അവസ്ഥ ഇതുതന്നെ.

ജാതിചിന്തയുടെ പൊള്ളത്തരങ്ങളേയും അവർണരുടെ ദുരവസ്ഥയേയും തുറന്നുകാട്ടുന്നതിനുശേഷം ക്രിസ്തീയകാഴ്ചപ്പാടിൽ ജാതിയെ വിലയിരുത്തുന്നുമുണ്ട്. രണ്ടുജാതിയേ മനുഷ്യർക്കുള്ളു. ഒന്ന് ആദമിന്റെ ദുഷിച്ച ബീജത്തിൽ നിന്നുണ്ടായ ജാതിയും അതുവിട്ട് സത്യവചനം കൈക്കൊണ്ട ദൈവമക്കളാകുന്ന ജാതിയും. മലയാളികളോട് സത്യവഴി സ്വീകരിച്ച് ദൈവജാതിയിൽ





ചേരാൻ ആഹ്വാനം ചെയ്യുകയാണ് ഗുണ്ടർട്ട്. സ്ത്രീയും പുരുഷനും എന്ന് രണ്ടു ജാതിയേയുള്ളൂ എന്ന് ശ്രീനാരായണഗുരു പിൽക്കാലത്തു പറഞ്ഞ ആശയത്തിന്റെ, ക്രിസ്തീയാധിഷ്ഠിതമായ ആദ്യ പതിപ്പായി ഗുണ്ടർട്ടിന്റെ ഈ കാഴ്ച്ചപ്പാടിനെ വിലയിരുത്താം.

**ഗ്രന്ഥസൂചി**

1. അജിത്കുമാർ.എൻ, 2006, 'വാമൊഴിയുടെ സൗന്ദര്യശാസ്ത്രം', കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ഗുണ്ടർട്ട് ഹെർമൻ, 1992, 'പഴഞ്ചൊൽമാല', 'വജ്രസൂചി' (എഡി.സ്കറിയ സക്കറിയ), ഡി.സി.ബുക്സ്, കോട്ടയം.
3. രാഘവൻ പയ്യനാട്, 1999, 'ഫോക്ക്ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും ', ഫോക് ലോർ ഫെല്ലോസ് ഓഫ് മലബാർ, പയ്യന്നൂർ.
4. രാഘവൻ പയ്യനാട്, 2006, 'ഫോക്ക്ലോർ', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. സ്കറിയ സക്കറിയ (എഡി.), 2015, 'മലയാളവും ഹെർമൻ ഗുണ്ടർട്ടും' (വാല്യം 1,2), തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, ഹെർമൻ ഗുണ്ടർട്ട് ചെയർ, തിരൂർ.

**മാനസ അശോക് .എം**
ഗവേഷക
സാമൂതിരി ഗുരുവായൂരപ്പൻ
കോളേജ്, കോഴിക്കോട്
ജവ: 9495373478.

# മലയാളഗദ്യഭാഷാചരിത്രത്തി□ തലശ്ശേരിരേഖകളുടെ സ്ഥാനം

അഞ്ജു മാത്യൂസ്

**പ്രബ ന്ധ സം ഗ്രഹം**

കേരളത്തിലെ കോളണിഭരണത്തിന്റെ ഔദ്യോഗിക രേഖകൾ എന്ന നിലയിൽ ഏറെ പ്രാധാന്യമർഹിക്കുന്നവയാണ് തലശ്ശേരി രേഖകൾ. ഉത്തര മലബാറിൽ കോളണി ഭരണം ഉറയ്ക്കുന്ന കാലത്ത് എഴുതപ്പെട്ട ഈ രേഖകൾ മലയാളത്തിൽ ആശയവിനിമയത്തിന് ശക്തമായ ഉപാധിയായി കത്തുകൾ മാറുന്നതിന്റെ വ്യക്തമായ അടയാളമാണ്. പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിലെ പ്രധാന സംവേദന മാതൃകകൾ എന്ന നിലയിൽ ഇവയ്ക്ക് ഏറെ പ്രാധാന്യമുണ്ട്.

**താക്കോ□വാക്കു കൾ**

ഗുണ്ടർട്ട് - തലശ്ശേരിരേഖകൾ -സ്കറിയസക്കറിയ - പഴശ്ശിരേഖകൾ - മലബാർഭാഷ.

ഹെർമൻ ഗുണ്ടർട്ട് കണ്ടെടുത്ത് ശേഖരിച്ചവയാണ് തലശ്ശേരിരേഖകൾ. ഈ രേഖകളുടെ ഭാഷാപരവും വ്യാകരണപരവുമായ സവിശേഷതകളെ കുറിച്ചുള്ള പഠനം പതിനെട്ട് പത്തൊൻപത് നൂറ്റാണ്ടുകളിലെ മലയാള ഗദ്യഭാഷയുടെ സ്വഭാവം മനസിലാക്കാൻ സഹായിക്കും. അത്തരത്തിൽ രേഖകളെ പഠനവിധേയമാക്കി ഗദ്യഭാഷാ വളർച്ചയിൽ തലശ്ശേരിരേഖകൾ എപ്രകാരം ഇടപെട്ടു എന്ന് മനസ്സിലാക്കാനാണ് ഈ ലേഖനത്തിലൂടെ ശ്രമിക്കുന്നത്.

തലശ്ശേരിരേഖകളിലെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് പഴശ്ശി രേഖകളുടെ മുഖവുരയിൽ ഡോ. സ്കറിയ സക്കറിയ ഇപ്രകാരം അഭിപ്രായപ്പെടുന്നു; "മലയാളത്തിന്റെ ചുറുചുറുക്കും താൻപോരിമയും വെളിപ്പെടുത്തുന്നവയാണ് തലശ്ശേരിരേഖകൾ. അവയുടെ മലയാളത്തനിമ അനിഷേധ്യമാണ്." അതിനാൽത്തന്നെ നമ്മുടെ





ഗദ്യഭാഷാപാരമ്പര്യത്തിന്റെ ഉത്തമ ഉദാഹരണമായി തലശ്ശേരി രേഖകളെ പഠിക്കാൻ കഴിയും.

"രേഖകളിലെ ഗദ്യം പതിനെട്ടാം നൂറ്റാണ്ടിലെ മലബാർ ജനതയുടെ സംസ്കാരവും പാരസ്പര്യവും പ്രദർശിപ്പിക്കുന്നു. വാമൊഴിയുടെ വ്യക്തിനിഷ്ഠതയും വരമൊഴിയുടെ സമൂഹ നിഷ്ഠതയും ഇടകലർന്നു സൃഷ്ടിക്കുന്ന ഭാഷണ ശൈലിയാണതിൽ കാണുക."[1] രേഖകളിൽ തെളിയുന്ന ഗദ്യത്തിൽ ഭാഷയുടെ തനിമയും സ്വത്വവും നഷ്ടപ്പെടുത്താത്ത വ്യവഹാരഭാഷയെ ആണ് കണ്ടെത്തുക. നമ്മുടെ ഇതര ഗദ്യമാതൃകകളായ വർത്തമാന പുസ്തകം, സംക്ഷേപവേദാർത്ഥം, ഉദയംപേരൂർ സൂനഹദോസ് കാനോനകൾ എന്നിവയെല്ലാം നിയന്ത്രിതമായ ഒരു വ്യാകരണരീതിയെ പിന്തുടരുകയാണ് ചെയ്യുന്നത്. എന്നാൽ തലശ്ശേരി രേഖകൾ ഇതിൽനിന്ന് ഭിന്നമാണ്. കോളണീകരണം നമ്മുടെ സാമൂഹ്യജീവിതത്തിൽ ചെലുത്തിയ സ്വാധീനമാകാം ഇതിന് കാരണം.

## വാമൊഴിത്തനിമ തലശ്ശേരി രേഖകളി□

തലശ്ശേരിരേഖകളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെല്ലുമ്പോൾ അതിന്റെ ഭാഷാപരമായ ഏറ്റവും വലിയ സവിശേഷത വാമൊഴി വരമൊഴി ശൈലിയുടെ സങ്കലനമാണ്. സാധാരണയായി ഭാഷാപഠനത്തിൽ വരമൊഴിക്ക് കൂടുതൽ പ്രാധാന്യം ലഭിക്കാനിടയുണ്ട്. എന്നാൽ ഭാഷാശാസ്ത്രനിരീക്ഷണത്തിൽ വരമൊഴിക്കൊപ്പം തന്നെ വാമൊഴിക്കും പ്രാധാന്യമുണ്ട്. കാരണം ഭാഷ എഴുത്തിലൂടെ മാത്രമല്ല ഭാഷണത്തിലൂടെയുമാണ് അതിന്റെ സ്വത്വം വെളിവാക്കുന്നത്. അതുകൊണ്ട് വരമൊഴി -വാമൊഴി ശൈലിയുടെ സങ്കലനമായ തലശ്ശേരിരേഖകളുടെ പ്രാധാന്യം വർദ്ധിക്കുന്നു. വാമൊഴിയിൽ നാം കണ്ടെത്തുന്ന ലളിത വാക്യങ്ങൾ തലശ്ശേരിരേഖകളിലും കാണാം. അതുപോലെ തന്നെ കർമ്മണി പ്രയോഗം രേഖകളിൽ തീരെയില്ല. വരമൊഴിയിൽ ധാരാളമായി കാണുന്ന വിശേഷണങ്ങളും നിഷേധരൂപങ്ങളും രേഖകളിൽ വിരളമാണ്. രേഖകളിൽ പലപ്പോഴും വ്യാകരണനിയമങ്ങളോട് ചേർന്നു നിൽക്കുന്ന വാക്യഘടനാരീതി കാണാൻ കഴിയുന്നില്ല. ഇതിന്റെയും പ്രധാന കാരണം വാമൊഴിയോടുള്ള അടുപ്പമാണ്. വാമൊഴിയിൽ വാക്കുകൾക്കൊപ്പം ആംഗ്യങ്ങളും

---

[1] പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ , പുറം 70.

മുഖഭാവങ്ങളുമെല്ലാം ചേരുമ്പോഴാണല്ലോ ആശയവ്യക്തത ഉണ്ടാകുന്നത്. എന്നാൽ ഇത് വരമൊഴിയിൽ സാധ്യമല്ല. ഇതാവാം രേഖകളിൽ നിഴലിക്കുന്ന അവ്യക്തതയുടെ പ്രധാന കാരണങ്ങളിൽ ഒന്ന്. വർത്തമാനകാലഗദ്യത്തിന്റെ ലിഖിതനിയമങ്ങളെ ലംഘിക്കുന്ന പല ശൈലികളും രേഖകളിൽ പ്രത്യക്ഷപ്പെടുന്നത് വാമൊഴിയോടുള്ള അതിന്റെ അടുപ്പം കൊണ്ടാകണം.

ഒപ്പം തന്നെ പാദാദിയിലുള്ള 'ഇ' കാരത്തിനു പകരം 'എ' കാരവും 'ഉ' കാരത്തിനു പകരം 'ഒ' കരവും ചേർക്കുക വാമൊഴിയിൽ പതിവാണ്.കുട്ടയ്ക്ക് പകരം കൊട്ടയെന്നും മുട്ടയ്ക്ക് പരം മൊട്ടയെന്നും പറയുക സാധാരണം തന്നെ. അതുപോലെ ഇലയ്ക്ക് പകരം എലയെന്നും നാം പറയാറുണ്ട്. എന്നാൽ അച്ചടി ഭാഷയിൽ അത് സാധാരണമല്ല. ഇന്ന് സംഭാഷണങ്ങളും മറ്റും കടന്നുവരുന്ന നോവൽ, കഥ പോലുള്ള സാഹിത്യരചനകളിൽ ഇത്തരം ശൈലികൾ ഉണ്ടെങ്കിലും കത്ത് പോലെയുള്ള ഔദ്യോഗിക രചനകളിൽ ഇത്തരം പ്രയോഗങ്ങൾ ഉണ്ടാകാറില്ല. എന്നാൽ തലശ്ശേരിരേഖകളിൽ ഇത്തരത്തിലുള്ള പദപ്രയോഗങ്ങൾ ധാരാളമായി കാണാം. ഇതും രേഖകളുടെ വാമൊഴിയോടുള്ള ബന്ധത്തിന്റെ അടയാളങ്ങൾ തന്നെയാണ്.

ഉദാ എടവം (369), പൊറപ്പെടുകയുംചെയ്തു (659)

ഇതുകൂടാതെ സാധാരണയായി എഴുതുമ്പോൾ 'അ' കാരം ഉപയോഗിക്കുമ്പോൾ പോലും ഉച്ചരിക്കുമ്പോൾ 'എ' കാരം ഉപയോഗിക്കുന്ന രീതിയും മലയാളത്തിലുണ്ട്. രഥം, ജനം, ജനൽ തുടങ്ങിയ പദങ്ങളുടെ ഉച്ചരാണം ശ്രദ്ധിച്ചാൽ ഇത് മനസിലാകും. എന്നാൽ ഇങ്ങനെയുള്ള പദങ്ങളെ 'എ' കാരചിഹ്നം ഉപയോഗിച്ചു തന്നെ രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. മുന്നൂറ്റിഎഴുപതാം നമ്പർ രേഖയിൽ കാണുന്ന 'ജെനംങ്ങൾക്കും' എന്ന പ്രയോഗം ഇതിനുള്ള നല്ല ഉദാഹരണമാണ് .

രേഖയിൽ കാണുന്ന 'എപ്പം'(656) പോലുള്ള പദങ്ങളും വാമൊഴിശൈലിയുടെ ഉദാഹരണം തന്നെ. ഇപ്രകാരം ആധുനിക ഭാഷാപഠനത്തിനുപകരിക്കുന്ന ഒട്ടേറെ വാമൊഴിശൈലികളാലും പ്രയോഗങ്ങളാലും സമ്പന്നമാണ് തലശ്ശേരിരേഖകൾ.

**രേഖകളുടെ ലിപിപരമായ പ്രത്യേകതകൾ**





"മലയാള ലിപിവ്യവസ്ഥ ഇന്ന് കാണുന്നതു പോലെ നിലവാരപ്പെട്ടത് അച്ചടി പ്രചരിച്ചതോടെയാണ്. ബെഞ്ചമിൻ ബെയ്‌ലി, ഹെർമ്മൻ ഗുണ്ടർട്ട്, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള എന്നിവർ ഇക്കാര്യത്തിൽ കാര്യമായ പങ്കു വഹിച്ചവരാണ്".[2] ഇവരുടെ കാലമാകട്ടെ പത്തൊൻപതാം നൂറ്റാണ്ടിലുമാണ്. അതിനുമുമ്പ് എഴുതപ്പെട്ട തലശ്ശേരിരേഖകളിലെ ലിപിവ്യവസ്ഥ ആധുനികമലയാളത്തിൽ നിന്നും ഭിന്നമാവുക സ്വാഭാവികമാണ്. അതിനാൽ തന്നെ വർത്തമാനകാല വായനയിൽ രേഖകൾക്കുള്ളിൽ ലിപിപരമായ അവ്യവസ്ഥകളും ലിപിപരിമിതികളും കണ്ടെത്താനാവും.

മിക്ക പദങ്ങളും ഒന്നിലേറെ രൂപത്തിൽ എഴുതി കാണുന്നു. ഉച്ചരിക്കുന്നതു പോലെ എഴതുവാനുള്ള ശ്രമമായിരിക്കണം ഇവിടെ പ്രവർത്തിക്കുന്നത്. മാനകഭാഷ എന്ന സങ്കല്പം നിലനിൽക്കുന്ന ഇക്കാലത്ത് ലിപിഘടനയിൽ പ്രതിഫലിക്കാത്ത ഉച്ചാരണ വൈവിധ്യങ്ങളാണ് രേഖകളിൽ സ്പഷ്ടമാകുന്നത്. ഭാഷാപ്രയോഗത്തിൽ നിലനിൽക്കുന്ന അവ്യവസ്ഥയായി ഇന്ന് തോന്നാമെങ്കിലും ഈ വൈവിധ്യമാർന്ന പ്രയോഗത്തിലൂടെ അന്നത്തെ ഉച്ചാരണശീലങ്ങളെ കുറിച്ച് മറ്റൊരിടത്തു നിന്നും ലഭിക്കാത്ത ചില അറിവുകൾ നേടാൻ കഴിയും. ഇത്തരത്തിൽ ഒരേപദം തന്നെ പലരീതിയിൽ എഴുതുന്നതിനുള്ള ഒട്ടേറെ ഉദാഹരണങ്ങൾ രേഖകളിൽ നിന്ന് കണ്ടെത്താനാവും.

ഉദാഹരണങ്ങൾ: 1. സുപ്രഡെണ്ടൻ (188), സുമ്പ്രരടെണ്ടൻ (8), സുപരിയെൻന്തെത്ത(6), സുപ്രർഡെണ്ടൻ (501), സുപ്രഡെണ്ടർ (794), സുപ്രഡെണ്ടെൻ (1211).

ഇവിടെ സൂപ്രണ്ട് എന്ന ഇംഗ്ലീഷ് പദത്തിന് തുല്യമായ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. പക്ഷെ അത് പല രേഖകളിലും പല വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

2. കൊപിഞ്ഞി (1209), കുമ്പഞ്ഞി (991), കുബഞ്ഞി (643), കൊമ്പിഞ്ഞി (893), കുമ്പിനി (633), കുബനി (294).

3. കുമ്പമാസം (261), കുംഭമാസം (253), കുബമാസം (245)

4. കാരിയം (159), കാർയം (258),

---

[2] തലശ്ശേരിരേഖകൾ, പുറംXVIII.

5. തലച്ചെരി (1182), തലശ്ശേരി (1183) .

ഇത്തരത്തിൽ നാമപദങ്ങളടക്കം മറ്റു പല പാദങ്ങളും പല ശൈലിയിൽ രേഖപ്പെടുത്തിരുത്തിരിക്കുന്നതായി കാണാം. പ്രായോഗിക ഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തികൊണ്ട് പഠനം നടത്തുവാൻ തക്കവിധം സമ്പന്നമാണ് രേഖകളിലെ പാദങ്ങളും അവയുടെ എഴുത്തുശൈലികളും എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

ഇതുകൂടാതെ ലിപിപരമായ മറ്റനേകം പ്രത്യേകതകളും രേഖകളിൽനിന്നും കണ്ടെടുക്കാനാവും. വ്യഞ്ജനത്തോടൊപ്പം ചേർക്കുന്ന 'എ' കാര 'ഒ' കാരങ്ങളുടെ ദീർഘരൂപങ്ങൾ അക്കാലത്ത് ഭാഷയിൽ ഉണ്ടായിരുന്നില്ല. അവയ്ക്ക് പകരം അവയുടെ ഹ്രസ്വരൂപങ്ങൾ ഉപയോഗിക്കുകയാണ് പതിവ്. രേഖാ ചരിത്രത്തിന്റെ ആദ്യനാളുകൾ മുതൽ ഭാഷയിൽ ഉണ്ടായിരുന്ന ഈ പരിമിതി പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനപാദങ്ങളിലും നിലനിന്നിരുന്നുവെന്ന് തലശ്ശേരിരേഖകൾ സാക്ഷിക്കുന്നു. ഇവയിൽ കാണുന്ന തലച്ചെരി, വെണ്ടുംവണ്ണം, അപെക്ഷിച്ചിരിക്കുന്നു, ശെഷം, വെണം, യിങ്ങൊട്ട, സന്തൊഷത്തിന എന്നിങ്ങനെയുള്ള പദങ്ങൾ എല്ലാം ഇത്തരത്തിൽ ഹ്രസ്വചിഹ്നങ്ങൾ ഉപയോഗിച്ചാണ് രേഖയിൽ കുറിച്ചിട്ടുള്ളത്.

ഒപ്പം ഇന്ന് സംവൃതോകാരത്തെ കുറിക്കാൻ ഉപയോഗിക്കുന്ന ചിഹ്നവും അക്കാലത്ത് ഭാഷയിൽ കാര്യമായി ഉപയോഗിച്ചിരുന്നില്ല.പദാന്ത്യത്തിലുള്ള സംവൃതോകാരചിഹ്നം ഒരിടത്തും ഉപയോഗിച്ച് കാണുന്നില്ല.

ഉദാ: നമുക്ക (93) നമുക്ക്

സന്നിധാനത്തിങ്കലെക്ക (177) സന്നിധാനത്തിങ്കലേക്ക്

എഴുതിയത (180) എഴുതിയത്

കച്ചേരിഇൽനിന്ന (788) കച്ചേരിയിൽനിന്ന്

അവർകൾക്ക (965) അവർകൾക്ക്

എന്നാൽ രണ്ടു വ്യഞ്ജനങ്ങൾ കൂട്ടിച്ചേർത്തെഴുതുന്നിടത്ത് ഇതേ ചിഹ്നം ഉപയോഗിച്ചും കാണുന്നു.





ഉദാ: പീലിസായ്പു (155)

ചെയ്തു (659)

പ്രയത്നം (657)

കല്പിക്കയും (998)

കൃസ്തപ്പർ (167)

**തലശ്ശേരിരേഖകളിലെ ഭാഷാനുരൂപണശ്രമങ്ങൾ**

പരസ്പരമുള്ള കൊടുക്കൽ വാങ്ങലുകൾ വഴിയാണ് ഭാഷകൾ വളരുന്നത്. ഏതൊരു ഭാഷയുടെയും വളർച്ചയിൽ അന്യഭാഷകൾക്ക് കൃത്യമായ പങ്കുണ്ട്. നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഒട്ടനവധി പദങ്ങൾ മറ്റൊരു ഭാഷയിലേതെന്ന് എന്ന് പോലും തോന്നാത്തവിധം മലയാളവുമായി ഇണങ്ങി ചേർന്നിട്ടുണ്ട്. തലശ്ശേരിരേഖകളിലും ഇത്തരം ധാരാളം വാക്കുകൾ ഉപയോഗിക്കുന്നുണ്ട്. ഇംഗ്ലീഷ് കമ്പനിയുദ്യോഗസ്ഥരുമായി നടത്തിയ കത്തിടപാടുകൾ എന്ന നിലയിൽ അവയിൽ അന്യഭാഷാപദങ്ങൾ കടന്നുവരുകയെന്നത് സ്വാഭാവികമാണ്.

“കോളണിഭരണകാലത്തെ ഔദ്യോഗിക കാത്തിടപാടുകളിൽ സ്വാഭാവികമായി കടന്നുവന്ന അന്യഭാഷാപദങ്ങൾ നിരവധിയുണ്ട്. എല്ലാ തരത്തിലുംപ്പെട്ട പദങ്ങളിവിടെ ഉണ്ടാവില്ല. ഭരണത്തിനു വേണ്ട ഇംഗ്ലീഷ് ഭാഷാരൂപങ്ങളാണ് സംക്രമിച്ചു കാണുന്നത്. സംവേദനത്തിനോ പാഠസംസക്തിക്കോ കോട്ടം വരാത്ത വിധത്തിലാണ് ഇവയുടെ വിന്യാസം”[3]. മാത്രമല്ല അവയെ അതേ രൂപത്തിൽ സ്വീകരിക്കാതെ മലയാളഭാഷയുടെ ശൈലിയിലേക്ക് പരിവർത്തിക്കാനുള്ള ശ്രമവും ഇവിടെ കാണാം.

സംസ്കൃതത്തിന്റെയും ഇംഗ്ളീഷിന്റെയും അതിരുകടന്ന സ്വാധീനം നമ്മുടെ പദനിർമ്മാണ ശേഷിയെ തളർത്തി കളഞ്ഞിട്ടുണ്ട്. എന്നാൽ ഉത്തരമലബാറിലെ പാരമ്പര്യമനുസരിച്ച് ശുദ്ധ മലയാളത്തനിമയുള്ള പല സാങ്കേതികപദങ്ങളും തലശ്ശേരി രേഖകളിൽ കണ്ടെത്താൻ കഴിയും. മാത്രമല്ല സംസ്കൃതത്തിൽ

[3]പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ , പുറം 231,232

നിന്നും ഇംഗ്ളീഷിൽ നിന്നും തത്ഭവരൂപത്തിൽ കടം കൊണ്ട വാക്കുകൾക്ക് പലതരം രൂപങ്ങൾ രേഖകളിൽ കണ്ടെത്താൻ കഴിയും. ഇംഗ്ളീഷിലെ പല വാക്കുകളും രൂപഭേദം വരുത്തിയാണ് രേഖകളിൽ ഉപയോഗിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സൂപ്രണ്ട് : സുപ്രർഡെൻ, സുപ്രഡെൻ

ഇംഗ്ളീഷ് : ഇങ്കിരിസ്സ

ഏപ്രിൽ : അപരിൽ

ഒക്ടോബർ : അകടെമ്പ്രർ

കമ്പിനി : കുമ്പഞ്ഞി

പിപ്രവരി : ഫെബ്രുവരി

ഇതുകൂടാതെ പല കമ്പനിയുദ്യോഗസ്ഥരുടെയും പേരുകളും മലയാളീകരിച്ചിരിക്കുന്നതായി കാണാം. ജെമിസ്സ സ്ത്രീവിൻ സായ്പ്, കൃസ്തപ്പർ പീലി സ്സായ്പ്പു തുടങ്ങിയ നാമങ്ങൾ ഉദാഹരണങ്ങളാണ്. കൂടാതെ കുമസ്ഥാവ് ഗുമസ്തൻ തകശ്ശീൽദരാ തഹസിൽദാർ തുടങ്ങിയ വാക്കുകളും ഈ നിലയ്ക്ക് ശ്രദ്ധേയമാണ്. ഇതുപോലെ തന്നെ പ്രയത്നം, ദ്രവ്യം, മര്യാദ തുടങ്ങിയ സംസ്കൃതപദങ്ങൾക്കും അനേകം തത്ഭവരൂപങ്ങൾ രേഖകളിലുണ്ട്.

വിദേശികൾ നമ്മുടെ പല പദങ്ങളെയും -സ്ഥലനാമങ്ങൾ പോലുള്ളവ - അവരുടെ ഭാഷയോട് ചേർത്ത് ഉപയോഗിക്കാൻ ശ്രമിച്ചതുപോലെ തന്നെ പല ഇംഗ്ലീഷ് പദങ്ങളെയും മലയാളത്തോട് ചേർത്തനിർത്തുവാനുള്ള ശ്രമമായി ഇവയെ മനസ്സിലാക്കാൻ കഴിയും. വർത്തമാനകാലത്തിൽ സാമൂഹ്യ മാധ്യമങ്ങൾ ഏറ്റെടുക്കുന്ന ഉത്തരവാദിത്വമാണ് അന്യഭാഷാപദങ്ങളെ തത്ഭവരൂപമാക്കി മാറ്റുക എന്നതെങ്കിൽ, ഇതിനായുള്ള സാമാന്യജനത്തിന്റെ പ്രതിബദ്ധത തലശ്ശേരി രേഖകളിൽ കാണാം.വർത്തമാനകാല വായനയിലും നിരീക്ഷണത്തിലും ഇവ ദുർഗ്രഹമായി തോന്നിയാലും പതിനെട്ടാം നൂറ്റാണ്ടിലെ ഭാഷാനുരൂപണശ്രമം എന്ന നിലയിൽ ഇവ ഏറെ പ്രാധാന്യമർഹിക്കുന്നു.

**ശൈലീഭേദങ്ങൾ രേഖകളി□**

ശൈലീഭേദങ്ങളാണ് രേഖകളുടെ മറ്റൊരു പ്രധാന സവിശേഷത. അച്ചടിയും പൊതുവിദ്യാഭ്യാസവും





രൂപപ്പെടുത്തിയെടുത്ത മാനകാഭാഷാസങ്കല്പം അടിയുറക്കുന്നതിന്മുമ്പ് എഴുതപ്പെട്ട രേഖകൾ മലയാളത്തിന്റെ ശൈലീവൈവിധ്യം പ്രദർശിപ്പിക്കുന്ന കലവറയാണ്. രേഖകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കത്ത്, ഹർജി, കല്പന എന്നിവയുടെ ഭാഷാമാതൃകകൾ താരതമ്യം ചെയ്യുമ്പോൾ ഈ ശൈലീഭേദമാണ് വ്യക്തമാകുന്നത്. നവീന മലയാളത്തിൽ ലുപ്ത പ്രചാരമായിപോയ അനേകം വാക്കുകൾ രേഖകളിൽ മിഴിവോടെ തെളിയുന്നുണ്ട്. കരാർന്നാമം, മീത്തൽ ഇവയെ ഉദാഹരണമായി പരഗണിക്കാം.

ചുരുക്കത്തിൽ സംസ്കൃതത്തിന്റെയും ഇംഗ്ളീഷിന്റെയും സഹായത്തോടെ മലയാളം ശക്തമായി മാറുന്നതിന്റെ സൂചനയാണ് തലശ്ശേരി രേഖകൾ. അന്യ ഭാഷകളുടെ സ്വാധീനം രേഖകളിൽ പ്രകടമാണെങ്കിലും മലയാള ഭാഷയുടെ തനിമ നഷ്ടപ്പെടുന്നില്ല എന്നതാണ് പ്രധാനം.

ഇരുപദങ്ങൾ കൂട്ടിച്ചേർക്കുമ്പോൾ അവയ്ക്കടിയിലെ അനുസ്വാരം നിലനിൽക്കുക, സന്ധിചേരലിൽ സ്വാഭാവികമായും കടന്നുവരേണ്ട പുതിയ വർണങ്ങൾ കാണാതിരിക്കുക തുടങ്ങിയ മറ്റുപല സവിശേഷതകളും രേഖയിൽ കണ്ടെത്താം. അപ്രസാദമായിരിക്കുംന്നു (486), നടക്കുന്നതുംഉണ്ട (439), ദുർജനംങ്ങൾക്ക (370), കച്ചേരിഇൽ (999) തുടങ്ങിയവ ഉദാഹരണങ്ങൾ. പരമ്പരാഗത വ്യാകരണനിയമങ്ങളുമായി ചേർന്നുപോകാത്ത ഇത്തരം ഒരുപാട് പ്രയോഗങ്ങൾ നൂതന ഭാഷാപഠനങ്ങൾക്ക് വഴി തെളിക്കുന്നുണ്ട്.

**ഉപസംഹാരം**

കാലത്തിനൊപ്പം വളർന്ന ഭാഷയുടെ ചരിത്രത്തിൽ തലശ്ശേരിരേഖകളുടെ പങ്കെന്തന്നുള്ള അന്വേഷണമായിരുന്നു പഠനം. “ശാസനങ്ങളിലാരംഭിക്കുന്ന മലയാളഗദ്യത്തിന്റെ പരിണാമം പൂർണ്ണമാകുകയാണ് തലശ്ശേരി രേഖകളിൽ. വാമൊഴിയോടും വരമൊഴിയോടും ഇണങ്ങിനിൽക്കുന്ന തെളിമയും ഓജസ്സും നിറഞ്ഞ ഭാഷാഗദ്യം. മലബാർജനതയുടെ സാമാന്യഭാഷാവ്യവഹാരത്തിലും ഭരണഭാഷാവ്യവഹാരത്തിലും ഉണ്ടായിരുന്ന പ്രയാഗഭേദത്തിന്റെ വഴികൾ വിവരിക്കാൻ തലശ്ശേരി രേഖകളോളം പോന്ന മാതൃകകൾ ഉണ്ടാവില്ല.”[4]ഭാഷാഗദ്യത്തിന്റെ

[4]മലയാളവും ഹെർമൻഗുണ്ടർട്ടും, പുറം 912.

പരിണാമദശയിലെ പ്രധാന വഴിത്തിരിവ് എന്ന നിലയിൽ രേഖൾക്ക് ഏറെ പ്രാധാന്യമുണ്ട്. ആധുനികഭാഷാശാസ്ത്രത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം നടത്തുവാൻ സഹായകമായ ഉപാദാനങ്ങളുടെ കലവറയാണ് രേഖകൾ.

രേഖകളിലെ വാമൊഴിപ്രയോഗങ്ങളും ശൈലീഭേദങ്ങളും അന്യഭാഷാപദങ്ങളുടെ മലയാളീകരിച്ച രൂപങ്ങളും രേഖാപഠനത്തിന്റെ ഒഴുക്കിനെ തടസപ്പെടുത്തുമെങ്കിലും രണ്ടു നൂറ്റാണ്ടുകൾക്കപ്പുറം മലയാള ഗദ്യം എത്ര സമ്പന്നമായിരുന്നുവെന്ന് രേഖകൾ സാക്ഷിക്കുന്നു. ചുരുക്കത്തിൽ പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്തൊൻപതാം ആരംഭത്തിലുമായുള്ള ഉത്തരമലബാറിന്റെ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന തലശ്ശേരിരേഖകൾ അക്കാലത്തെ മലയാള ഭാഷാ-വ്യാകരണപഠനത്തിന് ഉപയുക്തമായ ഉത്തമ സ്രോതസും കൂടിയാണ്.

**സഹായക ഗ്രന്ഥങ്ങൾ**

1. രാജേഷ് കെ. പി ഡോ. ,2014, വടക്കൻമലബാർ സമൂഹവും ചരിത്രവും , സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
2. സ്കറിയ ജോസഫ് ഡോ. (എഡി.), 2017, തലശ്ശേരിരേഖകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
3. സ്കറിയ ജോസഫ് ഡോ. (എഡി.), 1994, പഴശ്ശിരേഖകൾ, കേരളപഠനകേന്ദ്രം, സെന്റ്. ബർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.
4. സ്കറിയ ജോസഫ് ഡോ., 2015, പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
5. സക്കറിയ സ്കറിയാ ഡോ. (എഡി.), 2016, മലയാളവും ഹെർമൻ ഗുണ്ടർട്ടും (വാല്യം - രണ്ട്), തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ.

**അഞ്ജു മാത്യൂസ്**
ഗവേഷക
സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്



*മല യാ ള ഗ ദ്യ ഭാ ഷാ ച രി ത്ര ത്തി....*
*പ്രാചീ ന കൈ രളി*

കോഴിക്കോട്
ഫോൺ: 8157057935

# മിഷ ണ റി മാ രുടെ വിദ്യാ ഭ്യാസപരി ശ്ര മ ങ്ങ ൾ

## ആ ദ്യ കാല നോവ ലു ക ളെ ആധാ ര മാക്കിയുള്ള അന്വേ ഷണം

ഡോ. സെലിൻ എസ്. എ□.

**പ്രബ ന്ധസം ഗ്രഹം**

ഇന്ത്യയിൽ ബ്രിട്ടീഷുകാർ നടപ്പാക്കിയ ഇംഗ്ലീഷ് വിദ്യാഭ്യാസം കീഴാള ജനതയിൽ ദേശീയബോധം ഉണർത്തുന്നതോടൊപ്പം അവരുടെ ആഭ്യന്തര അടിമ ത്തത്തിനെതിരെയുള്ള പ്രതിരോധ ചിന്തയെയും രൂപപ്പെടുത്തുന്നു. ഇന്ത്യൻ നവോത്ഥാന നിർമ്മിതിയിൽ ഈ സാക്ഷരതാശ്രമങ്ങളുടെ കേരളീയ സാഹചര്യ ങ്ങളെ ആദ്യകാല മലയാള നോവലുകളിൽനിന്ന് കണ്ടെത്താൻ ശ്രമിക്കുന്നു.

**താക്കോ□ വാക്കു കൾ**

ഘാതകവധം, സരസ്വതീവിജയം, സുകുമാരി.

ഇന്ത്യയിൽ പത്തൊൻപതാം നൂറ്റാണ്ടോടെ പ്രകട മായിത്തുടങ്ങിയ നവോത്ഥാനം സമൂഹത്തിന്റെ എല്ലാ മേഖലക ളിലും ദൃശ്യമായിരുന്നു. നാടുവാഴി ഭരണത്തിൻ കീഴിൽ നാട്ടുരാജ്യ ങ്ങളായി ചിതറിക്കിടന്ന ജനത തങ്ങളെയെല്ലാം അധിനിവേശപ്പെടു ത്തുന്നത് ഒരേ ശക്തിയാണെന്നും എതിരിടേണ്ടത് ആ ശക്തിയോ ടാണെന്നുമുള്ള തിരിച്ചറിവിലേക്കെത്തുകയും അത് ദേശീയ ബോധം എന്ന പൊതുവികാരത്തിലേക്ക് അവരെ എത്തിക്കുകയും ചെയ്തു.

നാടുവാഴിഭരണ സമ്പ്രദായത്തിൽ - ആഭ്യന്തരാധിനിവേശ കാലത്ത്- കീഴാള ജനത ആദ്യം അകറ്റി നിർത്തപ്പെട്ടത് അക്ഷരങ്ങ ളിൽ നിന്നായിരുന്നു. കൊളോണിയൽ അധിനിവേശമാകട്ടെ, ഈ പ്രശ്നത്തെ മറ്റൊരു രീതിയിലാണ് മുതലെടുത്തത്. ബ്രിട്ടീഷ് ഭരണ





കാലത്ത് കടന്നു വന്ന മിഷണറിമാർ മതപ്രചാരണത്തോടൊപ്പം അരികുവൽക്കരിക്കപ്പെട്ടവരിലേയ്ക്ക് കൂടി വിദ്യാഭ്യാസം എത്തിക്കു ക എന്ന ആശയത്തിന്റെയും പ്രചാരകരായി മാറി. കീഴാളജനതയെ സാക്ഷരരാക്കുന്നതോടൊപ്പം തങ്ങളുടേതായ വിദ്യാഭ്യാസ സമ്പ്രദാ യത്തിലൂടെ അവരെ കൂടുതൽ കീഴടക്കാനുള്ള ശ്രമം കൂടിയായി രുന്നു കൊളോണിയൽ കോയ്മ ലക്ഷ്യമിട്ടത്. എന്നാൽ ആഭ്യന്തരാ ധിനിവേശത്തിൽനിന്നും വിമോചിതമാകാനുള്ള കീഴാളജനതയുടെ ദുർബലശ്രമങ്ങളെ കൊളോണിയൽ കോയ്മ അനുവദിച്ച വിദ്യാ ഭ്യാസ സമ്പ്രദായം പ്രബലമാക്കി എന്നതാണ് യാഥാർത്ഥ്യം.

ഇന്ത്യയിൽ ബ്രിട്ടീഷുകാർ അവതരിപ്പിച്ച ഇംഗ്ലീഷ് വിദ്യാ ഭ്യാസം അത് നടപ്പിലാക്കിയവരുടെ ലക്ഷ്യങ്ങളെ അപ്പാടെ വിഴുങ്ങി യെന്നു മാത്രമല്ല, ഇന്ത്യൻ അധ:സ്ഥിത ജനത അവരുടെ ആഭ്യന്തര -ബാഹ്യ അടിമത്തത്തിനെതിരെയുള്ള വിമോചനോപാധിയായി അതിനെ പരുവപ്പെടുത്തുകയും ചെയ്തു. ചാതുർവർണ്യത്തി ന്റെയും ജാതീയമായ ഉച്ചനീചത്വത്തിന്റെയും അടിമത്തത്തിന്റെയും ദുഷ്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ഒരു വലിയ വിഭാഗം ജന ങ്ങൾ വിദ്യാഭ്യാസത്തിലൂടെ ജീവിതത്തിലും സമൂഹത്തിലും നേടിയ മുന്നേറ്റങ്ങളായിരുന്നു അതിന്റെ അനന്തരഫലം. ഇന്ത്യൻ നവോത്ഥാനത്തെ രൂപപ്പെടുത്തിയെടുത്തതിൽ ഈ സാക്ഷരതാശ്ര മങ്ങൾക്കുള്ള പങ്ക് ചെറുതല്ല. മിഷണറിമാരുടെ വിദ്യാഭ്യാസപരിശ്ര മങ്ങളുടെ കേരളീയസാഹചര്യങ്ങളെ, സാമൂഹിക പ്രതിനിധാനങ്ങ ളായ സാഹിത്യകൃതികളിൽ നിന്ന്-ആദ്യകാല നോവലുകളിൽ നിന്ന് - കണ്ടെത്തുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

### മിഷ ണറി വിദ്യാ ഭ്യാസ പ്രവർത്ത ന ങ്ങൾ - കേര ള ത്തി□

കേവലം ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിൽ മാത്രം ഒതുങ്ങിനിൽക്കുന്നതായിരുന്നില്ല മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ. അച്ചടി, പത്രപ്രവർത്തനം, നിഘണ്ടു നിർമ്മാണം തുടങ്ങിയ മേഖലകളിലും അവർ മുൻകൈയെടുത്തു പ്രവർത്തനം നടത്തി. 1810 മുതൽ 14 വരെ തിരുവിതാംകൂറിലും 1812 മുതൽ 18വരെ കൊച്ചിയിലും ദിവാന്റെ ഉത്തരവാദിത്തം കൂടി വഹിച്ച കേണൽ മൺറോ തിരുവിതാംകൂറിൽ ആംഗ്ലിക്കൻ മിഷണറിമാരുടെ

സഹായത്തോടെ മതപരിവർത്തനത്തിനും വിദ്യാഭ്യാസപ്രചരണ ത്തിനുമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു. എൽ.എം.എസ് (ലൻ മിഷൻ സൊസൈറ്റി) മിഷണറിമാർ തെക്കൻ തിരുവിതാംകൂറിലും സി.എം.എസ് (ചർച്ച് മിഷൻ സൊസൈറ്റി) മിഷണറിമാർ വട ക്കൻതിരുവിതാംകൂറിലും ബാസൽ മിഷൻ പ്രവർത്തകർ മലബാ റിലും നവോത്ഥാനശ്രമങ്ങൾക്കു നേതൃത്വം നൽകി. ഇംഗ്ലീഷ് പഠന ത്തോടൊപ്പം മലയാളം, ചരിത്രം, സയൻസ്, ഭൂമിശാസ്ത്രം എന്നി വയും പ്രധാനപാഠ്യവിഷയങ്ങളായിരുന്നു. വർഷംതോറും വർദ്ധിച്ചു കൊണ്ടിരുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യങ്ങൾക്കായും അധിക വായനയ്ക്കായും മതപരവും അല്ലാത്തതുമായ നിരവധി പുസ്തക ങ്ങൾ മിഷണറിമാർതന്നെ വിവർത്തനം ചെയ്തും സ്വന്തമായി എഴു തിയുണ്ടാക്കിയും ഉപയോഗിച്ചിരുന്നു.

**ആദ്യ കാ ല നോ വ□ പരി ശ്ര മ ങ്ങൾ**

കോളനിവൽക്കരണവും മതപ്രചാരണവും സൃഷ്ടിച്ച ആശ യസമ്പർക്കത്തിൽ നിന്നാണ് ഇന്ത്യൻ സാഹിത്യത്തിൽ നോവൽ ആരംഭിക്കുന്നത്. സമൂഹത്തിൽ താഴേക്കിടയിലുള്ളവരുമായി കൂടു തൽ ഇടപഴകേണ്ടി വന്ന മിഷണറിമാർ വാമൊഴിയോട് അടുപ്പ മുള്ള ഗദ്യശൈലിയ്ക്ക് രൂപം നൽകി. അതിന്റെ ആദ്യമാതൃകകൾ രാജ്യസമാചാരത്തിലും പശ്ചിമോദയത്തിലും ജ്ഞാനനിക്ഷേപ ത്തിലും വിദ്യാസംഗ്രഹത്തിലും കണ്ടെത്താം. ആദ്യകാലമലയാള നോവലുകളും ഈ ഗദ്യശൈലിയായിരുന്നു പിന്തുടർന്നിരുന്നത്. സമകാല-ഭൂതകാല ജീവിത ചിത്രങ്ങൾ പ്രമേയമായി സ്വീകരിച്ച ആ നോവലുകൾ അന്നത്തെ കേരളത്തിന്റെ ഒരു നേർക്കാഴ്ച കൂടി യാകുന്നുമുണ്ട്. തിരുവിതാംകൂറിലെയും മലബാറിലെയും മിഷണറി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഘാതകവധം, സരസ്വതീവിജയം, സുകുമാരി എന്നീ നോവലുകളിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങ നെയെന്നാണ് തുടർന്നു വിവരിക്കുന്നത്.

**ഘാത ക വധം**

കേരളീയ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ആദ്യത്തെ നോവ ലാണ് ഘാതകവധം (1877). കേരളത്തിൽ മിഷനറി പ്രവർത്തനം നടത്തിയിരുന്ന ഇംഗ്ലീഷ് വനിതയായ ഫ്രാൻസെസ് റൈറ്റ് കോളിൻസ് 1859-ൽ എഴുതാനാരംഭിച്ച ഈ നോവൽ 1862-ൽ അവ





രുടെ മരണത്തെ തുടർന്ന് ഭർത്താവായ റിച്ചാർഡ് കോളിൻസ് എഴുതി പൂർത്തിയാക്കി 1877-ൽ അതിന്റെ മലയാള പരിഭാഷ 'വിദ്യാ സംഗ്രഹം' മാസികയിൽ പ്രസിദ്ധീകരിച്ചു. കേരളീയജീവിതത്തിലെ ജാതിവ്യവസ്ഥ, അടിമത്തം എന്നിവ നേരിട്ട് മനസ്സിലാക്കിയ നോവ ലിസ്റ്റ് സുറിയാനിക്രിസ്ത്യാനികൾ ക്രിസ്തുമതം സ്വീകരിച്ച പുലയ രോട് കണിക്കുന്ന ക്രൂരതകളാണ് മുഖ്യപ്രമേയമായി സ്വീകരിച്ചിരി ക്കുന്നത്.

സുറിയാനി വിശ്വാസിയായിരുന്ന കോശി കുര്യൻ തന്റെ കീഴിൽ പണിയെടുത്തിരുന്ന, ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത, പുലയരെ ഞായറാഴ്ച പണിയെടുക്കാൻ വിസമ്മതിച്ചതിന് കഠിനമായി ശിക്ഷിക്കുന്നു. ഇതിനിടയിൽ പുലയനായ പൗലോ സിന്റെ കുട്ടി അവിചാരിതമായി കോശി കുര്യന്റെ അടിയേറ്റ് മരിക്കു ന്നു. തന്റെ യജമാനന്റെ മനസ്സ് മാറുന്നതുവരെ പണിക്കു വരി ല്ലെന്നു പറഞ്ഞ് പോകുന്ന പൗലോസ് പുഴയിൽ വീണു മരിക്കാൻ തുടങ്ങുന്ന കോശി കുര്യന്റെ മകളെ രക്ഷിക്കുന്നു, അതോടെ കോശി കുര്യന്റെ ഹൃദയം അലിയുകയാണ്. താൻ ചെയ്ത തെറ്റു കൾ തിരിച്ചറിഞ്ഞ അയാൾ പശ്ചാത്തപിക്കുകയും അയാളിലെ ഘാതകൻ വധിക്കപ്പെടുകയും ചെയ്യുന്നു. തുടർന്ന് പൗലോസിനെ അന്വേഷിച്ചു കണ്ടെത്തുന്ന അയാൾ പ്രൊട്ടസ്റ്റന്റ് സഭയിലേക്ക് മാറു കയും മകളെ ഒരു പ്രൊട്ടസ്റ്റന്റ് ഉപദേശിക്ക് വിവാഹം ചെയ്തു കൊടുക്കുകയും ചെയ്യുന്നു. കോശി കുര്യന്റെ മകളുടെ വിവാഹ ത്തിൽ പൗലോസും പ്രൊട്ടസ്റ്റന്റ് സഭയിൽ ചേരാൻ പോകുന്ന ബ്രാഹ്മണനും പങ്കെടുത്തു തുല്യരായി പെരുമാറുകയും ക്രിസ്തു വിൽ ഒന്നാവുകയും ചെയ്യുന്നതോടെ നോവൽ അവസാനിക്കുന്നു.

1859-ൽ മധ്യതിരുവിതാംകൂറിൽ നടന്ന രീതിയിൽ അവതരി പ്പിക്കുന്ന ഘാതകവധം നൂറ്റമ്പത് വർഷം മുൻപ് കേരളത്തിലുണ്ടാ യിരുന്ന സാമൂഹികജീവിതാവസ്ഥ മനസ്സിലാക്കാൻ പര്യാപ്തമായ കൃതിയാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടെ തിരുവിതാംകൂറിൽ എൽ.എം.എസ്, സി.എം.എസ് മിഷണറിമാരുടെ പ്രവർത്തനഫലമായി സ്കൂളുകൾ സ്ഥാപിതമായി. സ്ത്രീകൾക്ക് അവർ നൽകിയ വിദ്യാഭ്യാസമാണ് അവരുടെ സാമൂഹികപരി ഷ്കാര പ്രവർത്തനങ്ങളിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത്.

ഘാതകവധത്തിലെ നായികയായ മറിയത്തെ മിഷനറി സ്കൂളിൽ പഠിച്ച് വിദ്യാഭ്യാസം നേടി സമൂഹത്തിൽ നിലനിന്നിരുന്ന പല അനീതികൾക്കുമെതിരെ ശക്തമായി പ്രതികരിക്കുന്ന പെൺകുട്ടിയായാണ് നോവലിസ്റ്റ് അവതരിപ്പിക്കുന്നത്. ''ഇങ്ങനെയുള്ള പെൺകുട്ടികൾ തിരുവിതാംകോട്ടെ ഭവനങ്ങളിൽ ക്രിസ്തുസ്നേഹവും നവീകരണ വിശ്വാസവും പരത്തുന്നതും ഉത്തമശീലങ്ങൾ പുലർത്തുന്നതും എങ്ങനെയായിരിക്കണം എന്നതിന് ഒരു മാതൃക വരയ്ക്കുകയാണ് ഈ ആദർശ കഥാപാത്രത്തിലൂടെ ചെയ്തിരിക്കുന്നതെന്ന്'' മുഖവുരയിൽ റിച്ചാർഡ് കോളിൻസ് പ്രസ്താവിക്കുന്നുണ്ട്.[1] വിദ്യാസമ്പന്നരായ പെൺകുട്ടികളിൽ കണ്ടിരുന്ന സ്വതന്ത്ര ചിന്ത മറിയത്തിൽ കാണാം. സ്വന്തം ആഗ്രഹങ്ങളും താല്പര്യങ്ങളും മറ്റുള്ളവർക്കുവേണ്ടി ബലികഴിക്കാനോ അന്യരുടെ താല്പര്യങ്ങൾക്കനുസരിച്ചു പ്രവർത്തിക്കാനോ അവൾ ഒരിക്കലും തയ്യാറായിരുന്നില്ല. തന്റെ പിതാവിന്റെ ക്രൂരമർദ്ദനമേൽക്കേണ്ടിവന്ന പൗലോസിന്റെ വീട്ടിലേക്ക് കടന്നു ചെന്ന് അവന് മരുന്നുകൊടുക്കാനും അവന്റെ കുട്ടികൾക്ക് ക്രിസ്തുവിന്റെ കഥ പറഞ്ഞുകൊടുത്ത് നവീകരണവിശ്വാസങ്ങൾ അവരെ പഠിപ്പിക്കുവാനും അവൾ തുനിയുന്നുണ്ട്. തന്റെ വീട്ടിൽ നടക്കുന്ന അനിഷ്ടകരമായ പലതിനെയും എതിർക്കുന്ന മറിയം വിവാഹത്തെക്കുറിച്ച് തനിക്കുള്ള കാഴ്ചപ്പാടുകൾ തുറന്നുപറഞ്ഞ് തനിക്കിഷ്ടപ്പെട്ട വിവാഹം നടത്താൻവരെ ധൈര്യം കാട്ടുന്നു. തന്റെ തീരുമാനങ്ങളിൽനിന്ന് വ്യതിചലിക്കാത്ത, ദൃഢനിശ്ചയക്കാരിയായ മറിയത്തിന് അതിനുള്ള ധൈര്യവും പ്രചോദനവും ഉണ്ടാകുന്നത് അവൾക്കു ലഭിച്ച വിദ്യാഭ്യാസത്തിൽ നിന്നാണെന്ന് നിസ്സംശയം പറയാം.

വിദ്യാഭ്യാസം നേടിയ സാധാരണക്കാരനായ ആൾക്കാരിൽ വായനാശീലം വളർത്തിയെടുക്കാനും മിഷനറിമാർ ശ്രദ്ധിച്ചിരുന്നു. തങ്ങളോടൊപ്പം കൂടിയ അധഃകൃതരെ അവർ എഴുത്തും വായനയും പഠിപ്പിക്കുകയും അവർ പുസ്തകവായന ജീവിതത്തിന്റെ ഒരു ഭാഗമായി മാറ്റുകയും ചെയ്തു. തന്റെ കൂലിയിൽ പകുതി ഒരാൾക്കു കൊടുത്ത് അയാളിൽനിന്ന് വിദ്യ അഭ്യസിക്കുവാൻ പൗലോസ് തയ്യാറാകുന്നത് ഉദാഹരണം. വേദപുസ്തകപാരായണമില്ലാത്ത ഒരു ജീവിതത്തെപ്പറ്റി ചിന്തിക്കാൻപോലും മറിയത്തിനു സാധിക്കുമായിരുന്നില്ല. ഇങ്ങനെ മറിയത്തിന്റെയും പൗലോസി





ന്റെയും ജീവിത ചിത്രീകരണത്തിലൂടെ ആ കാലഘട്ടത്തിലെ സ്ത്രീവിദ്യാഭ്യാസത്തിന്റെയും അധഃസ്ഥിത വിദ്യാഭ്യാസത്തിന്റെയും ഏകദേശ രൂപം വ്യക്തമാക്കുന്നുണ്ട്.

**സര സ്വതീവിജയം**

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരവും മിഷനറിമാരുടെ പ്രവർത്തനങ്ങളും വ്യക്തികളിൽ നവോത്ഥാനാശയങ്ങൾ രൂപപ്പെടാൻ അനുകൂലസാഹചര്യമൊരുക്കി. തന്റെ നവോത്ഥാനചിന്തകൾ നോവലിലൂടെ അവതരിപ്പിക്കാൻ ശ്രമിച്ച പോത്തേരി കുഞ്ഞമ്പു 1892-ൽ എഴുതിയ *സര സ്വ തീ വി ജയം* പേരു സൂചിപ്പിക്കുന്നതുപോലെ വിദ്യയുടെ മഹത്വമാണ് പ്രമേയമാക്കുന്നത്. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന് മുഖവുരയിൽ സൂചിപ്പിക്കുന്ന നോവലിസ്റ്റ് നമ്പൂതിരിമാരുടെയും മറ്റു സവർണ്ണ ജാതിക്കാരുടെയും പീഡനത്തിരയാകുന്ന മലബാറിലെ പുലയസമുദായക്കാർ ക്രിസ്തുമതസ്വീകാരവും വിദ്യാഭ്യാസവും വഴി പുരോഗതി നേടുന്നതാണ് ഈ നോവലിൽ വിവരിക്കുന്നത്. ''കാൽ കണ്ണു കഴുകേണമെന്നു വെച്ച് ഉയർന്ന ജാതികളാൽ നടപ്പുദീനമോ വിഷമോ ഉള്ള ജീവികളെ എന്ന പോലെ ബഹുകാലമായി ദൂരേ അകറ്റപ്പെട്ട അഗതികളായ പറയരുടെ ഇടയിൽ വിദ്യാഭ്യാസം ഉളവാക്കേണ്ടുന്നത് അത്യാവശ്യമാണെന്നും വിദ്യാഭ്യാസം കൊണ്ട് അവരുടെ സ്ഥിതി വളരെ പരിഷ്കരിച്ചുവരുമെന്നും മദിരാശിയിലെ ചില ഇംഗ്ലീഷ് വർത്തമാനപത്രങ്ങൾ ഘോഷമായെഴുതിയ ചില ലേഖനങ്ങൾ ഈ കഴിഞ്ഞ മെയ്മാസത്തിൽ വായിച്ചപ്പോൾ മദിരാശിയിലും മറ്റുമുള്ള പറയരെക്കാൾ കഷ്ടതയിൽ ഇരിക്കുന്ന മലയാളത്തിലെ പുലയരുടെ സങ്കടാവസ്ഥ ഓർത്ത് ഈ പുസ്തകം എഴുതാൻ ഇടവന്നതാണ്''[2] എന്ന് മുഖവുരയിൽ അദ്ദേഹം ഇക്കാര്യത്തിന് വ്യക്തത വരുത്തുന്നുമുണ്ട്.

ജന്മിയായ കുബേരൻ നമ്പൂതിരിയുടെ ആശ്രിതനാണ് പുലയനായ മരത്തൻ. ഒരു ദിവസം പാട്ടുപാടിയ കുറ്റത്തിന് ജന്മിയുടെ കാര്യസ്ഥൻ മരത്തനെ ചവിട്ടി ബോധം കെടുത്തുന്നു. ബോധം വീണ മരത്തൻ നാടുവിട്ടുപോയി ക്രിസ്തുമതം സ്വീകരിക്കുന്നു. കുബേരൻ നമ്പൂതിരി മരത്തനെ കൊന്നതാണെന്ന വാർത്ത നാട്ടിൽ പരന്നതോടെ പോലീസ് അന്വേഷണം തുടങ്ങുന്നു. നമ്പൂതിരി ഒളി

ച്ചോടുകയും കാര്യസ്ഥൻ ജയിലിലാവുകയും ചെയ്ത സമയത്ത് നമ്പൂതിരിയുടെ ശത്രുക്കൾ അദ്ദേഹത്തിന്റെ മകൾ സുഭദ്രയെ സ്മാർത്തവിചാരം നടത്തി ഭ്രഷ്ട് കല്പിച്ച് സമുദായത്തിന് പുറത്താക്കുന്നു. അവരെ കണ്ണൂരുള്ള ജർമ്മൻ പാതിരി കൂട്ടിക്കൊണ്ടു പോയി ക്രിസ്തുമതത്തിൽ ചേർത്ത് വിദ്യാഭ്യാസം നൽകുന്നു. ക്രിസ്തുമതം സ്വീകരിച്ച മരത്തനും വിദ്യാഭ്യാസം നേടി യേശുദാസൻ എന്ന് പേര് മാറ്റി തലശ്ശേരിയിൽ ജഡ്ജിയായി നിയമിതനാകുന്നു. ഒളിവിൽ കഴിഞ്ഞ കുബേരൻ നമ്പൂതിരിയെ പൊലീസ് പിടിച്ച് ജഡ്ജിയുടെ മുൻപിൽ വിചാരണയ്ക്കായി കൊണ്ടുചെല്ലുന്നു. താൻ കൊല്ലപ്പെട്ടു എന്ന തെറ്റിദ്ധാരണയുടെ പേരിലുള്ള കേസാണ് നമ്പൂതിരിയുടെ മേലുള്ളത് എന്ന് മനസ്സിലാക്കിയ ജഡ്ജി അദ്ദേഹത്തെ മോചിപ്പിക്കുന്നു. നമ്പൂതിരിയുടെ മകളുടെ മകളാണ് ജഡ്ജിയുടെ ഭാര്യ എന്ന് അവർ തിരിച്ചറിയുന്നു. നമ്പൂതിരിയുടെ മകളുടെ ഭർത്താവായ യജ്ഞൻ നമ്പൂതിരിയും അവിടെയെത്തി ക്രിസ്തുമതം സ്വീകരിക്കുന്നു. ഇതാണ് നോവലിന്റെ പ്രമേയം.

പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ നിലനിന്നിരുന്ന ജാതീയമായ വേർതിരിവുകളുടെ വിവരണങ്ങൾ സരസ്വതീവിജയത്തിൽ കാണാം. ചെറുമ്മന്മാർ എഴുത്തുപഠിച്ച് പാട്ടുപാടാൻ തുടങ്ങിയാൽ നാട്ടിൽ മഴ പെയ്യില്ല, ദാരിദ്ര്യം വർദ്ധിക്കും തുടങ്ങിയ വിശ്വാസങ്ങൾ അന്നത്തെ സമൂഹത്തിൽ നിലനിന്നിരുന്നു. ചാതുർവർണ്യവ്യവസ്ഥിതിയിലെ നാലാമത്തെ വിഭാഗക്കാരായ ശൂദ്രരെ ബ്രാഹ്മണരുടെ ദാസരായി കണ്ടിരുന്നവർ അതിനു താഴെക്കിടയിലുള്ളവരെ മനുഷ്യരായിപ്പോലും പരിഗണിക്കാനിടയില്ല. ശൂദ്രർ ബ്രാഹ്മണനു ദാസനായി ജീവിക്കേണ്ടതിനാൽ അവന് വിദ്യാഭ്യാസത്തിന്റെ ആവശ്യമില്ല. ശൂദ്രന് അക്ഷരജ്ഞാനം പാടില്ലെന്ന് സ്മൃതിയിൽ വിധിച്ചിട്ടുമുണ്ട്. മുജ്ജന്മത്തിൽ ബ്രാഹ്മണനിന്ദ തുടങ്ങിയ പാപങ്ങൾ ചെയ്തവരാണ് ഹീനജാതിയിൽ ജനിക്കുന്നത് എന്നതിനാൽ അവർക്ക് വിദ്യാഭ്യാസം നൽകുന്നത് ദൈവേഷ്ടത്തിന് വിരുദ്ധമായ പ്രവൃത്തിയാണെന്നു മാത്രമല്ല, പാപാമായിക്കൂടി അതിനെ കരുതിപ്പോന്നിരുന്ന സമൂഹവുമായിരുന്നു അന്നത്തേത്.





മലബാറിൽ ബാസൽ മിഷന്മാർ രൂപീകരിച്ചെടുത്ത ക്രിസ്തീയസമൂഹം ജാതിഭേദത്തിന് അതീതരായിരുന്നു. പാതിരി വേദക്കാർ എന്നു കൂടി വിശേഷിപ്പിക്കപ്പെട്ടിരുന്ന അവർക്കിടയിൽ എമ്പ്രാന്തിരിയെന്നോ, ശൂദ്രനെന്നോ, ആശാരിയെന്നോ, പുലയനെന്നോ, തീയ്യനെന്നോ വ്യത്യാസമില്ലായിരുന്നു. സ്ത്രീപുരുഷഭേദമന്യേ അവർ എഴുതാനും വായിക്കാനും പഠിച്ചിരുന്നു. ഇംഗ്ലീഷ്വിദ്യാഭ്യാസം ലഭിച്ച ഇവർ നല്ല വാഗ്മികളും വിദ്വാന്മാരും ആയിരുന്നു.

നോവലിലെ കഥാപാത്രമായ മരത്തനും വിദ്യാഭ്യാസം നേടിയത് ബാസൽ മിഷനിൽ ചേർന്നിട്ടായിരുന്നു. വെള്ളക്കാരൻ സായ്വിന്റെ തോട്ടത്തിൽ പണിയെടുത്തിരുന്ന അവനെ എഴുത്തും പാട്ടും പഠിപ്പിച്ചത് സായ്വാണെന്ന് മരത്തന്റെ അമ്മ നമ്പൂതിരിയോട് പറയുന്നുണ്ട്. ''അവിടെ ചെർമ്മക്കൾക്ക് ഒരു എഴുത്തുപള്ളിയുണ്ട്. സായ്വിന്റെ വേദക്കാരാണ് പഠിപ്പിക്കുന്നത്''[3] എന്ന അവരുടെ വാക്കുകൾ മിഷണറിമാരുടെ വിദ്യാഭ്യാസ പരിശ്രമങ്ങളെയാണ് വ്യക്തമാക്കുന്നത്. മരത്തൻ വിദ്യ അഭ്യസിച്ചു എന്ന കുറ്റം ആരോപിച്ച് കുടുംബാംഗങ്ങളെ അവരുടെ കുടിയിൽനിന്നും പുറത്താക്കിയതിനു പുറമേ നാടുകടത്തുകയും ചെയ്യുന്നുണ്ട്. തന്റെ മാത്രമല്ല, അയൽജന്മികളുടെ നിലങ്ങളിൽക്കൂടി കൃഷി ചെയ്യാനുള്ള അനുവാദം അവർക്ക് നിഷേധിക്കപ്പെടുന്നുമുണ്ട്.

ഇങ്ങനെയുള്ള നിരവധി പ്രതികൂലസാഹചര്യങ്ങളിൽക്കൂടി കടന്നുപോയ മലബാറിലെ ജനങ്ങൾ ബാസൽമിഷന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരാകുകയും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തത് ഈ അവസരത്തിലായിരിക്കണം. മതം മാറി വന്നവരെ പഠിപ്പിക്കാനും ഗവൺമെന്റ് ഉദ്യോഗങ്ങളിൽ നിയമിക്കാനും മിഷണറിമാർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു എന്നതിന് ഉദാഹരണമാണ് മരത്തന്റെ ജീവിതം. ഭ്രഷ്ട് കല്പിക്കപ്പെട്ട് സമുദായത്തിൽ നിന്ന് പുറത്താക്കപ്പെട്ട സരസ്വതിയുടെ കുടുംബവും ബാസൽമിഷന്റെ സഹായത്താലാണ് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നത്. മലബാറിലെ താണവർഗ്ഗക്കാരെ പോലെതന്നെ ദുരിതമനുഭവിക്കുന്ന ഉയർന്ന വർഗ്ഗക്കാരെയും വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാക്കാൻ

ബാസൽമിഷൻകാർക്ക് സാധിച്ചു എന്നതിന് തെളിവായി സരസ്വതീവിജയത്തെ കണക്കാക്കാം.

**സുകു മാരി**

ഉത്തരകേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതും വിദ്യാഭ്യാസം സാർവത്രികമാക്കിയതും ബാസൽമിഷൻ സൊസൈറ്റിയായിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിലെ അവസാനനോവലായ സുകുമാരി 1840 മുതൽ വടക്കേ മലബാറിൽ നടന്നുവന്ന ബാസൽ മിഷൻ പ്രവർത്തനങ്ങളെ ചിത്രീകരിക്കുന്ന നോവലാണ്. 1897–ൽ രചിച്ച ഈ നോവലിന്റെ രചയിതാവായ ജോസഫ് മൂളിയലിന്റെ പിതാവ് തീയ്യസമുദായത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത വ്യക്തിയായിരുന്നു. മതപരിവർത്തനം ചെയ്ത ഒരു അന്തർജ്ജനത്തെയാണ് ജോസഫ് മൂളിയൽ വിവാഹം ചെയ്തത്. മതപരിവർത്തനത്തിനു മുൻപും പിൻപുമുള്ള ജീവിതാവസ്ഥകളുടെ നേർവിവരണം നോവലിൽ പലയിടത്തും കണ്ടെത്താം. ''ഇപ്പോഴത്തെ ക്രിസ്ത്യാനികളുടെ പ്രപിതാക്കന്മാരുടെ കാലത്തിൽ ഈ സമുദായത്തിന്റെ സ്ഥിതിയെന്തായിരുന്നു എന്നു വിവരിക്കുന്ന ഒരു ചരിത്രമെഴുതിയാൽ അത് ഇപ്പോഴുള്ളവർക്കും വരുവാനുള്ള കരുന്തല(സന്തതി)കൾക്കും പ്രയോജനമായിരിക്കും എന്നു കരുതി ഈ കഥ എഴുതിയുണ്ടാക്കിയതാകുന്നു''[4] എന്ന് മുഖവുരയിൽ തന്റെ നോവൽ രചനാ ലക്ഷ്യത്തെപ്പറ്റി നോവലിസ്റ്റ് വിവരിക്കുന്നുണ്ട്.

ഒരു തിയ്യക്കുടുംബത്തിലെ അംഗമായ രാമൻ കണ്ണൂരിൽ ബാസൽമിഷൻ സ്ഥാപകനായ സായിപ്പുമായുള്ള പരിചയത്താൽ ക്രിസ്തുമതം സ്വീകരിക്കുന്നു. അമ്മയ്ക്ക് അത് ഇഷ്ടമില്ലാതിരുന്നതിനാൽ അയാൾ ഭാര്യയുടെ മരണശേഷം നാടുവിടുന്നു. രാമന്റെ സഹോദരിയുടെ അന്ത്യാഭിലാഷമനുസരിച്ച് പിന്നീട് അയാളുടെ അമ്മയും മകളും (സുകുമാരി) ക്രിസ്തുമതം സ്വീകരിക്കുന്നു. രാമന്റെ അമ്മയും മരിച്ചപ്പോൾ അനാഥയായ സുകുമാരി ബാസൽമിഷന്റെ വക ചിറയ്ക്കൽ അനാഥാലയത്തിൽ ചേർന്നു പഠിക്കുന്നു. സുകുമാരിയുടെ ബാല്യകാലസുഹൃത്തായ സത്യദാസന്റെ അമ്മ തന്നെ സഹായിച്ചിരുന്ന സുകുമാരിയെ അയാൾ ഒരിക്കലും മറക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. സുകുമാരിയുടെ സംരക്ഷ





ണം ബാസൽമിഷൻകാരായ കരുണയും പിതാവ് ദിനകരനും ഏറ്റെടുക്കുന്നു. സത്യദാസൻ അയാളുടെ മുതലാളിയുടെ മകളുമായി സ്നേഹത്തിലാണെന്നു സുകുമാരിയും സുകുമാരി മറ്റൊരാളെ വിവാഹം കഴിക്കാൻ തീരുമാനിച്ചിരിക്കുകയാണെന്ന് സത്യദാസനും തെറ്റിദ്ധരിക്കുന്നു. കരുണയ്ക്കും സുകുമാരിയ്ക്കും പലപ്പോഴും സഹായങ്ങൾ ചെയ്തിരുന്ന സേഡ്ഹാർട്ടിനെ സുകുമാരിയുടെ പ്രതിശുതവരനായി കണ്ട സത്യദാസൻ പിന്നീട് അത് ക്രിസ്തുമതത്തിൽ ചേർന്ന അവളുടെ പിതാവു തന്നെയാണെന്ന് മനസ്സിലാക്കുന്നു. ഒരു കാലത്ത് ബൽഗാമിൽവെച്ച് കരുണയുടെ സ്നേഹിതനായിരുന്ന അയാൾ പിന്നീട് പല നാടുകളിൽ ജോലിചെയ്ത് ധനവാനായി തിരിച്ചെത്തിയതാണ്. തെറ്റിദ്ധാരണകളെല്ലാം മാറിയതിനു ശേഷം സത്യദാസൻ സുകുമാരിയെയും സേഡ്ഹാർട്ട് കരുണയെയും വിവാഹം കഴിക്കുന്നു.

ജർമ്മൻ മിഷണറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെപ്പറ്റി ഒരു ലഘുവിവരണം നോവലിൽനിന്ന് ലഭിക്കുന്നത് ഇങ്ങനെ സംഗ്രഹിക്കാം: ജർമ്മൻ മിഷൻ പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെല്ലാം 'സഭാസ്കൂൾ' എന്ന പേരിലുള്ള പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. സർക്കാർ വക എഴുത്തുപള്ളികൾ സ്ഥാപിതമാകുന്നതിനു മുൻപു തന്നെ സ്ഥാപിച്ച സഭാസ്കൂളുകളിൽ ക്രിസ്ത്യാനികളുടെ കുട്ടികൾ ചേർന്ന് എഴുത്തും വായനയും കണക്കും മതസംബന്ധമായ കാര്യങ്ങളും പഠിച്ചിരുന്നു. അനാഥബാലികമാർക്കായി ഒരു പാഠശാല ചിറക്കല്ലിലും ബാലന്മാർക്ക് തലശ്ശേരിയിലും ഉണ്ടായിരുന്നു. കണ്ണൂരിലെ വർണ്ണശ്ശേരിയിലുണ്ടായിരുന്ന സഭാപാഠശാലയിൽ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടെ അൻപതോളംപേർ പഠിച്ചിരുന്നു. പഠിപ്പിക്കാൻ ഒരു ഗുരുക്കളും ഒരു ആശാത്തിയും ഉണ്ടായിരുന്നു.

ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിലൂടെ പലവിധ മാറ്റങ്ങൾ സമൂഹത്തിലുണ്ടായി എന്ന് നോവലിൽ നിന്നു വ്യക്തമാകുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ പഠിച്ച് ചട്ടക്കാരുടെ വേഷവും ധരിച്ച് നടന്നാൽ വേഗം പണിയും ശമ്പളവം കിട്ടും എന്നായിരുന്നു പൊതുവെയുള്ള ധാരണ. അതിനുവേണ്ടി നാട്ടുകാർ സ്വന്തം പേരുപോലും മാറ്റാൻ തയ്യാറായിരുന്നു. ദേവദാസൻ എന്നത് മാറ്റി D. Watson എന്നാക്കു

ന്നത് ഉദാഹരണം. ഇംഗ്ലീഷ് ഭാഷ സർക്കാർ നാട്ടിൽ പ്രചരിപ്പിക്കുന്നത് നല്ല കാര്യമാണെങ്കിലും നാട്ടുകാർ അതോടുകൂടി സ്വന്തം ഭാഷയെ വഷളാക്കുന്നതായും ബാല്യക്കാർ വിലാത്തി വേഷക്കാരായി മാറുന്നതായും സത്യദാസൻ അഭിപ്രായപ്പെടുന്നുണ്ട്. പാതി ഇംഗ്ലീഷും പാതി മലയാളവും കൂട്ടിക്കലർത്തി അവർ ഒരു മണിപ്രവാളഭാഷ സൃഷ്ടിക്കുന്നെന്നു അയാൾ പറയുമ്പോൾ മാതൃഭാഷയോടുള്ള സ്നേഹവും അത് സംരക്ഷിക്കുവാനുള്ള വ്യഗ്രതയും വ്യക്തമാകുന്നുണ്ട്. ഇംഗ്ലീഷ് ഭാഷ പഠിച്ചാലുടൻ ഇംഗ്ലീഷുകാരുടെ ഭക്ഷണവും വേഷവും അനുകരിച്ച് ഇംഗ്ലീഷ് നാഗരികത്വം പിന്തുടരാൻ ജനങ്ങൾ ശ്രമിക്കുന്നു. അതോടെ ഇംഗ്ലീഷിൽ പറയുക, ഇംഗ്ലീഷിൽ ചിരിക്കുക, ഇംഗ്ലീഷിൽ തിന്നുക, ഇംഗ്ലീഷിൽ ഉടുക്കുക, ഇംഗ്ലീഷിൽ നടക്കുക എന്നിങ്ങനെയുള്ള പുതിയ സമ്പ്രദായങ്ങൾ നാട്ടിൽ നടപ്പാകാനിടയുണ്ടെന്നുമുള്ള സത്യദാസന്റെ വാക്കുകളിൽ ഇംഗ്ലീഷ് പഠനം സ്വീകരിക്കുന്നതോടൊപ്പം നമ്മുടെ നാട്ടിലെ ജീവിതരീതികൾ സംരക്ഷിക്കേണമെന്നുള്ള ആഗ്രഹമാണ് തെളിഞ്ഞുകാണുന്നത്.

സർക്കാർ പാഠശാലകളിലും സഭാസ്കൂളുകളിലും ഉള്ള സ്ത്രീ വിദ്യാഭ്യാസത്തിന്റെ വ്യത്യാസവും സത്യദാസൻ പറയുന്നുണ്ട്. പെൺകുട്ടികൾക്കായി സർക്കാർ തുടങ്ങുന്ന പാഠശാലയിൽ മതസംബന്ധമായ പാഠങ്ങൾ ഒന്നും ഉണ്ടായിരിക്കുകയില്ല. എന്നാൽ ഈ ലോകത്തിൽ സ്ത്രീകൾക്കുള്ള പ്രധാന പ്രവൃത്തികൾ ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കാൻ പര്യാപ്തമായ രീതിയിലുള്ള പഠനമാണ് സഭാ സ്കൂളുകളിൽനിന്നു ലഭിക്കുന്നത്. ഒരു ഭാര്യയുടെയും ഒരു അമ്മയുടെയും മുറ നിവർത്തിക്കാൻ സർക്കാർ സ്കൂളിൽ പഠിക്കുന്ന പെൺകുട്ടികൾക്കു സാധിക്കില്ല. മതവിചാരമുള്ള നല്ല അമ്മയെയും ഭാര്യയെയും സൃഷ്ടിക്കാൻ സഭാസ്കൂളിലെ പഠനം സഹായിക്കുമ്പോൾ സ്വതന്ത്രചിന്താഗതിയുള്ള സ്ത്രീകളെ സൃഷ്ടിക്കാൻ സർക്കാർവിദ്യാഭ്യാസം സഹായകമാകുന്നു.

**ഉപ സം ഹാരം**

ഇന്ത്യയുടെ മറ്റുഭാഗങ്ങളിലെപ്പോലെ കേരളത്തിലും ബ്രിട്ടീഷുകാരുടെ കടന്നുവരവും മിഷണറിമാരുടെ പരിശ്രമങ്ങളും സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ രംഗങ്ങളിൽ വലിയമാറ്റത്തിന്





കാരണമായി. പത്തൊൻപതാംനൂറ്റാിലെ മിഷണറിവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഏകദേശരൂപം അക്കാലത്തെ സാഹിത്യകൃതികളിലും വിവരിച്ചിട്ടുണ്ട്.സമൂഹത്തിന്റെ താഴേത്തട്ടിലുള്ള ജനങ്ങളുടെയിടയിൽ പ്രവർത്തനം കേന്ദ്രീകരിച്ച മിഷണറിമാർ അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാൻ പല മാർഗ്ഗങ്ങളും സ്വീകരിച്ചു. അതിലേറ്റവും മുഖ്യം അവരുടെ വിദ്യാഭ്യാസശ്രമങ്ങൾ ആയിരുന്നു. തിരുവിതാംകൂറിൽ എൽ.എം.എസ്, മധ്യതിരുവിതാംകൂറിൽ സി.എം.എസ്, മലബാറിൽ ബാസൽ മിഷൻ എന്നീ മിഷനറി സംഘങ്ങളായിരുന്നു പ്രവർത്തനം നടത്തിയിരുന്നത്.

എല്ലാ കുട്ടികളെയും പള്ളിക്കൂടത്തിൽ ചേർത്തു പഠിപ്പിക്കുക എന്ന ആശയം നടപ്പിലാക്കാൻ പരിശ്രമിച്ച പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ പ്രവർത്തനഫലമായി സാർവ്വത്രിക വിദ്യാഭ്യാസം നടപ്പിലാവുകയും പെൺകുട്ടികൾക്കും വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ലഭിക്കുകയും ചെയ്തു. മധ്യകേരളത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആലപ്പുഴ, കോട്ടയം, മാവേലിക്കര തുടങ്ങിയ സ്ഥലങ്ങളിൽ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചെങ്കിലും പലയിടത്തും വിദ്യാർത്ഥികളെ കിട്ടാത്ത അവസ്ഥയായിരുന്നു. പലപ്പോഴും രക്ഷകർത്താക്കളെ നിർബന്ധിച്ചും പണം നൽകിയുമായിരുന്നു പെൺകുട്ടികളെ സ്കൂളിലെത്തിക്കാൻ സാധിച്ചിരുന്നത്. മാതൃഭാഷയായ മലയാളത്തിനു പുറമേ ഇംഗ്ലീഷ്, ഗണിതം, ചരിത്രം, ഭൂമിശാസ്ത്രം, ബൈബിൾ, തയ്യൽ തുടങ്ങിയവ പരിശീലന വിഷയങ്ങളായിരുന്നു.

മലബാറിലുടനീളം പ്രവർത്തനം നടത്തിയ ബാസൽമിഷൻ മലബാറിനെ ആധുനികവൽക്കരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. അവർ പ്രൈമറി സ്കൂൾ, ഗേൾസ് സ്കൂൾ, അനാഥർക്കുവേണ്ടി പ്രത്യേക സ്കൂൾ തുടങ്ങി പ്രത്യേക വിഭാഗങ്ങളായാണ് സ്കൂളുകൾ സ്ഥാപിച്ചത്. ജാതിപരിഗണനയോ ജാതിവിവേചനമോ തീരെയില്ലാതിരുന്ന ഈ സ്കൂളുകളിൽ വ്യത്യസ്തജാതിക്കാരായ കുട്ടികൾക്ക് ഒരുമിച്ചു പഠിക്കാൻ സാധിച്ചു എന്നതായിരുന്നു ബാസൽമിഷൻ വിദ്യാകേന്ദ്രങ്ങളുടെ ഏറ്റവും വലിയ നേട്ടം.

മിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങളിലൂടെ ആധുനിക വിദ്യാഭ്യാസം നേടിയ ജനത സാമൂഹികയാഥാർത്ഥ്യങ്ങൾ തിരിച്ച

റിഞ്ഞ് പ്രബുദ്ധരായതും തങ്ങൾക്ക് നിഷേധിക്കപ്പെട്ട നീതിയും അവകാശങ്ങളും നേടിയെടുക്കാൻ ശ്രമിച്ചതും അനന്തരഫലങ്ങളായി കണക്കാക്കാം. നാടുവാഴിപ്രഭുക്കളാലും പിതൃപ്രാമാണ്യാധികാര വ്യവസ്ഥകളാലും കൊളോണിയൽ ശക്തികളാലും കീഴടക്കപ്പെട്ട ജനതയുടെ വിമോചനശ്രമങ്ങൾ സാർവ്വത്രികവിദ്യാഭ്യാസത്തിലൂടെ പില്ക്കാലത്ത് സാക്ഷാൽക്കരിക്കാൻ സാധിച്ചതിന്റെ തുടക്കം ആദ്യകാലമിഷണറിവിദ്യാഭ്യാസപ്രവർത്തനങ്ങളിൽ കണ്ടെത്താനാവും എന്നതാണ് യാഥാർത്ഥ്യം.

## കുറി പ്പു കൾ

1. ഘാതകവധം, മിസ്സിസ്സ് റിച്ചാർഡ് കോളിൻസ്, പുറം-32
2. സരസ്വതീവിജയം, പോത്തേരി കുഞ്ഞമ്പു, പുറം -32
3. അതേ പുസ്തകം, പുറം-41
4. സുകുമാരി, ജോസഫ് മൂളിയിൽ, പുറം-29

## ഗ്രന്ഥ സൂചി

1. ജോർജ്ജ് ഇരുമ്പയം (ഡോ)-മലയാള നോവൽ പത്തൊൻപതാം നൂറ്റാിൽ, എൻ.ബി.എസ്,കോട്ടയം-ഒക്ടോബർ 1984.
2. തരകൻ കെ.എം. (ഡോ) - മലയാള നോവൽ സാഹിത്യ ചരിത്രം, കേരളസാഹിത്യ അക്കാദമി, തൃശൂർ-ഒക്ടോബർ 2005.
3. ജോസഫ് മൂളിയിൽ- സുകുമാരി, നോവൽ പഴമ രണ്ടാംപതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, മാർച്ച് 2013.
4. പോത്തേരി കുഞ്ഞമ്പു- സരസ്വതീവിജയം, നോവൽ പഴമ രണ്ടാംപതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, മാർച്ച് 2013.
5. മിസ്സിസ്സ് റിച്ചാർഡ് കോളിൻസ്-ഘാതകവധം, നോവൽ പഴമ രണ്ടാംപതിപ്പ്, ചിന്ത പബ്ലിഷേഴ്സ്, മാർച്ച് 2013.

**ഡോ. സെലിൻ എസ്. എ□**
അസ്സോസ്സിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവ.കോളേജ്, കോട്ടയം

# ആധു നി ക മ ല യാള ഗദ്യവും ജോർജ്ജ് മാത്തനും

**ഡോ. സുധാ മേരി തോമസ്**

**പ്രബന്ധസംഗ്രഹം**

മലയാളഗദ്യത്തിന്റെ അടയാളവഴികൾ ആരംഭിക്കുന്നത് റവ. ജോർജ്ജ് മാത്തനിൽനിന്നാണ്. അദ്ദേഹത്തിന്റെ, പത്തൊൻപതാം നൂറ്റാണ്ടിലെ സാഹിത്യ സാമൂഹികരംഗത്തെ ഇടപെടലുകൾ സവിശേഷപഠനമാണ് പ്രബന്ധത്തിൽ ലക്ഷ്യമാക്കിയിരിക്കുന്നത്.

താക്കോൽ വാക്കുകൾ

മലയാഴ്മയുടെ വ്യാകരണം, മൗണ്യം, സത്യവാദഖേടം, അർദ്ധാച്ച്, സംയുക്തി.

ദേശീയതയിലൂന്നികൊണ്ടാണ് റവ. ജോർജ്ജ് മാത്തന്റെ സാമൂഹികപ്രവർത്തനങ്ങൾ രൂപംകൊണ്ടത്. ഒപ്പംതന്നെ ബഹുസ്വര തയിലൂന്നിയ വിഷയവൈവിധ്യങ്ങളിലൂടെ തന്റെ ജ്ഞാനരൂപങ്ങളെ വിശദമാക്കുകയും ചെയ്തു. മലയാളത്തിലെ ലിഖിതഭാഷയിലെ ഴുതിയ ഏതുതരത്തിലുള്ള ആശയങ്ങളും ചെന്നെത്തുന്നത് ജോർജ്ജ് മാത്തനിലാണ്. മലയാള വ്യാകരണത്തെ സംബന്ധിച്ചു ഉറപ്പുള്ള നിയമങ്ങൾ ആദ്യം കണ്ടെത്തുന്നത് മലയാഴ്മയുടെ വ്യാകരണത്തിലാണ്. ഈ സംഗതിയെ ഭാഷാലോകം തിരസ ്കരിക്കുന്നതായാണ് കാണാൻ കഴിയുക. ആത്മീയതയെ സാമൂഹികതയുമായി ഇഴചേർത്ത് നവസമൂഹം സൃഷ്ടിക്കുകയാണ്





അദ്ദേഹം ചെയ്തത്. ഒരു ജനതയെ സംബന്ധിച്ചിടത്തോളം മനുഷ്യൻ അടിമയായി ജീവിക്കുക എന്നകാര്യം ഏറ്റവും ഹീനമായ അവസ്ഥയാണ്. അടിമത്തം എന്ന രൂപകത്തെ ആക്രമിച്ച് മനുഷ്യനെ മനുഷ്യ നാക്കുകയാണ് അദ്ദേഹം ചെയ്തത്. ധാരാളം ഭാഷകളിൽ അറിവുണ്ടായിരുന്ന അദ്ദേഹമാണ് മലയാളത്തെ വൈജ്ഞാനിക ഭാഷയാക്കുന്നതിൽ പ്രഥമസ്ഥാനീയനും. പത്തൊൻപതാം നൂറ്റാണ്ടിലെ മലയാളഭാഷയെ വൈജ്ഞാനിക തുറസ്സിലേക്ക് എത്തിക്കുക എന്നത് ശ്രമകരമായ സംഗതിയാണ്. അദ്ദേഹം ഇതിനെ ലാഘവത്തോടെ സമീപിച്ച് മലയാളഭാഷയുടെ പ്രമാണികത്വത്തെ ലോകഭാഷകൾക്കു മുമ്പിൽ അവതരിപ്പിച്ചു.

പത്തൊമ്പതാംനൂറ്റാണ്ട് കേരളത്തിന്റെ സാമൂഹിക - സാംസ്കാരികരംഗങ്ങളിൽ മുന്നേറ്റമുണ്ടായ കാലമാണ്. ബ്രിട്ടീഷ് ഭരണാധി കാരികളുടെ പ്രയത്നങ്ങളും മിഷനറിമാരുടെ ബോധ വല്ക്കരണവും തദ്ദേശീയരായ സാമൂഹിക-സാമുദായിക പരിഷ്കർ ത്താക്കളുടെ ഇടപെടലുകളും കേരളത്തിന്റെ അന്നത്തെ അന്തരീ ക്ഷത്തിൽ അനിവാര്യമായിരുന്ന പരിവർത്തനങ്ങൾക്ക് വഴിയൊരുക്കി. അച്ചടിരംഗത്തുണ്ടായ വിപ്ലവകരമായ പുരോഗമനം ഈ മാറ്റ ങ്ങൾക്ക് ശക്തമായ ചാലകശക്തിയായി ഭവിച്ചു. അതോടൊപ്പം പാശ്ചാത്യവൈജ്ഞാനികമേഖലകളിലെ നൂതനസരണികൾ പരിചയി ക്കുവാനും കേരളീയർക്ക് സാധിച്ചു. ഇത് മലയാള ഭാഷയുടെയും വൈജ്ഞാനികശാഖകളുടെയും പത്രപ്രവർത്തനത്തിന്റെയും വളർച്ചയെ ത്വരിതപ്പെടുത്തി. പരാമൃഷ്ടകാലത്ത് ഈ മേഖലകളിൽ നിസ്വാർ ത്ഥമായി പ്രവർത്തിച്ച പൂർവ്വസൂരികളിൽ പ്രധാനിയാണ് റവ.ജോർജ് മാത്തൻ.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ മലയാള ഭാഷയ്ക്ക് മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളൊന്നും തന്നെ ലഭ്യമല്ലായിരുന്നു. അന്യഭാഷകളുടെ സാഹ്യം കൂടാതെ മലയാള വ്യാകരണത്തെ സംബന്ധിച്ച ആധികാരികഗ്രന്ഥം രചിക്കുക

എന്നത് സാഹസമായി കരുതപ്പെട്ടിരുന്ന സാഹചര്യ ത്തിലാണ് റവ.ജോർജ് മാത്തൻ രചനാമാധ്യമമായി സംസ്കൃതമോ ഇംഗ്ലീഷോ സ്വീകരിക്കാതെ മലയാളത്തിൽത്തന്നെ ഒരു വ്യാകരണ കൃതി ഇദംപ്രഥമമായി രചിക്കുന്നത്. 1851-ൽ രചന പൂർത്തിയായ ഈ കൃതി 1863-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. സത്യവാദഖേടം, ബാലാഭ്യസനം, മറുജന്മം, ഒരു സംവാദം എന്നിവ മലയാള ഗദ്യരചനയിൽ അദ്ദേഹത്തിനുള്ള പ്രാവീണ്യം വ്യക്തമാക്കുന്നു. വിദ്യാഭ്യാസപ്രചരണം, അടിമോദ്ധാരണം, പത്രപ്രവർത്തനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ സാമൂഹികന വോത്ഥാനങ്ങളിൽ പങ്കാളിയാകുവാനും അദ്ദേഹത്തിനു സാധിച്ചു.

**ജീവചരിത്രസംക്ഷേപം**

1819 സെപ്റ്റംബർ 25-ാം തീയതി ചെങ്ങന്നൂരിന് സമീപത്തുള്ള പുത്തൻകാവിൽ കിഴക്കേത്തലയ്ക്കൽ മാത്തൻ തരകന്റെ മകനായി ജോർജ് മാത്തൻ ജനിച്ചു. പിതാവിന്റെ മരണശേഷം പിതൃസഹോദരനായ കുര്യൻ കത്തനാരുടെ സംരക്ഷണയിൽ വളർന്ന ജോർജ് ഒൻപതാം വയസ്സിൽ ചേപ്പാട് മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്തായിൽനിന്നും കോറൂയോ പട്ടം സ്വീകരിച്ചു. അതിനുശേഷം കോട്ട'യം പഴയസെമിനാരിയിൽ പഠനം തുടങ്ങി. റവ: ജെ.പീറ്റ്, ഫെൻ, ബേക്കർ, ബെയിലി, പാലക്കുത്ത് അബ്രഹാം മല്പാൻ, കോനാട്ട് അബ്രഹാം മല്പാൻ, കോഴിക്കോട് കുഞ്ഞനാശാൻ തുടങ്ങിയവരായിരുന്നു അദ്ധ്യാപകർ. 1837മുതൽ നാലുവർഷം മദ്രാസിൽ റവ: ജെ.എച്ച്. ഗ്രേയുടെ കീഴിലുണ്ടായിരുന്ന ബിഷപ്പ് കോറീസ് ഗ്രാമർ സ്കൂളിൽ പഠിച്ചു. മലയാളം, സംസ്കൃതം, ഇംഗ്ലീഷ്, സുറിയാനി, ഗ്രീക്ക്, ലാറ്റിൻ എന്നീ ഭാഷകളിൽ വ്യുല്പത്തി നേടി. 1844-ൽ ഡീക്കൻ പട്ടം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ആദ്യപ്രവർത്തനരംഗം മാവേലിക്കര ആയിരുന്നു. റവ. ജോസഫ് പീറ്റ്, റവ. ഹോക്സ്വർത്ത് എന്നിവ രോടൊപ്പം അവിടെ പ്രവർത്തിച്ചു. 1845-ൽ മല്ലപ്പള്ളി പിക്കുഴിയിൽ





വീട്ടിൽ ഈപ്പൻ തരകന്റെ മകൾ മറിയാമ്മയെ വിവാഹം ചെയ്തു. 1847-ൽ പ്രെസ്ബിറ്റർ പട്ടം സ്വീകരിച്ചു. മല്ലപ്പള്ളിയിലാണ് സഭ അദ്ദേഹത്തെ വൈദികജോലിക്കു നിയമിച്ചത്. അവിടെ അദ്ദേഹം പതിനാറു വർഷം സേവനമനുഷ്ഠിച്ചു. 1869-ൽ ഡൊമസ്റ്റിക് ചാപ്ലെയിനായി സ്ഥാനക്കയറ്റത്തോടെ തലവടിയിലേക്ക് സ്ഥലം മാറ്റം ലഭിച്ചു.1862-ൽ ആരംഭിച്ച രോഗം വീണ്ടുംവർദ്ധിച്ച് 1870 മാർച്ചുമാസം നാലാംതീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

**മലയാളിയായ ആദ്യവൈയാകരണൻ**

ഒരു മലയാളി മലയാളത്തിലെഴുതിയ പ്രഥമ വ്യാകരണ ഗ്രന്ഥമാണ് റവ.ജോർജ് മാത്തൻ രചിച്ച മലയാഴ്മയുടെ വ്യാകരണം. 1863-ൽ ആണ് ഇത് പ്രസിദ്ധീകരിയ്ക്കപ്പെട്ടത്. ഗ്രന്ഥാമുഖത്തിൽ ഹെൻറി ബേക്കർ സീനിയറും ഇ. ജോസണും 1852-ൽ എഴുതിയ കുറിപ്പുകളിൽനിന്നും ഇതിന്റെ രചനാകാലം ഗുണ്ടർട്ടിന്റെ വ്യാകരണഗ്രന്ഥത്തിനും മുമ്പാണെന്നും വ്യക്ത മാകുന്നു. സംവൃതോകാരത്തെക്കുറിച്ച് ശാസ്ത്രീയമായി പ്രതിപാദി ക്കുന്ന ആദ്യവ്യാകരണഗ്രന്ഥമാണീ കൃതി. മലയാള വർണ്ണങ്ങളുടെ ധ്വനിമൂല്യനിർണ്ണയനത്തിൽ ഈ വൈയാകരണൻ അങ്ങേയറ്റം സൂക്ഷ്മത പുലർത്തിയിട്ടുണ്ട്. ററ, ന, ര, റ, ല എന്നിവ ഉൾപ്പെട്ട മൗണ്യം എന്ന ഒരു പ്രത്യേകവിഭാഗത്തെക്കുറിച്ച് അദ്ദേഹം സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്, സംവൃതോകാരത്തെക്കുറിച്ച് ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ആദ്യവ്യാകരണഗ്രന്ഥമാണീ കൃതി. അർദ്ധാച്ചിനെക്കുറിച്ച് ഉദാഹരണസഹിതം ഈ കൃതിയിൽ വിശദമാക്കുന്നുണ്ട്. മലയാളത്തിൽ ചിഹ്നനത്തെപ്പറ്റി ആദ്യമായി പ്രസ്താവിച്ചുകാണുത് ഈ ഗ്രന്ഥത്തിലാണെന്ന് ഭാഷാഗദ്യസാഹിത്യ ചരിത്രത്തിൽ ടി. എം. ചുമ്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

വ്യാകരണരചനയിൽ തന്റേതായ കാഴ്ചപ്പാടുണ്ടായിരുന്നു. അപഗ്രഥനാത്മകമായ വ്യാകരണരചനയായിരുന്നു മുന്നിൽ കണ്ടിരുന്നത്. സംസ്കൃതഭാഷയ്ക്കു ലഭിക്കുന്ന പ്രമാണികതയും

മലയാളഭാഷയെ ഗൗരവതരത്തിലുള്ള വ്യവഹാരത്തിന് ഉപയോഗിക്കാതിരുന്നതും മലയാഴ്മയുടെ വ്യാകരണത്തിലേക്കെത്താൻ കാരണമായി. ദൈനംദിനജീവിതത്തിന്റെ പ്രയോഗത്തിലുപരിയായി ഭാഷയുടെ പ്രയോഗശുദ്ധിയേയും ശാസ്ത്രീയതയേയും വിശദമാക്കുന്നതാണ് വ്യാകരണം എന്ന് വ്യക്തമാക്കുന്നു. നാല്പത്തിയെട്ട് അക്ഷരങ്ങളെക്കൂട്ടിച്ചേർത്താണ് തന്റെ അക്ഷരമാലയെ ക്രമപ്പെടുത്തിയത്. മലയാഴ്മയുടെ വ്യാകരണം എന്ന വ്യാകരണഗ്രന്ഥം നിലനിൽക്കുന്നത് അന്നത്തെ ലളിതമായ വ്യവഹാരമലയാളത്തിനുള്ളിലാണ്. ലിഖിതഭാഷയിലാണ് ഓരോഭാഷയും വ്യാകരണനിയമങ്ങൾ പാലിച്ചുപോരുന്നത്. എന്നാൽ വ്യവഹാരഭാഷയിൽ നിന്നു നിർമ്മിച്ച ഒരു വ്യാകരണഗ്രന്ഥം എന്തുകൊണ്ടും സവിശേഷസ്ഥാനം അർഹിക്കുന്നു. സംഭാഷണത്തിനൊപ്പം ഒഴുകി നീങ്ങുന്ന ശാസ്ത്രമാണ് മലയാഴ്മയുടെ വ്യാകരണം.

**പ്രബന്ധകാരൻ**

1861–ൽ തിരുവിതാംകൂർ ഗവമെന്റ് നടത്തിയ പ്രബന്ധരചനാമത്സരത്തിൽ ഒന്നാം സ്ഥാനം റവ.ജോർജ് മാത്തൻ എഴുതിയ 'സത്യവാദഖേട'ത്തിനു ലഭിച്ചു. ഇതിൽ ഹിന്ദുശാസ്ത്രത്തിൽനിന്നും ക്രിസ്ത്യാനി വേദത്തിൽനിന്നും ഉദാഹരണങ്ങളും സാക്ഷ്യങ്ങളും ചേർത്തിരിക്കയാൽ പലർക്കും വിരോധത്തിനിടയുള്ളതുകൊണ്ട് അവ നീക്കംചെയ്യാതെ ഇതിനെ സർക്കാർവകയായി പ്രസിദ്ധപ്പെടുത്തുന്നതിന് സാധിക്കില്ലെന്നു അറിയിപ്പ് ലഭിച്ചതിനാലും പുസ്തകത്തിന്റെ സ്വഭാവത്തിനും ആകൃതിക്കും വളരെമാറ്റം വരുത്തിയിട്ടല്ലാതെ അവയെ നീക്കുന്നതിനു കഴിയാത്തതിനാലും സർക്കാരിൽനിന്ന് അനുമതി വാങ്ങി 1863–ൽ ഈ കൃതി സ്വന്തമായി പ്രസിദ്ധപ്പെടുത്തി. മാതാപിതാക്കന്മാർ മക്കളെ ചെറുപ്പംമുതൽ സത്യം സംസാരിപ്പിച്ചു ശീലിപ്പിക്കേണ്ടിയ ആവശ്യത്തെക്കുറിച്ച് ഒരു വിരുതുപ്രകരണം എന്നാണ് ഗ്രന്ഥാരംഭത്തിൽ കൊടുത്തിരിക്കുന്നത്. പ്രബന്ധങ്ങൾ



റവ. ജോർജ് മാത്തൻ.... പ്രാചീ ന കൈ
രളി

എങ്ങനെ രചിക്കണമെന്നുള്ളതിന് മാർഗ്ഗദർശകമെന്നാണ് ഈ രചനയെക്കുറിച്ച് ഉള്ളൂർ രേഖപ്പെടുത്തിയിട്ടുള്ളത്. ക്രിസ്ത്യൻ പശ്ചാത്തലത്തിൽ നിൽക്കുമ്പോഴും ഹൈന്ദവബിംബങ്ങളെ ഒപ്പം ചേർത്തുക്കൊണ്ടാണ് പ്രബന്ധരചന നടത്തിയത്. കത്തനാരായി അടയാളപ്പെടുമ്പോഴും മറ്റുമതങ്ങളുടെയും പ്രതിനിധാനം ജോർജ്ജ് മാത്തനിൽ കാണപ്പെട്ടു. പ്രബന്ധഭാഷയും അനുവാചകഭാഷയും തമ്മിൽ ഉണ്ടാകേണ്ട ഒത്തുചേരലിനെ ക്കുറിച്ച് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. ഭാഷയും ആശയവും തമ്മിലുള്ള ജൈവബന്ധമാണ് പ്രബന്ധങ്ങളിൽ കാണാൻ സാധിക്കുന്നത്. ധാരാളം ഉദാഹരണങ്ങൾ പ്രബന്ധ ശരീരത്തിൽ നൽകുകയെന്നത് മറ്റൊരു പ്രത്യേകതയാണ്. ആശയത്തെ ആവിഷ്ക്കരിക്കുന്നതിലുപരിയായി അതിനെ വ്യാഖ്യാനിക്കുക എന്ന ലക്ഷ്യമാണ് പ്രബന്ധത്തിൽ കണ്ടെത്താൻ കഴിയുന്നത്, സംവേദനാത്മകതയിലൂന്നിയാണ് ജോർജ്ജ് മാത്തന്റെ പ്രബന്ധങ്ങൾ നിൽക്കുന്നത്.

**പ്രഭാഷകൻ**

1861 ഓഗസ്റ്റ് 13–ാം തീയതി കൊല്ലം ഡിവിഷൻ കച്ചേരിയിൽവച്ച് 'രാമരായരു ദിവാൻ ബേഷ്ക്കാരുടെ വിരുതി പ്രകാരം' റവ.ജോർജ് മാത്തൻ നടത്തിയ പ്രഭാഷണം അതേ വർഷം കോട്ടയം സി.എം. എസ്.പ്രസ്സിൽനിന്നും 'ബാലാഭ്യസനം' എന്നപേരിൽ പ്രസിദ്ധപ്പെടുത്തി. ആധുനിക വിദ്യാഭ്യാസ വിചക്ഷണന്മാരുടെ ഏറ്റവും നവീനമെന്ന് അംഗീകരിക്കപ്പെട്ട വീക്ഷണങ്ങൾ ഒരുനൂറ്റാണ്ടുമുമ്പ് അദ്ദേഹം ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. അഭ്യസനത്തിലൂടെ മനുഷ്യനുണ്ടാകുന്ന ഉയർച്ചയെപ്പറ്റി സോദാഹരണം വിശദമാക്കുന്നുണ്ട്. സമൂഹത്തിൽ എല്ലാവർക്കും വിദ്യാഭ്യാസം പ്രാപ്യമാകുന്ന സാർവ്വലൗകിക വിദ്യാഭ്യാസം ആണ് അദ്ദേഹം വിഭാവനം ചെയ്തത്. പഠനമാദ്ധ്യമം മാതൃഭാഷ ആയിരിക്കണമെന്ന് അദ്ദേഹം വ്യക്തമാക്കുന്നുണ്ട്. പാഠ്യപദ്ധതിയിൽ എന്തൊക്കെ ഉൾപ്പെടുത്തണം, എന്തൊക്കെ ഒഴിവാക്കണ

മെതിനെക്കുറിച്ചും കാര്യകാരണസഹിതം പ്രതിപാദിച്ചിട്ടുണ്ട്. ഭാരത പൈതൃകത്തിൽ നാം അഭിമാനിക്കണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു. വൈദികവൃത്തി ജീവിതമായി ഏറ്റെടുക്കുന്ന ഒരാളുടെ അഹത്തെയാണ് പ്രഭാഷണം വിശദമാക്കേണ്ടത്. എന്നാൽ മതനിരപക്ഷമായ ആത്മീയപ്രഭാഷണങ്ങളാണ് ഇദ്ദേഹം നിർവഹിച്ചിരുന്നത്. മറ്റുമതസ്ഥരെ ക്രിസ്തുമതപ്രവേശനത്തിനായി ആഹ്വാനം ചെയ്യുന്നതായിരുന്നില്ല പ്രഭാഷണങ്ങൾ. ജ്ഞാനം മനുഷ്യനിലേക്ക് പകരുകയെന്ന ദൗത്യമാണ് അദ്ദേഹം നിർവ ഹിച്ചത്. ഗദ്യത്തിൽ പ്രഭാഷണകലയുടെ സ്വാധീനം പ്രകടമാകു ന്നുണ്ട്. സാഹിത്യഗദ്യത്തിന്റെ ആരംഭവും പ്രഭാഷണ ത്തിൽ നിന്നാണല്ലോ. താളാത്മകമായ പ്രഭാഷണത്തിനുട മായായിരുന്നു റവ. ജോർജ്ജ്മാത്തൻ. അനുദിനജീവിതപ്രമേയ ങ്ങളേയും അവതരിപ്പിക്കുന്ന ഭാഷയേയും പ്രഭാഷണകലയിലൂടെ കൈമാറ്റം നടത്താൻ സാധിക്കുന്നു.

**വിവർത്തകൻ**

'സംയുക്തി'യും 'സംവാദ'വുമാണ് റവ. ജോർജ് മാത്തന്റെ വിവർത്തനഗ്രന്ഥങ്ങൾ. ജോസഫ് ബട്‌ലർ എന്ന പാതിരിയുടെ ദൈവശാസ്ത്രഗ്രന്ഥത്തിന് സംയുക്തി എന്ന പേരിൽ അദ്ദേഹം നിർവ്വഹിച്ച വിവർത്തനം 1866 –ൽ കോട്ടയം ചർച്ച് മിഷൻ പ്രസ്സ് പ്രസിദ്ധീകരിച്ചു. ബോധജ്ഞാനകവും ദത്തജ്ഞാനകവുമായ വേദമാർഗ്ഗത്തിന്നു സംയുക്തി എന്നാണ് ടൈറ്റിൽ പേജിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു സംവാദം എന്ന പേരിൽ റവ. ജോർജ് മാത്തൻ പൂർത്തിയാക്കിയ വിവർത്തനം അദ്ദേഹത്തിന്റെ മരണശേഷം 'മലയാളം റിലീജിയസ് ട്രാക്റ്റ് ആൻഡ് ബുക് സൊസൈറ്റി' 1884–ൽ പ്രസിദ്ധപ്പെടുത്തി. A Conversation Between A Pandit of Benares and an English Judge by Dr. Mullens translated by the late Rev. G. Matthan എന്ന് ടൈറ്റിൽ പേജിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതേ പ്രസിദ്ധീകരണവിഭാഗം





തന്നെ 1896–ൽ 'മറുജന്മത്തെക്കുറിച്ച് റവ. ജോർജ് മാത്തന്റെ ലഘുഗ്രന്ഥവും പ്രസിദ്ധീകരിച്ചു. ടൈറ്റിൽ പേജിൽ On Transmigration An Essay By The Rev. G. Matthen എന്ന് കൊടുത്തിരിക്കുന്നു.ആരും ശ്രദ്ധിക്കാതെയിരുന്ന ഒരു ഭാഷയെ കാഠിന്യമേറിയ വിഷയങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് ആ ഭാഷയുടെ ഗരിമയെ കാട്ടികൊടുക്കുകയായിരുന്നു. ഗദ്യഭാഷയുടെ ശക്തിയാണ് വിവർത്തനകൃതികൾ അടയാളപ്പെടുത്തുന്നത്. വിവർത്തനശാസ്ത്രത്തെക്കുറിച്ച് താൻ ബോധവാനാണെങ്കിലും തന്റെ കരങ്ങളിലുള്ള ഭാഷയുടെ പരിമിതിയെ മനസ്സിലാക്കി ക്കൊണ്ട് ആ ഭാഷയെ മികച്ചതാക്കുകയെന്ന ലക്ഷ്യമാണ് തന്റെ വിവർത്തനകൃതികളിലൂടെ സാദ്ധ്യമാക്കിയത്.

വിദ്യാസംഗ്രഹം മാസികയിൽ പല ഇംഗ്ലീഷ്സാഹിത്യ കാരന്മാരുടെയും കൃതികൾ ഖണ്ഡശ്ശയായി വിവർത്തനംചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്.വിദ്യാസംഗ്രഹം മാസികയിലൂടെയാണ് മലയാള വിവർത്തനസാഹിത്യത്തിന്റെ വഴി അദ്ദേഹം തുറന്നിട്ടത്. കൊളിൻസ്മിഷണറി 'എന്റെർപ്രൈസ്' എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം വിവരിക്കുന്നു.'' ഈ തർജ്ജമ എത്രയും അതിശയകരമായ പ്രവൃത്തിയാകുന്നു.ജോർജജ്മാത്തന് എന്തും ഗ്രഹിപ്പാൻ തക്ക ബുദ്ധിയുണ്ട്. അദ്ദേഹത്തിന്റെ സാഹിത്യ ശക്തികളെ മുമ്പേത്തന്നെ പ്രകാശിപ്പിപ്പാൻ ഇടവന്നില്ലല്ലോ എന്ന് വച്ച് ദുഃഖിക്കുന്നു''.ബൈബിളിന്റെ മലയാളംവിവർത്തനം മെച്ചപ്പെ ടുത്തുന്നതിനുള്ള കമ്മറ്റിയിൽ ഇദ്ദേഹം അംഗമായിരുന്നു.എബ്രായ ഗ്രീക്ക് മൂലപാഠങ്ങൾ കേന്ദ്രമാക്കി പരിഭാഷയിൽ ദേദഗതികൾ വരുത്താനുള്ള ശ്രമമാണ് കമ്മറ്റി നടപ്പിലാക്കിയത്.ജോസഫ്ബട്‌ലർ നാല്പതുവർഷമെടുത്തു പൂർത്തിയാക്കിയ അിമഹീഴ്യയുടെ വിവർത്തനമാണ് 'സംയുക്തി'.മലയാളഭാഷയുടെ ശൈശവദശയിൽ ഈ ഗ്രന്ഥം വിവർത്തനവിധേയമാക്കിയത് സവിശേഷമായ ശ്രദ്ധയർഹിക്കുന്നു.

**ഗദ്യഭാഷാശില്പി**

വ്യത്യസ്ത വിഷയങ്ങൾ ആസ്പദമാക്കി റവ.ജോർജ് മാത്തൻ എഴുതിയ നിരവധി ലഘുപ്രബന്ധങ്ങൾ പ്രസിദ്ധീ കരിക്കപ്പെട്ടിട്ടുണ്ട്. ആധുനികഗദ്യസാഹിത്യത്തിന്റെ ഉത്തമമാതൃക അദ്ദേഹത്തിന്റെ രചനകളിലാണ് നമുക്ക് ആദ്യമായി കാണാൻ കഴിയുന്നത്. വിഷയത്തിന്റെ സ്വഭാവത്തിന് യോജിച്ചരീതിയിൽ പ്രബന്ധങ്ങളുടെ ഭാഷയിലും അദ്ദേഹം മാറ്റം വരുത്തിയിരുതായി കാണാം. ബഹുഭാഷാപണ്ഡിതനായ അദ്ദേഹത്തിന് തന്റെ ശാസ്ത്രജ്ഞാനം മാതൃഭാഷയിൽ തന്നെ അവതരിപ്പിക്കാൻ പ്രത്യേകതാത്പര്യം ഉണ്ടായിരുന്നു. അതിന് യോജിച്ച സാങ്കേതിക പദാവലി ഉപയോഗിക്കുകവഴി മലയാളഭാഷയുടെ സാധ്യതകൾ കാട്ടിത്തരിക എന്നതും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നു. 'അന്തരീക്ഷം' എന്ന പ്രബന്ധം ഇതിനുദാഹരണമാണ്. 'ആകാശ ത്തുള്ള ഗോളങ്ങൾ' ജ്യോതിർഗ്ഗണിത(Astrology)ത്തിൽ അദ്ദേഹ ത്തിനുണ്ടായിരുന്ന പരിജ്ഞാനം വെളിവാക്കുന്നു. ഭൂമിശാസ്ത്രത്തെ അധികരിച്ചെഴുതിയ 'ഭൂമി ഉരുണ്ടതാകുന്നു എന്ന ലേഖനം ഏതദ്വിഷയത്തിലുള്ള ആദ്യ ഭാഷാലേഖനമാണ്. 'സാധാരണ ചികിത്സാശാല' എന്ന ലേഖനത്തിൽ വൈദ്യശാസ്ത്ര സംബന്ധമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. തിരുവനന്തപുരത്ത് പുതിയതായി ആരംഭിച്ച ജനറൽ ആശുപത്രിയോടു ചേർന്ന് നാട്ടുവൈദ്യശാല സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ചാണ് ഈ ലേഖനത്തിൽ പരാമർശിക്കുന്നത്. സാമൂഹിക ശാസ്ത്രമായിരുന്നു റവ.ജോർജ് മാത്തന്റെ മറ്റൊരു ഇഷ്ടമേഖല. 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ' എന്ന ലേഖനം സാമൂഹികപ്രശ്നങ്ങളെ അപഗ്രഥിക്കുന്നതിനും പരിഹാരമാർഗ്ഗ ങ്ങൾ നിർദ്ദേശിക്കുന്നതിനും ലേഖകനുള്ള പാടവം വ്യക്തമാ





ക്കുന്നു. സാമ്പത്തികവിദഗ്ദ്ധന്റെ ദീർഘവീക്ഷണത്തോടെ കാര്യ ങ്ങൾ വിശകലനംചെയ്യാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

നാണയമൂല്യശോഷണത്തെക്കുറിച്ച് ആ കാലത്തുതന്നെ കാര്യങ്ങൾ സവിസ്തരം പ്രതിപാദിക്കുന്ന 'കൊഴുമുതലാണ്മ' എന്ന ലേഖനവും ശ്രദ്ധേയമാണ്. സാമുദായികപരിഷ്കരണത്തിൽ അദ്ദേഹം പുലർത്തിയിരുന്ന താത്പര്യമാണ് മരുമക്കത്തായ ത്താലുള്ള ദോഷങ്ങൾ, പുലയരുടെ വിദ്യാഭ്യാസം തുടങ്ങിയ ലേഖനങ്ങളുടെ രചനയ്ക്ക് പ്രചോദനമായത്.

## സാമൂഹികപരിഷ്കർത്താവ്

റവ.ടി.ജി. റാഗ്ലണ്ടിന്റെ നിർദ്ദേശപ്രകാരം റവ.ഹോക ്സ്വർത്തും റവ.ജോർജ് മാത്തനും കൂടി മല്ലപ്പള്ളിയിൽ അടിമോദ്ധാരണമിഷൻ സ്ഥാപിച്ചു. മിഷന്റെ പ്രവർത്തനങ്ങളെ ക്കുറിച്ച് ഒരു പ്രേഷിതപ്രയാണചരിത്രം എന്ന കൃതിയിൽ വിശദമാക്കുന്നുണ്ട്. 'മല്ലപ്പള്ളിക്കു സമീപമുള്ള സ്ഥലത്ത് പാവപ്പെട്ട അടിമകളുടെ ഇടയിൽ വളരെ പ്രതീക്ഷ നൽകുന്ന ഒരു പ്രവർത്തനം നടക്കുന്നു. ഈ രാജ്യത്ത് ഈ പാവം ജീവികളെ ഉയർന്ന ജാതിക്കാർ അങ്ങേയറ്റം അശുദ്ധരും അയിത്തക്കാരും ആയിട്ടാണ് കരുതുന്നത്.'(പുറം 651) എന്ന് റവ.റാഗ്ലണ്ട് കുറിച്ചിട്ടിട്ടുണ്ട്. 'അടിമകളുടെ ഇടയിലെ പ്രവർത്തനം ആരംഭിച്ചത് ഏറ്റവും പ്രതികൂലമായ ചുറ്റുപാടിലാണ്. വിഭിന്നസമുദായ ങ്ങളിൽപെട്ട വ്യക്തികൾ-ക്രിസ്ത്യാനികളും ഹിന്ദുക്കളും -അവർ തമ്മിലുള്ള പിണക്കങ്ങൾ തല്ക്കാലം മറന്ന് നമ്മുടെ പരിശ്രമങ്ങളെ എതിർക്കുവാൻ ഒന്നിച്ചു. സ്കൂൾ പലതവണ തീയിട്ടു. അവരുടെ ജീവനുള്ള സ്വത്തായ അടിമകളുടെ സദാചാരപുരോഗതിമൂലം അവരുടെ മേലുള്ള പിടി അയഞ്ഞുപോയേക്കുമെന്ന് പ്രൊട്ടസ്റ്റന്റു സഭാംഗങ്ങളായ യജമാനന്മാർ ചിന്തിച്ചു .അടിമകളെ പഠിപ്പിക്കു ന്നതിനെ അനുകൂലിച്ച,അങ്ങനെയുള്ള യജമാനന്മാർക്കും പീഡനങ്ങൾ സഹിക്കേണ്ടിവന്നു. അടിമകളുമായി അടുത്തു പെരുമാറിയതിനാൽ അവരും അശുദ്ധരാണ് ഹിന്ദുക്കളായ യജമാനന്മാർ വിധിച്ചു. അതുകൊണ്ട് പ്രൊട്ടസ്റ്റന്റുകാരായ യജമാനന്മാരെ അപമാനിക്കുന്ന തരത്തിൽ അയിത്തക്കാരോട് പെരുമാറി.'(പുറം 651) മല്ലപ്പള്ളിയിൽ ഈഴോംമുറിയിൽ ഒരു കുടിൽ ഉണ്ടാക്കി ചമ്പക്കരയിൽനിന്നുംമറ്റും ദളിതരെ കൊണ്ടുവന്ന് വേദകഥകൾ പറഞ്ഞു കൊടുത്തിരുന്നു. ഈ വിവരം അറിഞ്ഞ സമുദായത്തിലെ ഉന്നതന്മാരെത്തി അവരെ ആക്രമിച്ചു ധാർമികമായ പുരോഗമനം ഉണ്ടാകുമ്പോൾ അവരുടെ മേലുള്ള സ്വാധീനം നഷ്ടമാകുമെന്ന്കരുതി അടിമകളുടെ ഉടമസ്ഥർ അവരെ ഒരു ദാക്ഷിണ്യവും കൂടാതെ വളരെ ക്രൂരമായി ഉപദ്രവിച്ചു





ക്കൊണ്ടിരുന്നു. അടിമകൾക്കായി മാത്തനച്ചൻ ഉൾപ്പെടുന്ന സംഘം പ്രവർത്തനം ആരംഭിച്ചപ്പോൾ മറ്റുള്ള വിഭാഗങ്ങൾ തങ്ങളുടെ ഇടയിലുള്ള ശത്രുത മറന്ന് ഒത്തുചേർന്നതിനെപ്പറ്റി അച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ സാമൂഹികനവോത്ഥാന ത്തിന്റെ പാതകൾ തുറന്നിട്ടത് റവ.ജോർജ് മാത്തനെന്നതിൽ സംശയമില്ല 1850-കൾ മുതൽതന്നെ അടിമോദ്ധാരണം ലക്ഷ്യമാക്കി യുള്ള പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി ഇടപെട്ടിരുന്നു.

റവ. റാഗ്ലണ്ടിന്റെ നിർദ്ദേശപ്രകാരം റവ. ജോർജ് മാത്തൻ അധകൃതരുടെ ഉമന്നനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ തിരുവിതാംകൂറിൽ അത്തരം പ്രവർത്തന ങ്ങൾക്കുള്ള സമയമായിട്ടില്ല എന്നുപറഞ്ഞ് ധാരാളം പേർ അദ്ദേഹത്തെ നിരുത്സാഹപ്പെടുത്തി. ഇത് അദ്ദേഹത്തെ പിന്തിരി പ്പിച്ചില്ല എന്നുമാത്രമല്ല, മല്ലപ്പള്ളിയിൽ ആരംഭിച്ച പ്രവർത്തനം ഇതരപ്രദേശങ്ങളിലേക്കും വ്യാപിക്കുകയാണ് ഉണ്ടായത്. കേരളത്തിലെ നായർസമുദായത്തിന്റെ അപചയത്തിന് ഒരു കാരണമായിരുന്ന മരുമക്കത്തായത്തെക്കുറിച്ച് വിവരിക്കുകയാണ് 'മരുമക്കത്തായത്താലുള്ള ദോഷങ്ങൾ'. ഇന്ത്യയിൽ എന്നല്ലാ ലോകത്തിലൊരിടത്തും ഇത്തരത്തിലുള്ള ആചാരം കണ്ടെത്താ നാകില്ലെന്ന് വാദിക്കുന്നുണ്ട്. സ്ത്രീയുടെ നില ഉയർത്തുകയെന്ന ലക്ഷ്യംകൂടി ജോർജ്ജ് മാത്തനുണ്ടായിരുന്നു. ബ്രാഹ്മണ സ്ത്രീകളുടെ ഇരുളടഞ്ഞ ജീവിതത്തെയും സാധാരണസ്ത്രീയുടെ അകമിടങ്ങളെയും ചോദ്യം ചെയ്യുന്നു. ശൂദ്രന്റെ അവസ്ഥ മാറണമെങ്കിൽ വിദ്യാഭ്യാസം മാത്രമേ പോംവഴിയുള്ളുവെന്നും ശഠിക്കുന്നു. അടിമുടി ഹ്യുമനിസ്റ്റ് ആയിരുന്നു റവ. ജോർജ്ജ് മാത്തൻ. ഇതാ! ഒരു മനുഷ്യൻ എന്നുപറയത്തക്കവിധത്തിൽ.

## വിദ്യാഭ്യാസപ്രചരണം

നാട്ടുഭാഷാദ്ധ്യയനത്തിന്റെ പ്രാധാന്യം ദിവാൻ സർ ടി. മാധവരായരുടെ ശ്രദ്ധയിൽ ആദ്യമായി കൊണ്ടുവന്നത് റവ.

ജോർജ് മാത്തനാണ്. മാതൃഭാഷതന്നെയായിരിക്കണം ബോധന മാധ്യമം എന്നകാര്യത്തിൽ അദ്ദേഹത്തിനുറപ്പുണ്ടായിരുന്നു. സ്ത്രീകളുടെ ഉന്നമനത്തിന് വിദ്യാഭ്യാസം കൂടിയേതീരൂ എന്നദ്ദേഹം മനസ്സിലാക്കിയിരുന്നു. ഏത് വിഷയങ്ങളിലുമുള്ള പ്രഭാഷണങ്ങൾ തിരുവിതാംകൂറിലും ഇതരപ്രദേശങ്ങളിലും നടത്താൻ റവ. ജോർജ് മാത്തനെ സർ ടി. മാധവരായർ നിയോഗിച്ചിരുന്നു. നാട്ടുഭാഷയുടെ പ്രാധാന്യം ദിവാനായിരുന്ന സർ.ടി.മാധവരായരുടെ ശ്രദ്ധയിൽ കൊണ്ടുവന്നത് റവ.ജോർജ്ജ് മാത്തനായിരുന്നു.പിന്നീട് ദിവാൻ തിരുവനന്തപുരത്ത് ഒരു സ്കൂൾ ആരംഭിക്കുകയും ജോർജ്ജ്മാത്തനച്ചന് ആ സ്കൂളിന്റെ പാഠ്യപ്രവർത്തനങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്തു.തിരുവിതാംകൂർ സർക്കാർ വക പാഠപുസ്തക – സാഹിത്യ വിഭാഗത്തിന്റെ നടത്തിപ്പുകാരൻ എന്ന ചുമതല അദ്ദേഹത്തെ ഏൽപ്പിക്കുവാൻ സർ.ടി .മാധവരായർ ശ്രമിച്ചെങ്കിലും അദ്ദേമതു സ്നേഹത്തോടെ നിരസിച്ചു.നാട്ടുക്കൂട്ടങ്ങളുടെ ഭാഷ യായ മലയാളം മണ്ഡപത്തിൻ വാതിൽമുതൽ ഹജൂർക്കച്ചേരിവരെ എഴുത്തുഭാഷയാക്കണമെന്നും മാത്തനച്ചൻ വാദിച്ചു. പൂർണ്ണവിരാമം, അർദ്ധവിരാമം എന്നിവ ആദ്യമായി ഭാഷയിൽ നടപ്പിലാക്കിയതും അദ്ദേഹമാണ്.കൈകാര്യം ചെയ്യുന്ന വിഷയത്തിനനുസരിച്ച് ഭാഷയെ ഉപയോഗിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

മല്ലപ്പള്ളിയിൽ ഈഴാംമുറിയിൽ റവ.ജോർജ് മാത്തൻ ചമ്പക്കര തുടങ്ങിയ സ്ഥലങ്ങളിൽനിന്നും വരുന്ന അധസ്ഥിത വിഭാഗങ്ങളിലുള്ളവർക്ക് രാത്രികാലങ്ങളിൽ വേദപാഠക്ലാസ്സുകൾ എടുത്തിരുന്നു. ജോരജ് മാത്തൻ ചെയ്ത ശ്രമങ്ങൾ മുഖേനയാണ് പറയർ, പുലയർ, ഉള്ളാടന്മാർ, മലയരന്മാർ മുതലായ അധകൃത ജാതിക്കാരിൽ പലരും മതം, സന്മാർഗ്ഗം, വിദ്യാഭ്യാസം, സാമൂഹ്യ സ്ഥിതി ആദിയായ വിഷയങ്ങളിൽ പരിഷ്കാരം പ്രാപിച്ചത് .മേൽജാതിക്കാരന്നഭിമാനിക്കുന്നവരോട് സമന്മാരായി തീർന്നിരിക്കുത് എന്ന് പുത്തൻകാവ് മാത്തൻ തരകൻ പ്രസ്താവിച്ചിട്ടുണ്ട് .





നായർ സമുദായത്തിൽ നിലവിലുണ്ടായിരുന്ന മരുമക്കത്തായ നസമ്പ്രദായംമൂലം ആ വിഭാഗക്കാർ അനുഭവിച്ചു കൊണ്ടിരുന്ന നിരവധി പ്രശ്നങ്ങളെക്കുറിച്ച് റവ. ജാർജ് മാത്തന് ആശങ്കകളുണ്ടായിരുന്നു. ആ സമ്പ്രദായം അവസാനിപ്പിക്കാതെ നായർസമുദായത്തിന് യാതൊരു അഭ്യുതിയും ഉണ്ടാകില്ലെന്ന് തനിക്കുള്ള ബോധ്യം ജ്ഞാനനിക്ഷേപം, വിദ്യാസംഗ്രഹം എന്നീ മാസികകളിലെ ലേഖനങ്ങളിലൂടെ അദ്ദേഹം വായനക്കാരുമായി പങ്കുവെച്ചിരുന്നു. മരുമക്കത്തായത്താലുള്ള ദോഷങ്ങൾ എന്ന ലേഖനം 1866–ലാണ്പ്രസിദ്ധീകരിച്ചത്.

**പുരോഹിതൻ**

റവ. ജോർജ് മാത്തന്റെ ഭാഷാപാണ്ഡിത്യവും സാമൂഹിക പരിഷ്കരണത്തിലുള്ള ഉത്സാഹവും ബോധനരീതികളിലുള്ള അവഗാഹവും തിരിച്ചറിഞ്ഞ തിരുവിതാംകൂർ ദിവാനായ ടി. മാധവരായർ വിദ്യാഭ്യാസവകുപ്പിന്റെയും ബുക്ക്കമ്മിറ്റിയുടെയും അദ്ധ്യക്ഷനാകാൻ നിർബന്ധിച്ചപ്പോൾ ഒരു വൈദികനായ തനിക്ക് സർക്കാർപണി അനുചിതമല്ലെന്ന് മറുപടി കൊടുക്കുകയാണ് ചെയ്തത്. മതനിരപേക്ഷതയും ദേശാഭിമാനവും ഭാഷാസ്നേഹവുമുള്ള വൈദികനായി ജീവിക്കുവാൻ അദ്ദേഹത്തിന് സാധിക്കുകയും ചെയ്തു.

**ശാസ്ത്രസാഹിത്യകാരൻ**

ശാസ്ത്രീയചിന്തകളെ അവതരിപ്പിക്കുവാൻ മലയാളഭാഷയ്ക്കിന്നും കഴിയില്ല എന്ന വാദങ്ങൾക്കുള്ള മറുപടിയാണ് റവ. ജോർജ്ജ് മാത്തൻ പത്തൊൻപതാം നൂറ്റാണ്ടിലെഴുതിയ ശാസ്ത്രലേഖനങ്ങൾ. 'അന്തരീക്ഷ'ത്തെക്കുറിച്ചെഴുതിയ ലേഖനത്തിൽ സമുദ്രം, ഭൂമിയുടെ വിവിധഭാഗങ്ങൾ, പർവ്വതങ്ങൾ, ദ്വീപുകൾ, വായു എന്നിവയെക്കുറിച്ച് ശാസ്ത്രീയചർച്ച നടത്തുന്നുണ്ട്. ആകാശഗോളങ്ങളിൽ ഓരോന്നിന്റെയും വലിപ്പ ത്തെയും

അവതമ്മിലുള്ള അകലത്തെയുംകുറിച്ച് നടത്തിയ പഠനം സൂഷ്മവും ഗഹനവുമാണ്. ശാസ്ത്രീയവിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സാങ്കേതികപദങ്ങളുടെ വിവർത്തനമാണ് പ്രയാസ കരം. എല്ലാത്തരം ഭാഷാസാങ്കേതികസന്ദർഭങ്ങളെയും അനായാസം മറികടന്നു. ജ്യോഗ്രഫി ഒരു വിജ്ഞാനശാഖയായി മലയാളത്തിൽ വികസിക്കാതിരുന്ന കാലഘട്ടത്തിലാണ് ആ വിഷയത്തെക്കുറിച്ച് ആധികാരികമായി ആദ്ദേഹം ലേഖനങ്ങളെഴുതിയത്. ഭൂമി ഉരുണ്ടതാകുന്നു എന്നുള്ള ലേഖനത്തിൽ ഭൂമി എപ്രകാരമാണ് ഗോളാകൃതി പ്രാപിച്ചതെ് പലവിധത്തിലുള്ള വാദഗതികളിലൂടെ വായനക്കാരനിലേക്ക് എത്തിക്കുന്നു.

**ധനതത്ത്വശാസ്ത്രജ്ഞൻ**

ജന്മികുടിയാൻബന്ധം, വസ്തുക്കളുടെ ക്രയവിക്രയം തുടങ്ങി റവന്യുസംബന്ധമായ വിഷയങ്ങളെ ചർച്ചചെയ്യുകയാണ് 'കൊഴുമുതലാണ്മ'. നാണയമൂല്യശോഷണത്തെക്കുറിച്ച് അന്നത്തെ പാശ്ചാത്തലത്തെ മുൻനിർത്തി വിശദമാക്കുന്നു. രൂപ, ചക്രം മുതലായ നാണയങ്ങളുടെ വിപണിമുല്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. നാണയമൂല്യശോഷണത്തിനു കാരണമായേ ക്കാവുന്ന സാമൂഹികചർച്ചയും വിവരിക്കുന്നു.ഒപ്പംതന്നെ ലോകനാണയമൂല്യ ചർച്ചയും ചേർക്കുന്നു. വായു, വെള്ളം എന്നിവയുടെ മൂല്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് സമകാലികസാഹചര്യങ്ങളെ മുന്നിൽക്കാണുവാനും ഈ ധനതത്ത്വശാസ്ത്രജ്ഞന് കഴിയു ന്നുണ്ട്. പൊന്ന്, വെള്ളി എന്നിവയുടെ ആഗോളവിപണിയും സവിശേഷചർച്ചയ്ക്ക് ആധാരമാക്കുന്നുണ്ട്.

**വിദ്യാഭ്യാസമന:ശ്ശാസ്ത്രജ്ഞൻ**

ആധുനികവിദ്യാഭ്യാസചിന്തകൾ മിക്കവയും ആദ്യമായ വതരിപ്പിച്ചത് റവ.ജോർജ് മാത്തനാണ്. പത്തൊമ്പതാംനൂറ്റാണ്ടിൽ പറഞ്ഞുവെച്ച ചിന്തകളാണ് ആധുനികമെന്ന് പേരിട്ട് വിളിക്കു





ന്നതന്ന്. 1867-ൽ ജോർജ് മാത്തൻ നടത്തിയ 'ബാലഭ്യസനം' എന്നപേരിലുള്ള പ്രഭാഷണം സവിശേഷതയുള്ളതാണ്. ബാല ഭ്യസനത്തിന്റെ പ്രധാന്യത്തെക്കുറിച്ചും ബാലശിക്ഷണത്തെക്കുറിച്ചും കുട്ടികൾ പഠിച്ചിരിക്കേണ്ട വിഷയത്തെക്കുറിച്ചും അനുഭവസി ദ്ധമായ അഭിപ്രായങ്ങൾ ഉറപ്പിക്കുന്നു. മന:പാഠപഠനത്തെക്കുറിച്ചും വാചാലനാകുന്നുണ്ട്. വിദ്യാഭ്യാസം ആവോളം രസം തോന്നത്ത ക്കവിധത്തിൽ ആയിരുന്നാൽ മാത്രമേ വിദ്യാർത്ഥി ജിജ്ഞാസു വായിരിക്കുള്ളുവെന്നും വിശദമാക്കുന്നു. പൊതുവിദ്യാഭ്യാസം കഴിഞ്ഞാലുള്ള ഐശ്ചികപഠനരീതിയെക്കുറിച്ചും വിശദമാക്കുന്നു. പഠിക്കുന്ന കാര്യങ്ങൾ ഓർമ്മയിൽ നിലനിർത്താനുള്ള മാർഗ്ഗങ്ങളും വിശദീകരിക്കുന്നു.ബാലഭ്യസനം മാതൃഭാഷയിലാകണമെന്ന് ആദ്യം വാദിച്ചതും ജോർജ് മാത്തൻ തന്നെയാണ്. സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ വക്തവാണദ്ദേഹം.

**നിരൂപകൻ**

ടി. ലക്ഷ്മണരായരുടെ സന്മാർഗ്ഗോപദേശം എന്ന വിവർത്തനഗ്രന്ഥത്തിന് റവ. ജോർജമാത്തൻ എഴുതിയ നിരൂപണം മലയാളത്തിലെ ആദ്യ പുസ്തകനിരൂപണമാണ്. 1864 ജൂലൈ ലക്കം വിദ്യാസംഗ്രഹത്തിലാണ് ഇത് അച്ചടിക്കപ്പെട്ടത്. മലയാളം ഔദ്യോഗികഭാഷ ആക്കണമെന്ന നിർദ്ദേശവും ഈലേഖനത്തിൽ കാണാം. പത്രപ്രവർത്തനത്തിന്റെ ഭാഗമായി നിരൂപണത്തെ അദ്ദേഹം ഒപ്പംകൂട്ടി.ഭാഷശുദ്ധി,സാമൂഹികബോധം എിവയിലൂന്നിയ നിരൂപണപ്രക്രിയയാണ് നടത്തിയത്. സംസ്കൃതഭാഷയുടെ പ്രാധാന്യത്തെ ഉറപ്പിച്ചിരുന്ന പൊതുബോധത്തിലേക്കാണ് മലയാള ഭാഷയെ കയറ്റിയിരുത്തിയത്. ഭാഷാപരീക്ഷണം എന്നതിലു പരിയായി വ്യവഹാര-സാഹിത്യഭാഷയിലുള്ള അട്ടിമറിയാണ് നടത്തിയത്. സാധാരണജനങ്ങളിലേക്ക് ഭാഷയെ അരിച്ചുകയറ്റാൻ ഗദ്യഭാഷയിലൂടെ സാധ്യമാകുമെന്ന് തിരിച്ചറിഞ്ഞുള്ള പ്രവർത്ത നമാണ് കാഴ്ചവെച്ചത്. സ്വന്തം വ്യാകരണഗ്രന്ഥത്തെ ആധാരമാക്കി

ഗദ്യഭാഷയിലെ ശരിതെറ്റുകൾ ചൂണ്ടികാട്ടി. കേരളത്തിലെ രാഷ്ട്രീയ ലേഖനങ്ങളുടെ തുടക്കവും റവ.ജോർജ്ജ് മാത്തനിൽനിന്നാണ്. മരുമക്കത്തായം എന്ന ലേഖനം ഇക്കൂട്ടത്തിൽ മുഖ്യമാണ്.

പ്രബന്ധരചന, പ്രഭാഷണം, വ്യാകരണഗ്രന്ഥരചന, വിവർത്തനം, വേദാന്തതത്വപ്രതിപാദനം, ആധുനികശാസ്ത്ര വിശദീകരണം, ഗ്രന്ഥനിരൂപണം എന്നിങ്ങനെ ഭാഷയുടെ വ്യത്യസ്തവ്യവഹാരങ്ങൾക്ക് ശക്തമായ അടിത്തറയിട്ട പ്രതിഭാ ശാലിയാണ് റവ. ജോർജ് മാത്തൻ . പത്രപ്രവർത്തനമേഖലയിൽ സജീവമായി പ്രവർത്തിച്ച ആദ്യമലയാളിയും ഇദ്ദേഹമാണ്. അവർണ്ണവിഭാഗക്കാരുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കാൻ അദ്ദേഹത്തിനു പ്രത്യേക താല്പര്യം ഉണ്ടായിരുന്നു. ചുരുക്കത്തിൽ ഭാഷയ്ക്കും സമൂഹത്തിനും സഭയ്ക്കുംവേണ്ടി സമർപ്പിക്കപ്പെട്ട ധന്യജീവിതമായിരുന്നു റവ.ജോർജ് മാത്തന്റേത്. പ്രബന്ധരചനയ്ക്കും പ്രഭാഷണ കലയ്ക്കും വ്യാകരണത്തിനും തത്വചിന്തകൾക്കും ശാസ്ത്ര വിജ്ഞാനങ്ങൾക്കും നിരുപണത്തിനും സാമൂഹികവിമർശനത്തിനു മൊക്കെ അനുചിതമായി ഗദ്യഭാഷയെ കെട്ടിപ്പടുക്കുകയാണ് ജോർജ് മാത്തൻ ചെയ്തത്. ബോധനമാധ്യമം ഗദ്യത്തിന്റെ മുഖമാണെന്ന് മനസ്സിലാക്കിയാണ് മാതൃഭാഷാധ്യാപനത്തിനു വേണ്ടി വാദിച്ചത്. മലയാളഗദ്യഭാഷയുടെ വേരുകൾ ചെന്നെത്തുന്നത് ഇദ്ദേഹത്തിന്റെ കൃതികളിലാണെന്നതിൽ തർക്കമില്ല. ഭാഷയെ ബഹുസ്വരതയിലൂടെ വികസിപ്പിക്കുകയാണ് ഇദ്ദേഹം ചെയ്തത്. യുക്തിഭദ്രമായ പ്രയോഗത്തിലൂടെയത് സാധിച്ചെടുത്തുവെങ്കിലും മലയാളഭാഷാപഠനലോകം വേണ്ടത്ര ഇടം ഇദ്ദേഹത്തിന്റെ രചനകൾക്ക് നൽകുന്നില്ല.

**ഗ്രന്ഥസൂചി**





1. സാമുവൽ ചന്ദനപ്പള്ളി ഡോ., റവ.ജോർജ് മാത്തൻ കൃതികളും പഠനവും, ഓറിയന്റൽ റിസർച്ച്ഇൻസ്റ്റിറ്റ്യൂട്ട് , ചന്ദനപ്പള്ളി, 1992.
2. സാമുവേൽ നെല്ലിമുകൾ (ചീഫ് എഡി.), ഒരു പ്രേഷിത പ്രയാണചരിത്രം - സി. എം. എസ്. മിഷന്റെയും മദ്ധ്യകേരള മഹായിടവകയുടെയും ചരിത്രം, വോള്യം രണ്ട്, സി.എസ്.ഐ. ഡയോസിസൻ പബ്ലിക്കേഷൻ, കോട്ടയം, 2016.
3. സുധാ മേരി തോമസ് ഡോ.(എഡി.), റവ.ജോർജ് മാത്തനും മലയാളവ്യാകരണവും, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019.
4. മാത്തൻ തരകൻ പുത്തൻകാവ്, റവ. ജോർജ്ജുമാത്തൻ, മലയാളക്രൈസ്തവസാഹിത്യസമിതി, കോട്ടയം, 1940.

**Dr. Sudha Mary Thomas**
Asst. Professor
Dept. of Malayalam
Bishop Moore College,
Mavelikkara, Alappuzha
Kerala
Ph: 9961584906
Email: sudhamarythomas@gmail.com

# എഴുത്ത‘ച്ഛ’ന്റെ ചതു ര ന്ത്യ വീ ഥി യി□

ഡോ. എം. ആർ. ഷെ□ി

**പ്രബ ന്ധ സം ഗ്രഹം**

18–ാം ശതകത്തിന്റെ ആരംഭത്തിൽ മലയാളഭാഷാ–സാഹിത്യങ്ങൾക്ക് മൗലികമായ ചില സംഭാവനകൾ നല്കിയ മിഷണറിവര്യനാണ് ജോൺ ഏണസ്റ്റ് ഹാങ്സൽഡൻ എന്ന അർണോസ്പാതിരി. നിഘണ്ടുക്കളും വ്യാകരണഗ്രന്ഥങ്ങളും രചിച്ചു മലയാളഭാഷയെ പോഷിപ്പിച്ച, ഇതര വൈജ്ഞാനിക സാഹിത്യകാരൻമാരായ മിഷണറിമാരിൽനിന്ന് വ്യതിരിക്തനാണ് അദ്ദേഹം. തന്റെ ഭാഷാപാടവം, സർഗ്ഗാത്മക സാഹിത്യത്തിലേക്കു കൂടി അഭിസംക്രമിപ്പിച്ചു എന്നിടത്താണ് അദ്ദേഹം വേറിട്ടു നില്ക്കുന്നത്. മതപ്രചരണവുമായി ഇവിടെയെത്തുകയും അതിനുള്ള ഉപാധിയെന്ന നിലയിൽ ഭാഷാഭ്യസനത്തിൽ ഏർപ്പെടുകയും ചെയ്ത അദ്ദേഹത്തിന്റെ പ്രതിഭ, ക്രമേണ ശബ്ദകോശനിർമ്മിതിയിലേക്കും അവിടെനിന്നു സാഹിത്യരചനയിലേക്കും കടന്നതു തികച്ചും സ്വാഭാവികമായാണ്. സംസ്കൃത മലയാളങ്ങളുടെ അക്ഷയഖനിയിൽ നിന്നു താൻ സ്വീകരിച്ചതെല്ലാം അദ്ദേഹം മലയാളത്തിനു തിരികെ നല്കി. ഭാരതീയ സംസ്കൃതിയുടെയും ക്രൈസ്തവസംസ്കൃതിയുടെയും സമന്വയമായിരുന്നു അദ്ദേഹത്തിന്റെ ഓരോ രചനയും. കൂതാശപ്പാന, ജനോവപർവ്വം, വ്യാകുലപ്രബന്ധം, ചതുരന്ത്യം മുതലയാവയാണു മുഖ്യമായും അദ്ദേഹത്തിന്റെ മൗലികമുദ്ര പതിഞ്ഞ കൃതികൾ... ഇതിൽ ഏറ്റവും പ്രതിഭാന്വിതമായ ഒരു കൃതിയാണു ചതുരന്ത്യം. ചതുരന്ത്യത്തിന്റെ ഭാഷാ–ഭാവസ്വരൂപങ്ങൾ അപഗ്രഥിക്കുകയും അതിന്റെ രചനാപശ്ചാത്തലം സൂക്ഷ്മമായി പരിശോധിക്കുകയുമാണ് ഈ പ്രബന്ധത്തിൽ. ഒപ്പം പാതിരിയിലെ ഭാഷാമർമ്മജ്ഞനെ മലയാളം എത്രത്തോളം മനസ്സിലാക്കിയിട്ടുണ്ട് എന്ന ചിന്തയും ഇവിടെ പങ്കുവയ്ക്കപ്പെടുന്നു.

**താക്കോ□വാ ക്കു കൾ**

വൈജ്ഞാനിക–സർഗ്ഗാത്മകസാഹിത്യങ്ങൾ, കിളിപ്പാട്ടും പാതിരിയും, ഭാരതീയസംസ്കൃതി, ആർഷക്രൈസ്തവസാംസ്കാരിക സമന്വയം, മതബോധം, ശാസ്ത്രാവബോധം, ഭാഷാപരിപാകം, മിഷണറിവേഷവും എഴുത്തച്ഛനും

## പ്രബന്ധം

ആധുനികകേരളത്തിന്റെ സാമൂഹിക–സാംസ്കാരികപഥങ്ങൾക്ക് നിരന്തരപരിണതികളുടെ സുദീർഘമായ ഒരു ചരിത്രപശ്ചാത്തലമു





ണ്ട്. ജാതീയവും സ്ഥാനീയവും സാമ്പത്തികവുമായ അസ്പൃശ്യതകളുടെ അധമബോധങ്ങൾ കടന്ന് നവസങ്കല്പനങ്ങളുടെ അധിത്യകയിലാണ് ഇന്നു നാം എത്തിനില്ക്കുന്നത്. ആഢ്യനിലയങ്ങളുടെ അകക്കെട്ടുകളിൽ കുടുങ്ങിക്കിടന്ന അക്ഷരവെളിച്ചം പൊതുസമൂഹത്തിന്റെ തുറസ്സുകളിലേക്ക് ഒഴുകിപ്പരക്കാതിരുന്ന ആ കെട്ടകാലം അതിവിദൂരമൊന്നുമല്ല. അവിടെനിന്ന്, സുഘടിതമായ ഒരു സാംസ്കാരികാവബോധത്തിലേക്കു നമ്മെക്കൊണ്ടെത്തിച്ചത്, നവോത്ഥാന ശക്തികളുടെ തുടർച്ചയായ ഇടപെടലുകളായിരുന്നു എന്നതു തർക്കമറ്റ വസ്തുതയാണല്ലോ! ഈ നവോത്ഥാനപ്രക്രിയകളുടെ പ്രഥമദശയിൽ, ചെറുതല്ലാത്ത പങ്കുവഹിച്ചവരാണ് മതപ്രചരണാർത്ഥം ഇവിടെയെത്തിച്ചേർന്ന ക്രിസ്ത്യൻമിഷണറിമാർ. പ്രേഷിതപ്രവൃത്തിയും അതിനുള്ളിൽ തുന്നിപ്പിടിപ്പിച്ച സംഘടിതമായ മതപരിവർത്തന നയങ്ങളുമായി മുന്നിട്ടിറങ്ങുമ്പോൾ സാമാന്യജനതയുടെ ഉന്നമനമോ വിജ്ഞാനസന്ദാനമോ ഭാഷാപോഷണമോ ഒന്നും അവരുടെ ലക്ഷ്യങ്ങളിലേ ഉണ്ടായിരുന്നില്ല. തങ്ങളുടെ മതവിശ്വാസത്തിലേക്ക് അനുസരണബോധമുള്ള അനുയായികളെ ചേർത്തുപിടിക്കുക മാത്രമായിരുന്നു അവർക്കു മുഖ്യം. പക്ഷേ തദ്ദേശീയരുടെ മനസ്സിൽ കയറിക്കൂടണമെങ്കിൽ അവരുടെ ഭാഷയും സംസ്കാരവും അടുത്തറിയേണ്ടത് അത്യന്താപേക്ഷിതമാണെന്ന ഘട്ടം വന്നപ്പോഴാണ് മിഷണറിമാരുടെ ശ്രദ്ധ ഭാഷാപഠനത്തിലേക്കു തിരിയുന്നത്. കേവലഭാഷാഭ്യാസത്തിനപ്പുറം ഭാഷയുടെ ആത്മാവു തൊട്ടറിയുവാനും പ്രാദേശികസംസ്കൃതിയുടെ ഉദാത്തവശങ്ങളെ തങ്ങളുടെ മതബോധവുമായി വിളക്കിച്ചേർക്കാനും അവർ കാട്ടിയ നിഷ്കർഷ മലയാളവൈജ്ഞാനികമേഖലയ്ക്കാണു പ്രയോജകീഭവിച്ചത്. ഭാഷയുടെ അടിസ്ഥാനവ്യാകരണനിയമങ്ങളും പ്രയോഗങ്ങളും വിശദമാക്കുന്ന വ്യാകരണകൃതികളും ശബ്ദകോശങ്ങളും തയ്യാറാക്കിയതിലൂടെ മതപോഷണയത്നത്തെ ഭാഷാപോഷണയജ്ഞമായി അവരിൽ ചിലരെങ്കിലും മാറ്റിയെടുത്തു. ആഞ്ജലോഫ്രാൻസിസ്, ജോസഫ് പിറ്റ്, പൗളിനോസ് പാതിരി, ക്ലമന്റ് പിയാനി, ഹെർമ്മൻ ഗുണ്ടർട്ട് മുതലായവർ ഇക്കൂട്ടത്തിൽ പ്രമുഖരാണ്. മലയാളത്തിന്റെ അടിസ്ഥാനവ്യാകരണഗ്രന്ഥ

മായ കേരളപാണിനീയത്തിന്റെ രചനയ്ക്ക് ഗുണ്ടർട്ടിന്റെ 'മലയാള ഭാഷാവ്യാകരണം' തനിക്ക് ഏറെ ഉപജീവ്യമായി എന്ന് ഏ.ആർ പ്രസ്താവിച്ചിട്ടുള്ളതും ഓർക്കുക. എന്നാൽ എ.ഡി. 1700 ന്റെ ആദ്യ ദശകങ്ങളിൽത്തന്നെ വ്യാകരണരചനയും നിഘണ്ടു നിർമ്മാണവും സർഗ്ഗാത്മക രചനയും നടത്തിയ 'അർണ്ണോസ്പാതിരി'യെ മലയാള ഭാഷാസാഹിത്യചരിത്രം വേണ്ടവിധത്തിൽ സമദർശിച്ചിട്ടുണ്ടോ എന്നത് ആലോചിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സാഹിത്യചരിത്ര നിർമ്മിതികൾക്ക് എന്നും തിരസ്കാരങ്ങളുടെ ഒരു സമാന്തരചരിത്ര വുമുണ്ടല്ലോ.

അർണ്ണോസുപാതിരിയുടെ സംഭാവനകൾക്ക് നമ്മുടെ സാഹിത്യചരിത്രമോ ഭാഷാപഠനമോ അദ്ദേഹം അർഹിക്കുന്ന വിധ ത്തിലുള്ള പരിഗണനകൾ നല്കാഞ്ഞതിനു കാരണമെന്താവാം? ''മിഷണറിമാർ എന്നു കേൾക്കുമ്പോൾ, അച്ചടി, നിഘണ്ടു, വ്യാകര ണം, വിജ്ഞാനകോശം, വിദ്യാഭ്യാസം എന്നൊക്കെ മുൻവിധി യോടെ ചിന്തിക്കാൻ നമ്മൾ നിർബ്ബന്ധിതരാണ്. വൈജ്ഞാനിക മേഖലയിലല്ലാതെ സർഗ്ഗാത്മകരംഗത്തു മിഷണറിമാരുടെ സംഭാ വനകളെന്തെങ്കിലുമുണ്ട് എന്നു സമ്മതിക്കാൻ തന്നെ ഇക്കാരണ ത്താൽ പലരും തയ്യാറാകുന്നില്ല. സാഹിത്യത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകളും ഇക്കാര്യത്തിൽ തടസ്സം നില്ക്കുന്നു. സർഗ്ഗാ ത്മകരചനകൾ മാതൃഭാഷയിൽ മാത്രം സാധ്യമാകുന്ന ഒന്നാ ണെന്നും പഠനാത്മകരചനകൾ മാത്രമേ ഇതരഭാഷകളിൽ ആർക്കും വഴങ്ങുകയുള്ളൂ എന്നും പൊതുവേ കരുതിപ്പോരുന്നു. മലയാളത്തിൽ ഇതിനുള്ള ഒരേയൊരു അപവാദം അർണ്ണോസു പാതിരിയാണു താനും.''[1] ഇതുതന്നെയാണ് 'ഇന്തോളജി'യിലും സംഭവിച്ചത്. വില്യംജോൺസിനെയും മാക്സ്മുള്ളറിനെയും എഡ്വിൻ അർണോൾഡിനെയും ഗുണ്ടർട്ടിനെയും കാൽഡ്വലി നെയും വാനോളം പുകഴ്ത്തിയവർ ആ നിരയിൽ പ്രഥമഗണനീയ നായ പാതിരിയെ പരാമർശിച്ചു കടന്നു പോയിട്ടേ ഉള്ളൂ. മല യാളം-പോർട്ടുഗീസ് നിഘണ്ടു, വ്യാകരണം, മലയാള-സംസ്കൃത നിഘണ്ടു, സംസ്കൃതവ്യാകരണം എന്നീ വൈജ്ഞാനിക ഗ്രന്ഥങ്ങ





ളും, കൂതാശപ്പാന (പുത്തൻപാന), ചതുരന്ത്യം, ഉമ്മാപർവ്വം, ഉമ്മാടെ ദുഃഖം, വ്യാകുല പ്രബന്ധം, ജനോവാപർവം എന്നീ സർഗ്ഗാത്മകരചനകളും ആവേ മാരിസ്റ്റെല്ല എന്ന കീർത്തനപരിഭാ ഷയും അദ്ദേഹത്തിന്റെ സംഭാവനകളാണ്. ഇന്നും, ക്രിസ്ത്രീയനോ മ്പാചരണത്തിന്റെ ഭാഗമായും അല്ലാതെയും പാരായണം ചെയ്യപ്പെ ടുന്ന ഗ്രന്ഥങ്ങളാണു പുത്തൻപാനയും വ്യാകുലപ്രബന്ധവും. താത്ത്വികമായ ചിന്താപദ്ധതികളിലൂടെയുള്ള പാതിരിയുടെ പ്രയാ ണം അഭിവ്യക്തമാക്കുന്ന കൃതിയാണു ചതുരന്ത്യം. അദ്ദേഹത്തിലെ ഭാഷാപണ്ഡിതനായ കവിയെയും കവിയായ ഭാഷാപണ്ഡിത നെയും ഏറ്റവുമധികം സമന്വയിപ്പിക്കുന്ന കൃതിയെന്ന സ്ഥാനവും ചതുരന്ത്യത്തിനുണ്ട്.

ഭാരതീയ ദർശനസംഹിതകളോട് പാതിരിക്കുണ്ടായിരുന്ന പ്രരൂഢമായ ബന്ധവും മമതയും വെളിപ്പെടുത്തുന്നു 'ചതുരന്ത്യം' എന്ന ഗ്രന്ഥനാമം. ചതുരാശ്രമം, ചതുരുപായം, ചതുർവ്വേദം, ചതുര ഭിനയം, ചതുർവർണ്ണം, ചതുർയുഗം, ചതുർമുക്തി, ചതുർവൃത്തി എന്നിങ്ങനെ 'ചതുർ' ശബ്ദത്തിന്റെ കള്ളികളിലൊതുക്കാവുന്ന ഒന്നാണ് ആർഷസംസ്കൃതിയും തദനുബന്ധ ചിന്താപദ്ധതികളും. സംസ്കൃതഭാഷാഭ്യസനാർജ്ജിതമായ ഈയൊരവബോധവും സാക്ഷാൽ മഹാഭാരതത്തിലെ 'പർവ്വ' വിഭജനവും സമന്വയിപ്പിച്ചു കൊണ്ടാണ് അദ്ദേഹം ചതുരന്ത്യം എന്ന സംജ്ഞാകരണം നിർവ്വ ഹിച്ചത്. മരണത്തിൽനിന്നു മോക്ഷത്തിലേക്കുള്ള പ്രയാണമാണ് ഈ കൃതിയുടെ വിഷയം. മൃത്യുബദ്ധമായ 'മരണപർവ്വം', കർമ്മഫ ലാനുസൃതമായ വിധിയെ പരാമർശിക്കുന്ന 'വിധിപർവ്വം', നരകയാ തനകൾ വിശദീകരിക്കുന്ന 'നരകപർവ്വം', സ്വർഗ്ഗീയതയുടെ കവി ഞ്ഞൊഴുകലായ 'മോക്ഷപർവ്വം' എന്നിവയാണ് ചതുരന്ത്യത്തിലെ നാലുപർവങ്ങൾ. മരണത്തിനുശേഷം എത്തിച്ചേരാവുന്ന സ്വർഗ്ഗസ്ഥ നായ പിതാവിന്റെ സ്വർഗ്ഗീയ ഭവനം എന്ന സങ്കല്പത്തിൽ അധി ഷ്ഠിതമാണല്ലോ ക്രിസ്തീയമായ പ്രത്യാശാബോധം. ആ ഒരു അവ ബോധത്തിലേക്കു ജനതയെ സജ്ജീകരിച്ചെടുക്കാൻ വേണ്ടി, ബോധപൂർവ്വം തന്നെയാവണം ഭൗമികജീവിതമെന്ന യാഥാർ ത്ഥ്യത്തെ ഉപേക്ഷിച്ചുകൊണ്ട് മരണാന്തരജീവിതമെന്ന സങ്കല്പന

ത്തിലൂടെ പാതിരി തൂലിക ചലിപ്പിച്ചത്. തങ്ങളുടെ ജീവിത ലക്ഷ്യ മെന്താണെന്നു മനുഷ്യനെ ഓർമ്മിപ്പിക്കുകയും ആ ലക്ഷ്യം പ്രാപി ക്കുവാനുള്ള മാർഗ്ഗം ഉപദേശിക്കുകയും ചെയ്യുന്ന സാക്ഷാൽ ഭഗവ ദ്ഗീതയുടെ സ്വാധീനത ഈ കൃതിയുടെ അധ്യായവിഭജനത്തിലും പ്രതിപാദനശൈലിയിലും പാതിരിക്കൊപ്പമുണ്ടായിരുന്നു എന്നതും സൂക്ഷ്മദൃക്കുകൾക്ക് കണ്ടെത്താൻ യാതൊരു പ്രയാസവുമില്ല.

ഭൂമിയിൽ നിന്നുള്ള വേർപാടിനെ അത്യന്തം ക്രൂരവും രൗദ്ര വുമായിക്കാണുന്ന മരണാസന്നനായ ഒരുവന്റെ ഹൃദ്വിചാരങ്ങളാണ് 'മരണപർവ്വം'. 'പ്രാണനെപ്പാർപ്പിപ്പാൻ' കഴിവില്ലാത്ത ഭിഷഗ്വിദ്യ യുടെ നിരർത്ഥകത, ഭീതിജനകമായ ഭാവികാലം, സൗഹൃദങ്ങളുടെ ക്ഷണികത, ഈശ്വരനെമറന്ന യൗവനം, ഭോഗാനുഗാമിത്വം, സ്വച്ഛന്ദ വൃത്തി മുതലായവ അയാളുടെ ചിന്തകളിലൂടെ കടന്നുപോകുന്നു. വിധിദിവസത്തിന്റെ പ്രളയാത്മകഭാവങ്ങളും, അന്ത്യവിധിയും ദൈവ ത്തിന്റെ ന്യായാധിപകൃത്യങ്ങളും ആണ് 'വിധിപർവ്വ'ത്തിൽ പരാ മർശിക്കുന്നത്. ഒറ്റുകാരനായ യൂദായുടെ നരകാഖ്യാനവും സന്മാർഗ്ഗാവസ്ഥകളുടെ വിവരണവും മോക്ഷമാർഗ്ഗോദ്ബോധനവും നരകപർവ്വത്തിന്റെ പ്രധാനാംശങ്ങളാണ്. പ്രസാദാത്മകഭാവവൈവി ധ്യങ്ങളുടെ സ്വച്ഛന്ദലയമാണ് മോക്ഷപർവ്വം. ''സ്വർഗ്ഗസൗഭാഗ്യ ത്തിന്റെ സുഖശീതള സാഹചര്യം, ഉത്തമക്രൈസ്തവ ജീവിത ത്തിനു പ്രതിഫലമായി ലഭിക്കുന്ന മോക്ഷഭാഗ്യത്തിന്റെ മോഹിപ്പി ക്കുന്ന അന്തരീക്ഷം. തിരയടങ്ങിയ കടലിന്റെ പ്രശാന്തത, അഴിമുഖ ത്തെത്തിയ നദീപ്രവാഹത്തിന്റെ സ്വച്ഛസാഫല്യം, ഇനി വിശ്രമ ത്തിന്റെ അവിഘ്നലയം. അതാണു മോക്ഷപർവ്വം.''[2]

**കാവ്യാ ന്തർസ്ഥ ലി ക ളി ലൂടെ**

**(i) ക്ലാസിക് കൃതി ക ളോ ടുള്ള ആധമർണ്യം**

മാതൃഭാഷകൻ അല്ലാത്ത ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം, മലയാളഭാഷാഭ്യസനവും പ്രയോഗവും അത്യന്തം ദുഷ്കരമാ ണെന്ന പൊതുധാരണയെ തിരുത്തിക്കുറിച്ച ആദ്യത്തെ വിദേശി യായ വൈജ്ഞാനിക സാഹിത്യകാരനെന്നും സർഗ്ഗാത്മകരചയിതാ





വെന്നും അർണ്ണോസ് പാതിരിയെ വിശേഷിപ്പിക്കാം. ഭാഷാപിതാവി ന്റേതടക്കമുള്ള കീർത്തനകൃതികളുമായുണ്ടായ പ്രഗാഢമായ ബന്ധത്തെ സൃഷ്ട്യുന്മുഖമാക്കിയെടുത്തു എന്നിടത്താണ് അർണ്ണോസുപാതിരിയുടെ പ്രാഭവം നമ്മൾ കണ്ടുതുടങ്ങുന്നത്. 'ചതുരന്ത്യം' ഇതിനു സമഗ്രമായ ഒരു നിദർശനമാണ്. ഭാഷാപര മായും ഭാവപരമായും ദർശനപരമായും നമ്മുടെ ക്ലാസ്സിക്കൃതിക ളോടു ചതുരന്ത്യത്തിനുള്ള പക്ഷപാതം പലപ്പോഴും നമ്മെ വിസ്മ യിപ്പിക്കുന്നു.

''ധാത്രിയിൽവാഴുവാനല്പകാലത്തിന്നു-

വസ്ത്രസമം വപുസ്സുടുത്തേനോ''

എന്ന ഭാഗവും

''വാസാംസിജീർണ്ണാനിയഥാവിഹായ

നവാനിഗൃഹ്ണാതി നരോƒപരാണി

തഥാശരീരാണീ വിഹായ ജീർണ്ണാ-

ന്യന്യാനി സംയാതി നവാനി ദേഹീ''

എന്ന ഗീതാസങ്കല്പവും താരതമ്യം ചെയ്തുനോക്കുക. ദേഹവസ നബന്ധം ക്രൈസ്തവേതരവും തികച്ചും ഹൈന്ദവവുമായ ഒരു ദർശനമാണ്. സ്വമതത്തിലേക്ക് ആളെച്ചേർക്കാനെത്തിയ പാതിരി, മറ്റൊരു മതത്തിന്റെ ഒസ്യത്ത്, കൈയടക്കിയതിനു കാരണമെ ന്താവാം? ചുവടുറപ്പിക്കാൻ ഭദ്രമായ ഒരസ്തിവാരം തയ്യാറാക്കുക യെന്ന കൗശലം തന്നെയാണ് ഇതിനു പിന്നിൽ... രുചിയറിഞ്ഞു വിളമ്പുക എന്ന ഒരു പഴമൊഴിയുണ്ടല്ലോ... തദ്ദേശീയർക്ക് കൂടുതൽ പരിചിതമായ പരിരസരങ്ങളിലൂടെ കൈപിടിച്ചു ലക്ഷ്യസ്ഥാനത്തെ ത്തിക്കുകയെന്ന തന്ത്രമാണ് പാതിരി അവലംബിക്കുന്നത്. ഈ രച നാതന്ത്രം പാതിരികൃതികളിൽ ഏറ്റവും സുസ്പഷ്ടമാകുന്നതും 'ചതുരന്ത്യ'ത്തിൽത്തന്നെയാണ്.

'ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസ്സുകളുടെ സമ്മേളന' മെന്ന് അധ്യാത്മരാമായണകാരൻ പറഞ്ഞതുതന്നെയാണ് മരണ പർവ്വത്തിലെ

''എന്നുടെ ദേഹവും ദുർഗന്ധസാധനം
ഒന്നിനാകാത്ത കൃമിബീജവും''

എന്ന വരികളിലെ ഭംഗ്യന്തരേണ പാതിരി പറഞ്ഞുറപ്പിക്കുന്നത്.

''മർത്ത്യകാലം കൃശംപാദംകളിച്ചുപോം
അർധമുറങ്ങിപ്പോം ഫലം വിനാ
പാദം കളഞ്ഞുപോം സാരകാര്യത്തിന്നു
പാദകരങ്ങളുത്സാഹിച്ചില്ല.''

എന്ന വരികളിലെ ആശയത്തിനു ഭർത്തൃഹരിയോടു കടപ്പാടുണ്ട്.[3]

മരണപർവ്വത്തിൽനിന്നു വിധിപർവ്വത്തിലെത്തുമ്പോൾ ക്ലാസിക് കൃതികളോടുള്ള ആധമർണ്യം കൂടുതൽ പ്രസ്ഫുടമാകുന്നു. വിധി പർവ്വത്തിൽ, ഇരുഭാഗങ്ങളായി നിരന്നു നില്ക്കുന്ന ബന്ധുജന ങ്ങളെ വിവരിക്കുന്ന ഭാഗം, മഹാഭാരതം കിളിപ്പാട്ടിലെ, കുരുക്ഷേത്ര ഭൂമിയിൽ യുദ്ധോദ്യുക്തരായി ഇരുഭാഗത്തുമണിനിരക്കുന്ന ബന്ധു മിത്രാദികളുടെ വിദൂരസ്മരണയുളവാക്കുന്നു.

''ശിരസിമകുടമണിവിവിധകിരണമേ സൂക്ഷ്മിച്ചാൽ
.............................................................................................
വേഷമശേഷമതിമുഖ്യമറിഞ്ഞാലും (120-122)
''അവനിയതിനുമുടിവരുന്നപോലതി ഗർജ്ജിതം
മുഴങ്ങി മിന്നലും മിന്നി ഭയങ്കരം
അവനിയിലചലഗിരികളിളകി വിറകൊണ്ടിതു
കുലുങ്ങി ലോകവും പേടിച്ചു ലോകരും'' (116-117)
''ഗഗനമതിമുഡുവകളുമതിദരതകേതുവും





കമ്പമുണ്ടാംവണ്ണംപ്രത്യക്ഷമായിടും
ഗ്രഹദിവസകര ശശധരരുചികളുമൃക്ഷവും
ഗ്രഹണം കൊണ്ടുമറഞ്ഞുദുഃഖിച്ചിടും
ദിവസമതിനുടെ വെളിവും രജനിയുടെ ദീപവും
കെട്ടന്ധകാരങ്ങൾ വ്യാപിച്ചീടും ക്ഷിതൗ
.....................................................................................
ജലനിധി ഭുവനമഥ രുധിരസദൃശമായ്‌വരും
സർവ്വതീരങ്ങളും ചോരയായ്തീർന്നുപോം''[4]
സ്വകവിരതിസമയമതിറിവതിനു ധരിത്രിയും
ഭീമം കുലുങ്ങീട്ടു ലോകം വിറച്ചീടും'' (40-46)

മുകളിലുദ്ധരിച്ചിരിക്കുന്ന സൂക്ഷ്മവർണ്ണനകൾക്കു പൂർവ്വമാതൃകക ളായ എത്രയധികം ആഖ്യാനഭാഗങ്ങളാണ് മഹാഭാരതം കിളിപ്പാ ട്ടിലെ വിവിധപർവ്വങ്ങളിൽനിന്നു തിരഞ്ഞെടുക്കാനാവുക! ഇതൊന്നും യാദൃച്ഛികമെന്നു കരുതാൻ നിർവ്വാഹമില്ല.

നരകപർവ്വമാണ് ഇതിലെ ഏറ്റവും സുദീർഘമായ പർവ്വം. ഒരർത്ഥ ത്തിൽ, അദ്ധ്യാത്മരാമായണത്തിലെ ഉമാമഹേശ്വരസംവാദത്തെയും മഹാഭാരത്തിലെ സഞ്ജയ-ധൃതരാഷ്ട്ര ഭാഷണത്തെയും മറഞ്ഞി രുന്നുകൊണ്ട് കിളിമൊഴികളിലൂടെ കാര്യാകാര്യവിവേചനം നട ത്തുന്ന എഴുത്തച്ഛനെത്തന്നെയും ഒട്ടാകെ ഓർമ്മിപ്പിക്കുംവിധമാണ് ഇതിന്റെ രചനാക്രമം. യൂദാസ്, ഗുണാനുഗൻ, തത്ത്വബോധൻ എന്നിവർ പ്രതീകവത്കൃതരായ കഥാപാത്രങ്ങളാണ് 'നിറന്നപീലി കൾ നിരക്കവേകുത്തി' നിൽക്കുന്ന എഴുത്തച്ഛന്റെ ശ്രീകൃഷ്ണൻ നമ്മിൽ ഭക്തിഭാവമാണുണർത്തുന്നതെങ്കിൽ അതേ ശ്രീകൃഷ്ണ വർണ്ണനയുടെ മാതൃകയിൽ, പാതിരി വരച്ചുകാട്ടുന്ന യൂദായുടെ ചിത്രം ഭയാനകതയുടെ പാരമ്യമത്രേ! കവിയുടെ ഭാഷയിൽ പറ ഞ്ഞാൽ 'ദർശിപ്പാൻ ഭയമേറും അക്ഷിഗോചരരൂപ'മത്രേ അത്.

''അന്യായാർജ്ജിതം ദ്രവ്യം തന്ന്യായാൽ വിനശ്യതി

ദുർന്യായഗകതമെല്ലാം സന്ന്യായാലഴിഞ്ഞുപോം

പർവ്വതജലംപോലെ വേഗേന പൊയ്പോയിടും

പരസ്വം ക്ഷണപ്രഭാസ്വല്പവും പ്രകാശിക്കും

പരാർത്ഥലാഭം നിത്യനരകദുഃഖകൃച്ഛ്റം

അരമിതൊടുങ്ങീടാ ഖേദിക്കും നിരവധി (228–30)

എന്നിടത്തെ വീക്ഷണഗതികൾ, നീതിശകതകത്തിലെ സാരോപദേശകഥനത്തോട് ഒത്തുപോകുന്നതാണ്. ഭഗവന്നാമങ്ങൾകൊണ്ട് സ്തോത്രമാല്യം തീർക്കുന്ന എഴുത്തച്ഛനെ മനസാധ്യാനിച്ചു തന്നെ യാവാം,

''.............. സർവ്വേശനേകപ്രഭു

സത്പതി, ധർമ്മപതി, സകലഗുണപതി

നിഖിലലോകപതി, സദ്ഗുണപ്രജാപതി

അഖിലജനപതി, സർവൈകപതി വേദ-

പതി, സർവ്വജ്ഞൻ, വീദ്ധ്രൻ, കൂടസ്ഥൻ, നിരുപമൻ

അന്തോനഗുണനിധി, കരുണാഗാധാംബുധി

സൃഷ്ടിപാലന നാശനങ്ങൾക്കുമേകപതി

ശ്രേഷ്ഠനവ്യയൻ പരൻ, അനാദിദയാനിധി

അകാരണകാരണൻ, സർവപതീനാംപതി

സകലനാഥൻ, ..................................................''

എന്നിടത്തെ ഈശരനാനമപരമ്പരകൾ കവി രൂപപ്പെടുത്തിയത്. ശുദ്ധസംസ്കൃതത്തിൽ ഭഗവത്കീർത്തനം നടത്തുന്ന ഭാഷാപിതൃപാരമ്പര്യവും പാതിരിക്കന്യമല്ല. ഈ ഉദാഹരണം നോക്കൂ.

''സർവ്വേശം മൃത്യുഞ്ജയം നരത്രാതരംനാഥം

സർവ്വജ്ഞം വേദഗുരും സുകൃതജനപ്രിയം





ദേവജം മേ മാതരം മർത്യജം മേ പിതരം

ദേവാ ച മനുഷ്യ്യുച മൃതം ചാമൃതം ചൈവ

വേദാന്തമിച്ഛപ്രദം നിർഗുണം ദയാകരം

വേദനാഗരം സാക്ഷാൽ ഗുണാഭം മോക്ഷപ്രദം

ദുരിതഹരം പീഡിതാധാരം നരാശ്രയം

സ്വരീശാ സർവ്വപാലം സാഷ്ടാംഗം നമാമ്യഹം''

അധ്യാത്മരാമായണം കിളിപ്പാട്ടിലെ ഭഗവന്നാമാലാപനത്തിനു ക്രിസ്തീയപരിവേഷം ലഭിച്ചുവെന്ന ഒറ്റവ്യത്യാസം മാത്രമേ ഈ വരികളിൽ ദൃശ്യമാകുന്നുള്ളൂ. ജ്ഞാനലബ്ധമായ ആനന്ദത്തെ പരാമർശിക്കുന്ന ഭാഗത്തിന് ഗഭവദ്ഗീതയിലേതടക്കമുള്ള ദർശനസംഹിതകളോടുള്ള ബന്ധവും അനിഷേധ്യമാണ്. ആസ്തിക്യബോധം, ദൈവ-പരസ്നേഹങ്ങൾ, ലോകം, പിശാച്, ജഡം മുതലായവ വിവരിക്കുന്ന ഭാഗത്തിന്

''ഒന്നുകൊണ്ടറിയേണം രണ്ടിന്റെ ബലാബലം

പിന്നെ മൂന്നിനെ നാലാൽവശത്തുവരുത്തേണം''

എന്നിങ്ങനെ തുടരുന്ന മഹാഭാരതം കിളിപ്പാട്ടിലെ വരികളോടുള്ള ആധമർണ്യത്തെ ഭാരതീയധർമ്മബോധത്തിന്റെ ക്രൈസ്തവ ഭാഷ്യമെന്നു[4] ഡോ.കുര്യാസ് കുമ്പളക്കുഴി ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മോക്ഷപർവ്വത്തിലെ ത്രിത്വൈകദൈവവർണ്ണനയിൽക്കാണുന്ന

''ആത്മാവുപലതല്ല, മൂന്നിലുമൊന്നുതന്നെ

അംബുമൂലവും സരിത്തടാകം മൂന്നുതന്നെ

ഉറവും തോടും കുളം മൂന്നിലുമൊരുജലം''

എന്നതിനു സമാനമായ ആശയം പ്രകാരാന്തരേണ മുന്നേതന്നെ സംസ്കൃതസാഹിത്യചർച്ചകളിൽ ഇടംപിടിച്ചിട്ടുള്ളതാണ്. കാവ്യാ

രംഭത്തിലെ വന്ദനവും ഉപക്രമത്തിലെ ഫലശ്രുതിയുമൊക്കെ സംസ്കൃത പാരമ്പര്യത്തിന്റെ തുടർച്ചകളാണ്.

### (ii) താത്ത്വി ക വീ ക്ഷ ണ ങ്ങൾ

പ്രബോധനാത്മകമായ ഒരു കൃതിയായതുകൊണ്ടുതന്നെ തത്ത്വോപദേശത്തിനും തദനുബന്ധ ദാർശനിക ചിന്തകൾക്കും ചതുരന്ത്യത്തിൽ സർവ്വദാ സർവ്വഥാ പ്രാധാന്യം നല്കാൻ പാതിരി ശ്രദ്ധിക്കുന്നുണ്ട്.

''കഴിഞ്ഞകാലങ്ങൾ വരുത്തിക്കൂടുമോ?

അഴിഞ്ഞുപോയ സാമർത്ഥ്യമതു

അതീതമായതു വർത്തമാനമല്ല

അതു ഭാവിയല്ല പിന്നെ വരാ'' (മരണപർവ്വം)

''അന്തഃക്രിയകൾ കഴിച്ചീടുവാൻ പുത്രൻവേണം

പാതിയും ജനകനു പുത്രനെന്നറിയണം (നരകപർവ്വം)

ശീതവുമഗ്നിക്കില്ല, വേപ്പിന്നു മാധുര്യവും

ശിലയ്ക്കു മൃദുത്വവും ശോഭയുമിരുട്ടിന്നു

വിലയും പങ്കത്തിനു, പാറയ്ക്കു പ്രസൂനവും

ഘൃണിയുമിരുമ്പിന്നു, താമസിക്കാദിത്യനും'' (മോക്ഷപർവം)

സിന്ധുമഹാർണവം കൊണ്ടു ത്യാജ്യമായുള്ള ദാഹം

അസാരം മഴത്തുള്ളി കുടിച്ചാൽ പോകുമതോ? (മോക്ഷപർവം)

''നൃദേഹത്തിനു സൂര്യൻ നയനമാകുന്നതു

ആദിത്യഹീനമൂലം ഭുവനം കറുത്തുപോം

..........................................................................

ഒരു ശോഭയെ ഒരു ശോഭകൊണ്ടറിയണം''





''സമ്പൽസമയത്തിൽ ബഹുസഖികളു

ണ്ടാപത്തുള്ള നേരമൊക്കെപ്പോകും'' (മരണപർവ്വം)

ഇത്തരത്തിലുള്ള താത്ത്വികവിചാരങ്ങളുടെ രത്നാകരം തന്നെയാണ് ഈ കൃതി. ആത്മീയോന്നമനമാണല്ലോ എല്ലാ താത്ത്വികതകൾക്കും പിന്നിൽ.

### (iii) നിര ല ങ്കാ രത്വം

കാവ്യാന്തർഭാവത്തോടൊട്ടിനിന്ന്, രസപോഷണ യുക്തമായി വർത്തിക്കുന്ന സ്ഥാനസ്ഥിതങ്ങളായ അലങ്കാരങ്ങളുടെ സഞ്ചയഭൂമികയാണല്ലോ എഴുത്തച്ഛൻകൃതികൾ. പക്ഷേ, അത്തരമൊരു അലങ്കാര സന്നിവേശനം, രസാഭിവ്യഞ്ജകമായി വർത്തിക്കുന്നതിന്റെ വിദൂരച്ഛായ പോലും ചതുരന്ത്യത്തിലില്ല. എന്നു പറയുന്നതിൽ അതിശയോക്തിയുണ്ട് എന്നു തോന്നുന്നില്ല. എഴുത്തച്ഛൻശൈലിയിൽ നിന്നുള്ള ഒരു വലിയ വ്യതിയാനമാണിത്.

''പുറത്തുനിന്നു ജലം വരാതെ നാളീകേര-

നീരുണ്ടാം വണ്ണമുള്ളിൽ ഭവിക്കും തൈലംപോലെ

നിർമ്മലജനനിക്കു കന്യാത്വഹീനം വിനാ-

മാതാവിന്നുദരത്തിൽ ഗർഭമായ് ചമഞ്ഞുടൻ

മർത്ത്യനായ് കന്യാപുത്രൻ ഭൂമിയിൽ പിറന്നു നീ-

അർക്കാഭപളുങ്കിനെക്കടക്കുമെന്നപോലെ''

എന്നിടത്തെ മാലോപമാകല്പനവും,

''കുപ്പിക്കു ഛേദം വരാതെ ആദിത്യൻ

കുപ്പിതന്നിൽക്കടക്കുമതുപോലെ

ഉദരത്തിന്നു ഭംഗം വരുത്താതെ

മേദിനിയിലിറങ്ങി സർവ്വപ്രഭു''

എന്നതിലെ സദൃശകല്പനവും

''തരുപത്രങ്ങളെണ്ണിസംഖ്യയെയൊപ്പിക്കിലും

ഭൂരസികതയിത്രയെന്നതു കൂട്ടുകിലും

അസാദ്ധ്യം സാധിക്കിലു, തല്പരമമനാരതം

ദുസ്ഥലനരകാധി പറഞ്ഞൊപ്പിപ്പാൻ പണി''

എന്നിവടത്തെ 'വിഷമത്വ'വും

''ഭൃശകോപികൾ മന്ദപാപികളിതിക്കൂട്ടം

മഴവർഷത്തിലേറ്റം പെയ്യുന്നതുപോലെ

ചുഴലിക്കാറ്റുകൊണ്ടുപത്രങ്ങൾ വീഴുംവണ്ണം

ലോകമാനുഷർ സദാവീഴുന്നു നരകത്തിൽ''

എന്നിടത്തെ സദൃശോക്തിയുമൊന്നും തന്നെ ചമത്കാരകാരിയായി അലങ്കാരകോടിയിലേക്ക് ഉയരാതെ, കേവലം വസ്തുകഥനം മാത്രമായി നില്ക്കുന്നതേയുള്ളൂ. ചില ഉത്പ്രേക്ഷാ-രൂപകച്ഛായകളും കാവ്യത്തിൽ അങ്ങിങ്ങ് ഉണ്ടെങ്കിൽത്തന്നെയും അവയുടെ രസാഭിവ്യഞ്ജനക്ഷമതയും ഒരു പരിധിവരെ ചോദ്യം ചെയ്യപ്പെടേണ്ടതുതന്നെ. അപവാദമായി മോക്ഷപർവ്വത്തിലേതടക്കം ചില സൂക്ഷ്മസ്വഭാവവർണനകൾ കണ്ടേക്കാം. എത്ര തന്നെ ഭാഷാഭിജ്ഞനാകിലും ഉണ്ടായേക്കാവുന്ന വൈദേശികമായ പരിമിതിയോ പ്രബോധനപരത ലക്ഷ്യം വയ്ക്കുന്ന കാവ്യത്തിൽ, വസ്തുസ്ഥിതികഥനമല്ലേ കൂടുതൽ സംഗതം എന്ന ചിന്തയോ ആവാം ഈ അലങ്കാരരാഹിത്യത്തിനു പിന്നിൽ. പക്ഷേ, അതൊരുതരത്തിലും കാവ്യശോഭയ്ക്കു ഭംഗം വരുത്തുന്നതേയില്ല.

### (i) ഉപ ദേ ശ ക ഥനം

പ്രബോധനാത്മകത എന്ന ലക്ഷ്യത്തിൽ ഊന്നിനിന്നുകൊണ്ട് പുണ്യ-പാപസഞ്ചയങ്ങളുടെ പാരസ്പര്യം അഭിവ്യക്തമാക്കുവാൻ ഗ്രന്ഥകാരനു സാധിച്ചിട്ടുണ്ട്. ദൈവഹിതാനുസാരിത-ത





ത്പ്രതിഫലം, ദുഷ്കർമ്മം - ദണ്ഡനീതി എന്നിങ്ങനെ പോകുന്നു അതിലെ വിധ്യാത്മക സ്വഭാവം.

1. ''ഭുവനഗമമ നരവിഗതിപോവതിനു നല്കിയ-

തെന്നെ പ്രതിയതിനിക്കെന്നറിഞ്ഞാലും

പരവിവശതയതിനുപകൃതമപകൃതം മമ

അതു സമ്മാനിപ്പൻമഹ്യം കൃതം യഥാ

ധരണിയിലെയവഗണിത ധനമുപേക്ഷ ചെയ്തതു

എന്നെ പ്രതിനിസ്വൻമാർക്കു ഭാഗ്യമഹോ...''

2. ''പഥികനഹമൊരുദിശി ഭവന വിചയനത്തിന്നായ്

നടക്കുമ്പോൾ സ്ഥലം നിങ്ങൾ നല്കിമമ

..........................................................................................

..........................................................................................

ജ്വരവ്രണസദനമേറിയ രുജകളഭയോഗിക്കും

കാലമെന്നെ നിങ്ങൾ കണ്ടു തണുപ്പിച്ചു

ഗദരുജകളുമകലുമഴിവുമരണമെന്നുമേ

നിങ്ങൾക്കുണ്ടാകാതെ നിത്യം സന്തോഷിപ്പിൻ''

''നിന്നെപ്പോലെ നിന്റെ അയല്ക്കാരനെ സ്നേഹിക്കുക, സ്വർഗ്ഗരാജ്യത്തെപ്രതി പീഡകൾ അനുഭവിക്കുന്നവർ ഭാഗ്യവാൻമാർ, സ്വർഗ്ഗരാജ്യം ദരിദ്രർക്കവകാശപ്പെട്ടതാണ്'' മുതലയാല ബിബ്ലിക്കൽ സങ്കല്പങ്ങളെ അനുധാവനം ചെയ്യുകയാണ് കവി. ''അക്കമിട്ടു വിവരിക്കുന്ന ഈ വിധിത്തീർപ്പുകൾ പില്കാലത്തു ക്രൈസ്തവരുടെ ജീവിതവീക്ഷണത്തെയും ജീവിതശൈലിയെയും സ്വാധീനിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ടാകും എന്നു തീർച്ചയാണല്ലോ.''[5] ഒരർത്ഥത്തിൽ, പത്തുകല്പനകളുടെ പാല

നവും നിരാസവും അപഗ്രഥിക്കുകയാണു വിധിപർവം എന്നുപറയാം; നരകപർവ്വമാകട്ടെ, ഈ വിധികൾ ഉല്ലംഘിക്കുന്നവർക്കുള്ള ശക്തമായ താക്കീതും. ഭോഗതൃഷ്ണാബദ്ധരായി ലൗകികതയിൽ ആമഗ്നരാകരുതെന്ന വിലപ്പെട്ട സന്ദേശം നൽകുന്ന ഭാഗങ്ങളിലെ ആത്മാർത്ഥതയും വികാനിർഭരതയും അനുക്തസിദ്ധംതന്നെ.

### (ii) ഉപ ക ഥ കളും ശാസ്ത്ര ബോ ധവും

മഹാഭാരതം, ബൈബിൾ തുടങ്ങിയ പ്രാമാണിക ഗ്രന്ഥങ്ങളുടെ ഏറ്റവും വലിയ സവിശേഷതകയാണ് കഥകളും ഉപകഥകളും ചേർന്ന ബൃഹദാഖ്യാനശൈലി. ഒന്നിനെ സാധൂകരിക്കുവാനും ദൃഢീകരിക്കുവാനും ചേർക്കുന്ന ഈ ഉപകഥകൾ, അഭിവ്യഞ്ജകഭാവം ഉൾക്കൊള്ളുന്നവയാണ്. അക്കാലത്തെ, കേരളീയ സാംസ്കാരികാന്തരീക്ഷത്തിനു കൂടുതൽ പരിചിതം മഹാഭാരതാദി ഇതിഹാസകഥനങ്ങളുടെയും ഏഴുത്തച്ഛൻകൃതികളുടെയും പ്രതിപാദനശൈലി ആയതുകൊണ്ടാവണം ഈ ലഘുകാവ്യത്തിൽ വളരെയധികം ഉപകഥനങ്ങൾ പാതിരി കൂട്ടിച്ചേർത്തത്. (ബൈബിൾ അതിന്റെ സമഗ്രതയിൽ എന്തായാലും അന്ന് പ്രചുരപ്രചാരം നേടിയിരുന്നില്ലല്ലോ). സങ്കീർണ്ണജീവിതഭാവങ്ങൾ വിളംബരം ചെയ്യുന്ന പുരാവൃത്തങ്ങൾ എന്ന നിലയിലാണ് ചതുരന്ത്യത്തിൽ അവയ്ക്കുള്ള പ്രസക്തി. മഗ്ദലനമറിയത്തിന്റെ കഥ, നോഹയുടെ കാലത്തുണ്ടായ പ്രളയം, സോദോംഗമോറയുടെ നാശം, അനന്യാസിന്റെയും സഫീറയുടെയും കഥ, ജൂലിയൻ രാജാവ്, സീനായ് ഉടമ്പടി, മാലാഖമാരുടെ പൈശാചികരൂപാന്തരണം, സാംസൺ, ലിസിമാർക്കോസ്, ലാസറിന്റെ കഥയിലെ ധനവാൻ, തീത്തോസ് രാജാവ്, കായീനും ആബേലും, വനവാസിയായ സന്യാസി, രാജാവും ആപത്തിൽപ്പെട്ട സ്ത്രീയും എന്നിങ്ങനെ സാന്ദർഭികമായി ചേർക്കപ്പെടുന്ന ദൃഷ്ടാന്തകഥനങ്ങളെല്ലാം കാവ്യത്തിന് നൽകുന്ന എല്ലുറപ്പും എടുത്തുപറയേണ്ടതാണ്. കവിയുടെ ശാസ്ത്രബോധവും ശാസ്ത്രജ്ഞാനവും വെളിപ്പെടുത്തുന്ന ചില ദൃഷ്ടാന്തങ്ങളും ചതുരന്ത്യത്തിലുണ്ട്. മോക്ഷാർത്ഥിയുടെ ഉദ്ഗമനവേളയിലുള്ള ആകാശസൂര്യചന്ദ്രതാരവർണ്ണനകളാണ് ഇതിനു തെളിവ്.





‘‘ഭൂലോകം ചുരുങ്ങുന്നു നക്ഷത്രഗ്രഹങ്ങളും

വലുതായ്തോന്നുന്നിതു ചിത്രം!’’

എന്നാരംഭിക്കുന്ന ഭാഗം ശ്രദ്ധിച്ചാൽ ഇതു ശരിയെന്നു ബോധ്യമാകും.

### (vi) സാംസ്കാ രി ക വി ല യനം

ക്രൈസ്തവവും ഹൈന്ദവവുമായ സാംസ്കാരികതകളുടെ വിലയനം കൂടിയാണ് ചതുരന്ത്യം. ക്രൈസ്തവവിശ്വാസത്തിലധിഷ്ഠിതമായ മതാത്മകചിന്തകൾക്കു കൈത്താങ്ങായി പാരമ്പര്യാർജ്ജിതമായ ഭാരതീയ ചിന്തകൾക്കും പാതിരി ഇവിടെ സ്ഥാനം കല്പിക്കുന്നു. ഭൂമിയിലെ ഓരോ മനുഷ്യന്റെയും യഥാർത്ഥ ഗൃഹം സ്വർഗ്ഗീയഭവനമാണെന്നും അക്കരയ്ക്കുള്ള കപ്പൽയാത്ര അവസാനിക്കുമ്പോൾ അവൻ സ്വർഗ്ഗീയ തുറമുഖത്തിറങ്ങുമെന്നും ഉള്ള ചിന്ത ബൈബിൾ വിശ്വാസത്തിന്റെ ആണിക്കല്ലാണ്. മനുഷ്യരെല്ലാം ജന്മനാപാപികളാണെന്നും ബൈബിൾമതമുണ്ട്.

1. ‘‘ഞാൻ പഥഗാമി നടന്നതൊക്കെമതി

   എന്നുടെ കപ്പലഴിക്കൽ ചെന്നു

   എന്നുടെ കപ്പലണഞ്ഞില്ലല്ലോ മമ...’’

2. ‘‘മോക്ഷത്തിൽ പൂകുവാൻ മാർഗ്ഗമറിയിച്ചു

   രക്ഷവരുത്തുവാൻ ക്ലേശിച്ചു നീ’’

3. ‘‘മൺപാത്രമാമിവൻ നീചസ്വഭാവിയും

   ഒന്നിനാകാത്ത വൻമഹാപാപി’’

ഇത്തരത്തിലുള്ള ക്രൈസ്തവചിന്തകൾക്കൊപ്പം

‘‘എന്നുടെ ദേഹവും ദുർഗന്ധസാധനം

ഒന്നിനാകാത്ത കൃമിബീജവും

അത്യന്തനിസ്വൻ ഞാൻ ദ്വേഷവിഷയൻ ഞാൻ

ത്യക്തമൺപാത്രവും മഹാപാപീ''

എന്ന ഹൈന്ദവക്രൈസ്തവദർശന സങ്കലനവും

''അന്തഃക്രിയകൾ കഴിച്ചീടുവാൻ പുത്രൻവേണം

പാതിയും ജനകനു പുത്രനെന്നറിയണം''

എന്ന ഭാരതീയസംസ്കൃതിയിലെ പിതൃപുത്രബന്ധവും എല്ലാം സാന്ദർഭികമായി കൂട്ടിയിണക്കുന്ന കവി കലി, ഭൂത്മാത്മകത, മുനി, മൃത്യുഞ്ജയൻ, ഭൂതനാഥൻ, കർമ്മഫലം, പൂജ, ധർമ്മമാർഗ്ഗം തുടങ്ങി ഹൈന്ദവബദ്ധമായ വാക്കുകൾ ബഹുധാ പ്രയോഗിച്ചിട്ടുണ്ട്. ശാസിക്കുന്നവൻ എന്ന അർത്ഥത്തിൽ ഈശ്വരനെ 'ശാസ്താവ്' എന്നു വിശേഷിപ്പിക്കുമ്പോൾ അതിന്റെ മുന ലക്ഷ്യം വയ്ക്കുന്നതെന്ത് എന്നതും സുവ്യക്തമാണ്. ത്രിത്വൈകദൈവാത്മകത, പരമ്പരാഗത വിശ്വാസസത്യങ്ങൾ ,ദൈവവിജ്ഞാനീയത മുതലായ ക്രൈസ്തവികമായ കാഴ്ചപ്പാടുകൾ വളരെ വിശദമായി മോക്ഷപർവ്വത്തിൽ കവി ഉൾച്ചേർത്തിരിക്കുന്നു. ചതുരന്ത്യത്തിന്റെ സാരസംക്ഷേപമാണ് ഈ ഭാഗം.

### (vii) വർണ്ണ നാ ത്മ കത

വർണ്ണനാനിപുണനായ കവിയുടെ കർമ്മമാണു കാവ്യം എന്ന സംസ്കൃത പാരമ്പര്യവും അച്ചീചരിതാദിമണിപ്രവാള കാവ്യങ്ങളും നമുക്കു പറഞ്ഞു തന്ന ഒരു വലിയ പാഠമുണ്ട്. അതിൽനിന്ന് ഊർജ്ജമുൾക്കൊണ്ടു മുന്നോട്ടുപോയ ഭാഷാപിതാവും വർണ്ണനകൾക്കു നല്കിയ പ്രാധാന്യം അധ്യാത്മരാമായണം കിളിപ്പാട്ടിലും ശ്രീമഹാഭാരതം കിളിപ്പാട്ടിലും പകൽപോലെ വ്യക്തമാണ്. തദനുഗാമിയായ പാതിരിയിലും, വർണ്ണനകളോടു കമ്പമുണ്ടാകുക സ്വാഭാവികമാണല്ലോ. നരകദുരിതങ്ങൾ അതിന്റെ എല്ലാ ബീഭത്സതകളോടും വേദ്യമാക്കുന്ന കവിയുടെ സ്വർഗ്ഗവർണ്ണന (മോക്ഷപർവ്വം) കുചേലവൃത്തം വഞ്ചിപ്പാട്ടിലെ ദ്വാരകാപരിവർണ്ണനത്തെ മിക്കവാറും അനുസ്മരിപ്പിക്കുന്നുവെന്ന് പ്രഖ്യാതമായ ഒരു നിരീക്ഷണമുണ്ട്.[6] ഇതിലെ പിതൃപുത്രസംവാദം രസാവഹവും വർണ്ണനാപ്രധാനവുമാണ്. വിധിയാളനായ തമ്പുരാന്റെ എഴുന്നള്ളത്ത്, മോക്ഷപർവ്വത്തിലെ ഗ്രഹവർണ്ണന, സ്വഗ്ഗവർണ്ണന മുതലായ ഭാഗങ്ങളിലും ഈ സ്വകരപാടവം പാതിരി തെളിയിച്ചിട്ടുണ്ട്.





### (viii) ഭാഷാഭൂമി ക യി□

മണിപ്രവാളശൈലിയിൽ, പാതിരി രൂപകല്പനചെയ്ത ചതുരന്ത്യത്തിലെ ഭാഷ, അദ്ദേഹത്തിന്റെ ഭാഷാ-സംസ്കൃത പാണ്ഡിത്യങ്ങളിലേക്കുള്ള ചൂണ്ടുപലകയാണ്. ഒരു മലയാളിക്കു സാധിക്കുന്നതിനെക്കാൾ-അല്പം അതിശയോക്തി തോന്നാമെങ്കിലും - ഭംഗിയായി സംസ്കൃത മലയാളങ്ങളുടെ സാത്മീകരണം അദ്ദേഹത്തിനു സാധിച്ചുവെന്നുവേണം കരുതാൻ. ഭാഷാശൈലിയിലും എഴുത്തച്ഛനെ പിന്തുടരാനുള്ള ഒരു പ്രവണത പാതിരി ബോധപൂർവ്വം പ്രദർശിപ്പിക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ.

1. ''പ്രളയസമയവിധിവരുവതിനഥപുരസര
   ഘോരമഹാഭയലക്ഷ്മമുണ്ടായ്വരും
   ..........................................................................
   ..........................................................................
   നരഭവനപുരിയിഥേകിരികരിഹരിസ്രജം
   ശത്രുഭയം വിനാകൂടെ വസിക്കയും........... (വിധിപർവം)

2. ഉടനനഘജനനിയൊടുബഹുകരുണഭാഷയാ-
   സപ്തലോകേശനാം പുത്രനരുൾചെയ്യും
   മമജനകികൃതമതു നഹികരതവനാസ്ത്യഘം
   പൂർണ്ണന്ദുശോഭയാ നീ പ്രകാശിക്കുന്നു''

കാവ്യത്തിന്റെ സമഗ്രതയിൽ, എഴുത്തച്ഛൻഭാഷയുടെ രസരഞ്ജകമായ ഒരുലയം പൂർണ്ണമായും അനുഭവവേദ്യമാകുന്നില്ലെങ്കിലും സ്വയംപൂർണ്ണമായ ഒറ്റയൊറ്റ ഭാഗങ്ങൾ ഇനിയും എത്ര

വേണമെങ്കിലും കിളിപ്പാട്ടുശൈലിയുടെ അനുരണനമായി ചൂണ്ടി ക്കാട്ടാം. പക്ഷേ, ഈ അനുഗാമിതയെ ചോദ്യം ചെയ്യുന്ന ഒഴുക്കി ല്ലാത്ത ശൈലി ചിലേടമെങ്കിലും കല്ലുകടിയുണ്ടാക്കുന്നു.

''നിങ്ങടെ സുസ്വരം കേട്ടാമോദത്തോടു

സന്തോഷിച്ചേനഹം ബഹുകാലം

വർണ്ണസുരൂപവും കണ്ടു സൂക്ഷ്മിച്ചിട്ട-

ക്കൺ പ്രസാദം ധരിച്ചിരുന്നു ഞാൻ

എൻ പരിതാപത്തിൽ നിങ്ങൾ തണു-

പ്പിക്കും അപായത്തിൽ മമപീഡപോക്കും'' (മരണപർവം)

ഒരുദാഹരണം മാത്രം. ഇത്തരം പാരായണസ്രുതീഭംഗമുണ്ടാക്കുന്ന ഏതാനും ഭാഗങ്ങൾ വേറെയുമുണ്ട്.

സംസ്കൃതബഹുലമാണു പ്രായേണ ഇതിലെ ഭാഷ. പക്ഷേ, അന്യുസ്യൂതമായ പാരായണത്തിന് അതൊരിക്കലും വിഘാതമാകുന്നില്ല. ഭാഷയുടെ ഒഴുക്കിന് തടസ്സമാകുന്ന ചില ഘട കങ്ങൾ ഇതിലില്ല എന്നല്ല അർത്ഥം. വിസന്ധിയും മറ്റും ഒരു പക്ഷേ അച്ചടിസ്ഖലിതങ്ങളാകാം... മഞ്ജരീവൃത്തം ഉപയോഗിച്ചിരിക്കുന്ന പ്രഥമപർവ്വത്തിൽ മാത്രാപരമായ ചില പ്രശ്നങ്ങൾ സംഭവിച്ചിട്ടു ണ്ടെന്നതു വിസ്മരിക്കുന്നില്ല. കളകാഞ്ചീവൃത്താപേക്ഷയാ രചിച്ചി രിക്കുന്ന വിധിപർവത്തിലെ ഭാഷയ്ക്കും എഴുത്തച്ഛൻഭാഷയ്ക്കും പ്രകടമായ യാതൊരു വ്യത്യാസവുമില്ല. വലുസം, വീളുക മുതലായ പച്ചമലയാള ശബ്ദങ്ങൾക്കും ഘസ്രം (സൂര്യൻ) ഏനസ് (പാപം) ആഭീലം (ശരീരവേദന), തിഗ്മ (ചൂട്) പോലെയുള്ള പ്രചാരം കുറഞ്ഞ ചില സംസ്കൃതശബ്ദങ്ങൾക്കും സൂക്ഷ്മിക്കുക, അന്തോന മുതലായി പാതിരിക്കു താത്പര്യമുള്ള ചില ആവർത്തിത ശബ്ദങ്ങൾക്കും കാവ്യത്തിൽ അങ്ങിങ്ങു സ്ഥാനമു ണ്ട്. 'മൗഢ്യക്കളിയന്ധമാർഗ്ഗം' പോലെ മുഴച്ചുനില്ക്കുന്ന ചില സമ സ്തപദങ്ങളും സൊദോമ (സോദ്ദേശ) സിനയ-സീനായ്, കെറുവ-ക്രോവേൻ, ഒറോശലം - ജറുസലേം, പ്രസ്രോവ് - സെറാഫ് മുത





ലായ മലയാളീകൃത ബിബ്ലിക്കൽ ശബ്ദങ്ങളും കവിതയിൽ അവിട വിടെയായി കാണാവുന്നതാണ്. പക്ഷേ, അവയെ രസഭംഗകാരിക ളാകാതെ വിന്യസിക്കുവാൻ കഴിഞ്ഞിടത്താണു പാതിരിയുടെ മേന്മ തിരിച്ചറിയപ്പെടേണ്ടത്.

''ഏകോഹി ദോഷോ ഗുണസന്നിപാതേ

നിമജ്ജതീന്ദോ: കിരണേഷിവാങ്ക:'' എന്ന കാളിദാസമതവും ഓർക്കുക.

ശബ്ദാർത്ഥലയങ്ങളുടെ ചാരുതകൊണ്ട് അനുഗൃഹീതമായ മോക്ഷപർവ്വത്തിലെ ഭാഷ, കവിയിലെ ഭാഷാപണ്ഡിതന്റെ പരി പാകം അനുഭവിപ്പിക്കുന്ന ഒന്നാണ്.

''അതിലജ്ഞാനാംബുധിസകലജ്ഞാനയുക്തം

സത്തതും കഴിഞ്ഞതും മേലിലേ ഭവിപ്പതും

ജ്ഞാതമൊക്കവേയതിലജ്ഞാതമൊന്നുമില്ല

സൂക്ഷ്മമായ് ഭവിഷ്യത്തും ഭവ്യവുമറിയും നീ

വൃക്ഷപത്രങ്ങൾ, സിന്ധുശീകരം മണൽമണി

നീയറിയാത്തതുണ്ടോ സർവജ്ഞാനാലയമേ''

എന്ന വരികളിലെ ശബ്ദാർത്ഥലയവിന്യസനം മാത്രംമതി ഇതു സമർത്ഥിക്കുവാൻ.

'ചതുരന്ത്യം' എന്ന കൃതിക്ക് ഭാഷാ സാഹിത്യത്തിലുള്ള സ്ഥാനം നിർണ്ണയിക്കുമ്പോൾ പ്രധാനമായും രണ്ട്പൂർവ്വനിഗമനങ്ങ ളാണു നമുക്കു മുമ്പിലുള്ളത്. ''ക്രൈസ്തവരെ ഉത്തമക്രൈസ്തവ രാക്കി മാറ്റുക എന്ന പ്രേഷിതദൗത്യത്തിന്റെ മഹത്തായ സാഫല്യ മാണു ചതുരചനകളിൽ തിരിച്ചറിയേണ്ടതെ''[7] ന്നും അതല്ല, ക്രിസ്ത്യാനികൾക്കും നിത്യപാരായണത്തിന് ഒരു കിളിപ്പാട്ടിരിക്കട്ടേ എന്ന വിചാരത്തിന്റെ പ്രതിഫലനമാണു ചതുരന്ത്യ[8]മെന്നും രണ്ടു വാദങ്ങളുണ്ട്. ഈ നിഗമനങ്ങളിൽ എത്രത്തോളം വാസ്തവികത

യുണ്ട്? ക്രൈസ്തവരെ ഉത്തമരാക്കിയെടുക്കുക എന്ന ലക്ഷ്യത്തിൽ മാത്രം ഒതുങ്ങുമോ കാവ്യലക്ഷ്യം? ഒരിക്കലുമില്ല.

‘‘ധരിച്ച പര്യങ്കത്തിൽ കിടന്നുകരയുന്നു

ദൈവേന ബ്രഹ്മാവിഷ്ണുശിവാദി...’’

എന്ന ഭാഗം ശ്രദ്ധിച്ചുവായിക്കുന്ന ഒരാൾക്ക് ക്രിസ്ത്യാനികളുടെ രൂപാന്തരണം മാത്രമല്ല പാതിരിയുടെ ലക്ഷ്യമെന്നു തിരിച്ചറിയാനാകും... ഭാരതീയ സംസ്കൃതിയോടു സമരസപ്പെടുന്ന പാതിരിക്ക് ഹിന്ദുദൈവസങ്കല്പത്തോടു തെല്ലും പൊരുത്തപ്പെടാനാകുന്നില്ല... ഹിന്ദുമതത്തിലെ അസംതൃപ്തർക്ക് ഒരു ‘പുനശ്ചിന്ത’ സാധ്യമാക്കുക എന്ന നിഗൂഢലക്ഷ്യം സാധൂകരിക്കാനാണ് ഇത്തരമൊരു ദേവദൂഷണം... മാത്രമല്ല.

‘‘..... മോക്ഷത്തെ ലഭിപ്പാനായ്

ഭൂമിമാനുഷനാകും ദേവനെയാരാധിച്ചു

ദൈവകല്പിതമനുസരിച്ചു വഴങ്ങേണം’’

എന്ന നരകപർവത്തിലെ വരികൾ കാവ്യരചനോദ്ദ്യേശത്തെ സ്പഷ്ടമായി സാക്ഷാൽക്കരിക്കുന്നുമുണ്ട്. ‘‘മനുഷ്യപുത്രനായവനെ മാത്രം ആരാധിക്കുകയെന്ന ദൈവകല്പന അനുസരിക്കുകയാണ് ഏക മോക്ഷമാർഗ്ഗം’’ എന്ന ഉദ്ബോധനം സത്യക്രിസ്ത്യാനികളെ എന്നതിനെക്കാൾ ലക്ഷ്യം വയ്ക്കുന്നത് ‘മനുഷ്യപുത്രനെ’ ആരാധിക്കാത്ത അക്രൈസ്തവരെത്തന്നെയാണ്.

‘‘മംഗലംസിദ്ധിപ്പാനായ് ദക്ഷിണ ഭാഗപഥി

ഗമനം തുടങ്ങുമ്പോൾ നദിയെക്കടക്കണം

സ്വർഗ്ഗംഗയുണ്ടെന്നുള്ള നിർമ്മൂല സംസാരത്താൽ

അജ്ഞാനമതമെന്നു സത്യമായിരിക്കിലും

ഇജ്ജലമതിനൊക്കും സുജ്ഞാനപ്രദമിതു

നൈർമല്യമിതിനേറ്റമിതഘ വിനാശനം





ആമയമെല്ലാറ്റിനും ശമനമായ തീർത്ഥം

ജ്ഞാനകാരണം സകലാരോഗ്യവഹാമൃതം

സ്നാനമവിടെ മുമ്പിൽക്കഴിപ്പിനദ്ധ്വഗൻമാർ’’

ഈ വരികൾ വായിക്കുമ്പോൾ, പാതിരി ആർജ്ജിച്ചെടുത്ത ഭാരതീയ സംസ്കൃതിയുടെ സ്വാധീനത നാം കാണാതെ പോകരുത്. പക്ഷേ സ്വർഗ്ഗംഗ എന്ന ഹൈന്ദവ പുണ്യസങ്കല്പനത്തെ എന്തിനാണ് പാതിരി ക്രൈസ്തവികമായി പരിണമിപ്പിക്കുന്നത്? ‘അജ്ഞാനമതം’ എന്ന പരിഹാസച്ചുവ കലർന്ന പ്രയോഗം നിരുദ്ദേശ്യപരം എന്നു പറയാമോ?

‘‘ഭൂലോകമനുഷ്യരേ നിത്യവും സ്മരിക്കഹോ!

കാലത്തെക്കരുതുകിലാമസ്യകാലേസുഖം

വന്നീടും നരവൃന്ദം ചതുരന്ത്യവും സദാ-

ചിന്തിക്കിൽ പാപംവിനാ മോക്ഷത്തെ പ്രാപിച്ചീടും’’

എന്ന ഫലശ്രുതിയിലെ ‘ഭൂലോകമനുഷ്യരേ’ എന്ന സംബോധനയും എന്തായാലും ക്രിസ്ത്യാനിക്കു സംവരണം ചെയ്തതല്ല. അങ്ങനെ നോക്കുമ്പോൾ ക്രൈസ്തവരുടെ മതാത്മക ബോധത്തെ ദൃഢീരിക്കുക എന്നതിനപ്പുറം ഹിന്ദുമതത്തിലെ അസംതൃപ്തരെക്കൂടി ചേർത്തുപിടിക്കുന്നതിലാണു കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നു വരുന്നു. എന്തുതന്നെയാകട്ടെ, സ്വപ്രത്യയസ്ഥൈര്യാധിഷ്ഠിതമായ ആ സർഗ്ഗവൈഭവം, അതിലാണ് സഹൃദയ ശ്രദ്ധ പതിയേണ്ടത്. ക്രിസ്ത്യാനിക്കും ഒരു കിളിപ്പാട്ടിരിക്കട്ടേ എന്നു വിചാരിച്ചു മാത്രം കാവ്യം രചിക്കത്തക്ക ലാഘവബുദ്ധി പാതിരിയെപ്പോലെ ഒരാൾക്കുണ്ടാകും എന്നു കരുതുക പ്രയാസം... എഴുത്തച്ഛനോടും അദ്ദേഹത്തിന്റെ കൃതികളിലെ ധാർമ്മികബോധനത്തോടും തോന്നിയ മമതാബന്ധം വൃത്തസ്വീകാര്യത്തിലും പ്രതിപാദനശൈലിയിലും അടക്കം അടിമുടി സ്വീകരിച്ച കവിയോടു ചെയ്യുന്ന ഒരപരാധമാകും അത്.

സ്വീയമല്ലാത്ത പശ്ചാത്തലത്തിൽ സർഗ്ഗാത്മകരചനയിലുണ്ടായേക്കാവുന്ന പരിമിതികളെ അഭ്യാസപാടവേന തരണം ചെയ്യുകയും ഭാഷാപിതാവിനെ പിന്തുടർന്ന്, 'കർമ്മഫലസംഹിതകളുടെ വിധിപ്രസ്താവം' ഉദ്ബോധനാത്മകമായി അവതരിപ്പിക്കുകയും ചെയ്ത പാതിരിക്ക് 'മിഷണറി എഴുത്തച്ഛൻ' എന്ന ബിരുദം എന്തുകൊണ്ടും അധികമല്ല. പുതിയ സമീപനങ്ങളും പുതിയ പഠനങ്ങളും ആ നിലയ്ക്കാകേണ്ടതു സാമാന്യനീതി മാത്രം.

**കുറി പ്പു കൾ**

1. കുര്യാസ് കുമ്പളക്കുഴി, ഡോ, കുരിശിൽവിടർന്ന കവിത, അർണോസുപാതിരിയുടെ കാവ്യങ്ങൾ (സമാഹാരം), കറന്റ്ബുക്ക്, കോട്ടയം, 2002, പുറം 7.
2. അതിൽത്തന്നെ, പുറം 66
3. അതിൽത്തന്നെ, പുറം 56
4. അതിൽത്തന്നെ, പുറം 57
5. അതിൽത്തന്നെ, പുറം 65
6. മറ്റം, സി.കെ. സാഹിത്യതിലകൻ, അർണ്ണോസുപാതിരി, അജന്തപെരുന്ന, 1957, പുറം 42.
7. കുര്യാസ് കുമ്പളക്കുഴി, ഡോ, കുരിശിൽവിടർന്ന കവിത, അർണോസുപാതിരിയുടെ കാവ്യങ്ങൾ (സമാഹാരം), കറന്റ്ബുക്ക്, കോട്ടയം, 2002, പുറം 68.
8. മറ്റം, സി.കെ. സാഹിത്യതിലകൻ, അർണ്ണോസുപാതിരി, അജന്തപെരുന്ന, 1957, പുറം 43.

**സഹാ യക ഗ്രന്ഥ ങ്ങൾ**

1. കുര്യാസ്കുമ്പളക്കുഴി, ഡോ., ബഞ്ചമിൻ ഡി. ഡോ, സാം. എൻ. ഡോ, അർണോസുപാതിരിയുടെ കാവ്യങ്ങൾ (സമ്പാദനം), കറന്റ്ബുക്സ്, കോട്ടയം, 2002.





2. ഗോദവർമ്മ, കെ., കേരളഭാഷാവിജ്ഞാനീയം, കേരള സർവകലാശാല, 1996
3. ചെറിയാൻ കുനിയന്തോടത്ത്, മലയാളഭാഷയും ഡോ. ഹെർമൻ ഗുണ്ടർട്ടും, 1997.
4. മറ്റം, സി.കെ, അർണോസുപാതിരി, അജന്ത, പെരുന്ന, 1957
5. ഹെർമൻ ഗുണ്ടർട്ട്, മലയാളഭാഷാവ്യാകരണം, ഡിസി ബുക്ക്, 1991

**ഡോ. എം. ആർ. ഷെ□ി**
അസിസ്റ്റന്റ് പ്രൊഫസർ
മലയാളവിഭാഗം
ഫാത്തിമ മാതാ നാഷണൽ കോളേജ്
(ആട്ടോണോമസ്), കൊല്ലം

# അധികാരസങ്ക□പം: ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളി□

റ്റോജിൻ ബാബു

**പ്രബ ന്ധ സം ഗ്രഹം**

കേരളചരിത്രത്തിൽ ഉദയംപേരൂർ സുനഹദോസിൻരെ പ്രാധാന്യവും അതിൽ പ്രകടമാകുന്ന അധികാരബോധവും വിശകലനം ചെയ്യുന്നു. കാനോനുകളിലെ ഭാഷയെയാണ് ഉപാദാനസാമഗ്രിയായി ഇവിടെ സ്വീകരിക്കുന്നത്.

**താക്കോ□ വാക്കു കൾ**

ഉദയംപേരൂർ സുനഹദോസ്, സംബോധനാരൂപങ്ങൾ, ഉത്തമപുരുഷൻ സർവ്വനാമങ്ങൾ, പ്രഥമപുരുഷൻ സർവ്വനാമങ്ങൾ, ചാർച്ചപ്പേരുകൾ, തൊഴിൽപ്പേരുകൾ.

ക്രിസ്തുമത പ്രതിനിധികൾ ആയിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി ഒൻപത് ജൂൺ മാസം ഇരുപതു മുതൽ ഇരുപത്തിയാറു വരെ തീയതികളിൽ ഉദയമ്പേരൂരിൽ ചേർന്ന മത സമ്മേളനമാണ് ഉദയമ്പേരൂർ സൂനഹദോസ്. ഗോവൻ ആർച്ചുബിഷപ്പായിരുന്ന അലക്സിസ് ഡി മെനെസിസിന്റെ അധ്യക്ഷതയിൽ നാട്ടുപട്ടക്കാരും പള്ളിപ്രതിനിധികളും പോർത്തുഗീസ് പ്രമുഖരും വൈദികരും ഒത്തുചേർന്ന കൂട്ടായ്മയെയാണ് പാശ്ച്യാത്യ മിഷനറിമാർ സൂനഹദോസ് എന്ന് വിശേഷിപ്പിച്ചത്. മെത്രാന്മാരുടെ ഔദ്യോഗിക സമ്മേളനം എന്നാണ് സൂനഹദോസ് എന്നതിന്റെ സാങ്കേതികാർത്ഥം. പ്രസ്തുത സമ്മേളനത്തിലാണ് മാർത്തോമാ ക്രിസ്ത്യാനികൾ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കേരളത്തിലെ ക്രിസ്ത്യാനികൾ റോമിലെ മാർപ്പാപ്പയോട് ഔദ്യോഗികമായി വിധേയത്വം ഏറ്റുപറയുന്നത് എന്നതാണ് പാശ്ച്യാത്യപക്ഷം.





പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിൽ ആയിരത്തി അറുനൂറ്റി മൂന്നിൽ 'ജോർണാഡോ' എന്ന പേരിൽ പ്രസിദ്ധീകൃതമായ പോർട്ടുഗീസ് ഗ്രന്ഥത്തിന്റെ അനുബന്ധമായാണ് പൊതുവെ കാനോനകൾ എന്ന് മലയാളത്തിൽ അറിയപ്പെട്ടിരുന്ന സൂനഹദോസ് തീരുമാനങ്ങൾ വെളിച്ചം കണ്ടത്. ജോർണാഡോ എന്ന പദത്തിന്റെ അർഥം യാത്രാവിവരണം എന്നാണ്. കൊടുങ്ങല്ലൂരിൽ താമസിച്ചുകൊണ്ടാണ് മെനെസിസ് സൂനഹദോസിന്റെ നിർദേശങ്ങൾ തയാറാക്കിയത്. പോർത്തുഗീസ് ഭാഷയിലായിരുന്നു അവ തയാറാക്കിയത്. ഡിക്രികൾ അഥവാ നിയമങ്ങൾ മലയാളത്തിലേക്കു തർജ്ജമ ചെയ്തത് കൊച്ചി രൂപതയിൽ (പ്രദേശത്ത്) സേവനം ചെയ്തിരുന്ന വൈദികരാണ്. കേരളീയ ഭാഷയും കേരളീയാചാരങ്ങളും അറിയാമായിരുന്ന ഫാ. ഫ്രാൻസിസ് റോസ് തർജ്ജമക്ക് മേൽനോട്ടം വഹിച്ചിരുന്നു. സൂനഹദോസിൽ കൈക്കൊണ്ട ചട്ടങ്ങളും തീരുമാനങ്ങളുമാണ് കാനോനകൾ. യോഗത്തിൽ ദ്വിഭാഷിയായി വർത്തിച്ചത് പള്ളുരുത്തി ക്കാരനായിരുന്ന യാക്കോബ് പാതിരിയായിരുന്നു. പോർത്തുഗീസിൽനിന്നും ഇതര യൂറോപ്യൻ ഭാഷകളിലേക്ക് കാനോനകൾ മൊഴിമാറ്റം നടത്തി.

ഇന്ന് ലഭിച്ചിട്ടുള്ള മലയാളം കാനോനകളിൽ സൂനഹദോസിൽ പങ്കെടുത്തവർ ഒപ്പുകുത്തിയ കാനോനകളുടെ കൃത്യമായ പകർപ്പുകളില്ല. സൂനഹദോസിൽ പങ്കെടുത്തവർ ഒപ്പുകുത്തിയ രണ്ടു പകർപ്പുകളിൽ ഒന്ന് മലയാണ്മയിലും മറ്റൊന്ന് കർസോനയിലുമായിരുന്നു. ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ മലയാളത്തിൽ ആദ്യമായി അച്ചടിച്ചത് ആയിരത്തി തൊള്ളായിരത്തി അമ്പത്തിരണ്ടിൽ കെ. എൻ ഡാനിയേലാ യിരുന്നു. സ്കറിയ സക്കറിയ ആയിരത്തി തൊള്ളായിരത്തി എഴുപത്തിയാറിൽ 'രണ്ടു പ്രാചീന ഗദ്യ കൃതികൾ' എന്ന പേരിൽ കാനോനകൾ പ്രസിദ്ധീകരിച്ചു. ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാലിൽ ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ എന്ന പേരിൽ ഒന്നാം ഭാഗം പുനഃപ്രസിദ്ധീകരിച്ചു. ഏഴു ദിവസങ്ങളായി ചേർന്ന സമ്മേളനത്തിൽ ഏഴു യോഗങ്ങൾ എന്ന അർത്ഥത്തിൽ 'മൗത്വ' എന്ന സുറിയാനി വാക്ക് ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത പാഠത്തിൽ അടങ്ങിയിരിക്കുന്ന കാനോനകളിലെ അധികാരസങ്കൽ

പനം വിമർശനാത്മക ഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രമു പയോഗിച്ച് അപഗ്രഥിക്കുകയാണ് ചെയ്യുന്നത്.

**ഭാഷയും അധികാരവും**

ഭാഷയിലൂടെയാണ് വ്യക്തിയുടെ ആശയങ്ങൾ വിനിമയം ചെയ്യപ്പെടുന്നത്. അതിനാൽ വ്യക്തിയുടെ അധികാര ബന്ധങ്ങൾ ഭാഷയുമായി ബന്ധപ്പെട്ടു കിടക്കുന്നു. സാമൂഹിക സ്ഥാപനത്തെ പഠനവിധേയമാക്കിയാൽ ഭാഷയും അധികാരവും തമ്മിലുള്ള പൂരകത്വം വ്യക്തമാകും. “സമൂഹത്തിലെ ഭരണകൂടത്തിന്റെ പ്രത്യശാസ്ത്രോപകരണമായി മതസ്ഥാപനത്തെ അൽത്തൂസർ കാണുന്നു” (1984 : 42).

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകളിൽ ഒന്നാം മൗത്വ ഒന്നാം യൊഗവിജാരം എന്ന ഭാഗത്ത് സൂനഹദോസിന്റെ പ്രാരംഭമായി ഇപ്രകാരം കാണുന്നു: “മേൽപ്പട്ടക്കരന്റെ അമിശത്തിന്ന തക്കവണ്ണം ഒള്ള ശമയങ്ങളും ചമഞ്ഞതന്റെ സിംഹാസന ത്തിന്മൽ ഇരുന്ന” (109) എന്നും ഒന്നാം കാനോനയിൽ “എല്ലാവരും കൂടെ യൊഗമായാറെ മെത്രാൻ തന്റെ സിംഹാസനത്തുംമെൽ ഇരിന്ന, മററെല്ലാവരും തങ്ങടെ എടങ്ങളിൽ ക്രമത്താലെ ഇരുന്നാറെ, മെത്രാൻ ചൊല്ലിയത ഇത, ബാവാടയും പുത്രൻററയും റുഹാദക്കുദശാടയും മൂവരൊരുവൻ തമ്പുരാന്റെ നാമത്താൽ ആമ്മെൻ എന്ന” (110) എന്നും കാണുന്നുണ്ട്. പ്രാരംഭ ഭാഗത്തും ഒന്നാം കാനോനയിലും ആയി പ്രതിപാദിച്ചിരിക്കുന്ന സിഹാസനം എന്ന ആശയം പുതിയ അധികാരത്തെയും ജ്ഞാനമണ്ഡല ത്തെയും കുറിക്കുന്നതാണ്. മേല്പട്ടക്കാരന്റെ ഇരിപ്പിടമായി സിംഹാസന ത്തെയും യോഗത്തിൽ പങ്കെടുക്കുന്നവർ നിശ്ചയി ച്ചിരിക്കുന്ന ഇരിപ്പിടങ്ങളിലുമാണ് ഇരിക്കുന്നത്. ഇപ്രകാരം ഇരിപ്പിടങ്ങളിലുള്ള വ്യത്യാസം അധികാരത്തിന്റെ ശ്രേണീ കരണത്തെ കുറിക്കുന്നതാണ്. സിംഹാസനം എന്ന ആശയം സൂനഹദോസ് നിർമ്മിച്ച അതെ ഘടനയിൽ ഉള്ളതാണ്. “തംപുരാന്റെ പള്ളി അടക്കി വാഴുന്ന ശുദ്ധമാനമാർ ക്ലമ്മീസ എന്ന പാപ്പടെ പ്രമാണത്താലെ പോർത്തുക്കൽ രാജ്യത്തിന്ന കെഴക്കുള്ള മെത്രാന്മാർക്കു ഒക്കെക്കും തലവൻ ആകുന്ന മാർ അല്ലെസൊസ





മെത്രാൻ മലംകര പണ്ടു പണ്ടെ ഒള്ള മാർത്തൊമ്മ ക്രിസ്ത്യാനികളുടെ എടവകയിലെ പട്ടക്കാരാരെയും എണങ്ങരരെയും യൊഗം കൂട്ടി കൽപിച്ച സൂനഹദൊസെ ഇത” (108) എന്ന പ്രാരംഭ കാനോനയിൽ അടക്കി വാഴുക, മാർപ്പാപ്പ, കിഴക്കിന്റെ തലവൻ, മെത്രാന്മാർ എന്നീ പ്രയോഗങ്ങൾ പോർത്തുകൽ സിംഹാസന വുമായി ചേർന്ന് പോകുന്നതും ഭാഷയിലൂടെ ഉള്ള അധികാരത്തെ പ്രകടമാക്കുന്നതുമാണ്.

**അധികാരവും മേ□ക്കോയ്മയും**

ജാതി, മതം, ലിംഗം, പ്രായം സമ്പത്ത്, വർഗം, ദേശം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ ഭാഷയിൽ നിലനിൽക്കുന്ന വിവേചനങ്ങൾ അധികാര വ്യവസ്ഥയും മേൽക്കോയ്മയും ആയി ബന്ധപ്പെട്ടു കിടക്കുന്നു. “ഒരു വ്യക്തിയെയോ സമൂഹത്തെയോ അവരുടെ ഇച്ഛാശക്തികൾക്കതീതമായി മറ്റൊരു വ്യക്തിയോ, സമൂഹമോ അവരുടെ മേധാശക്തിയുപയോഗിച്ചു സ്വന്തം വരുതി ക്കുള്ളിൽ കൊണ്ടുവരുന്നതാണ് മേൽക്കോയ്മ” (2017: 163). ജാതി, പ്രായം, സമ്പത്ത് എന്നിവയിൽ ഏതിനെല്ലാം സമൂഹത്തിൽ മേൽക്കോയ്മ ലഭിക്കുന്നുവോ അതിനനുസരിച്ച് മേധാവിത്വപൂർണ മായൊരു അധികാരബന്ധവും ഭാഷയിലൂടെ വെളിപ്പെടും.

ഏഴാം മൗത്വ ഏഴാം യൊഗവിജാരം എന്ന ഭാഗത്ത് സാമൂഹിക മര്യാദകളെക്കുറിച്ചു പരാമർശിക്കുമ്പോൾ കാവ്യർ എന്നും പുറജാതിക്കാർ എന്നും ആണ് ഹൈന്ദവരെ കാനോനയിൽ വിശേഷിപ്പിച്ചിരിക്കുന്നത്. “ഇത എപ്പെരും കാവ്യാർക്ക അടുത്ത തിമ്മെടെ കൃത്യങ്ങൾ ആയതിനെക്കൊ ശുദ്ധമാന സൂനഹദൊസിന്ന ഇതിനെ പൊറത്ത കളഞ്ഞ ഇത്തരം ആരും ചൈകയും അരുത” (1994:231) എന്നും കാനോനകളിൽ പരാമർശിക്കുന്നു. “ക്രൈസ്തവേതരർ, ഹിന്ദുക്കൾ എന്നീ അർഥങ്ങളിൽ പതിനെട്ടു തവണ കാനോനകളിൽ പ്രത്യക്ഷപ്പെടുന്ന കാവ്യർ എന്ന പദം ‘കാഫിർ’ എന്ന അറേബിയൻ പദത്തിൽനിന്നും രൂപമെടുത്തതാണ്” (സക്കറിയ, 1994: 87). ഇപ്രകാരമുള്ള കാവ്യർ, പുറജാതിക്കാർ

എന്നീ പ്രയോഗങ്ങൾ അധികാരത്തെയും മേൽക്കോയ്മാ മനോഭാവത്തെയും കുറിക്കുന്നതാണ്.

**കാനോനകളിലെ അധികാരഘടന**

ഭാഷക്ക് പിന്നിലുള്ള അധികാരം, ഭാഷയിലെ അധികാരം എന്നിങ്ങനെ അധികാരത്തെ രണ്ടായി തിരിക്കാം

**ഭാഷക്ക് പിന്നിലുള്ള അധികാരം**

"സാമൂഹികാധികാരമുള്ളവർ സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷയിൽ അവിർഭവിക്കുന്ന അധികാരമാണിത്" (2017:16). ഒന്നാം മൗത്വ, ഒന്നാം യൊഗവിജാരത്തിൽ രണ്ടാമത്തെ കാനോനയുടെ ആദ്യഭാഗത്ത് സൂനഹദോസിന്റെ നടപടിക്രമങ്ങളെക്കുറിച്ചു പരാമർശിക്കുന്ന ഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന സർവ്വനാമങ്ങൾ ഭാഷക്ക് പിന്നിലുള്ള അധികാരത്തെ കുറിക്കുന്നതാണ്. "പ്രൊത്തുക്കൽ രാജ്യത്തിന്ന കെഴക്ക ഒള്ള മെത്രാന്മാർക്കു മൂപ്പൻ ആകുന്ന മാർ അല്ലെസൊസ, ഈ സൂനഹദോസിന്ന തലവൻ ആകുന്ന നാം, പഴക്കത്തിന്റെ ശക്തിയാലയും നമ്മുടെ പ്രമാണം കടക്കുമ്പോളെ മഹറോൻ അവർക്കു തട്ടുന്നു എന്നതിന്റെ പ്രാശ്യത്വത്താലെയും പ്രമാണിക്കു; ഇയൊഗത്തിന്ന വിളിക്കപ്പെട്ടവന്ന പട്ടക്കാരരിലും ആരും നമ്മുടെ അനുവാസം കൂടാതെ ഈ വിചാരമെല്ലാം ഒടുങ്ങുമുമ്പെ പോകരുതെന്ന" (111). തലവൻ ആകുന്ന നാം, നമ്മുടെ പ്രമാണം, മഹറൊൻ തട്ടുക, അനുവാസം കൂടാതെ പോകുക എന്നീ പ്രയോഗങ്ങൾ മെനെസിസിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിന്റെ അടയാളങ്ങളാണ്. നാം, നമ്മുടെ എന്നീ പ്രയോഗങ്ങൾ രാജാധികാരത്തെയും സമൂഹത്തിലെ ഉന്നത സ്ഥാനത്തേയും സൂചിപ്പിക്കുന്നു. നിയമങ്ങൾ നൽകുക, ശിക്ഷാവിധി നടപ്പിലാക്കുക എന്നീ രാജകീയ അധികാരത്തോട് ചേർന്ന് നിൽക്കുന്ന അധികാരം സ്ഥാപിക്കുക വഴി സമൂഹത്തിലെ മേൽത്തട്ടിനോട് താദാത്മ്യം പ്രാപിക്കുകയും അധികാരം സ്ഥാപിക്കുകയും ആണ് ചെയ്യുക.

**ഭാഷയിലെ അധികാരം**





"ലിംഗം, ജാതി, സമ്പത്ത്, വിദ്യാഭ്യാസം, സാമൂഹിക സ്ഥാനം തുടങ്ങിയ സാമൂഹിക നിലകളെ കാണിക്കുന്ന തരത്തിലുള്ള വാക്യപ്രയോഗങ്ങൾ അധികാരത്തെ പ്രകടിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു" (2017: 16,17). രണ്ടാം മൗത്വ രണ്ടാം യൊഗവിശാരം എന്ന ഭാഗത്ത് പന്ത്രണ്ടാം സഹ (ഉപവിഭാഗത്തിൽ) ഇപ്രകരം കാണുന്നു: "ഈവണ്ണം തന്നെ പള്ളികൾ ഒക്കെക്കും തലയും അമ്മയും ആകുന്നത ശുദ്ധമാന റൊമ്മാപ്പള്ളി. ഇതിനെക്കൊണ്ട പട്ടക്കാരരും മെത്രാപ്പൊലീത്തരും അപ്പസ്ക്കൊപ്പമ്മാരും മെത്രാന്മാരും പാത്രിയർക്കീസൻമ്മാരും കാസൊലിക്കാമാരും മാടംപികളും കർത്താക്കളും രാജാക്കളും ശെഷം മാമോദീസ ഒള്ളവരും ഒക്കയും ശുദ്ധമാന പാപ്പാടെ കീൾ അടങ്ങുന്നു" (128). പട്ടക്കാർ, മെത്രാപ്പൊലീത്തമാർ, എപ്പിസ്ക്കൊപ്പമ്മാർ, മെത്രാന്മാർ, പാത്രിയർക്കീസ്മ്മാർ, കാതോലിക്കാവാവ, മാടംപികൾ, കർത്താക്കൾ, രാജാക്കൾ, മാമോദീസ മുങ്ങിയവർ എന്നിങ്ങനെ പരാമർശിക്കുക വഴിയായി സാമൂഹിക സ്ഥാനം വഴിയായുള്ള ഭാഷയിലെ അധികാരമാണ് കാനോനകളിലൂടെ പ്രകടമാവുക. മതപരമായും ഭൗതികമായുമുള്ള അധികാരമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

**അധികാരവും സംബോധനാരൂപവും**

"വക്താവും ശ്രോതാവും ഉൾപ്പെടുന്ന ഭാഷണപ്രക്രിയയിൽ പരസ്പരം സംബോധന ചെയ്യാനുള്ള ഭാഷാരൂപമാണ് സംബോധന പദങ്ങൾ" (2017: 170). അധികാര ബന്ധങ്ങളെ വെളിപ്പെടുത്തുന്ന സംബോധനകളെ ഉത്തമപുരുഷ സർവനാമങ്ങൾ, പ്രഥമ പുരുഷ സർവ്വനാമങ്ങൾ, ചാർച്ചപ്പേരുകൾ, തൊഴിൽപ്പേരുകൾ, ജാതിപ്പേരുകൾ എന്നിങ്ങനെ വർഗീകരിക്കാം.

**ഉത്തമ പുരുഷ സർവ്വനാമങ്ങൾ**

പറയുന്ന ആളിനെ കുറിക്കുന്ന സർവ്വനാമമാണ്. "ഏൻ, നാം നമ്മൾ ഞങ്ങൾ എന്നിവ ഉത്തമപുരുഷ സർവനാമത്തിന്റെ വിവിധ രൂപങ്ങളാണ്". (ലക്ഷ്മിക്കുട്ടി 2000: 20). കാനോനകളിൽ ഇത്തരം സർവ്വനാമങ്ങളുടെ രൂപവ്യത്യാസങ്ങൾ വിവിധ മേഖല

കളിൽ ഉപയോഗിച്ചിട്ടുണ്ട്. രണ്ടാം മൗത്വ രണ്ടാം യോഗവിചാരത്തിൽ ഒന്നാം കാനയുടെ അവസാനത്തിൽ വിശ്വാസപ്രമാണത്തെയും വിശ്വാസസത്യങ്ങളെയും കുറിച്ച് പഠിപ്പിക്കുന്ന ഭാഗങ്ങളിൽ ഞാൻ എന്റെ എന്നീ സർവ്വനാമങ്ങൾ ഉപയോഗിച്ചിരിക്കുന്നു. ഞാൻ എന്നത് അധികാരത്തത്തെയും കുറിക്കുന്ന പ്രയോഗമാണ് .

**പ്രഥമ പുരുഷ സർവ്വനാമങ്ങൾ**

വക്താവും ശ്രോതാവും തമ്മിലുള്ള വ്യവഹാരത്തിന് പുറത്ത് വ്യക്തികളെ കുറിക്കാൻ ഉപയോഗിക്കുന്ന സർവ്വനാമങ്ങൾ ആണ് പ്രഥമപുരുഷ സർവ്വനാമങ്ങൾ. "അവൻ, അവൾ, അത്, ഇത്, ഇവ, ഇ എന്നിവ പ്രഥമപുരുഷ സർവ്വനാമങ്ങളാണ്" (ലക്ഷ്മിക്കുട്ടി, 2003: 23).

ഏഴാം മൗത്വ ഏഴാം കൂടി വിചാരത്തിൽ പത്തൊമ്പതാം കാനോനയിൽ സൂനഹദോസിന്റെ പരിസമാപ്തിയിൽ ഇപ്രകാരം കുറിക്കുന്നു. "മഹറോൻ ഉള്ളവരോട യവരിക്കയും അരുത. അവരുടെ മുമ്പീന്ന കുർവാന ചൈകയും അരുത"(250).

അവൻ, അവൾ എന്നീ സർവ്വ നാമങ്ങളുടെ ബഹുവചന രൂപം ആയാണ് കാനോനയിൽ 'അവർ' എന്ന് ഉപയോഗിച്ചിരിക്കുന്നത്. സഭയിൽനിന്ന് പുറത്താക്കുന്ന ശിക്ഷയ്ക്ക് പറയുന്ന പേരായിരുന്നു 'മഹറോൻ'. ഇപ്രകാരം പുറത്താകുന്നവരെ കുറിയ്ക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്ന സർവ്വനാമം ആണ് 'അവർ'. അരുത എന്ന പ്രയോഗത്തിലൂടെ വക്താവിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമാണ് വ്യക്തമാകുന്നത്. കാനോനയിലെ വക്താവും സ്വീകർത്താവും പുരുഷന്മാർ തന്നെയാണ്. മാമോദീസയുടെ നിയമങ്ങൾ, പെൺകെട്ട്, മഹറോൻ എന്നിവ പരാമർശിക്കുമ്പോൾ മാത്രമാണ് സ്ത്രീകളെക്കുറിച്ച് പരാമർശിക്കുന്നത്.

**ചാർച്ചപ്പേരുകൾ**

മലയാളത്തിലെ സംബോധനാപദങ്ങളിൽ പ്രധാനം ചാർച്ചപ്പേരുകളാണ്. അപ്പൻ, അമ്മ, വാവ (അപ്പൻ), ഉമ്മ (അമ്മ),





കാരണവർ, മുത്തപ്പൻ (അച്ഛന്റെയോ അമ്മയുടേയോ അച്ഛൻ), മുത്തി (അമ്മയുടേയോ അച്ഛന്റെയോ അമ്മ) എന്നിവ ചാർച്ചപ്പേരുകളായി കാനോനയിൽ ഉപയോഗിച്ചിരിക്കുന്നു. അധികാരത്തയും കരുതലിനെയും കുറിക്കുന്നതാണ് ഇവ.

**തൊഴില്പ്പേരുകൾ**

"സമൂഹം മാന്യതകൊടുക്കുന്ന തൊഴിലുകളുടെ പേർ സംബോധനക്കായി ഉപയോഗിക്കാം. തൊഴിൽ മേഖലയും അധികാരവും ആണ് സംബോധനയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ" (2017: 175). ആശാൻ, ഗുരുക്കൾ, കമ്മാളർ, കൂടോത്രക്കാർ, ഇടയർ, കപ്യാർ എന്നിവ തൊഴിൽപ്പേരുകൾ ആയി കാനോനയിൽ ഉപയോഗിച്ചിരിക്കുന്നു. ഇവയിൽ ആശാൻ, ഗുരു എന്നീ പദങ്ങൾ ബഹുമാന സൂചകമായും മറ്റു പദങ്ങൾ ജീവിത വ്യവസ്ഥയെക്കുറിക്കുന്നതിനും ഉപയോഗിക്കുന്നു.

**ഉപസംഹാരം**

ഒരു കാലഘട്ടത്തിലെ മലയാള ഭാഷയെ കുറിക്കുന്നതിനുള്ള അടയാളമാണ് ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ. കേരളത്തിലെ കൊളോണിയൽ കാലഘട്ടത്തിന്റെ സകല സവിശേഷതകളും ഭാഷയിലും കണ്ടെത്തനാകും. വൈദേശിക കാലഘട്ടത്തിലെ ഭാഷാവേർതിരിവ് അക്കാലത്തെ അധികാര വിധേയക്രമത്തിന്റെ രാഷ്ട്രീയസ്വഭാവം നിലനിർത്തുന്നു. എന്നാൽ പിൽക്കാലത്ത് ഭാഷ അധികാരത്തിന്റെ സൂക്ഷ്മതയിലേക്കും സങ്കീർണതയിലേക്കും പ്രവേശിച്ചു. സമകാലീന സാഹചര്യത്തിൽ പ്രത്യക്ഷത്തേക്കാളധികമായി പരോക്ഷമായാണ് അധികാരം പ്രകടമാകുന്നത്. കാനോന കളുടെ ഭാഷാപരമായ അപഗ്രഥനം വഴിയായി മറഞ്ഞിരിക്കുന്ന അധികാരത്തെ പുറത്ത് കൊണ്ടുവരികയാണ് ചെയ്യുന്നത്.

റോമൻ സഭയോടും പാശ്ചാത്യ തത്വങ്ങളോടും ഉള്ള വക്താവിന്റെ മനോഭാവം പ്രകടമാകുന്നതാണ് കാനോനകളിൽ ഉപയോഗിച്ചിരിക്കുന്ന ഉത്തമപുരുഷ സർവ്വനാമ രൂപങ്ങൾ. വക്താവിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തെ വ്യക്തമാക്കു

ന്നതാണ് നാം, നമ്മുടെ എന്നീ സർവ്വനാമങ്ങൾ. തലവനാകുന്ന നാം, നമ്മുടെ പ്രമാണം എന്നീ പ്രയോഗങ്ങൾ ഈ നിരീക്ഷണത്തെ ബലപ്പെടുത്തുന്നു. മേൽജാതിക്കാർക്ക് സമൂഹം കൽപ്പിച്ചു നൽകുന്ന അധികാരബോധവും സംബോധിതരുടെ അധികാരരാഹിത്യവും ഉയർന്ന വിഭാഗത്തോടുള്ള അവരുടെ വിധേയത്വവും സർവ്വനാമങ്ങളിൽ പ്രകടമാകുന്നു.

കാനോനകളിലെ പ്രഥമപുരുഷ സർവ്വനാമങ്ങളുടെ ഉപയോഗത്തിലൂടെ കൽപ്പന നൽകുന്നവരും സ്വീകരിക്കുന്നവരും തമ്മിലുള്ള മേലാൾ കീഴാൾ ബന്ധമാണ് പ്രകടമാകുന്നത്. വക്താവ് എപ്പോഴും പുരുഷകേന്ദ്രീകൃതമായ അധികാരത്തിന് ഉടമയാണ്. സ്വീകർത്താവ് സാധാരണനിലയിൽ പുരുഷൻ തന്നെയാണ്.

മത കൊളോണിയലിസം വഴിയായി പുതിയ ചിന്താധാരകളും ആശയ പദ്ധതികളും ആവിഷ്കരിക്കുക വഴിയായി അതുവരെ അജ്ഞാതമായിരുന്ന ജ്ഞാനമണ്ഡലം കേരളീയ സമൂഹത്തിലേക്ക് വളരെ പ്രത്യേകമായി ക്രിസ്ത്യൻ സമൂഹത്തിലേക്ക് നൽകുകയാണുണ്ടായത്. ഇതുമൂലം സൃഷ്ടിക്കപ്പെട്ട അജ്ഞത വഴിയായി വിധേയത്വ മനോഭാവം സൃഷ്ടിച്ചതോടൊപ്പം യൂറോപ്യൻ ശക്തികൾക്ക് വൈഷണിക മേധാവിത്വം ഉറപ്പിക്കുവാനും സാധിച്ചു.

**ഗ്രന്ഥസൂചി**

ഗിരീഷ് പി.എം. 2017. *അധികാരവും ഭാഷയും*. കോഴിക്കോട്: ഐ ബുക്ക്സ് കേരള.

ലക്ഷ്മിക്കുട്ടി, സി. 2000. *മലയാള ഭാഷാപ്രവേശിക*. മദ്രാസ് :തിയമ്മാർ പബ്ലിക്കേഷൻസ്

സക്കറിയ, സ്കറിയ (എ.ഡി.) 1994. *ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ*. ഇടമറ്റം: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് .

Althusser, Louis. 1971. Ideology and Ideological State Apparatus in *Lenin Philosophy*, London: New Left Books.





Bernstein, Basil. 1971 Class, Codes and Control, Vol.1. London: Routledge.

**റ്റോജിൻ ബാബു**
ഗവേഷകൻ
എസ്.എൻ.ജി .എസ്. പട്ടാമ്പി
ഫോൺ: 9497285169
ഇ മെയിൽ toginkallarackal@gmail.com

# മിഷ ണറി ഗദ്യം

## സം ക്ഷേ പ വേ ദാർഥം, ഉദ യം പേ രൂർ സുന ഹ ദോ സ്, ഞാ ന മു ത്തു മാ ല

ദീപാ നാ രാ യ ണൻ

**പ്രബ ന്ധ സം ഗ്രഹം**

മിഷനറിഗദ്യത്തിന്റെ പ്രതിനിധാനങ്ങൾ എന്ന നിലയിൽ ഉദയംപേരൂർ സുനഹദോസ്, സംക്ഷേപവേദാർത്ഥം, ഞാനമുത്തുമാല എന്നിവയും വിശകലനം നിർവ്വഹിക്കപ്പെടുന്നു. ആധുനികഭാഷാഗദ്യത്തിന് അടിത്തറയിട്ടത് മിഷണറിഗദ്യമാണ്. അവയുടെ വ്യാകരണവിചാരം ഇത് വ്യക്തമാക്കും.

**താക്കോ□ വാക്കു കൾ**

മിഷണറിഗദ്യം, സംക്ഷേപവേദാർത്ഥം, ഉദയംപേരൂർ, സുനഹദോസ്, ഞാനമുത്തുമാല, വേദതർക്കം, ക്ലമന്റ് പിയാനിസ്.

**ആമുഖം**

മിഷനറിഗദ്യത്തിന്റെ പ്രതിനിധാനങ്ങൾ എന്ന നിലയിൽ ഉദയംപേരൂർ സുനഹദോസ്, ഞാനമുത്തുമാല എന്നിവയുടെ പരിചയപ്പെടുത്തലാണ് ഈ പ്രബന്ധം.

**ഉദ യം പേ രൂർ സുന ഹ ദോ സിന്റെ കാനോ ന കൾ**

''പതിനാറാം നൂറ്റാണ്ടിലെ ഭാഷാഗദ്യത്തിന്റെ സത്യസന്ധമായ പരിച്ഛേദമാണ് കാനോനകൾ''[2]. മിഷണറിമാർ വന്നതിനുശേഷമാണ് പൊതുജനത്തിന് ഉപകാരപ്രദമായ രീതിയിൽ ഗദ്യസാ





ഹിത്യം ഉടലെടുത്തത്. കാനോനകളിൽ കാണുന്നത് പതിനാറാം നൂറ്റാണ്ടിലെ ഗദ്യഭാഷണവ്യവഹാരശൈലിയാണ്.

പാശ്ചാത്യസമ്പർക്കത്തിലൂടെ മലയാളഗദ്യത്തിനുണ്ടായ വളർച്ചയും വികാസവും കാനോനകളിലെ ഭാഷ കൈകാര്യം ചെയ്യുന്നുണ്ട്. ഹ്രസ്വവാക്യങ്ങളിലൂടെ മലയാളഭാഷയുടെ രചനാസാധ്യതകൾ പരമാവധി ഉത്പാദിപ്പിക്കാനാണ് ഈ കൃതി ശ്രമിക്കുന്നത്. മലയാളശൈലിയിൽ ഉപയോഗിക്കാത്ത കർമ്മണി പ്രയോഗങ്ങൾ, പ്രാചീന കവിത്രയത്തിലെ കവികളുടെ (ചെറുശ്ശേരി, എഴുത്തച്ഛൻ തുടങ്ങിയവരുടെ) രചനകളിൽ സാധാരണ ഉപയോഗിക്കുന്ന പ്രയോഗസവിശേഷതകൾ തുടങ്ങിയവ ഈ കൃതിയിലുണ്ട്. നല്ലു, ഞായം തുടങ്ങിയവയിൽ അവസാനിക്കുന്ന പദങ്ങൾ ഉദാഹരണം. ലിപ്യങ്കനത്തിൽ ഐകരൂപ്യം കാണുന്നില്ല എന്നത് ഒരു ന്യൂനതയാണ്. തമ്പുരാൻ, തംപുരാൻ, അത, അതു, ഇത്യാദി പദങ്ങളുടെ പ്രയോഗത്തിൽ കൃത്യതയോ വ്യവസ്ഥയോ ഇല്ലാത്തതിന് സർവ്വസമ്മതമായ വഴക്കങ്ങൾ രൂപപ്പെട്ടില്ല എന്ന സമാധാനം പറയാം.

ഈ വിധത്തിൽ മലയാളഭാഷയുടെ ആധുനികീകരണം, വ്യവഹാരഭാഷയുടെ ഉപയോഗം, പ്രതിപാദ്യത്തിനുള്ള പ്രാധാന്യം, സംസക്തി, ചിഹ്നം, വിഷയങ്ങളെ ഖണ്ഡികകളായി വേർതിരിക്കുന്ന സമ്പ്രദായം എന്നിവ ആധുനിക മിഷണറി ഗദ്യമാതൃകയായ ഈ കൃതിയിലും നിരീക്ഷിക്കാവുന്നതാണ്.

**കാനോ ന ക ളിലെ ഗദ്യ ശൈലി**

കേരളപാണിനീയത്തിലെ ആറു നയങ്ങൾ പ്രകാരം പുരുഷപ്രത്യയം ചേർന്ന ചില ക്രിയാ രൂപങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. ഉദാ: അറിയുന്നേൻ, ഇരുന്നേൻ, പിഴച്ചേൻ, പറയുന്നേൻ എന്നിങ്ങനെ 81 രൂപങ്ങളുണ്ട്. അവയിൽ രണ്ടെണ്ണം മദ്ധ്യമപുരുഷബഹുവചനത്തിലും മറ്റുള്ളവ ഉത്തമപുരുഷഏകവചനത്തിലുമാണ്.

കാനോനകളിലെ ഭാഷയ്ക്ക് വ്യത്യസ്തത നൽകുന്നത് അതിലെ പരകീയപദങ്ങളാണ്. സംസ്കൃതം, സുറിയാനി, പോർച്ചുഗീസ്, ലത്തീൻ, അറബി ഭാഷകളിൽ നിന്നുള്ള പദങ്ങൾ കാനോനകളിലുണ്ട്. പരകീയ നാമപദങ്ങളിൽനിന്ന് പ്രത്യയം ചേർത്ത് ക്രിയാരൂപം സൃഷ്ടിക്കുന്ന ഉദാഹരണങ്ങൾ കുറവാണ്. ഉദാ: കുമ്പസാരം, കുമ്പസാരിക്കുക, കുമ്പസാരിപ്പിക്കുക എന്നിങ്ങനെയുള്ള ക്രിയാപദങ്ങൾ കാനോനകളിലുണ്ട്.

വിദേശഭാഷാപദങ്ങളിലെ ലിപ്യങ്കനം മിഷണറി കൃതികളിൽ അവ്യവസ്ഥീകരിക്കപ്പെട്ടിരിക്കുന്നു. ഉദാ: പിലാസ, കാനോന, മാലാഖ എന്നിങ്ങനെ നാമങ്ങളുടെ അന്ത്യസ്വരം ഹ്രസ്വമോ ദീർഘമോ എന്ന് തിട്ടപ്പെടുത്താൻ കഴിയാതെയായിരിക്കുന്നു. സ്വരഭേദം കൊണ്ടുള്ള രൂപഭേദങ്ങളിലും വർദ്ധനയുണ്ട്. (ഉദാ: റൂശുമ, റൂശുമാ, റുശുമ) ശമ്മാശ എന്ന പദത്തിന് അനവധി രൂപഭേദങ്ങൾ പ്രാചീന മിഷണറിഗദ്യത്തിലുണ്ട്. വാമൊഴിയിലെ ഉച്ചാരണഭേദങ്ങൾ, ഉദാഹരണത്തിന് സ്വരവികാരം, വ്യഞ്ജനവികാരം, സ്വരഭക്തി, വർണ്ണലോപം എന്നിവയിൽ പലതും പ്രതിഫലിപ്പിക്കുന്നവയാണ് കാനോനകളിലെ പദങ്ങൾ.

<u>സ്വരവികാരം - ഉദാഹരണങ്ങൾ</u>
അവിടെ - ഔടെ
അവ്വണ്ണം - ഔവ്വണ്ണം
അഗതി - അകുതി
പരദെശി - പരുദെശി
കിടക്കുന്നു - കെടക്കുന്നു
<u>സ്വരഭക്തി - ഉദാഹരണങ്ങൾ</u>
ഓർത്ത - ഓറത്ത
മര്യാദ - മരിയാതി
<u>വർണ്ണലോപം</u>





ഹൊമം - ഓമം
രുധിരം - ഉതിരം
വീഴ്ത്തി - വീത്തി
<u>അന്ത്യാഗമം</u>
ഭാര്യ - ഭാര്യാവ
ഭക്തി - ഭക്തിമ
<u>വ്യഞ്ജനവികാരം</u>
ഹെതു - ഹെദു
ആദി - ആതി
ശവം - ചകം

തെറുക (പശ്ചാത്തപിക്കുക), പറഞ്ഞൊക്കുക (പ്രാക്കു പറയുക), എരപ്പു നമസ്കാരം (യാചനാരൂപത്തിലുള്ള പ്രാർത്ഥന) തുടങ്ങി സവിശേഷമായ അർത്ഥത്തോടുകൂടി നിലനിൽക്കുന്ന ചില പദങ്ങൾ കാനോനകളിലുണ്ട്. പദങ്ങൾ പിരിച്ചെഴുതുന്ന സന്ധി വിരളമാണ്. പിരിച്ചെഴുതുകയാണ് പതിവ്. കാനോനകളിൽ വിധായക -അനുജ്ഞായകപ്രകാരങ്ങൾക്ക് പ്രത്യേക പ്രസക്തിയുണ്ട്. അനുപ്രയോഗധാതുവിനെ പ്രാക് പ്രയോഗധാതുവിൽനിന്ന് വേർതിരിച്ച് സ്വതന്ത്രമായി പ്രയോഗിക്കുന്ന രീതിക്ക് പ്രചാരമുണ്ട്. പ്രാക് പ്രയോധധാതുവിനോട് ഉം ചേർക്കുന്ന രീതി കാനോനകളിലുണ്ട്. ഉദാ: കൊള്ളുകയും വെണം, ചൈകയും വേണം.

അരുത അനുപ്രയോഗിച്ചാലും പ്രാക് പ്രയോഗധാതുവിൽ 'ഉം' ചേർക്കും.

ഇരിക്കയും അരുത - ഇരുന്തുകയും അരുത.

കാനോനകളിൽ ആര്യ എഴുത്ത് ആണ് ഉപയോഗിച്ചിരിക്കുന്നത്.

**വേദ തർക്കം (1768)**

വേദതർക്കം അച്ചടിക്കപ്പെട്ടിട്ടില്ല. രചിച്ചത് ഫാദർ ഡോ. ജോസഫ് കരിയാറ്റിൽ (1742-1786). മലയാളഭാഷാഗദ്യത്തിന്റെ ഉത്തമമാതൃകയാണ് ഈ ഗ്രന്ഥം. കൂടുതലും കർസോൻ ലിപിയിലാണ് (മലയാളം-സുറിയാനി ലിപിയിൽ എഴുതുന്ന രീതി) എഴുതിയിട്ടുള്ളത്. മതപരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്ന വേദതർക്കം എന്ന കൃതി സഭയുടെ അനൈക്യം ഇല്ലാതാക്കി പുനരൈക്യത്തിലേക്ക് നയിക്കാനാണ് ശ്രമിച്ചത്.

**ഭാഷാ പ ഗ്ര ഥനം**

വിദേശഭാഷയുമായുള്ള ബന്ധം തെളിഞ്ഞ ഗദ്യമെഴുതാൻ ഗ്രന്ഥകർത്താവിനെ പ്രേരിപ്പിച്ചിരിക്കാം. പാശ്ചാത്യരുടെ ഗദ്യരചനാരീതി സ്വീകരിച്ചിട്ടുള്ള വേദതർക്കം സ്വന്തം സമുദായത്തിൽ ഉണ്ടായ അനൈക്യവും ഛിദ്രവാസനകളും ദുർബലപ്പെടുത്താൻ എഴുതിയ കൃതിയാണ്. യുക്തിഭദ്രമായും ശക്തമായും വസ്തുതകൾ വ്യക്തമാക്കി സ്വന്തം അഭിപ്രായം സ്ഥാപിക്കാൻ കരുത്തുള്ള ഗദ്യരീതി മലയാളത്തിന് പുതുമയായിരുന്നു. പാശ്ചാത്യസാഹിത്യത്തിലെ ഉപന്യാസങ്ങളുടെ രീതി മലയാളത്തിൽ ആദ്യം ഉപയോഗിച്ചത് ഈ കൃതിയിലാവാം എന്ന് പണ്ഡിതർ നിരീക്ഷിക്കുന്നു. മതപരമായ കാര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗ്രന്ഥമാണ് വേദതർക്കം. മലയാളഗദ്യശൈലിക്ക് നൂതനമായ രീതി പ്രദാനം ചെയ്യാൻ ഇതിന് കഴിഞ്ഞു.

**സംക്ഷേ പ വേ ദാർഥം (1772)**

കേരളത്തിൽ മിഷണറി പ്രവർത്തനത്തിനായി എത്തിയ ക്ലമന്റ് പിയാനിസ് (1731-1782) ആണ് സംക്ഷേപവേദാർത്ഥത്തിന്റെ രചയിതാവ്. ഇതിന്റെ പൂർണ്ണമായ നാമധേയം നസ്രാണികൾ ഒക്കക്കും അറിയെണ്ടുന്ന സംക്ഷെപവെദാർഥം എന്നാണ്. ക്രിസ്ത്യാനികൾ സംക്ഷേപ വേദാർത്ഥത്തെ കുമ്പേന്തി എന്ന് വിളിച്ചുവരുന്നു.





**ഭാഷാ പ ഗ്ര ഥനം**

ഈ കൃതിയിൽ സാഹിത്യഭാഷയുടെ കൃത്രിമത്വം ഇല്ല. വ്യവഹാരഭാഷയാണ് ഉപയോഗിച്ചിരിക്കുന്നത്. അന്നത്തെ സാമാന്യവ്യവഹാരഭാഷയിൽ ഉപയോഗിച്ചിരുന്ന പദങ്ങൾ, ശൈലീവിശേഷങ്ങൾ, അക്ഷരങ്ങൾ, അക്കങ്ങൾ എന്നിവ പരിചയപ്പെടുത്തുകയും വളർന്നുകൊണ്ടിരിക്കുന്ന ഗദ്യരചനാശൈലിയെ തിരിച്ചറിയുകയും ചെയ്തു.

ക്രിസ്തുമതത്തിന്റെ കാതലായ തത്വങ്ങൾ, വിശ്വാസപ്രമാണങ്ങൾ, ആത്മീയകാര്യങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുള്ള പുസ്തകമാണിത്. സൃഷ്ടിയുടെ വ്യത്യാസങ്ങൾ, മരണാനന്തരജീവിതം, മനുഷ്യാവതരണത്തിന്റെ നിഗൂഢതകൾ, പ്രാർത്ഥന, വേദപ്രമാണം, പാപപുണ്യങ്ങൾ, പ്രഭാതസന്ധ്യാപ്രാർത്ഥനകൾ എന്നിവ ഉൾപ്പെടുന്ന ക്രിസ്തീയമതതത്ത്വസാരങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. തികഞ്ഞ ഗൗരവം, പക്വതയുള്ള ശൈലി, അധ്യാപനശാസ്ത്രത്തിൽ അധിഷ്ഠിതമായ രചനാസങ്കേതം, ഗുരുശിഷ്യസംവാദരൂപത്തിലുള്ള ഗ്രന്ഥരചനാശൈലി എന്നിവയും ഈ ഗ്രന്ഥത്തിന്റെ സവിശേഷതകളാണ്.

പതിനാറാം നൂറ്റാണ്ടിലെ ഗദ്യത്തിന്റെ തുടക്കം ഈ കൃതിയിൽ ലഭ്യമാണ്. മിഷണറി മലയാളത്തിൽ വർത്സ്യഖരത്തെ സൂചിപ്പിക്കാൻ രണ്ട് 'റ' കാരചിഹ്നം ഉപയോഗിക്കുന്ന രീതി ആരാന്റെറ, തംപുരാന്റെറ എന്നിവ ഉദാഹരണം, പ്രചാരത്തിലുണ്ടായിരുന്നു. എകാരം, ഒകാരം എന്നിവയ്ക്ക് ഹ്രസ്വദീർഘഭേദം ഉണ്ടായിരുന്നില്ല. ദീർഘമായ ഈ അങ്കനം ചെയ്യാൻ പട്ടെഴുത്തിൽ പ്രചാരത്തിലുള അള ൈഎം എന്ന ചിഹ്നം ഉപയോഗിച്ചിരുന്നു. സംവൃതോകാരത്തിന് പ്രത്യേക ലിപി ഇല്ല.

തംപുരാൻ, എംകിൽ എന്നാണ് പ്രചരിച്ചിരുന്നത്. അതേസമയം ചിലേടത്ത് മ്പ, ങ്ക എന്നീ അക്ഷരങ്ങൾ കാണുന്നുണ്ട്.

സംക്ഷെപം, വെണ്ടുന്ന, യൊഗ്യങ്ങൾ എന്ന രീതിയിൽ ഹ്രസ്വത്തിന് മാത്രമാണ് പ്രചാരം ഉള്ളത്. സുറിയാനിപദങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഈശോമിശിഹ, റൂഹ, ഒപ്രുശുമാ, മാമ്മോദിസ, കുർബാന, കൂദാശ തുടങ്ങിയ സുറിയാനി പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പോർച്ചുഗീസ് പദങ്ങളും ഉപയോഗിച്ചിട്ടുണ്ട്. കുരിശ്, കുമ്പസാരം, പാപ്പാ, വീഞ്ഞ് തുടങ്ങിയവ ഉദാഹരണം. സംസ്കൃതപദങ്ങളായ പുത്രൻ, ത്രിത്വം, നമസ്കാരം എന്നിവയും കാണാം. അധികം സങ്കീർണ്ണവാക്യങ്ങൾ ഉപയോഗിച്ചിട്ടില്ല. ചെറിയ ചൂർണ്ണികകളിലൂടെ, പദങ്ങളിലൂടെ ആശയസംവേദനം നടത്തുന്ന രീതി ഉപയോഗിച്ചിരിക്കുന്നു. ''ചോദ്യവാക്യത്തിന്റെ മദ്ധ്യത്തിൽ ഉത്തരത്തിന്റെ മർമ്മം ഘടിപ്പിച്ചാൽ ആശയം വ്യക്തമാകുന്ന സമ്പ്രദായം കാര്യങ്ങൾ ലളിതമാക്കുന്നു''.[3]

ഒരു ചങ്ങലയിലെ തുടർകണ്ണികൾ പോലെ ആശയവ്യക്തത സിദ്ധിച്ചുകൊണ്ട് ഗണിതശാസ്ത്രത്തിന്റെ ഘടനാപ്പൊരുത്തം ഭാഷയ്ക്ക് ലഭിക്കുന്ന രീതി ഉപയോഗിച്ചിരിക്കുന്നു. പ്രഭാതത്തിലും സന്ധ്യക്കും ഒരു വിശ്വാസി എന്തു ചെയ്യണം എന്ന് വ്യക്തമാക്കുന്ന 257-ാം ഖണ്ഡത്തിൽ ലഘുവായ ചൂർണ്ണികയ്ക്ക് പകരം ദൈർഘ്യമുള്ള സങ്കീർണ്ണവാക്യമായി അവതരിപ്പിച്ചിരിക്കുന്നു. അക്ഷരത്തെറ്റുകൾക്ക് ശുദ്ധിപത്രം നൽകിയിരിക്കുന്ന, മലയാളത്തിൽ അച്ചടിക്കപ്പെട്ട ആദ്യഗ്രന്ഥമാണിത്.

**ജ്ഞാനമു ത്തു മാല (1784)**

ഒരു പ്രാചീനഗദ്യകൃതിയാണ് ജ്ഞാനമുത്തുമാല. അജ്ഞാതകർത്തൃകം. മുഴുവൻ പേര് ജ്ഞാനമുത്തുമാല അഥവാ അഴിയാതമുത്തുമാല. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാണ് ജ്ഞാനമുത്തുമാലയുടെ കാലഘട്ടം. ഒരിടത്തും ഗ്രന്ഥകർത്താവിന്റെ പേരില്ല. എങ്കിലും പ്രതിപാദ്യം കൊണ്ട് (ആത്മീയഗൗരവം) കർത്താവ് ഒരു പണ്ഡിതവൈദികനാണെന്ന് അനുമാനിക്കാം. കേരളത്തിലെ





ക്രിസ്ത്യാനികൾ സാധാരണ ആരാധനഭാഷയിൽ ഉപയോഗിക്കുന്ന നിരവധി പദങ്ങൾ ഈ കൃതിയിലുണ്ട്.

ആധുനികഗദ്യത്തിന്റെ ഭദ്രമായ മുഖം ഈ കൃതിയിലുണ്ട്. പതിനെട്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധമാണ് ഇതിന്റെ രചനാകാലം. ഇന്നത്തെ ഗദ്യരീതിയിൽ പ്രചാരമില്ലാത്ത ശൈലികൾ, പ്രയോഗവിശേഷങ്ങൾ എന്നിവ കാണാം. സംഭാഷണകലയുടെ ലിഖിതരൂപമായ ഈ കൃതിയുടെ ഗദ്യം ആധുനികഗദ്യത്തിന്റെ അടിത്തറയാണ്. ഈ കൃതിയിൽ ആധുനികമലയാളത്തിൽ സാധാരണയായി കാണുന്ന എല്ലാ നാമപദങ്ങളും ക്രിയാരൂപങ്ങളും കാണാം. കാലപ്രത്യയം, സംഖ്യാനാമങ്ങൾ, സർവ്വനാമങ്ങൾ എന്നിവയിലെ വാക്യഘടനയിലും (ആഖ്യ, കർമ്മം, ആഖ്യാതം) ഇന്നത്തെ രീതിയിൽ ക്രമം സ്വീകരിച്ചിട്ടുണ്ട്. ആഖ്യാതത്തിൽ തുടങ്ങി ആഖ്യയിൽ അവസാനിക്കുന്ന പൂർവ്വകാല ഗദ്യകൃതികളിലെ രീതി ഇവിടെ ഉപയോഗിച്ചിട്ടില്ല. ക്രമമായി വസ്തുതകൾ യുക്തിബോധത്തോടെ അവതരിപ്പിക്കുന്നതിനുള്ള നിബന്ധനയും ഈ കൃതിയിൽ കാണാം.

ഇന്ന് നാം ഉപയോഗിക്കുന്ന നാമ-ക്രിയാരൂപങ്ങളുടെ പ്രകൃതികൾ, ആധുനികഗദ്യത്തിൽ പ്രയോഗിക്കുന്ന സംസ്കൃതതത്ഭവങ്ങൾ, കാലപ്രത്യയങ്ങൾക്കും സർവ്വനാമങ്ങൾക്കും സംഖ്യാനാമങ്ങൾക്കും ഉള്ള സ്ഥിരത, ആധുനിക ഗദ്യവാക്യക്രമം, സംഭാഷണഭാഷയുടെ സഹജമായ സൗന്ദര്യം തുടങ്ങിയവ ജ്ഞാനമുത്തുമാലയുടെ സവിശേഷതകളാണ്. ഇങ്ങനെ മിഷണറിഗദ്യത്തിന്റെ പ്രത്യേകതകൾ ഈ കൃതിയിൽ വ്യക്തമാണ്. ആദ്ധ്യാത്മിക കൃതിയുടെ ഗാംഭീര്യം, പ്രാർത്ഥനകൾ, ചൂർണ്ണിക പോലുള്ള ചെറിയ വാക്യങ്ങൾ എന്നിവയും ഇതിന്റെ സവിശേഷതയാണ്.

തമ്പുരാൻ എന്ന് ഗ്രന്ഥത്തിൽ കാണുന്നത് ലിപിവിന്യാസത്തിൽ വന്ന വീഴ്ചയാണോ അച്ചടിപ്പിശകാണോ എന്ന് നിശ്ചയിക്കാൻ തോന്നുന്നു എന്ന് മിഷണറി വ്യാകരണം എന്ന പുസ്തക

ത്തിൽ ഗ്രന്ഥകാരൻ അഭിപ്രായപ്പെടുന്നുണ്ട്. തം എന്ന് അനുസ്വാരം ചേർത്തു കഴിഞ്ഞ് പുരാൻ എന്ന് ചേർക്കുന്ന രീതി മിഷണറി ഗദ്യത്തിന്റെ പൊതുസ്വഭാവമാണ്. തംമ്പുരാൻ എന്ന് വേറൊരിടത്തും സൂചിപ്പിച്ചിട്ടില്ല. ബാവാടെയും പുത്രന്റെയും എന്നിടത്തൊക്കെ സമുച്ചയം കൃത്യമായും പറഞ്ഞിട്ട് തൊട്ടടുത്ത് റൂഹാദ കുദാശാടയും എന്ന് തെറ്റായി ചേർക്കുന്നത് വ്യത്യസ്തതയായിട്ടാണ് നിരൂപകർ കരുതുന്നത്. വന്നേൻ എന്ന രീതിയിൽ ഉത്തമപുരുഷ ഏകവചനപ്രത്യയം ചേർത്തിട്ടുണ്ട്. ശരണപ്പെടുന്നേൻ എന്നത് വേറൊരു ഉദാഹരണം. ഒന്നാമത്തെ മുത്തിൽനിന്നാണ് ഇത് കണ്ടെത്തിയിരിക്കുന്നത്.

നാലാമത്തെ മുത്തിൽ ദൈവശാസ്ത്രത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് വിശ്വാസികളെ ബോധവത്കരിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. മരണം വിശ്വാസിയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. മരണം അവസാനമല്ല. സനാതനമായ തുടക്കമാണ്. ഭൗതികസുഖാനുഭവങ്ങളുടെ വ്യഗ്രതയിൽ നിന്നുള്ള ഒരുക്കമാണ് ആസ്തപ്പാട് എന്ന പദംകൊണ്ട് ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നത്. പിന്നീട് ഇത് ആപത്കാരിയാണെന്ന് ഗ്രന്ഥകാരൻ വിശദമാക്കുന്നുണ്ട്.

''റൂഹാദക്കുദശ, കുർബാന, ബെസ് പുർക്കാന, ശ്ലീഹാ, കബർ, കുമ്പസാരം എന്നിവയും ചാവദോഷം, പാപദോഷം, ഉതപ്പ്, പട്ടാങ്ങ മുതലായ ഭാഷാപദങ്ങളും ഉദാഹരണമായി ഉണ്ട്. കൂടാതെ കാവ്യർ, ഹിന്ദുക്കൾ, എരിവ്, തീക്ഷ്ണത, ആത്മം (ആത്മാവ്) തമ്പുരാൻ, ഉടയതമ്പുരാൻ (ദൈവം) ഇങ്ങനെയുള്ളവയും കാണുന്നുണ്ട്''.[4] ഭാഷയുടെ പ്രസന്നത, ഊർജ്ജസ്വലത എന്നിവ വേദതർക്കം, ജ്ഞാനമുത്തുമാല എന്നിവയുടെ സവിശേഷതയാണ്.

കേരള സർവകലാശാലയുടെ ഹസ്തലിഖിതഗ്രന്ഥാലയം 1956-ൽ പ്രസാധനം ചെയ്ത പ്രാചീന ഗദ്യകൃതിയാണ് ജ്ഞാനമു





ത്തുമാല. ഇതിന്റെ സ്വരൂപം ഏറെ ലളിതമാണ്. ക്രിസ്തുമതതത്ത്വസംഹിതയും വേദസാരവുമാണ് ഇതിന്റെ പ്രമേയം. ഓരോ അധ്യായവും ഓരോ മുത്തുകളാണ്. ആകെ 105 മുത്തുകളാണുള്ളത്. ഓരോ മുത്തും ഓരോ ധ്യാനവിഷയമാണ്. ഒന്നാം അധ്യായം മുതൽ മുത്ത് ആണ്. പിന്നീടുള്ള അധ്യായങ്ങൾ രണ്ടാം മുത്താകുന്നത്, മൂന്നാം മുത്താകുന്നത് എന്നിങ്ങനെയാണ്. അവസാനിക്കുന്ന അധ്യായങ്ങൾ ഒന്നാം മുത്തു കൂടി, രണ്ടാം മുത്തു കൂടി എന്നിങ്ങനെയാണ്. കൂടി എന്നാൽ അവസാനിച്ചു എന്നാണർത്ഥം.

'മരണത്തെ മാറ്റിവയ്ക്കുന്ന ഒരുക്കം ഒരുങ്ങാതെ മരിക്കുന്ന അവസ്ഥയിലേക്ക് മനുഷ്യനെ നയിക്കും'. ഈ ഭാഗത്ത് വായനക്കാരന് ഒരു മൃദുലതയും അനുഭവപ്പെടുന്നില്ല. ചെയ്യുക എന്നതിന് ചൈക എന്നതുപോലുള്ള പഴയകാല പ്രയോഗങ്ങൾ കാണാം. മറിയമേ വാഴ ഇതിലെ വാഴ, വാഴ്കയാണ്. പോകുക എന്നതിന് പോക എന്ന പ്രയോഗവും കാണാം. ആധുനികമലയാളത്തിൽ വാഴുക എന്നതിന് തുല്യമായി വാഴ എന്ന പ്രയോഗദം ആരും ഉപയോഗിച്ചു കാണുന്നില്ല.

**വർത്ത മാ ന പ്പു സ്തകം (1785)**

മിഷണറി മലയാളഗദ്യത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകയാണ് വർത്തമാനപ്പുസ്തകം അഥവാ റോമ്മായാത്ര. രചിച്ചത് പാറേമ്മാക്കൽ തോമാകത്തനാർ. 1785-ആണ് രചനാകാഘട്ടം. ഭാരതീയഭാഷകളിൽ പ്രഥമയാത്രാവിവരണഗ്രന്ഥം. സമുദായചരിത്രം ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളിൽ ആദ്യത്തേത്. മികച്ച ഭൂമിശാസ്ത്രഗ്രന്ഥം, സ്വയംഭരണാവകാശത്തിന്റെ ആധ്യാത്മികകാര്യങ്ങൾ സംബന്ധിച്ച ആദ്യ രേഖ തുടങ്ങി നിരവധി പ്രത്യേകതകൾ ഈ പുസ്തകത്തിനുണ്ട്.

1653-ലെ കൂനൻകുരിശ് സത്യത്തിനുശേഷം കേരളത്തിലെ ക്രിസ്ത്യാനികൾ രണ്ടായി പിരിഞ്ഞു. (പൂത്തൻകൂർ, പഴയകൂർ).

അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടെങ്കിലും പഴയ കൂറ്റുകാർ റോമൻപാപ്പയുടെ മതാധികാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ പുത്തൻകൂറ്റുകാർ അതിന് തയ്യാറായില്ല. പിന്നീട് അവർ ഓർത്തഡോക്സ് മാർത്തോമ്മ, സി.എസ്.ഐ. സഭകളായിത്തീർന്നു.

സുറിയാനി ക്രിസ്ത്യാനികൾ (പുത്തൻകൂറ്റുകാർ) കുറിവലങ്ങാട്ടുകാരനായ ഫാ. തോമസ് പകലോമറ്റത്തിനെ ഒന്നാം മാർത്തോമ്മ എന്ന പേരിൽ മെത്രാനാക്കുകയും അദ്ദേഹം പുത്തൻ കൂറ്റുകാരുടെ അധിപനായിത്തീരുകയും ചെയ്തു. ദിവസങ്ങൾക്കു ശേഷം അദ്ദേഹത്തിന്റെ അനുയായികൾക്ക് റോമൻ കാത്തോലിക്കാ സഭയിലേക്ക് വരുന്നതിന് താത്പര്യപ്പെട്ടു. എന്നാൽ ആറാം മാർത്തോമ്മയുടെ കാലത്ത് ഈ ആഗ്രഹം കൂടുതൽ ശക്തിപ്രാപിച്ചു. എന്നാൽ പോർച്ചുഗീസുകാരായ മിഷണറിമാർ ഇത് അനുകൂലിച്ചില്ല. തുടർന്ന് മതവുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങങ്ങൾ കേരളത്തിൽ രൂപപ്പെട്ടു. ഇതിന് പരിഹാരമുണ്ടാക്കുന്നതിന് മലങ്കര പ്പള്ളി യോഗം കരിയാറ്റയിൽ യൗസേപ്പ് മല്പാനെയും പാറേമ്മാക്കൽ തോമ്മക്കത്തനാരെയും റോമിലെ മാർപ്പാപ്പയുടെ അടുത്തേക്ക് അയച്ചു. അതിന്റെ ഫലമായിരുന്നു സാഹസികമായ യൂറോപ്പ് യാത്ര.

വർത്തമാനപുസ്തകത്തിന് രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാം ഭാഗം 74 പദങ്ങൾ (അധ്യായം) ആയി വിഭജിച്ചിരിക്കുന്നു. ഓരോ പദത്തിന്റെയും ഒടുവിലുള്ള ഭാഗമാണ് വിചാരം. ഏത് ഭാരതീയ ഭാഷകളിലും ഉണ്ടായിട്ടുള്ള ആദ്യത്തെ സഞ്ചാരസാഹിത്യകൃതിയാണ് വർത്തമാനപ്പുസ്തകം.

**ഭാഷാ പ ഗ്ര ഥനം**

വൈദേശികസ്വാധീനം ഗദ്യത്തിലുടനീളം കാണാം. ആധുനികമലയാളഗദ്യത്തിൽ നിന്നും വേറിട്ടുനിൽക്കുന്ന ഒരു ശൈലിയല്ല ഈ കൃതിക്കുള്ളത്. വ്യവഹാരഭാഷയോട് നീതി പുലർത്തന്ന





ഒരു നല്ല സാഹിത്യശൈലി ഈ കൃതിക്കുണ്ട്. വൈദേശികപദങ്ങൾ, വാക്യഘടന, ശൈലികളിലെ വൈദേശികച്ചുവ ഇവയെല്ലാം ചൂണ്ടിക്കാണിക്കാം. എങ്കിലും മികച്ച യാത്രാവിവരണഗ്രന്ഥമാണ് വർത്തമാനപ്പുസ്തകം. സംസ്കൃതത്തിന് പ്രാധാന്യം നൽകുന്ന ശൈലിയല്ല ഈ ഗ്രന്ഥത്തിലുള്ളത്. യാത്രാവിവരണം, ദേശചരിത്രം, സമുദായചരിത്രം എന്നി ഉൾക്കൊള്ളുന്ന ഗ്രന്ഥം എന്ന നിലയിലും വർത്തമാനപ്പുസ്തകം വേറിട്ട് നിൽക്കുന്നു.

പ്രത്യേകമുള്ള, ശെഷമുള്ള തുടങ്ങിയ പദങ്ങളിൽ കാണുന്ന ഹ്രസ്വാക്ഷരപ്രയോഗം വർത്തമാനപ്പുസ്തകത്തിൽ പൊതുവേ ദൃശ്യമാണ്. സംവൃതോകാരം കാണിക്കുന്ന പതിവ് ഇല്ല. ഒരുമ്പാട (ഐക്യം), മനൊഗുണം (ദൈവാനുഗ്രഹം), മര്യാദി (ക്രമം), കഴലപ്പെടുത്തിയ (ചുമതലയേൽപ്പിച്ച) തുടങ്ങിയ പദങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ബഹുവചനപ്രയോഗങ്ങൾ (ഉദാ. പള്ളിക്കാർ) ധാരാളമാണ്. ഇരിക്കുന്നതല്ലൊ ആകുന്നു, ഞങ്ങൾക്കുള്ള തത്രെ ആകുന്നു എന്നിവ ഇരിക്കുന്നതാണല്ലോ, ഞങ്ങൾക്കുള്ളതാണല്ലോ എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നു. സംക്ഷേപവേദാർത്ഥകാലത്ത് ഉപയോഗിച്ചിരുന്ന അതെന്ത്യെ എന്ന പ്രയോഗം അതെന്തെന്നാൽ എന്ന് മാറിയിട്ടുണ്ട്.

വളരെ നീണ്ട വാക്യങ്ങളിൽ വാക്യഘടന തെറ്റുന്നില്ല. അർത്ഥഗ്രഹണസാധ്യതയ്ക്ക് മങ്ങലേൽക്കുന്നില്ല. ദീർഘവാക്യങ്ങളിൽപോലും ക്ളിഷ്ടത ഇല്ല. ആശയാവതരണത്തിന് പദം എന്ന അധ്യായം സ്വീകരിച്ചിരിക്കുന്നു. അതിന്റെ ഒടുവിലത്തെ അധ്യായം വിചാരം ആണ്. ഗ്രന്ഥത്തിന്റെ സാഹിത്യമൂല്യം അവതരിപ്പിക്കുന്ന ഭാഗങ്ങളും ഇവയാണ്.

**സംക്ഷേ പ വേ ദാർത്ഥം (1772)**

മലയാളത്തിൽ പൂർണ്ണമായും അച്ചടിക്കപ്പെട്ട പ്രഥമഗ്രന്ഥം. 1772-ൽ റോമിൽ അച്ചടിച്ച ഇത് ഫാദർ ക്ലമന്റ് പിയാനിസ് ആണ്

രചിച്ചത്. ഗുരുശിഷ്യസംവാദരൂപേണയുള്ള പ്രതിപാദനമാണ് ഈ കൃതിക്കുള്ളത്.

ഇറ്റാലിയൻ ക്രൈസ്തവപുരോഹിതനായ ക്ലമന്റ് പിയാനിസ് മതപ്രചരണത്തിനായി കേരളത്തിലെത്തുകയും മലയാളവും സംസ്കൃതവും പഠിച്ച് ഭാഷയിൽ 'നസ്രാണികൾക്കെക്കും അറിയെണ്ടുന്ന സംക്ഷെപ വേദാർത്ഥം' എന്ന ഗദ്യകൃതി രചിച്ചു. 1772-ൽ റോമിൽ പോയി മലയാള ലിപികൾ മാത്രം ഉപയോഗിച്ച് ആ കൃതി പ്രസിദ്ധീകരിക്കുകയും ചെയ്തു. കാതലായ ക്രിസ്തുമതതത്ത്വങ്ങൾ വിശ്വാസപ്രമാണങ്ങൾ, സൃഷ്ടിയുടെ രഹസ്യം, മരണാനന്തര ജീവിതം, മനുഷ്യാവതരണത്തിന്റെ രഹസ്യങ്ങൾ, കുരിശടയാളം, കർത്തൃപ്രാർത്ഥന, വേദപ്രമാണങ്ങൾ, ഏഴ് കൂദാശകൾ, പാപപുണ്യങ്ങൾ, സന്ധ്യാകാലപ്രാർത്ഥനകൾ തുടങ്ങിയ ക്രിസ്തീയ വേദസാരങ്ങളെ സമഗ്രമായി ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്നു. ഇക്കാലയളവിൽ സാംസ്കാരികവും മതപരവുമായ വ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്.

ഇതിലെ വർണ്ണവികാരങ്ങൾ - ഉ കാരത്തിന് ഇകാരാദേശം നിപുണത-നിപിണത, പൈശൂന്യം-പൈശിന്യം. എകാരത്തിന് ആകാരാ-ദേശം എല്ലാവരെയും-എല്ലാവരയും, ഒകാരത്തിന് അകാരാദേശം, ചൊല്ലുമ്പോഴും-ചൊല്ലുമ്പഴും, പലപ്പോഴും-പലപ്പഴും.

പെടുക എന്ന ധാതുവിന് പടുക എന്ന പഴയ രൂപം ഉപയോഗിച്ചിരിക്കുന്നു. ഉദാ: അകപ്പടാത, വിളിപ്പെടുന്ന, ബാവാകുന്ന (ബാവയാകുന്ന), ആദില്ലാത്ത (ആദിയില്ലാത്ത), വിലക്കിരിക്കുന്ന (വിലക്കിയിരിക്കുന്ന), തിന്മാകുന്ന (തിന്മയാകുന്ന)എന്നിവ സാധാരണയായി കണ്ടുവരുന്നു.

വിശ്വസിക്കുന്നേൻ, മുക്കുന്നേൻ എന്നീ പ്രാർത്ഥനാഭാഗങ്ങളിൽ പുരുഷവചനപ്രത്യയങ്ങൾ ക്രിയകളോട് ചേർന്ന് പ്രയോഗിച്ച് വരുന്നു. ഒരിമ്പാടുക, കടപ്പുകാരർ, അടാത്ത, പുളി ആണ പടു





വാർത്ത, ചൊല്ലുവിളി, ചുമ്മൊർത്ത്, പട്ടാങ്ങ്, മുകറ്, തണ്യ, ചരതം, ഉതപ്പ്, നറുങ്ങാണി, നരണ തുടങ്ങിയ പ്രാചീന പദങ്ങൾ ഗ്രന്ഥത്തിൽ കാണാം. പരഹാസ്യം, അഴിവ്, ഏഴണി, നികളം, പൂച്ച, രൊഹി, അരിചം, അനാതി, അയ്മൊദ്യം, ഹാകൊണ്ട തുടങ്ങിയ പദങ്ങളിൽ വ്യഞ്ജനങ്ങൾക്കു വരുന്ന മാറ്റമാണ് ശ്രദ്ധേയമായത്.

ഈ ഗ്രന്ഥത്തിൽ ഒരിടത്തും സംവൃതോകാരചിഹ്നം ഉപയോഗിച്ചിട്ടില്ല. സൃഷ്ടിച്ചതാര, ആകുന്നത, വകുപ്പുകളുണ്ട, എന്നിങ്ങനെ പ്രയോഗിച്ചിരിക്കുന്നു. വ്യഞ്ജനങ്ങളോടുകൂടി വരുന്ന എകാര ഒകാരങ്ങൾക്ക് പ്രത്യേകചിഹ്നം കാണുന്നില്ല. സംക്ഷെപ, വെണ്ടുന്ന, യൊഗ്യങ്ങൾ എന്നിങ്ങനെയുള്ള രീതി പിന്തുടരുന്നു. ന്റ എന്നെഴുതുമ്പോൾ രണ്ട് റ കാരം ചേർത്ത് ന്റ്റ എന്ന് രേഖപ്പെടുത്തിക്കാണുന്നു.

തമിഴ്ഭാഷാപദങ്ങളും പ്രയോഗങ്ങളും ഉപയോഗിച്ചിട്ടുണ്ട്. (ഉദാ: പെരട്ടടിയാതെ) സുറിയാനി, ഹീബ്രു, അർമേനിയൻ പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. മതപരമായ കാര്യങ്ങൾ അവതരിപ്പിക്കാൻ ഇത് അനിവാര്യമാണ്. (ഉദാ: ഈശോമിശിഹ, കുർബാന, കൂദാശ, മാമോദിസ). പോർച്ചുഗീസ് പദങ്ങൾ വളരെ വിരളമായി ഉപയോഗിച്ചിരിക്കുന്നു (ഉദാ: കുരിശ്, കുമ്പസാരം, പാപ്പ, വീഞ്ഞ്). പതിനെട്ടാം നൂറ്റാണ്ടിലെ കത്തോലിക്കാവേദശാസ്ത്രത്തിന്റെ സൂക്ഷ്മാംശങ്ങൾ കൈകാര്യം ചെയ്യുന്ന ഗ്രന്ഥമാണ് സംക്ഷേപവേദാർത്ഥം.

**മിഷ ണ റി ഗ ദ്യ ത്തിന്റെ പ്രത്യേ ക ത കൾ**

മിഷണറി ഗദ്യത്തിന്റെ ജീവൻ വ്യവഹാരഭാഷയാണ്. ആരംഭത്തിൽ ഇത്തരം ഗദ്യകൃതികൾ സാഹിത്യഭാഷയാകാൻ പര്യാപ്തമായിരുന്നില്ല. ശക്തിയേറിയ ചെറിയവാക്യങ്ങളിലൂടെ ഹ്രസ്വവാക്യങ്ങളുടെ കരുത്ത് ഇത്തരം കൃതികളിൽ അവതരിപ്പിക്കുന്നുണ്ട്. വാക്യങ്ങൾ പൂർണ്ണ ക്രിയയിൽ അവസാനിക്കണമെന്നുള്ള നിബന്ധന ഈ കൃതിയിലില്ല. പദക്രമത്തിന്റെ കാര്യത്തിലും ഇത്തരം നിബന്ധനകൾ പ്രകടമല്ല.

ആധുനികമലയാളത്തിൽ ഇല്ലാത്ത പ്രാചീന കവിത്രയത്തിൽ കാണുന്ന ചില പ്രയോഗവിശേഷങ്ങൾ ഉദയംപേരൂർ സുനഹദോസിന്റെ കാനോനകളിൽ ഉണ്ട്. ഉദാ: വാണിഭം, ചൈകാതെ ഇരിക്ക, നല്ലക, 'ശെമ്മാശൻമാരിൽ പലർക്കും ഓത്ത പൊകാ' തുടങ്ങിയവ.

പിൽക്കാലത്ത് സംസ്കൃതത്തിന് വഴിമാറിക്കൊടുക്കുന്ന പല ദ്രാവിഡപദങ്ങളും മിഷണറിഗദ്യത്തിലേക്ക് കടന്നുവരുന്നുണ്ട്. അതിനെ തമിഴ്ച്ചുവ, മാപ്പിളച്ചുവ എന്ന രീതിയിൽ വിലയിരുത്തുന്നുണ്ട്. കർത്താവ്, കർമ്മം, ക്രിയ എന്ന രീതിയിൽ ഹ്രസ്വവാക്യങ്ങളിലൂടെ വാക്യങ്ങൾ വിഭിന്നമായി അവതരിപ്പിക്കുന്നു. കർമ്മണി പ്രയോഗം ധാരാളമായി കണ്ടുവരുന്നു. മിഷണറി ഗദ്യത്തിന്റെ ഒരു പരിമിതി കൂടിയാണിത്. പരകീയപദങ്ങളായ സുറിയാനി, ലത്തീൻ, പോർച്ചുഗീസ് പദങ്ങൾ ധാരാളമായി കണ്ടുവരുന്നു. അതിനാൽ പദകോശം ഏറെ സമ്പന്നമാണ്.

സമസ്തപദനിർമ്മാണം കഴിവതും പ്രയോജനപ്പെടുത്താൻ മിഷണറിഗദ്യം ശ്രമിച്ചു. മൊഴി തികയ്ക്കൽ, പൊരുൾ പടാർത്ത, ഇരപ്പു നമസ്കാരം, ഉടയതമ്പുരാൻ തുടങ്ങിയവ ഉദാഹരണം.

ലിപ്യങ്കനവിധങ്ങളിലുള്ള വൈജാത്യം ദൃശ്യമാണ്. തമ്പുരാൻ എന്നും തംപുരാൻ എന്നും കാണുന്നത് ഉദാഹരണം. ഈ എന്നും ഒരെ എന്നും ഓരോ ഗ്രന്ഥത്തിൽ കാണുന്നുണ്ട്. അച്ചടി പ്രചരിക്കാത്തതിന് ഒരു കാരണമാണിത്. ബഹുവചനം ഇരച്ചിട്ടു പറയുന്നു. ഉദാ: പട്ടക്കാർ, പള്ളിക്കാർ.

വികൽപ്പനിപാതമായ ഓ എന്നതിനു പകരം എങ്കിൽ, താൻ എന്നിവയിലേതെങ്കിലും ചേർക്കുന്ന രീതി ഉപയോഗിച്ചിട്ടുണ്ട്. ഉദാ: അനന്തരവരെ കൊണ്ട എങ്കിലും അതിനെ തെകപ്പാൻ ആയിട്ട ഒള്ളവരെ കൊണ്ട എംകിലും തെകക്കണം, പള്ളിയുടെ അരികെ ഉള്ള വീടുകളിൽ താൻ.





വ്യവഹാരഭാഷയുടെ അടുത്ത സമ്പർക്കം കൊണ്ട് പല പദങ്ങൾക്കും വർണ്ണ പരിണാമം സംഭവിച്ചിട്ടുണ്ട്. ഉദാ: അവിടെ-ഔടെ, ഉപകാരം - ഒപകാരം, ശവം-ചക.

സംസ്കൃതപദങ്ങളെ സ്വീകരിക്കുമ്പോൾ കാണിക്കുന്ന് ഔചിത്യം ഒരു പ്രധാന സവിശേഷയാണ്. സാധാരണജനതയുടെ സംവേദനത്തിന് ഉപയോഗിച്ച സംസ്കൃതപദങ്ങളെ മാത്രമമേ മിഷണറിഗദ്യത്തിൽ ഉപയോഗിക്കുന്നുള്ളൂ. പാണ്ഡിത്യപ്രകടനത്തിന് കൃതികളെ ഉപയോഗിച്ചിട്ടില്ല. ഗ്രന്ഥകർത്താക്കൾ ഉപയോഗിച്ച സംസ്കൃതപദങ്ങൾ വ്യവഹാരഭാഷയിലൂടെ വേരുറച്ചതാണ്.

ഉദാ: മര്യാദി - മര്യാദ
വെവസ്ഥ - വ്യവസ്ഥ
വെന്ധിക്കുന്ന - ബന്ധിക്കുന്ന
സൂക്ഷം - സൂക്ഷ്മം
സൊല്പൻ - സ്വല്പം
ഭക്തിമ - ഭക്തി

**ഉപ സം ഹാരം**

മലയാളം മാനകഭാഷയായി പരിണമിക്കുന്നതിന് തൊട്ടുമുമ്പുള്ള ഭാഷാരൂപങ്ങളാണ് മിഷണറി ഗദ്യമാതൃകയിൽ ആവിഷ്ക്കരിക്കപ്പെട്ടത്,. ആധുനികവത്കരണത്തിന് തുടക്കം കുറിക്കുന്ന ഗദ്യമാതൃകകൾ, ചിഹനം, അറിവ്, വിഷയങ്ങൾ അവതരിപ്പിക്കുന്ന രീതി എന്നിവ ഒരു നൂതന ഗദ്യമാതൃകയുടെ സ്വഭാവത്തെ അവതരിപ്പിക്കുന്നു. മിഷണറിപ്രസ്ഥാനം ഭാരതീയഭാഷകളിലെ ഗദ്യസാഹിത്യത്തെ സമ്പുഷ്ടമാക്കി. ലത്തീൻ, പോർച്ചുഗീസ്, ജർമ്മൻ, ഇംഗ്ലീഷ് മുതലായ ഭാഷകളിലൂടെ നേടിയ വിജ്ഞാനം മിഷണറിമാർ മലയാളത്തിലൂടെ സംവേദനം ചെയ്തു.

**കുറി പ്പു കൾ**

1. വിജ്ഞാനകൈരളി, 2017 ഒക്ടോബർ 1, വാല്യം 49, ലക്കം 10. ജോർജ്ജ് മാത്തനും മലയാളവും (ഡോ. ശ്രീകുമാർ ഏ.ജി., പുറം 26).
2. മിഷണറി വ്യാകരണം, ഡോ. പ്രീമൂസ് പെരിഞ്ചേരി, പുറം 115
3. അതേ പുസ്തകം, പുറം 133
4. അതേ പുസ്തകം, പുറം 134

**ഗ്രന്ഥ സൂചി**

1. പ്രീമൂസ് പെരിഞ്ചേരി (ഡോ.), മിഷണറി വ്യാകരണം, പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് പബ്ലിക്കേഷൻസ്, 2004.
2. സ്കറിയ സക്കറിയ (എഡി.), ഉദയംപേരൂർ സുനഹദോസിന്റെ കാനോനകൾ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ്, ഇടമറ്റം, 1994.
3. രാമചന്ദ്രൻ നായർ പന്മന, സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം, 2010 (2008).
4. പരമേശ്വരൻപിള്ള എരുമേലി, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, 2012 (1996).
5. സാഹിത്യലോകം വാല്യം 46, ലക്കം 12, 2018 ഏപ്രിൽ.
6. ഭാഷാപോഷിണി ഒക്ടോബർ 2010, പുസ്തകം 34, ലക്കം 5.
7. സാഹിത്യചക്രവാളം, സെപ്റ്റംബർ 2018
8. ഭാഷാപോഷിണി സെപ്റ്റംബർ 2015 പുസ്തകം 39 ലക്കം 9
9. സാഹിത്യലോകം, വാല്യം 45, ലക്കം 5-6, 2017 ഡിസംബർ
10. വിജ്ഞാനകൈരളി 2017 ഒക്ടോബർ 1 വാല്യം 49 ലക്കം 10



*സംക്ഷേ പ വേ ദാർത്ഥം....* *പ്രാചീ ന*
*കൈ രളി*

**ദീപാ നാ രാ യ ണൻ**
അസി. പ്രൊഫസർ
ഗവ. ആർട്സ് & സയൻസ് കോളെജ്,
ചേലക്കര, തൃശ്ശൂർ, കിള്ളിമംഗലം പോസ്റ്റ്-680591

# ബെഞ്ച മിൻ ബെയ്‌ലിയുടെ ഭാഷാസംഭാ വ ന കൾ

**രേണു വി. ആർ.**

**പ്രബ ന്ധ സം ഗ്രഹം**

*മല യാളഗദ്യ ത്തിന്റെ വളർച്ചയ്ക്ക് വിദേ ശ മി ഷ ണി മാർ ന□കിയ സംഭാ വ ന കൾ വളരെ വലു താ ണ്. മത പ്ര ചാ ര ണ ത്തോ ടൊപ്പം ഭാഷ യു ടെയും സാഹി ത്യ ത്തി ന്റെയും പുരോ ഗ തി യ്ക്കാ വ ശ്യ മായ ഗ്രന്ഥ ങ്ങളും പാശ്ചാത്യ സാഹിത്യ രൂപ ങ്ങളും പ്രച രി പ്പി ക്കാൻ അവർ ശ്രമി ച്ചു. ഈ പ്രവർത്ത ന ങ്ങൾക്ക് നേതൃത്വം വഹി ച്ച വരി□ പ്രധാ നി യാണ് ബെഞ്ച മിൻ ബെയ്‌ലി. ബെഞ്ച മിൻ ബെയ്‌ലി മല യാള ഭാഷയ്ക്കും സാഹി ത്യ ത്തിനും ന□കിയ സംഭാ വ ന കൾ ഉൾക്കൊ ള്ളു ന്ന താണ് ഈ പ്രബ ന്ധം.*

**താക്കോ□ വാക്കു കൾ**

*ബെഞ്ച മിൻ ബെയ്‌ലി സ്ഥാപിച്ച പ്രസ്സ്, ചെറു പൈ ത ങ്ങൾക്ക് ഉപ കാ രാർത്ഥം ഇംഗ്ലീ ഷി□ നിന്ന പരി ഭാ ഷ പ്പെ ടു ത്തിയ കഥ കൾ – ബെയ്‌ലി യുടെ ബൈബിൾ വിവർത്തനം – സി. എം. എ സ്. പ്രസ് – ആദ്യ കാല ആനു കാ ലി ക ങ്ങൾ– നിഘ□ ു ക്കൾ.*

വിജ്ഞാനവിതരണത്തിനും വികാസത്തിനും അച്ചടി എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് പത്തൊമ്പതാം നൂറ്റാണ്ട് പ്രകടമാക്കി. കോട്ടയം കേന്ദ്രമാക്കി ചർച്ച് മിഷൻസഭയും മംഗലാപുരവും തലശ്ശേരിയും കേന്ദ്രമാക്കി ബാസൽമിഷനും പ്രവർത്തനമാരംഭിച്ചതോടെ അച്ചടിയിൽ ഒരു പുതുയുഗം രൂപപ്പെട്ടു. മതപ്രചാരണത്തോടൊപ്പംതന്നെ ഭാഷയിലും സാഹിത്യത്തിലും പുതിയ മാറ്റങ്ങൾ വരുത്താൻ മിഷനറിമാർ പ്രയത്നിച്ചിരുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം വഹിച്ച പ്രധാന വ്യക്തികളാണ് ബെഞ്ച





മിൻ ബെയ്‌ലിയും (1791–1871) ഡോ.ഹെർമ്മൻ ഗുണ്ടർട്ടും (1814–1893).

ആധുനിക അച്ചടിയുടെ പ്രതിഷ്ഠാപകനായി അറിയപ്പെടുന്ന ഇംഗ്ലീഷുകാരനായ മിഷനറിയാണ് ബെഞ്ചമിൻ ബെയ്‌ലി. ഇംഗ്ലിലെ ഡ്യൂസ്ബെറിയിൽ ജനിച്ച അദ്ദേഹം ചർച്ച് മിഷൻസഭയുടെ പ്രവർത്തനങ്ങൾക്കായി കേരളത്തിലെത്തുകയും മലയാള ഭാഷയ്ക്ക് വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിയ മഹദ്‌വ്യക്തിയുമാണ്.

കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസത്തിന് ആരംഭം കുറിക്കുകയും അടിത്തറ പാകുകയും ചെയ്തവരിൽ പ്രധാനിയാണ് ബെഞ്ചമിൻ ബെയ്‌ലി. കേരളത്തിൽ മതപ്രചരണത്തിനായി പ്രചരിച്ചിരുന്ന ബൈബിൾ വിവർത്തനത്തിന്റെ ഭാഷ ഒട്ടും ആശാസ്യവും പൂർണ്ണവുമല്ലാതിരുന്നതിനാൽ പുതിയ ഒരു ബൈബിൾ വിവർത്തനം നടത്താൻ ബെയ്‌ലി തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനാവുകയും ചെയ്തു. വിവർത്തനത്തിൽ മുഴുകിയ ബെയ്‌ലിയെ മലബാറുകാരനായ ചാത്തുമേനോൻ സഹായിച്ചിരുന്നതായി രേഖയുണ്ട്. ബെയ്‌ലി വിവർത്തനം ചെയ്ത് ബൈബിളിന്റെ കൈയെഴുത്ത് പ്രതികൾ വിതരണം ചെയ്യാൻ കാലതാമസമെടുത്തു. വേദപുസ്തകത്തിന് ജനങ്ങൾക്കിടയിൽ പ്രചാരം ലഭിക്കണമെങ്കിൽ ബൈബിളിന്റെ കോപ്പികൾ ധാരാളമായി ലഭിക്കണമെന്ന് മനസ്സിലാക്കിയ ബെയ്‌ലി ഒരു അച്ചടിയന്ത്രത്തിന്റെ ആവശ്യകത കേണൽ മൺറോയെ അറിയിച്ചു. ഈ സാഹചര്യത്തിലാണ് അച്ചടിയന്ത്രം സ്ഥാപിക്കാനായി കോട്ടയം മിഷനറിമാർ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റിയോട് ആവശ്യപ്പെട്ടത്. ഡോ.ബാബു ചെറിയാൻ ഇതുമായി ബന്ധപ്പെട്ട് മിഷനറി രജിസ്റ്ററിലെ പരാമർശം ബെഞ്ചമിൻ ബെയ്‌ലി എന്ന പുസ്തകത്തിൽ സൂചിപ്പിക്കുന്നു.

'The necessity of a printing establishment at Cotym is another thing we beg to leave to submit to the Committee. We have distributed a few Malayalam Tracts, Such as copies of a single Gospel, a catechism, & C but the expense is great.

Besides the English, Syriac and Sanskrit works. Which we shall very soon require at the College, procured from Madras will be attended with much expense and, afterall, we shall not be able to procure works in all case to suit our purpose. It will not be long, before the attention of the students should be directed to the structure of the English language, its idiom and its elegancies, to pursue, such a study profitabily, recourse must necessarily be had to the writings of our most elegant poets Essayists and Historians. A Syrian, Press is, perhaps even more requisite, from the great expense of Syriac works in England, and the impossibility of procuring them in sufficient numbers from home. But, of all the presses needed here, the Malayalam Pres is undoubtedly of the first importance.' (Missionary Register, 1821, December, 518)

കോട്ടയം മിഷനറിമാരുടെ ആവശ്യം തികച്ചും ഉചിതമാണെന്ന് മനസ്സിലാക്കിയ മദ്രാസ് കറസ്പോണ്ടിംഗ് കമ്മിറ്റി കോട്ടയത്തേക്ക് ഒരു അച്ചടിയന്ത്രവും ഇംഗ്ലീഷ്, സിറിയൻ എന്നീ ടൈപ്പുകളും മലയാളം, തമിഴ്, സംസ്കൃതം എന്നീ ടൈപ്പുകൾ ഇവിടെ വാർക്കുന്നതിനാവശ്യമായ ലോഹവും ആവശ്യപ്പെട്ട് ഇംഗ്ലണ്ടിലെ മാതൃസ്മൃതിയ്ക്ക് എഴുതി. അതു പ്രകാരം കോട്ടയത്തേക്ക് അയച്ച ഇംഗ്ലീഷ് ടൈപ്പ് ബോംബെ - ആലപ്പുഴ വഴി 1821 ഒക്ടോബർ 18-ന് കോട്ടയത്തേക്ക് എത്തിച്ചേർന്നു. എന്നാൽ മലയാളം അച്ചുകൾ കിട്ടിയിരുന്നില്ല. ഇതിന്റെ ഫലമായിരുന്നിരിക്കണം ബെഞ്ചമിൻ ബെയ്‌ലി മരം കൊണ്ട് ഒരു അച്ചടിപ്പുര സ്ഥാപിച്ചത്. ഈ അച്ചടിപ്പുരയിൽ നിന്ന് 1824-ൽ പുറത്തുവന്ന പുസ്തകമാണ് ''ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ''. എട്ടുകഥകളുടെ സമാഹാരമാണ് ഈ കൃതി. ജോർജ്ജ് ഇരുമ്പയം ഈ പുസ്തകത്തെ കണ്ടെടുക്കുന്നതുവരെ 1829-ൽ പുറത്തിറങ്ങിയ പുതിയ നിയമത്തെയാണ് ആദ്യകൃതി എന്നു വിശേഷി





പ്പിച്ചിരുന്നതായി ശ്രീ.കെ.എം.ഗോവി തന്റെ പുസ്തകമായ 'ആദിമുദ്രണം ഭാരതത്തിലും മലയാളത്തിലും' പറയുന്നുണ്ട്. 1824-ൽ കോട്ടയത്തുണ്ടായിരുന്ന ഏക അച്ചടിശാല സി.എം.എസ് പ്രസ്സാണെന്ന് രേഖയുള്ളതിനാൽ 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംഗ്ലീഷിൽനിന്ന പരിഭാഷപ്പെടുത്തിയ കഥകൾ' അച്ചടിച്ചതും സി.എം. എസ് പ്രസ്സിലാണെന്ന് ഉറപ്പിക്കാം. ''ഈ കൃതി അറിയാൻ കഴിഞ്ഞിടത്തോളം കേരളത്തിൽ അച്ചടിച്ച ആദ്യത്തെ മലയാള പുസ്തകവും മലയാളത്തിലെ ആദ്യത്തെ ബാലസാഹിത്യകൃതിയുമാണെന്ന് ജോർജ്ജ് ഇരുമ്പയം പറയുന്നു''.

ഇരുപത്തിയൊന്ന് സെന്റിമീറ്റർ നീളവും പതിമൂന്നര സെന്റിമീറ്റർ വീതിയും 197 പേജുകളുമുള്ള ഈ പുസ്തകം 8 കഥകളുടെ സമാഹാരമാണ്. ശീർഷകപത്രത്തിൽ പുസ്തകത്തിന്റെ പേര്, അച്ചടിച്ച സ്ഥലം, വർഷം ഇത്രയും കാര്യങ്ങളാണ് ഉള്ളത്. അടുത്ത പേജിൽ കഥകളുടെ ക്രമനമ്പർ, കഥകളുടെ പേര്, ഓരോ കഥയും ആരംഭിക്കുന്ന പേജ് നമ്പർ എന്നിവയുമുണ്ട്. എട്ടു കഥകളുടെ പേര് ഇപ്രകാരമാണ്.

1. എംഗലാന്തിൽ മാർജരി എന്ന പെരായ 4 വയസ്സു ചെന്ന ഒരു പെൺപൈതലിന്റെ കഥാ.
2. ജ്ഞാനിപൈതലിന്റെ കഥാ.
3. ആട്ടിൻകുട്ടികളുടെ കഥാ.
4. വിപദിധൈര്യം ഒരു കഥാ.
5. ജോർജ്ജിന്റെയും അവന്റെ ചാകത്തിന്റെയും കഥാ.
6. എഡ്വാർഡ എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാവന്റെ ചരിതം.
7. മനസ്സുറപ്പിന്റെ സംഗതി.
8. തെയോഫിലുസിന്റെയും സൊപ്യായുടെയും കഥാ.

കുട്ടികൾക്ക് വേണ്ടി പരിഭാഷപ്പെടുത്തിയ കഥകളാണ് 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം..........' എന്ന കൃതിയിലെ

എല്ലാ കഥകളെങ്കിലും അത് എല്ലാ കുട്ടികളുടെയും പൊതു ഉപയോഗത്തിനു വേണ്ടിയുള്ള കഥകളായിരുന്നില്ല എന്നും മിഷനറിമാർ സ്ഥാപിച്ച സ്കൂളുകളിലെയും കോളേജുകളിലെയും കുട്ടികൾക്കുവേണ്ടിയുള്ളതായിരുന്നുവെന്നും ബാബു ചെറിയാൻ ഉദാഹരണസഹിതം തന്റെ പുസ്തകത്തിൽ പറയുന്നു. 'എഡ്വർഡ് എന്ന പെർ ഉളവായ രാജാക്കന്മാരിൽ ആറാവന്റെ ചരിതം' എന്ന കഥയിൽ അഞ്ചാം അദ്ധ്യായത്തിന്റെ ഒടുവിൽ എഡ്വർഡ് രാജാവിന്റെ കഥ പറഞ്ഞു തീർത്തശേഷം ആഖ്യാതാവിന്റെതായ ഒരു പ്രബോധനം ഉണ്ട്. ആ പ്രബോധനത്തിന്റെ ആഖ്യാതാവ് വായനക്കാരനെ സംബോധന ചെയ്യുന്നത് അദ്ധ്യായി എന്നാണ്. അദ്ധ്യായം ചെയ്യുന്നവൻ (പഠിക്കുന്നവൻ) ആണ് അദ്ധ്യായി.' (പുറം 104)

''ആകയാൽ എടൊ അദ്ധ്യായി – ചെന്ന അപ്രകാരം തന്നെ ചെയ്തീടുക ഇനിമെൽ സ്വർഗ്ഗത്തിങ്കൽ നമ്മുടെ ഭഗവാനാം രക്ഷിതാവിനെ അഭിമുഖീകരിച്ചു കാണും എന്നും നീ ഉറയ്ക്കുമാറാകും''.

(ചെറുപൈതങ്ങൾക്ക്........... പുറം 114)

വളരെ ദീർഘമായ കഥകളാണ് ഈ സമാഹരത്തിലെ എട്ടു കഥകളും. എല്ലാം സൻമാർഗ്ഗോപദേശ കഥകളാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിൽ 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം'......... എന്ന സമാഹാരത്തിലെ കഥാകഥനരീതിയോട് സാമ്യമുള്ളതായി കാണാം. ഡോ.എൻ.സാം *കേര ള ത്തിലെ സാമൂ ഹിക നവോ ത്ഥാ നവും സാഹി ത്യവും* എന്ന പുസ്തകത്തിൽ തിരുവിതാംകൂർ പാഠപുസ്തകങ്ങളെപ്പറ്റി പറയുന്നിടത്ത് ഈ സമാഹാരത്തെപറ്റി പരാമർശിക്കുന്നുണ്ട്. ''സർക്കാർ വിദ്യാഭ്യാസ ചുമതല ഏറ്റെടുത്തതോടെ മതനിരപേക്ഷമായ ഒരു പാഠ്യപദ്ധതി നിലവിൽ വന്നു. എങ്കിലും ക്രിസ്ത്യൻ മിഷനറിമാർ തുടങ്ങിവച്ച പാഠപുസ്തക സമ്പ്രദായത്തോട് ഇവയ്ക്ക് വളരെയധികം സാദൃശ്യങ്ങളുണ്ടായിരുന്നു. സൻമാർഗോപദേശ കഥകളടങ്ങുന്ന ചെറിയ ഗദ്യപാഠങ്ങളാണ് രണ്ടിലും കാണുന്നത്.'' (പുറം 107).





സാഹിത്യരചനയ്ക്കുവേണ്ടിയുള്ള ആധുനികഗദ്യം ആദ്യമായി പ്രത്യക്ഷപ്പെട്ടത് 'ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീഷിൽ നിന്ന പരിഭാഷപ്പെടുത്തിയ കഥകൾ എന്ന കൃതിയിലാണ്. എല്ലാവിധ ജനങ്ങൾക്കിടയിലും സ്വാധീനമുാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയണ് ഈ കൃതി അച്ചടിച്ചത്. അതിനാൽ ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളുടെ സംസാരഭാഷയിലെ ശൈലികളും അന്നുണ്ടായിരുന്ന സാഹിത്യവൈജ്ഞാനിക ഗ്രന്ഥങ്ങളിലും വരേണ്യവിഭാഗത്തിന്റെ സംസാരഭാഷയിലും മേൽക്കൈ ഉണ്ടായിരുന്ന മണിപ്രവാളവും കൂടിച്ചേർത്തൊരു ഗദ്യശൈലി ഉണ്ടാക്കാനാണ് ബെഞ്ചമിൻ ബെയ്‌ലി ഈ കൃതിയിലൂടെ ശ്രമിച്ചത്'.

**ബൈബി ളിന്റെ വിവർത്തനം**

പശ്ചിമേഷ്യയിലുണ്ടാവുകയും പിന്നീട് ലോകത്തിന്റെ തന്നെ ഇതിഹാസമായി മാറുകയും ചെയ്ത ഗ്രന്ഥമാണ് ബൈബിൾ. ബൈബിൾ പഴയ നിയമം രചിക്കപ്പെട്ടത് ഹീബ്രുഭാഷയിലാണ്. പിന്നീട് ഗ്രീക്ക്, ലത്തീൻ, സുറിയാനി ഭാഷകളിൽ ഇതിന് തർജ്ജമകളുണ്ടായി. ഇംഗ്ലണ്ടിലെ പ്രൊട്ടസ്റ്റന്റ്സഭയുമായി ബന്ധപ്പെട്ട പുരോഹിതന്മാരും മിഷനറിമാരും കേരളത്തിലേക്കെത്തിയതോടെയാണ് മലയാളത്തിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്താനുള്ള ശ്രമങ്ങൾ തുടങ്ങിയത്. 1811–ൽ ബുക്കാനന്റെ നേതൃത്വത്തിൽ ഫിലിപ്പോസ് റമ്പാനും കൂട്ടരും ചേർന്ന് നാലു സുവിശേഷങ്ങൾ പരിഭാഷപ്പെടുത്തി ബോംബെ കൂരിയർ പ്രസ്സിൽ അച്ചടിപ്പിച്ചു. ഇതായിരുന്നു ബൈബിളിനുണ്ടായ ആദ്യപരിഭാഷ. എന്നാൽ സാധാരണ ജനങ്ങളെ സ്വാധീനിക്കാൻ അതിന്റെ ഭാഷയ്ക്ക് കഴിഞ്ഞിരുന്നില്ല. നല്ല മലയാളത്തിലുള്ള ബൈബിളിന്റെ ആവശ്യകത കേണൽ മൺറോ ബെയ്‌ലിയോട് സൂചിപ്പിക്കുകയും ബെയ്‌ലി ബൈബിൾ പരിഭാഷ എന്ന ജോലി സന്തോഷത്തോടെ ഏറ്റെടുക്കുകയും ചെയ്തു.

മിഷനറിമാരുടെ പ്രധാന പ്രവർത്തനമേഖല മതപ്രചാരണമായതുകൊണ്ടുതന്നെ ബൈബിൾ തർജ്ജിമ ചെയ്യുമ്പോൾ അത് സകലജനങ്ങളെയും സ്വാധീനിക്കണമെന്ന കാഴ്ചപ്പാടായിരുന്നു ബെയ്‌ലിക്കുണ്ടായിരുന്നത്. അതുകൊണ്ടുതന്നെ ബൈബിളിലെ

ഭാഷാരീതി ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെയും ഒപ്പം തന്നെ വിദ്യാസമ്പന്നരെയും ഒരു പോലെ സ്വാധീനിക്കണം. ഈ രണ്ടുവിഭാഗങ്ങളെയും സ്വാധീനിക്കാനായി കേരളത്തിൽ അന്ന് നിലനിന്നിരുന്ന ഉച്ചഭാഷയ്ക്കും (ഉൽകൃഷ്ടഭാഷ-High Malayalam) നീചഭാഷയ്ക്കും (അപകൃഷ്ട ഭാഷ - Colloquial Malayalam) ഇടയിലുള്ള മലയാളം സ്വീകരിച്ചിരുന്നതായി ബാബു ചെറിയാൻ പറയുന്നുണ്ട്. ഈ ഭാഷ വ്യാപകമായി സ്വീകരിക്കപ്പെടുകയും ചെയ്തു.

1829-ൽ ബൈബിൾ പുതിയ നിയമം പ്രസിദ്ധപ്പെടുത്തിയതോടുകൂടി ബെഞ്ചമിൻ ബെയ്‌ലിയും സി.എം.എസ് പ്രസ്സും അച്ചടിയിലും അതുവഴി മലയാള സാഹിത്യത്തിലും പുതിയ വാതായനങ്ങൾ തുറന്നു. ഭാഷയുടെ അടിസ്ഥാനഗ്രന്ഥങ്ങളായ വ്യാകരണവും നിഘണ്ടുക്കളുമുൾപ്പെടെ നൂറുകണക്കിന് ഗ്രന്ഥങ്ങൾ ഇവിടെ നിന്ന് അച്ചടിച്ചു. ഈ കാലയളവിൽ തന്നെയാണ് ജോൺ ഹോക്സിന്റെ പത്രാധിപത്യത്തിൽ 'ജ്ഞാനനിക്ഷേപം' സി.എം.എസ് പ്രസ്സിൽ നിന്നും അച്ചടിച്ച് പുറത്തുവരുന്നത്. പിന്നീട് സന്ദിഷ്ടവാദി - വിദ്യാസംഗ്രഹം, മലയാളമിത്രം തുടങ്ങിയ ആനുകാലികങ്ങളും സി.എം.എസ് പ്രസ്സിൽ അച്ചടിച്ചുപോന്നു.

**നിഘ □ു ക്കൾ**

ബൈബിൾ വിവർത്തനത്തിൽ മുഴുകിയ ബെഞ്ചമിൻ ബെയ്‌ലിക്ക് മലയാളത്തിൽ ഒരു നിഘണ്ടുവിന്റെ ആവശ്യകത എത്രത്തോളമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. തദ്ഫലമായാണ് തന്റെ 20 വർഷം നീണ്ട പരിശ്രമത്തിനൊടുവിൽ 1846-ൽ മലയാളം-ഇംഗ്ലീഷ് നിഘണ്ടു പ്രസിദ്ധീകരിച്ചത്. ശാസ്ത്രീയ രീതിയിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യമലയാള നിഘണ്ടുവാണ് ബെയ്‌ലിയുടെ മലയാളം- ഇംഗ്ലീഷ് നിഘണ്ടു. High and Colloquial Malayalam and English എന്നാണ് ഈ നിഘണ്ടുവിന് പേരിട്ടിരിക്കുന്നത്. സംസ്കൃത നിഷ്പത്തിയുള്ള വാക്കുകൾ ധാരാളമായി അദ്ദേഹം തന്റെ നിഘണ്ടുവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാലത്ത് മലയാള





ത്തിന്മേൽ സംസ്കൃതത്തിനുണ്ടായിരുന്ന സ്വാധീനം ഇതിൽ നിന്നും മനസ്സിലാക്കാം. ബെയ്‌ലീ നിഘണ്ടുവിലെ സംസ്കൃതപദ ബാഹുല്യത്തെപ്പറ്റി പ്രൊഫ.സി.എൽ.ആന്റണി 'ഭാഷാപഠനങ്ങൾ' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്.

''ലക്ഷ്യത്തെ സംബന്ധിച്ചുള്ള ഒരഭിപ്രായഭേദം മാത്രമാണിത്. ഭാഷാചരിത്രപരമായ മൂല്യമാണ് ഗുണ്ടർട്ടിന്റെ പ്രധാനലക്ഷ്യം. ഇക്കാര്യം അദ്ദേഹം നിഘണ്ടുവിന്റെ ആമുഖത്തിൽത്തന്നെ എടുത്തു പറയുന്നുമുണ്ട്............ ഈ ചരിത്രലക്ഷ്യത്തിനു വേണ്ടി ത്തന്നെ കേരളത്തിലെ സാഹിത്യഭാഷയിലോ, സംഭാഷണ ഭാഷയിലോ ഇന്നൊരിക്കലും പ്രയോഗിക്കാത്ത തമിഴ് പദങ്ങൾ നിഘണ്ടുവിൽ ചേർക്കാൻ അദ്ദേഹം സന്നദ്ധനായിട്ടുണ്ട്. കിട്ടാവുന്ന സാഹിത്യകൃതികളും രേഖകളും സമ്പാദിച്ച്, പരിശോധിച്ച് ഓരോ പദത്തിന്റെയും നിഷ്പത്തി കണ്ടെത്താനുള്ള അദ്ദേഹത്തിന്റെ തീവ്രലക്ഷ്യമാണ് നമുക്ക് കാണാൻ കഴിയുക. ബെയ്‌ലിയുടെ ലക്ഷ്യം അതല്ല. അമരകോശത്തെയും ഡോ.വിൽസന്റെ സംസ്കൃത നിഘണ്ടുവിനെയും ആധാരമാക്കി മലയാളത്തിൽ പ്രയോഗിക്കാവുന്ന സംസ്കൃതപദങ്ങൾ തിരഞ്ഞെടുക്കുമ്പോൾ മലയാള ഗദ്യത്തിന്റെ പുരോഗതി മാത്രമേ ബെയ്‌ലി കണക്കിലെടുത്തിട്ടുള്ളൂ. പ്രയോഗയോഗ്യങ്ങളല്ലാത്ത ചില സംസ്കൃതപദങ്ങൾ ഇക്കൂട്ടത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് ശരി തന്നെ. പക്ഷേ ബോധപൂർവ്വമാണ് ബെയ്‌ലി അതു ചെയ്തിട്ടുള്ളത്. അത്തരം സംസ്കൃതപദങ്ങൾക്ക് ഇംഗ്ലീഷിലും മലയാളത്തിലും ബെയ്‌ലി അർത്ഥം കൊടുക്കുന്നത് അതിനു തെളിവാണ്. ഭാഷാഗദ്യത്തിന്റെ വളർച്ചയ്ക്ക് സംസ്കൃതപദങ്ങൾ ഒഴിച്ചുകൂടാനാവാത്ത ഒരു ഘടകമാണെന്ന അഭിപ്രായമാണ് ബെയ്‌ലിക്കുള്ളത്. അദ്ദേഹത്തിന്റെ ബൈബിൾ പരിഭാഷയിൽ ധാരാളം സംസ്കൃതപദങ്ങൾ സ്വീകരിക്കാൻ മുതിർന്നതും അതുകൊണ്ടുതന്നെയാണ്. ബെയ്‌ലിയുടെ ഈ അഭിപ്രായത്തെ പിൽക്കാല ഭാഷാസാഹിത്യചരിത്രം ശരിവയ്ക്കുന്നുമുണ്ട്''. (പുറം 131 - 132)

വടക്കൻ-തെക്കൻ ഭാഷാഭേദങ്ങൾക്കും ആചാരഭാഷയ്ക്കും സവിശേഷമായ പ്രാധാന്യം നിഘണ്ടുവിന് നൽകാൻ ബെയ്‌ലി

ശ്രമിച്ചിട്ടുണ്ട്. സസ്യനാമങ്ങളായ അകിൽ, അടകൊതിയൻ, അടെക്ക, എരകപ്പുല്ല് പോലുള്ള പദങ്ങൾ, ഓണാട്, കോലത്തുനാട്, തിരുവില്ല തുടങ്ങിയ സ്ഥലനാമങ്ങൾ, പുരാണകഥാപാത്രങ്ങളായ അഘോരി, അജൻ, കലി, കൃഷ്ണൻ, ഗണപതി തുടങ്ങിയവ നിഘണ്ടുവിൽ കാണാൻ സാധിക്കുന്നു. വിദേശഭാഷകളിൽ നിന്നും മലയാളത്തിൽ സുപരിചിതമായ വാക്കുകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പേർഷ്യൻ, അറബി, പോർട്ടുഗീസ്, സുറിയാനി, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിൽ നിന്നും മലയാളത്തിലേക്കെത്തിയ നിരവധി പദങ്ങൾ നിഘണ്ടുവിലുണ്ട്.

1849-ലാണ് ബെയ്ലിയുടെ ഇംഗ്ലീഷ് മലയാളം നിഘണ്ടുവായ 'എ ഡിക്ഷണറി ഇംഗ്ലീഷ് & മലയാളം' സി.എം.എസ് പ്രസ്സിൽ നിന്നും അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയത്. ശീർഷകപത്രം തിരുവിതാംകൂർ മഹാരാജാവിന് നിഘണ്ടു സമർപ്പിച്ചുകൊണ്ടുള്ള പ്രസ്താവന നിഘണ്ടുകാരന്റെ ആമുഖം, നിഘണ്ടുവിൽ ഉപയോഗിച്ചിരിക്കുന്ന ചുരുക്കെഴുത്തുകളുടെ പട്ടിക, റോമൻ-ഇറ്റാലിക്സ്-ഓൾഡ് ഇംഗ്ലീഷ് ഫോണ്ടുകളിൽ ഇംഗ്ലീഷ് അക്ഷരങ്ങളും അവയുടെ പേരുകളും എന്നിവ ഉൾപ്പെടുന്നു.

**മറ്റു കൃതി കൾ**

ബെഞ്ചമിൻ ബെയ്ലിയുടെ കൃതികൾ ഏതെല്ലാമാണെന്ന് കൃത്യമായ വിവരങ്ങൾ കിട്ടിയിട്ടില്ല. ആദ്യകാലത്ത് പ്രസിദ്ധപ്പെടുത്തിയിരുന്ന കൃതികളിൽ ഗ്രന്ഥകാരന്റെ പേര് സൂചിപ്പിച്ചിരുന്നില്ല. ബെഞ്ചമിൻ ബെയ്ലിയുടെ പേരുവച്ച് പ്രസിദ്ധപ്പെടുത്തിയ രണ്ടു കൃതികൾ മാത്രമേ കണ്ടുകിട്ടിയിട്ടുള്ളൂ. ഒന്ന് 1846-ൽ പ്രസിദ്ധപ്പെടുത്തിയ 'എ ഡിക്ഷണറി ഓഫ് ഹൈ ആൻഡ് കൊളോക്വയൽ മലയാളം & ഇംഗ്ലീഷ്, രണ്ട്, 1849-ൽ പ്രസിദ്ധപ്പെടുത്തിയ 'എ ഡിക്ഷണറി ഇംഗ്ലീഷ് & മലയാളം'.

ലഭ്യമായ വിവരങ്ങൾ വച്ച് ഡോ.ബാബു ചെറിയാൻ ബെഞ്ചമിൻ ബെയ്ലിയുടെ പുസ്തകങ്ങളെക്കുറിച്ച് ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്.





1. ബൈബിൾ (പുതിയ നിയമപുസ്തകമായ മത്തായി എഴുതിയ സുവിശേഷം മദ്രാസ് ടൈപ്പ് ഉപയോഗിച്ച് അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ 1824 മുതൽ പഴയനിയമത്തിലെ മൂന്നാം പങ്ക് പ്രസിദ്ധപ്പെടുത്തിയ 1842 വരെയുള്ള കാലത്തു പ്രസിദ്ധപ്പെടുത്തിയ പല വാല്യങ്ങൾ '42-നു മുമ്പും പിമ്പുമായി പ്രസിദ്ധപ്പെടുത്തിയ ഇവയുടെ പല പതിപ്പുകൾ').
2. എ ഡിക്ഷണറി ഓഫ് ഹൈ & കോളോക്വിയൽ മലയാളം & ഇംഗ്ലീഷ്
3. എ ഡിക്ഷണറി ഇംഗ്ലീഷ് & മലയാളം
4. ചെറുപൈതങ്ങൾക്ക് ഉപകാരാർത്ഥം ഇംക്ലീഷിൽ നിന്ന് പരിഭാഷപ്പെടുത്തിയ കഥകൾ.
5. സഭയെക്കുറിച്ചുള്ള ഒരു ഹോമിലി
6. സത്യവേദത്തിലുള്ള കഥകൾ/ഇസഹാക്ക് വാറ്റ്സിന്റെ ഒന്നും രണ്ടും ചോദ്യോത്തര പുസ്തകം).
7. മറെയുടെ വ്യാകരണം.
8. രണ്ട് ആട്ടിൻകുട്ടികൾ
9. രാമമോഹനറോയിയുടെ ഈശകേനഉപനിഷത്തുക്കളുടെ വ്യാഖ്യാനവും തർജ്ജമയും.
10. ഇന്ത്യയിലെ പുണ്യയാത്രക്കാരൻ (Mrs.Sherwood's Indian Pilgrim).
11. പൊതുവിലുള്ള പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്ന പുസ്തകം.
12. ആഴ്ചയിൽ ഓരോ രാവിലെയും വൈകുന്നേരത്തും ചെയ്യേണ്ടുന്ന കുടുംബപ്രാർത്ഥനകൾ.
13. കൂടാരവും അൾത്താരവും (Tent & Altar)

**സഹാ യ ക ഗ്ര ന്ഥ ങ്ങൾ**

*മല യാള ഭാഷയ്ക്ക് ബെഞ്ച മിൻ.... പ്രാചീ*


1. ആന്റണി.സി.എൽ, ഭാഷാപഠനങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 1989.
2. ഗോവി.,കെ,എം, ആദിമുദ്രണം ഭാരതത്തിലും മലയാള ത്തിലും, കേരള സാഹിത്യ അക്കാദമി, തൃശൂർ, 1998.
3. ഗോവിന്ദപ്പിള്ള.പി, ഭാഷാചരിത്രം, കേരളവിലാസം, അച്ചുകൂ ടം, 1956, പുനർമുദ്രണം, കേരള സാഹിത്യ പ്രവർത്തക സഹകരണസംഘം.
4. ബാബു ചെറിയാൻ, ഡോ.ബെഞ്ചമിൻ ബെയ്‌ലി, എൻ.ബി. എസ്, കോട്ടയം, 2017.
5. മാധ്യമങ്ങളും, മലയാള സാഹിത്യവും, ഒരു കൂട്ടം എഴുത്തു കാർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ്, തിരുവനന്തപുരം, 2000.
6. സാം,എൻ, കേരളത്തിലെ സാമൂഹിക നവോത്ഥാനവും സാഹിത്യവും, എൻ.ബി.എസ്, കോട്ടയം, 1988.

## Web Address

1. http:// commons wikimedia.org/wiki/file malayalam - new - Testament - complete Bailey - 1829. pdf, 16:37, 20.08.2021.
2. http:// commons wiki/file Benjamin Bailey - English - Malayalam - Dictionary - 1849 pdf. 16.40, 20.08.2021.



**രേണു വി. ആർ.**
ഗവേഷക
എം.ജി.കോളേജ്
തിരുവനന്തപുരം

## അളവ്–അക്ക പരാ മർശ ങ്ങൾ
## കേര ള ത്തിലെ തെക്കൻ കഥാ ഗാ ന ങ്ങ ളി□

**ജെ. ഉണ്ണി ക്കൃ ഷ്ണൻ**

**പ്രബ ന്ധ സം ഗ്രഹം**

കേരളത്തിലെ തെക്കൻ ഗാനങ്ങളിൽ പരാമർശിതമാകുന്ന അളവ് – അക്കങ്ങളെ കുറിച്ചുള്ളതാണ് ഈ പ്രബന്ധം. ചരിത്രരചനയ്ക്ക് സാഹിത്യത്തെ ഉപയോഗിക്കുന്നതെങ്ങനെയെന്നതിന്റെ പ്രായോഗികപഠനം കൂടിയാണിത്. അന്തർവൈജ്ഞാനിക രീതിശാസ്ത്രമാണ് പ്രബന്ധത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**താക്കോ□ വാക്കു കൾ**

പ്രാചീനകേരളത്തിലെ അളവുകൾ, അക്കങ്ങൾ, തെക്കൻപാട്ടുകൾ, ഗുരുദക്ഷിണ, വിലപേശൽ, തെരുവുവർണ്ണന.

മനുഷ്യസംസ്കൃതിയുടെ പ്രയാണത്തിലെ നാഴികക്കല്ലുകളാണ് തീയുടെയും ചക്രത്തിന്റെയും കണ്ടുപിടിത്തം. പ്രകൃതിയോട് ഇണങ്ങി ജീവിച്ചിരുന്ന പ്രാചീന മനുഷ്യരുടെ സസൂക്ഷ്മമായ നിരീക്ഷണത്തിൽ നിന്നായിരിക്കണം സംഖ്യാപരവും അളവ് സംബന്ധവുമായി ബോധത്തിലേക്ക് മാനവരാശി ഉണർന്നിട്ടുണ്ടാവുക. ലോകത്തിലെ പരിഷ്കൃതമായ ഓരോ സമൂഹത്തിലും തനതായ അളവ്–അക്ക–സമ്പ്രദായങ്ങൾ നിലനിന്നിരുന്നു. ഭാരതത്തിലെ അളവ്–അക്ക പാരമ്പര്യത്തിന് വേദകാലത്തോളം പഴക്കമുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള ഏറ്റവും പഴക്കമേറിയ ആധികാരികരേഖ ഋഗ്വേദസംഹിതയാണ്. ഋഗ്വേദത്തിലെ 'ഹിരണ്യപിണ്ഡം', 'നിഷ്ക' തുടങ്ങിയ പരാമർശങ്ങൾ സംഖ്യാബോധത്തിലേക്കും നാണയങ്ങളെക്കുറിച്ചുള്ള ആധുനിക പഠനശാഖയായ ന്യൂമിസ്മാറ്റിക്സിന്റെ ആദ്യകാലരൂപങ്ങളെക്കുറിച്ചുള്ള അറിവിലേക്കും നമ്മെ





നയിക്കുന്നു. പാണിനിയുടെ അഷ്ടാധ്യായി (ബി.സി. 6–ാം നൂറ്റാണ്ട്) മനുസ്മൃതി, യാജ്ഞവാല്ക്യസ്മൃതി (ബി.സി. 2–ാം നൂറ്റാണ്ട്) വസിഷ്ഠസ്മൃതി, അഷ്ടാംഗഹൃദയം (എ.ഡി. 5–ാം ശതകം) തുടങ്ങിയ ഭാരതീയ കൃതികൾ അളവുകളെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ ഉൾക്കൊള്ളുന്നവയാണ്. അംഗുലി, വിതസ്തി, പൗരിഷ, ഹസ്തി, കാണ്ഡം, കിങ്കു (അഷ്ടാധ്യായി) തുടങ്ങിയവ ഭാരതത്തിൽ പ്രചാരത്തിലുണ്ടായിരുന്ന അളവ് മാനകങ്ങളാണ്. സമയം അളക്കുന്ന തോതായിരുന്നു നാഴിക. ഗജം, മാറ്, കാതം, യോജന തുടങ്ങിയവ ദൈർഘ്യമാനങ്ങളായി കണക്കാക്കിയിരുന്നു. ബൗദ്ധഗ്രന്ഥമായ 'ലളിതവിസ്തര'ത്തിൽ (1–ാം നൂറ്റാണ്ട്) രജസ്, പരമാണു എന്നീ ദൈർഘ്യമാനങ്ങളെക്കുറിച്ചും പറയുന്നുണ്ട്. പരമാണുവിന്റെ സൂക്ഷ്മതലങ്ങളെക്കുറിച്ച് വ്യാഖ്യാനിക്കുന്ന ഗ്രന്ഥമാണ് വരാഹമിഹിരന്റെ ബൃഹത്സംഹിത. കൗടില്യന്റെ അർത്ഥശാസ്ത്രം ഈദൃശ്യമായ പഠനത്തിന് വെളിച്ചം പകരാൻ ഉതകുന്ന ആധികാരിക രേഖയാണ്. വ്യാപ്തം അളക്കുന്നതിന് ആഢകം, ദ്രോണം, ഖാരിക തുടങ്ങിയ മാനകങ്ങൾ ഉപയോഗിച്ചിരുന്നതായി കൗടില്യൻ വിശദീകരിക്കുന്നുണ്ട്. കാലഗണനയെക്കുറിച്ചുള്ള ഏറ്റവും പ്രാചീനമായ അറിവ് പ്രദാനം ചെയ്യുന്നതും ഋഗ്വേദം തന്നെയാണ്. കൽപ്പം, മന്വന്തരം, ചതുർയുഗം എന്നിങ്ങനെയുള്ള വിഭജനത്തിൽ ഓരോ ദിവസവും വർഷവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. ഈ വിധത്തിൽ മനുഷ്യസംസ്ക്കാരത്തിന്റെ പരിണാമചരിത്രത്തിലേക്ക് വെളിച്ചം പകർന്നു നൽകാൻ ഉതകുന്ന അളവ്–അക്ക സമ്പ്രദായങ്ങളുടെ കാര്യത്തിൽ അഭിമാനിക്കാവുന്ന പൈതൃകം ഭാരതത്തിന് അവകാശപ്പെടാം.

ഭാരതത്തിൽ പൊതുവിൽ പ്രയോഗത്തിലുണ്ടായിരുന്ന അളവ് – അക്ക സമ്പ്രദായങ്ങളുടെ പരിച്ഛേദം തന്നെയാണ് കേരളത്തിലും പ്രയോഗത്തിലുണ്ടായിരുന്നത്. വ്യാപ്തം അളക്കുന്നതിന് ആഴക്ക്, ഉഴക്ക്, ഉരി, നാഴി, ഇടങ്ങഴി, പറ, ഒറ എന്നീ അളവുകളാണ് കേരളത്തിൽ ഉപയോഗിച്ചിരുന്നത്. സ്വർണ്ണം, വെള്ളി തുടങ്ങിയ വിലയേറിയ ലോഹങ്ങൾ അളക്കാൻ നെന്മണി, കുന്നിക്കുരു, മഞ്ചാടിക്കുരു, കാൽപണമിട, അരപ്പണമിട, പവൻ തുടങ്ങിയ മാർഗ്ഗങ്ങൾ പ്രയോഗിച്ചിരുന്നു. തടിയുടെ വ്യാപ്തമളക്കാൻ പെരുക്കം, കി, തുവട തുട

ങ്ങിയ അളവ് മാനങ്ങൾ ഉപയോഗത്തിലുണ്ടായിരുന്നു. ആയുർവേദ മരുന്നുകളുടെ തൂക്കമറിയാൻ വെള്ളിക്കോലും, കഴഞ്ചുകോലും ഉപയോഗിച്ചു. ഉപ്പിന്റെ അളവ് അറിയാൻ ഇടങ്ങഴി, പറ, കൂമ്പ് തുടങ്ങിയ മാനകങ്ങൾ പ്രയോജനപ്പെടുത്തുന്നു. കാശ്, ചക്രം തുടങ്ങിയ നാണയങ്ങൾ എണ്ണുവാൻ കാശുപലകയും, പണപ്പലകയും പ്രചാരത്തിലുണ്ടായിരുന്നു. കാലഗണനയെക്കുറിച്ച് പറയുമ്പോൾ കൊല്ലവർഷത്തെ കലിവർഷവുമായി ചേർത്താണ് ശരിയായ കാലം നിർണയിച്ചിരുന്നത്. ''കൊല്ലത്തിൽ 'തരളാംഗ'ത്തെ കൂട്ടുമ്പോൾ കലിവത്സരം'' എന്ന് വിശദീകരിക്കുന്നു. 'തരളാംഗം' എന്ന വാക്ക് പരൽപേരായിട്ടാണ് ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. ഓരോ അക്കത്തിനും അക്ഷരനിർണയം നടത്തിയിരിക്കുന്ന ഈ കേരളീയ മാതൃകയനുസരിച്ച് 'തരളാംഗം' എന്ന വാക്ക് 3926 എന്ന അക്കത്തിനെ സൂചിപ്പിക്കുന്നു. നിലവിലെ കൊല്ലവർഷത്തോട് 'തരളാംഗം' ചേർത്ത് കലിവർഷം നിർണയം നടത്താവുന്നതാണ്. ഇടുങ്ങിയ നാളിയിലൂടെ താഴോട്ടുവീഴുന്ന മണൽത്തരിയുടെ അളവു കണക്കാക്കി മണിക്കൂറുകൾ നിർണ്ണയിക്കുന്ന യാമനാളികയും, നടുവിലുള്ള ചെറുദ്വാരത്തിലൂടെ വെള്ളം കേറ്റി ഒരു നാഴികകൊണ്ട് മുങ്ങുന്നപാത്രം സമയമറിയാൻ ഉപയോഗിച്ചിരുന്ന നാഴികവട്ടയും കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന സമയ സൂചികാ യന്ത്രങ്ങളാണ്. നൊടി, മാത്ര, ഗണികം, വയർപ്പ്, വിനാഴിക എന്നിവ സമയത്തെ അടയാളപ്പെടുത്താൻ പ്രയോഗിച്ചിരുന്നു. കേരളത്തിലെ അളവ്-അക്ക സമ്പ്രദായങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ് ഇവിടെ പ്രചരിച്ചിട്ടുള്ള നാടോടിഗാനങ്ങൾ.

ചുണ്ടുകളിൽനിന്നു ചുണ്ടുകളിലേക്കും ഹൃദയങ്ങളിൽനിന്നു ഹൃദയങ്ങളിലേക്കും പകർന്നു കിട്ടുന്നതാണ് നാടൻപാട്ടുകൾ. ഒരു നാടിന്റെ ചരിത്രവും സാംസ്കാരിക തനിമയും നാടൻപാട്ടുകളിൽ പുനർജനിക്കുന്നു. ലോകത്ത് അറിയപ്പെടുന്ന സാംസ്കാരിക ധാരകളൊക്കെത്തന്നെ നാടോടിസാഹിത്യത്താൽ സമ്പന്നമാണ്. കേരളത്തിന്റെ നാടോടിപ്പാട്ടുകളെ പ്രധാനമായും തെക്കൻപാട്ടുകൾ എന്നും വടക്കൻ പാട്ടുകൾ എന്നും വിഭജിച്ചിട്ടുണ്ട്. അതിൽത്തന്നെ പ്രമേയ വൈവിധ്യംകൊണ്ടും ചരിത്രപരവും ഭാഷാപരവും സാംസ്കാരികവുമായ സവിശേഷതകൾ കൊണ്ടും ശ്രദ്ധേ





യമാകുന്ന സാഹിത്യശാഖയാണ് തെക്കൻ കഥാഗാനങ്ങൾ. കണ്ടെടുത്തതും ഇനിയും കണ്ടെത്തേണ്ടതുമായ നൂറുകണക്കിന് കഥാഗാനങ്ങളാൽ അനുഗൃഹീതമായ മണ്ണാണ് തെക്കൻ തിരുവിതാംകൂറിന്റേത്. ഇന്നത്തെ കന്യാകുമാരി തിരുവനന്തപുരം ജില്ലകളും തിരുനെൽവേലി ജില്ലയുടെ ചില ഭാഗങ്ങളും ഉൾപ്പെടുന്നതാണ് തെക്കൻ തിരുവിതാംകൂർ എന്ന് വിവക്ഷിക്കുന്ന ഭൂപ്രദേശം. തെക്കൻ കഥാഗാനങ്ങൾ അനവധിയാണെങ്കിലും സാംസ്കാരികവും ചരിത്രപരവുമായ പ്രാധാന്യം കണക്കിലെടുത്ത് ആറ് കഥാഗാനങ്ങളാണ് അളവ് -അക്കങ്ങളുടെ പരാമർശങ്ങൾ പരിശോധിക്കുവാൻ ഇവിടെ പഠനവിധേയമാക്കുന്നത്. അവ കന്നടിയൻപോര്, കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ട്, അയണി ഊട്ടുപെരുമാൾ തമ്പുരാൻപാട്ട്, ഉലകുടെ പെരുമാൾ തമ്പുരാൻപാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര്, മൂവോട്ടുമല്ലൻകഥ എന്നിവയാണ്. ഇവിടെ പരാമർശിക്കുന്ന കഥാഗാനങ്ങളിലെ കാലസൂചനയനുസരിച്ച് കഥ നടന്നത് വ്യത്യസ്തമായ കാലഘട്ടങ്ങളിൽ ആണെങ്കിലും ഭാഷാപരമായും വസ്തുതാപരമായും വിശകലനം ചെയ്യുമ്പോൾ അവയുടെ രചനാകാലം പതിനാലും പതിനെട്ടും നൂറ്റാണ്ടുകൾക്കിടയിലാണ് എന്ന് മനസ്സിലാക്കാം. കോഴിക്കോട് മുതൽ കാഞ്ചീപുരം വരെയുള്ള പ്രദേശങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ പ്രസ്തുത കൃതികളിൽ കാണുവാൻ സാധിക്കുമെങ്കിലും തെക്കൻ തിരുവിതാംകൂറിന്റെ സാമൂഹികവും, സാംസ്കാരികവുമായ ജീവിതമാണ് കൃതികളിൽ കൂടുതൽ തെളിഞ്ഞുകാണുന്നത്.

പ്രാചീനവും പ്രസിദ്ധവുമായ പല സാഹിത്യകൃതികളും പരിശോധിക്കുമ്പോൾ കവിയും കാലവും പലപ്പോഴും അജ്ഞാതമായി അവശേഷിക്കുന്നു. എന്നാൽ തെക്കൻ കഥാഗാനങ്ങളുടെ ഏറ്റവും വലിയ സവിശേഷത വ്യക്തമായ കാലസൂചനകൾ തന്നെയാണ്. കഥ പറഞ്ഞുതുടങ്ങുമ്പോൾതന്നെ കഥാനായകന്റെ ജനനവുമായി ബന്ധപ്പെട്ട നാള്, ആണ്ട്, മാസം, തീയതി എന്നിവ വ്യക്തമായിത്തന്നെ കൊല്ലവർഷത്തിൽ രേഖപ്പെടുത്തിക്കാണുന്നു. തെക്കൻ കഥാഗാനങ്ങളുടെ പാട്ടുകെട്ടുമുറയിൽ ജനനം, നൂലുകെട്ട്, വിവാഹം, അന്തിമയുദ്ധം, മരണം എന്നിവയ്ക്ക് വലിയ പ്രധാന്യമാണ് നൽകിക്കാണുന്നത്. കഥാഗാനങ്ങളിലെ ഭാഷാപരമായ

സാധർമ്മ്യവും പ്രകടമാണ്. കഥയും കഥാപാത്രങ്ങളും മാറിവരുമ്പോഴും സന്ദർഭസൃഷ്ടിയുടെ കാര്യത്തിലും കഥാകഥനത്തിന്റെ പൊതുസ്വഭാവത്തിലും ഏകതാനത പുലർത്തുന്നു. മകൾക്ക് ഇഷ്ടപ്പെട്ട ഭർത്താവിനെ ലഭിക്കാൻ കാഞ്ചീപുരത്തിന് വടക്കുള്ള കന്നടിയൻ രാജാവ് വള്ളിയൂരിലെ രാജാവായ പൊന്നും പാണ്ഡ്യ കുലശേഖരനുമായി നടത്തുന്ന യുദ്ധമാണ് കന്നടിയൻപോര് എന്ന തെക്കൻ കഥാഗാനത്തിന്റെ ഇതിവൃത്തം. കുലശേഖരനും കന്നടിയനും തമ്മിലുള്ള അന്തിമയുദ്ധം പരാമർശിക്കുമ്പോഴാണ് പരൽ പേർ സൂചനയിലൂടെ യുദ്ധം നടന്ന സമയത്തെക്കുറിച്ച് പറയുന്നത്.

''ആനകൊല്ലം തുളസായകളുൽ

മീനമാതം അമരപക്കമിക്ക

നായിറ്റുകിഴമൈയിലേ പതിനെട്ടാം

തേതിയിലേ പാണ്ടിയൻ തങ്കുലമുളുതും''

ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഇവിടെ 'തുളസായ' എന്ന വാക്ക് പരൽപേർ സൂചനയായി മനസ്സിലാക്കി കാലനിർണയം നടത്താവുന്നതാണ്. കന്നടിയൻപോരിന്റെ പൂരകകഥയാണ് കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ട്, കന്നടിയൻപോരിലെ നായക കഥാപാത്രമായ കുലശേഖരത്തമ്പുരാൻ തന്നെയാണ് ഈ കഥാഗാനത്തിലേയും നായകൻ. ഒരു കഥ രണ്ടുദേശത്ത് രണ്ടു രീതിയിൽ അവതരിപ്പിക്കപ്പെടുന്നു എന്ന പ്രത്യേകതയും ഈ കഥാഗാനത്തിനുണ്ട്. കുലശേഖരന്റെ ജനനത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ

''നാന്നൂറ്റുമിരുപതുമൊന്റും തികഞ്ഞ കൊല്ലമാണ്ടിൽ

നല്ല തൈമാതം തിരുക്കാർത്തികനാളതിലേ

ഉത്തമനാകിയ പുത്തിരനും വന്തുപിറന്താൻ''

ഇപ്രകാരം കൊല്ലവർഷം 421–ൽ കുലശേഖരൻ ജനിച്ചു എന്ന് കഥാഗാനത്തിൽ വ്യക്തമാക്കുന്നു. കേരളചരിത്രത്തിൽ സംഗ്രാമധീരൻ എന്ന് അറിയപ്പെടുന്ന രവിവർമ്മ കുലശേഖരനെക്കുറിച്ചുള്ള പാട്ടുകഥയാണ് അയനി ഊട്ടുപെരുമാൾ തമ്പുരാൻപാ





ട്ട്. ചേര, ചോള, പാണ്ഡ്യദേശങ്ങളുടെ അധിപനായി ത്രിഭുവനചക്രവർത്തി എന്ന വിശേഷണത്തിന് അർഹനായ അയനി ഊട്ടുപെരുമാളിന്റെ ജനനത്തെക്കുറിച്ച്

''ചിറന്തകൊല്ലം താന്നൂറ്റി നാല്പത്തൊന്റിലേകേൾ

ചിങ്കമാതം ചതയത്തുനാൾ പാലകനും പുറന്താരേ''

എന്ന് കഥാഗാനത്തിന്റെ തുടക്കത്തിൽതന്നെ വ്യക്തമാക്കുന്നു. പാണ്ഡ്യരാജശാഖകളിലൊന്നാണ് വൈഗ. ഇവിടുത്തെ ഭരണാധികാരിയായ ഉലകുടെ പെരുമാളിന്റെ കഥ പറയുന്ന ഗാനമാണ് ഉലകുടെപെരുമാൾ തമ്പുരാൻ പാട്ട്.

''ആകൊല്ലം അഞ്ഞൂറ്റിപതിനേഴാംമാണ്ട്

അഴകുവ്യാഴം കർക്കടകം മേടമാതം

മീണ്ടുചെന്ന വെള്ളിയാഴ്ച ചോതിനാളിൽ

മുറമയുടൻ വെളുത്തപക്ഷം പഞ്ചമിക്ക്

കൊണ്ടിടുന്ന മേടരാശി ശുഭയോഗങ്ങൾ

കൂടുന്ന നാലുനാഴിയും ചെന്ന പോതേ''

എന്ന് ഉലകുടെ പെരുമാളിന്റെ ജനനത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നു. തെക്കൻപാട്ടുകളിൽ വിശദമായ പഠനത്തിനു വിധേയമായിട്ടുള്ള ഒരു പോരുകഥ കൂടിയാണ് ഇരവിക്കുട്ടിപ്പിള്ളപ്പോര്. തിരുവിതാംകൂർ രാജാവിന്റെ മന്ത്രിയായിരുന്ന ഇരവിക്കുട്ടിപ്പിള്ള പാണ്ഡ്യരാജാവിന്റെ സേനാനായകനായ രാമപ്പയ്യനുമായി നടത്തുന്ന യുദ്ധമാണ് കഥാഗാനത്തിന്റെ ഇതിവൃത്തം. വ്യക്തമായ ചരിത്ര രേഖകളുള്ള ഈ യുദ്ധത്തെക്കുറിച്ചോ കഥാനായകന്റെ ജനനത്തെക്കുറിച്ചോ മറ്റ് തെക്കൻ കഥാഗാനങ്ങളിൽ ഉള്ളതുപോലെയുള്ള രേഖപ്പെടുത്തലുകൾ ഇരവിക്കുട്ടിപ്പിള്ളപ്പോരിൽ കാണുന്നില്ല. കേവലം മന്ത്രിയായതുകൊണ്ടാവാം അത്തരം പരാമർശങ്ങൾ ഒഴിവാക്കിയതെന്ന് നമുക്ക് അനുമാനിക്കാം. കർഷക ജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന കഥാഗാനമാണ് മൂവോട്ടുമല്ലൻകഥ. തറവാട്ടിലെ അധികാരത്തർക്കവും തുടർന്നുള്ള ആഭിചാരപ്രയോഗങ്ങളുമാണ് കഥാതന്തു. സാധാരണക്കാരുടെ കഥ പറയുന്നതുകൊണ്ടാവാം

കൃത്യമായ കാലസൂചനകൾ ഇവിടെ ലഭ്യമല്ല. മേൽ പ്രസ്താവിച്ച കൃതികളിലൊക്കെത്തന്നെ കാലവാചിയായിട്ടാണ് അക്കപരാമർശ ങ്ങൾ കടന്നുവരുന്നത്. അപ്രകാരമുള്ള പരാമർശങ്ങളിലൂടെ ഒരു കാലഘട്ടത്തിലെ സാമൂഹികവും സാംസ്കാരികവും ചരിത്രപരവു മായ ജീവിതത്തെ പുനരാവിഷ്ക്കരിക്കാൻ സാധിക്കുന്നു.

സാധനങ്ങളും സേവനങ്ങളും പരസ്പരം കൈമാറാതെ ഒരു പരിഷ്കൃതസമൂഹത്തിന് മുന്നോട്ടുപോകാനാവില്ല. ഒരു കാലഘട്ട ത്തിലെ ജനതയുടെ സാമൂഹികവും സാമ്പത്തികവുമായ ജീവിത ത്തിലേക്ക് വെളിച്ചം പകരാൻ തെക്കൻ കഥാഗാനങ്ങളിലെ നാണയ ങ്ങളെക്കുറിച്ചും, സാധനങ്ങളും, സേവനങ്ങളും, സമ്മാനങ്ങളും കൈമാറുന്ന രീതിയെക്കുറിച്ചുമുള്ള പരാമർശങ്ങൾക്ക് സാധിക്കു ന്നു. രാജാക്കന്മാർ സമ്മാനമായി നൽകുന്ന ഇറൈക്കൂലിയെക്കു റിച്ചും ഇറയലിയായി നിലങ്ങൾ നൽകുന്നതിനെക്കുറിച്ചുമുള്ള പരാ മർശങ്ങൾ മിക്കവാറും തെക്കൻ കഥാഗാനങ്ങളിൽ കടന്നുവരു ന്നുണ്ട്. ഗുരുദക്ഷിണയായി സമ്മാനങ്ങൾ കൊടുക്കുന്നതിനെക്കുറി ച്ചുള്ള വിവരണങ്ങൾ തമ്പുരാന്മാർ കേന്ദ്രകഥാപാത്രമായി വരുന്ന തെക്കൻ പാട്ടുകളിൽ സാധാരണമാണ്.

''പടിപ്പിത്തകുരുക്കൾക്കുപൊലിവുകൊടുത്താരേ
പണക്കിഴി കന്റും പചുവും കരുവലവും
വീരച്ചങ്കലൈ, മുത്തുമാലൈ മുടുവുവല്ലയം
നല്ലതാന നിലങ്കൾ തായാരു കൊടുത്താരേ''

കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ടിൽ ഇപ്രകാരം തമ്പു രാനെ പഠിപ്പിച്ച ഗുരുക്കൾക്ക് ദക്ഷിണ കൊടുക്കുന്നു. കന്ന്, പശു, പണപ്പെട്ടി, വീരശൃംഖല, മുത്തുമാല, ആയുധങ്ങൾ എല്ലാം സന്തോഷമായി ഗുരുവിന് ദാനം ചെയ്യുന്നു.

''ചിറമത്തൊഴിലുപടിപ്പിത്ത ആചാനുക്കു
പൊന്നും കട്ടികൾ വാരി നൽകിനാരേ''

എന്ന് കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ടിൽ വിവരിക്കുന്നു. ഗുരു ദക്ഷിണയായി നൂറ്റെട്ടു പണം നൽകി എന്ന് ഉലകുടെപെരുമാൾപാ



അളവ് – അക്ക പരാ മർശ ങ്ങൾ.... പ്രാചീ
ന കൈ രളി

ട്ടിൽ പ്രസ്താവിക്കുന്നു, പ്രസവശുശ്രൂഷ, മരുത്തുകത്തെ വിളി ക്കൽ, മരുത്തുകത്തിന് പാരിതോഷികങ്ങൾ നൽകുന്നതുമായ സന്ദർഭങ്ങൾ മിക്കവാറും എല്ലാതമ്പുരാൻ പാട്ടുകളിലും വരുന്നണ്ട്.

''അഞ്ചാനപ്പൊൻതന്നാൽ
അഞ്ചാതെ വന്തിടാമേ''

ഇപ്രകാരം വിലപേശുന്ന വയറ്റാട്ടികളേയും തെക്കൻപാട്ടുക ളിൽ ചിത്രീകരിച്ചിട്ടുണ്ട്. ശത്രുസൈന്യത്തെ പാട്ടിലാക്കാൻ കൈക്കൂലിയായി പണവും സ്വർണവും കൊടുക്കുന്ന നിരവധി മുഹൂർത്തങ്ങൾ കഥാഗാനങ്ങളിലുണ്ട്.

''പാണ്ടിമന്നരുടെ പടയാളികളെ പാട്ടിലാക്ക
അതുക്കായ് നല്ല പണക്കിഴികളും പിന്നെ
തങ്കക്കട്ടികളും കിഴികളും കൊടുക്കവേണം''

കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ടിൽ ഇപ്രകാരം പരാമർശി ക്കുന്നു. ഉലകുടെപെരുമാൾ പാട്ടുകഥയിൽ തമ്പുരാന് കുതിരകളെ വാങ്ങി തിരികെ കടൽമാർഗ്ഗം വരുമ്പോൾ മരയ്ക്കാരുടെ സൈന്യം ചുങ്കം ആവശ്യപ്പെടുന്ന സന്ദർഭം ചിത്രീകരിക്കുന്നു.

''കനകമതു ചൊന്നതുന്തൻ കാരണവർനാളിലെന്തൻ
കടരാചികൂടാമൽ ഓട്ടുമിടാ ഉന്നുരുവും''

ഇവിടെ പറഞ്ഞ ധനം കൊടുത്തില്ലെങ്കിൽ ഉരുവിനെ കൊടുക്കില്ല എന്ന് വ്യക്തമാക്കുന്നു. ഉലകുടെപെരുമാൾ പാട്ടിൽ മധുരയിലെ ചെട്ടിത്തെരുവിനെക്കുറിച്ചുള്ള വർണന ഇപ്പോഴത്തെ വലിയ കമ്പോളങ്ങളെപ്പോലും അതിശയിപ്പിക്കുന്നതാണ്.

''നല്ല ചരക്കുകൾ മെല്ല നിരത്തി
നലത്തുടൻ വിലൈക്കുകൊടുക്കവും''
''നിരത്തിനപൊന്നിൻ വിളക്കും
മാടവിക്കാചു ചന്തമികളും
മടക്കിടും വെള്ളിക്കാചുകൾ

മറുമടക്കുള്ള കറുക്കൺവെള്ളിയും
മറുവിലയ്ക്കുവിക്കു മറവികളും
കുറൈന്ത മാറ്റുള്ള കനകവും''

ഇവിടെ വെള്ളിക്കാശ്, മറുമടക്കുള്ള കറുക്കൺവെള്ളി, മറുവിലയ്ക്കുവിൽക്കുന്ന അറബികൾ, കുറഞ്ഞമാറ്റുള്ള കനകം എല്ലാം തന്നെ കടന്നുവരുന്നു. തുണിത്തരങ്ങൾ, പലഹാരങ്ങൾ, പാത്രങ്ങൾ, പലവ്യഞ്ജനങ്ങൾ എന്നുവേണ്ട, മനുഷ്യർക്ക് ആവശ്യമുള്ളതെല്ലാം അവിടെ വിലയ്ക്കുകിട്ടുന്നു. മൂവോട്ടുമല്ലൻ കഥയിലെത്തുമ്പോൾ

''മൂന്നച്ചുപണം തരുവേൻ
മുഴക്കഞ്ചുപൊന്നുതരുവാൻ''

തുടങ്ങിയ പരാമർശങ്ങളും കാണാം. ഈ വിധത്തിലാണ് ആദാനപ്രദാനങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ കഥാഗാനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവിടെ 'പണം' ആയിരുന്നു പ്രധാന നാണയം. പ്രത്യേകിച്ച് പൊൻപണം. എന്നാൽ കൃഷിഭൂമി, പശു, ആഭരണങ്ങൾ, സ്വർണ്ണം, വെള്ളി എന്നിവയൊക്കെ സാധനങ്ങൾ കൈമാറുവാനും പാരിതോഷികങ്ങൾ നൽകാനും ഉപയോഗിച്ചിരുന്നതായി മനസ്സിലാക്കാം.

ആറ്റിൽ കളഞ്ഞാലും അളന്നുകളയണം എന്നത് ഭാഷയിലെ ഒരു പ്രയോഗമാണ്. വ്യത്യസ്തമായ അളവുകളെക്കുറിച്ചുള്ള പരാമർശങ്ങൾ തെക്കൻപാട്ടുകഥകളിൽ ഉണ്ട്. പടകളെക്കുറിച്ചു പറയുമ്പോൾ 'വെള്ളംപട' എന്ന പ്രയോഗം പോരുകഥകളിൽ കാണുന്നു. ഇവിടെ വെള്ളം എന്നത് വലിയൊരു സംഖ്യയാണ്. അത് നൂറായിരം മഹൗഘത്തെ സൂചിപ്പിക്കുന്നു. മരംമുറിക്കുന്ന ആശാരി വൃക്ഷത്തെ അളക്കുന്നതിനെക്കുറിച്ചുള്ള വിവരണങ്ങൾ ഉലകുടെ പെരുമാൾ പാട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

''പനൈയേത്തിനൂലുമിട്ടു'' ഇപ്രകാരമാണ് ആശാരിപ്പണിയെക്കുറിച്ച് പറയുന്നത്. പന്ത്രണ്ടുമരയ്ക്കാൽ നിലം, നാഴി വെളിച്ചെണ്ണ, മൂന്നച്ചുപണം, മുഴക്കഞ്ചുപൊന്ന്, മുപ്പത്താറുനാഴിയും മുഴക്ക





വും, ഏഴുകിടാരം നിതി തുടങ്ങിയ പരാമർശങ്ങൾ കാർഷികവൃത്തിയുമായി കൂടുതൽ ബന്ധപ്പെട്ടുനിൽക്കുന്ന മൂവോട്ടുമല്ലൻ കഥയിലേതാണ്.

''ഞങ്ങളുപോണകാരിയങ്കൾ ചാതിച്ചുതരവേണും
താതിച്ചു തരണെങ്കിലോ ഒരു കെട്ടു വെറ്റിലയും
നാഴിവെളിച്ചെണ്ണയും കവുറ്റിലേ തൂക്കിത്തരുവേനെന്നേ
പെരും പൂയതരുവേനല്ലോ''

ഇപ്രകാരമാണ് മൂവോട്ടമല്ലൻകഥയിൽ നേർച്ചകൾ നേരുന്നത്. മഹത്തായ കാർഷിക, വാണിജ്യ സംസ്കൃതിയെ ഓർമ്മിപ്പിക്കുന്നതാണ് കഥാഗാനങ്ങളിലെ അളവുകളെക്കുറിച്ചുള്ള പരാമർശങ്ങൾ എന്ന് നിസ്സംശയം പറയാം.

സമയത്തെക്കുറിച്ചും ദൂരത്തെക്കുറിച്ചും നല്ല ധാരണയുള്ളവരായിരുന്നു തെക്കൻപാട്ടുകഥാകാരന്മാർ. നിശ്ചിത ദൂരം പിന്നിടാൻ ഓട്ടൻ എടുക്കുന്ന സമയം വിഷയത്തിന്റെ ഗൗരവമനുസരിച്ച് മാറുന്നതായി കഥാഗാനങ്ങളിൽ ചിത്രീകരിച്ചിട്ടുണ്ട്. ഒരു മാസംകൊണ്ട് ഒഴിയെത്തേണ്ട ദൂരം അത്യാവശ്യമെങ്കിൽ ഒരാഴ്ചകൊണ്ട് പിന്നിടുന്നു എന്ന് പറയുന്ന സന്ദർഭങ്ങൾ കഥാഗാനങ്ങളിലുണ്ട്. കാതവഴി, മാതവഴി, ഉന്നുമുന്നേ, നൊടിയിടയിൽ തുടങ്ങി സമയത്തേയും ദൂരത്തേയും കുറിക്കുന്ന പരാമർശങ്ങളും തെക്കൻപാട്ടുകളുടെ സാധാരണ മനുഷ്യജീവിതവുമായുള്ള ഇഴയടുപ്പത്തിന്റെ സൂചനകളായി മനസ്സിലാക്കാം.

ഈ വിധത്തിൽ അളവ് അക്കപഠനത്തിന് നിയതമായ അടിത്തറ പ്രദാനം ചെയ്യുന്നവയാണ് തെക്കൻ കഥാഗാനങ്ങൾ. നാണയങ്ങളെക്കുറിച്ചുള്ള അന്വേഷണം ലോഹങ്ങളെക്കുറിച്ചും ദേശത്തിന്റെ സാമ്പത്തിക ഘടനയെക്കുറിച്ചുമുള്ള പുതിയ കണ്ടെത്തലുകളിലേക്ക് നയിക്കാൻ പ്രാപ്തമാണ്. കാലസൂചനകൾ ലിഖിതമായ ചരിത്രരേഖകളെ പുനർവിചിന്തനത്തിന് വിധേയമാക്കാനും കൂടുതൽ കൃത്യതയിലേക്കും നയിക്കുന്നു. വ്യത്യസ്തമായ അളവുകളെ

ക്കുറിച്ചുള്ള പഠനം സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ജീവിത്തെക്കുറിച്ചുള്ള ഉൾകാഴ്ച നൽകുന്നതാണ്. ദൂതന്മാരുടെ സഞ്ചാരപഥങ്ങൾ ദൂരത്തെക്കുറിച്ചും സ്ഥലങ്ങളെക്കുറിച്ചുമുള്ള ഭൂമിശാസ്ത്രപരമായ പഠനത്തിനുള്ള സാധ്യത തുറന്നു നൽകുന്നു. ഇപ്രകാരം പരിശോധിക്കുമ്പോൾ തെക്കൻ കഥാഗാനങ്ങളിലെ അളവ് അക്കങ്ങളെക്കുറിച്ചുള്ള പഠനം അന്തർവൈജ്ഞാനിക മേഖലകളിലേക്ക് വെളിച്ചം വീശുന്നതാണ് എന്ന് നിസ്സംശയം പറയാം.

**സഹാ യ ക ഗ്ര ന്ഥ ങ്ങൾ**

1. വേണാടിന്റെ കഥാഗാനങ്ങൾ, ഡോ. തിക്കുറിശ്ശി ഗംഗാധരൻ
2. കേരളസംസ്കാര പഠനങ്ങൾ, എഡി: പന്മന രാമചന്ദ്രൻ
3. മൂവോട്ടുമല്ലൻകഥ, സമ്പാ : പ്രൊഫ. ജെ. പത്മകുമാരി
4. കുലശേഖരപ്പെരുമാൾ തമ്പുരാൻപാട്ട്, സമ്പാ : ഡോ.ബി.എസ്. ബിനു
5. ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒരു പഠനം, ഡോ. തിക്കുറിശ്ശി ഗംഗാധരൻ.
6. ഉലകുടെ പെരുമാൾ പാട്ടുകഥ, ഡോ. തിക്കുറിശ്ശി ഗംഗാധരൻ
7. ശബ്ദതരാവാലി, ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള, എസ്.പി.സി.എസ്.
8. പുരാണിക് എൻസൈക്ലോപീഡിയ.

**ജെ. ഉണ്ണി ക്കൃ ഷ്ണൻ**
ഗവേഷകൻ
ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
ആന്റ് മാനുസ്ക്രിപ്റ്റ് ലൈബ്രറി
കേരള സർവകലാശാല
കാര്യവട്ടം
മൊ : 9447288114



*അളവ് – അക്ക പരാ മർശ ങ്ങൾ....* *പ്രാചീ*
*ന കൈ രളി*

# സേതുമാഹാത്മ്യം: കിളിപാടാത്ത കിളി പ്പാട്ട്

**വിനോദ്**

**പ്രബ ന്ധ സം ഗ്രഹം**

മലയാളസാഹിത്യചരിത്രത്തിൽ വേറിട്ട ഒരദ്ധ്യായമായി നിലകൊള്ളുന്ന കിളിപ്പാട്ടുപ്രസ്ഥാനം എഴുത്തച്ഛനുശേഷവും ബഹുദൂരം മുന്നോട്ടുപോയി. പില്കാലത്ത് ഈ പ്രസ്ഥാനത്തെ വളർത്തിയ അനേകം കവികളുണ്ട്. അക്കൂട്ടത്തിൽ ശ്രദ്ധേയനാണ് കല്ലേക്കുളങ്ങര രാഘവപ്പിഷാരടി. നാല് കിളിപ്പാട്ട് കൃതികളുടെ കർത്താവായ അദ്ദേഹത്തിന്റെ 'സേതുമാഹാത്മ്യം കിളിപ്പാട്ടി'നെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്.

താക്കോൽ വാക്കുകൾ

സേതുമാഹാത്മ്യം, രാമസേതു, അഗ്നിപുരാണം, സ്കന്ദപുരാണം, കഥാസരിത്സ്.

കവി നേരിട്ട് ആഖ്യാനം ചെയ്യാതെ കിളിയെക്കൊണ്ട് കഥപറയിക്കുകയാണ് കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ രീതി. ഓരോ പ്രസ്ഥാനം വളർന്നു വികസിക്കുമ്പോഴും ശ്രദ്ധേയമായ ഒരു ഭാവപരിവേഷം ആ പ്രസ്ഥാനത്തെ വേറിട്ടുനിർത്തുന്നു. മണിപ്രവാളത്തിന് ശൃംഗാരം, തുള്ളലിന് ഹാസ്യം എന്നതുപോലെ ഭക്തികൊണ്ട് സമ്പന്നമായ ആദ്ധ്യാത്മികചിന്തയാണ് കിളിപ്പാട്ടിന്റെ സവിശേഷസ്വഭാവം എന്നു കാണാം. ഭക്തിഭാവവുമായി മലയാള കവിത വളർന്നുവികസിച്ചതിന്റെ ആദ്യത്തെ ഉത്തമമാതൃകയാണ് എഴുത്തച്ഛന്റെ കൃതികൾ. എഴുത്തച്ഛനാണ് കിളിപ്പാട്ടു പ്രസ്ഥാന





ത്തിന്റെ ഉപജ്ഞാതാവ് എന്നാണ് പൊതുവിലുള്ള വിശ്വാസം. കിളിയെക്കൊണ്ട് പാടിക്കുന്ന രീതി വ്യക്തമായി അദ്ദേഹത്തിന്റെ കൃതികളിലാണ് ആദ്യം കാണുന്നതെങ്കിലും ചില പക്ഷിപ്പാട്ടുകൾ അതിനും മുൻപേ ഭാഷയിൽ ഉണ്ടായിരുന്നതായി കാണാം. 'ഉണ്ണിച്ചിരുതേവീചരിതം' എന്ന മണിപ്രവാളകൃതിയിൽ 14–ാം നൂറ്റാണ്ടിൽ കിളിയെക്കൊണ്ട് അമ്മാനപ്പാട്ട് പാടിക്കുന്ന സമ്പ്രദായം പരാമർശിക്കുന്നു. അതിൽ തന്നെ കുയിൽ കഥപറയുന്നതായും പരാമർശമുണ്ട്. കഥ പറയുന്നതിൽ കിളിക്കുള്ള പങ്ക് 14–ാം നൂറ്റാണ്ടിലെ കവികൾ വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട് എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

## എഴു ത്ത ച്ഛന്റെ കിളി പ്പാട്ട് ശൈലി

സംസ്കൃതഭാഷയിൽ ലയിച്ചുകിടന്ന വിവിധ വൈജ്ഞാനികശാഖകൾ കിളിപ്പാട്ടുരൂപത്തിൽ നമ്മുടെ ഭാഷയിൽ എത്തി. കിളിപ്പാട്ടു പ്രസ്ഥാനത്തിലൂടെ മലയാളഭാഷയ്ക്ക് കൈവന്ന വിലപ്പെട്ട സംഭാവനകളാണ് എഴുത്തച്ഛന്റെ കൃതികൾ. മലയാളത്തിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരാണകഥാവിഷ്കാരങ്ങളിൽ മികച്ചവ അദ്ദേഹത്തിന്റെ കൃതികളാണ്. "കാമരൂപവും മഞ്ജുനാദവുമായ ഒരു പെൺതത്തയെ കവി വിളിച്ചിരുത്തി പാലും പഴവും മറ്റ് വിശിഷ്ട ഭോജ്യങ്ങളും നൽകി സൽക്കരിച്ചശേഷം ഭഗവൽക്കഥ കഥനം ചെയ്യാൻ അപേക്ഷിക്കുകയും അതിൻപ്രകാരം ശാരിക കഥ മുഴുവനും പാടിത്തീർക്കുകയും ചെയ്യുന്നു എന്ന രീതി അനുവർത്തിക്കുന്നു. ഭാഷാവൃത്തനിബദ്ധമായ കാവ്യങ്ങൾക്കാണ് കിളിപ്പാട്ട് എന്നു പേർ വന്നിട്ടുള്ളത്." [1]

എഴുത്തച്ഛൻ അദ്ദേഹത്തിന്റെ കിളിപ്പാട്ട് കൃതിയുടെ ഓരോ കാണ്ഡത്തിന്റെയും പർവ്വത്തിന്റെയും ആരംഭത്തിൽ കിളിയെ വിളിച്ചിരുത്തി കവിത പാടാൻ പറയുന്നു. അപ്പോൾ കിളി രാമാ

യണകഥയും ഭാരതകഥയും മറ്റും താളാത്മകമായഭാഷയിൽ പറ ഞ്ഞുകൊടുക്കുന്നു.

"ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ!

ശ്രീരാമനാമം നീ ചൊല്ലീടു മടിയാതെ.

ശാരികപ്പൈതൽ താനും വന്ദിച്ചു വന്ദ്യന്മാരെ

ശ്രീരാമസ്മൃതിയോടെ പറഞ്ഞുതുടങ്ങിനാൾ:"

(അദ്ധ്യാത്മരാമായണം കിളിപ്പാട്ട്,
ബാലകാണ്ഡം - എഴുത്തച്ഛൻ)

"താർമകൾക്കൻപുള്ള തത്തേ! വരികെടോ

താമസശീലമകറ്റേണമാശു നീ

ദാമോദരൻചരിതാമൃതമിന്നിയു-

മാമോദമുൾക്കൊണ്ടു ചൊല്ലൂ സരസമായ്."

(അദ്ധ്യാത്മരാമായണം കിളിപ്പാട്ട്,
അയോദ്ധ്യാകാണ്ഡം - എഴുത്തച്ഛൻ)

"വരികരികിരി കിളിമകളേ! നീ

വരിനെല്ലിന്നവിലരി വറുത്തെള്ളും

നവനാളികേരസലിലവും പാലും

നവനീതമോടു ഗുളകദളികൾ

മധുസിതാദിയും തരുവൻ വൈകാതെ

മധുരമാംവണ്ണം പറക ശേഷവും"





(മഹാഭാരതം കിളിപ്പാട്ട്, മൗസ
ലപർവ്വം - എഴുത്തച്ഛൻ)

"അയ്യയ്യാ നന്നു നന്നു, ഭാരതകഥയിതു,

നീയിന്നും മടിയാതെ ചൊല്ലേമമല്ലോ ശേഷം.

പയ്യും ദാഹവും തീർത്തു പര്യായത്തോടെ മമ

പയ്യവേ സംക്ഷേപിച്ചു ചൊല്ലു നല്ലിതിഹാസം."

(മഹാഭാരതം കിളിപ്പാട്ട്,
ശാന്തിപർവ്വം - എഴുത്തച്ഛൻ)

"ആദിമൂലപരമാനന്ദ സ്വതയിൽനി-

ന്നാദരാലുണർന്നിഴിഞ്ഞീടിനോരമൃതവും

പാനംചെയ്തനുദിനമാനന്ദിച്ചലസാതെ

മാനസപത്മത്തിങ്കൽ വാഴും പൈങ്കിളിപ്പെണ്ണേ!"

(ഭാഗവതം കിളിപ്പാട്ട്, പ്രഥമസ്കന്ധം -
എഴുത്തച്ഛൻ)

എഴുത്തച്ഛൻ ഇപ്രകാരം കിളിയെക്കൊണ്ട് കഥ ചൊല്ലിച്ച തിന് പലകാരണങ്ങളും പറയപ്പെടുന്നുണ്ട്. കവിക്ക് 'അറം' എന്ന ദോഷം പറ്റാതിരിക്കാൻവേണ്ടിയാണ് കിളിയെക്കൊണ്ട് പാടിച്ച തെന്ന് പറയുന്നവരുണ്ട്. എന്നാൽ സരസ്വതി ദേവിയുടെ കൈയിലെ ശുകമാണ് കവിക്ക് പാടിക്കൊടുക്കുന്നതെന്ന സങ്ക ല്പവുമുണ്ട്. കാവ്യരചനയിൽ തടസ്സങ്ങളൊന്നും സംഭവിക്കാതിരി ക്കാൻ പുരാണകർത്താവായ വ്യാസന്റെ പുത്രൻ ശുകബ്ര ഹ്മർഷിയെ സ്മരിച്ചുകൊണ്ട് കിളിയെക്കൊണ്ട് പാടിക്കുന്ന രീതി അവലംബിച്ചതാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. എന്നാൽ തമി

ഴിലെ പൈങ്കിളിക്കണ്ണി പരാപരക്കണ്ണി എന്നീ വൃത്തങ്ങളുമായി ബന്ധമുള്ള ഭാഷാവൃത്തങ്ങൾ സ്വീകരിച്ചുകൊണ്ട് കാവ്യം രചിച്ച താണ് കിളിപ്പാട്ടുകളായി പിറന്നെതെന്ന് വാദിക്കുന്നവരുമുണ്ട്. എന്നാൽ ഈ വാദം തെറ്റാണെന്ന് പില്ക്കാലത്ത് തെളിയിക്കപ്പെട്ടി ട്ടുണ്ട്. ഇവിടെ പ്രസ്താവിച്ച പല വാദങ്ങളും, ഐതിഹ്യങ്ങളും ഊഹാപോഹങ്ങളുമാണ്.

എന്നാൽ ഒരുകാര്യം ഉറപ്പാണ്; എഴുത്തച്ഛന് മുമ്പ് മണിപ്ര വാളകാലഘട്ടത്തിലും പക്ഷിമൃഗാദികളെക്കൊണ്ട് പാടിക്കുന്നരീതി നിലവിലുണ്ടായിരുന്നു. കുയിൽവൃത്തംപാട്ടും സന്ദേശപ്പാട്ടും ഹംസ പ്പാട്ടും മറ്റും ഇവിടെ നിലവിലിരുന്നതായി സാഹിത്യചരിത്ര ങ്ങളിൽനിന്നും വ്യക്തമാകുന്നു. അതിനാൽ എഴുത്തച്ഛൻ തനിക്ക് മുമ്പുണ്ടായിരുന്ന ഒരു കവിതാപാരമ്പര്യത്തെ ഉൾക്കൊണ്ട് കാവ്യര ചന നടത്തി എന്ന് കരുതുന്നതാണ് അഭികാമ്യം. "പാട്ടിലും മണിപ്ര വാളകൃതികളിലും തോറ്റംപാട്ടുകൾ തുടങ്ങിയ അനുഷ്ഠാനകലക ളിലുമുള്ള ഭാഷയുടെ താളക്രമത്തെ സംസ്കരിച്ചെടുക്കുകയാണ് എഴുത്തച്ഛൻ ചെയ്തത്." [2]

### കിളിപ്പാട്ടുവൃത്തങ്ങൾ

എഴുത്തച്ഛൻ തന്റെ കിളിപ്പാട്ടുകളിൽ ഉപയോഗിച്ച ഭാഷാവൃത്തങ്ങളാണ് 'കിളിപ്പാട്ടുവൃത്തങ്ങൾ' എന്ന പേരിൽ പിൽക്കാലത്ത് അറിയപ്പെട്ടത്. കാകളി, കേക, കളകാഞ്ചി, അന്നനട എന്നീ നാലു വൃത്തങ്ങൾക്ക് എഴുത്തച്ഛൻ പ്രാധാന്യം നൽകിയിട്ടുണ്ട്. വൃത്തവൈചിത്ര്യത്തിനുവേണ്ടി കവി ഉപയോഗിച്ച മറ്റ് വൃത്തങ്ങളാണ് മണികാഞ്ചി, മിശ്രകാകളി, ഊനകാകളി, ദ്രുതകാകളി എന്നിവ. കാവ്യത്തിന്റെ പ്രാധാന്യത്തെ പരിഗണിച്ച് എഴുത്തച്ഛൻ നിലവിലുള്ള വൃത്തങ്ങളെ പുഷ്ടിപ്പെടുത്തുകയും അന്നനടയെ ആദ്യമായി ഭാഷയിൽ അവതരിപ്പിക്കുകയും ചെയ്തു. മഹാഭാരതം കിളിപ്പാട്ടിലെ "കർണ്ണപർവ്വത്തിലും മൗസലപർവ്വത്തി





ലുമാണ് അന്നനട ആദ്യമായി എഴുത്തച്ഛൻ പ്രയോഗിക്കുന്നത്. ഭാഷാവൃത്തങ്ങളെ തന്റെ കൃതികളിലൂടെ ജനഹൃദയങ്ങളിൽ എത്തിക്കാൻ എഴുത്തച്ഛൻ വഹിച്ച പങ്ക് വളരെ വലുതാണ്."[3] ചുരു ക്കത്തിൽ, എഴുത്തച്ഛന്റെ കിളിപ്പാട്ടു കൃതികളിലെപ്പോലെ കിളിയെ വിളിച്ചിരുത്തി, കിളിയെക്കൊണ്ട് കഥപറയിക്കുന്ന രീതിയിലോ, കിളിപ്പാട്ടുവൃത്തങ്ങളെന്നറിപ്പെടുന്ന ഭാഷാവൃത്തങ്ങളിലോ രചിക്ക പ്പെടുന്ന കാവ്യങ്ങളെയാണ് പൊതുവേ 'കിളിപ്പാട്ട് കൃതികൾ' എന്ന് പറയുന്നത്.

### സേതുമാഹാത്മ്യം കിളിപ്പാട്ട്

കിളിയെക്കൊണ്ട് കഥ പറയിക്കാതെ കിളിപ്പാട്ട് വൃത്തം മാത്രം ഉപയോഗിച്ച് ആദ്ധ്യാത്മികവും ഭക്തിസംവർദ്ധകവുമായ ഇതിവൃത്തം കൈകാര്യം ചെയ്യുന്ന ഒരു കാവ്യമാണ് 'സേതുമാഹാത്മ്യം കിളിപ്പാട്ട്'. ഈ കൃതിയിൽ എഴുത്തച്ഛന്റെ കിളി പ്പാട്ടു കൃതികളിലെപ്പോലെ കിളിയെക്കൊണ്ടു പാടിക്കുന്ന രീതിയി ലുള്ള രചനാസമ്പ്രദായമല്ല സ്വീകരിച്ചിരിക്കുന്നത്. കിളിപ്പാട്ട് വൃത്ത ങ്ങൾ എന്നറിയപ്പെടുന്ന 'കേക'യും 'കാകളി'യും ഉപയോഗിച്ചു കൊണ്ടുള്ള രചനാരീതിയാണ് കവി സ്വീകരിച്ചിരിക്കുന്നത്. ഈ കൃതിക്ക് അദ്ധ്യാത്മരാമായണത്തോളം വലുപ്പമുണ്ട്. അദ്ധ്യാത്മരാ മായണത്തിലെപ്പോലെ ഈ കൃതിയെ ആറു കാണ്ഡമായി കവി ഭാഗിച്ചിരിക്കുന്നു. ചക്രകാണ്ഡം, വേതാളകാണ്ഡം, ശ്രീരാമകാണ്ഡം, സാദ്ധ്യാകാണ്ഡം, കല്യാണകാണ്ഡം, രാമനാഥകാണ്ഡം എന്നിവ യാണ് ആ ആറു കാണ്ഡങ്ങൾ.

ഭാരതത്തിലെ ഏത് പ്രാദേശികഭാഷയിലെയും ആദ്യകാല സാഹിത്യകൃതികൾ പരിശോധിച്ചാൽ അവയിൽ ഭൂരിഭാഗവും നമ്മുടെ ക്ലാസിക് കൃതികളായ രാമായണമഹാഭാരതഭാഗവതാദി കളുമായി ബന്ധപ്പെട്ടുകിടക്കുന്നവയാണെന്നു മനസ്സിലാക്കാം. ഈ കൃതികളെ ആസ്പദമാക്കി അസംഖ്യം സാഹിത്യകൃതികൾ

മലയാളഭാഷയിലും ഉണ്ടായിട്ടുണ്ട്. അക്കൂട്ടത്തിൽ ഒന്നാണ് 'സേതുമാഹാത്മ്യം കിളിപ്പാട്ട്.' രാമായണമഹാഭാരതഭാഗവതാദി കളിലെയും അഗ്നിപുരാണം, സ്കാന്ദപുരാണം, കഥാസരിത്സാഗരം എന്നിവയിലെ കഥകളെയുമാണ് ഈ കാവ്യത്തിന്റെ രചനയ്ക്കു വേണ്ടി കവി സ്വീകരിച്ചിട്ടുള്ളത്.

ഹിന്ദുക്കൾക്ക് വളരെ പ്രധാനപ്പെട്ട ഒരു സ്ഥലമാണ് രാമേ ശ്വരത്തെ 'രാമസേതു.' ഭാരതത്തിലെ പ്രധാന ക്ഷേത്രസ്ഥലങ്ങൾ ക്കൊക്കെയും പണ്ടുകാലത്തുതന്നെ സംസ്കൃതത്തിൽ സ്ഥല മാഹാത്മ്യങ്ങൾ അല്ലെങ്കിൽ സ്ഥലപുരാണങ്ങൾ മഹർഷിമാർ ചമച്ചിട്ടുണ്ട്. അതനുസരിച്ച് സേതുവിന്റെ വിശേഷങ്ങൾ വർണ്ണി ക്കുന്നതായ ഒരു മാഹാത്മ്യഗ്രന്ഥം സംസ്കൃതത്തിലുണ്ട്. 'സേതു മാഹാത്മ്യം' എന്നു പേരുള്ള സംസ്കൃതത്തിലെ ഈ ഗ്രന്ഥത്തെ ഉപജീവിച്ചാണ് 'സേതുമാഹാത്മ്യം കിളിപ്പാട്ട്' രചിച്ചിട്ടുള്ളത്. രാമേശ്വരത്തുള്ള നാല്പത്തിമൂന്നോളം തീർത്ഥങ്ങളെയും അവയെ സംബന്ധിച്ച ഐതിഹ്യങ്ങളെയും സരസമായി പ്രതിപാദിക്കുന്ന കാവ്യമാണ് സേതുമാഹാത്മ്യം കിളിപ്പാട്ട്. ഓരോ തീർത്ഥങ്ങളു ടെയും മാഹാത്മ്യം വർണ്ണിക്കുന്നത് ഓരോ കഥകൾകൊണ്ടാണ്.

സേതുമാഹാത്മ്യം കിളിപ്പാട്ടിൽ കിളിക്കു പകരം കഥ പറ യുന്നത് വ്യാസശിഷ്യനായ സൂതനാണ്. നൈമിശാരണ്യത്തിൽ ഒരുകാലത്ത് ശൗനകപ്രഭൃതികളായ ഇരുപത്താറായിരം മഹർഷി മാർ തപസ്സുചെയ്തുകൊണ്ടിരുന്ന അവസരത്തിൽ 'മോക്ഷം ലഭി ക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ടതെന്താ'ണ് എന്നതിനെപ്പറ്റി അവർക്ക് സംശയമുണ്ടായി. അപ്പോൾ വ്യാസസിഷ്യനായ സൂതൻ അവിടെ യദൃശ്ചയാ കടന്നുവന്നു. അദ്ദേഹത്തോട് ആ താപസന്മാർ, തങ്ങളുടെ സംശയത്തിന് പരിഹാരം നിർദ്ദേശിക്കണമെന്നു പറയു ന്നു. സൂതൻ പറഞ്ഞു:





"ഉണ്ടെടോ രാമേശ്വരമെന്നൊരു ദേവാലയം
കണ്ടവർക്കെന്നല്ല, കേട്ടവർക്കുമുണ്ടാം മോക്ഷം"

ഇപ്രകാരം രാമേശ്വരത്തിന്റെ മാഹാത്മ്യം കവി സൂതനിലൂടെ വർണ്ണിക്കാൻ തുടങ്ങുന്നു. ഈ കിളിപ്പാട്ടിൽ കഥപറയുന്നത് സൂത നാണെങ്കിലും വായനക്കാർക്ക് എഴുത്തച്ഛന്റെ കിളിമകൾ പറയുന്ന അതേ അനുഭൂതിയാണ് ഉണ്ടാകുന്നത്. ഓരോ കാണ്ഡത്തിലും ഓരോ തീർത്ഥങ്ങളുടെയും മഹത്വം വർണ്ണിക്കുന്നതിൽ കിളിമക ളുടെ അതേ പാടവം തന്നെയാണ് സൂതനും പ്രകടിപ്പിക്കുന്നത്. ഇതിലെ ഭാഷ വളരെ ലളിതമാണെങ്കിലും സംസ്കൃതത്തിന്റെ സ്വാ ധീനവും ഒട്ടും കുറവല്ല.

**സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ കാലം**

പല പ്രാചീനകൃതികളുടെയും കാലത്തെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായം പറയാൻ ചരിത്രകാരന്മാർക്കു കഴിഞ്ഞിട്ടില്ല. കിട്ടിയിട്ടുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ കാലഗണന നടത്തി ഏകദേശകാലം നിർണ്ണയിക്കുകയാണ് സാധാരണയായി പ്രാചീനകൃതികളുടെ കാര്യത്തിൽ ചെയ്യുന്നത്. കൃതികളിലെ ചരിത്രസംഭവങ്ങളുടെ പരാമർശം, രാജസ്തുതി, രച നാശൈലി, ഭാഷാശൈലി ഇവയെല്ലാം പ്രാചീനകൃതികളുടെ കാലം നിർണ്ണയിക്കാൻ സഹായിക്കുന്ന തെളിവുകളാണ്.

സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ ലഭ്യമായ പത്തു പകർപ്പുകളിൽ ആറെണ്ണത്തിൽ കാലം വ്യക്തമായി രേഖപ്പെടുത്തി യിട്ടുണ്ട്. ഇവയിൽ ഏറ്റവും പഴക്കമേറിയത് കൊ.വ. 952-ാം ആണ്ട് മേടം 8-ന് പകർത്തിയ പകർപ്പാണ്. അതിൽ നിന്നും 18-ാം നൂറ്റാണ്ടിലോ അതിനു തൊട്ടുമുമ്പോ ഉണ്ടായിട്ടുള്ള കൃതിയാണ് സേതുമാഹാത്മ്യം കിളിപ്പാട്ടെന്ന് പറയാം. കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയുടെ ജീവിതകാലം സൂചിപ്പിക്കുന്നതല്ലാതെ

സേതുമാഹാത്മ്യം കിളിപ്പാട്ടിന്റെ രചനാകാലം കൃത്യമായി സാഹിത്യചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല.

**ഉപസംഹാരം**

എഴുത്തച്ഛനെ അനുകരിച്ചുകൊണ്ട് ധാരാളം കൃതികൾ കിളിപ്പാട്ടു പ്രസ്ഥാനത്തിലൂടെ ഭാഷയ്ക്ക് ലഭിച്ചിട്ടുണ്ട്. അവയ്ക്കൊന്നിനും എഴുത്തച്ഛൻകൃതികളുടെ അത്രയും പ്രാധാന്യം ലഭിച്ചില്ല. എന്നാൽ കാവ്യഭംഗിയും കലാഭംഗിയും സർഗ്ഗശക്തിയും നിറഞ്ഞ കൃതികളാണ് കല്ലേക്കുളങ്ങര രാഘവപ്പിഷാരടിയുടേത്. വേതാള ചരിതം, മുദ്രാരാക്ഷസം തുടങ്ങിയ കിളിപ്പാട്ടുകൃതികളുടെ സംശോധിതസംസ്കരണം അതു തെളിയിക്കുന്നു. എഴുത്തച്ഛൻ കൃതികളെപ്പോലെ പ്രൗഢഗംഭീരമായ ഈ കൃതികൾ ഉപരിനിരൂപണത്തിനും തുടർപഠനത്തിനും വിധേയമാക്കേണ്ടതാണ്. എങ്കിലേ അദ്ദേഹത്തിന്റെ കവിപ്രതിഭയെക്കുറിച്ച് ലോകത്തിന് പൂർണ്ണമായും ബോധ്യപ്പെടുകയുള്ളു. അത് നമ്മുടെ ഭാഷയ്ക്കും സാഹിത്യത്തിനും ഒരു മുതൽക്കൂട്ടായിരിക്കും.

**കു റി പ്പു കൾ**

1. ശാന്തിപർവ്വം (മഹാഭാരതം) - പേജ് : 09
2. മൗസലപർവ്വം - പേജ് : 35
3. മൗസലപർവ്വം - പേജ് : 35

**സഹായകഗ്രന്ഥങ്ങൾ**

1. അച്യുതൻകുട്ടി വെള്ളിനേഴി – 'കഥകളിയുടെ കൈപ്പുസ്തകം' തിരനോട്ടം, വിനായക കമ്പ്യൂട്ടർ ഗ്രാഫിക്സ് (വിതരണം), കോഴിക്കോട്, ആഗസ്റ്റ്, 2013





2. ഗോവിന്ദപ്പിള്ള പി – 'മലയാളഭാഷാചരിത്രം' കോട്ടയം : തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല പ്രസിദ്ധീകരണം, ഒക്ടോബർ, 2017
3. തുഞ്ചത്തെഴുത്തച്ഛൻ–'മൗസലപർവ്വം', കാലിക്കറ്റ് സർവകലാശാല പ്രസിദ്ധീകരണം, 2009
4. തുഞ്ചത്തെഴുത്തച്ഛൻ – 'ശാന്തിപർവ്വം (മഹാഭാരതം)', വ്യാഖ്യാതാ: ഡോ. എസ്.കെ. നായർ, കേരളസർവകലാശാല പ്രസിദ്ധീകരണം, 2009
5. പരമേശ്വരയ്യർ എസ്. ഉള്ളൂർ – 'കേരള സാഹിത്യചരിത്രം മൂന്നാം വാല്യം', കേരളസർവകലാശാല, 1990
6. മുകുന്ദൻ എൻ. – 'കിളിപ്പാട്ട്', തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1985
7. രജനി ആർ. എസ്. – 'ബൃഹത്കഥാവേതാളപഞ്ചവിംശതി കിളിപ്പാട്ട് സംശോധിതസം സ്കരണവും പഠനവും' (പി.എച്ച്.ഡി. പ്രബന്ധം – അപ്രകാശിതം), കേരളസർവകലാശാല, 2007
8. രാജീവ് വി., ബാബു സെബാസ്റ്റ്യൻ (സമ്പാദകർ), 'അന്വേഷണത്തിന്റെ വഴികൾ' കറന്റ് ബുക്സ്, 2011
9. ലാലു എസ്. കുറുപ്പ് – 'എഴുത്തോല', കോട്ടയം, ദി ബുക്ക് ഡൈജസ്റ്റ്, 2014
10. വിജയപ്പൻ.പി.എം–'പാഠവിമർശനം', കാലിക്കറ്റ് സർവകലാശാല, 2010

11. ശ്രീലേഖ കെ.ജി. - 'ശിവപുരാണം കിളിപ്പാട്ട് - പഠനവും പാഠവും', റെയ്ൻബോ ബുക്സ് പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1994

**വിനോദ്**

# മുകി ലൻ–നിധി ജ്ഞാ ന ത്തിന്റെ അധോ നി ല വറ

**ഡോ. സേ തു ലക്ഷ്മി എം. എസ്.**

**പ്രബന്ധസംഗ്രഹം**

ദീപുവിന്റെ മുകിലൻ എന്ന നോവലിന്റെ വിശകലനം. ലോകത്തിലെ പൂഴ്ത്തിവയ്ക്കപ്പെട്ട മിക്ക നിധികളിലും കണ്ണീരിന്റെ നനവുണ്ടെന്ന് ഈ നോവൽ സമർത്ഥിക്കുന്നുണ്ട്. മതേതരബോധമാണ് ഈ നോവലിന്റെ അടിത്തറയായി വർത്തിക്കുന്നത്.

**താക്കോ□ വാക്കുകൾ**

മുകിലൻ, നിധിസംസ്കാരം, കുതിരപ്പക്ഷി, താന്തമാലാചരിതം.

നിധിസങ്കൽപ്പങ്ങൾ കലകളെ സ്വാധീനിക്കുന്നതിന് ചരിത്രത്തിൽ ധാരാളം സാക്ഷ്യങ്ങളുണ്ട്. സിനിമയിലും സാഹിത്യത്തിലുമൊക്കെ നിധി അന്വേഷണങ്ങളുടെ കഥകൾ കടന്നു വരുന്നത് ഇതുകൊണ്ടാണ്. ലോകസിനിമയുടെ ചരിത്രം പരിശോധിച്ചാൽ ഈ പ്രസ്താവനയുടെ സാംഗത്യം മനസ്സിലാക്കാവുന്നതാണ്. മമ്മി, പൈറേറ്റ്സ് ഓഫ് കരീബിസൻ, നാഷണൽ ട്രഷർ, എന്നീ സിനിമകളുടെ അടിസ്ഥാന പ്രമേയം തന്നെ ട്രഷർ ഹണ്ടിംഗ് ആണ്. സാഹിത്യത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. ലോക സാഹിത്യത്തിലെ പല പ്രശസ്ത കൃതികളിലും ഒളിഞ്ഞും തെളിഞ്ഞുമുള്ള നിധി അന്വേഷണങ്ങൾ കാണാൻ കഴിയുന്നതാണ്. മലയാള നോവൽ സാഹിത്യത്തിലെ അതികായനായ സി.വി രാമൻപിള്ളയുടെ 'ധർമ്മരാജ' എന്ന കൃതിയിൽ ഒരു നിധി അന്വേഷണത്തിന്റെ



കഥയെ സമാന്തരമായി കൊണ്ടുപോയി ആഖ്യാന വിജയം നേടിയിട്ടുണ്ട്. സമകാലിക മലയാള സാഹിത്യത്തിലെ ചില കൃതികൾ ഈ നിധി അന്വേഷണ വ്യഗ്രത പ്രമേയമാക്കുന്നത് കാണാം. മുകിലൻ (ദീപു), കുതിരപ്പക്ഷി(സജിത് മോഹൻ), കാന്തമാലാചരിതം (വിഷ്ണു എം.സി) എന്നീ നോവലുകളിലെ ആഖ്യാനപരിസരം നിധി പര്യവേഷണമാണ്. ദീപു രചിച്ച മുകിലൻ എന്ന നോവലിൽ ആഖ്യാനം ചെയ്തിരിക്കുന്ന നിധി പര്യവേഷണ യജ്ഞങ്ങളും മനസ്സിന്റെ നിലവറ എന്ന ആശയവും ഇവിടെ വ്യാഖ്യാനിച്ചവതരിപ്പിക്കുകയാണ്.

ഏറെ വ്യാഖ്യാന സ്വഭാവമുള്ള ഒരു വാക്കാണ് നിധി. അമരകോശത്തിൽ 'നിധി' എന്ന വാക്കിന് 'ഏറ്റവും രക്ഷിക്കപ്പെടുന്നത്'(2008108) എന്നാണ് അർത്ഥം കല്പിക്കുന്നത്. ശബ്ദതാരാവലിയിൽ 'നിക്ഷേപം' (20121085) എന്ന ഒറ്റവാക്കിൽ അർത്ഥമൊതുക്കിയതിനു ശേഷം ഏറ്റവും രക്ഷിക്കപ്പെടുന്നത് എന്ന് അർത്ഥം കല്പിക്കപ്പെട്ടിരിക്കുന്നു. മലയാള മഹാനിഘണ്ടുവിൽ 'ഭൂമിക്കടിയിലും മറ്റും സൂക്ഷിച്ചുവച്ചിരിക്കുന്ന ദ്രവ്യം'(1997696) എന്ന് അർത്ഥവ്യാഖ്യാനം കാണുന്നു. ഭൂമിക്കടിയിലും മറ്റും സൂക്ഷിച്ചുവച്ചിരിക്കുന്നതും ഏറ്റവുമധികം സംരക്ഷിക്കപ്പെടേണ്ടതുമായ ദ്രവ്യ നിക്ഷേപമാണ് 'നിധി'എന്നാണ് ഈ അർത്ഥകല്പനകളും നിർവചനങ്ങളുമെല്ലാം വ്യക്തമാക്കുന്നത്. ധനം എക്കാലവും മനുഷ്യനെ ഭ്രമിപ്പിക്കുന്ന ഒന്നാണ്. പ്രത്യേകിച്ച് ഗൂഢസ്ഥലങ്ങളിരിക്കുന്ന നിധി നിക്ഷേപങ്ങൾ. ചരിത്രത്തിലെ പല പടയോട്ടക്കാരും ഇത്തരത്തിലുള്ളവയുടെ അന്വേഷകരായിരുന്നു. അവകാശികളില്ലാത്ത ഇത്തരം സമ്പത്തിനെ സ്വന്തമാക്കി ആനന്ദിക്കാനുള്ള അഭിവാഞ്ഛ മനുഷ്യന്റെ ആദിമ ചരിത്രം മുതൽ ഇങ്ങോട്ടുള്ള പ്രയാണത്തിൽ കാണാൻ കഴിയും. കാട്ടുകിഴങ്ങുകൾ ഭൂമിക്കടിയിലന്വേഷിക്കുന്ന ആദിമമനുഷ്യരുടെ ആദിപ്രരൂപപരമായ അറിവാണ് നിധി അന്വേഷണങ്ങളുടെ പൂർവ്വ രൂപം. അതുകൊണ്ടുതന്നെ വിശിഷ്ട വസ്തുക്കൾ ഗൂഢമായി വയ്ക്കാൻ പണ്ട് കാലത്ത് തെരെഞ്ഞെടുത്തത്

മൺഗർഭങ്ങളെയാണ്. തനിക്കിഷ്ടപ്പെട്ടതും വിലപിടിപ്പുള്ളതുമായ ദ്രവ്യത്തെ തന്നെക്കാൾ കൈയ്യൂക്കുള്ളവൻ സ്വന്തമാക്കരുത് എന്ന ലക്ഷ്യം മുൻനിർത്തിയാണ് നിധി നിലവറകൾ പലപ്പോഴും സൃഷ്ടിക്കപ്പെടുന്നത്. ആദിമകാലം മുതലുള്ള മനുഷ്യന്റെ ഈ പൂഴ്ത്തിവയ്ക്കൽ ഭ്രമമാണ് നിധികുംഭങ്ങളുടെയും ബാങ്ക് നിക്ഷേപങ്ങളുടെയും ചരിത്രം.

ആദികാലം മുതലുണ്ടായ ഈ നിധിസംസ്ക്കാരം, കലയിലും സാഹിത്യത്തിലും സ്വാഭാവികമായി സ്വാധീനം ചെലുത്തി. സംസ്ക്കാരത്തിന്റെ അടയാളപ്പെടുത്തലാണല്ലോ സാഹിത്യം. സാഹിത്യത്തിൽ കടന്നുവരുന്ന നിധി അന്വേഷണങ്ങളുടെ ചരിത്രം ഇതാണ്. സമകാലിക നോവലിസ്റ്റുകൾ ആഖ്യാനത്തിനായി ഏറ്റവും അധികം ഉപയോഗിക്കുന്ന ഒരു ടൂളാണ് ചരിത്രം. ചരിത്രം എന്നത് ദ്രവ്യങ്ങളുടെ ഗൂഢസ്ഥലങ്ങളുടെ ചരിത്രം കൂടിയാണ്. വായനക്കാരെ ത്രസിപ്പിക്കാൻ ഇത്തരം ആഖ്യാനങ്ങൾക്ക് കഴിയും എന്നുള്ള തിരിച്ചറിവിൽ നിന്നാണ് പല എഴുത്തുകാരും നിധി അന്വേഷണങ്ങളെ എഴുത്തിന്റെ ഭാഗമാക്കുന്നത്. മലയാള സാഹിത്യത്തിന്റെ സ്ഥിതിയും വ്യത്യസ്തമല്ല. നിഗൂഢതാസിദ്ധാന്തത്തെ അടിസ്ഥാനമാക്കി രചിച്ചിരിക്കുന്ന 'ഫ്രാൻസിസ് ഇട്ടിക്കോര' (ടി.ഡി.രാമകൃഷ്ണൻ), 'മഞ്ഞവെയിൽമരണങ്ങൾ' (ബെന്യാമിൻ), 'സൂസന്നയുടെ ഗ്രന്ഥപ്പുര' (അജയ് പി.മങ്ങാട്ട്) എന്നീ നോവലുകളിലെല്ലാം തന്നെ അന്തർധാരയായി വർത്തിക്കുന്നത് നിധി അന്വേഷണം തന്നെയാണ്.

മുകിലൻ എന്ന നോവലിന്റെ ആഖ്യാന പരിസരവും നിധി അന്വേഷണം തന്നെയാണ്. സിദ്ധാർത്ഥൻ എന്ന കഥാപാത്രത്തിന്റെ നിധി അന്വേഷണങ്ങളുടെ ആകെ തുകയാണ് ഈ നോവൽ. മലയാളികളുടെ നിധി അന്വേഷണത്വരയെ പ്രയോജനപ്പെടുത്തിക്കൊണ്ട് ആഖ്യാനത്തിൽ വ്യതിരിക്തത വരുത്താൻ കഴിയുമെന്ന തിരിച്ചറിവ് നോവലിസ്റ്റിന് ഉള്ളതായി കാണാൻ കഴിയുന്നു.





പദ്മനാഭ സ്വാമീക്ഷേത്രത്തിലെ നിലവറ നിധി എല്ലാക്കാലത്തും മലയാളിയെ ഭ്രമിപ്പിക്കുന്ന ഒന്നാണ്. തിരുവിതാംകൂർ ചരിത്രത്തിൽ നിന്നും ഈ നിധി കഥയെ അടർത്തിയെടുത്ത്, വിശകലന വിധേയമാക്കുകയാണ് 'മുകിലനി'ൽ. പദ്മനാഭ സ്വാമീക്ഷേത്രത്തിലെ നിലവറകളിൽ ലോകത്തെ തന്നെ അത്ഭുതപ്പെടുത്തുന്ന സ്വത്ത് ഇന്നുകാണുന്ന തരത്തിൽ എങ്ങനെ സമാഹരിക്കപ്പെട്ടു എന്നതിന് അവ്യക്തതയുണ്ട്. ഈ അവ്യക്തതയെ പ്രയോജനപ്പെടുത്തിയാണ് നോവലിന്റെ പ്രയാണം.

സിദ്ധാർത്ഥൻ എന്ന ചരിത്ര ഗവേഷകൻ തന്റെ നാട്ടിൽ ഉറങ്ങിക്കിടന്ന ചില മിത്തുകളിൽ മുഗുളന്മാരുടെ ചരിത്രം അന്വേഷിക്കുന്നിടത്താണ് നോവൽ തുടങ്ങുന്നത്. 1680 ൽ തിരുവിതാംകൂറിൽ നടന്ന മുഗൾ പടയോട്ടമാണ് നോവൽ സംഭവങ്ങൾക്ക് ആധാരം. മുഗള പടയോട്ടത്തെക്കുറിച്ചുള്ള അന്വേഷണം ക്രമേണ, അവർ കൊള്ളയടിച്ചു കൊണ്ടുവന്ന സമ്പത്തിന്റെ അന്വേഷണമായി പരിണമിക്കുന്നു. ഡൽഹി മുതൽ കന്യാകുമാരി വരെ പടയോടിയ മുഗളന്മാരുടെ ചരിത്രം, വൈക്കത്ത് പാച്ചുമൂത്തതും പി.ശങ്കുണ്ണിമേനോനും ചരിത്ര പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'വേണാടിന്റെ ചരിത്രം' എന്ന ശിവശങ്കരൻ നായരുടെ പുസ്തകത്തിൽ മുഗളാക്രമണത്തെ വ്യത്യസ്ത രീതിയിൽ സമീപിച്ചിരിക്കുന്നത് കാണാം. ആറ് സ്റ്റേറ്റുകളിലൂടെ പടയോട്ടം നടത്തിയ മുഗളസൈന്യത്തിന്റെ വമ്പിച്ച സ്വത്ത് തിരുവിതാംകൂറിൽ എത്തിയെന്നും പിന്നീടവ ചരിത്രത്തിൽ നിന്നും അപ്രത്യക്ഷമായെന്നും സിദ്ധാർത്ഥൻ തന്റെ അന്വേഷണത്തിലൂടെ കണ്ടെത്തുന്നു. പിൽക്കാലങ്ങളിൽ മാർത്താണ്ഡവർമ്മ രാജ്യവികസനത്തിനായും തുലാപുരുഷദാനം, ഹിരണ്യ ഗർഭം, മുറജപം തുടങ്ങിയ ക്ഷേത്ര സംബന്ധമായ ചടങ്ങുകൾ നടത്തുന്നതിനായും ഉപയോഗിച്ച സമ്പത്തിന്, മുഗളാക്രമണ കാലഘട്ടത്തിലെ സമ്പത്തുമായി ബന്ധമുണ്ടെന്ന് യുക്ത്യാധിഷ്ഠിതമായി സമർത്ഥിച്ചിരിക്കുകയാണ് നോവലിൽ. തൃപ്പടിദാനം എന്ന ചടങ്ങിലൂടെ വമ്പിച്ച നിധി ക്ഷേത്ര നില

വറകളിൽ വച്ചു പൂട്ടിയെന്നും ചരിത്രത്തിലെ ചില ഏടുകളെ ആസ്പദമാക്കി നോവലിൽ രേഖപ്പെടുത്തുന്നു.

ലോകത്തിലെ പൂഴ്ത്തിവയ്ക്കപ്പെട്ട മിക്ക നിധികളിലും കണ്ണീരിന്റെ നനവുണ്ടെന്ന ദർശനം നോവലിൽ അവതരിപ്പിക്കുന്നു. പൂഴ്ത്തിവയ്ക്കപ്പെട്ടവയിൽ മിക്കതും അധികാരം ഉപയോഗിച്ച് ജന ങ്ങളിൽ നിന്ന് പിരിച്ചെടുത്ത നികുതി പണമോ, പടയോട്ടങ്ങളി ലൂടെ പിടിച്ചെടുത്തവയോ ആയിരിക്കും. അതുകൊണ്ടുതന്നെ അവ യിരിക്കുന്ന ഇടങ്ങൾ ജനങ്ങൾക്ക് നിത്യമായി അസ്വസ്ഥതയുണ്ടാ ക്കാൻ സാധ്യതയുണ്ട് എന്ന വിശ്വാസം നോവലിൽ അവതരിപ്പിക്കു ന്നു.

നിധി നിലവറകളുടെ ചരിത്രം മാത്രമല്ല മുകിലൻ പറയുന്ന ത്. നോവലിന്റെ ആഖ്യാന സവിശേഷതകളിൽ മറ്റൊന്നുണ്ട്. അത്, മനുഷ്യന്റെ മനോനിലവറകളുടെ ഗോപ്യമായ ഇടങ്ങളെ അന്വേഷി ക്കുന്നു. നിധി നിലവറകൾ പോലെതന്നെയാണ് മനുഷ്യന്റെ മനോ മണ്ഡലങ്ങളെന്നും നോവൽ വ്യക്തമാക്കുന്നു. സിദ്ധാർത്ഥൻ എന്ന കഥാപാത്രത്തിന്റെ മാനസിക സഞ്ചാരങ്ങൾ നോവലിന്റെ ആഖ്യാന ശൈലിയെ വ്യതിരിക്തമാക്കുന്നു. ഒരേ സമയം നിധി നിലവറക ളിലും മനോനിലവറകളിലും മാറി മാറി സഞ്ചരിക്കാൻ വായനക്കാ രന് കഴിയുന്നു. ഗവേഷണത്തിന്റെ തീവ്രദശയിൽ സിദ്ധാർത്ഥന്റെ മനോനില തെറ്റി പോകുമ്പോഴാണ് ചരിത്രത്തിലെ വിടവുകളെ പൂരിപ്പിക്കാനായി ചരിത്ര പുരുഷന്മാർ എത്തുന്നത്. മുകിലനും, മാർത്താണ്ഡ വർമ്മയും, അസദലിയും, സെൽമാൻ ഖുറേഷിയും നോവലിൽ സംസാരിക്കുന്നത് സിദ്ധാർത്ഥന്റെ മനോമണ്ഡലങ്ങ ളിൽ വെച്ചാണ്. ചരിത്ര സംഭവങ്ങളുടെ വിടവുകൾ ഇവരുടെ വാക്കുകളാണ് പൂരിപ്പിക്കുന്നത്. നിധി പൂഴ്ത്തൽ ചടങ്ങിനെക്കുറിച്ച് മാർത്താണ്ഡ വർമ്മയും, ചിത്രവധം പോലെയുള്ള ക്രൂരമായ ശിക്ഷാനടപടികളെക്കുറിച്ച് അസദലിയും, രഹസ്യസ്വഭാവമുള്ള നിധിയിടങ്ങളെക്കുറിച്ച് സെൽമാൻ ഖുറേഷിയും നോവലിൽ ഉറക്കെ സംസാരിക്കുന്നു.





നോവലിന്റെ അവസാന ഭാഗത്തിലേക്ക് എത്തുമ്പോൾ നിധി എവിടെയെന്ന അന്വേഷണത്തിനുപരിയായി, സിദ്ധാർത്ഥന് എന്തു സംഭവിക്കും എന്നറിയാനുള്ള ആകാംക്ഷയിലേക്ക് വായന ക്കാരൻ എടുത്തെറിയപ്പെടുന്നു. മനോനിലവറയും നിധി നിലവ റയും തമ്മിലുള്ള പാരസ്പര്യ സ്വഭാവം ഈ ഭാഗത്തു നിന്നെല്ലാം വ്യക്തമാകുന്നു. രണ്ടും പ്രവചനാതീതമാണ്, നിഗൂഢമാണ്, അന്യ രുടെ സ്പർശമേൽക്കാത്തതാണ്, അമൂല്യമാണ്. ആദികാലം മുത ലുള്ള കണ്ണീരിന്റെ നനവുണ്ടിതിന്.

മുകിലൻ എന്ന നോവലിലെ നിധി അന്വേഷണങ്ങളുടെയും അവ കണ്ടുപിടിക്കാനുള്ള മനസ്സിന്റെ വ്യഗ്രതയെയും അന്വേഷിക്കാ നാണ് ഇവിടെ ശ്രമിക്കുന്നത്. അതിലുപരിയായി മൂല്യമുള്ള ചില ദർശനങ്ങളും മുകിലൻ മുന്നോട്ടുവയ്ക്കുന്നു. മനുഷ്യമനസ്സിൽ നിന്നും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന മതേതര ബോധത്തെ ഊട്ടിയുറപ്പിക്കുന്ന വിധത്തിലുള്ള കഥകളും മിത്തുകളും കൊണ്ട് സമ്പന്നമാണ് ഈ നോവൽ. ഒരു കാലഘട്ടത്തിൽ കേരളത്തിൽ നിലനിന്നിരുന്ന മതങ്ങളുടെ പാരസ്പര്യത്തെ നോവലിൽ അടയാള പ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഭഗവതിയെക്കണ്ട ഉമ്മറിനെ അവതരിപ്പി ക്കുമ്പോഴും, തങ്ങളെ കണ്ട ശശാങ്കൻപിള്ളയെ അവതരിപ്പിക്കു മ്പോഴും തെളിയുന്നത് ഇതാണ്. തീവ്രമായ മത ബോധത്തിൽ നിന്നും ഉയർന്നു വരുന്ന മൗലികവാദത്തെ നിഷ്കാസനം ചെയ്തു കൊണ്ട് എല്ലാ മതങ്ങളും ഒന്നാണെ തിരിച്ചറിവ് നോവൽ നൽകു ന്നു. ഒരുകാലത്ത് അനാചാരങ്ങളുടെ കൂത്തരങ്ങായിരുന്ന കേരളീയ സമൂഹത്തെ കൊള്ളക്കാരനും പടയോട്ടക്കാരനുമായ ഒരു മനു ഷ്യൻ പരിവർത്തിപ്പിക്കാൻ ശ്രമിച്ചതിന്റെ ചരിത്രവും നോവലി ലുണ്ട്. മുലക്കരം, ഏണിക്കരം, മീശക്കരം, തലക്കാണം, വൈയ്യാവ രി, ചാവുകാണിക്ക, കാട്ടുഭോഗം തുടങ്ങിയ പ്രാകൃത നികുതികൾ ഒരുകാലത്ത് കേരളത്തിൽ പിരിച്ചിരുന്നു. എന്നാൽ ഇവയെല്ലാം പൊളിച്ചെഴുതിയത് അതേ കൊള്ളക്കാരനും പടയോട്ടക്കാരനുമായ മുകിലൻ തന്നെയാണെന്നുള്ളത് ചരിത്രത്തിലെ വൈരുദ്ധ്യമായി നിലനിൽക്കുന്നു.

എന്തുകൊണ്ടും മികച്ച ഒരു വായനാനുഭവമാണ് മുകിലൻ നൽകുന്നത്. കേരളത്തിലെ മതബോധത്തിന്റെ പാരസ്പര്യത്തെ അടയാളപ്പെടുത്തുകയും, നിധി നിലവറകളുടെയും മനോനിലവറകളുടെയും സങ്കീർണ്ണതയെ ഇഴപിരിച്ചെടുക്കുകയും, എല്ലാ നിധി നിക്ഷേപങ്ങളും ജനനന്മയ്ക്കായി ഉപയോഗിക്കേണ്ടതാണ് എന്ന മാനവിക ദർശനവും മുകിലൻ എന്ന നോവൽ മുന്നോട്ടുവയ്ക്കുന്നു.

**ഗ്രന്ഥ സൂ ചി**

1. ദീപു, *മുകി ലൻ*, മാർച്ച് 2021, ഡി സി ബുക്സ് കോട്ടയം.
2. പദ്മനാഭ പിള്ള ശ്രീകണ്ഠേശ്വരം, 2012, *ശബ്ദതാരാവലി* (വാല്യം 37), നാഷണൽ ബുക്സ്റ്റോൾ.
3. പാച്ചുമൂത്തത് വൈക്കത്ത്, *തിരു വി താം കൂർ ചരി ത്രം*, 1887, പ്രതിഭ പബ്ലിക്കേഷൻസ്.
4. പരമേശ്വരൻ മൂസത് ടി.സി, *അമ ര കോ ശം*, ജൂൺ 2008, കേരള സാഹിത്യ അക്കാദമി തൃശൂർ.
5. രാമൻപിള്ള സി.വി, *ധർമ്മ രാ ജ*, 1913
6. ലീലാവതി എം, *ആദി പ്ര രൂ പ ങ്ങൾ മല യാ ള ത്തി*□, 1998, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
7. വെങ്കിടേശ്വരൻ സി.എസ്, *മല യാള സിനിമാ പഠ ന ങ്ങൾ*, 2019, ഡി.സി ബുക്സ്.
8. ശങ്കുണ്ണി.പി. മേനോൻ, *തിരു വി താം കൂർ ചരി ത്രം.*
9. സോമശേഖരൻ നായർ. പി, *മല യാള മഹാ നി ഘ*□*ു* (വാല്യം 7), 1997, കേരള സർവ്വകലാശാല തിരുവനന്തപുരം.
10. ചമഴശയ ഘൗരശമ, ‘*Towards a positive definition of world cinema*’ 2006.

**ഡോ. സേ തു ലക്ഷ്മി എം. എസ്**
അസി.പ്രൊഫസർ(മലയാളം)



*മുകി ലൻ: നിധി ജ്ഞാ ന ത്തിന്റെ....*
*പ്രാചീ ന കൈ രളി*

## മല യാ ള ത്തിലെ ജീവ ച രി ത്ര നോ വ ലു കൾ
### അകവും പുറവും

സി. വി. സുരേ ഷ്കുമാർ

**പ്രബ ന്ധ സം ഗ്രഹം**

മലയാളത്തിലെ ജീവചരിത്രനോവലുകളെ സാമാന്യമായി പരിചയപ്പെടുത്തുകയാണിവിടെ. ജീവചരിത്രനോവലുകളുടെ സാധ്യതകളും പരിമിതികളും ഇതിൽ വിശകലനം ചെയ്യുന്നു.

**താക്കോ□ വാക്കു കൾ**

ചരിത്രം, ജീവചരിത്രം, ജീവചരിത്രനോവലുകൾ, നാരായണഗുരു, വാൻഗോഗ്, കേസരി ബാലകൃഷ്ണപിള്ള, കുമാരനാശാൻ, ചട്ടമ്പിസ്വാമികൾ.

ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കാൻ കെല്പുള്ള സാഹിത്യരൂപമാണ് നോവൽ. സാമൂഹികജീവിതത്തിന്റെ പശ്ചാത്തലത്തിൽ വ്യക്തിമനസ്സിന്റെ ആഴങ്ങളെ അവതരിപ്പിക്കാനുള്ള കരുത്ത് നോവലിനുണ്ട്. ആഖ്യാനസമ്പ്രദായങ്ങളെയും പ്രമേയപരിചരണവൈവിധ്യത്തെയും മുൻനിറുത്തി നോവലിനുതന്നെ അനേകം തരംതിരിവുകൾ ഉണ്ട്. ചരിത്രനോവൽ, സാമൂഹികനോവൽ, ഡിറ്റക്ടീവ് നോവൽ, ശാസ്ത്രനോവൽ, മനശ്ശാസ്ത്രനോവൽ, ജീവചരിത്രനോവൽ, ദാർശനികനോവൽ എന്നിങ്ങനെ പല പേരുകൾ നിരൂപകർ നൽകിയിട്ടുണ്ട്. ഇവയിലെല്ലാം തന്നെ കേന്ദ്രസ്ഥാനത്ത് ചില മുഖ്യകഥാപാത്രങ്ങളുാകും. നായികാനായകന്മാരെ കേന്ദ്രീകരിച്ചാവും എല്ലാ നോവലുകളും വികസിക്കുക. എന്നാൽ മുഖ്യകഥാപാത്രം ചരിത്രത്തിൽ ഇടംപിടിച്ചിട്ടുള്ള വ്യക്തിയാവുകയും ആഖ്യാനത്തിന്റെ പശ്ചാത്തലമായി ചരിത്രസംഭവങ്ങൾ കൂട്ടി



യിണക്കുകയും ചെയ്യുമ്പോൾ ചരിത്രനോവലുകൾ രൂപപ്പെടുന്നു. എഴുത്തുകാരന്റെ ശ്രദ്ധ ചരിത്രപ്രാധാന്യമുള്ള പ്രതിഭാശാലികളായ വ്യക്തികളിലേക്ക് കേന്ദ്രീകരിക്കുകയും ആഖ്യാനത്തിൽ നോവലിന്റെ ഘടന കടന്നുവരികയും ചെയ്യുമ്പോഴാണ് ജീവചരിത്രനോവലുകൾ ഉണ്ടാകുന്നത്. ഫാക്ടും ഫിക്ഷനും കൂടിക്കലർന്ന് ഫാക്ഷൻ എന്നു പറയാവുന്ന പരുവത്തിലാണ് ജീവചരിത്രനോവലുകളിലെ ആഖ്യാനം പ്രത്യക്ഷമാവുക. കേവലം ജീവചരിത്രവിവരണമല്ല, സർഗാത്മകവും നാടകീയവുമായ ജീവിതപുനരാഖ്യാനമാണ് ഓരോ ജീവചരിത്രനോവലും. മുഖ്യകഥാപാത്രത്തിന്റെ ഭൗതികജീവിതപരിസരങ്ങളുടെ അനുഭവാവിഷ്കാരം മാത്രമല്ല, ആന്തരികജീവിതത്തിന്റെ സൂക്ഷ്മതലങ്ങളെ രേഖപ്പെടുത്തും വിധമാണ് ഓരോ ജീവചരിത്രനോവലും രൂപപ്പെടുന്നത്.

ആധുനികകാലത്ത് ഇംഗ്ലീഷ്ഭാഷയിൽ ഉണ്ടായിട്ടുള്ള നിരവധി ജീവചരിത്രനോവലുകൾ ഇർവിംഗ് സ്റ്റോൺ രചിച്ചവയാണ്. ചിത്രകാരനായ വാൻഗോഗിന്റെ ജീവിതം ആസ്പദമാക്കി രചിച്ച *Lust for Life* (ജീവിതാസക്തി എന്ന പേരിൽ മലയാളവിവർത്തനം), സിഗ്മണ്ട് ഫ്രോയ്ഡിന്റെ ജീവിതത്തെക്കുറിച്ചുള്ള Passions of the Mind, മൈക്കലാഞ്ചലോയെപ്പറ്റിയുള്ള The Agony and the Ecstacy, ചാൾസ് ഡാർവിനെക്കുറിച്ചുള്ള The origin എന്നിവ ഇക്കൂട്ടത്തിലെ പ്രധാനകൃതികളാണ്.

മലയാളത്തിലേക്കുവരുമ്പോൾ സി.വി കൃതികൾ പേരുകൊണ്ട് ജീവചരിത്രനോവലുകളാണെന്ന് തോന്നിക്കുമെങ്കിലും അവയ്ക്ക് ചരിത്രനോവലുകൾ എന്ന വിശേഷണം തന്നെയാണ് യോജിക്കുക. ആദ്യകാലത്തിറങ്ങിയ ഏതാനും നോവലുകൾ മലയാളത്തിലെ ജീവചരിത്രനോവൽ ശാഖയിലെ സംഭാവനകളായി പരിഗണിക്കാവുന്നവയായുണ്ട്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജീവിതം ആധാരമാക്കി എം.ആർ. രാമക്കൈമൾ രചിച്ച

*കേര ള കാ ളി ദാ സൻ അഥവാ അഹി ഭയം* (1927), രാജാ കേശവദാസനെക്കുറിച്ച് ആർ. കൈമൾ രചിച്ച (1932) *കുന്ന ത്തൂർ കുചേ ലൻ*, മാത്തൂർ ഗോവിന്ദപ്പണിക്കരുടെ *കർമ്മ ഭൂ മി*, എം. എച്ച്. ശാസ്ത്രികളുടെ *രാമ യ്യൻദ ളവ* എന്നീ കൃതികൾ ജീവചരിത്രനോവൽ ശാഖയിലെ ആദ്യകാല സാന്നിധ്യങ്ങളാണ്. സ്വാതി തിരുനാളിന്റെ ജീവിതത്തിലെ ദാർശനികവ്യഥകൾ വൈക്കം ചന്ദ്രശേഖരൻനായർ *സ്വാതി തി രു നാൾ* (1978) എന്ന നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. കെ. സുരേന്ദ്രന്റെ പല നോവലുകളും കേരളത്തിലെ അറിയപ്പെടുന്ന വ്യക്തികളെ പ്രധാനകഥാപാത്രങ്ങളായി അവതരിപ്പിക്കുന്നുണ്ട്.

മലയാളത്തിൽ ഏതെങ്കിലുമൊരു വ്യക്തിയുടെ ജീവിതവും ദർശനവും കൃതികളും ആസ്പദമാക്കിയുള്ള പുസ്തകങ്ങൾ ഏറ്റവുമധികം ഉണ്ടായിട്ടുള്ളത് നാരായണഗുരുവിനെക്കുറിച്ചാണ്. ഈ പ്രസ്താവന നോവലിനെ സംബന്ധിച്ചും ശരിയാണ്. ഒരു ഡസനിലേറെ നോവലുകൾ നാരായണഗുരുവിന്റെ ജീവിതം മുഖ്യപ്രമേയമായി മലയാളത്തിലുണ്ട്. 1994ൽ കെ. സുരേന്ദ്രൻ രചിച്ച *'ഗുരു'* തന്നെയാണ് ഇക്കൂട്ടത്തിൽ പ്രഥമഗണനീയം. ഗുരുവിന്റെ ജീവിതത്തെ സമഗ്രമായി ആവിഷ്കരിക്കുന്നുണ്ട്, ഈ നോവൽ. മലയാളത്തിലെ മികച്ച ഭാവാത്മകനോവലായി കൂടി പരിഗണിക്കുന്ന *'നാരാ യണം'* പെരുമ്പടവം ശ്രീധരൻ പ്രസിദ്ധീകരിക്കുന്നത് 2004 ലാണ്. രോഗാതുരമായ അന്ത്യവേളകളിലെ വിചാരങ്ങളിലൂടെ ഗുരുവിന്റെ ജീവിതത്തെ പുനഃസൃഷ്ടിച്ചിരിക്കുകയാണ് ഈ നോവലിൽ. സംഭവങ്ങൾ കൊണ്ടല്ല ആത്മസംഘർഷങ്ങൾകൊണ്ടാണ് ഈ നോവൽ മെനഞ്ഞെടുത്തിരിക്കുന്നതെന്നാണ് നിരൂപകർ അഭിപ്രായപ്പെട്ടിട്ടുള്ളത്. *ഗുരു മാ നസം* (ഇരിഞ്ചയം രവി), *ശ്രീനാ രാ യ ണായ* (എം.കെ. ഹരികുമാർ), *അരു വി പ്പുറം* (വിജയാലയം ജയകുമാർ), *നാണു* (സി.ആർ. ഓമനക്കുട്ടൻ), *ശിവ ഗിരി തേടി* (എൻ.പി. പുന്തല), *ഗുരു ദർശനം* (വിജയാലയം) *കാല*



*മല യാ ള ത്തിലെ ജീവ ച രി ത്ര നോ വ ലു ക ൾ...*
*പ്രാചീ ന കൈ രളി*

*ത്തിന്റെ കണ്ണാടി* (സോമരാജ് നീറോളി), *യുഗ പ്പി റവി* (കെ. വാസുദേവൻ), *പ്രതി ശ്രുതി* (എസ്. അംബികാദേവി), *ഗുരു വിന്റെ പെട്ടകം* (മണക്കാട് സുരേന്ദ്രൻ), *ഗുരു വർഷവും കടന്ന്* (ബാബു ചാലാത്തുംകി), *ഗുരു ദേ വ പ ഥ ങ്ങ ളി ലൂടെ* (ഇ.കെ.മുരളീധരൻ) എന്നിവയാണ് ഇക്കൂട്ടത്തിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

ചട്ടമ്പിസ്വാമികളുടെ ജീവിതം പ്രമേയമാക്കി മൂന്നു നോവലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൈക്കം വിവേകാനന്ദൻ രചിച്ച *മഹാ പ്രഭു* 2009ലാണ് പുറത്തുവന്നത്. 48 അധ്യായങ്ങളിലായി സമഗ്രഭാവത്തോടെതന്നെ സ്വാമികളുടെ ജീവിതം ഈ നോവലിൽ അവതരിപ്പിക്കുന്നു. മറ്റൊന്ന് കൈതയ്ക്കൽ സോമക്കുറുപ്പ് രചിച്ച *മഹാ മു നി യാണ്* (2013) ഈ ഗണത്തിൽ താരതമ്യേന പുതിയ കടന്നുവരവാണ് സുധീർ കിടങ്ങൂരിന്റെ *ലീലാ പ്രഭു* (2017). ആഖ്യായിക എന്ന വിശേഷണം മുൻതാളുകളിൽ നൽകിയിട്ടുണ്ടെങ്കിലും ജീവചരിത്രത്തിന്റെ ആഖ്യാനസവിശേഷതകളിൽ ഒതുങ്ങുന്നതേയുള്ളൂ ഈ കൃതി.

ശങ്കരാചാര്യരുടെ ജീവിതം ചിത്രീകരിക്കുന്ന മൂന്നുനോവലുകൾ മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. രാജീവ് ശിവശങ്കറിന്റെ *മറ പൊ രുൾ*, കെ.സി. അജയകുമാറിന്റെ *ആദി ശ ങ്കരം* (2018), സി. ഗണേശിന്റെ *ആചാര്യ* (2013) എന്നിവയാണവ. കാലടി മുതൽ കേദാർനാഥ് വരെയുള്ള, ശങ്കരാചാര്യരുടെ 'ആധ്യാത്മികയാത്രയും ജീവിതവുമാണ്' *ആദി ശ ങ്ക രത്തിലെ* പ്രതിപാദ്യം. ശങ്കരാചാര്യരുടെ ദാർശനിക,ആധ്യാത്മിക ഔന്നത്യത്തെ അത്ഭുതങ്ങളുടെയും അതിശയോക്തികളുടെയും മറവിൽപ്പെട്ടുപോകാതെ ഈ നോവലിൽ അവതരിപ്പിച്ചിരിക്കുന്നു. കാലടിയിലെ ബാല്യകാലസുഹൃത്തായ വിഷ്ണുവിന്റെ വീക്ഷണകോണിലൂടെയാണ് *മറ പൊ രു ളി* ശങ്കരനെ അവതരിപ്പിച്ചിരിക്കുന്നത്.

ഭാരതീയസാഹിത്യത്തിലെ അതുല്യപ്രതിഭകളായ കാളിദാസന്റെയും ടാഗോറിന്റെയും ജീവിതത്തെ ആസ്പദമാക്കി കെ.സി. അജയകുമാർ രചിച്ച നോവലുകളാണ് *കാളി ദാ സൻ, രവീ ന്ദ്ര നാഥം* എന്നിവ. പുഴങ്കര ബാലനാരായണൻ രചിച്ച *അർദ്ധ ന ഗ്നർ, മഹാ ത്മാ വിന്റെ അന്ത്യ പ്ര ലോ ഭ നം*, മാടമ്പു കുഞ്ഞുക്കുട്ടന്റെ *ഓം ശാന്തി ശാന്തി* എന്നീ നോവലുകൾ ഗാന്ധിജിയെ ചിത്രീകരിക്കുന്നുണ്ട്. മാടമ്പ് ശ്രീരാമകൃഷ്ണപരമഹംസരെക്കുറിച്ചെഴുതിയ നോവലാണ് അമൃതസ്യപുത്രൻ. ഇന്ദിരാഗാന്ധിയുടെ ജീവിതത്തെ ഉപജീവിച്ച് 2013ൽ ജോർജ് ഓണക്കൂർ പ്രസിദ്ധീകരിച്ച *'പർവ ത ങ്ങ ളിലെ കാറ്റ്'* പ്രസിദ്ധമാണ്. സാഹിത്യകാരനായ ദസ്തയേവ്സ്കിയുടെ മനസ്സിലേക്ക് അന്നയുടെ ഡയറിക്കുറുപ്പുകളിലൂടെ പെരുമ്പടവം നടത്തുന്ന ഒരു തീർത്ഥയാത്രയാണ് *'ഒരു സങ്കീർത്ത നം പോലെ'* എന്ന നോവൽ. സാർത്രിന്റെ ജീവിതം ആധാരമാക്കി നിഷ അനിൽകുമാർ രചിച്ച *അവ ധൂ ത രുടെ അട യാളം* ജീവചരിത്രനോവൽ ശാഖയിലെ പുതിയ അതിഥിയാണ്. രഞ്ജിത് ദേശായിയുടെ 'രാജാ രവിവർമ്മ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ജീവചരിത്രനോവലുകൾക്ക് നല്ല ഉദാഹരണമായി എടുത്തുകാട്ടാവുന്ന കൃതിയാണിത്.

തുഞ്ചത്തെഴുത്തച്ഛന്റെ ജീവിതം പ്രമേയമാക്കി രചിച്ചിട്ടുള്ള പ്രധാനനോവൽ സി. രാധാകൃഷ്ണന്റെ *തീക്ക ട□ കടഞ്ഞ് തിരു മ ധുരം* ആണ്. തിരൂർ ദിനേശ് രചിച്ച *'കഥ യമമ'*യാണ് തുഞ്ചത്താചാര്യനെ അവതരിപ്പിക്കുന്ന മറ്റൊരു നോവൽ. ജീവചരിത്രനോവൽ ശാഖയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള തിരൂർ ദിനേശിന്റെ തൂലിക ഏതാനും മികച്ച കൃതികൾ മലയാളത്തിനു സമ്മാനിച്ചിട്ടുണ്ട്. പൂന്താനത്തിന്റെ ജീവിതം ആസ്പദമാക്കി രചിച്ച *'കൃഷ്ണ തു ളസി'*, മേല്പുത്തൂരിന്റെ ജീവിതം പ്രമേയമാക്കിയ *അഗ്രേപ ശ്യാമി* എന്നിവയാണ് അദ്ദേഹത്തിന്റെ മറ്റ് പ്രധാന രചന





കൾ. കുഞ്ചൻനമ്പ്യാരുടെ ജീവിതം ആസ്പദമാക്കി പി. മോഹനൻ രചിച്ച *ദൈവ ഗു രു വിന്റെ ഒഴി വു കാ ലം* ഐതിഹ്യങ്ങളിലെ അതിശയോക്തിയുടെ ഭാരമില്ലാതെയാണ് നമ്പ്യാരെ അവതരിപ്പിക്കുന്നത്. ചങ്ങമ്പുഴയെക്കുറിച്ചുള്ള നോവലാണ് എബ്രഹാം മാത്യുവിന്റെ *ഋതു ക്കൾ ഞാനാ കു ന്നു. ഉദ്യാനലക്ഷ്മി* എന്ന കൃതിയെ മുൻനിറുത്തിയാണ് ചങ്ങമ്പുഴയെ അവതരിപ്പിക്കുന്നത്. കവിയും ചിന്തകനുമായിരുന്ന എം. ഗോവിന്ദന്റെ ജീവിതം മുഖ്യപ്രമേയമാക്കി എം.ടി. ഉണ്ണിക്കൃഷ്ണൻ രചിച്ച *'അനാഥം ഈ അഗ്നി വീണ'* സഹൃദയശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കുമാരനാശാന്റെ ജീവിതം പ്രമേയമാകുന്ന '*അവ നി വാഴ്‌വ് കിനാവ്*' പെരുമ്പടവത്തിന്റേതാണ്. ടി.കെ. അനിൽകുമാർ വാഗ്ഭടാനന്ദനെക്കുറിച്ചെഴുതിയ നോവലാണ, '*ഞാൻ വാഗ്ഭ ടാ ന ന്ദൻ*'.

അഭിനയപ്രതിഭകളിൽ മലയാളത്തിലെ ആദ്യചലച്ചിത്രനായിക പി.കെ. റോസിയുടെ ജീവിതം കടന്നുവരുന്ന ആദ്യനോവൽ എന്ന ബഹുമതി വിനു അബ്രഹാം രചിച്ച *'നഷ്ട നാ യിക'*യ്ക്കുള്ളതാണ്. പിന്നീടത് കമൽ സംവിധാനം ചെയ്ത *'സെ□ു ലോയ്ഡ്'* സിനിമയ്ക്കു സ്വാധീനമായി. എന്നു മാത്രമല്ല ഈ നോവൽ വന്നശേഷമാണ് പി.കെ. റോസിയെക്കുറിച്ച് വ്യാപകമായ അന്വേഷണവും അതിനെത്തുടർന്ന് ജീവചരിത്രങ്ങളും ഉണ്ടായത്. സാധാരണയായി ജീവചരിത്രങ്ങൾ പുറത്തിറങ്ങിയ ശേഷമാവും ജീവചരിത്രനോവലുകൾ വരുന്നത്. ഈ പതിവും *നഷ്ട നാ യിക* തിരുത്തുന്നു. മലയാളത്തിലെ ജീവചരിത്രനോവലുകളിൽ സ്ത്രീജീവിതം മുഖ്യപ്രമേയമാക്കിയ പ്രധാനകൃതിയും ഇതാണ്. മലയാളനാടകവേദിയിൽ ഒരു കാലത്ത് നിറഞ്ഞുനിന്ന അഭിനയപ്രതിഭയാണ് ഓച്ചിറ വേലുക്കുട്ടി. അദ്ദേഹത്തിന്റെ ജീവിതം *'അലിംഗം'* എന്ന പേരിൽ എസ്. ഗിരീഷ്കുമാർ നോവലാക്കിയിട്ടുണ്ട്. ജനപ്രിയ നടനായ ജയന്റെ ജീവിതവും മരണവും പ്രമേയമാക്കി എസ്.ആർ. ലാൽ രചിച്ച '*ജയന്റെ അജ്ഞാ ത ജീ വിതം'* മലയാളത്തിലെ

ഒരു ജനപ്രിയ ചലച്ചിത്ര നടനെ മുൻനിറുത്തി എഴുതപ്പെടുന്ന ആദ്യനോവൽ കൂടിയാണ്.

കെ. സുരേന്ദ്രന്റെതന്നെ *ജ്വാല* (1996), *മരണം ദുർബലം*(1975) എന്നീ കൃതികളിൽ കേസരി ബാലകൃഷ്ണപിള്ള, കുമാരനാശാൻ എന്നിവരുടെ ജീവിതം ഭാഗികമായി കടന്നുവരുന്നുണ്ട്. പൂർണമായ അർത്ഥത്തിൽ ജീവചരിത്രനോവലുകളുടെ ഗണത്തിൽപ്പെടുത്താവുന്നവയല്ല ഈ പുസ്തകങ്ങൾ.

ചരിത്രത്തിലിടപെടുകയോ ചരിത്രം സൃഷ്ടിക്കുകയോ ചെയ്ത വ്യക്തികളെ കേന്ദ്രസ്ഥാനത്തുനിർത്തി രചിക്കുന്ന ജീവചരിത്രനോവലുകൾ ചിലപ്പോഴൊക്കെ വസ്തുനിഷ്ഠമാവാതെ എഴുത്തുകാരന്റെ ഭാവനയുടെ മാത്രം പുനഃസൃഷ്ടിയായി മാറുന്നതു കാണാറുണ്ട്. നോവൽ രൂപത്തോട് ചേർന്നുനിൽക്കുന്ന ആഖ്യാനരീതിയോട് ചായുമ്പോൾ ആണ് ഇത്തരം ചില പാകപ്പിഴകൾ വന്നുഭവിക്കുന്നത് ഇതിനൊരു മറുവശം കൂടിയുണ്ട്. ചില ജീവചരിത്രനോവലുകൾ ജീവചരിത്രത്തിന്റെ സമ്പ്രദായങ്ങളിൽ ഒതുങ്ങിപ്പോയിരിക്കുന്നതു കാണാം. അവ നോവലിന്റെ തലത്തിലേക്ക് ഉയരാത്തതിനു പ്രധാന കാരണം നോവലിന്റെ ആഖ്യാനത്തെ സംബന്ധിച്ച ധാരണക്കുറവാണെന്നുതന്നെ മനസ്സിലാക്കണം. സാന്ദർഭികമായി കടന്നുവരുന്ന ഏതെങ്കിലുമൊരു വിഷയത്തിന്മേൽ വാചാടോപത്തിലേർപ്പെട്ടിരിക്കുന്ന വിധത്തിലാണ് ചിലപ്പോഴെങ്കിലും നോവലിസ്റ്റുകൾ പ്രത്യക്ഷപ്പെടുക. ജീവചരിത്രങ്ങൾക്കകത്തും ഈ പ്രശ്നം രൂപപ്പെടുന്നതു കാണാം. യാഥാർത്ഥ്യത്തെ സങ്കല്പത്തിന്റെ ആധികാരികതയിലേക്ക് ഉയർത്തിയും സങ്കല്പത്തെ യാഥാർത്ഥ്യത്തിന്റെ വിതാനത്തിലേക്ക് ഇറക്കിയും സാഫല്യം നേടേണ്ട ആഖ്യാനകലയാണ് ജീവചരിത്രനോവലിന്റേതെന്ന പ്രൊഫ.എം. തോമസ് മാത്യുവിന്റെ നിരീക്ഷണം ഇവിടെ ഓർക്കാം.

കേന്ദ്രകഥാപാത്രത്തെ സംബന്ധിച്ച വസ്തുതാപരമായ വിവരങ്ങളുടെ അഭാവം ജീവചരിത്രനോവലുകൾ രചിക്കുന്നവർക്കുമു





മ്പിലെ വലിയ വെല്ലുവിളിയാണ്. എഴുത്തച്ഛനും ശങ്കരാചാര്യാരും നമ്പ്യാരുമൊക്കെ നോവലിലേക്കു വരുമ്പോൾ അവർ ജീവിച്ചിരുന്ന കാലവും ജീവിതസമീപനവുമൊക്കെ കൃത്യതയോടെ പുനരാവിഷ്കരിക്കുക അത്ര എളുപ്പമല്ല. പി.കെ. റോസിയെക്കുറിച്ചുള്ള ജീവചരിത്രനോവൽ രചനയിൽ നോവലിസ്റ്റ് നേരിടേണ്ടി വന്നിരിക്കാവുന്ന പ്രയാസങ്ങളെപ്പറ്റി ഊഹിക്കാവുന്നതേയുള്ളൂ. അജ്ഞാതമായ ഒരു ജീവിതത്തിന്റെ ഭാവനാത്മകമായ പുനഃസൃഷ്ടിയായിത്തന്നെ ആ കൃതിയെ മനസ്സിലാക്കണം. ഫാക്ടിന്റെയും ഫിക്ഷന്റെയും അളവ് സന്തുലിതമാകുമ്പോഴേ നല്ല ജീവചരിത്രനോവലുകൾ ഉണ്ടാവുകയുള്ളൂ. നിർഭാഗ്യവശാൽ മലയാളത്തിലെ ജീവചരിത്രനോവലുകളിൽ പലതിലും ഈ അനുപാതം ദീക്ഷിക്കപ്പെട്ടു കാണുന്നില്ല എന്നു പറയേണ്ടിവരും.

**സഹാ യ ക ഗ്ര ന്ഥ ങ്ങൾ**

ആധുനികാനന്തര മലയാളനോവൽ (എഡി: ഡോ. കുമാർ. ജെ, ഡോ.കെ. ഷിജു) മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം 2018.

ചരിത്രനോവൽ മലയാളത്തിൽ, ഡോ. കല്പറ്റ ബാലകൃഷ്ണൻ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2005.

മലയാളനോവൽ സാഹിത്യചരിത്രം, ഡോ.കെ.എം. തരകൻ, കേരള സാഹിത്യ അക്കാദമി.

മലയാളഗവേഷണം ചരിത്രവും വർത്തമാനവും എഡി: ഡോ. അശോക് ഡിക്രൂസ് തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, മലപ്പുറം 2019

മലയാളസാഹിത്യസർവസ്വം, ചെങ്ങാരപ്പള്ളി നാരായണൻപോറ്റി, കേരളസാഹിത്യഅക്കാദമി, തൃശൂർ 1987.

**സി. വി. സുരേഷ്കുമാർ**
സൗപർണിക, മേലാറന്നൂർ

# നാടൻപാ ട്ടു ക ൾ : സംസ്കാ ര ത്തിന്റെ വൈവി ധ്യ ങ്ങൾ

ഡോ. ദീപ എസ്. എ സ്.

**പ്രബന്ധസംഗ്രഹം**

നാടൻപാട്ടുകളുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു; അവ ജന സംസ്കാരത്തിന്റെ പ്രതിനിധാനങ്ങളാകുന്നതെങ്ങനെയെന്ന് അന്വേഷിക്കുന്നു. നാടൻപാട്ടുകളുടെ വർഗ്ഗീകരണവും ഇവിടെ നിർവ്വഹിക്കപ്പെടുന്നുണ്ട്.

**താക്കോ□ വാക്കുകൾ**

നാടൻപാട്ടുകൾ, ഫോക്‌ലോർ, പണിപ്പാട്ടുകൾ, തെറിപ്പാട്ടുകൾ, കഥാഗാന ങ്ങൾ.

ഫോക്സോങ് എന്നും ജനകീയഗാനമെന്നും അറിയപ്പെടുന്ന നാടൻപാട്ട് ഒരു സമൂഹത്തിന്റെ വാങ്മയമാണ്. അതു വരച്ചിടുന്നതാകട്ടെ, സാധാരണക്കാരന്റെ ജീവിതചിത്രങ്ങളും. എഴുത്തും അച്ചടിയുമില്ലാത്ത കാലത്തു നിലകൊണ്ടിരുന്ന നാടൻപാട്ടുകൾ ചെന്നുതൊട്ടിരുന്നത് ജനഹൃദയങ്ങളിലാണ്. അവരുടെ വൈകാരികത തുടിക്കുന്ന ജനമനസ്സിന്റെ പ്രതിഫലനമായിരുന്ന നാടൻപാട്ടുകൾ സൃഷ്ടിച്ചിരുന്നതും സാധാരണക്കാരായിരുന്നു. വ്യക്തമായ ലക്ഷ്യത്തോടെ എഴുതപ്പെട്ടതല്ല, മറിച്ച് ജീവിതത്തിന്റെ ഓരോ ദശയിലും ഉത്പന്നമാകുന്ന ഹൃദയവികാരങ്ങൾ യഥാസമയം പ്രകടിപ്പിക്കുകയും ചുറ്റുമുള്ള സമൂഹവുമായി വൈകാരികൈക്യമുള്ള സമൂഹവുമായി പങ്കിടുകയുമായിരുന്നു അവരുടെ ലക്ഷ്യം. ഒരു കുഞ്ഞിന്റെ ജനനം മുതൽ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങൾ നാടൻപാട്ടുകൾ വിഷയീഭവിക്കുന്നു. അമ്മയുടെ താരാട്ട്, പ്രാർത്ഥന പ്രേമാഭ്യർത്ഥന, കൊയ്ത്തുപാട്ട് കല്യാണപ്പാട്ട്, ഒപ്പാര് എന്നിങ്ങനെയെല്ലാം നാടൻപാട്ടിലുൾപ്പെടുന്നു. സാമൂഹികജീവിതവുമായി





ബന്ധപ്പെട്ട നാടൻപാട്ടുകൾ പ്രധാനപ്പെട്ടത് താരാട്ടുപാട്ടുകൾ, ആരാധനാഗാനങ്ങൾ, വിനോദഗാനങ്ങൾ, പ്രേമഗാനങ്ങളും കല്യാണപ്പാട്ടുകളും തൊഴിൽപ്പാട്ടുകൾ, വിലാപഗാനങ്ങൾ പിന്നെ പലവകപാട്ടുകൾ എന്നിവയാണ്.

ആദ്യകാലത്ത് 'ഫോക്‌ലോർ' എന്ന പദപ്രയോഗം നാടൻപാട്ടുകളെമാത്രം അർത്ഥമാക്കിയിട്ടുള്ളതായിരുന്നു. നാടൻപാട്ടുകൾ തന്നെ നാടൻഗീതമെന്നും കഥാഗാനമെന്നും രണ്ടു വിഭാഗങ്ങളായി കാണാം.

നാടൻപാട്ടുകളുടെ ചരിത്രം അന്വേഷിക്കുമ്പോൾ നാം എത്തിച്ചേരുന്നത് പ്രാകൃതജനസമൂഹത്തിലാണെന്ന് സി.എം. ബൗറ പറയുന്നു. പ്രാചീന ശിലായുഗത്തിന്റെ പല സ്വഭാവസവിശേഷതകൾ ഇന്നും നിലനിർത്തുന്നതും പ്രാകൃതജനതയുടെ മാനസികാവസ്ഥയെ പ്രതിഫലിപ്പിക്കുന്നതും അവരുടെ സാമ്പത്തിക പരിത:സ്ഥിതിയിൽനിന്ന് ഉടലെടുക്കുന്നതുമാണ് പ്രാകൃതഗാനങ്ങൾ. താളാത്മകചലനങ്ങളിൽനിന്നും രൂപപ്പെടുന്നതും അതിനെ അനുസരിക്കുന്നതുമാണ് പ്രാകൃതഗാനങ്ങളെന്ന് ബൗറ പറയുന്നു. കുട്ടികൾ കളിക്കുപയോഗിക്കുന്ന പാട്ടുകളിലും മറ്റും പാട്ട് താളത്തെ അനുസരിക്കുന്നതു കാണാനാകും. നാടൻപാട്ട് ജനസാമാന്യത്തിന്റെ സത്ത ഉൾക്കൊള്ളുകയും നിരന്തരമായ ഉപയോഗത്തിലൂടെ ജനങ്ങളുടെ ബോധമനസ്സിൽ നിലനിൽക്കുകയും ചെയ്യുന്നു.

അജ്ഞാതകർതൃകമാണ് നാടൻപാട്ടുകൾ. ഒരു യഥാർത്ഥ ജനസമൂഹത്തിൽ വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം ദൃഢമായതുകൊണ്ടുതന്നെ വളരെ വേഗം അവ സമൂഹത്തിലേക്ക് ആഴ്ന്നിറങ്ങുകയും കാലത്തിനും ദേശത്തിനുമനുസരിച്ച് അതിനു സംഭവിക്കുന്ന മാറ്റങ്ങളിലൂടെ എഴുത്തുകാരൻ അഥവാ സ്രഷ്ടാവ് അപ്രത്യക്ഷനാവുകയും ചെയ്യുന്നു.

സ്ഥലകാലങ്ങളെ അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന ഫിന്നിപ്പ് രീതിക്കുപോലും നാടൻപാട്ടുകളുടെ ചരിത്രത്തിലേക്കു വെളിച്ചം വീശാൻ സാധിച്ചിട്ടില്ല. അതിവേഗം പ്രചരിക്കുന്നതും കാലത്തിനും സ്ഥലത്തിനുമൊത്ത് പുതിയ രൂപങ്ങൾ

അവയ്ക്കുണ്ടാകുന്നതുമാണ് ഇതിനു കാരണമായി കാണുന്നത്. അതിനാൽ നാടൻപാട്ടുകളുടെ ചരിത്രമറിയാതെ നിഗൂഢതയുടെ ആഴക്കയങ്ങളിൽ മുങ്ങിത്തപ്പുകയാണ് ഫോക്‌ലോറിസ്റ്റുകൾ പോലുമെന്നത് ശ്രദ്ധേയമാണ്.

തനതുസംസ്കാരത്തിന്റെ മുദ്ര നാടൻപാട്ടുകളിൽ തെളിയുന്നത് അത് വാമൊഴിയിലൂടെ പ്രസരിക്കുന്നതിനാലാണ്. വ്യക്തിയുടെ ദേശത്തിന്റെ മാത്രമല്ല വ്യക്തിയുടെതന്നെയും സംസ്കാരവിശേഷങ്ങൾ നാടൻപാട്ടുകളിൽ അന്തർലീനമാകുന്നതായി കാണാം.

ആവർത്തിച്ചുവരുന്ന പാദങ്ങൾ നാടൻപാട്ടുകളുടെ പ്രധാന സവിശേഷതയാണ്. ചില പദങ്ങളോ വായ്ത്താരികളോ ഇങ്ങനെ ആവർത്തിച്ചുവരുന്നത് അവയെ കൂടുതൽ ഹൃദ്യമാക്കിതീർക്കുന്നു. യഥാർത്ഥ പാഠങ്ങളില്ലാത്ത നാടൻപാട്ടുകൾക്ക് വിവിധ ദേശങ്ങളിൽ വിവിധ ജനങ്ങൾക്കിടയിൽ പല ഭേദങ്ങളുമുണ്ടാകുന്നു. ആസ്വാദനത്തിനും അധ്വാനഭാരം കുറയ്ക്കുന്നതിനുമായി ഉണ്ടായിട്ടുള്ളതിനാൽതന്നെ ഇവയ്ക്കു പാഠഭേദങ്ങളുണ്ടായതും സ്വാഭാവികമാണ്.

നാടോടിജീവിതം താളാത്മകമായതാണ്. അതിന്റെ പ്രതിഫലനമായതിനാൽ നാടൻപാട്ടുകളും താളാത്മകങ്ങളായിട്ടാണ് പ്രചരിച്ചിരുന്നത്. പാട്ടുകളിലെ താളം ജനങ്ങളെ തൊഴിൽ ചെയ്യുന്നതിനു സഹായിക്കുന്നതിനു നിദാനമാണ് പണിപ്പാട്ടുകളുടെ താളം ഭാരമേറിയ ജോലിക്കു കൂട്ടുപിടിക്കുന്നത്.

നാടൻപാട്ടുകളിലൂടെ മനുഷ്യമനസ്സിന്റെ സാമാന്യജനങ്ങളുടെ അനുഭവങ്ങളും വികാരവിചാരങ്ങളുമാണ് പങ്കുവെക്കപ്പെട്ടിട്ടുള്ളത്. അരിസ്റ്റോട്ടിൽ കഥാർസിന് കൊണ്ടർത്ഥമാക്കുന്നതുപോലെ നാടൻപാട്ടുകളിലുടെ ജനങ്ങൾ അവർക്കുള്ളിലെ കോപതാപങ്ങളെല്ലാം പുറംതള്ളിക്കൊണ്ട് സ്വസ്ഥത കൈവരിക്കുന്നു. മാത്രമല്ല, കാപട്യങ്ങളറിയാത്ത നാടൻജനതയുടെ നിഷ്കളങ്കതയാണ് ഇത്തരം വികാരാവിഷ്കാരങ്ങളിലൂടെ വെളിവാകുന്നത്.

സാധാരണ മനുഷ്യന്റെ ജീവിതമാണ് നാടൻപാട്ടുകളിൽ വിഷയമായിട്ടുള്ളത് എന്നതുകൊണ്ടുതന്നെ പ്രകടനാത്മകമോ കൃത്രിമമേ അല്ല അവയുടെ ശൈലിയെന്നത് ശ്രദ്ധേയമാണ്. വളരെ





സൗന്ദര്യാത്മകമായ അലങ്കാരപ്രയോഗങ്ങളല്ല, മറിച്ച് ജീവിതഗന്ധിയായ പ്രയോഗങ്ങളാണ് നാടൻപാട്ടുകളിൽ നിറഞ്ഞുകാണുന്നത്.

യുക്തിപൂർവ്വകമല്ലാത്തതും കാര്യകാരണബന്ധം വ്യക്തമല്ലാത്തതുമായ നിരവധി നാടൻപാട്ടുകൾ കാണാം. അവയിൽ കാണുന്ന വ്യക്തികൾ തമ്മിലുള്ള ബന്ധവും വ്യക്തമല്ലാതിരിക്കാം. ഇത്തരം യുക്തിരാഹിത്യം നാടൻപാട്ടുകളുടെ മറ്റൊരു സവിശേഷതയായി കാണാം.

ലളിതമായ ഭാഷയാണ് നാടൻപാട്ടുകളിൽ കണ്ടുവരുന്നത്. പ്രകൃതിയോടും മണ്ണിനോടും ഇടചേർന്ന ജീവിതം പ്രതിഫലിക്കുന്ന നാടൻപാട്ടുകളുടെ സൂക്ഷ്മവിശകലനത്തിലൂടെ സാധാരണ ജനങ്ങളുടെ മനസ്സറിയുന്നതിനും സാധ്യമാകുന്നു.

നാടൻപാട്ടുകളെ നാടോടിഗീതങ്ങൾ, കഥാഗാനങ്ങൾ എന്നിങ്ങനെ വർഗ്ഗീകരിച്ചിട്ടുള്ളതിൽ ആഖ്യാനസ്വഭാവമില്ലാത്ത ഭാവപൂർണ്ണങ്ങളായ പാട്ടുകളാണ് നാടൻഗീതങ്ങൾ എന്നു മനസ്സിലാക്കാം. നാടോടിഗീതങ്ങളെ ആർ.എസ്. ബോഗ്സ് ഇങ്ങനെ വർഗ്ഗീകരിക്കുന്നു. വികാരപരം, നിത്യജീവിതം, ജീവിതാവൃത്തി ചക്രത്തിലെ പ്രധാനപ്പെട്ട അവസരങ്ങൾ, കുട്ടികളുടെ പാട്ടുകൾ, ആചാരാനുഷ്ഠാനപരം, കല, കൈവേല എന്നിവയുമായി ബന്ധപ്പെട്ടവ. ഭക്ഷണപാനീയങ്ങളുമായി ബന്ധപ്പെട്ടവ, വിശ്വാസങ്ങളുമായി ബന്ധപ്പെട്ടവ, സംഭാഷണപരം, പഴഞ്ചൊൽപാട്ടുകൾ, കടങ്കഥകൾ എന്നിങ്ങനെയാണ്. ഉള്ളടക്കത്തെയാണ് അടിസ്ഥാനമാക്കുന്നതെങ്കിൽ സമൂഹപരം, മതപരം, തത്ത്വചിന്താപരം എന്നിങ്ങനെ വളരെ വിലുപലമായ വർഗ്ഗീകരണവും സാധ്യമാണ്.

പണിപ്പാട്ടുകൾ ഏറെ ശ്രദ്ധേയമായ നാടൻപാട്ടുകളാണ്. ഏറ്റവും പഴക്കമുള്ള നായാട്ടുപാട്ടുകൾ നായാടാൻ പോകുമ്പോഴും വരുമ്പോഴും പാടിയിട്ടുള്ളതാണ്. പിന്നീട് ഇത് കൃഷിപ്പാട്ടുകളിലേക്കു മാറിയത് ജനങ്ങളുടെ ഉപജീവനോപാധി മാറുന്നതോടെയാണ്. അധ്വാനഭാരമോ വിരസതയോ അറിയാതിരിക്കാൻ പാടുന്ന പണിപ്പാട്ടുകൾ ഏറെ സവിശേഷമാണ്.

ആത്മീയങ്ങളായ പാവനാഗീതങ്ങളിലൂടെയാണ് ആളുകൾ ഭക്തിസാന്ദ്രമായ ജീവിതം നയിച്ചിരുന്നത്. പ്രകൃത്യാരാധനയാണ് ആദ്യാകലങ്ങളിലുണ്ടായിരുന്നതെങ്കിൽ പിന്നീട് അവയുടെ മൂർത്ത രൂപങ്ങളെ സ്തുതിച്ചുപാടുന്നതായി പാവനഗീതങ്ങൾ.

ഏതൊരു നാടോടിപ്പാട്ടിനെയും അപേക്ഷിച്ച് ധാരാളമായി ജനസാമാന്യങ്ങൾക്കിടയിൽ കാണുന്നതാണ് തെറിപ്പാട്ടുകൾ. കുട്ടികൾക്കിടയിലും യുവാക്കൾക്കിടയിലും കൂടുതൽ പ്രചരിച്ചിരുന്ന തെറിപ്പാട്ടുകൾ ലൈംഗിക സമ്മർദ്ധത്തിന്റെ ബഹിർഗമനമാർഗ്ഗമാണ്. ഇതുവഴി മനസ്സ് ശാന്തമാക്കപ്പെടുന്നുവെന്നതും ശ്രദ്ധേയമാണ്.

നാടൻപാട്ടുകളുടെ മറ്റൊരു പ്രധാന വിഭാഗമായ കഥാഗാനങ്ങൾ ധീരമായ ജീവിതത്തിന്റെ അപദാനമോ ഏതെങ്കിലും സംഭവത്തിന്റെ ആഖ്യാനമോ ആണ്. ഇതു പുനരാഖ്യാനം ചെയ്യപ്പെടുമ്പോൾ മനുഷ്യമനസ്സിന്റെ ഏതെല്ലാമോ ചോദനങ്ങളെ അത് തൃപ്തിപ്പെടുത്തുന്നു എന്നതിലാണ് കഥാഗാനങ്ങളുടെ പ്രസക്തി.

നാടോടിഗീതങ്ങളെ അപേക്ഷിച്ച് വസ്തുനിഷ്ഠമായ കഥാഗാനങ്ങൾ വിവരാത്മകമാണെന്നു കാണാം. അപൂർവ്വമായി ഇവയിൽ അലങ്കാരങ്ങൾ കാണാമെങ്കിലും അവയെല്ലാം ജൈവപരിസരവുമായി ബന്ധപ്പെട്ടവയാണെന്നത് കഥാഗാനങ്ങളുടെ സവിശേഷതയാണ്.

നാടൻപാട്ടുകളുടെ സവിശേഷതകളായ അജ്ഞാതകർതൃത്വം, വാമൊഴിപാരമ്പര്യം, പാഠഭേദം എന്നിങ്ങനെയെല്ലാം കഥാഗാനങ്ങളിലും കാണാവുന്നതാണ്. ഇവയിൽ ഒരുക്കുശീലുകൾ ധാരാളമായി കാണാം തെക്കൻപാട്ടുകൾ, വടക്കൻപാട്ടുകൾ, ഒറ്റപ്പൊട്ടുകൾ എന്നിങ്ങനെ വീരരസപ്രധാനമായ നാടൻപാട്ടുകളെല്ലാം കഥാഗാനങ്ങളാണ്. ഇവയിൽ അവതരിപ്പിക്കപ്പെടുന്ന ശക്തരായ കഥാപാത്രങ്ങളിലൂടെ (തച്ചോളി ഒതേനൻ, ഉണ്ണിയാർച്ച, പാലാട്ടുകോമൻ എന്നിവർ) കേരളത്തിന്റെ സാമൂഹിക ചരിത്രത്തിലേക്കാണ് വെളിച്ചം വീശുന്നത് എന്നത് സ്പഷ്ടമാകുന്നു.

നാടൻപാട്ടുകളിൽ സമൃദ്ധമായ കേരളജനതയ്ക്കു തെക്കൻ പാട്ടുകളും വടക്കൻപാട്ടുകളുമടങ്ങുന്ന ഒരു മഹത്തായ വാങ്മയ





സംസ്കാരമുണ്ട്. കേരളത്തിലെ നാടൻപാട്ടുകളിൽ നല്ലൊരു ഭാഗം അനുഷ്ഠാനകലകൾ, മാന്ത്രികകലകൾ, ആരാധന മുതലായവയ്ക്ക് പാടിവരുന്ന പാട്ടുകൾ ഈ വിഭാഗത്തിലുൾപ്പെടുന്നതാണ്. തോറ്റം പാട്ടുകൾ, സർപ്പപാട്ടുകൾ, തീയാട്ടുപാട്ടുകൾ, തെയ്യംപടി പാട്ടുകൾ, ബ്രാഹ്മണിപ്പാട്ടുകൾ, ഭഗവതിപ്പാട്ടുകൾ, അയ്യപ്പൻ പാട്ടുകൾ, വേട്ടക്കൊരുമകൻ പാട്ടുകൾ, പൂരക്കളിപ്പാട്ടുകൾ പാനപ്പാട്ടുകൾ, പാനേങ്കളിപ്പാട്ടുകൾ, കണ്യാർകളിപ്പാട്ടുകൾ, മുണ്ട്യൻ പാട്ടുകൾ, കുറുന്തിനിപ്പാട്ട്, ഗന്ധർവൻപാട്ട്, കളമ്പാട്ട്, മാരിപ്പാട്ട് എന്നിങ്ങനെയാണ് കേരളത്തിൽ പ്രചാരത്തിലുള്ള നാടൻപാട്ടുകൾ.

നാടൻപാട്ടുകൾ മലയാളസാഹിത്യത്തിനു അതുല്യമായ മുതൽക്കൂട്ടാകുന്നതോടൊപ്പം നമ്മുടെ ചരിത്ര-സാംസ്കാരികപശ്ചാത്തലത്തെ വെളിവാക്കുന്നതിലും മുഖ്യപങ്കുവഹിക്കുന്നു. മലയാള മണ്ണിലെ സാധാരണ ജനസാമാന്യത്തിന്റെ ജീവിതചിത്രം നിഴലിക്കുന്ന നാടൻപാട്ടുകൾ വാമൊഴിപാരമ്പര്യത്തിന്റെ ഈറ്റില്ലങ്ങളാണെന്നതു വ്യക്തമാകുന്നു. അതിനാൽ നാടോടിജീവിതത്തെ പഠനവിധേയമാക്കുന്ന ഫോക്‌ലോറെന്ന പഠനശാഖയ്ക്കു വിഹാരരംഗമാണെന്നത് അവയുടെ പ്രസക്തി സൂചിപ്പിക്കുന്നതാണെന്നും നിസ്സംശയം ബോധ്യമാകുന്നു.

**ഡോ. ദീപ എസ്. എ സ്.**
അസി. പ്രൊഫസർ (മലയാളം)
ഗവ. കോളേജ്, നെടുമങ്ങാട്

# ‘ചിതലു തിന്ന ഏടുക’ളിലെ ചരിത്രപരിചരണം

**ആശ ആർ.പി.**

**പ്രബന്ധസംഗ്രഹം**

മാമാങ്കം കേരളത്തിന്റെ രാഷ്ട്രീയസാംസ്കാരികചരിത്രത്തെ അടയാളപ്പെടുത്തുന്ന ഉത്സവമായി കേരളചരിത്രഗ്രന്ഥങ്ങളിൽ ഇടംനേടിയിട്ടുണ്ട്. അധികാരവും പ്രതികാരവും തമ്മിൽ ഏറ്റുമുട്ടുന്നതിന്റെ ചരിത്രമാണ് അതിനുള്ളതു്. കൊല്ലുക അല്ലെങ്കിൽ മരിക്കുക എന്ന ലക്ഷ്യവുമായി അങ്കത്തിനിറങ്ങുന്ന ചാവേറുകളാണ് മാമാങ്കചരിത്രത്തിന്റെ മാറ്റുകൂട്ടുന്നത്. മാമാങ്കം സാഹിത്യകൃതികളിലും പ്രമേയമായിട്ടുണ്ട്. കണ്ടർമേനോൻ, ഇത്താപ്പു എന്നീ ചാവേറുകളുടെ വീരസാഹസികജീവിതത്തിന്റെ ഭാവാവിഷ്കരണമാണു് എൻ.പി. ചെല്ലപ്പൻ നായരുടെ *ചിതലു തിന്ന ഏടുകൾ* എന്ന ചെറുകഥ. കഥയിലെ ചരിത്രവസ്തുതകളെയാണ് ഈ ലേഖനത്തിൽ വിലയിരുത്തുന്നത്.

**താക്കോ□ വാക്കുകൾ**

മാമാങ്കം, ചാവേർ, മണിത്തറ, തിരുമാന്ധാംകുന്നിലമ്മ, കുന്നലക്കോനാതിരി, വള്ളുവക്കോനാതിരി.

സാഹിത്യം ചരിത്രത്തെ പരിചരിക്കുന്നുണ്ട്. ചരിത്രത്തെ സവിശേഷ സ്ഥലകാലങ്ങൾക്കുള്ളിൽ സന്നിവേശിപ്പിച്ചുകൊണ്ട് ഭാവനാത്മകമായിട്ടാണ് എഴുത്തുകാർ സാഹിത്യത്തെ രൂപപ്പെടുത്തുന്നത്. ‘‘ചരിത്രം ബാഹ്യസംഭവങ്ങളെ ക്രമപ്പെടുത്തുകയും ഒരു പരിധിവരെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. ഒരു പ്രത്യേകകാലഘട്ടത്തിലെ പ്രത്യേക ജനതയുടെ മാനസികവികാസങ്ങളെ ചരിത്രത്തിൽനിന്നു പൂർണ്ണമായി ഗ്രഹിക്കുവാൻ കഴിയില്ല. ഇവിടെയാണ് സാഹിത്യം വിജയിക്കുന്നത്’’**[1]** എന്ന് പാശ്ചാത്യ സാഹിത്യദർശനത്തിൽ പ്രൊഫ. എം. അച്യുതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. സാഹിത്യം ചരിത്രത്തിൽ അടയാളപ്പെടുത്തുന്നതെങ്ങനെയെന്നും





ചരിത്രം സാഹിത്യത്തിൽ പുനഃസൃഷ്ടിക്കപ്പെടുന്നതെങ്ങനെയെന്നും കണ്ടെത്താൻ സാഹിത്യത്തിലെ ചരിത്രവസ്തുതകൾ ഉപകരിക്കുന്നുണ്ട്. ചരിത്രവസ്തുതകളെ കണ്ടെത്താനും നിലനിർത്താനും പുതുതലമുറയ്ക്ക് അവയെക്കുറിച്ച് അവബോധമുണ്ടാകുന്നതിനും സാഹിത്യങ്ങളിലെ ചരിത്രപഠനങ്ങൾ വഴികാട്ടിയാകുന്നുണ്ട്.

കേരളചരിത്രത്തോട് ഏറെ പ്രതിപത്തി പുലർത്തിയിരുന്ന എഴുത്തുകാരനായിരുന്നു എൻ.പി. ചെല്ലപ്പൻ നായർ. പാരമ്പര്യം കൊണ്ടും കർമ്മംകൊണ്ടും അദ്ദേഹം പഴമകളോട് ഏറെ വൈകാരിക ബന്ധം പുലർത്തിയിരുന്നു. കേരളത്തിന്റെ മാമാങ്കചരിത്രം പശ്ചാത്തലമാകുന്ന എൻ.പി.ചെല്ലപ്പൻനായരുടെ കഥയാണ് *ചിതലുതിന്ന ഏടുകൾ*. സാമൂതിരിയെ വധിക്കാനായി നിലപാടുതറവരെയെത്തിയ ചില വീരന്മാർ ചരിത്രത്തിൽ ഇടം പിടിച്ചിട്ടുണ്ട്. പഴങ്കഥകളിലൂടെയും പഴമ്പാട്ടുകളിലൂടെയും അവരുടെ വിശ്രുത ചരിത്രങ്ങൾ പ്രചരിച്ചിട്ടുണ്ട് (ചെങ്ങഴി നമ്പ്യാർപാട്ട്, കണ്ടർ മേനോൻ പാട്ട്). ചന്ദ്രത്തിൽ ചന്തുണ്ണിയും കണ്ടർമേനോനും ഇത്താപ്പുവും മാമാങ്കം നേരിട്ടുകണ്ട ചാവേറുകളാണ്. 1683–ലെ മാമാങ്കത്തിൽ കൊല്ലപ്പെട്ട വീരനായിരുന്നു വട്ടമണ്ണയിലെ കണ്ടർ മേനോൻ. അദ്ദേഹത്തിന്റെ മകൻ ഇത്താപ്പുവും മരുമക്കളും മാമാങ്കത്തിൽ പങ്കെടുത്ത് കൊല്ലപ്പെട്ടു. ഈ ചരിത്രവസ്തുതയെ അടിസ്ഥാനമാക്കിയാണ് എൻ.പി. ചെല്ലപ്പൻ നായർ ചിതലു തിന്ന ഏടുകൾ രചിച്ചിരിക്കുന്നത്. പിറന്ന നാടിന്റെ അഭിമാനം കാക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ ബലിനൽകിയ ചാവേറുകളാണ് കണ്ടർ മേനോനും മകൻ ഇത്താപ്പുവും. അവരുടെ വീരസാഹസിക ജീവിതാവിഷ്കരണത്തെ പരിശോധിക്കുന്നതിലൂടെ തെളിയുന്ന ചരിത്രവസ്തുതകളെ വിലയിരുത്തുകയാണ് ഈ ലേഖനത്തിൽ.

**മാമാങ്കം**

ഭാരതപ്പുഴയുടെ തീരത്തുള്ള തിരുനാവായ മണപ്പുറത്തുവച്ച് പന്ത്രണ്ടുവർഷത്തിലൊരിക്കൽ നടന്നുകൊണ്ടിരുന്ന ഉത്സവമായിരുന്നു മാമാങ്കം. ‘മഹാമഘം’ ആണ് ‘മാമാങ്ക’ മായത്. പുഷ്യമാസത്തിലെ പൂയം നാളിലാരംഭിച്ച് മാഘമാസത്തിലെ മകംവരെയുള്ള മുപ്പതു ദിവസങ്ങളിലാണ് മാമാങ്കം ആഘോഷിച്ചിരുന്നത്. ആദ്യ

കാലത്ത് അത് വ്യാപാരത്തിന്റെയും കലാകായികമത്സരങ്ങളുടെയും ഉത്സവമായിരുന്നു. കാലക്രമേണ കുടിപ്പകയുടെയും ചോര ചിന്തലിന്റെയും വേദിയായി ആ ആഘോഷം മാറി. മാമാങ്കത്തിന്റെ രക്ഷാധികാരി ആദ്യകാലത്ത് വള്ളുവക്കോനാതിരിയായിരുന്നു. തന്റെ സൈന്യത്തെ വിട്ട് സാമൂതിരി ആ സ്ഥാനം തട്ടിയെടുത്തു. തനിക്ക് നഷ്ടപ്പെട്ട അധികാരം സാമൂതിരിയിൽനിന്നും പിടിച്ചെടുക്കുന്നതിനായി വെള്ളാട്ടിരി ചാവേറുകളെ നിയോഗിച്ചിരുന്നു. ചാവേറുകളെല്ലാം സാമൂതിരിസൈന്യത്തോട് ഏറ്റുമുട്ടി വീരമൃത്യുവരിച്ചതല്ലാതെ ഒരു സാമൂതിരിയും മാമാങ്കത്തിൽ വധിക്കപ്പെട്ടിട്ടില്ല. 1755-ലാണ് അവസാന മാമാങ്കം നടന്നത്. ഹൈദരാലി മലബാർ ആക്രമിച്ചു കീഴടക്കിയപ്പോൾ സാമൂതിരിക്കും വള്ളുവക്കോനാതിരിക്കും അധികാരം നഷ്ടപ്പെട്ടു. അതോടെ മാമാങ്കവും അവസാനിച്ചു.

**ഇതിവൃത്തം**

വട്ടോണ്ണെകുടുംബത്തിലെ ഉണ്ണിച്ചിരുതയമ്മയുടെ മകൻ കണ്ടർമേനോന് മാമാങ്കത്തിന് പുറപ്പെടാൻ തിരുമാന്ധാം കുന്നിലമ്മയുടെ അരുളപ്പാടുണ്ടാകുന്നു. കഴിഞ്ഞ മാമാങ്കങ്ങളിൽ അഞ്ച് പുത്രന്മാരെ നഷ്ടപ്പെട്ട ആ മാതാവ് ഇതറിഞ്ഞ് ഏറെ വ്യസനിക്കുന്നുണ്ടെങ്കിലും മകനെ അങ്കത്തിനായി അനുഗ്രഹിച്ചയയ്ക്കുന്നു. ഭാര്യാഗൃഹത്തിലെത്തിയ കണ്ടർമേനോൻ, ഭാര്യ കുട്ടിമാണിക്യത്തോട് തന്റെ നിയോഗം അറിയിക്കുന്നു. അവരുടെ മകൻ ഇത്താപ്പുവും പിതാവിനെ പിന്തുടരാനുള്ള ആഗ്രഹം അറിയിക്കുന്നു. ദുഃഖിതയെങ്കിലും ധീരയായ കുട്ടിമാണിക്യം ഭർത്താവിനെയും മകനെയും ആശിർവദിച്ചയയ്ക്കുന്നു. മാമാങ്കത്തറയിലെത്തിയ കണ്ടർമേനോനും ഇത്താപ്പുവും പുതുമനപ്പണിക്കരുടെ നേതൃത്വത്തിൽ വന്ന പതിനാറ് നായന്മാരും കൂടി വെള്ളാട്ടിരിക്കുവേണ്ടി സാമൂതിരി സൈന്യത്തോടേറ്റുമുട്ടി വീരമൃത്യു വരിച്ചു. മാമാങ്കം അവസാനിച്ചിട്ട് നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ധീരതയുടെ പര്യായമായിത്തന്നെ ആ ചാവേറുകൾ ഇന്നും ജനമനസ്സുകളിൽ നിലനിൽക്കുന്നുണ്ട്.

**രാഷ്ട്രീയചരിത്രം**





സാഹിത്യത്തിലെ രാഷ്ട്രീയം സവിശേഷകാലഘട്ടത്തിലെ അധികാരവ്യവസ്ഥിതിയുടെ കൂടി പ്രതിഫലനമാകുന്നു. രക്ഷാധികാരി സ്ഥാനം നേടുന്നതിനുവേണ്ടിയുള്ള രണ്ട് നാടുവാഴികളുടെ അധികാരവടംവലിയാണ് മാമാങ്കത്തിന്റെ രാഷ്ട്രീയം. ഈ അധികാര വെല്ലുവിളികളിൽ ധീരമായ പ്രകടനം കാഴ്ചവച്ചത് ചാവേറുകളായിരുന്നു. നാടുവാഴികളുടെ അധികാരമോഹത്തിന്റെ രക്തസാക്ഷികളായിത്തീർന്നവരാണ് കഥയിലെ ചാവേറുകളായ കണ്ടർമേനോനും ഇത്താപ്പുവും.

മധ്യകാലകേരളത്തിലെ ഒരു സവിശേഷസാന്നിധ്യമാണ് ആത്മഹത്യാസംഘമായ ചാവേറുകൾ. ''തമിഴിൽ ചാവേരു അഥവാ സാവേരു എന്നാൽ രാജാവ് അല്ലെങ്കിൽ രാജാവിനോടു് ഏറ്റവും അടുത്തബന്ധമുള്ളയാൾ എന്നാണർത്ഥം. നല്ല(ശുഭ) ദിവസമോ ശകുനമോ ഒന്നും വകവയ്ക്കാതെ ശത്രുപാളയത്തിലേക്കു പാഞ്ഞ് ഒന്നിലോ വിജയം അല്ലെങ്കിൽ മരണം എന്നുറച്ച് പൊരുതാൻ ആജ്ഞാപിക്കുന്നത് അക്ഷരംപ്രതി നിറവേറ്റിക്കൊടുക്കുന്നവരാണ് അവർ''[2] എന്ന് ചാവേറുകളെക്കുറിച്ച് 'സാമൂതിരിമാർ' എന്ന കൃതിയിൽ വിലയിരുത്തിയിട്ടുണ്ട്. സാമൂതിരി നിലപാടു നിൽക്കുമ്പോൾ സാമൂതിരിയെ വെട്ടിവീഴ്ത്തി, മാമാങ്കം തിരികെപ്പിടിച്ച് വള്ളുവക്കോനാതിരിക്കുതന്നെ തിരികെ ഏല്പിക്കുക എന്നതായിരുന്നു അവരുടെ ഉദ്ദേശ്യം. വട്ടോണ്ണെ കുടുംബത്തിലെ കണ്ടർമേനോനും മകൻ ഇത്താപ്പുവും നല്ല ഉശിരുള്ള ചാവേറുകളാണ്. അവർ പാരമ്പര്യംകൊണ്ടും ചാവേറാകാൻ വിധിക്കപ്പെട്ടവരാണ്. തന്റെ അഞ്ച് ജ്യേഷ്ഠന്മാരും മാമാങ്കത്തിൽ വധിക്കപ്പെട്ടതിനാൽ കണ്ടർമേനോന് സാമൂതിരിയോട് കുടിപ്പകയുണ്ടായിരുന്നു. ''ആറങ്ങോട്ടു സ്വരൂപത്തിലെ നമ്മുടെ രണ്ടു തമ്പുരാക്കന്മാരെ ആ സാമൂതിരിയുടെ പട തിരുനാവായിൽവച്ചു വെട്ടിക്കൊന്ന കാലം മുതൽ ചാവേറിന് നോമ്പെടുത്ത കുടുംബമാണ് വട്ടോണ്ണെ. ഒന്നുകിൽ എന്റെ കുടുംബത്തിൽ ആളില്ലാതാകണം, അല്ലെങ്കിൽ തിരുനാവാ മണപ്പുറത്ത് സാമൂതിരിയുടെ തല വീഴണം.''[3] ദൃഢനിശ്ചയത്തോടെയുള്ള കണ്ടർമേനോന്റെ ഈ വാക്കുകൾ, അയാളിലെ കുടിപ്പകയുടെ ആഴമെത്രയെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

മാമാങ്കത്തിന് ചാവേറാകാൻ തീരുമാനിച്ചാൽ ആ വ്യക്തി പിന്നീട് രാജ്യത്തിന്റെ സ്വത്തായി മാറും. തങ്ങളുടെ ബന്ധുക്കളധികവും സാമൂതിരി സൈന്യത്തോടേറ്റുമുട്ടി കൊല്ലപ്പെട്ടതു കാരണം വള്ളുവനാട്ടുകാർ സാമൂതിരിയോട് കുടിപ്പകയുള്ളവരായിത്തീർന്നു. ''ചാവേറുകളുടെ ഉത്ഭവം ഒരു രാജാവിന്റെയോ പ്രഭുവിന്റെയോ അകമ്പടിക്കാരിൽനിന്നോ രക്ഷാസൈന്യത്തിൽ നിന്നോ ആയതിനാൽ യജമാനനെ കൊന്നവരോടോ ആക്രമിച്ചവരോടോ പകരം വീട്ടുന്നത് സ്വാഭാവികമായും അവരുടെ കടമയായിത്തീർന്നു''[4] എന്ന് ചാവേറുകളെക്കുറിച്ച് 'സാമൂതിരികാലത്തെ കോഴിക്കോട്: കഥയും ചരിത്രവും' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വീര്യംകാട്ടലും മരണവുമാണ് തങ്ങൾക്ക് ഭൂഷണമെന്ന് അടിയുറച്ചു വിശ്വസിക്കുന്ന ഒരു മാനസികഘടന ചാവേറുകളിൽ രൂപപ്പെടുത്തിയെടുക്കുകയായിരുന്നു അന്നത്തെ ഫ്യൂഡൽ സമൂഹം ചെയ്തിരുന്നത്. പൂർവ്വികരുടെ വീരകഥകൾ കേട്ടുവളർന്നതും ചാവേറുകളെ തികഞ്ഞ വർഗ്ഗബോധമുള്ളവരാക്കിയിരുന്നു. മരിക്കുമെന്നുറപ്പായിട്ടും കുടുംബം നിലനിർത്താൻ ആൺ തുണയില്ലെന്നറിഞ്ഞിട്ടും തങ്ങളുടെ നിശ്ചയത്തിൽനിന്നും കണ്ടർമേനോനും ഇത്താപ്പുവും വ്യതിചലിക്കാത്തതിനു കാരണം അവരിലെ ആ വർഗ്ഗബോധമാണ്. നൂറ്റാണ്ടുകൾ കടന്നുപോയിട്ടും ധീരവും ത്യാഗോജ്ജ്വലവുമായ ജീവിതത്തിലൂടെ വള്ളുവനാട്ടുകാരിൽ ചിരസ്മരണീയരായിത്തീർന്നവരാണ് ആ അച്ഛനും മകനും.

**സാംസ ്കാരികചരിത്രം**

ജനജീവിതം, ദായക്രമം, വിശ്വാസങ്ങൾ, തൊഴിൽ തുടങ്ങിയ സാംസ്കാരിക ചരിത്രവസ്തുതകളെ സാഹിത്യം കൈകാര്യം ചെയ്യുന്നുണ്ട്. കൊല്ലവർഷം 858 (1683) കാലഘട്ടത്തിലെ വള്ളുവനാടൻ നായർകുടുംബങ്ങളിലെ ജനജീവിതവും സംസ്കാരവുമാണ് ഈ കഥയിൽ നിന്നും കണ്ടെത്താനാകുന്നത്. വള്ളുവനാട്ടുള്ള നായന്മാരധികവും യുദ്ധവീരന്മാരായിരുന്നു. ചാവേർ കുടുംബങ്ങളിൽപ്പെട്ടവർ ദേശത്തിനും ദേശവാഴിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ചവരാണ്. അവർ ആയോധനമുറ





കളിലും കലാപ്രകടനങ്ങളിലും പ്രാവീണ്യം നേടിയ പോരാളികളായിരുന്നു.

പരദേവതയായ തിരുമാന്ധാംകുന്നിലമ്മയിൽ അവർ അടിയുറച്ചു വിശ്വസിച്ചിരുന്നു. ''വള്ളുവനാട്ടു രാജാക്കന്മാരുടെ പരദേവതാക്ഷേത്രമായിരുന്നു തിരുമാന്ധാംകുന്നുക്ഷേത്രം''[5] എന്ന് 'കേരളത്തിലെ രാജവംശങ്ങൾ' എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരുമാന്ധാം കുന്നിലമ്മയാണ് തങ്ങളെ മാമാങ്കത്തിനായി നിയോഗിക്കുന്നതെന്നും, തങ്ങൾ മരിക്കാൻ വിധിക്കപ്പെട്ടവരാണെന്നുമുള്ള വിശ്വാസത്താൽ കെട്ടിയുറപ്പിക്കപ്പെട്ട മനസ്സുകളാണ് ചാവേറുകൾക്കുള്ളത്. ''എനിക്ക് വിശ്വാസമുണ്ടമ്മേ. ഭഗവതിയുടെ ആജ്ഞ അനുസരിച്ചാണ് ഞാൻ അങ്കപ്പോരിന് പുറപ്പെടുന്നത്. വലിയമ്മാവന്മാരുടെയും ചേട്ടന്മാരുടെയും അനുഗ്രഹവും ഉണ്ടെനിക്ക്. എനിക്ക് കഴിയും സാമൂതിരിയെ കൊല്ലാൻ''.[6] കർമേനോന്റെ വാക്കുകളിൽ തെളിയുന്നത് തിരുമാന്ധാംകുന്നിലമ്മയിൽ അടിയുറച്ചുപോയ അയാളുടെ വിശ്വാസത്തെയാണ്. ചാവേർ കുടുംബങ്ങളിൽ ജനിക്കുന്ന ഓരോ ആൺതരിയേയും അവരുടെ മാതാക്കൾ തങ്ങളുടെ നാടിനുവേണ്ടിയാണ് പെറ്റുവളർത്തിയത്. മുലപ്പാലിനൊപ്പം അവർ കേട്ടുവളരുന്ന കഥകളും വിശ്വാസങ്ങളും ഐതിഹ്യങ്ങളും അവരുടെ ജീവനിൽ അലിഞ്ഞുചേർന്നത് അവരെ തികഞ്ഞ വർഗ്ഗബോധമുള്ളവരാക്കിയിരുന്നു. കേവലം ബാലനാണെങ്കിലും ഇത്താപ്പുവും തികഞ്ഞ ഒരു ചാവേറായിരുന്നു. ''അമ്മേ! എന്റെ അച്ഛനാണെ, അമ്മയാണെ, തിരുമാന്ധാംകുന്നിൽ ശ്രീഭദ്രകാളിയാണേ, എന്നേക്കൂടെ കൊണ്ടുപോകുന്നില്ലെങ്കിൽ അച്ഛൻ തിരുനാവാമണപ്പുറത്ത് എത്തുന്നതിനു മുമ്പ് ഞാൻ വാൾമുനയിൽച്ചാടി ആത്മഹത്യ ചെയ്യും. ഇത് സത്യം''[7] എന്ന ഇത്താപ്പുവിന്റെ വാക്കുകൾതന്നെ ചാവേറുകളുടെ വീര്യമനോഭാവവും ദൃഢനിശ്ചയവും അവനിലുണ്ടെന്ന് വ്യക്തമാക്കുന്നു.

പരേതാത്മാക്കളിലും പിതൃകർമ്മങ്ങളിലും ചാവേർകുടുംബങ്ങൾ വിശ്വസിച്ചിരുന്നു. ആണ്ടുദീക്ഷിക്കാൻ ആളില്ലാതെ

വന്നാൽ ആത്മാവ് അലഞ്ഞുതിരിയുമെന്നവർ കരുതിയിരുന്നു. കുടുംബത്തിലെ അവസാനത്തെ ആൺതരിയാണ് മാമാങ്കത്തിന് പുറപ്പെടുന്നതെങ്കിൽ, അവർ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി ബലികർമ്മങ്ങൾ ചെയ്തിരുന്നു. കണ്ടർമേനോനും മകൻ ഇത്താപ്പു വും സ്വന്തം മാതാക്കൾക്കുവേണ്ടി തിരുനെല്ലിയിൽ പോയി ഇരിക്കപ്പിണ്ഡം വച്ചതിനു ശേഷമാണ് മാമാങ്കത്തിന് പുറപ്പെട്ടതെന്ന വസ്തുത കഥയിൽ കാണാം. മാമാങ്കത്തിന് പോയാൽ മടക്ക മുണ്ടാകില്ലെന്ന് അവർക്ക് അറിയാമായിരുന്നു.

അക്കാലത്തുള്ളവർ ചിട്ടയായ ദിനചര്യ പുലർത്തിയിരുന്ന തായി കഥയിൽ തെളിവുണ്ട്. ''അങ്ങ് കിഴക്ക് വെള്ളായം വീണതേയുള്ളൂ. ശുക്രന്റെ ഒളിമങ്ങിയിട്ടില്ല, പറവകൾ ഇരതേടി കൂടുവിട്ടു പോയുമില്ല. എന്നിട്ടും വട്ടോണ്ണെ ഉണ്ണിച്ചിരുതയമ്മ പതിവിൻപടി ഏഴരയ്ക്കു എഴുന്നേറ്റു. നിലം തൊട്ടു നെറ്റിയിൽവച്ചു. കാലും മുഖവും കഴുകി. തറ്റുടുത്തു നിലവിളക്കു കൊളുത്തി ഉമ്രത്തുവച്ചു. ഭസ്മക്കൂശയിൽനിന്നു ഒരു നുള്ളു ഭസ്മമെടുത്തു തിരുമാന്ധാംകുന്നിലമ്മയെ ധ്യാനിച്ചു കൊണ്ട് നെറ്റിയിൽ ചാർത്തി. തൊഴുത്തിൽ കയറി പൂവാലിയുടെ വാലിൽത്തൊട്ട് ലക്ഷ്മിയെന്നു കരുതി കണ്ണിൽവച്ചിട്ട് അവളെ അഴിച്ചു മുറ്റത്തുകെട്ടി. കിടാവിനെ വിട്ടു കുടിപ്പിച്ചു. വെള്ളോട്ടുമൊന്തയിൽനിന്നും വെള്ളമെടുത്ത് അകിടു കഴുകി, കൂടുതൽ ചുരത്താൻ കൈത്തലം കൊണ്ട് മുലകളിൽ രണ്ടുമൂന്നിടിയും ഇടിച്ചു കറക്കാൻ തുടങ്ങി. പൂവാലി മകളെ നക്കിക്കൊണ്ട് അനങ്ങാതെ നിന്നു''.[8] ഏഴരവെളുപ്പിന് എണീക്കുന്നവരും ഭൂമിയേയും ഗോവിനേയും ദൈവമായി കാണുകയും ചെയ്യുന്ന കുലീനത്വമുള്ള പ്രാചീന നായർ സംസ്കാരമാണ് ചാവേർ കുടുംബങ്ങൾ വച്ചുപുലർത്തിയിരുന്നത്. പൊന്നിൻതളികകളും വെള്ളിക്കിണ്ണങ്ങളും അവർ ഉപയോഗി ച്ചിരുന്നുവെന്നും പാൽക്കഞ്ഞിയും പപ്പടവും അവരുടെ ഭക്ഷണ ങ്ങളിലുൾപ്പെട്ടിരുന്നുവെന്നതും അവരുടെ സാമ്പത്തികഭദ്രതയെ വ്യക്തമാക്കുന്നു. അന്ന് ചാവേർ കുടുംബങ്ങൾക്ക് പ്രതിഫലമായി 'ചാവേറ്റുവിരുത്തി' എന്നറിയപ്പെടുന്ന നിലങ്ങൾ ലഭിച്ചിരുന്നതും





ചാവേറുകളെ അങ്കത്തട്ടിലേക്കു ആകർഷിച്ചിരുന്നതായി 'സാമൂതിരി കാലത്തെ കോഴിക്കോട്: കഥയും ചരിത്രവും' എന്ന പുസ്തക ത്തിൽ രേഖപ്പെടുത്തിയിട്ടു്[9]. അവരുടെ കുടുംബങ്ങളുടെ സാമ്പത്തികനില ഭദ്രമാകുന്നതിനും സമൂഹത്തിൽ കുടുംബാംഗ ങ്ങൾക്ക് സ്ഥാനമാനങ്ങൾ ലഭിക്കുന്നതിനും അത് സഹായിച്ചിട്ടുണ്ട്. മരുമക്കത്തായമായിരുന്നു അവർ അനുഷ്ഠിച്ചിരുന്ന ദായക്രമമെന്ന് കഥയിൽനിന്നും അനുമാനിക്കാം. കർമേനോൻ പുതുപറമ്പുവീട്ടിൽ പോയി ഭാര്യയെ കാണുന്നതും വീരന്മാരായ അമ്മാവന്മാരുടെ ചരിത്രങ്ങൾ ഓർക്കുന്നതും ഈ വസ്തുതയെ ബലപ്പെടുത്തു ന്നുണ്ട്.

**ഭാഷ**

വള്ളുവനാടൻ സംസ്കാരവും ജീവിതവുമാണ് കഥയിൽ കാണുന്നതെങ്കിലും ഇരുപതാം നൂറ്റാണ്ടിലെ തിരുവിതാംകൂർ ദേശത്തിന്റെ വായ്മൊഴിവഴക്കമാണ് കഥയിലുടനീളം കണ്ടെ ത്താനാകുന്നത്. ''ചെവിക്കല്ലു പൊട്ടിപ്പോകുന്നല്ലോടാ മോനേ ഇത്താപ്പൂ, നിന്റെയും കൂട്ടരുടെയും തൊണ്ണ കേട്ട് തിണ്ണയ്ക്കു പുല്ലുപായിൽ ഇരുന്നുകൊണ്ട് മുറ്റത്തേക്ക് കാലുംനീട്ടി, കിളിവാലൻ വെറ്റിലയിൽ നൂറുതേയ്ക്കുന്ന മുപ്പതുകാരി അരുമയോടെ വിളിച്ചുപറഞ്ഞു''.[10]

''അമ്പടീ! കണികാണാൻ ഒന്നേ ഉള്ളൂവെന്നു കരളിൽ കരുതിയില്ലല്ലോ ആ ഭഗവതി. എന്തെന്തു പുരുഷാരം ഉണ്ടായിരുന്ന വീടാണിത്! ഒന്നും രണ്ടുമല്ല. പന്ത്രണ്ടു മാമാങ്കത്തിനു പോയി വട്ടോണ്ണെ ആമ്പ്രന്നോന്മാർ. നിന്റെ വലിയ കാരണവന്മാർ തുടങ്ങി ചേട്ടന്മാർ വരെ പോയോരാരും തിരിച്ചുവന്നിട്ടില്ല. കളരി തുറക്കാനും, കളരിഭഗവതിക്ക് വിളക്കുവയ്ക്കാനും മറ്റൊരു ആൺതല ഇല്ലല്ലോ മോനെ. അറ്റവും കുറ്റിയും ആയോർ ചാവേറായിപ്പോകേണ്ടെന്ന് വള്ളുവക്കോനാതിരി തമ്പുരാൻ തന്നെ കല്പിച്ചിട്ടുണ്ട്. എങ്കിലും ആ അറുംപാപി ഭഗവതി അങ്ങനെ അരുളിചെയ്തല്ലോ''[11]. ഇതിലുപയോഗിച്ചിരിക്കുന്ന ചെവിക്കല്ല്, തൊണ്ണ, തിണ്ണ, പുരുഷാരം, അറ്റവും കുറ്റിയും തുടങ്ങിയ

പദങ്ങളെല്ലാം തിരുവിതാംകൂറുകാരുടെ ദൈനംദിന സംഭാഷണങ്ങളിലുപയോഗിക്കുന്നവയാണ്. കുടുംബത്തിൽ ആൺതുണ നഷ്ടമാകുമെന്നറിയുന്ന ഒരമ്മയുടെ വേദനയും വിങ്ങലും നമുക്ക് അവരുടെ ആത്മഭാഷണങ്ങളിൽ കാണാം. പാരമ്പര്യബോധവും വർഗ്ഗബോധവുമുണർത്തി ചാവേറുകളാകാൻ ഫ്യൂഡൽ സമൂഹം നിയുക്തരാക്കപ്പെടുന്നവരുടെ കുടുംബങ്ങളിലെ സ്ത്രീജനങ്ങളുടെ നിസ്സഹായതയും ത്യാഗവും തത്വവാദങ്ങളുമെല്ലാം വരച്ചുകാട്ടി അവരോടുള്ള കഥാകൃത്തിന്റെ അനുതാപവും എന്നാൽ വ്യവസ്ഥിതികളോടുള്ള പ്രതിഷേധവുമാണ് ഈ സംഭാഷണങ്ങളിൽ നിഴലിക്കുന്നത്.

തികഞ്ഞ ഒരു ചരിത്രാന്വേഷകനായിരുന്നു എൻ.പി. ചെല്ലപ്പൻനായർ. ചരിത്രത്തോടും ചരിത്രവസ്തുതകളോടും അദ്ദേഹം അങ്ങേയറ്റം ആത്മാർപ്പണം ചെയ്തിരുന്നു. അതുകൊണ്ടുതന്നെ കഥയിൽ ചരിത്രത്തെയും ചരിത്രവസ്തുതകളെയും അങ്ങേയറ്റം ഭാവനാത്മകമായിട്ടാണ് കഥാകൃത്ത് അവതരിപ്പിച്ചിട്ടുള്ളത്. മാമാങ്കത്തിന്റെ ചോരചിന്തിയ ഗതകാലചരിത്രത്തെ കഥയിൽ ആവേശോജ്വലമായിട്ടാണ് കഥാകൃത്ത് ആവിഷ്ക്കരിച്ചിരിക്കുന്നത്.

ഒരു വീരാരാധകന്റെ മനോഭാവമാണ് കഥാകൃത്തിന് ചരിത്രകഥാപാത്രങ്ങളോടുണ്ടായിരുന്നത്. മാമാങ്കം നടന്നിരുന്ന കാലഘട്ടത്തോടും അന്നു ജീവിച്ചിരുന്ന വ്യക്തിത്വങ്ങളോടും താദാത്മ്യം പ്രാപിച്ചുകൊണ്ടാണ് അദ്ദേഹം *ചിതലുതിന്ന ഏടുകൾ* എന്ന കഥ രചിച്ചിട്ടുള്ളത്. ദേശത്തിനും ഭരണാധികാരികൾക്കും വേണ്ടി ജീവൻ ബലി നൽകിയ ചാവേറുകളെ കഥാകൃത്ത് കഥയിൽ വാഴ്ത്തുന്നുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക സ്ഥിതിഗതികളാണ് എൻ.പി. ചെല്ലപ്പൻ നായരെ ഒരു ചരിത്രകഥാകാരനാക്കിയത്. അദ്ദേഹത്തിന്റെ ജീവിതകാലത്തുണ്ടായിട്ടുള്ള നവോത്ഥാന സമരങ്ങളും മലബാർകലാപങ്ങളും അവയ്ക്കായി ജീവൻ ഹോമിച്ച വ്യക്തിത്വങ്ങളും കഥാകൃത്തിന്റെ മനസ്സിലുണ്ടാക്കിയ വിക്ഷുബ്ധാവസ്ഥകളാണ് അധികാരത്തിനുവേണ്ടിയുള്ള പൂർവകാല ലഹളയ്ക്ക് വഴിതെളിച്ച മാമാങ്കത്തെക്കുറിച്ച് കഥ രചിക്കുന്നതിന് പ്രചോദനമായിത്തീർന്നത്.





ചരിത്രത്തെ കഥയിൽ തിരുത്തിക്കുറിക്കാനോ വളച്ചൊടിക്കാനോ അദ്ദേഹം ശ്രമിച്ചിട്ടില്ല. അധികവും വസ്തുനിഷ്ഠമായിത്തന്നെ ഭൂതകാലചരിത്രത്തെ കഥയിൽ അവതരിപ്പിക്കുന്നുണ്ട്. സ്വന്തം സംസ്കാരത്തിനുമേലുള്ള അവകാശം ഉറപ്പിക്കാൻ ഭാഷ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് നല്ല ബോധമുള്ള എഴുത്തുകാരനായിരുന്നു എൻ.പി. ചെല്ലപ്പൻ നായർ. അതുകൊണ്ടാണ് വടക്കൻകേരളത്തിലെ ജീവിതചിത്രീകരണം നടത്തുമ്പോഴും കഥയിലുടനീളം സ്വസിദ്ധമായ ഭാഷാശൈലി അദ്ദേഹം യഥേഷ്ടം ഉപയോഗിച്ചിട്ടുള്ളത്. സവിശേഷ ദേശകാലത്തെ ജീവിതരീതികളും സാമൂഹിക വ്യവസ്ഥിതികളും ഭാഷാശൈലികളും കഥയിൽ അവതരിപ്പിക്കുകവഴി മാമാങ്കം നടന്നിരുന്ന പ്രത്യേക ദേശകാലചരിത്രത്തെ വായനക്കാർക്ക് മുന്നിൽ പുനഃസൃഷ്ടിക്കാൻ കഥാകൃത്തിനു സാധിച്ചിട്ടുണ്ട്. അങ്ങനെ മാമാങ്കചരിത്രത്തിന് ഒരു മുതൽക്കൂട്ടായി കരുതാവുന്ന കഥയാണ് എൻ.പി. ചെല്ലപ്പൻ നായരുടെ *ചിതലു തിന്ന ഏടുകൾ.*

**കുറിപ്പുകൾ**

1. പ്രൊഫ. എം. അച്യുതൻ, പാശ്ചാത്യസാഹിത്യദർശനം, പുറം 122.
2. പി.സി.എം. രാജ, ബി.എ.എൽ.ടി., സാമൂതിരിമാർ, പുറം 64.
3. എൻ.പി. ചെല്ലപ്പൻ നായർ, എൻ.പിയുടെ ചരിത്രകഥകൾ, പുറം 29.
4. ഡോ. വി.വി. ഹരിദാസ്, സാമൂതിരി കാലത്തെ കോഴിക്കോട്: കഥയും ചരിത്രവും, പുറം 81.
5. വേലായുധൻ പണിക്കശ്ശേരി, കേരളത്തിലെ രാജവംശങ്ങൾ, പുറം 44.
6. എൻ.പി. ചെല്ലപ്പൻ നായർ, എൻ.പിയുടെ ചരിത്രകഥകൾ, പുറം 26,27.
7. അതേ പുസ്തകം, പുറം 30.
8. അതേ പുസ്തകം, പുറം 23.

*ചിതലു തിന്ന ഏടു ക ളിലെ പ്രാചീ*

9. ഡോ. വി.വി. ഹരിദാസ്, സാമൂതിരികാലത്തെ കോഴിക്കോട്: കഥയും ചരിത്രവും, പുറം 82.
10. എൻ.പി. ചെല്ലപ്പൻ നായർ, എൻ.പിയുടെ ചരിത്രകഥകൾ, പുറം 28.
11. അതേ പുസ്തകം, പുറം 26.

**സഹായകഗ്രന്ഥങ്ങൾ**

1. അച്യുതൻ എം. പ്രൊഫ., പാശ്ചാത്യസാഹിത്യദർശനം, ഡി.സി.ബുക്സ്, കോട്ടയം, 2006.
2. ചെല്ലപ്പൻ നായർ എൻ.പി., എൻ.പിയുടെ ചരിത്രകഥകൾ, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2011.
3. ദിനേശ് തിരൂർ, മാമാങ്കം ഐതിഹ്യവും ചരിത്രവും, വാമൊഴിചരിത്രങ്ങളുടെ പഠനഗവേഷണ കേന്ദ്രം, 2016.
4. രാജാ പി.സി.എം., ബി.എൽ.ടി., സാമൂതിരിമാർ, പൂർണ്ണാ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2010.
5. വേലായുധൻ പണിക്കശ്ശേരി, കേരളത്തിലെ രാജവംശങ്ങൾ, ഡി.സി.ബുക്സ്, കോട്ടയം, 2012.
6. ഹരിദാസ് വി.വി. ഡോ., സാമൂതിരി കാലത്തെ കോഴിക്കോട് : കഥയും ചരിത്രവും, സൈൻ ബുക്സ്, തിരുവനന്തപുരം, 2009.

**ആശ ആർ.പി.**
ഗവേഷക, മലയാളവിഭാഗം,
സർക്കാർ വനിതാ കോളെജ്,
തിരുവനന്തപുരം

# PRACHINAKAIRALI

Journal of Research
Devoted to Publishing Ancient Works

Edited, Printed and Published
by Dr. Rejani R.S.
Asst. Professor and Head
Oriental Research Institute and Manuscripts
Library

at Prasanth Printers, Ambalathinkara
Kazhakuttom, Trivandrum

Annual Subscription : Rupees Fifty

Asst. Professor and Head
O.R.I. & MSS Library
University of Kerala,
Kariavattom - 695 581